# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 28, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 20

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 28, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി.ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

569/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം.എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...83

**II അടിയന്തരപ്രമേയം**

ക്വട്ടേഷൻ/ഗുണ്ടാ സംഘങ്ങളുടെ അതിക്രമം

(അവതരണാനുമതി നിഷേധിച്ചു.) ...408

**III ശ്രദ്ധ ക്ഷണിക്കൽ**

1. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

—ശ്രീ. ചിറ്റയം ഗോപകുമാർ ...438

2. കുട്ടപുഴ പാലം

—ശ്രീ. സണ്ണി ജോസഫ് ...442

**IV സബ്മിഷൻ**

1. കുട്ടിക്കാനം കൊട്ടാരം

—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)...446

2. റീസർവ്വേ നടപടികളിലെ അപാകത

—ശ്രീ. ബി. സത്യൻ ...448

3. മഞ്ചേരി ഫയർ സ്റ്റേഷൻ

—ശ്രീ. എം. ഉമ്മർ ...449

4. കർഷകർക്ക് പട്ടയം

—ശ്രീ. റോഷി അഗസ്റ്റിൻ ...450

*പേജ്*

5. ജലസേചന പദ്ധതികൾ

—ശ്രീ. ഒ. ആർ. കേളു ...451

6. കുടിവെള്ള പദ്ധതി

—ശ്രീ. ഇ. കെ. വിജയൻ ...453

7. തൃത്താല സിവിൽ സ്റ്റേഷൻ

—ശ്രീ. വി. ടി. ബൽറാം ...454

8. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി

—ശ്രീ. എ. എൻ. ഷംസീർ ...455

9. സ്കൂളുകളുടെ ഭൗതിക വികസനം

—ശ്രീ. കെ. ബി. ഗണേഷ് കുമാർ ...457

10. ശനിയാഴ്ച അവധി ദിനമാക്കുന്നത് സംബന്ധിച്ച്

—ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ...462

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** ...463

**VI റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് ...465

**VI റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് ...465

**VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ

ആശ്രിതർക്കുള്ള നഷ്ടപരിഹാരം

— വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

(ശ്രീ. കെ. രാജു) ...466

*പേജ്*

**IX നിയമനിർമ്മാണകാര്യം**

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്.) ...467

**X അറിയിപ്പ്**

ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച്
— മി. ഡെപ്യൂട്ടി സ്പീക്കർ ...478

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(ii) 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്.) ...500

(2) 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(ചർച്ച അവസാനിപ്പിക്കുന്നതാണ്.) ...538

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*2018 മാർച്ച് 28, ബുധൻ*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 20

നിയമസഭ 2018 മാർച്ച് മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ……… ചോദ്യം നം.*571

### തീരദേശ പരിപാലന നിയമം

1 (*571) ശ്രീ. കെ. ആൻസലൻ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. എം. മുകേഷ്:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനസാന്ദ്രത കൂടിയ തീരദേശ മേഖലയിൽ തീരദേശ പരിപാലന നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) തദ്ദേശഭരണസ്ഥാപനങ്ങൾ കെട്ടിട നമ്പർ നൽകിയിട്ടുള്ളതും കരം ഒടുക്കിയിട്ടുള്ളതുമായ വീടുകൾ പൊളിച്ചുമാറ്റി അതേസ്ഥലത്ത് പുതിയ വീടുകൾ നിർമ്മിക്കാനുള്ള അംഗീകാരത്തിനായി തീരദേശത്ത് പരമ്പരാഗതമായി താമസിച്ചുവരുന്നവർ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ചിട്ടുള്ള നിരവധി അപേക്ഷകളിൽ മാസങ്ങളായിട്ടും തീരുമാന മുണ്ടാകാത്തതിനാൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരള തീരത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ദൂരപരിധിയിലും മറ്റ് നിബന്ധനകളിലും ഇളവ് നൽകുന്നതിനും തീരദേശത്തിന്റെ പശ്ചാത്തല വികസനം ഉറപ്പാക്കുന്നതിനും അടിയന്തര പ്രാധാന്യത്തോടെ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, (എ) ഉണ്ട്. 2011 ജനുവരി 6-ന് തീരദേശ നിയന്ത്രണ വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചു. തീരദേശ പരിപാലന നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഡോ. ശൈലേഷ് നായക് അദ്ധ്യക്ഷനായി 2014 ജൂൺ 17-ന് കേന്ദ്ര സർക്കാർ ഒരു സമിതി രൂപീകരിച്ചു. ടി സമിതി 2014 ആഗസ്റ്റ് 22-ന് കേരളം സന്ദർശിക്കുകയും മുഖ്യമന്ത്രിയുമായും ചീഫ് സെക്രട്ടറി ഉൾപ്പെടെ വിവിധ ഉദ്യോഗസ്ഥരുമായും സി. ആർ. ഇസഡ്. നിയമം നടപ്പിലാക്കുമ്പോൾ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്തു. 2014 ഒക്ടോബർ 27-ന് കേരളമുൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളുമായി ന്യൂഡൽഹിയിൽവച്ച് വീണ്ടും ചർച്ച നടത്തി. അതിനുശേഷം 2015 ജനുവരിയിൽ തീരദേശ മേഖലയിൽ ഭവന നിർമ്മാണത്തിനും മറ്റും ഇളവ് നൽകുന്നതിന് ശിപാർശ ചെയ്ത് വിശദമായ റിപ്പോർട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കമ്മിറ്റി സമർപ്പിച്ചിരുന്നു. ആയത് അംഗീകരിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ സി.ആർ.ഇസഡ്. ക്ലിയറൻസിന് വേണ്ടി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെയും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ചീഫ് സയന്റിസ്റ്റ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് എന്നിവരുടെയും സഹായത്തോടെ തീർപ്പാക്കിവരികയാണ്.

(സി) തീരദേശമേഖല നിയന്ത്രണ വിജ്ഞാപനത്തിൽ മാറ്റങ്ങൾ വരുത്തണമെങ്കിൽ കേന്ദ്ര സർക്കാരിന് മാത്രമേ സാധിക്കുകയുള്ളൂ. അതിനാൽ കേരള തീരത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ദൂരപരിധിയിലും മറ്റുമുള്ള തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഏറെ ജനനിബിഡമായ പ്രദേശമാണ് കേരളത്തിന്റെ തീരപ്രദേശം. വളരെ കുറച്ച് വസ്തുവകകളാണ് തീരപ്രദേശത്തുള്ളവർക്ക് സ്വന്തമായിട്ടുള്ളത്. തീരപ്രദേശത്തുനിന്നും കുറച്ച മാറി കെട്ടിടം നിർമ്മിക്കുന്നതിനുപോലും ധാരാളം നിയന്ത്രണങ്ങളാണ് 2011-ലെ കേന്ദ്ര തീരദേശ നിയന്ത്രണ വിജ്ഞാപനംവഴി വന്നിരിക്കുന്നത്. നിയന്ത്രണത്തിൽ മാറ്റം വരുത്തുന്നതിനുള്ള ഭേദഗതികൾ നൽകുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ കാലതാമസം വരുത്തിയതായിട്ടാണ് ചെന്നൈയിലെ ട്രൈബ്യൂണലിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. ഇക്കാര്യത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, വീഴ്ചവരുത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണമോ മറ്റ് കാര്യങ്ങളോ നടന്നിട്ടില്ല. കാലതാമസമുണ്ടായതായി പരാതിയുണ്ടായിട്ടുണ്ട്. അതിനിടയാക്കിയ സാങ്കേതിക കാരണങ്ങൾ പറഞ്ഞിട്ടുണ്ട്. നടപടികളൊന്നും സ്വീകരിച്ചതായി അറിവില്ല.

ശ്രീ. കെ. ആൻസലൻ: നമ്മൾ നിർദ്ദേശിച്ച ഭേദഗതികളെ സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ: നമ്മൾ നിർദ്ദേശിച്ച ദേഭഗതികളിൽ പ്രധാനമായും കായൽ മേഖലയിൽ ഇപ്പോൾ ദൂരപരിധി 50 മീറ്ററാക്കുക എന്നുള്ളത് 10 മീറ്റർ കഴിഞ്ഞാലുടൻതന്നെ അനുവദിക്കണമെന്നും മറ്റ് അനുവദനീയമായ മേഖലകളിൽ ദൂരപരിധി 100 മീറ്റർ എന്നുള്ളത് 50 മീറ്ററായി ചുരുക്കണമെന്നുള്ളതുമാണ്. ടൂറിസം കേന്ദ്രങ്ങൾ, നഗരവൽക്കൃതമായ തീരദേശമേഖല എന്നിവിടങ്ങളിലെല്ലാം ദൂരപരിധി 50 മീറ്ററായി ചുരുക്കണമെന്നുള്ള ശക്തമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, തീരദേശ പരിപാലന നിയമവുമായി നേരിട്ട് ബന്ധമില്ലെങ്കിലും തീരദേശ മേഖലയിൽ കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിവെള്ളം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിലും അവ പൂർണ്ണമായും ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. ഇത്തവണ കടുത്ത വരൾച്ചയായിരിക്കും നേരിടാൻ പോകുന്നത്. തീരദേശ മേഖലയിൽ കൃത്യമായി കുടിവെള്ളം എത്തിക്കുന്നതിനുവേണ്ട ജാഗ്രതയോടെയുള്ള ഇടപെടലുണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും ഉണ്ടാകും. വരൾച്ച കാലഘട്ടങ്ങളിലെല്ലാം തീരപ്രദേശങ്ങളിലും മലയോരപ്രദേശങ്ങളിലും കുട്ടനാട്, അപ്പർകുട്ടനാട് പോലെയുള്ള പ്രദേശങ്ങളിലും തൃശ്ശൂരിലെ കോൾ

നിലങ്ങളിലുമെല്ലാം പ്രത്യേക സജ്ജീകരണങ്ങളും ഗവൺമെന്റ് നേരിട്ട് ജലം കൊടുക്കാനുള്ള സംവിധാനങ്ങളും ഉണ്ടാക്കാറുണ്ട്. വരൾച്ചബാധിത ജില്ലകളായി കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ ജില്ലകളെയും പ്രഖ്യാപിച്ചുകൊണ്ട് ഗവൺമെന്റ് നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. അതാത് ജില്ലാ കളക്ടർമാർക്ക് ആവശ്യമായ തരത്തിൽ ജലം വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ജനങ്ങൾക്ക് പ്രയാസമുണ്ടാകാത്ത വിധത്തിൽ പരിഹരിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. എം. മുകേഷ്: സർ, കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; കൊല്ലം ജില്ലയിൽ ഇതിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, അത്തരം നടപടികളുമായി മുന്നോട്ടു പോകുകയാണ്. അന്തിമ നടപടിയായിട്ടില്ല.

ശ്രീ. എസ്. ശർമ്മ: സർ, ഗവൺമെന്റ് എല്ലാവർക്കും ഭവനം എന്ന മഹത്തായ പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇപ്പോഴത്തെ സി.ആർ.ഇസഡ്. നിയമപ്രകാരം ലഭിക്കുന്ന ഭവന നിർമ്മാണ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കാൻ വൻതോതിൽ കാലതാമസം വന്നേക്കാം. വനാവകാശ സംരക്ഷണ നിയമപ്രകാരം ആദിവാസികൾക്ക് അവരുടെ ആവാസസ്ഥലം വനമായി സംരക്ഷിക്കുന്നതിനുള്ള നിയമം കൊണ്ടുവന്നിട്ടുണ്ട്. തീരദേശ മേഖലയ്ക്ക് പ്രത്യേക നിയമം ഇല്ലെങ്കിലും അതിനു സമാനമായ വിധത്തിൽ തീരപ്രദേശത്തെ ജനങ്ങൾക്ക്/ഫിഷർമാന് അവരുടെ ആവാസസ്ഥലം തീരദേശമാണെന്ന് കണക്കാക്കി വീട് നിർമ്മിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഇപ്പോൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തു. ഫിഷർമാന്റെ ആവാസസ്ഥലം തീരദേശമാണെന്ന് കണക്കിലെടുത്ത് തീരദേശ മേഖലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും. അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലത്ത് കടൽ കടലിന്റെ മക്കൾക്കുള്ളതാണെന്നും വനാവകാശ നിയമം പോലെതന്നെ തീരദേശത്ത് ജീവിക്കാനുള്ള അവകാശം കടലിന്റെ മക്കൾക്ക് നൽകണമെന്നും ഔദ്യോഗികമായിത്തന്നെ സഭയിൽ പറയുകയും ഇതുസംബന്ധിച്ച് നമുക്ക് അധികാരം ഇല്ലാത്തതുകൊണ്ട് കേന്ദ്രത്തോട് ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ അത്രത്തോളം ഒരു കേന്ദ്രഗവൺമെന്റും

മുന്നോട്ടുവന്നിട്ടില്ല. തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ ഭവന നിർമ്മാണത്തിനായി 6724 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 5123 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 1601 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. ഇതിൽ പ്രൈം മിനിസ്റ്റേഴ്സ് ആവാസ് യോജനയുടെയും ലൈഫ് മിഷന്റെയും ഐ.എ.വൈ.-യുടേതും അടക്കമുള്ള അപേക്ഷകളുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെയും കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെയും തീരദേശ പരിപാലന അതോറിറ്റിയുടെയുമെല്ലാം ജീവനക്കാർ ഒരുമിച്ചിരുന്ന് ഈ അപേക്ഷകൾ അതിവേഗം തീർപ്പാക്കിവരികയാണ്.

<u>ശ്രീ. വി. അബ്ദുറഹിമാൻ:</u> സർ, 2011-ലാണ് തീരദേശ നിയന്ത്രണ വിജ്ഞാപനം വന്നത്. ഇപ്പോൾ 7 വർഷമായി. തീരദേശത്ത് ജീവിക്കുന്ന ജനങ്ങളെ വളരെയധികം ആശങ്കയിലാക്കുന്ന ഒരു നിയമം കൂടിയാണത്. സി.ആർ.ഇസഡ്.-ഉം ആയി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിക്കാൻ ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാസമിതിയിൽ ആരൊക്കെയാണ് അംഗങ്ങൾ; ഈ പ്രദേശത്തെപ്പറ്റി കൂടുതൽ അറിയാവുന്ന മത്സ്യമേഖലയിൽ ജോലി ചെയ്യുന്ന അല്ലെങ്കിൽ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന ആരെങ്കിലും ഉണ്ടോ; കേരള ഫിഷറീസ് വകുപ്പിന്റെ ഏതെങ്കിലും പ്രതിനിധിയെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ഉദ്യോഗസ്ഥരാണ് ഈ കമ്മിറ്റിയിൽ ഇപ്പോഴുള്ളത്. മത്സ്യത്തൊഴിലാളികളോ അവരുടെ സഹകരണ ഭാരവാഹികളോ അവരുടെ ഇടയിൽ ഗവേഷണം നടത്തുന്നവരോ ആരും ഇല്ല. ആ ഒരു പോരായ്മ ഉണ്ട്. മത്സ്യത്തൊഴിലാളി സംഘടനകളെല്ലാം ഇതിനെതിരെ ശബ്ദമുയർത്തുന്നുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്; ഉചിതമായ തീരുമാനം പിന്നീട് സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം അവരുടെ വീടുകൾക്ക് നമ്പർ കൊടുക്കുന്നില്ല എന്നുള്ളതാണ്. പഞ്ചായത്തിൽ ചോദിച്ചാൽ നമ്പർ കൊടുക്കില്ല. നമ്പർ കൊടുത്ത പഞ്ചായത്ത് സെക്രട്ടറിമാരുടെ പേരിൽ നടപടിയുണ്ടാകുന്നു. വീടുമായി ചേർന്ന് ഒരു ചെറിയ എക്സ്റ്റൻഷൻ ഉണ്ടായാൽപോലും തടസ്സമുണ്ടാക്കുന്നു. വീട്ടുനമ്പരില്ലാത്തതുകൊണ്ട് റേഷൻ കാർഡിന് അപേക്ഷിക്കാൻ കഴിയുന്നില്ല. അങ്ങനെ പലവിധ ബുദ്ധിമുട്ടുകളുണ്ട്. അതുകൊണ്ട് അവരുടെ വീടുകൾക്ക് താൽക്കാലിക നമ്പർ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സി.ആർ.ഇസഡ്.-ന് നമ്മൾ കൊടുത്തിട്ടുള്ള

നിർദ്ദേശങ്ങളും ആവശ്യങ്ങളും കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച് നോട്ടിഫിക്കേഷൻ ഇറക്കുന്നതുവരെ അതിന് കാലതാമസമുണ്ടാകും. ഇത് പരിഹരിക്കാൻ വീടുകൾക്ക് താൽക്കാലിക നമ്പർ കൊടുക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് സത്യമാണ്. സംസ്ഥാനത്തെ തീരദേശ മേഖലയെക്കുറിച്ച് എല്ലാവർക്കുമറിയാം. നിലവിലുള്ള കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നമ്പർ കൊടുക്കാത്തത്. നമ്പർ കൊടുക്കാൻ നിയമമില്ല. പക്ഷേ താൽക്കാലിക നമ്പർ കൊടുക്കുന്നതിനെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. അത് ഈ നിയമത്തിന് വിരുദ്ധമാകാതെ പഞ്ചായത്ത് അല്ലെങ്കിൽ നഗരപാലിക നിയമപ്രകാരം പരിഗണിക്കാവുന്ന കാര്യമാണ്. അത് സംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ സംസ്ഥാന നിയമസഭ ഏകകണ്ഠമായി ഒരു പ്രമേയം അംഗീകരിച്ച് കേന്ദ്രഗവൺമെന്റിന് നൽകിയതാണ്. പക്ഷേ അത് കേന്ദ്ര ഗവൺമെന്റ് പരിഗണിച്ചിട്ടില്ല. 600-700 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വീട് പൊളിച്ചുപണിയാൻ അനുമതി നൽകുമെന്ന് നേരത്തെ പറഞ്ഞിരുന്നതാണ്. പക്ഷേ അത്തരം അപേക്ഷകൾപോലും വച്ചുതാമസിപ്പിക്കുന്ന അവസ്ഥയുണ്ട്. ഇത് നീണ്ടുപോകുന്നത് തീരദേശത്ത് താമസിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിക്കാനുള്ള അവകാശത്തോടുള്ള വെല്ലുവിളിയാണ്. വളരെ ഗൗരവമായ പ്രശ്നമായി ഇതിനെ കണ്ട് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് നിയമഭേദഗതി വരുത്താൻ ശ്രമിക്കണം. താൽക്കാലിക കെട്ടിട നമ്പർ സംസ്ഥാന സർക്കാരിന് നൽകാവുന്ന കാര്യമാണ്. അത് നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നത്തിലെ എല്ലാ കാര്യങ്ങളും അങ്ങേയ്ക്ക് നല്ലതുപോലെ അറിയാം. അങ്ങ് ആ പ്രദേശത്തൊക്കെ പ്രവർത്തിച്ച നേതാവാണ്. 1986-ലാണ് പരിസ്ഥിതി നിയമം പാർലമെന്റ് പാസ്സാക്കിയത്. നോട്ടിഫിക്കേഷൻ ഇറങ്ങിയത് 2011 ജനുവരി 6-നാണ്. അതിനുമുമ്പുതന്നെ കേന്ദ്രമന്ത്രിമാരുടെ നേതൃത്വത്തിൽ നിരവധി യോഗങ്ങൾ ചേർന്നിരുന്നു. 18-06-2011-ൽ ശ്രീ. ജയറാം രമേശിന്റെ നേതൃത്വത്തിലും 14-10-2011-ന് ശ്രീമതി ജയന്തി നടരാജന്റെ നേതൃത്വത്തിലും 10-02-2014-ന് ശ്രീ. വീരപ്പമൊയ്‌ലിയുടെ നേതൃത്വത്തിലും യോഗം ചേർന്നു. അതിനുശേഷമാണ് ഡോ. ശൈലേഷ് നായക് കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത്. അദ്ദേഹത്തെ കൂടാതെ മറ്റ് ആറുപേരും ആ കമ്മിറ്റിയിലുണ്ടായിരുന്നു. ആ കമ്മിറ്റിയുടെ പ്രധാനപ്പെട്ട ടേംസ് ഓഫ് റഫറൻസ്, 'to examine issues relating

to Kerala raised by the State Government vide letters dated 10-2-2014 etc. എന്നുള്ളതായിരുന്നു. കമ്മിറ്റി കേരളത്തിൽ വന്ന് തെളിവെടുപ്പ് നടത്തിയെങ്കിലും ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഇതിന്റെ ഫലമായി നിരവധി കത്തുകൾ എഴുതി. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി 15-03-2015-ലും 09-09-2015-ലും കത്തെഴുതി. ഇപ്പോഴത്തെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ രണ്ടുതവണ ഈ വിഷയത്തിൽ കത്തെഴുതിയിട്ടുണ്ട്. നമ്മൾ സമ്മർദ്ദം ചെലുത്തുന്നുണ്ട്, കത്തെഴുതുന്നുണ്ട്, തൊഴിലാളി സംഘടനകൾ ഡൽഹിയിൽ പോയി സമരം ചെയ്തിട്ടുണ്ട്. ശക്തമായ സമ്മർദ്ദവും ഗവൺമെന്റിന്റെ ഇടപെടലും യോജിപ്പിച്ച് ഇക്കാര്യത്തിൽ കേരളത്തിനുതകുന്ന തരത്തിൽ പരിഹാരമുണ്ടാക്കാനുള്ള ശ്രമം തുടരുകയാണ് വേണ്ടത്.

ശ്രീ. സി. മമ്മൂട്ടി: സർ, കടലിന്റെ മക്കളുടെ അവകാശമാണ് കടലോരം. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. കേന്ദ്രഗവൺമെന്റിലേയ്ക്ക് അപേക്ഷ സമർപ്പിച്ചു, ശിപാർശ കൊടുത്തു. ഇപ്പോൾ വീടുകൾ പൊളിച്ചു നീക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് കൊടുക്കുകയാണ്. ചില വീടുകൾ നിർമ്മിക്കാൻതന്നെ തടസ്സമായി നിൽക്കുകയാണ്. അവർക്ക് വേറെ ഒരിടത്തും പോയി താമസിക്കാൻ കഴിയുകയില്ല. നിയമത്തിന്റെ അംഗീകാരം വരുന്നതുവരെ താൽക്കാലിക സംവിധാനമെന്ന നിലയ്ക്ക് വീടുകൾ നിർമ്മിക്കാനും പൊളിച്ചുനീക്കുന്നത് നിർത്തിവയ്ക്കാനുമൊക്കെ സംസ്ഥാന ഗവൺമെന്റ് വിചാരിച്ചാൽ സാധിക്കുന്നതാണ്. അത്തരം കാര്യങ്ങളിൽ അനുകൂല നിലപാട് സ്വീകരിച്ചുകൊണ്ട് അവരെ രക്ഷിക്കാനുള്ള സമീപനം സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, കേന്ദ്ര നിയമങ്ങൾ എത്രമാത്രം പ്രയാസകരമാണെങ്കിലും ഒരു സർക്കാരിനും അത് വയലേറ്റ് ചെയ്യാൻ കോൺസ്റ്റിറ്റ്യൂഷൻ അനുവദിക്കുന്നില്ല. ഒരു വ്യക്തിക്കും കുടുംബത്തിനും നിയമം വയലേറ്റ് ചെയ്യാം. നമുക്ക് വേണമെങ്കിൽ കണ്ണടച്ച് കണ്ടില്ലെന്ന് വയ്ക്കാം. നിയമപരമായിട്ടല്ല. അല്ലാതെ നമുക്ക് താൽക്കാലികമായി അനുവാദം കൊടുക്കാനുള്ള പ്രൊവിഷൻ ഇല്ലെന്ന് അങ്ങേയ്ക്കറിയാം. പക്ഷേ നിലവിലുള്ള വീടുകൾ പൊളിച്ചുമാറ്റാൻ ഗവൺമെന്റ് പറഞ്ഞിട്ടില്ല. നിലവിലുള്ള വീടുകൾ പൊളിച്ചു മാറ്റണമെന്ന് നിയമത്തിലുണ്ടോ എന്നത് സംശയമാണ്. പട്ടണ കേന്ദ്രീകൃതമായ ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊക്കെ നിലവിൽ ആദ്യത്തെ വീട് നിൽക്കുന്നതിന്റെ സമീപത്തൊക്കെ നിർമ്മിക്കാം, ഇപ്പോൾ നിർമ്മിക്കുന്നുമുണ്ട്. കടുത്ത നിരോധനമുള്ളിടത്താണ് സാധിക്കാത്തത്. തീരപ്രദേശത്തെ നീറുന്നൊരു സത്യമാണിത്. ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ നമ്മളെല്ലാവരും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പാർലമെന്റിൽ നമ്മുടെ മെമ്പർമാർ

പറയുന്നുണ്ട്. ചില ഇളവുകൾ വീണ്ടും കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നുവെന്ന് അടുത്തകാലത്ത് പത്രവാർത്ത വന്നിരുന്നു. പക്ഷേ ഇവിടെ ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഈ വിജ്ഞാപനം വന്നതുമുതൽ തീരദേശ മേഖലയിലെ ജനങ്ങൾ ആശങ്കയിലാണ്. അവർക്ക് വീട് നിർമ്മിക്കാൻ സാധിക്കുന്നില്ല, പഴയത് പൊളിച്ചുപണിയാൻ പറ്റുന്നില്ല, മാത്രമല്ല ആ പ്രദേശത്ത് സ്ഥലം വിൽക്കാൻ പോയാൽ അതും നടക്കാത്ത കാര്യമാണ്. വല്ലാത്ത ബുദ്ധിമുട്ടാണ്. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ നേരത്തെ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിയമസഭയുടെ വികാരം പ്രതിഫലിപ്പിക്കാൻ കഴിയുംവിധം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും നേതൃത്വത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിന് അർഹതയുള്ള ഇളവുകൾ വാങ്ങിയെടുക്കുന്നതിന് സമ്മർദ്ദം ചെലുത്തുന്നതിനുവേണ്ടി ഒരു ആൾ പാർട്ടി ഡെലിഗേഷൻ കേന്ദ്രത്തിൽ പോകാനുള്ള തീരുമാനമെടുക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇവിടെ പ്രധാന ചോദ്യകർത്താക്കൾ ഉന്നയിച്ചതും ഉപചോദ്യങ്ങളിലൂടെ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചതുമായ ചോദ്യം തന്നെയാണ് ബഹുമാനപ്പെട്ട മെമ്പർ വീണ്ടും ഉന്നയിച്ചത്. അത് ശരിയാണ്. നമ്മൾ കേന്ദ്ര ഗവൺമെന്റിൽ പോയി ചോദിച്ച് വാങ്ങുക എന്നൊക്കെ പറയുന്ന കാര്യം അങ്ങേയ്ക്കറിയാവുന്നതാണ്. പല സന്ദർഭങ്ങളിലും അങ്ങും പോയിട്ടുള്ളതാണ്. മുഖ്യമന്ത്രിമാരെപ്പോലും കാണാൻ വിസ്സമ്മതിക്കുന്ന പ്രധാനമന്ത്രിയുള്ള രാജ്യമാണിത്. തെറ്റായ കീഴ്വഴക്കം ഇവിടെ ഉണ്ടായിട്ടുണ്ട്. ഞാൻ കുറ്റപ്പെടുത്തുന്നതല്ല. നമുക്ക് ശക്തമായി നീങ്ങാം. മത്സ്യത്തൊഴിലാളികളുടെ പ്രക്ഷോഭവും ഉണ്ടല്ലോ; അതാണ് നമ്മുടെ കരുത്ത്. ജനങ്ങളുടെ അഭിപ്രായമുണ്ടല്ലോ; നിയമസഭയിൽ ഈ പ്രശ്നം ഇപ്പോൾ ചർച്ച ചെയ്യുകയല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയോടും കൂടി ആലോചിച്ച് സർവ്വകക്ഷി യോഗത്തിന്റെ കാര്യം തീർച്ചയായും തീരുമാനിക്കാം.

ശ്രീ. എം. വിൻസെന്റ്: സർ, 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ വേണ്ട ഭേദഗതികൾക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വളരെ സ്വാഗതാർഹമാണ്. പക്ഷേ ബന്ധപ്പെട്ട അധികാരികൾ തീരദേശത്തെ ജനങ്ങളെ ദ്രോഹകരമായി ബാധിക്കുന്ന തരത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളെയും സോൺ 3-ൽ ഉൾപ്പെടുത്തിക്കൊണ്ട് 500 മീറ്റർ ദൂരപരിധിക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാത്ത

രീതിയിലാണ് മുന്നോട്ടുപോകുന്നത്. ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന യാതൊരു നിബന്ധനകളും പാലിക്കാതെയാണ് പ്ലാൻ തയ്യാറാക്കുന്നത്. ഇത് തീരദേശവാസികളുമായി ചർച്ച ചെയ്യണം, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാധ്യമങ്ങളിലും ഇത് പ്രസിദ്ധീകരിക്കണം. അതിനുശേഷമാണ് പബ്ലിക് ഹിയറിംഗ് നടത്തേണ്ടത്. ഇതുസംബന്ധിച്ച് ഞാൻ സഭയിൽ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് നൽകിയിട്ടില്ലെങ്കിൽ തീർച്ചയായും പബ്ലിക് ഹിയറിംഗ് അനുവദിക്കുകയില്ല' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ ഉറപ്പ് നൽകിയതാണ്. അതുപോലും കാറ്റിൽപ്പറത്തിക്കൊണ്ട് ഉദ്യോഗസ്ഥർ 7-ാം തീയതി തിരുവനന്തപുരത്തും അടുത്ത ദിവസം കൊല്ലത്തും പബ്ലിക് ഹിയറിംഗ് വച്ചു. അന്ന് തീരദേശവാസികളുടെ ശക്തമായ പ്രതിഷേധത്തെത്തുടർന്ന് ഹിയറിംഗ് ഏപ്രിൽ മാസം 24-ാം തീയതിയിലേയ്ക്ക് മാറ്റിവച്ചു. ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളെല്ലാം പാലിച്ചുകൊണ്ട് മാത്രമേ പ്ലാൻ തയ്യാറാക്കുകയുള്ളൂ എന്ന് ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇതെല്ലാം കേന്ദ്രഗവൺമെന്റ് നിയോഗിക്കുന്ന ഉദ്യോഗസ്ഥരാണ് ചെയ്യുന്നത്. അവരുടെ ഷെഡ്യൂൾ അനുസരിച്ചാണ് അവർ നീങ്ങുന്നത്. ഇക്കാര്യത്തിൽ ഏകാധിപത്യപരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങളും നമ്മുടെ സംഘടനകളും ശക്തമായി പ്രതിഷേധിക്കുന്നുണ്ട്. ഗവൺമെന്റും പ്രതിഷേധിക്കുന്നുണ്ട്. പക്ഷേ ഗവൺമെന്റിന് കോൺസ്റ്റിറ്റ്യൂഷണലായ രീതികൾ പാലിക്കണമെന്നുള്ളതുകൊണ്ട് അവർ അങ്ങനെ ചെയ്താൽ അവരെ തടയാൻ കഴിയില്ല. പക്ഷേ ഗവൺമെന്റ് അങ്ങ് പറഞ്ഞതടക്കമുള്ള അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന് കത്ത് നൽകുകയും നേരത്തെ പറഞ്ഞതുപോലെ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഒരു നിവേദകസംഘം കേന്ദ്രത്തിൽ പോകുന്നതിനെക്കുറിച്ച് തീരുമാനിക്കുന്നുമുണ്ട്. ഇക്കാര്യത്തിൽ നിരന്തരം പോരാടി തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ജീവിക്കാൻ വേണ്ട സാഹചര്യങ്ങൾ നേടിയെടുക്കുക തന്നെ ചെയ്യണം. അതിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. പോരാട്ടം തുടരുക തന്നെ വേണം.

ശ്രീ. എ. എം. ആരിഫ്: സർ, തീരദേശ പരിപാലന നിയമം യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്താണ് നിലവിൽ വന്നത്. അന്ന് കേന്ദ്രത്തിൽ കേരളത്തിൽനിന്ന് രണ്ട് ക്യാബിനറ്റ് മന്ത്രിമാരും ആറ് സഹമന്ത്രി മാരുമുണ്ടായിരുന്നു. കേരളത്തെ ബാധിക്കുന്ന ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ യതൊരു നടപടിയും ഉണ്ടായില്ല. അതിനുശേഷം

ബഹുമാനപ്പെട്ട എസ്.ശർമ്മ ഇവിടെ പ്രമേയം കൊണ്ടുവരുകയും നിയമസഭ അത് ഐകകണ്ഠ്യേന അംഗീകരിച്ച് കേന്ദ്രത്തിനയച്ച് കൊടുക്കുകയും ചെയ്തു. ആ സമയത്തും കേന്ദ്ര ഗവൺമെന്റ് ഒന്നും ചെയ്തില്ല. ഇപ്പോൾ ചിലയാളുകൾ ചേർന്ന് ഇത് മാറ്റാൻ പോകുന്നു, മാറ്റാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നു തുടങ്ങിയ പ്രസ്താവനകളാണ് ആലപ്പുഴയിലൊക്കെ നടത്തിക്കൊണ്ടിരിക്കുന്നത്. അന്ന് തീരദേശത്തെ പ്രതിനിധീകരിച്ച ജനപ്രതിനിധികൾ ഒന്നും ചെയ്തില്ല. ശ്രീ. എം. വിൻസെന്റ് പറഞ്ഞു, അദ്ദേഹം കൊണ്ടുവന്ന ശ്രദ്ധ ക്ഷണിക്കലിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയായി പറഞ്ഞത് സോൺ-3-ൽ നിന്ന് സോൺ 2-ലേയ്ക്ക് മാറ്റണമെന്നാണ്. അതിനുള്ള നടപടിക്രമങ്ങളിലൊന്നാണ് പബ്ലിക് ഹിയറിംഗ്. അതാണ് അലങ്കോലപ്പെട്ടതെന്നാണ്. എത്രയും വേഗം ഹിയറിംഗ് പൂർത്തിയാക്കിക്കഴിഞ്ഞാൽ മാത്രമേ നടപടികളിലേയ്ക്ക് നീങ്ങാൻ കഴിയുകയുള്ളൂ. ഇതിന്റെ ഹിയറിംഗ് നടപടികൾ വളരെ വേഗത്തിലാക്കാൻ സമ്മർദ്ദം ചെലുത്തണം. അതോറിറ്റിയിൽ ബാക്കിയുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള ശ്രമം നടത്തണം. കേരളത്തിന് അർഹതയുള്ള ഇളവുകൾ കൊടുക്കുന്നതിന് പകരം എങ്ങനെ കൊടുക്കാതിരിക്കാമെന്നാണ് നമ്മുടെ അതോറിറ്റിയും നോക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെടലുണ്ടാകണം.

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും ശക്തമായ ഇടപെലുണ്ടാകും. നടപടികൾ ദ്രുതഗതിയിലാക്കണമെന്ന് കമ്മിറ്റിയേയും കേന്ദ്രഗവൺമെന്റിനേയും അറിയിക്കാം. ഏതൊരു വസ്തുതയും വസ്തുതയല്ലെന്ന് ഭാവിച്ച് കക്ഷി രാഷ്ട്രീയവൽക്കരിക്കുന്നതും വ്യക്തിപരമായ ആവശ്യങ്ങൾക്ക് ദുരുപയോഗം ചെയ്യുന്നതും കേരളത്തിന്റെ രീതിയാണ്. ആ രീതിയാണ് നടക്കുന്നത്. അതിനോട് നമുക്ക് യോജിപ്പില്ല. നമ്മളാരും അതിൽ പങ്കെടുക്കുന്നുമില്ല.

ശ്രീ. എം. ഉമ്മർ: സർ, രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവച്ച ഇറ്റാലിയൻ നാവികരെ കേരള ഗവൺമെന്റ് അറസ്റ്റ് ചെയ്ത് സെൻട്രൽ ഗവൺമെന്റിനെ ഏൽപ്പിച്ചതാണ്. ആ നാവികരുടെ പേരിലുള്ള കേസ്സിന്റെ നിലവിലെ സ്ഥിതി എന്താണ്; ആ നാവികർ ഇപ്പോൾ എവിടെയാണ്, ഇവിടെയാണോ വിദേശത്താണോ എന്നുള്ളത് വ്യക്തമാക്കാമോ?

മി. സ്പീക്കർ: പ്ലീസ്. തീരദേശ പരിപാലനം പോലുള്ള പ്രശ്നാധിഷ്ഠിതമായ കാര്യമാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ജി. സുധാകരൻ: സർ, ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ല. വെടിവച്ചത് ഈ സഭയിലെ ആരുമല്ല. നമ്മൾ ശക്തമായി പ്രതിഷേധിച്ചതാണ്. കേന്ദ്ര

ഗവൺമെന്റ് പല വിട്ടുവീഴ്ചകളും ചെയ്യുതായി മനസ്സിലാക്കുന്നു. ശക്തമായി ശിക്ഷിക്കണമെന്നാണ് അത് സംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. എം. സ്വരാജ്: സർ, ഇവിടെ ഉന്നയിക്കാൻ ഉദ്ദേശിച്ച കാര്യം ഭാഗികമായി ഉന്നയിക്കപ്പെട്ടു. അത് ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. തീരദേശ നിയമത്തിൽ ഇളവ് ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വകക്ഷി സംഘം കേന്ദ്രത്തിൽ പോകണമെന്നൊക്കെ അഭിപ്രായം വന്ന പശ്ചാത്തലത്തിൽ വീണ്ടും ഒരു പ്രമേയം നിയമസഭ ഏകകണ്ഠമായി പാസ്സാക്കി കേന്ദ്രത്തിൽ അയച്ചു കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ;

ശ്രീ. ജി. സുധാകരൻ: സർ, ചോദ്യോത്തരവേളയിൽ പ്രമേയങ്ങൾ പാസ്സാക്കാറില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ബഹുമാനപ്പെട്ട സ്പീക്കർ തീരുമാനിക്കണം.

മി. സ്പീക്കർ: അത്തരമൊരു പ്രമേയം ഇനിയും എടുത്തുകൂടെ എന്നാണ് അദ്ദേഹം ചോദിച്ചത്. ഇപ്പോൾ എടുക്കണമെന്നല്ല പറഞ്ഞത്. സർക്കാർ അത് പരിഗണിക്കുമോ എന്നാണ് ചോദിച്ചത്?

ശ്രീ. ജി. സുധാകരൻ: സർ, അത് പാസ്സാക്കുന്നതുകൊണ്ട് യാതൊരു തെറ്റുമില്ല. ഉചിതമായ നടപടി സ്വീകരിക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, തീരദേശ പരിപാലന നിയമം അനുശാസിക്കുന്നതനുസരിച്ച് 500 മീറ്റർ ദൂരപരിധിക്കുള്ളിൽ വീട് നിർമ്മിക്കാൻ പാടില്ല. അങ്ങനെയാണെങ്കിൽ കാസർഗോഡ് നഗരസഭയിൽ ഒരു മത്സ്യത്തൊഴിലാളിയുടെയും വീട് കാണില്ല. വീട് നിർമ്മിക്കാൻ ഇപ്പോൾ 10 ലക്ഷം രൂപ നൽകുന്നുണ്ട്. വീടിന് 4 ലക്ഷം രൂപയും സ്ഥലത്തിന് 6 ലക്ഷം രൂപയുമാണ് നൽകുന്നത്. 6 ലക്ഷം രൂപയ്ക്ക് മുനിസിപ്പാലിറ്റി പ്രദേശത്ത് ഭൂമി വാങ്ങാൻ കിട്ടുകയില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അവരുടെ പുനരധിവാസത്തിന് വേറെ ഏതെങ്കിലും പാക്കേജ് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

ശ്രീ. ജി. സുധാകരൻ: സർ, 500 മീറ്ററാണ് ദൂരപരിധിയെന്ന് കേന്ദ്ര ഗവൺമെന്റുപോലും പറഞ്ഞിട്ടില്ല. ആവശ്യമില്ലാത്ത ആശകളൊന്നും അവർക്ക് കൊടുക്കരുത്. 100 മീറ്ററും 50 മീറ്ററുമാണ് ദൂരപരിധി. ബഹുനില മന്ദിരങ്ങൾ പണിയുന്ന കാര്യമായിരിക്കും ഉദ്ദേശിച്ചത്. അതിൽ ഇപ്പോൾ നമ്മൾ ഇടപെടേണ്ട. കായൽ തീരത്ത് ദൂരപരിധി 10 മീറ്ററായും മറ്റെല്ലാ സ്ഥലങ്ങളിലും ദൂരപരിധി 50 മീറ്ററായും ചുരുക്കണമെന്ന് കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും കൊടുത്ത നിവേദനത്തിൽ ഉറച്ചുനിൽക്കണം. 500 മീറ്ററെന്നത് വീടിന്റെ കാര്യമല്ല. അത് ബഹുനില മാളികകളുടേതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> സർ, സി.ആർ.ഇസഡ്. അപേക്ഷകൾ പരിഗണിക്കുന്നതിന് ജില്ലകൾതോറും കമ്മിറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നു. കുറെ ജില്ലകളിൽ അതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. ഇല്ലാത്ത ജില്ലകളിൽ കമ്മിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമെന്നും പറഞ്ഞിരുന്നു. കോഴിക്കോട് ജില്ലയിൽ കമ്മിറ്റി രൂപീകരിക്കാനുള്ള നടപടി ആയിട്ടുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ചോദ്യം ഒന്നുകൂടി വ്യക്തമാക്കണം.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> സർ, സി.ആർ.ഇസഡ്. അപേക്ഷകൾ പരിശോധിക്കുന്നതിന് ജില്ലകൾതോറും കമ്മിറ്റി രൂപീകരിക്കുന്നതിനെപ്പറ്റി ചോദിച്ചപ്പോൾ കുറെ ജില്ലകളിൽ രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നു. ബാക്കി ജില്ലകളിലും കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. കോഴിക്കോട് ജില്ലയിൽ സി.ആർ.ഇസഡ്. അപേക്ഷകൾ പരിശോധിക്കാനാവശ്യമായ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

<u>ശ്രീ. ജി. സുധാകരൻ:</u> സർ, കമ്മിറ്റി രൂപീകരിച്ചതായി എനിക്ക് പറയാൻ കഴിയില്ല. 6724 അപേക്ഷകളിൽ 5123 അപേക്ഷകൾ ഈ ഗവൺമെന്റ് തീർപ്പാക്കിക്കഴിഞ്ഞു. 1601 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. ഈ സ്റ്റേറ്റുമെന്റ് വന്നതിനുശേഷവും തീർപ്പാക്കുന്നുണ്ട്. ജില്ലകൾ നോക്കാതെതന്നെ തീർപ്പാക്കുന്നുണ്ട്. കമ്മിറ്റി മറ്റ് സ്ഥലങ്ങളിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും കോഴിക്കോട്ടും രൂപീകരിക്കേണ്ടതാണല്ലോ. അത് പരിഗണിക്കുന്നതാണ്.

**സംസ്ഥാനത്തെ പാചക വാതക വിതരണം**

2 (*572) <u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. യു. ആർ. പ്രദീപ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പാചക വാതക വിതരണ രംഗത്തെ ക്രമക്കേടുകളും അപാകതകളും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) എങ്കിൽ പ്രസ്തുത കമ്മിറ്റി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ വ്യക്തമാക്കാമോ;

(ഡി) പാചക വാതക സിലിണ്ടറുകൾ പൊട്ടിത്തെറിച്ചും ലീക്ക് ചെയ്തും ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സിലിണ്ടറുകളുടെ പഴക്കം, വിതരണം, സർവ്വീസ് കേന്ദ്രങ്ങളുടെ അശ്രദ്ധ എന്നിവ പരിഹരിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഇത് സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ,

(എ) പാചകവാതക വിതരണ രംഗത്തെ പരാതികൾ പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും പഞ്ചായത്ത് തലത്തിൽ പാചക വാതക മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് മാസത്തിലൊരിക്കൽ പാചകവാതക അദാലത്ത് സംഘടിപ്പിച്ച് പരാതികൾ പരിഹരിച്ചുവരുന്നു. ഗാർഹിക ആവശ്യത്തിനായി ലഭിക്കുന്ന ഗ്യാസ് സിലിണ്ടറുകൾ വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. ഇതിനായി പ്രത്യേകം സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതികൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഓപ്പൺ ഫോറം സംഘടിപ്പിച്ച് യഥാസമയം പരിഹരിച്ചുവരുന്നു. കൂടാതെ പാചക വാതക വിതരണ മേഖലയിൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഈ രംഗത്തെ ക്രമക്കേടുകളും അപാകതകളും പരിഹരിക്കുന്നതിന് പര്യാപ്തമാണെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററും അറിയിച്ചിട്ടുണ്ട്.

(ബി&സി) പാചകവാതക വിതരണ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ പഠിക്കുവാനും ആയതിന് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സംസ്ഥാന ലേബർ കമ്മീഷണർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ തൊഴിലാളികളുടെ വേതനവും ബോണസും സംബന്ധിച്ച് ഉണ്ടാകുന്ന പ്രശ്നങ്ങളും ആയത് പരിഹരിക്കുന്നതിനുള്ള കാലതാമസവും അപകടങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനങ്ങളിലുണ്ടാകുന്ന കാലതാമസവും തൊഴിലാളികളുടെ വേതനം സംബന്ധിച്ച ടെണ്ടർ നടപടികളിലുണ്ടാകുന്ന കാലതാമസവും ഒഴിവാക്കുന്നതിനും അതുവഴി ഉപഭോക്താക്കൾക്ക് സമയാസമയങ്ങളിൽ സിലിണ്ടറുകൾ ലഭ്യമാക്കുന്നതും സംബന്ധിച്ച ശിപാർശകളാണ് പ്രധാനമായും കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നത്. നിർദ്ദേശങ്ങളിന്മേലുള്ള ബന്ധപ്പെട്ടവരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ഡി) പാചകവാതക സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഉപയോഗയോഗ്യമായ സിലിണ്ടറുകളിൽ മാത്രമേ ഗ്യാസ് നിറയ്ക്കാറുള്ളൂ എന്നും വിതരണത്തിന് മുമ്പ് എല്ലാ സിലിണ്ടറുകളും സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് എല്ലാ വിതരണക്കാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപഭോക്താക്കളെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കുന്നതിന് റെഗുലർ സേഫ്റ്റി ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും പരാതികൾ ഉണ്ടെങ്കിൽ ഉപഭോക്താക്കൾക്ക് എണ്ണക്കമ്പനികളുടെ വെബ്സൈറ്റ് മുഖേനയോ, " 18002333555" എന്ന ടോൾ ഫ്രീ നമ്പർ മുഖേനയോ അറിയിക്കാവുന്നതാണെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. കൂടാതെ പാചക വാതക ഏജൻസികളിൽ നടത്തുന്ന മിന്നൽ പരിശോധനയിൽ സിലിണ്ടറുകളുടെ കാലപ്പഴക്കവും പരിശോധിക്കാറുണ്ട്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന പാചകവാതക സിലിണ്ടറുകളുടെ റീ-ഫില്ലിംഗ് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; പല സിലിണ്ടറുകളിലും 14 കിലോഗ്രാം തൂക്കം ഉണ്ടാകാറില്ല; അഥവാ ഉണ്ടെങ്കിൽത്തന്നെ മായം ചേർത്ത് വെയിറ്റ് ഫിൽ ചെയ്ത് അയയ്ക്കുന്നതാണ്. ഇത്തരത്തിൽ വരുന്ന കൃത്രിമമായ റീ-ഫില്ലിംഗ് സ്റ്റേഷനുകൾ പരിശോധിക്കുന്നതിനും റീ-ഫില്ലിംഗ് സ്റ്റേഷനിൽനിന്ന് അയയ്ക്കുന്ന സിലിണ്ടറുകളുടെ തൂക്കം പരിശോധിക്കുന്നതിനും പ്രത്യേക നടപടിക്രമങ്ങളുണ്ടോ; ഗ്രാമ മേഖലകളിലെ പാചകവാതക സിലിണ്ടറുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും സിലിണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

ശ്രീ. പി. തിലോത്തമൻ: സർ, റീ-ഫില്ലിംഗ് മേഖലയിൽനിന്ന് ഫിൽ ചെയ്തു തരുന്നതിന്റെ അളവിൽ വ്യത്യാസമുണ്ടെങ്കിൽ ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റിന് അത് പരിശോധിക്കാനുള്ള അധികാരമുണ്ട്. അങ്ങനെ പരിശോധിച്ച് നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഐ.ഒ.സി. തന്നെ റീ-ഫിൽ ചെയ്ത് കൊച്ചിയിലെ ബോട്ടിലിംഗ് പ്ലാന്റിൽനിന്ന് വിതരണം ചെയ്ത പാചകവാതക സിലിണ്ടറിന്റെ തൂക്കത്തിൽ വ്യത്യാസം കണ്ട് നടപടിയെടുത്തിട്ടുണ്ട്. ഇപ്പോൾ പാചകവാതകം കൃത്യമായി ഉപഭോക്താക്കൾക്ക് എത്തിക്കാനാവശ്യമായ നടപടികൾ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. 5 കിലോമീറ്റർ പരിധിക്കകത്ത് നിൽക്കത്തക്ക രൂപത്തിൽ എൽ.പി.ജി. ഗ്യാസ് ഔട്ട്ലെറ്റുകൾ അനുവദിച്ചുകൊണ്ടിരിക്കുകയാണ്. അത് ദോഷവും വരുത്തിവയ്ക്കുന്നുണ്ട്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, വിറകിന്റെ ഉപയോഗം കുറച്ചുകൊണ്ടു വരുന്നതിന്റെ ഭാഗമായി പുതിയ ഇടപെടലുകളൊക്കെ വരുന്നുണ്ട്. ആ നിലയിൽ ആദിവാസി മേഖലയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഗവൺമെന്റ് എന്ത് സമീപനമാണ് സ്വീകരിക്കുന്നത്; സൗജന്യമായി ഗവൺമെന്റ് സബ്സിഡി റേറ്റിൽ ഗ്യാസ് കണക്ഷനുകൾ നൽകുന്നുണ്ടോ; അത് സാധാരണഗതിയിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, നിലവിൽ പ്രധാനമന്ത്രി ഉജ്ജ്വൽ യോജന പദ്ധതിപ്രകാരം 9474 ആദിവാസി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് സൗജന്യമായി ഗ്യാസ് കണക്ഷൻ നൽകിയിട്ടുണ്ട്. ആദിവാസി മേഖലയിലുള്ളവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും ഊരുത്തിൽ താമസിക്കുന്നവർക്കും സൗജന്യമായി എൽ.പി.ജി. ഗ്യാസ് കണക്ഷൻ ഏപ്രിൽ മാസം മുതൽ വിതരണം ചെയ്യുമെന്ന് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്.

<u>ശ്രീ. എം. രാജഗോപാലൻ:</u> സർ, കേന്ദ്ര ഗവൺമെന്റിന്റെ ജനദ്രോഹ നടപടികളിൽ ഏറ്റവും കടുത്തതായിരുന്ന പാചക വാതകത്തിന്മേൽ അടിക്കടി ഉണ്ടായിട്ടുള്ള വില വർദ്ധനവും സബ്സിഡിയുടെ കാര്യത്തിലെടുത്തിട്ടുള്ള നിലപാടും. സംസ്ഥാനത്ത് ഈ രംഗത്തെ ക്രമക്കേടുകളും അപാകതകളുമെല്ലാം പരിഹരിക്കുന്നതിന് ശ്രദ്ധേയമായ നടപടികൾ സ്വീകരിക്കുന്നുവെന്നുള്ളത് അഭിനന്ദനാർഹമാണ്. എന്റെ ചോദ്യം, ഗ്യാസ് ഏജൻസികൾ വീടുകളിൽ വിതരണം ചെയ്തുവരുന്ന ഗ്യാസ് സിലിണ്ടറുകൾക്ക് സിലിണ്ടറിനുപുറത്ത് എത്ര രൂപയാണ് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത്; സംസ്ഥാനത്ത് ഇതിനൊരു ഏകീകൃത ചാർജ്ജ് ഉണ്ടായിട്ടുണ്ടോ; ഈ തുക എത്രയാണ്; പാചകവാതക സിലിണ്ടറുകളുടെ റീ-ഫില്ലിംഗ് ബുക്ക് ചെയ്താൽ ശരാശരി എത്ര ദിവസത്തിനകം അത് ലഭ്യമാക്കണമെന്നതിനെ സംബന്ധിച്ച് ധാരണയുണ്ടോ;

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, ഇപ്പോൾ പാചക വാതക സിലിണ്ടറുകൾക്ക് ബുക്ക് ചെയ്താൽ മിക്കവാറും പ്രദേശങ്ങളിൽ രണ്ടുമൂന്ന് ദിവസത്തിനകം ലഭിക്കാറുണ്ട്. എന്നാലും സംസ്ഥാന ശരാശരി ആറ് ദിവസമാണ്. എന്നാൽ കേരളത്തിനുപുറത്ത് അത് രണ്ട് ദിവസത്തിനുള്ളിൽ തന്നെ വിതരണം ചെയ്യുന്നുണ്ട്. ആ രണ്ട് ദിവസത്തിനുള്ളിലേയ്ക്ക് എത്തിക്കാൻ വേണ്ടിയുള്ള പരിശ്രമങ്ങളാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് കൂടുതൽ ഔട്ട്ലെറ്റുകൾ സ്ഥാപിച്ചുകൊണ്ട് ഏർപ്പെടുത്തുന്നതെന്നാണ് പറയുന്നത്. അഞ്ച് കിലോമീറ്റർ ചുറ്റളവിൽ പാചക വാതക സിലിണ്ടർ എത്തിക്കുന്നതിന് ഫ്രീ സർവ്വീസാണ്

പ്രഖ്യാപിച്ചിട്ടുള്ളത്. ഫ്രീ സർവ്വീസായിത്തന്നെ എത്തിക്കണമെന്നാണ് നിലപാട്. അതിനപ്പുറത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചാൽ തീർച്ചയായും നമുക്ക് ഇടപെടാനുള്ള അധികാരമുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, സപ്ലൈകോയ്ക്ക് ഗ്യാസ് ഏജൻസികൾ അനുവദിക്കുന്നതിന് ഓയിൽ കമ്പനികൾ പ്രത്യേക പരിഗണന നൽകുന്നുണ്ടോ; കേരളത്തിൽ സബ്സിഡി വേണ്ടെന്നുവച്ച ഉപഭോക്താക്കളുടെ എണ്ണം എത്രയാണ്; പാചക വാതക തൊഴിലാളികളുടെ പല ആനുകൂല്യങ്ങളും മുതലാളിമാർ നൽകാത്തതിന്റെ ഭാഗമായി പാചക വാതക തൊഴിലാളികൾ പലപ്പോഴും പ്രക്ഷോഭത്തിന് ഇറങ്ങേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ വകുപ്പുതലത്തിൽ ലേബർ വകുപ്പുകൂടി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഇടപെടാൻ സാധിക്കുമോ; പാചക വാതക തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, കേരളത്തിൽ ഇപ്പോൾ പാചക വാതക സബ്സിഡി വേണ്ടെന്നുവച്ച ഉപഭോക്താക്കളുടെ എണ്ണം 79,161 ആണ്. ഈ രംഗത്തെ പ്രശ്നങ്ങൾ പഠിക്കാൻ സംസ്ഥാന ലേബർ കമ്മീഷണർ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കമ്മിറ്റി പഠനം നടത്തിയത് ഈ മേഖലയിലെ തൊഴിൽ പ്രശ്നങ്ങളെ സംബന്ധിച്ചാണ്. തൊഴിലാളികളുടെ വേതനം, ബോണസ്സ് തുടങ്ങിയ വിഷയങ്ങളിൽ പലപ്പോഴും തർക്കങ്ങളുണ്ടാകുകയും വിതരണക്രമത്തിൽ ധാരാളം തടസ്സങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ആ കാര്യത്തെക്കുറിച്ച് പഠിച്ചാണ് സംസ്ഥാന ലേബർ കമ്മീഷണർ ചെയർമാനായ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഇന്ന് സംസ്ഥാനത്ത് ധാരാളം ഗ്യാസ് കണക്ഷനുകൾ ആയിട്ടുണ്ട്. എന്നാൽ സാധാരണക്കാർക്ക് ഇതുസംബന്ധിച്ച പരാതികൾ എവിടെ പറയണം, എന്തു ചെയ്യണമെന്ന് അറിയാത്ത അവസ്ഥയുണ്ട്. സാധാരണക്കാരന് ഇതുസംബന്ധിച്ച് കൃത്യമായി അറിയാൻ എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാനത്തുള്ളത്; ഇനി എന്തെല്ലാം സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നു?

ശ്രീ. പി. തിലോത്തമൻ: സർ, ഈ രംഗത്തെ പരാതികൾ പരിഹരിക്കാൻ ജില്ലകൾതോറും അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. ജില്ലാ കളക്ടർ ചെയർമാനും ഡി.എസ്.ഒ. കൺവീനറുമായിട്ടുള്ള ഓപ്പൺ ഫോറങ്ങൾ എല്ലാ ജില്ലകളിലും മൂന്നു മാസത്തിലൊരിക്കൽ നടത്താറുണ്ട്. അവിടെ എണ്ണക്കമ്പനികളുടെയും വിതരണക്കാരുടെയും ഉപഭോക്തൃ സംഘടനകളുടെയും പ്രതിനിധികളുണ്ടാകും.

പരാതിക്കാരെയും വിളിച്ചുവരുത്തിയാണ് ജില്ലാ കളക്ടർ ഓപ്പൺ ഫോറത്തിൽ പരാതികൾ കേട്ട് തീർപ്പുകൽപ്പിക്കുന്നത്. ആ സംവിധാനം ഇപ്പോഴുമുണ്ട്. കൂടാതെ 1906 എന്ന ടോൾ ഫ്രീ നമ്പരിലേയ്ക്ക് ഇന്ത്യയിൽ എവിടെനിന്ന് വിളിച്ചാലും പരാതി രജിസ്റ്റർ ചെയ്ത് പരിഹരിക്കും.

ശ്രീ. പി. ടി. തോമസ്: സർ, പാചകവാതക വിതരണത്തിനുവേണ്ടിയുള്ള ആധുനിക സംവിധാനമാണ് ഗെയിൽ പൈപ്പ് ലൈനിലൂടെ പാചകവാതകം കൊടുക്കാനുള്ള പദ്ധതി. എന്റെ നിയോജകമണ്ഡലമായ തൃക്കാക്കര മുനിസിപ്പാലിറ്റി മേഖലയിൽ ഗെയിൽ പൈപ്പ് ലൈൻ ഇട്ടുകൊണ്ടിരിക്കുകയാണ്. അതേസമയം എന്റെ നിയോജകമണ്ഡലത്തിന്റെ ഭാഗമായ കൊച്ചിൻ കോർപ്പറേഷനിൽ ഇതുവരെ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഒരു ഭാഗത്ത് പ്രവർത്തനം ആരംഭിക്കുകയും മറുഭാഗത്ത് പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വരുകയും ചെയ്യുന്നത് റോഡ് വെട്ടിമുറിക്കുന്നതിനുള്ള തുക സംബന്ധിച്ച് ഗവൺമെന്റും കോർപ്പറേഷനും തമ്മിലുള്ള തർക്കം കാരണമാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ; അതോടൊപ്പം ഗെയിൽ പൈപ്പ് ലൈനിടുമ്പോൾ ബി.എസ്.എൻ.എൽ.-ന്റേയും വാട്ടർ അതോറിറ്റിയുടേയും മറ്റെല്ലാ കേബിളുകളും തകർത്താണ് മുന്നോട്ടുപോകുന്നത്. കാക്കനാട്, തൃക്കാക്കര മേഖലകളിലൊക്കെ ഇതുമൂലം എത്രയോ ദിവസമാണ് കുടിവെള്ളം കിട്ടാതിരുന്നത്. ഇതിന് യാതൊരു നിയന്ത്രണവുമില്ല. അദാനിയുടെ ആളുകൾ വന്ന് ഇഷ്ടംപോലെ കുഴിച്ചിട്ടിട്ട് പോകുകയാണ്. ഇക്കാര്യത്തിൽ ഒരു നിയന്ത്രണമേർപ്പെടുത്താൻ ഗെയിൽ അധികൃതരുമായി സംസാരിക്കുകയും ഗെയിൽ പൈപ്പ് ലൈനിടാത്ത സ്ഥലങ്ങളിൽ അവ ഇടാനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, അത്തരം പ്രശ്നങ്ങൾ കേന്ദ്ര ഓയിൽ കമ്പനികളുടെ പ്രതിനിധികളുമായി സംസ്ഥാന ഗവൺമെന്റ് ചർച്ച ചെയ്യേണ്ടതാണ്. തീർച്ചയായിട്ടും ആ പ്രശ്നം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര മാർഗ്ഗമുണ്ടാക്കാം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പാചകവാതക സിലണ്ടർ തൂക്കം കുറയുന്നു, മായം ചേർക്കുന്നു എന്നുള്ളത് ഗൗരവകരമായ കാര്യമാണ്. പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഓയിൽ കമ്പനികളുടെ ഉത്തരവാദിത്വത്തിലാണ് ഈ സിലണ്ടറുകൾ നിറയ്ക്കുന്നത്. അതിൽ മായം ചേർക്കുന്നുവെന്ന് പറയുന്നതിനും തൂക്കം കുറയുന്നതിനും ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ആർക്കെതിരെയാണ് നടപടിയെടുത്തിട്ടുള്ളത്; ഇതിനെപ്പറ്റി പരാതി നൽകിയിട്ടുള്ളത് എവിടെയാണ്?

ശ്രീ. പി. തിലോത്തമൻ: സർ, തൂക്കക്കുറവുണ്ടായാലും അളവിൽ വ്യത്യാസമുണ്ടായാലും ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റാണ് അത് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടത്. ഐ.ഒ.സി. (കൊച്ചിയിൽ) റീഫില്ലുചെയ്ത് വിതരണം ചെയ്ത പാചകവാതക സിലിണ്ടറിൽ തൂക്കത്തിൽ വ്യത്യാസം കണ്ടതിനെത്തുടർന്ന് ഓയിൽ കമ്പനിയുടെ പേരിൽ ലീഗൽ മെട്രോളജി വകുപ്പ് നടപടിയെടുത്തിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, സപ്ലൈകോ നിരവധി മേഖലകളിൽ ഇടപെട്ടുകൊണ്ട് പ്രവർത്തിക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ട്. സംസ്ഥാനത്ത് പുതിയ ഗ്യാസ് ഏജൻസികൾ സപ്ലൈകോയുടെ നേതൃത്വത്തിൽ ആരംഭിക്കാൻ എന്തെങ്കിലും പദ്ധതികൾ ആലോചിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, സപ്ലൈകോയ്ക്ക് നിലവിൽ 11 ഔട്ട്ലെറ്റുകളാണുള്ളത്. അതിൽത്തന്നെ ധാരാളം പ്രശ്നങ്ങളുണ്ട്. പുതിയ കണക്ഷനുകൾ കൊടുക്കുന്നതിന്റെ ഭാഗമായി ലാഭകരമായി പ്രവർത്തിച്ചു കൊണ്ടിരുന്ന കായംകുളം യൂണിറ്റിൽനിന്ന് ഏതാണ്ട് 8500 കൺസ്യൂമേഴ്സിനെ വെട്ടിമാറ്റി ഒരു സ്വകാര്യവ്യക്തിക്ക് ഏജൻസി കൊടുത്തിരിക്കുകയാണ്. നമ്മൾ അതിന്മേൽ പരാതി പറഞ്ഞെങ്കിലും നടപടിയെടുത്തില്ല. അഞ്ച് കിലോമീറ്ററിനുള്ളിൽ പുതിയ ഏജൻസി വരണമെന്ന അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ഇന്ന് വ്യാപകമായി അനുമതി കൊടുക്കുകയാണ്. സപ്ലൈകോയ്ക്ക് പരിഗണന നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. ദേശീയ പാതയോരത്തോ, സംസ്ഥാന പാതയോരത്തോ ആവശ്യമായ സ്ഥലം കൊടുത്താൽ അതിനുള്ള സൗകര്യം ചെയ്തുതരാമെന്ന് അവർ പറഞ്ഞിരിക്കുകയാണ്.

## സപ്ലൈകോയുടെ നൂതന പ്രവർത്തനങ്ങൾ

3 (*573) ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. എൽദോ എബ്രഹാം:

ശ്രീ. മുഹമ്മദ് മുഹസിൻ പി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്യാസ് ഏജൻസികൾ തുടങ്ങുന്നതിന് സപ്ലൈകോയ്ക്ക് പദ്ധതിയുണ്ടോ;

(ബി) മെട്രോ നഗരങ്ങളിൽ സൂപ്പർ മാളുകൾ തുടങ്ങുന്നതിന് സപ്ലൈകോ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) സപ്ലൈകോ വഴി വിദേശ നിർമ്മിത വിദേശമദ്യം വിൽപ്പന നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സപ്ലൈകോയിലെ ദിവസ വേതനക്കാരുടെ ശമ്പളം ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഇ) സപ്ലൈകോയുടെ ചുമതലയിൽ എത്ര പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്; ഈ പെട്രോൾ പമ്പുകളിലെ ജീവനക്കാരുടെ ദിവസ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) അനുയോജ്യമായ സ്ഥലവും ഓയിൽ കമ്പനികളിൽ നിന്ന് അനുമതിയും ലഭിക്കുന്ന മുറയ്ക്ക് പുതിയ ഗ്യാസ് ഏജൻസികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മെട്രോ നഗരങ്ങളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മിനി മാളുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) ഉണ്ട്.

(ഇ) സപ്ലൈകോയുടെ കീഴിൽ നിലവിൽ 11 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ടി പമ്പുകളിലെ ദിവസവേതന ജീവനക്കാരുടെ വേതനം 13-11-2017-ലെ 429/2017/ഭ.പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 10-8-2017 മുതൽ 500 രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങളും പൊതു വിപണിയിലെ സമാന ഉൽപ്പന്നങ്ങളും തമ്മിൽ വിലയിൽ എത്ര അന്തരമുണ്ട്; ഹൈപ്പർ മാർക്കറ്റുകൾ പുതിയതായി ആരംഭിക്കാൻ എന്തെങ്കിലും ആലോചനയുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, ജില്ലാ കേന്ദ്രങ്ങളിൽ എല്ലാ ഉൽപ്പന്നങ്ങളും വിതരണം ചെയ്യാൻ കഴിയുന്ന, വിൽപ്പനയ്ക്ക് വയ്ക്കാൻ കഴിയുന്ന തരത്തിലുള്ള നല്ല ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങണമെന്ന ആഗ്രഹമുണ്ട്. അതിനനുയോജ്യമായ സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. തിരുവല്ലയിൽ സ്വന്തമായി സ്ഥലമുണ്ട്. അവിടെ അത്തരത്തിലുള്ള ഹൈപ്പർ മാർക്കറ്റ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൊല്ലം നഗരത്തിൽ നിലവിലുള്ള ഔട്ട്ലെറ്റിന്റെ സ്ഥലത്ത് കുറെക്കൂടി നല്ല

കെട്ടിടം നിർമ്മിക്കാൻ ശ്രമിക്കുകയാണ്. ആലപ്പുഴ നഗരത്തിലെ മുല്ലയ്ക്കൽ സ്വന്തമായി സ്ഥലമുണ്ട്. അവിടെ നിലവിലുള്ള കെട്ടിടത്തിനുപകരം പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. അങ്ങനെ സ്ഥലം കിട്ടുന്ന മുറയ്ക്ക് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പ്രധാനപ്പെട്ട നഗരങ്ങളിലും മിക്കവാറും എല്ലാ ഉൽപ്പന്നങ്ങളും വിതരണം ചെയ്യാൻ കഴിയുന്ന നല്ല സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവ തുടങ്ങണമെന്നാണ് ആലോചിക്കുന്നത്. പൊതുമാർക്കറ്റിനേക്കാൾ സപ്ലൈകോ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് 10 മുതൽ 30 ശതമാനം വരെ വിലക്കുറവാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, പ്രധാനമന്ത്രി വമ്പൻ പ്രചരണം നൽകി നടപ്പിലാക്കിയ ഒരു പദ്ധതിയാണ് 'ഉജ്ജ്വല'. ബി.പി.എൽ.-ൽ ഉൾപ്പെട്ട സ്ത്രീകൾക്കും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കും ആദിവാസികൾക്കുമെല്ലാം സൗജന്യ ഗ്യാസ് കണക്ഷൻ നൽകുന്നുവെന്നതാണ് ആ പദ്ധതി. അങ്ങ് നേരത്തെ മറുപടി പറഞ്ഞപ്പോൾ അത് പൂർണ്ണമായും സൗജന്യമായിട്ടാണ് നൽകുന്നതെന്ന് പറയുകയുണ്ടായി. എന്നാൽ ഈ ഗുണഭോക്താക്കളിൽനിന്ന് അവർക്ക് ലഭിക്കേണ്ട സബ്സിഡി അടക്കമുള്ള കാര്യങ്ങൾ ഇതിന് നൽകുന്ന ലോണിലേയ്ക്ക് തിരികെ പിടിക്കുന്ന അവസ്ഥയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതിൽ എത്രത്തോളം വസ്തുതയുണ്ട്?

ശ്രീ. പി. തിലോത്തമൻ: സർ, നമുക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 1,600 രൂപയാണ് ഒരു കണക്ഷൻ കൊടുക്കുമ്പോൾ ഗവൺമെന്റ് നൽകുന്ന സൗജന്യം. 1,250 രൂപ സിലണ്ടറിനും 150 രൂപ റെഗുലേറ്ററിനും 100 രൂപ ട്യൂബിനും 100 രൂപ മറ്റ് ചെലവുകൾക്കുമുൾപ്പെടെ ആകെ 1,600 രൂപ സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ, ആദിവാസി മേഖലയിലുള്ളവർക്കും ഈ സൗജന്യം ഏപ്രിൽ മാസം മുതൽ ലഭിക്കും. അതോടൊപ്പം തന്നെ തുരുത്തുകളിലും റിമോട്ട് ഏരിയകളിലും താമസിക്കുന്നവർക്കും കൂടി ആ സൗജന്യം കൊടുക്കണമെന്നാണ് ഗവൺമെന്റ് ഇപ്പോൾ അറിയിച്ചിരിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, സപ്ലൈകോ 13 ഇനം സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കാതെ നൽകുന്നുവെന്നത് അഭിനന്ദനാർഹമായ കാര്യമാണ്. ചിലപ്പോൾ വില കുറയുന്നുമുണ്ട്. വിലക്കയറ്റം തടയാൻ ശാസ്ത്രീയമായ സംവിധാനങ്ങൾ എന്തൊക്കെയാണ് ഇതിനകം ഒരുക്കിയത്; തുടർന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്?

ശ്രീ. പി. തിലോത്തമൻ: സർ, ആദ്യമായി വിലനിർണ്ണയ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. മാർക്കറ്റിൽ അതാതുകാലത്തെ fluctuations മുൻകൂട്ടി മനസ്സിലാക്കി മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ കഴിയുന്ന തരത്തിൽ ഒരു കമ്മിറ്റിക്ക് രൂപം കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത നാളുകളിൽ വില വർദ്ധിക്കും എന്നതു കണക്കാക്കി മുൻകൂട്ടി ഉൽപ്പന്നങ്ങൾ ശേഖരിച്ചുവയ്ക്കാനുള്ള സംവിധാനങ്ങളിലേയ്ക്കാണ് പോകുന്നത്. മിക്കവാറും എല്ലാ സാധനങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പൊതുമാർക്കറ്റിലെ വിലയേക്കാൾ നല്ല വ്യത്യാസത്തിലാണ് സപ്ലൈകോ ഇപ്പോൾ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്ക് ഉൾപ്പെടെ ഈടാക്കിക്കൊണ്ടിരിക്കുന്നത്. അതും നല്ലൊരു ഇന്റർവെൻഷനായി മാറുന്നുണ്ട്.

ശ്രീ. എൽദോ എബ്രഹാം: സർ, ഇന്ന് രാവിലത്തെ വില വിവരപ്പട്ടിക പരിശോധിച്ചാൽ മട്ട അരിക്ക് സപ്ലൈകോയിൽ 24 രൂപയും പൊതുമാർക്കറ്റിൽ 40 രൂപയുമാണുള്ളത്. പഞ്ചസാരയ്ക്ക് സപ്ലൈകോയിൽ 22 രൂപയും പൊതുമാർക്കറ്റിൽ 30 രൂപയുമാണ്. ചെറുപയറിന് സപ്ലൈകോയിൽ 56 രൂപയും പൊതുമാർക്കറ്റിൽ 80 രൂപയുമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപിത നയം അനുസരിച്ച് വിലക്കയറ്റം പിടിച്ചുനിർത്താൻ സ്വീകരിച്ച നടപടിയാണിത്. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം ഇതിലൂടെ സുവ്യക്തമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. എന്റെ ചോദ്യം, സപ്ലൈകോ വഴി വിതരണം ചെയ്തുവരുന്ന ഉൽപ്പന്നങ്ങളുടെ നിലവാരം, തൂക്കം, കാലാവധി എന്നിവ മോണിറ്റർ ചെയ്യാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫലപ്രദമാണോ; വിഷു, ഈസ്റ്റർ പ്രമാണിച്ച് പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ സപ്ലൈകോ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

ശ്രീ. പി. തിലോത്തമൻ: സർ, ഇപ്പോൾ 14 ഉൽപ്പന്നങ്ങൾക്കാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സബ്സിഡി നൽകിക്കൊണ്ടിരിക്കുന്നത്. ആന്ധ്ര, ജയ അരി ഒഴികെയുള്ള മറ്റ് അരിക്കും സബ്സിഡി നൽകിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വിലയിലെ വ്യത്യാസങ്ങളൊക്കെ ഇവിടെ പറയുകയുണ്ടായി. ആ വില ഒരു കാരണവശാലും നമ്മൾ വർദ്ധിപ്പിച്ചിട്ടില്ല. കഴിഞ്ഞ രണ്ടു വർഷമായി ഇതുവരെ ഒരു രൂപയുടെ വർദ്ധനവ് പോലും അതിന്മേൽ വരുത്തിയിട്ടില്ല. വരുന്ന മൂന്ന് വർഷക്കാലവും വില വർദ്ധനവ് ഉണ്ടാവില്ല. ഇതാണ് ഈ രംഗത്ത് ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്ന സമീപനം. ഇത് വലിയൊരു ബാധ്യതയാണ്. 2016-17 സാമ്പത്തിക വർഷം 443 കോടി രൂപയുടെ ആനുകൂല്യമാണ് ജനങ്ങൾക്ക് നൽകിയത്. സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇപ്പോൾ നീക്കിവച്ചിരിക്കുന്നത് 200 കോടി രൂപയാണ്. 2017-18 സാമ്പത്തിക വർഷവും

200 കോടി രൂപയാണ് നീക്കിവച്ചിരുന്നത്. അതിന്റെ ഇരട്ടിയിലധികം (500 കോടിയോളം രൂപ) തുകയുടെ ആനുകൂല്യം നൽകണമെന്നാണ് കണക്കാക്കിയിരിക്കുന്നത്. വലിയൊരു ബാധ്യതയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്. ബാധ്യത എത്ര കൂടിയാലും അത് തുടരുക തന്നെ ചെയ്യണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ചത് ഉൽപ്പന്നങ്ങളുടെ ക്വാളിറ്റിയെയും ക്വാണ്ടിറ്റിയെയും സംബന്ധിച്ചാണ്. അക്കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്. വിഷു, ഈസ്റ്റർ പോലുള്ള ആഘോഷവേളകളിൽ തീർച്ചയായിട്ടും ചന്തകൾ മുൻകാലങ്ങളിലെപോലെ ഇത്തവണയും ഉണ്ടാകും.

ശ്രീ. മുഹമ്മദ് മുഹസിൻ പി: സർ, വിലക്കയറ്റം പിടിച്ചുനിർത്താൻ സപ്ലൈകോ ചെയ്യുന്ന പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. അതോടൊപ്പം സപ്ലൈകോയുടെ കീഴിലുള്ള ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ഒരു പ്രോജക്ടാണ് പെട്രോൾ പമ്പുകൾ. പുതിയ കാലഘട്ടത്തിലെ ഇന്ധനം എന്നുപറയുന്നത് സി.എൻ.ജി.-യാണ്. പരിസ്ഥിതി സൗഹൃദവും വാഹനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതും ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതുമായിട്ടുള്ള സി.എൻ.ജി.-യിലേയ്ക്ക് ആളുകൾക്ക് മാറാൻ വലിയ താൽപ്പര്യമുണ്ട്. പക്ഷെ കേരളത്തിൽ ഇതിനുള്ള ഫില്ലിംഗ് സ്റ്റേഷൻസ് ഇല്ല. അതുകൊണ്ട് കേരളത്തിൽ എല്ലാ ടൗണുകളിലും സപ്ലൈകോയുടെ നേതൃത്വത്തിൽ സി.എൻ.ജി.-യുടെ ഫില്ലിംഗ് സ്റ്റേഷനുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ; അതോടൊപ്പം പുതിയ കാലഘട്ടത്തിൽ ഓൺലൈൻ മാർക്കറ്റിംഗ് ഏറ്റവും പ്രധാനപ്പെട്ടതാണ്. ആമസോൺ, ഫ്ലിപ്കാർട്ട്, ഇ-ബെ അടക്കമുള്ള മൾട്ടിനാഷണൽ കമ്പനികളാണ് ഈ മേഖലയിലുള്ളത്. സബ്സിഡൈസ്ഡായിട്ട് ഓൺലൈൻ മാർക്കറ്റുവഴി സപ്ലൈകോയ്ക്ക് ഇടപെടാനുള്ള എന്തെങ്കിലും നടപടിയുണ്ടോ;

ശ്രീ. പി. തിലോത്തമൻ: സർ, അദ്ദേഹം ആദ്യം പറഞ്ഞത് സി.എൻ.ജി.യുടെ ഫില്ലിംഗ് സ്റ്റേഷനുകളെ സംബന്ധിച്ചാണ്. അത് ഭാവിയിൽ ആലോചിക്കേണ്ട കാര്യമാണ്. ഓൺലൈൻ മാർക്കറ്റിംഗ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതുസംബന്ധിച്ച് ഒരു ഗൈഡ്‌ലൈൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയ നിയമത്തിന് അനുരോധമായി സംസ്ഥാന ഗവൺമെന്റും തയ്യാറാക്കിയിട്ടുണ്ട്. പൊതുജനങ്ങളുമായി ആശയവിനിമയം നടത്തി അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞും പരിഗണിച്ചും മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. ഭാവിയിൽ ഓൺലൈൻ മാർക്കറ്റിംഗ് പ്രധാനപ്പെട്ടൊരു കാര്യമായി വരുന്ന പശ്ചാത്തലത്തിൽ തീർച്ചയായും അതിനെക്കുറിച്ച് പഠിച്ച് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് അങ്ങ് ചുമതല ഏറ്റെടുത്തശേഷം മാവേലിസ്റ്റോറുകളിലും മറ്റും പണിയെടുത്തുകൊണ്ടിരുന്ന ദിവസവേതനക്കാരായ തൊഴിലാളികളെ പറഞ്ഞുവിടാനുള്ള ഏർപ്പാടുണ്ടാക്കുകയും പറഞ്ഞുവിടുകയും ചെയ്തു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നിർത്തിയ ആളുകളെയല്ല, പത്തുവർഷത്തിനുമുമ്പ് അങ്ങയുടെ മുൻഗാമി ശ്രീ. സി. ദിവാകരൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ ചുമതല വഹിക്കുന്ന കാലഘട്ടം മുതൽ ഉണ്ടായിരുന്ന ആളുകളെയാണ് അങ്ങയുടെ പാർട്ടിയിലുള്ള ചില നേതാക്കൾ നേരിട്ടുവന്ന് ഇറക്കിവിട്ടിട്ടുള്ളത്. ഇതുസംബന്ധിച്ച് ഞാൻ ഈ സഭയിൽത്തന്നെ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ അങ്ങ് പറഞ്ഞത് അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ലെന്നും ആരെയും പറഞ്ഞുവിടുന്നില്ലെന്നുമാണ്. അതുപോലെ ഇന്നത്തെ പത്രത്തിൽ സപ്ലൈകോയുടെ എല്ലാ ഔട്ട്ലെറ്റുകളും അഞ്ച് ദിവസത്തേയ്ക്ക് അടച്ചിടാൻ പോകുകയാണെന്ന് ഒരു വാർത്തയുണ്ട്. പെസഹ വ്യാഴം, ദുഃഖ വെള്ളി, ഈസ്റ്റർ തുടങ്ങിയ ആഘോഷങ്ങളൊക്കെ വരുകയാണ്. ഈ അഞ്ചു ദിവസം സപ്ലൈകോ അടച്ചിടാൻ തീരുമാനിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

ശ്രീ. പി. തിലോത്തമൻ: സർ, അഞ്ചു ദിവസം സപ്ലൈകോ അടച്ചിടുമെന്ന വാർത്ത ഞാൻ കണ്ടില്ല. അങ്ങനെ വാർത്ത വന്നിട്ടുണ്ടെങ്കിൽ, അതിൽ എന്തെങ്കിലും കാര്യമുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കാം. അങ്ങനെയൊന്നും ഉണ്ടാവുകയില്ല. സപ്ലൈകോയുടെ ഔട്ട് ലെറ്റുകളിൽ ജോലിചെയ്യുന്ന നൂറുകണക്കിന് ദിവസ വേതനക്കാർ എത്രയോ വർഷങ്ങളായി നിൽക്കുന്നവരാണ്. ബഹുമാന്യനായ അംഗത്തിന് ഓരോ ഔട്ട് ലെറ്റിലും നിൽക്കുന്ന ആളുകളെ പോയി പരിശോധിക്കാം. ഗവൺമെന്റ് ആരെയും പറഞ്ഞുവിട്ടിട്ടില്ല.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് വനം, ട്രൈബൽ വകുപ്പുകളുടെ സഹകരണത്തോടെ നാളെ മുതൽ അതിരപ്പിള്ളി പഞ്ചായത്തിലെ ഊരുകൂട്ടങ്ങളിൽ റേഷൻ നേരിട്ടെത്തിക്കുകയാണ്. ഈ പരിപാടിയിൽ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും പങ്കെടുക്കുന്നുണ്ട്. അതിന്റെ സന്തോഷവും നന്ദിയും അഭിനന്ദനവും അറിയിക്കുകയാണ്. ചാലക്കുടിയിൽ ബൈപ്പാസ് വന്നപ്പോൾ വിദ്യാഭ്യസ വകുപ്പ് ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്ത് ഹൈപ്പർ മാർക്കറ്റ് ആരംഭിക്കാൻ ഒരു നിർദ്ദേശമുണ്ടായിരുന്നു. അതിന്റെ നടപടികൾ ത്വരിതപ്പെടുത്തി ഹൈവേയോട് ചേർന്ന ഈ സ്ഥലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടുകൂടി ഹൈപ്പർ മാർക്കറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നല്ലൊരു കാര്യമാണ്. ആ സ്ഥലം സപ്ലൈകോയ്ക്ക് ലഭ്യമാകുമെങ്കിൽ തീർച്ചയായും അവിടെ ഒരു ഹൈപ്പർ മാർക്കറ്റ് നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് നേരത്തെ എന്നോട് അദ്ദേഹം പറയുകയുണ്ടായി.

ഡോ. എൻ. ജയരാജ്: സർ, മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിലെല്ലാം മാവേലി സ്റ്റോർ ആരംഭിക്കുമെന്ന് അങ്ങ് ഒരു പ്രസ്താവനയിൽ സൂചിപ്പിക്കുകയുണ്ടായി. എന്റെ നിയോജക മണ്ഡലത്തിലെ കറുകച്ചാൽ പഞ്ചായത്തിൽ വർഷങ്ങളായി നടത്തിക്കൊണ്ടിരുന്ന മാവേലി സ്റ്റോർ നിർത്തിവയ്ക്കുന്നതിനുള്ള തീരുമാനമുണ്ടായി എന്നാണ് മനസ്സിലാക്കുന്നത്. മാവേലി സ്റ്റോറുകൾക്ക് ഇത്ര രൂപ turnover വേണമെന്നുള്ള നിബന്ധനയുണ്ടോ; കറുകച്ചാൽ പഞ്ചായത്തിൽ വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മാവേലി സ്റ്റോർ അവിടെത്തന്നെ തുടർന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും ഒരു മാവേലി സ്റ്റോറെങ്കിലും വേണമെന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 30 പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ഇല്ലായിരുന്നു. ഇപ്പോൾ അത് 20 ആയി കുറച്ചുകൊണ്ടുവന്നിട്ടുണ്ട്. നല്ല സ്ഥലവും സൗകര്യവുമുള്ള എല്ലാ സ്ഥലങ്ങളിലും മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾക്കാണ് മുൻഗണന നൽകുന്നത്. കറുകച്ചാൽ പഞ്ചായത്തിൽ നിലവിലുള്ള മാവേലി സ്റ്റോർ അവിടെ നിന്നും മാറ്റാൻ പോകുന്നു എന്ന് ഇന്നലെ ബഹുമാനപ്പെട്ട അംഗം എനിക്ക് എഴുതിത്തന്നു. തീർച്ചയായും അത് സംബന്ധിച്ച് അന്വേഷിക്കാം. ഇപ്പോൾ മാവേലി സ്റ്റോർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം കെട്ടിട ഉടമ ഒഴിഞ്ഞുകൊടുക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടതിനെ തുടർന്നാണ് നിലവിലുള്ള മാവേലിസ്റ്റോർ മാറ്റാൻ പോകുന്നതെന്നാണ് അദ്ദേഹം എന്നോട് പറഞ്ഞത്. അവിടെ തത്തുല്യമായ നല്ലൊരു സ്ഥലം കിട്ടിയാൽ കറുകച്ചാലിൽത്തന്നെ മാവേലിസ്റ്റോർ തുടങ്ങാം എന്നാണ് പറയുവാനുള്ളത്.

ശ്രീ. സി. കൃഷ്ണൻ: സർ, സപ്ലൈകോ വിൽപ്പനശാലകൾ ചെറുപട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമെല്ലാം വ്യാപകമായി നടന്നുവരുന്നുണ്ട്. ഇതിന്റെ സുഗമമായ പ്രവർത്തനത്തിൽ പ്രധാന പങ്കുവഹിക്കുന്നത് അവിടെ പണിയെടുക്കുന്ന തൊഴിലാളികളാണ്. പക്ഷെ സപ്ലൈകോയിൽ സ്ഥിരമായി ദിവസ വേതനത്തിന് പണിയെടുപ്പിക്കുന്ന സമ്പ്രദായമാണ് നിലനിൽക്കുന്നത്. പ്രതിദിനം 600 രൂപ,

പ്രതിമാസം 18,000 രൂപ വേതനം എന്നുള്ളത് ഈ ഗവൺമെന്റ് തന്നെ തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. അതു പരിഗണിച്ച് സപ്ലൈകോയിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും മിനിമം വേതനം പ്രതിദിനം 600 രൂപയെങ്കിലും ലഭിക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുമോ?

ശ്രീ. പി. തിലോത്തമൻ: സർ, സപ്ലൈക്കോയിലെ ദിവസവേതനക്കാരുടെ വേതനം വളരെ പരിമിതമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് വളരെ ദയനീയമായിരുന്നു അവരുടെ സ്ഥിതി. ആദ്യ വർഷം 100 രൂപ വർദ്ധിപ്പിച്ചു. രണ്ടാമത് 75 രൂപ വർദ്ധിപ്പിച്ചു. 425 രൂപയാണ് ഇപ്പോൾ വർദ്ധിപ്പിച്ച വേതന നിരക്ക്. അത് കൊടുക്കാനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. 600 രൂപ എന്നത് നമ്മുടെ ടാർജറ്റാണ്. സപ്ലൈകോ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണെന്നുള്ള കാര്യം എല്ലാവരും മനസ്സിലാക്കണം. പടിപടിയായി നമുക്ക് അവരുടെ വരുമാനം വർദ്ധിപ്പിച്ചുകൊണ്ടുവരാനുള്ള നടപടി സ്വീകരിക്കാം.

## റേഡിയേഷൻ സുരക്ഷാ ഡയറക്ടറേറ്റിന്റെ പ്രവർത്തനം

4 (*574) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) റേഡിയേഷൻ സുരക്ഷ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര അറ്റോമിക് എനർജി റെഗുലേറ്ററി ബോർഡ് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ സംഭവിക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(സി) എക്സ്-റേ യൂണിറ്റുകളുടെയും മറ്റ് അനുബന്ധ റേഡിയേഷൻ രോഗനിർണ്ണയ ഉപാധികളുടെയും സുരക്ഷ പരിശോധന നടത്തി ലൈസൻസ് നൽകുകയെന്ന അതിപ്രധാനമായ ചുമതല നിർവ്വഹിച്ചുവന്ന റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് നാമമാത്രമാകുന്നതുവഴി സംസ്ഥാനത്തുണ്ടാകുന്ന ഗുരുതര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അടിയന്തരമായി ഈ വിഷയത്തിൽ ഇടപെട്ട് കേന്ദ്ര അറ്റോമിക് എനർജി ബോർഡിന്റെ അംഗീകാരം നേടിയെടുക്കാൻ പരിശ്രമിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ,

(എ) കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡുമായി സർക്കാർ ധാരണാപത്രം ഒപ്പ് വയ്ക്കുന്നതുവരെ റേഡിയേഷൻ സുരക്ഷാ നിയമം, 2004 പ്രകാരമുള്ള സുരക്ഷാ പരിശോധനകൾ നടത്തുന്നതിൽനിന്ന് റേഡിയേഷൻ സുരക്ഷാ കാര്യാലയം വിട്ടുനിൽക്കണമെന്ന് ആണവോർജ്ജ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) റേഡിയേഷൻ സുരക്ഷാ കാര്യാലയത്തിന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ അംഗീകാരം 31-12-2016-വരെ മാത്രമേ ലഭിച്ചിരുന്നുള്ളൂ. ധാരണാപത്രം ഒപ്പ് വയ്ക്കാത്തതിനാൽ റേഡിയേഷൻ സുരക്ഷാ കാര്യാലയത്തിന്റെ അംഗീകാരം നഷ്ടപ്പെട്ടെന്നും അംഗീകാരം ലഭിക്കുന്നതുവരെ സുരക്ഷാ പരിശോധനകൾ അടക്കമുള്ള പ്രവർത്തനങ്ങളിൽ നിന്നും റേഡിയേഷൻ സുരക്ഷാ കാര്യാലയം വിട്ടുനിൽക്കണമെന്നും കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ അംഗീകാരം നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, എ.ഇ.ആർ.ബി.(Atomic Energy Regulatory Board)യുടെ കരാർ ഒപ്പിടുന്നതുവരെ സുരക്ഷാ പരിശോധനകൾ നടത്തുന്നതിൽ നിന്നും വിട്ടുനിൽക്കണമെന്ന് അങ്ങുതന്നെ പറയുകയുണ്ടായി. എ.ഇ.ആർ.ബി.യുടെ നിർദ്ദേശമനുസരിച്ചാണ് സംസ്ഥാനത്ത് ഒരു ഡയറക്ടറേറ്റ് തുടങ്ങിയത്. എന്റെ ധാരണ ശരിയാണെങ്കിൽ അത് ബഹുമാന്യനായ വി. എം. സുധീരൻ കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രിയായ കാലഘട്ടത്തിലാണ്. അതിന്റെ എം.ഒ.യു.-വും കരാറും പുതുക്കി ഒപ്പിടാതെ നിരുത്തരവാദപരമായ നിലപാടാണ് ആരോഗ്യ വകുപ്പും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്വീകരിച്ചത്. ആ കരാർ അടിയന്തരമായി പുതുക്കി നിശ്ചയിച്ച് കേരളത്തിലെ സുരക്ഷാ പരിശോധന നിർബന്ധമായി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ആരോഗ്യ വകുപ്പിന്റെ തെറ്റുകൊണ്ടോ, കുറവുകൊണ്ടോ, അനാസ്ഥ കൊണ്ടോ അല്ല ഈ പ്രശ്നം ഉണ്ടായിരിക്കുന്നത്. സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് കേന്ദ്രസർക്കാർ നേരിട്ട് നടപടിയെടുത്തുകൊള്ളാം എന്ന

രീതിയിൽ, നിലവിലുള്ള റേഡിയേഷൻ സുരക്ഷാ കാര്യാലയത്തിന് പ്രസക്തിയില്ല, അത് പ്രവർത്തിക്കേണ്ടതില്ല എന്ന നിലപാടാണ് കേന്ദ്ര സർക്കാർ എടുത്തിരിക്കുന്നത്. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവലിബറൽ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടുള്ള സ്വകാര്യവൽക്കരണത്തിന്റെ ഭാഗമാണ്. അതുകൊണ്ടുതന്നെ എം.ഒ.യു. ഒപ്പിടുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരും ആരോഗ്യ വകുപ്പും വളരെ ശ്രദ്ധേയമായ നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. Pre-installation, Pre-commissioning തുടങ്ങിയ കാര്യങ്ങളിൽ കേരളത്തിന് ഇടപെടാനും പരിശോധിക്കാനുമുള്ള അവകാശ മുണ്ടാകണം എന്നുള്ള ഒരാവശ്യം എം.ഒ.യു.-വിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അക്കാര്യം കേന്ദ്ര അറ്റോമിക് കമ്മീഷൻ ഇതുവരെ സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. അത് ലഭ്യമാക്കാനും കൃത്യമായ ഇടപെടലിനാവശ്യമായ രീതിയിൽ എം.ഒ.യു. ഒപ്പിടാനുള്ള ശ്രമം നടത്താനും സർക്കാരും ആരോഗ്യ വകുപ്പും തയ്യാറാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, എക്സ്-റേ പോലുള്ള ഉപകരണങ്ങൾക്ക് മാത്രമാണ് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിന്നുകൊണ്ട് അംഗീകാരം നൽകാൻ കഴിയുന്നത്. അതിനപ്പുറത്ത് എം.ആർ.ഐ. സ്കാനിംഗ്, സി.ടി. സ്കാനിംഗ്, കാത്ത് ലാബ് തുടങ്ങിയവയുടെ സുരക്ഷാ പരിശോധനയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കണം. വളരെ കൃത്യമായ പരിശോധനയൊന്നും നടത്താതെ തന്നെ സുലഭമായി അത് കേന്ദ്ര സർക്കാർ നൽകിക്കൊണ്ടിരിക്കുകയാണ്. പുതിയ ആശുപത്രികളും പുതിയ സ്ഥാപനങ്ങളും ഒട്ടേറെ തുടങ്ങുകയാണ്. അതൊക്കെ സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ചാണോ തുടങ്ങുന്നത്; അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്നത് സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടോ; അവ പാലിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ആരോഗ്യ വകുപ്പ് ഇക്കാര്യത്തിൽ വളരെ കൃത്യമായ ധാരണയോടുകൂടി തന്നെയാണ് മുന്നോട്ടുപോകുന്നത്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ pre-installation, pre-commissioning സമയങ്ങളിൽ ഇത്തരത്തിലുള്ള എക്സ്-റേഡിയേഷൻസ് ഉണ്ടാകും. അങ്ങ് പറഞ്ഞ എം.ആർ.ഐ. സ്കാനിൽ എക്സ്-റേഡിയേഷൻസ് ഇല്ല. എന്നാൽ സി.ടി. സ്കാനിലും PET സ്കാനിലും എക്സ്-റേയിലുമുണ്ട്. എം.ആർ.ഐ.-യിൽ Magnetic Resonance Imaging ആണ്. Magnetic Resonance മാത്രമേയുള്ളൂ. X-ray ഇല്ല. എക്സ്-റേ റേഡിയേഷൻ എല്ലാ ദിക്കിലും ഇൻസ്റ്റാൾ ചെയ്യുന്നതിനും കമ്മീഷൻ ചെയ്യുന്നതിനും മുമ്പ് കൃത്യമായി പരിശോധിക്കണമെന്ന് തന്നെയാണ് സംസ്ഥാന സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും നിലപാട്. അത്തരത്തിലുള്ള പരിശോധനകളടക്കമുള്ള അവകാശം സംസ്ഥാനത്തിന് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട്

ആവശ്യപ്പെട്ടിട്ടുണ്ട്. അത്തരത്തിലുള്ള എം.ഒ.യു. ഒപ്പിടണമെന്ന നിർദ്ദേശമാണ് വച്ചിട്ടുള്ളത്. ആ നിർദ്ദേശത്തിന് കേന്ദ്ര സർക്കാർ വഴങ്ങിയിട്ടില്ല. നേരിട്ട് അനുമതി നൽകുന്ന രീതിയിലാണ് കാര്യങ്ങൾ നടക്കുന്നത്. ഇത് അപകടകരമാണ്. വളരെ ഭീകരമായ അല്ലെങ്കിൽ far reaching results ഉണ്ടാക്കുന്നതാണ് X-radiations. അത് പേഷ്യന്റിന്റെ നേരെ മാത്രമല്ല; പലതരത്തിൽ ഡൈവേർട്ട് ചെയ്ത് ആ റൂമിൽ നിൽക്കുന്ന പലർക്കും അതിന്റെ ഇംപാക്ട്സ് ഉണ്ടാകാനുള്ള സാധ്യതയുമുണ്ട്. ഇതെല്ലാം പരിശോധിച്ചുള്ള കൃത്യമായ സേഫ്റ്റി മെഷേഴ്സ് എടുക്കും. പൂർണ്ണമായും പേഷ്യന്റ് ഫ്രണ്ട്‌ലി ആകത്തക്ക രീതിയിലാണ് അരോഗ്യ വകുപ്പ് പരിപാടികൾ തയ്യാറാക്കുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, റേഡിയേഷൻ വിഷയത്തിൽ കാര്യക്ഷമമായ രീതിയിലുള്ള പരിരക്ഷ നൽകാനോ പ്രവർത്തനങ്ങൾ നടത്താനോ ഒന്നും ഈ മേഖലയിൽ കഴിയുന്നില്ല. ഗവൺമെന്റ് ആശുപത്രികളോ പ്രൈവറ്റ് ആശുപത്രികളോ അല്ലാതെതന്നെ എക്സ്-റേ എടുക്കുന്ന ധാരാളം ലബോറട്ടറികളും കൊച്ചു കൊച്ചു സ്ഥാപനങ്ങളും കേരളത്തിൽ അങ്ങോളമിങ്ങോളമുണ്ട്. റേഡിയേഷൻ തടയാൻ വേണ്ടിയുള്ള കാര്യങ്ങൾക്ക് ആരാണ് ലൈസൻസ് നൽകുന്നത്; ഇതിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ബഹുമാനപ്പെട്ട മന്ത്രി തന്നെ ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി പറഞ്ഞത് വളരെ ഭയാനകമായ സ്ഥിതിവിശേഷമുണ്ടെന്നും ഈ വിഷയം ആരും കാര്യമായി ശ്രദ്ധിക്കുന്നില്ലെന്നും റേഡിയേഷൻ ധാരാളമായി സംഭവിക്കാനും രോഗം വരാനുള്ള സാധ്യതകളുണ്ടെന്നുമാണ്. ഈ സാഹചര്യങ്ങളെല്ലാം സമഗ്രമായി വിലയിരുത്തി പെട്ടെന്നുതന്നെ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, എക്സ്-റേ റേഡിയേഷൻ അധികമായി നമ്മുടെ ശരീരത്തിൽ വീണാൽ അപകടമാണ് എന്നാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. അത്തരത്തിലുള്ള അവസ്ഥ നിലനിൽക്കുമ്പോൾ വളരെ കൃത്യമായ സെഫ്റ്റി മെഷേഴ്സ് എടുത്തുകൊണ്ടുമാത്രമേ അതിന് അംഗീകാരം നൽകാൻ കഴിയുകയുള്ളൂ. പക്ഷേ ഇപ്പോഴത്തെ സാഹചര്യത്തിൽ നേരിട്ട് eLORA (e- Licensing of Radiation Applications) വഴി കേന്ദ്ര സർക്കാർ അംഗീകാരം കൊടുക്കുന്ന അവസ്ഥയുണ്ട്. Pre-installation, Pre-commissioning Test-കൾ നടത്തേണ്ടതുണ്ട്. പല അപകടങ്ങൾക്കും സാധ്യതയുള്ളതുകൊണ്ട് അതെല്ലാം ഒഴിവാക്കി കൃത്യമായ സുരക്ഷ ലഭിക്കത്തക്ക നിലയിൽ അതിന്റെ പരിശോധന നടത്തണം. അത് നടത്താമെങ്കിൽ റേഡിയേഷൻ സുരക്ഷാ കാര്യാലയത്തിന് ഇതിനുള്ള അവകാശവും അധികാരവും ഉണ്ടാകണം. ആ അധികാരം ഉണ്ടാകത്തക്ക രീതിയിൽ എം.ഒ.യു. വേണം എന്നുള്ളതാണ് ആരോഗ്യ വകുപ്പിന്റെ നിലപാട്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽത്തന്നെ ഇതൊരു ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാക്കും എന്നുപറഞ്ഞു. ധാരണാപത്രം ഒപ്പുവയ്ക്കാൻ വൈകിയതാണ് നമ്മുടെ അംഗീകാരം നഷ്ടപ്പെട്ടതിന്റെ പ്രധാന കാരണം. അറ്റോമിക് എനർജി വകുപ്പ് ധാരണാപത്രം ഒപ്പുവയ്ക്കാൻ കേരളത്തിന് അനുയോജ്യമല്ലാത്ത, സ്വീകരിക്കാൻ കഴിയാത്ത എന്തെങ്കിലും വ്യവസ്ഥകൾ വച്ചിട്ടുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ആരോഗ്യ വകുപ്പ് ഇക്കാര്യത്തിൽ ഒരലംഭാവവും കാണിച്ചിട്ടില്ല. റേഡിയേഷൻ സുരക്ഷാ കാര്യങ്ങൾക്കായി ഇഫക്ടീവായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമേ നമ്മുടെ രാജ്യത്തുള്ളൂ, അതു കേരളത്തിലാണ്. കേരളത്തിലേതുപോലെയുള്ള റേഡിയേഷൻ സുരക്ഷാ കാര്യങ്ങൾ മറ്റു സംസ്ഥാനങ്ങളിലും വേണമെന്ന് മറ്റു സംസ്ഥാനങ്ങളും വാദിച്ചുകൊണ്ടിരിക്കുകയാണ്. അത്രയും സുരക്ഷിതമായിട്ടാണ് കേരളത്തിൽ ഇത് പോയിക്കൊണ്ടിരിക്കുന്നത്. അങ്ങനെ പോകുമ്പോൾ ഇതിന് അംഗീകാരം നിഷേധിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ നിൽക്കുന്നത്. എം.ഒ.യു. സംസ്ഥാന സർക്കാർ ഒപ്പിടാതിരുന്നതല്ല, ഇതിന് ഒരു എം.ഒ.യു. വയ്ക്കാതെ പ്രവർത്തിക്കാൻ പാടില്ലായെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയാണ്. അത് ആരോഗ്യ വകുപ്പിന്റെ കുഴപ്പമല്ല. എം.ഒ.യു. വയ്ക്കുകയാണെങ്കിൽ ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ Pre-installation, Pre-commissioning അടക്കമുള്ള സർവ്വ മേഖലകളും പരിശോധിക്കാൻ സംസ്ഥാനത്തെ സുരക്ഷാ കാര്യാലയത്തിന് അധികാരം വേണം. ആരോഗ്യ വകുപ്പ് എം.ഒ.യു. ഒപ്പിടാതെ ഈ പ്രശ്നം ഉണ്ടായതല്ല. കേന്ദ്ര സർക്കാർ പറയുന്നത് ഈ പറയുന്ന പ്രാദേശിക സംവിധാനം വേണ്ട eLORA വഴി നേരിട്ട് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം കൊടുത്തുകൊള്ളാം എന്നാണ്. അത് പറ്റില്ല, സംസ്ഥാനത്തിന് പരിശോധിക്കാൻ അവകാശമുണ്ടാകണം എന്ന നിലപാടാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ചിരിക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പകരക്കാരനായാണ് മറുപടി പറയുന്നതെങ്കിൽപ്പോലും ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്യാൻ മന്ത്രിക്ക് കഴിയും എന്നാണ് മറുപടിയിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ളത്. വളരെ വിശദമായ മറുപടിയാണ് മന്ത്രി പറഞ്ഞിട്ടുള്ളത്. എന്റെ ചോദ്യത്തിലേയ്ക്ക് വരാം. റേഡിയേഷൻ സുരക്ഷാ വിഭാഗത്തിന്റെ പരിശോധനയിൽ സംസ്ഥാനത്ത് നിലവിൽ 400-ഓളം ഗുണനിലവാരമില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തതായാണ് അറിയുന്നത്. ഈ സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇപ്പോൾ ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; അതോടൊപ്പം വ്യാവസായിക കാർഷിക

ഗവേഷണ രംഗത്ത് ഉപയോഗിക്കുന്ന റേഡിയേഷൻ ഉപകരണങ്ങളുടെ സുരക്ഷ നിയന്ത്രിക്കാനും മൊബൈൽ ഫോൺ റേഡിയേഷൻ സംബന്ധിച്ച സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുവാനും റേഡിയേഷൻ സുരക്ഷാ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രത്യേക പദ്ധതികളെന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, റേഡിയേഷൻ എന്ന വാക്ക് ഒരു ബ്രോഡ് സ്പെക്ട്രമാണ്. ഇവിടെ എക്സ്-റേ എന്നുപറയുന്ന റേഡിയേഷന്റെ കാര്യമാണ് ഉദ്ദേശിച്ചത്. പല തരത്തിലുള്ള റേഡിയേഷൻസുണ്ട്. ആൽഫാ, ബീറ്റാ, ഗാമാ റേഡിയേഷൻസ്, പ്രോട്ടോൺ റേഡിയേഷൻസ് തുടങ്ങിയ പലതുമുണ്ട്. അതിനെക്കുറിച്ച് പറയാനല്ല ഞാൻ ശ്രമിക്കുന്നത്. ഏതു റേഡിയേഷനായാലും അത് ശരീരത്തിൽ ഒരു പരിധി വരെയേ താങ്ങാവൂ. ഭാഭാ ആറ്റോമിക് റിസർച്ച് സെന്ററിലൊക്കെ 17 മണിക്കൂർ കഴിയുമ്പോൾ Geiger-Muller Counter-ൽ കയറുകയും എത്ര ശബ്ദം കേൾക്കുന്നുണ്ടെന്ന് നോക്കി അത് കൂടുതലാണെങ്കിൽ പണിയെടുക്കാൻ പാടില്ലെന്ന് പറയുകയും ചെയ്യും. സേഫ്റ്റി മെഷേഴ്സ് എടുക്കണം. അതുകൊണ്ട് അവയൊന്നും ഉപയോഗിക്കരുതെന്നല്ല. സേഫ്റ്റി മെഷേഴ്സ് എടുക്കാതെ ഏതെങ്കിലും സ്ഥാപനം കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിനെതിരെ നടപടിയെടുക്കാൻ തന്നെയാണ് ആരോഗ്യ വകുപ്പ് ശ്രമിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വ്യാവസായിക മലിനീകരണ നിയന്ത്രണം

5 (*575) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക മലിനീകരണം നടത്തുന്ന വ്യവസായങ്ങൾ, മേഖലകൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വ്യവസായ മേഖലകളിൽപ്പെട്ട ഏതൊക്കെ വ്യവസായങ്ങളാണ് വൻതോതിൽ മലിനീകരണത്തിന് കാരണമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ പൂർണമായും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ നൽകിയിട്ടുള്ള നിർദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിർദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) ലോക പരിസ്ഥിതി സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കേരളത്തിൽ വ്യവസായം നടത്താൻ ഏതൊക്കെ രീതിയിലുള്ള മലിനീകരണ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ;

(ഡി) ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനികരമായേക്കാവുന്ന മാലിന്യങ്ങൾ പൂർണമായും ഇല്ലാതാക്കുന്ന സാങ്കേതിക വിദ്യ നടപ്പാക്കാൻ കേന്ദ്ര സർക്കാർ എന്തൊക്കെ സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിനായി എന്തെങ്കിലും അന്താരാഷ്ട്ര സഹായം ലഭ്യമാണോ; എങ്കിൽ ആയത് ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സംസ്ഥാനത്ത് വ്യാവസായിക മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങളിൽ/മേഖലകളിൽ നടത്തിയിട്ടുള്ള പഠനങ്ങളെ സംബന്ധിക്കുന്ന വിവരം അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്*.

(ബി) എറണാകുളം ജില്ലയിൽ പെരുമ്പാവൂർ മേഖലയിൽ പ്രവർത്തിക്കുന്ന പ്ലൈവുഡ് വ്യവസായങ്ങളിൽ നിന്നുള്ള മലിനീകരണം നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വായു മലിനീകരണ നിയന്ത്രണത്തിനായി dust collector, water scrubber, 30 മീറ്റർ ഉയരത്തിൽ ചിമ്മിണി ഇവ ഏർപ്പെടുത്തുകയും ജല മലിനീകരണ നിയന്ത്രണത്തിനായി പശകലർന്ന വെള്ളം യഥാവിധി ടാങ്കുകളിൽ ശേഖരിച്ച് പുനരുപയോഗിക്കുകയും ബാക്കി ദ്രവരൂപത്തിലുള്ള മാലിന്യം ബോയിലറിൽ ചാരവുമായി കൂട്ടികലർത്തി ഖരരൂപത്തിലാക്കി അപകടകരമായ പാഴ്വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്ന അമ്പലമുകളിലുള്ള കേരള എൻവീറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KEIL)-നെ ഏൽപ്പിച്ച് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്തുവരുന്നു. പെരുമ്പാവൂർ മേഖലയിൽ കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നതിനാൽ കൂടുതൽ കാര്യക്ഷമമായ നിരീക്ഷണത്തിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ നിലവാരത്തിലുള്ള ഒരു ഓഫീസ് പ്രവർത്തിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ സ്റ്റീൽ യൂണിറ്റുകളിൽ നിന്നുള്ള മലിനീകരണം കുറയ്ക്കുന്നതിനായി Hood, ID fan motor Bag filter, Gas cooler with multifan, Stage Ventury Scrubber എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും ഈ സംവിധാനങ്ങളെല്ലാം തന്നെ പര്യാപതമാണെന്ന് ഉറപ്പുവരുത്തുന്നു. ഇത്തരം നിയന്ത്രണ സംവിധാനങ്ങളിലൂടെ കടന്ന് ചിമ്മിണിയിൽ നിന്നും പുറന്തള്ളുന്ന വായുവിന്റെ ഗുണനിലവാരം തത്സമയം രേഖപ്പെടുത്തുന്നതിനായി ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ബോർഡ് നൽകിയ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി കഞ്ചിക്കോട് മേഖലയിൽ 24 മണിക്കൂറും നിരീക്ഷിക്കുന്നതിനായി ജല-വായു ഗുണനിലവാരം പരിശോധന ഉപകരണങ്ങളോടുകൂടിയ സർവൈലൻസ് വാൻ പ്രവർത്തിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന മിനി പ്ലൈവുഡ് സ്ഥാപനങ്ങളിൽ നിന്ന് വലിയ തോതിലുള്ള മലിനീകരണ സാധ്യതയില്ലെങ്കിൽക്കൂടി പൊതുവായി ഇവയുടെ പ്രവർത്തനം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ഉദ്യോഗസ്ഥൻ ഉൾപ്പെട്ട കമ്മിറ്റി നിരീക്ഷിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

താരതമ്യേന മലിനീകരണ സാധ്യത കൂടുതലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണം കാര്യക്ഷമമാണെന്ന് തത്സമയം ഉറപ്പാക്കുന്നതിനായി ഈ വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള ശുദ്ധീകരിച്ച പാഴ്‌വായു/ പാഴ്ജലം എന്നിവയുടെ ഗുണനിലവാരം തത്സമയം നിരീക്ഷിക്കുന്നതിനായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിച്ച ബോർഡിന്റെ കാര്യാലയത്തിൽ നിന്നും നേരിട്ട് അറിയുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 25 വ്യവസായ സ്ഥാപനങ്ങൾ ഇപ്രകാരം തത്സമയ ഗുണനിലവാരം നൽകുന്നതിലേയ്ക്കായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർവ്വേറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി വ്യവസായ സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ള വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതിയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിരന്തരം പരിശോധിച്ചുവരുന്നു.

(സി) കേന്ദ്ര സർക്കാരിന്റെ വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറത്തിറക്കുന്ന പാരിസ്ഥിതിക നിയമങ്ങൾ/അനുബന്ധചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന ശുദ്ധീകരിച്ച പാഴ്ജലത്തിന്റെയും പാഴ്‌വായു ബഹിർഗമനത്തിന്റെയും ഗുണനിലവാരം എന്നിവ നിശ്ചയിക്കുന്നത്.

വ്യത്യസ്ത വിഭാഗം വ്യവസായങ്ങൾക്കും നിശ്ചിതമായി പാലിക്കേണ്ട പാഴ്ജല/വായു ബഹിർഗമന ഗുണനിലവാരം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്നുണ്ട്. കേരളത്തിൽ വ്യവസായ ശാലകൾ പ്രവർത്തിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ജല നിയമം 1974, വായു നിയമം 1981, പരിസ്ഥിതി (സംരക്ഷണ) നിയമം 1986 എന്നിവയും അനുബന്ധ ചട്ടങ്ങളും പ്രകാരമുള്ളതും തനതു വ്യവസായത്തിന് ബാധകമായിട്ടുള്ള വ്യവസ്ഥകളും പാലിക്കണം.

വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വ്യവസായത്തിന് ബാധകമായിട്ടുള്ള വ്യവസ്ഥകൾ പാലിക്കണം.

വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സ്ഥാപനാനുമതി ജല, വായു നിയമങ്ങൾ/ അനുബന്ധ ചട്ടങ്ങൾ പരിസ്ഥിതി സംരക്ഷണ നിയമം/അനുബന്ധ ചട്ടങ്ങൾ പ്രകാരം കരസ്ഥമാക്കേണ്ടതുണ്ട്. കൂടാതെ, വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുമുന്നോടിയായി പ്രവർത്തനാനുമതി കരസ്ഥമാക്കേണ്ടതാണ്. സ്ഥാപനാനുമതിയിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾക്കാണ് ബോർഡിൽ നിന്നും പ്രവർത്തനാനുമതി നൽകുന്നത്.

(ഡി & ഇ) കേരളത്തിന്റെ വ്യവസായ കേന്ദ്രമായ ഏലൂർ എടയാർ പ്രദേശത്തെ കുഴിക്കണ്ടം തോട് മാലിന്യമുക്തമാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഒരു പദ്ധതി നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. നാഷണൽ ക്ലീൻ എനർജി ഫണ്ടിൽ നിന്നുമാണ് തുക വകയിരുത്തുന്നത്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടക്കുന്ന പദ്ധതികളിൽ ഒന്നാണ് ഈ പദ്ധതി.

നഗരസഭകൾ, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ച് ഭാരത് മിഷൻ (നഗരം) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതി സഹായം ലഭിക്കുന്നുണ്ട്.

## വിഴിഞ്ഞം തുറമുഖ കരാർ സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം

6 (*576) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. കെ. മുരളീധരൻ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കമ്മീഷൻ അതിന്റെ പരിഗണനാ വിഷയങ്ങളിൽ വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ വിഷയങ്ങളിലാണ് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ വ്യക്തത ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം പരിഗണനാവിഷയങ്ങളിൽ വ്യക്തത വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സി & എ.ജി. റിപ്പോർട്ടിന്റെ സാധുത പരിശോധിക്കുവാൻ കമ്മീഷന് അധികാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ&ബി) വിഴിഞ്ഞം കരാറിലെ ക്രമക്കേടുകൾ അന്വേഷിക്കുന്ന ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ തെളിവെടുപ്പ് വേളയിൽ വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട ചില വിഷയങ്ങളിൽ സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. സി & എ.ജി. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദാനി വിഴിഞ്ഞം പോർട്ട് ലിമിറ്റഡുമായി ഏർപ്പെട്ടിട്ടുള്ള നിർമ്മാണ കരാറിൽ നിന്ന് സർക്കാർ പിന്മാറാൻ ഉദ്ദേശിക്കുന്നുണ്ടോ; സി & എ.ജി.യുടെ കണ്ടെത്തലുകളുടെ കൃത്യത പരിശോധിക്കാൻ കമ്മീഷന് അധികാരമുണ്ടോ; സി&എ.ജി.-യുടെ റിപ്പോർട്ടിന്റെ കൃത്യത സംബന്ധിച്ച് കമ്മീഷൻ പരിശോധന നടത്തേണ്ടതുണ്ടോ; വിഴിഞ്ഞം തുറമുഖ നിർമ്മാണ കമ്പനിക്ക് തുറമുഖ നിർമ്മാണത്തിലുള്ള പങ്ക് എന്താണ്, AECOM തയ്യാറാക്കിയ പ്രോജക്ട് അനുസരിച്ച് മൊത്തം നിർമ്മാണ തുക എത്രയായിരുന്നു, പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ നടപടികൾ ആരംഭിച്ചതിന് ശേഷം വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്; കൺസഷൻ കരാർ വ്യവസ്ഥകൾ നിയമസഭയിൽ ചർച്ച ചെയ്തിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിലാണ് വിഴിഞ്ഞം കമ്മീഷൻ സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ളത്.

(സി&ഡി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## വനിതാശാക്തീകരണ പരിപാടികൾ

7 (*577) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഡി. കെ. മുരളി :

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വനിതാശാക്തീകരണ പരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വനിതാ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ലിംഗ സമത്വം നേടുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളും ഇതിനായി നിർഭയ നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങളും അവ നേടാനായി നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതിയും വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വനിതാ ശാക്തീകരണ പരിപാടികൾ ചുവടെ ചേർക്കുന്നു:

- സ്വയം തൊഴിൽ വായ്പാ പദ്ധതികൾ
- വിദ്യാഭ്യാസ വായ്പാ പദ്ധതികൾ
- വിധവകൾക്കുള്ള സംരംഭകത്വ വികസന പരിപാടികൾ
- പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമെൻ (റിച്ച്)
- ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സ്
- വിമൻ കോളേജുകളിൽ വിമെൻ സെൽ
- ഐ.സി.സി. ബോധവത്കരണം
- പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി
- വിമൻസ് ഹോസ്റ്റലുകൾ (വനിതാ മിത്ര കേന്ദ്രം)
- തൊഴിലധിഷ്ഠിത പരിശീലന പദ്ധതി
- സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ, നാപ്കിൻ ഡിസ്ട്രോയൽ വിതരണം
- ഷീ ടോയ്‌ലറ്റ്

- ഷീ ടാക്സി പദ്ധതി
- മിത്ര 181 വനിതാ ഹെൽപ്പ് ലൈൻ പദ്ധതി (ടോൾഫ്രീ)
- ആദിവാസി വനിതാ ക്ഷേമം മുൻനിർത്തി 'വനമിത്ര' പദ്ധതി
- 50 വയസ്സ് കഴിഞ്ഞ അനാഥരായ വിധവകളെ സംരക്ഷിക്കുന്നതിന് അഭയകിരണം പദ്ധതി
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള കർമ്മസേന പദ്ധതിയായ കൈത്താങ്ങ് പദ്ധതി
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങളെ കുറിച്ചുള്ള ബോധവത്കരണ പരിപാടിയായ ശ്രദ്ധ പദ്ധതി.

(ബി) വനിതാ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- സ്വയം തൊഴിൽ വായ്പാ പദ്ധതികൾ
- വിദ്യാഭ്യാസ വായ്പാ പദ്ധതികൾ
- വിധവകൾക്കുള്ള സംരംഭകത്വ വികസന പരിപാടികൾ
- പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ (റിച്ച്)
- ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സ്
- വിമൻ കോളേജുകളിൽ വിമെൻ സെൽ
- ഐ.സി.സി. ബോധവത്കരണം
- പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി
- വിമൻസ് ഹോസ്റ്റലുകൾ (വനിതാ മിത്ര കേന്ദ്രം)
- തൊഴിലധിഷ്ഠിത പരിശീലന പദ്ധതി
- സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ, നാപ്കിൻ ഡിസ്പോസൽ വിതരണം
- ഷീ ടോയ്‌ലെറ്റ്
- ഷീ ടാക്സി പദ്ധതി

(സി) അങ്കണവാടി തലം മുതൽ കോളേജ് തലംവരെയുള്ള കുട്ടികൾക്കും സർക്കാർ ഉദ്യോഗസ്ഥർക്കും വിവിധ ക്ലബ്ബുകൾക്കും സന്നദ്ധ സംഘടനകൾക്കും വിദ്യാഭ്യാസ സാമൂഹ്യ സമ്പർക്ക പ്രതിരോധ പരിപാടികളിലൂടെ അതിക്രമരഹിത സമൂഹത്തെ വാർത്തെടുക്കുന്നതിനായി പ്രിവെൻഷൻ ക്യാമ്പെയിൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന വിവിധ സ്കീമുകളുടെ ലക്ഷ്യങ്ങളെയും പ്രവർത്തനങ്ങളെയും സേവനങ്ങളെയും കുറിച്ചുള്ള അവബോധം പൊതുജനങ്ങളുടെ ഇടയിൽ മീഡിയ ക്യാമ്പെയിൻ മുഖേന എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നെല്ല് സംഭരണ ഏജൻസികൾ

8 (*578) ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ പദ്ധതികളും ഏജൻസികളും മുഖേനയാണ് നെല്ല് സംഭരണം നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നെല്ലിന്റെ എത്രശതമാനമാണ് കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത സംഭരണ പദ്ധതിവഴി സംഭരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) സഹകരണ സംഘങ്ങളെ നെല്ല് സംഭരണ പദ്ധതിയുടെ നോഡൽ ഏജൻസിയായി നിയമിക്കുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം സപ്ലൈകോയാണ് നെല്ല് സംഭരിക്കുന്നത്.

(ബി) വികേന്ദ്രീകൃത ധാന്യസംഭരണ സംസ്കരണ വിതരണ പദ്ധതിയിലേയ്ക്ക് നെല്ല് നൽകുവാൻ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരിൽ നിന്നുമാണ് നെല്ല് സംഭരിക്കുന്നത്. കഴിഞ്ഞ അഞ്ച് സീസണുകളിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ ശരാശരി 5 ലക്ഷം മെട്രിക് ടൺ നെല്ല് ഓരോ വർഷത്തിലും പ്രസ്തുത പദ്ധതി പ്രകാരം സംഭരിച്ചിട്ടുണ്ട്.

(സി&ഡി) നെല്ല് സംഭരണ പ്രക്രിയയിൽ സംഭരിച്ച നെല്ലിന്റെ വില പി.ആർ.എസ്. വായ്പവഴി കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതിയിൽ ബാങ്കുകളുടെ അതേ പരിഗണന നൽകി 14-3-2018-ലെ സ.ഉ.(സാധാ) നമ്പർ 126/2018/ ഭ.സി.സ.വ. ഉത്തരവുപ്രകാരം പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളെ നോഡൽ ഏജൻസിയായി നിയമിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല.

**ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ**

9 (*579) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;എങ്കിൽ വിശദീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഉണ്ട്.

(ബി)

1. സാമൂഹ്യനീതി വകുപ്പിൽനിന്നും ഭിന്നശേഷിയുള്ള കുട്ടികൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ മുഖാന്തരം സഹായ ഉപകരണവിതരണ പദ്ധതി നടപ്പിലാക്കിവരുന്നു.

2. ഭിന്നശേഷിയുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി NIMHANS ബാംഗ്ലൂരുമായി ചേർന്ന് പദ്ധതി നടപ്പിലാക്കിവരുന്നു.

3. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള വിവിധ പ്രോജക്ടുകൾ വിവിധ എൻ.ജി.ഒ.കൾ വഴി നടപ്പിലാക്കിവരുന്നു.

4. അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് ഒറ്റത്തവണ ചികിത്സാ ധനസഹായമായി പരമാവധി 5000 രൂപ വരെ അനുവദിച്ചുവരുന്നു.

5. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒന്നാം ക്ലാസ്സ് മുതൽ പി.ജി. (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെ) വിവിധ ക്ലാസ്സുകൾക്ക് 300 രൂപ മുതൽ 1000 രൂപ വരെ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.

6. ഭിന്നശേഷിക്കാരായ ഒൻപതാം ക്ലാസ്സ് മുതൽ പി.ജി. വരെ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റഡി മെറ്റീരിയൽസിന് വിവിധ ക്ലാസ്സുകൾക്കായി 500 രൂപ മുതൽ 3000 രൂപ വരെയും യൂണിഫോമിനായി 9 മുതൽ പി.ജി. വരെയുള്ള വിവിധ ക്ലാസ്സുകൾക്കായി 1500 രൂപ മുതൽ 2000 രൂപ വരെയും ധനസഹായം അനുവദിച്ചുവരുന്നു.

വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. ഗുരുതര ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നം. 346/2012/എസ്ഡബ്ല്യൂയുഡി തീയതി 30-7-2012 പ്രകാരം 12 വയസ്സ് വരെ പ്രായമുള്ള ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ ഒരു നിശ്ചിത തുക (ആൺകുട്ടിക്കും പെൺകുട്ടിക്കും 20,000 രൂപ) നിക്ഷേപിക്കുന്നു.

2. ഭിന്നശേഷിയുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമകൈകാലുകൾ, വാക്കർ, ക്രച്ചസ്, ശ്രവണസഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.

3. ഭിന്നശേഷിയുള്ളവർക്കുവേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്കുവിധേയമായി.

4. കോർപ്പറേഷൻ വഴി എസ്.എസ്.എൽ.സി./പ്ലസ് ടു തലത്തിൽ എല്ലാ വിഷയങ്ങൾക്കും 60 ശതമാനം മാർക്കോടെ (B grade and above) വിജയിച്ച ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് 2,500 രൂപ ക്യാഷ് അവാർഡ് നൽകിവരുന്നു.

5. 14 വയസ്സിന് മുകളിൽ പ്രായമുള്ള മാനസിക വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കളുടെ പേരിൽ, സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള വായ്പകൾ അനുവദിച്ചുവരുന്നു.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന അനുയാത്ര എന്ന പേരിലുള്ള പദ്ധതി നടപ്പാക്കിവരുന്നു. അനുയാത്രയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും
2. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
4. കാതോരം
5. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
6. പ്രോജക്ട് ഓട്ടിസം
7. റീജിയണൽ ഓട്ടിസം മാനേജ്മെന്റ് ആന്റ് റിസർച്ച് സെന്റർ
8. സ്പെഷ്യൽ അങ്കണവാടികൾ
9. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
10. കറക്ഷൻ സർജറികൾ
11. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ
12. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും
13. വ്യക്തിഗത പരിപാലന പ്ലാൻ
14. പരിക്കുകൾ മൂലം ഉണ്ടാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ
15. പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്
16. ഹെൽപ്പ് ഡെസ്ക്
17. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം

18. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പദ്ധതിയിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

1. പ്രതിരോധ പ്രവർത്തനങ്ങളും വൈകല്യങ്ങൾ നേരത്തെ കണ്ടെത്തലും
2. പ്രാരംഭ ഇടപെടലുകൾ
3. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
4. നൈപുണ്യ വികസനവും, തൊഴിൽപരമായ പുനരധിവാസവും
5. സാങ്കേതിക സഹായ സംവിധാനങ്ങൾ ലഭ്യമാക്കൽ
6. സാമൂഹ്യാധിഷ്ഠിത പുനരധിവാസം
7. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള പരിശീലനങ്ങൾ

**പി.എ.പി. കരാർ വ്യവസ്ഥകളുടെ ലംഘനം**

10 (*580) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പി.എ.പി. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ആളിയാർ നദിയുടെ പോഷക നദികളായ പാലാർ, നല്ലാർ എന്നിവയിൽ തമിഴ്നാട് നിർമ്മിച്ചതും തുടർന്ന് നടത്തിക്കൊണ്ടുവരുന്നതുമായ ചെക്ക് ഡാമുകൾ, കനാലുകൾ, അണകൾ എന്നിവ പാലാർ, നല്ലാർ നദികളുടെ ഗതി തിരിച്ചുവിടുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവർത്തനങ്ങൾ ഭാരതപ്പുഴയിലേക്കുള്ള സ്വാഭാവിക നീരൊഴുക്ക് പൂർണ്ണമായും ഇല്ലാതാക്കുമെന്നതും ഭാരതപ്പുഴയുടെ വൃഷ്ടിപ്രദേശങ്ങളിൽ വരൾച്ചയ്ക്ക് കാരണമാകുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമർപ്പിച്ച തീയതി അറിയിക്കാമോ; റിപ്പോർട്ടിന്റെയും റിപ്പോർട്ടിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് തമിഴ്നാട് പൂർത്തീകരിച്ചതെന്നും ഏകദേശം എത്ര രൂപ ഇതിനായി ചെലവാക്കിയെന്നും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഇ) ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ കരാറിന്റെ ലംഘനമാണെന്ന് തമിഴ്നാടിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാണോ എന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. 5-1-2016, 8-3-2016, 14-3-2016, 20-3-2018 എന്നീ തീയതികൾ പ്രകാരം തമിഴ്നാട് തിരുമൂർത്തി ഡാമിനുതാഴെ വളയപാളയം വില്ലേജിനടുത്തും, അർദ്ധനാരീപാളയം വില്ലേജ്, ആണ്ടിയൂർ, മയിലാടുംപാറ എന്നീ സ്ഥലങ്ങളിലും നല്ലാർ, പാലാർ നദികളിൽ തടയണ നിർമ്മാണം നടത്തുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ പി.എ.പി.സിസ്റ്റത്തിലെ ധാരാപുരം താലൂക്കിലെ ഉപ്പാർ ഡാമിന്റെ കനാലുമായി ബന്ധിപ്പിക്കുന്ന ഒരു ലിങ്ക് കനാൽ തമിഴ്നാട് ഏറ്റെടുത്ത് പൂർത്തീകരിച്ചതായും 22-7-2017 പ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

ഈ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്നും നിർമ്മാണത്തിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നുമാവശ്യപ്പെട്ട് തമിഴ്നാടിന് കത്ത് നൽകിയിട്ടുണ്ട്. മയിലാടുംപാറയ്ക്കു സമീപം തമിഴ്നാട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. മുൻകാലങ്ങളിൽ തമിഴ്നാട് നടത്തിയിട്ടുള്ള ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ ശ്രദ്ധയിലും കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കുന്നതിനോ പ്രസ്തുത പ്രവൃത്തികളുടെ വിശദവിവരങ്ങൾ നൽകുവാനോ തമിഴ്നാട് തയ്യാറായിട്ടില്ല. അതിനാൽ ഇതിനെതിരെ നിയമനടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) തിരുമൂർത്തി ഡാമിന് താഴെയായി വളയപാളയം വില്ലേജിനടുത്ത് പാലാർനദിയിൽ ഒരു തടയണയും പാലാർ, നല്ലാർ നദികളുടെ സംഗമസ്ഥാനത്തിന് മുകളിലായി ആണ്ടിയൂരിനടുത്ത് നല്ലാർ നദിയിൽ ഒരു തടയണയുമാണ് തമിഴ്നാട് നിർമ്മിച്ചിരിക്കുന്നത്. ഇതിനുപുറമെ പി.എ.പി. സിസ്റ്റത്തിലെ ധാരാപുരം താലൂക്കിലെ ഉപ്പാർ ഡാമിന്റെ കനാലുമായി ബന്ധിപ്പിക്കുന്ന ഒരു ലിങ്ക് കനാൽ തമിഴ്നാട് പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിയുടെ വിശദവിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ആയത് തമിഴ്നാട് ലഭ്യമാക്കിയിട്ടില്ല.

(ഇ) ഉണ്ട്. ഫയലിൽ ലഭ്യമായ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസ് തുക

11 (*581) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ നടപ്പിലാക്കിയ ശ്രുതിതരംഗം പദ്ധതിയുടെ ഭാഗമായി കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയ കുട്ടികളുടെ മെയിന്റനൻസ് തുക മുടങ്ങിയത് കാരണം അവർ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസ് തുക സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012-ൽ ശ്രുതിതരംഗം പദ്ധതി ആരംഭിച്ചപ്പോൾ കുട്ടികളുടെ രക്ഷകർത്താക്കളുമായി ഉണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം, സ്പീച്ച് പ്രോസസറിന്റെ പരമാവധി വാറണ്ടിയായ 4 വർഷത്തിന് ശേഷമുള്ള എന്ത് മെയിന്റനൻസ് ചെലവുകളും രക്ഷകർത്താക്കൾ സ്വന്തം ചെലവിൽ വഹിക്കണമെന്നാണ് ധാരണയുണ്ടാക്കിയിരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാറണ്ടി പിരീഡ് കഴിഞ്ഞ ഉപകരണങ്ങൾമൂലമുള്ള കുട്ടികളുടെ പ്രശ്നങ്ങൾ ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത ഉപകരണങ്ങൾക്ക് എക്സ്റ്റൻഡഡ് വാറണ്ടി നൽകുകയുണ്ടായി. അതനുസരിച്ച് അതാത് കമ്പനികൾക്ക് എക്സ്റ്റൻഡഡ് വാറണ്ടി നൽകുന്നതിനായി തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

നിലവിലെ ടെണ്ടർ നടപടികളിൽ സ്പീച്ച് പ്രോസസറിന് 5 വർഷം വരെ എക്സ്റ്റൻഡഡ് വാറണ്ടി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ കുട്ടികൾക്ക് ആകെ 9 വർഷത്തോളം വാറണ്ടി ലഭിക്കുന്നതാണ്.

സംസ്ഥാനത്ത് 2000-ത്തോളം കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയതായി കണക്കാക്കപ്പെടുന്നുണ്ട്. ഇതിൽ 800-ലധികം കുട്ടികൾക്ക് ശ്രുതിതരംഗം പദ്ധതിയിലൂടെയാണ് ശസ്ത്രക്രിയ നടത്തിയത്.

ബാക്കിവരുന്ന 1200-ഓളം കുട്ടികൾ ശസ്ത്രക്രിയ നടത്തിയതിനുശേഷം നിലവിൽ ഉപയോഗിച്ചുവരുന്ന പ്രോസസറിന്റെ മെയിന്റനൻസും സർവ്വീസും നിർത്തലാക്കിയതിനാൽ ദുരിതമനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ കുട്ടികൾക്ക് സ്പീച്ച് പ്രോസസർ സൗജന്യമായി അപ്ഗ്രേഡ് ചെയ്തു നൽകുന്നതിനായി 'ധ്വനി' എന്ന പദ്ധതി ആവിഷ്കരിച്ച് സർക്കാർ ഉത്തരവാകുകയും ഇതിന്റെ ഗുണഭോക്താക്കളായ 55-ഓളം കുട്ടികൾക്ക് അപ്ഗ്രഡേഷൻ നടത്തി നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രുതിതരംഗം പദ്ധതിയിലൂടെയും അല്ലാതെയും കോക്ലിയർ ഇംപ്ലാന്റ് പൂർത്തീകരിച്ച നിരവധി കുട്ടികളുണ്ട്. ഇവർക്ക് സഹായമാകുന്നതിനായി പുതിയൊരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ആലോചിക്കുന്നുണ്ട്.

**അക്രെഡിറ്റേഷൻ ലഭിച്ച ആശുപത്രികൾ**

12 (*582) <u>ശ്രീ. ബി. ഡി. ദേവസ്സി:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധതലങ്ങളിലുള്ള സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം ഉറപ്പാക്കാനായുള്ള കേരള അക്രെഡിറ്റേഷൻ സ്റ്റാന്റേഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) പ്രകാരം അക്രെഡിറ്റേഷൻ ലഭിച്ച എത്ര ആശുപത്രികൾ ഉണ്ടെന്ന് അറിയിക്കാമോ ;

(ബി) ഓരോ തലത്തിലുള്ള ആശുപത്രിക്കും നിർണ്ണയിച്ചിരിക്കുന്ന ഭൗതിക നിലവാരം വിശദമാക്കുമോ ;

(സി) ആർദ്രം ദൗത്യം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ മികച്ച സേവന കേന്ദ്രങ്ങളാക്കിത്തീർക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; സർക്കാർ ആശുപത്രികളിലെ അടിയന്തര ചികിത്സാസംവിധാനം കാര്യക്ഷമമാക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): (എ) കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) പദവി ലഭിച്ച 26 സർക്കാർ ആശുപത്രികളാണ് സംസ്ഥാനത്തുള്ളത്.

(ബി) ആശുപത്രികളുടെ നിലവാരം നിർണ്ണയിക്കുന്നത് കേരളാ അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) ചെക്ക് ലിസ്റ്റ് പ്രകാരമാണ്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സംസ്ഥാനത്തെ ചികിത്സാ സംവിധാനങ്ങളെ എല്ലാ തലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനുമാണ് ആർദ്രം ദൗത്യം ലക്ഷ്യമിടുന്നത്.

ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്:

1. ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകളുടെ എണ്ണം രോഗികളുടെ എണ്ണത്തിന് ആനുപാതികമായി വർദ്ധിപ്പിക്കുക, ടോക്കൺ സംവിധാനം ഏർപ്പെടുത്തുക, ഡിസ്‌പ്ലേ ബോർഡുകൾ സ്ഥാപിക്കുക.
2. വിവിധ ഒ.പി. സെക്ഷനുകൾ, ലാബോറട്ടറികൾ, പരിശോധനാ സൗകര്യങ്ങൾ തുടങ്ങിയവ എളുപ്പം കണ്ടുപിടിക്കാനുള്ള സൈനേജുകൾ സ്ഥാപിക്കുക.
3. രോഗികൾക്ക് കാത്തിരിപ്പിന് ആവശ്യമായ സ്ഥലസൗകര്യങ്ങളും കസേരയും കുടിവെള്ളവും ഏർപ്പെടുത്തുക.
4. രോഗീ പരിചരണ സഹായികൾ ഉറപ്പാക്കുക.
5. ടോയ്‌ലെറ്റ് സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം മുതലായവ ഏർപ്പെടുത്തുക.
6. രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ, അടുത്ത പ്രാവശ്യം ഡോക്ടറെ കാണാനുള്ള ബുക്കിംഗും ഡോക്ടറെ കാണാൻ മുൻകൂട്ടിയുള്ള ബുക്കിംഗും ഏർപ്പെടുത്തുക.

സംസ്ഥാനത്തെ എട്ട് മെഡിക്കൽ കോളേജുകളുടെ കീഴിലുള്ള മുഴുവൻ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾ രോഗീസൗഹൃദമാക്കി മാറ്റുന്നതാണ്. ഏപ്രിൽ മാസം അവസാനത്തോടെ മിക്ക മെഡിക്കൽ കോളേജുകളിലും ഒന്നാംഘട്ടം നവീകരണ ജോലികൾ പൂർത്തിയാകുന്നതാണ്.

സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലെ അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ കുടുംബ ആരോഗ്യ കേന്ദ്രം എന്ന തലത്തിലേയ്ക്ക് കൊണ്ടുവരുന്നതിലൂടെ അനാവശ്യമായ റഫറലുകൾ ഒഴിവാക്കാനും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാധാരണ ചികിത്സാ സേവനങ്ങൾക്കുവേണ്ടി സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നതും തടയാനുമാകും. ജീവിതശൈലീ രോഗങ്ങളുടെ കണ്ടെത്തലിനും തുടർ ചികിത്സയ്ക്കുള്ള സംവിധാനങ്ങൾ (ലബോറട്ടറി സൗകര്യങ്ങൾ ഉൾപ്പെടെ) ഓരോ കേന്ദ്രത്തിലും സജ്ജമാക്കുവാനും ഉദ്ദേശിക്കുന്നു.

ഇതുവരെ 115 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. ശേഷിക്കുന്നവയിൽ പുതുതായി കെട്ടിടം ആവശ്യമുള്ള 7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളൊഴികെയുള്ളവയുടെ നവീകരണം മാർച്ച് മാസം അവസാനത്തോടെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. സംസ്ഥാനത്തെ 17 ജില്ലാ/ജനറൽ ആശുപത്രികളെ ആർദ്രം ദൗത്യത്തിന്റെ ഭാഗമായി ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

13 (*583) ശ്രീ. എ. എം. ആരിഫ്
ശ്രീമതി പി. അയിഷാ പോറ്റി
പ്രൊഫ. കെ. യു. അരുണൻ
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി നൽകേണ്ട മരുന്നുകൾ യഥാസമയം വാങ്ങി നൽകുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളെ നവീകരിക്കുന്നതിന്റെ ഫലമായി ഇവയെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ മരുന്നിന് ദൗർലഭ്യം നേരിടാതിരിക്കാൻ ശ്രദ്ധ പതിപ്പിക്കുമോ;

(സി) മുൻപ് വാങ്ങിയ മരുന്നുകളുടെ വില വിതരണക്കാർക്ക് കുടിശ്ശികയായത് അവശ്യമരുന്നുകളുടെ വിതരണത്തെ ബാധിക്കാതിരിക്കാനായി സ്വീകരിച്ച നടപടി അറിയിക്കാമോ;

(ഡി) ബ്രാൻഡഡ് മരുന്നുകളുടെ വിലവർദ്ധനവ് പ്രതിരോധിക്കാൻ കാരുണ്യ വഴിയുള്ള മരുന്നുവില്പന കൂടുതൽ വ്യാപിപ്പിക്കാൻ സാധിക്കുമോ;

(ഇ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സ്ഥാപിക്കുന്ന ഡയാലിസിസ് കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സംസ്ഥാനത്തെ ആരോഗ്യവകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ അവശ്യമരുന്ന പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളും അനുബന്ധ സാമഗ്രികളും പ്രസ്തുത

വകുപ്പുമേധാവികൾ മുൻകൂട്ടി നൽകുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത സുതാര്യ ഇ-ദർഘാസുകൾ മുഖേന സംഭരിച്ച് വിവിധ ജില്ലാ മരുന്നുസംഭരണശാലകളിലൂടെ അതത് സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ്. എല്ലാവർഷവും ഒക്ടോബർ മാസത്തിൽ തന്നെ അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകളുടെ ഇൻഡന്റ് ആരോഗ്യ വകുപ്പിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്വീകരിക്കുകയും നവംബർ മാസത്തോടെ ദർഘാസ് നടപടികൾ ആരംഭിക്കുകയും ഫെബ്രുവരി മാസത്തോടുകൂടി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് മരുന്നുകളുടെ വിതരണ ഓർഡറുകൾ നൽകുകയുമാണ് ചെയ്യുന്നത്. അതനുസരിച്ചുള്ള മരുന്നുകൾ ഏപ്രിൽ മാസം ആരംഭം മുതൽ തന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്നു സംഭരണശാലകളിൽ എത്തുകയും അവിടെനിന്നും സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ അളവിൽ വിതരണം നടത്തിവരികയുമാണ് ചെയ്യുന്നത്.

2017-18 സാമ്പത്തികവർഷം അർബുദരോഗ ചികിത്സയ്ക്കാവശ്യമായ 65 ഇനം മരുന്നുകൾ ഉൾപ്പെടെ അവശ്യമരുന്നുപട്ടികയിൽ ഉൾപ്പെട്ട 590 ഇനങ്ങളാണ് ദർഘാസ് നടപടികളിലൂടെ സംഭരിച്ച് സമയബന്ധിതമായി സർക്കാർ ആശുപത്രികൾക്ക് സൗജന്യമായി നൽകിവരുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ രോഗചികിത്സയ്ക്ക് ആവശ്യമായതും എന്നാൽ അവശ്യമരുന്നു പട്ടികയിൽ ഇല്ലാത്തതുമായ ചില മരുന്നുകൾ പുറത്തുനിന്നും വാങ്ങേണ്ട അവസ്ഥ ഉണ്ടാകുന്നതിനാൽ വിവിധ സ്പെഷ്യാലിറ്റികളിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സഹായത്തോടെ സ്പെഷ്യാലിറ്റി മരുന്നുകളുടെ പട്ടിക തയ്യാറാക്കുകയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നൽകിയ ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും സ്പെഷ്യാലിറ്റി മരുന്നുകൾ സൗജന്യ വിതരണത്തിനായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ആരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെയും സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിച്ചതിന്റെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വിപുലപ്പെടുത്തിയുള്ള ആർദ്രം പദ്ധതി നടപ്പാക്കിയതിന്റെയും ഫലമായി ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിഭാഗത്തിലുണ്ടാകാൻ സാധ്യതയുള്ള വർദ്ധനവ് മുന്നിൽ കണ്ടുകൊണ്ട് ദർഘാസ് വ്യവസ്ഥ പാലിച്ചുകൊണ്ടുതന്നെ ആവശ്യമായ മരുന്നുകൾ ദർഘാസ് അളവിന്റെ 25 ശതമാനത്തിലധികം സംഭരിച്ച് വിതരണം ചെയ്ത് സർക്കാർ ആശുപത്രികളിൽ

മരുന്നുകളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

(സി) മരുന്ന് വാങ്ങിയ ഇനത്തിൽ മരുന്നുവിതരണ കമ്പനികൾക്ക് നൽകേണ്ട തുക കുടിശ്ശികയായത് സർക്കാർ ആശുപത്രികളിലൂടെയുള്ള സൗജന്യ മരുന്നുവിതരണത്തെ ഒരു തരത്തിലും ബാധിച്ചിട്ടില്ല. മരുന്നുവിതരണം പൂർത്തിയാക്കുന്ന മരുന്നുവിതരണ കമ്പനികൾക്ക് നൽകാനുള്ള തുക ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നൽകിവരുന്നുണ്ട്.

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ 2012 ജനുവരി മാസത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനമാരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് മറ്റ് സ്വകാര്യ ഫാർമസികളുടെയും ഇടനിലക്കാരുടെയും ചൂഷണവും മരുന്നിന്റെ പൊതുവിപണിയിലെ വിലക്കയറ്റവും തടയുന്നതിന് പരാമവധി കഴിഞ്ഞിട്ടുണ്ട്. പൊതുവിപണിയിലെ മറ്റേതൊരു ഫാർമസിയിൽ ലഭിക്കുന്നതിനേക്കാളും വിപണി വിലയിൽ നിന്ന് 10% മുതൽ 93% വരെ വിലക്കുറവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്ന് മരുന്നുകൾ വിതരണം ചെയ്യുന്നു. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളെല്ലാംതന്നെ സർക്കാർ ആശുപത്രി കോമ്പൗണ്ടിനുള്ളിലാണ് പ്രവർത്തിച്ചുവരുന്നത്.

നിലവിൽ കേരളത്തിലെ 14 ജില്ലകളിലുമായി 60 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയ്ക്കുപുറമെ താമരശ്ശേരി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി (കോഴിക്കോട്), മണ്ണാർക്കാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി (പാലക്കാട്), വൈക്കം താലൂക്കാശുപത്രി (കോട്ടയം), മാവേലിക്കര ജില്ലാ ആശുപത്രി (ആലപ്പുഴ), നെടുങ്കോലം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി (കൊല്ലം), കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി (കോഴിക്കോട്), തൃശ്ശൂർ ജനറൽ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

സർക്കാർ ആശുപത്രികളിലെ ഒ.പി./ഐ.പി. അനുപാതം പരിഗണിച്ച് അനുയോജ്യമായ സ്ഥലമോ കെട്ടിടമോ ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കാവുന്നതാണ്.

(ഇ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 44 സർക്കാർ ആശുപത്രികളിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. നിലവിൽ ലഭ്യമായ സ്ഥലത്ത് കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി

മുഖാന്തിരം പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഡയാലിസിസ് കേന്ദ്രത്തിന്റെ തുടർന്നുള്ള പ്രവർത്തനം ബന്ധപ്പെട്ട ആശുപത്രികളുടെ ഉത്തരവാദിത്വമാണ്. സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി പന്ത്രണ്ട് ഡയാലിസിസ് ഉപകരണങ്ങൾ വരെ ഈ പദ്ധതിയിൽ ലഭ്യമാക്കുന്നുണ്ട്.

ഡയാലിസിസ് കേന്ദ്രങ്ങളുടെ നിലവിലെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു:

1. ഉദ്ഘാടനം കഴിഞ്ഞത് - 10 എണ്ണം
2. പണി പൂർത്തിയായി ഉദ്ഘാടനത്തിന് തയ്യാറായവ - 9 എണ്ണം
3. 80% -ൽ കൂടുതൽ പണി പൂർത്തിയായവ - 10 എണ്ണം
4. 50% -ൽ കൂടുതൽ പണി പൂർത്തിയായവ – 4 എണ്ണം
5. പണി തുടങ്ങിയവ - 4 എണ്ണം
6. ദർഘാസ് നടപടികൾ നടന്നുവരുന്നവ - 4 എണ്ണം
7. എസ്റ്റിമേറ്റ് തയ്യാറാക്കുന്നവ - 1 എണ്ണം
8. ഡയാലിസിസ് കേന്ദ്രത്തിനുള്ള കെട്ടിടത്തിന്റെ പണി ആരംഭിച്ചവ - 2 എണ്ണം

ആരോഗ്യവകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള 6 ഡയാലിസിസ് കേന്ദ്രങ്ങളുടെ കെട്ടിടം പണി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. പണി പൂർത്തിയായി കഴിഞ്ഞാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഉപകരണം സ്ഥാപിച്ച് ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

### ലോകാരോഗ്യ സംഘടനയുടെ ഡെങ്കിപഠനം

14 (*584) <u>ശ്രീ. എം. ഉമ്മർ:</u>
<u>ഡോ. എം. കെ. മുനീർ:</u>
<u>ശ്രീ. എൻ . എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 -ലെ ഡെങ്കി പനിബാധയെക്കുറിച്ച് വിശദമായി പഠിക്കുന്നതിനും നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ചേർന്ന് പഠനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ഏജൻസികളാണ് വകുപ്പുമായി ചേർന്ന് ഈ പഠനം നടത്തുന്നതെന്നറിയിക്കാമോ;

(സി) പ്രസ്തുത പഠനത്തിന്റെ ചെലവ് വഹിക്കുന്നത് ലോകാരോഗ്യ സംഘടനയാണോ അതോ സംസ്ഥാന സർക്കാരാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പഠനത്തിന് എത്ര തുക സർക്കാർ വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത പഠനത്തിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) ഇതു സംബന്ധിച്ച് പഠനം നടത്തി സർക്കാരിന് എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കും എന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗമാണ് പഠനത്തിന്റെ നോഡൽ ഏജൻസി. ആരോഗ്യവകുപ്പ്, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ തന്നെ മൈക്രോബയോളജി, പീഡിയാട്രിക്സ്, ഇൻഫക്ഷ്യസ് ഡിസീസസ് വിഭാഗങ്ങളും പഠനത്തിൽ പങ്കെടുക്കുന്നുണ്ട്. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയാണ് പഠനത്തിന്റെ വൈറോളജി ഭാഗം കൈകാര്യം ചെയ്യുന്നത്. VCRC (Vector Control Research Centre) കോട്ടയം, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, തിരുവനന്തപുരം എന്നീ ഏജൻസികളും, തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നീ സർക്കാർ വകുപ്പുകളും പഠനത്തെ സഹായിക്കുന്നുണ്ട്.

(സി) നിലവിൽ പഠനത്തിന്റെ ചെലവ് പൂർണ്ണമായും ലോകാരോഗ്യ സംഘടനയാണ് വഹിക്കുന്നത്.

(ഡി) ഈ പഠനത്തിനായി സർക്കാർ ഇതുവരെ തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ല. പ്രസ്തുത പഠനത്തിന് അംഗീകാരം നൽകുകയും അതിനോട് സഹകരിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിക്കുകയാണ് സർക്കാർ തലത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടി.

നമ്മുടെ സംസ്ഥാനത്ത് കണ്ടുവരുന്ന ഡെങ്കിപ്പനിബാധയുടെ വിശദാംശങ്ങളെക്കുറിച്ചുള്ള ഒരു സമഗ്രമായ പഠനമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

രോഗം പിടിപെടാനുള്ള സാഹചര്യങ്ങൾ, രോഗലക്ഷണങ്ങൾ, സങ്കീർണ്ണതകളും മരണവുമുണ്ടാകാനുള്ള കാരണങ്ങൾ, അവ മുൻകൂട്ടി അറിയുവാനും തടയുവാനും സഹായിക്കുന്ന മാർഗ്ഗങ്ങൾ, വൈറസിന്റെ ജനിതക ഘടന ഉൾപ്പെടെയുള്ള പ്രത്യേകതകൾ, അവ രോഗത്തിന്റെ സ്വഭാവത്തെ സ്വാധീനിക്കുന്നുണ്ടോയെന്ന കണ്ടെത്തലുകൾ, വൈറസ് പരത്തുന്ന കൊതുകുകളുടെ പ്രത്യേകതകൾ, ഇവ കൂടാതെ നമ്മുടെ നാട്ടിൽ രോഗം കൂടിവരാനുള്ള സാഹചര്യങ്ങൾ, ജനങ്ങൾക്ക് ഇതിനെക്കുറിച്ചുള്ള അറിവ്, ചികിത്സ തേടുന്ന രീതി, പ്രതിരോധ പ്രവർത്തനങ്ങൾ ഇവയെക്കുറിച്ചെല്ലാം വിശദവും സമഗ്രവുമായി പഠനം നടത്തും. ഇതുവഴി രോഗപ്രതിരോധം, സങ്കീർണ്ണതകളും മരണങ്ങളും ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ, മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കൽ തുടങ്ങിയ നടപടികൾക്കായി ശാസ്ത്രീയ തെളിവുകളെ അടിസ്ഥാനപ്പെടുത്തിയുള്ള നയപരമായ തീരുമാനങ്ങൾ എടുക്കുവാൻ സർക്കാരിനാകും

രണ്ട് ഘട്ടമായി നടക്കുന്ന പഠനത്തിന്റെ പ്രോട്ടോകോൾ ലോകാരോഗ്യ സംഘടന അംഗീകരിച്ചിട്ടുണ്ട്. അതിനായി തയ്യാറാക്കിയ ബജറ്റ് അംഗീകരിക്കുകയും ആദ്യഗഡു അനുവദിക്കുകയും ചെയ്തു.

ഒന്നാം ഘട്ടത്തിന്റെ ഉദ്ദേശ്യമായ സംസ്ഥാനത്തെ ഡെങ്കിബാധയുടെ പ്രാചുര്യം നിർണ്ണയിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ സ്കൂൾ കുട്ടികളുടെ ഇടയിൽ സർവ്വേ നടപടികൾ പൂർത്തിയായിരിക്കുന്നു. കൊല്ലം ജില്ലയിൽ സർവ്വേ നടത്തുവാനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിരിക്കുന്നു.

സൂക്ഷ്മാംശങ്ങൾ, രൂപരേഖ ഇവ രാജ്യത്തിന് അകത്തും പുറത്തുമുള്ള വിദഗ്ധരുടെ ഒരു പാനൽ രൂപീകരിച്ച് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പഠനത്തിൽ ഉൾപ്പെടുത്തുന്ന ആശുപത്രികളുടെ തെരഞ്ഞെടുപ്പ് സംബന്ധമായ നടപടിക്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

(ഇ) ആദ്യഘട്ടത്തിന്റെ ഫലങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ജൂൺ മാസത്തോടെയും രണ്ടാം ഘട്ട റിപ്പോർട്ട് ഈ വർഷം അവസാനത്തോടെയും ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ

15 (*585) ശ്രീ. എം. നൗഷാദ്:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രിയാത്മകമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതു കമ്പോളത്തിലെ വില നിലവാരം പിടിച്ചുനിർത്തുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) വിപണി ഇടപെടൽ കൂടുതൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ എത്ര വില്പനശാലകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്;

(ഡി) സബ്സിഡി നൽകുന്ന ഇനത്തിൽ സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷം എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) പഞ്ചസാര, പയറുവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ എന്നിവ ഇ-ലേലം മുഖേനയും സബ്സിഡി നിരക്കിലുള്ള മറ്റ് അവശ്യസാധനങ്ങൾ ഇ-ടെണ്ടറിലൂടെയും വാങ്ങിവരുന്നു. കൂടുതൽ അരി വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഓയിൽ പാം വഴി അരി സംഭരണം നടത്തി സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. ഓണക്കാലത്ത് അരിവില വർദ്ധനവ് രേഖപ്പെടുത്തിയതിനാൽ ആന്ധ്രയിൽ നിന്ന് നേരിട്ട് അരി വാങ്ങി വിപണനം നടത്തിയിരുന്നു.

(ബി) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കളും FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും പൊതുവിപണിയേക്കാൾ

കുറഞ്ഞ നിരക്കിലും സപ്ലൈകോ വിൽപ്പന ശാലകളിലൂടെ ലഭ്യമാക്കിവരുന്നു. വിപണിയിടപെടലിനായി 2017-18 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സാധിക്കുകയും കൂടുതൽ വിൽപ്പന ശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) 2017-18 സാമ്പത്തിക വർഷം പതിനേഴ് വില്പനശാലകൾ പുതുതായി ആരംഭിക്കുകയും 7 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) നടപ്പ് സാമ്പത്തികവർഷം സബ്സിഡി നൽകുന്ന ഇനത്തിലുള്ള നഷ്ടം നികത്തുന്നതിന് 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തൽ

16 (*586) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയുടെ സമ്മേളനത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ നോർക്ക റൂട്സിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നോർക്ക റൂട്സിന്റെ വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയറുകൾ നവീകരിക്കുന്നതിനും ഓൺലൈൻ രജിസ്ട്രേഷൻ, ഡാറ്റാബേസ് രൂപീകരണം എന്നിവ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പ്രൊഫഷണലുകളെ ഉൾപ്പെടുത്തി നോർക്ക റൂട്സ് പുനഃസംഘടിപ്പിക്കാമോ;

(ഡി) വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിന് കേരളത്തിലെ യുവതീയുവാക്കളെ പ്രാപ്തരാക്കുന്നതിനായി നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൈപുണ്യ വികസന പദ്ധതി ആവിഷ്കരിക്കുമോ;

(ഇ) പ്രവാസത്തിന്റെ പുതിയ സാധ്യതാ മേഖലകൾ കണ്ടെത്തുന്നതിനും പുതിയ മേഖലകളിലെ സാധ്യതയ്ക്കനുസൃതമായി നൈപുണ്യ നവീകരണ പദ്ധതി രൂപകല്പന ചെയ്യാനും സർക്കാർ പരിഗണനയിലിരിക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എഫ്) ഏതെല്ലാം സ്ഥാപനങ്ങൾ മുഖേന പരിശീലനങ്ങൾ നൽകുന്നതിനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്;

(ജി) നൈപുണ്യ വികസനം സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നോർക്ക വകുപ്പിന് ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ഉണ്ട്. ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി നോർക്ക റൂട്ട്സിനെ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വിദേശ മലയാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രൊഫഷണലുകളെ നിയമിക്കാനും നോർക്ക വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്ന പ്രധാന ഏജൻസി എന്ന നിലവിൽ നോർക്ക റൂട്ട്സിന് ഉന്നത നിലവാരത്തിലുള്ള വെബ്സൈറ്റ് ഏർപ്പെടുത്തുവാനും സേവനങ്ങൾ ഓൺലൈൻ വഴി വേഗത്തിൽ ലഭ്യമാക്കുന്നതിന് വിവരസാങ്കേതിക സംവിധാനം ശക്തിപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. പ്രവാസികൾക്ക് വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്റർ വിപുലീകരിക്കും. കൂടാതെ നോർക്ക റൂട്ട്സിന്റെ ഓർഗനൈസേഷൻ സ്ട്രക്ചർ കൂടുതൽ വിപുലപ്പെടുത്തി വിവിധ വിഷയങ്ങൾ സംബന്ധിച്ച കാര്യങ്ങൾ ആഴത്തിൽ പഠിച്ച് തുടർ നടപടി സ്വീകരിക്കാൻ ഉതകുന്ന രീതിയിൽ പൂർണ്ണമായും നവീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) കേരളത്തിനു പുറത്ത് മറ്റ് സംസ്ഥാനങ്ങളിലും ഇന്ത്യക്ക് പുറത്തും ജോലി ചെയ്യുന്ന മലയാളികളെ സംബന്ധിച്ച് ഇപ്പോൾ വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഈ ന്യൂനത പരിഹരിക്കുന്നതിന് പ്രവാസി ഡാറ്റാബേസ് ഉണ്ടാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് പൂർത്തിയാവുന്നതോടെ വ്യക്തമായ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാവും. കൂടാതെ നോർക്ക-റൂട്ട്സിന്റെ വിവിധ

സേവനങ്ങളുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയറുകൾ നവീകരിക്കുന്നതിനും ഓൺലൈൻ രജിസ്ട്രേഷൻ, ഡാറ്റാബേസ് രൂപീകരണം എന്നിവ മെച്ചപ്പെടുത്തുന്നതിനും പ്രധാനമായും ജനങ്ങൾക്ക് സേവനങ്ങൾ വളരെ വേഗത്തിലും കാര്യക്ഷമമായും ലഭ്യമാകുന്നതിനുമായി നോർക്ക-റൂട്ട്സിന്റെ വെബ്സൈറ്റ് സമഗ്രമായി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവർക്ക് തൊഴിൽപരമായ കഴിവുകൾ മെച്ചപ്പെടുത്തി മികവ് പുലർത്തുന്നതിനായി നോർക്ക റൂട്ട്സ് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി നടത്തിവരുന്നുണ്ട്. നിശ്ചിത സാങ്കേതിക യോഗ്യത ഉള്ളവർക്ക് വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിൽ ഏറ്റവും പുതിയ സാങ്കേതിക വിദ്യ പകർന്നുകൊടുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ഇ) വിവിധ രാജ്യങ്ങളുടെ, പ്രത്യേകിച്ച് ഗൾഫ് നാടുകളിൽ തൊഴിൽ അവസരം ലഭ്യമായ മേഖലകൾക്ക് മാറ്റം വരുന്നുണ്ട്. ആയതിനാൽ തൊഴിൽ സാധ്യതയെക്കുറിച്ച് അവഗാഹമുള്ള വിദഗ്ദ്ധരെ ഉപയോഗിച്ച് ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതും കമ്മിറ്റിയുടെ ശിപാർശക്കനുസൃതമായി നൈപുണ്യ വികസനം നൽകാവുന്നതാണ്. കൂടാതെ ലോക കേരള സഭയുടെ ചർച്ചകളുടെ ഭാഗമായി ഉരുത്തിരിഞ്ഞ് വന്നിട്ടുള്ള പ്രവാസി വാണിജ്യ ചേംബറുകൾ, പ്രവാസി പ്രൊഫഷണൽ സമിതികൾ എന്നിവയുടെ സേവനം സാങ്കേതിക മേഖല തിരിച്ചറിയുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

(എഫ്) സർക്കാർ, ഐ.റ്റി.ഐ, പോളിടെക്നിക്ക്, എൽ.ബി.എസ്, എന്നീ വിഭാഗങ്ങളിലെ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ വഴി 35 തൊഴിൽ മേഖലകളിൽ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ITI Diploma യോഗ്യതയുള്ള വിദ്യാർത്ഥികൾക്കായി 25,000 രൂപ ഫീസ് വരുന്ന Integrated QA/QC Programme എന്ന കോഴ്സ് കുസാറ്റിന്റെ കീഴിൽ united NAT Training and Inspection Centre, Kochi എന്ന ട്രെയിനിംഗ് പാർട്നർ മുഖാന്തിരം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ജി) നിയോഗിക്കാവുന്നതാണ്.

## കേരളത്തെ ഐ.ടി. നിക്ഷേപ സൗഹൃദ കേന്ദ്രമാക്കുന്നതിന് നടപടി

17 (*587) ശ്രീ. റോജി എം. ജോൺ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ആദ്യത്തെ ഐ. ടി. പാർക്കും ആദ്യത്തെ ഇലക്ട്രോണിക് സംരംഭവും തുടങ്ങിയത് കേരളത്തിലാണെങ്കിലും സോഫ്റ്റ് വെയർ കയറ്റുമതിയിലും ഇലക്ട്രോണിക് വ്യവസായ രംഗത്തും നാം പിന്നോട്ട് പോകുവാനുണ്ടായ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സമർത്ഥരായ ഐ. ടി. പ്രൊഫഷണലുകളും നല്ല കാലാവസ്ഥയും ഉണ്ടായിരുന്നിട്ടും ഈ മേഖലയിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിയാത്തത് ദീർഘവീക്ഷണമില്ലാത്തതിനാലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ മെല്ലെപ്പോക്ക് സമീപനം സ്വീകരിച്ചതിനാലുമാണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(സി) കേരളത്തെ ഐ. ടി. നിക്ഷേപസൗഹൃദ കേന്ദ്രമാക്കുന്നതിനും ലോകോത്തര സാങ്കേതിക പശ്ചാത്തലം ഒരുക്കുന്നതിനും എന്തൊക്കെ കാര്യങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഐ. ടി. രംഗത്തെ ചെറുകിട സംരംഭങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിച്ച് അന്താരാഷ്ട്ര വിപണിയുമായി ബന്ധിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ എന്ത് സഹായമാണ് നൽകുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):(എ) രാജ്യത്തെ ആദ്യത്തെ ഐ.ടി. പാർക്കും ആദ്യത്തെ ഇലക്ട്രോണിക് സംരംഭവും തുടങ്ങിയത് കേരളത്തിലാണെങ്കിലും സോഫ്റ്റ്‌വെയർ കയറ്റുമതിയിലും ഇലക്ട്രോണിക് വ്യവസായ രംഗത്തും നാം പിന്നോട്ട് പോകുവാനുണ്ടായ കാരണങ്ങളിൽ പ്രധാനമായവ;

- വിദേശ കമ്പനികളെയും അവരുടെ പ്രോജക്ടുകളെയും അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഐ.ടി. മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക്

ഏറ്റവും ആവശ്യമായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും കുറവ്.

- അഭ്യസ്ഥവിദ്യർ, മികച്ച നിലവാരമുള്ള ജല-വൈദ്യുത വിതരണ സംവിധാനം, നെറ്റ്‌വർക്ക് കണക്ടിവിറ്റി, പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയുമുള്ള ഭൂമി, സ്ഥലം, ബിസിനസ്സ് ഓഫീസുകൾ, മികച്ച മാലിന്യ സംസ്കരണ സംവിധാനം ഉൾപ്പെടെയുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയുടെ ലഭ്യതക്കുറവ്.

സംസ്ഥാനത്തുടനീളം ഇത്തരം മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ഒരു സമഗ്ര ഐ.ടി വികസനം സാധ്യമാകുകയുള്ളൂ.

(ബി) ചില പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിലും അവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഐ.ടി/ഐ.ടി.ഇ.എസ് ബിസിനസ്സ് സംരംഭങ്ങൾ ചുരുക്കം ചില വിദേശ രാജ്യങ്ങളിൽ മാത്രം കേന്ദ്രീകരിക്കാതെ കൂടുതൽ രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക.

- നിലവിലുള്ള ബിസിനസ്സ് മാതൃകകൾ പുതിയ മാറ്റങ്ങൾക്കനുസൃതമായി പരിഷ്കരിക്കുകയും കൂടുതൽ വിപുലീകരിക്കുകയും ചെയ്യുക.

- കേരളത്തെ പ്രധാനപ്പെട്ട ഐ. ടി. കേന്ദ്രമായി മാറ്റുന്നതിനുവേണ്ടി പ്രൈവറ്റ് ഐ.ടി. സംരംഭകരെ കൂടുതൽ ആകർഷിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഗ്ലോബൽ ഡിജിറ്റൽ സമ്മിറ്റുകൾ രണ്ടു വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുക.

- പ്രൈവറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ കമ്പികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- ഐ.ടി. മേഖലകളിൽ മാത്രം ബിസിനസ്സ് കേന്ദ്രീകരിക്കാതെ നോൺ ഐ.ടി. മേഖലകളിലെ വർദ്ധിച്ചുവരുന്ന വ്യവസായ സാധ്യതകൾ കൂടി കണക്കിലെടുത്ത് നടപ്പിലാക്കുന്ന ഐ. ടി.-നോൺ ഐ.ടി ഇന്റഗ്രേറ്റഡ് ബിസിനസ്സ് മോഡലുകൾ മേൽ വിവരിച്ച നടപടികളിലൂടെ കേരളത്തെ ഒരു മികച്ച ഐ.ടി നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ കഴിയും.

(ഡി) സംസ്ഥാനത്തെ ചെറുകിട ഇടത്തര ഐ.ടി സംരംഭങ്ങളുടെ ഗുണനിലവാരവും അന്താരാഷ്ട്ര വിപണിയിൽ അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുമായി നിരവധി പദ്ധതികൾ സർക്കാരിന്റെ പുതിയ ഐ.ടി നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായവ;

ഐ.ടി. മേഖലയിൽ കേരളത്തിനുള്ള പ്രാവിണ്യം ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അത്യാധുനിക സാങ്കേതിക വിദ്യകൾ കേരളത്തിലെ സംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനും, വാർഷിക ഐ.ടി എക്സ്പോകൾ സംഘടിപ്പിക്കുന്നു. കേരളത്തിലെ കമ്പനികൾക്ക് മറ്റു രാജ്യങ്ങളിൽ നിന്ന് വാണിജ്യ സംഘങ്ങളെ ഇവിടേയ്ക്ക് ക്ഷണിക്കുന്നതിനും സ്മാർട്ട് സാങ്കേതങ്ങൾ, ആരോഗ്യം, മൊബിലിറ്റി എന്നീ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും ഇത്തരം മേളകൾക്ക് കഴിയും.

**വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

18 (*588) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃദ്ധജനസംഖ്യ എത്ര ശതമാനമാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) വൃദ്ധജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വൃദ്ധജനങ്ങളുടെ സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഉതകുന്ന വിധത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതി വിഭാവനം ചെയ്യാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ വൃദ്ധജനസംഖ്യ ആകെ ജനസംഖ്യയുടെ 12.83% ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) വൃദ്ധജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും നിരവധി സംവിധാനങ്ങൾ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. വയോജന സംരക്ഷണ നിയമം 2007-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിക്കുകയും സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രിബ്യൂണലുകളായി അധികാരപ്പെടുത്തുകയും പ്രസ്തുത ട്രിബ്യൂണലുകൾ, മക്കൾ സംരക്ഷിക്കാത്ത മാതാപിതാക്കളുടെ പ്രശ്നങ്ങൾ കേൾക്കുകയും അവയ്ക്ക് പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. സംസ്ഥാന വയോജന കൗൺസിലും അവയോടനുബന്ധിച്ചുള്ള ജില്ലാ കമ്മിറ്റികൾ മുഖാന്തരവും വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാരം കാണാനും ശ്രമിച്ചുവരുന്നുണ്ട്. കൂടാതെ വയോജനങ്ങൾക്കുള്ള നിയമ സഹായങ്ങൾക്ക് ലീഗൽ സർവ്വീസസ് അതോറിറ്റികളും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) വൃദ്ധജനങ്ങളുടെ സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ സുരക്ഷ ഉറപ്പുവരുത്തുന്ന വിധത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നാളിതുവരെ സ്വീകരിച്ചുവന്നിട്ടുള്ളത്. വൃദ്ധജനങ്ങൾ സാമൂഹികമായി നേരിടുന്ന പ്രശ്നങ്ങളും അസമത്വങ്ങളും അതിക്രമങ്ങളും നേരിടുന്നതിന് നിയമത്തിന്റെ സ്വാഭാവികമായുള്ള സാധ്യതകൾ മാത്രം തേടാതെ വയോജന പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത്തരം അവബോധ പ്രവർത്തനങ്ങൾ കുട്ടികളിൽ നിന്നാണ് തുടങ്ങേണ്ടത് എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ അശരണരും ആലംബമറ്റവരുമായ വയോജനങ്ങൾക്ക് സ്ഥാപനീയ സംരക്ഷണം, അർഹരായ എല്ലാ വൃദ്ധജനങ്ങൾക്കും സുരക്ഷാ പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ കമ്മിറ്റികൾ എന്നിവ വഴി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതാണ്. നിലവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് " സായംപ്രഭ ഹോം" ആയി അപ്ഗ്രേഡ്

ചെയ്യുന്ന പദ്ധതിയാണ് സായംപ്രഭ ഹോം പദ്ധതി. ആദ്യ ഘട്ടത്തിൽ 70 പകൽ പരിപാലന കേന്ദ്രങ്ങളെയാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. പകൽ സമയങ്ങളിൽ മക്കൾ ജോലിക്കും കൊച്ചുമക്കൾ സ്കൂളുകളിലും പോയിക്കഴിഞ്ഞാൽ വീട്ടിൽ തികച്ചും ഒറ്റപ്പെടുന്ന വയോജനങ്ങൾക്ക് ഈ പദ്ധതി വഴി ആവശ്യമായ സംരക്ഷണവും മാനസികോല്ലാസവും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നതാണ് വയോ അമൃതം പദ്ധതി. സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വയോമിത്രം പദ്ധതി, ടി പദ്ധതി പ്രകാരമുള്ള വയോജന ഹെൽപ്പ് ഡെസ്കുകൾ തുടങ്ങിയ പദ്ധതികൾ ദീർഘകാലാടിസ്ഥാനത്തിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളാണ്.

## സ്പീച്ച് തെറാപ്പി-ലേണേഴ്സ് തെറാപ്പി തുടങ്ങിയ ചികിത്സാരീതികൾ

19 (*589) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം, എ.ഡി.എച്ച്.ഡി, ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ രോഗങ്ങൾക്കുള്ള സ്പീച്ച് തെറാപ്പി, ലേണേഴ്സ് തെറാപ്പി തുടങ്ങിയ ചികിത്സാരീതികൾ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ ലഭ്യമാണോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇത്തരം ചികിത്സാ സൗകര്യങ്ങൾ ഒരുക്കാത്തതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ചികിത്സാ സൗകര്യങ്ങൾക്ക് പല സ്വകാര്യ ആശുപത്രികളും വലിയതുക ഈടാക്കി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ചികിത്സാ സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ഓട്ടിസം, എ.ഡി.എച്ച്.ഡി, ലേണിംഗ് ഡിസെബിലിറ്റി എന്നിവയുടെ ചികിത്സകൾ നൽകിവരുന്നു. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ ജനിക്കുന്ന കുട്ടികളുടെ കേൾവിക്കുറവ് കണ്ടെത്തുന്നതിനായി

നവജാതശിശുക്കളെ OAE പരിശോധനയ്ക്ക് വിധേയമാക്കുന്നു. കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഓട്ടിസം, എ.ഡി.എച്ച്.ഡി ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ രോഗങ്ങൾക്കുള്ള സ്പീച്ച് തെറാപ്പി, ലേണേഴ്സ് തെറാപ്പി തുടങ്ങിയ ചികിത്സാരീതികൾ ലഭ്യമാണ്. കൂടാതെ 14 ജില്ലകളിലുമുള്ള ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിലും ലഭ്യമാണ് (പട്ടിക-അനുബന്ധമായി ചേർത്തിരിക്കുന്നു) *

ഇതോടൊപ്പം ബുദ്ധിപരമായും, ശാരീരികമായും മാനസിക വെല്ലുവിളിയും മൂലമുള്ള വൈകല്യങ്ങൾ നേരിടുന്ന കുട്ടികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി രൂപീകരിച്ചിട്ടുള്ള ഐക്കോൺസിൽ (ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റിക് ന്യൂറോ സയൻസസ്) ഇത് സംബന്ധിച്ചുള്ള പരിശോധനയ്ക്കും ചികിത്സയ്ക്കുമായി എല്ലാവിധ അത്യാധുനിക സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഷൊർണ്ണൂർ ആസ്ഥാനത്തെ ഐക്കോൺസിൽ പ്രതിദിനം 200 വരെ ഒ.പി.കൾ നടന്നുവരുന്നു. ഐക്കോൺസിന്റെ ഷൊർണ്ണൂർ ക്യാമ്പസ്സിൽ ഓട്ടിസം ബാധിച്ചവരായ ആൺകുട്ടികൾക്കും പുരുഷന്മാർക്കും 24 മണിക്കൂറും പരസഹായം ലഭ്യമാക്കി അവരെ പ്രത്യേകമായി താമസിപ്പിച്ച് പരിചരിക്കുന്നതിനുള്ള സ്പെഷ്യൽ സ്കൂൾ-കം-റെസിഡൻഷ്യൽ കോംപ്ലെക്സിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. ICCONS-ന്റെ തിരുവനന്തപുരം സെന്ററിൽ പീഡിയാട്രിക് ന്യൂറോളജിസ്റ്റിന്റെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോതെറാപിസ്റ്റ് തുടങ്ങി സാങ്കേതിക വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിൽ Cognitive Disorder ഉള്ളവർക്കായി മെച്ചപ്പെട്ട ചികിത്സയും പരിചരണവും നൽകിവരുന്നുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഓട്ടിസം, ADHA, ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തി ചികിത്സ നൽകുന്നതിനുള്ള DEIC പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ കീഴിൽ പീഡിയാട്രീഷ്യൻ, മെഡിക്കൽ ഓഫീസർ, ദന്തിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് തുടങ്ങിയ സ്പെഷ്യലിസ്റ്റ് സേവനങ്ങളാണ് ലഭിക്കുക. കേൾവി ശക്തി ഇല്ലാത്ത കുട്ടികൾക്കും സംസാര ശേഷി ലഭിക്കുന്നതിന് താമസമുള്ള കുട്ടികൾക്കും പ്രത്യേകമായ ചികിത്സ സേവനവും നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി

20 (*590) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ദാസൻ:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി പൂർത്തിയാകുമ്പോൾ സംസ്ഥാനത്തിനുണ്ടാകാവുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ഇനിയും സ്ഥലമെടുപ്പ് പൂർത്തീകരിക്കാനുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ഇപ്പോൾ ലഭിക്കുന്ന ഇന്ധനങ്ങളായ പെട്രോൾ, ഡീസൽ എന്നിവയേക്കാൾ വിലക്കുറവും, സുരക്ഷിതവും എന്നാൽ താരതമ്യേന അന്തരീക്ഷ മലിനീകരണം കുറഞ്ഞതുമാണ് പ്രകൃതിവാതകം.

ആഭ്യന്തര ഗ്യാസിന്റെ വില ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തിനേക്കാൾ കുറവാണ്. പ്രകൃതി വാതക പദ്ധതി നടപ്പിലാക്കുമ്പോൾ വീടുകളിൽ പൈപ്പുകളിലൂടെ പൈപ്പ്ഡ് നാച്ചുറൽ ഗ്യാസ് (പി.എൻ.ജി.) എത്തിക്കുവാനും, വാഹനങ്ങൾക്ക് സി.എൻ.ജി. (കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ്) നൽകുവാനും സാധിക്കും. പൈപ്പ് ലൈൻ യാഥാർത്ഥ്യമായാൽ "സിറ്റിഗ്യാസ്" -ലൂടെ കുറഞ്ഞ തുകയ്ക്ക് വാതകം ലഭ്യമാക്കാൻ കഴിയും. ഇതിനുപുറമെ സി.എൻ.ജി. ഉപയോഗിക്കുമ്പോൾ മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് മലിനീകരണത്തിന്റെ തോത് കുറയും. ഗാർഹിക പൈപ്പ് ലൈൻ പദ്ധതി നടപ്പിലാകുമ്പോൾ റോഡിൽനിന്ന് എൽ.പി.ജി. ടാങ്കർ ലോറികളും, സിലിണ്ടർ ലോറികളും അപ്രത്യക്ഷ മാകുന്നതിനാൽ റോഡുകളിലെ തിരക്കും അപകടങ്ങളും കുറയാൻ സാധ്യതയുണ്ട്. നിലവിൽ എൽ പി ജി ഉപയോഗിക്കുന്ന വ്യവസായശാലകൾക്ക് പ്രകൃതിവാതകം

ലഭ്യമാകുന്നതോടുകൂടി ഇന്ധനച്ചെലവ് വളരെ ഗണ്യമായി കുറയുന്നതിനാൽ വലിയ ഒരു വ്യവസായ കുതിപ്പുതന്നെയാണ് സംസ്ഥാനത്ത് പ്രതീക്ഷിക്കുന്നത്. ഇതോടൊപ്പം തൊഴിൽ സാധ്യതയും വർദ്ധിക്കും.

(ബി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതാധികാരസമിതി ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി നിരീക്ഷണത്തിനായി രൂപീകരിച്ചിട്ടുണ്ട്. ഈ ഉന്നതാധികാര സമിതി, പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി പൈപ്പ് ലൈൻ കടന്നുപോകുന്ന ഏഴ് ജില്ലകളിലും സബ് കളക്ടർമാർ നോഡൽ ഓഫീസർ ആയിട്ടുള്ള ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഗെയിലും ഏഴ ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഗെയിലും സംസ്ഥാന റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് എല്ലാ ജില്ലകളിലും പദ്ധതി പൂർത്തീകരണത്തിനായി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

(സി) കേരളത്തിൽ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കിലോ മീറ്ററാണ്. ഇതിൽ 503 കിലോ മീറ്ററിലും ഉപയോഗാവശ്യത്തിനായിട്ടുള്ള സ്ഥലം P & MP Act അനുസരിച്ചിട്ടുള്ള 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി, കേന്ദ്ര സർക്കാർ ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിലിന് കൈമാറിയിട്ടുള്ളതാണ്.

(ഡി) ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ (രണ്ടാം ഘട്ടം) പദ്ധതി 2018 ജൂൺ മാസത്തോടുകൂടി കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

**ഇതരസംസ്ഥാനത്ത് നിന്നും എത്തുന്ന വിഷമുള്ള പച്ചക്കറികൾ**

21 (*591) <u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. സി. എഫ്. തോമസ്:</u>
<u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷമുള്ള പച്ചക്കറികൾ ഇതരസംസ്ഥാനത്ത് നിന്നും എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനായി ഭക്ഷ്യസുരക്ഷ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കീടനാശിനികൾ കലർന്ന പച്ചക്കറികൾ കേരളത്തിൽ എത്തുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേരള സർക്കാരിന്റെ നിർദ്ദേശപ്രകാരം ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ജോയിന്റ കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ ആന്റ് ലീഗൽ), ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരടങ്ങിയ സംഘം തമിഴ്നാട്ടിലെ കൃഷിയിടങ്ങളിൽ സന്ദർശനം നടത്തുകയും അവിടത്തെ ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

കേരള അതിർത്തി കടന്നുവരുന്ന പച്ചക്കറികളുടെ സാമ്പിളുകളും കേരളത്തിലെ ജില്ലകളിലെ പല ഭാഗങ്ങളിൽ നിന്ന് ശേഖരിച്ച സാമ്പിളുകളും ശേഖരിച്ച് ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്.

പച്ചക്കറികളിലെ കീടനാശിനിയുടെ അംശം കണ്ടെത്തുന്നതിനുള്ള ആധുനിക ഉപകരണമായ GAS Chromatograph Mass Spectrophoto Meter (GCMSMS) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിലുണ്ട്. പ്രസ്തുത ലാബുകളിലും കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളയാണിയിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ റിസർച്ച് ആന്റ് അനലിറ്റിക്കൽ ലാബിലും പച്ചക്കറിയുടെ സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്.

ഏകദേശം 56 സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ ഏത്തക്ക, സാമ്പാർ മുളക്, കത്തിരിക്ക, കറിവേപ്പില, മല്ലിയില, തക്കാളി, മാങ്ങ, ഉരുളക്കിഴങ്ങ്, പച്ചമുളക് എന്നീ പച്ചക്കറികളിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്.

അതിർത്തി കടന്നെത്തുന്ന പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് ലാബിൽ പരിശോധന നടത്തി ഫലം ലഭ്യമായാൽ മാത്രമേ വിഷാംശം ഉണ്ടോ എന്ന് അറിയാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഉടൻതന്നെ നടപടികൾ സ്വീകരിക്കാൻ സാധ്യമല്ല.

ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥൻമാർ നിശ്ചിത ഇടവേളകളിലും ഓണംപോലുള്ള ആഘോഷവേളകളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അതിർത്തി ചെക്ക്പോസ്റ്റുകളിലും പച്ചക്കറി മാർക്കറ്റുകളിലും പരിശോധനകൾ നടത്തുന്നുണ്ട്. ഇത്തരം പരിശോധനകളിൽ ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ

വകുപ്പിന്റെ ലാബുകളിലും കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണിയിലെ പെസ്റ്റിസൈഡ് റെസിഡ്യു റിസർച്ച് & അനലിറ്റിക്കൽ ലാബിലും പരിശോധിക്കുകയും ഗുണനിലവാരം പാലിക്കാത്ത കച്ചവടക്കാർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമമനുശാസിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കാറുമുണ്ട്.

തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽനിന്നും ശേഖരിച്ച കറിവേപ്പിലയുടെ ഒരു സാമ്പിളിലും എറണാകുളം ജില്ലയിൽനിന്നും ശേഖരിച്ച രണ്ട് സാമ്പിളുകളിലും പാലക്കാട് ജില്ലയിൽനിന്നും ശേഖരിച്ച് പയറിന്റെ സാമ്പിളിലും കീടനാശിനിയുടെ അംശം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സൈബർ കുറ്റകൃത്യങ്ങൾ

22 (*592) <u>ശ്രീ. യു. ആർ. പ്രദീപ്:</u>
<u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. കെ. ബാബു :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവയുടെ ഉപയോഗത്തിൽ സുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി 'സൈബർ ഡോം' എന്ന പേരിൽ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സൈബർ ലോകത്തെ ചതിക്കുഴികളെക്കുറിച്ച് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) സൈബർ കുറ്റകൃത്യങ്ങളുടെ അവലോകനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് നിലവിൽ പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): (എ) ടെക്നോപാർക്ക് ആസ്ഥാനമാക്കി ആധുനിക സൗകര്യങ്ങളോടുകൂടി 'സൈബർ ഡോം' എന്ന പേരിൽ ഒരു സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സൈബർ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ 'സൈബർ ഡോം' നടത്തിവരുന്നു.

- കേരള പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, സൈബർ ഗൈഡ്, ഇ-ഗ്രന്ഥ, know your jurisdiction തുടങ്ങിയവ ഉപയോഗിക്കുന്നതിനുള്ള പരിശീലനം.
- ഇന്റർനെറ്റിലൂടെയുള്ള ചൈൽഡ് പോണോഗ്രാഫി തടയുന്നതിനുള്ള പ്രവർത്തനങ്ങൾ.
- ആർ.ബി.ഐ.-യുമായി ചേർന്ന് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളെ ചെറുക്കുന്നതിനുള്ള നടപടികൾ.
- സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ സുരക്ഷാ സംബന്ധമായ കാര്യങ്ങൾ.
- കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളെ നശിപ്പിക്കുന്ന 'മാൽവെയർ പ്രോഗ്രാം''-നെക്കുറിച്ച് പഠിക്കുന്നതിനും അവ ചെറുക്കുന്നതിനും വേണ്ട നടപടികൾ.
- സോഷ്യൽ മീഡിയയിലെ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സോഷ്യൽ മീഡിയ മോണിറ്ററിംഗ് സെൽ.
- സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരു റിസർച്ച് & ഡെവലപ്മെന്റ് വിംഗ്.

(ബി) സ്കൂൾ വിദ്യാർത്ഥികൾക്ക് എ.ടി.എം. കാർഡ് ഉപയോഗിക്കുന്നത്, സോഷ്യൽ മീഡിയയിൽ ചിത്രങ്ങൾ ഷെയർ ചെയ്യുന്നത്, അപരിചിതരുടെ ഫ്രണ്ട് റിക്വസ്റ്റ് സ്വീകരിക്കുന്നത്, OTP, Password തുടങ്ങിയവ ഷെയർ ചെയ്യുന്നതിന്റെ ദോഷവശം എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി സൈബർ സേഫ്റ്റി 'AR CARD' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സൈബർ സേഫ്റ്റി എ. ആർ കാർഡ് ജില്ലകളിലെ സ്കൂളുകളിൽ വിതരണം ചെയ്ത് ആയതിന്റെ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിനുള്ള ക്ലാസ്സുകൾ നൽകിയിട്ടുമുണ്ട്. ഈ ആപ്ലിക്കേഷൻ വഴി എല്ലാ മാസവും സൈബർ ടിപ്പുകൾ കുട്ടികൾക്ക് നൽകിവരുന്നു. കൂടാതെ സൈബർ സുരക്ഷ ഒരുക്കുന്നതിനായി സംസ്ഥാന പോലിസ് മേധാവിയുടെ നേതൃത്വത്തിൽ 'കിഡ്സ് ഗ്ലൗ' എന്ന പരിശീലന പദ്ധതിയും സംസ്ഥാന തലത്തിൽ നടപ്പാക്കിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കും, ഐ.റ്റി. അദ്ധ്യപകർക്കും പരിശീലനം നൽകുന്നതിനൊപ്പം പൊതുജനങ്ങൾക്കായി കുടുംബശ്രീ, ജനമൈത്രി, സ്ത്രീ ശക്തി, റസിഡന്റ്സ് അസോസിയേഷനുകൾ, ഐ.സി.ഡി.എസ്. പ്രോജക്ട് എന്നിവയിലൂടെ എല്ലാ ജില്ലകളിലെയും സൈബർ സെല്ലുകൾ, ഹൈ-ടെക് സെല്ലുകൾ, സൈബർ ഡോം എന്നിവയിലെ സാങ്കേതിക വൈദഗ്ധ്യം

നേടിയ ഉദ്യോഗസ്ഥർ ബോധവൽക്കരണം നടത്തിവരുന്നു. ദൃശ്യ-ശ്രാവ്യ-പത്രമാധ്യമങ്ങളിലൂടെയും പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച് ബോധവൽക്കരണം നടത്തിവരുന്നുണ്ട്.

(സി) സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണവേളയിൽ കണ്ടെടുക്കുന്ന മൊബൈൽ ഫോണുകൾ, ഹാർഡ് ഡിസ്കുകൾ മുതലായവ അവലോകനം ചെയ്യുന്നതിനായി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സി-ഡാക്ക് വികസിപ്പിച്ച് സോഫ്റ്റ്‌വെയറുകളും ഹാർഡ്‌വെയറുകളും ഉപയോഗിച്ചുവരുന്നു. കൂടാതെ മൊബൈൽ ചെക്ക്, സിം എക്സ്ട്രാക്റ്റർ, പാസ്‌വേർഡ് റിക്കവറി കിറ്റ്, ഇന്റർനെറ്റ് എവിഡൻസ് ഫൈൻഡർ, മൊബൈൽ ഫോറൻസിക് ടൂൾ, സി. ഡി. ആർ അനലൈസർ, ട്രൂ ഇമേജർ തുടങ്ങിയ അത്യാധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. ഇതിലേക്കായി ഫോറൻസിക് സയൻസ് ലാബിന്റെ സൈബർ വിഭാഗം, ഹൈടെക് സെൽ വിഭാഗം, സൈബർ പോലീസ് സ്റ്റേഷൻ, സംസ്ഥാന ഐ.ടി മിഷന്റെ കീഴിലുള്ള 'കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം' (CERT-K), കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 'കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം' (CERT-India) തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

**രാഷ്ട്രീയ വർഗ്ഗീയ അസ്വാസ്ഥ്യങ്ങൾ അമർച്ച ചെയ്യാൻ നടപടി**

23 (*593) ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ അസ്വാസ്ഥ്യങ്ങൾ സൃഷ്ടിക്കാൻ ആസൂത്രിതമായി നടത്തുന്ന ശ്രമങ്ങൾ അമർച്ച ചെയ്ത് ക്രമസമാധാനം ഉറപ്പുവരുത്തുന്നതിന് പ്രത്യേകം ജാഗ്രത പുലർത്തണമെന്ന നിർദ്ദേശം പോലീസിന് നൽകിയിട്ടുണ്ടോ;

(ബി) അപരവിദ്വേഷം വളർത്തി വിവിധ സമുദായങ്ങളെ തമ്മിലകറ്റാനുള്ള ഭൂരിപക്ഷ ന്യൂനപക്ഷ വർഗ്ഗീയശക്തികളുടെ നീക്കത്തിനെതിരെയും അഭിപ്രായം പറയുന്ന ബുദ്ധിജീവികളെയും സാംസ്കാരിക നായകരെയും നിശബ്ദരാക്കാനുള്ള ശ്രമങ്ങൾക്കെതിരെയും കർശന നടപടിയെടുക്കുമോ;

(സി) ആഗോള ഭീകര സംഘടനകളിലേക്ക് ചിലരെങ്കിലും ആകൃഷ്ടരാകുന്നത് ഗൗരവപൂർവ്വം കണക്കിലെടുത്ത് ആയതിനെതിരെ നിരന്തര ജാഗ്രത പുലർത്താൻ പോലീസിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം പോലീസിലെ രഹസ്യാന്വേഷണ വിഭാഗത്തെ ഉപയോഗിച്ച് നിരീക്ഷണം നടത്തി പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) ഇത്തരം വിദ്വേഷം വളർത്തുന്ന സംഭവങ്ങൾക്കെതിരെ നിലവിലെ നിയമ വ്യവസ്ഥയനുസരിച്ച് കർശനമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) സംസ്ഥാന ഇന്റലിജൻസ് വിഭാഗം ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തിവരുന്നു. ആഗോള ഭീകരവാദ സംഘടനകളിൽ യുവാക്കളുൾപ്പെടെയുള്ളവർ ആകൃഷ്ടരാകാതിരിക്കുവാൻ, മത തീവ്രവാദ പ്രവർത്തനങ്ങളെ സംബന്ധിച്ചും വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും സംസ്ഥാന ഇന്റിലിജൻസ് വിഭാഗം സസൂക്ഷ്മം നിരീക്ഷണം നടത്തിവരുന്നു. കൂടാതെ ജില്ലാ പോലീസ് ഭരണകൂടവും ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സസൂക്ഷ്മം പരിശോധിച്ചുവരുന്നുണ്ട്.

## തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോകൾ

24 (*594) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോകൾക്ക് അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പുതിയ മെട്രോ നയം അനുസരിച്ച് ഇക്കാര്യത്തിനുള്ള അപേക്ഷകൾ തയ്യാറാക്കേണ്ടത് ഏത് ഏജൻസിയാണ്; അവർ അപേക്ഷ തയ്യാറാക്കി നൽകിയിട്ടുണ്ടോ;

(സി) രണ്ട് പദ്ധതികളിലുംകൂടി സംസ്ഥാന സർക്കാർ മുടക്കേണ്ടത് എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ;

(ഡി) കേന്ദ്രാനുമതിയില്ലാതെ സംസ്ഥാന സർക്കാരിന് സ്വന്തം നിലയിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമോ;

(ഇ) ലൈറ്റ് മെട്രോ നിർമ്മിച്ചിരിക്കുന്ന നഗരങ്ങളിൽ ചെലവു കുറഞ്ഞ മറ്റ് ഗതാഗത സാധ്യതകൾ ഉണ്ടോയെന്ന കാര്യം പരിശോധിക്കണമെന്ന് പുതിയ മെട്രോ നയത്തിൽ നിർദ്ദേശമുണ്ടോ; അത് പ്രകാരമുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): (എ)തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി ഡി.എം.ആർ.സി തയ്യാറാക്കി സമർപ്പിച്ച ഡി.പി.ആർ. 2015 സെപ്റ്റംബറിൽ സംസ്ഥാന സർക്കാർ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ടിന്മേൽ പരിശോധനകൾ നടന്നുവരവേ, 2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാർ പുതിയ മെട്രോ റെയിൽ നയം പ്രഖ്യാപിച്ചു. പുതിയ മെട്രോ റെയിൽ നയപ്രകാരം ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതുക്കിയ പദ്ധതിരേഖ നിലവിൽ സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്. ആവശ്യമായ പരിശോധനകൾക്ക് ശേഷം സംസ്ഥാന സർക്കാർ അംഗീകാരത്തോടെ പദ്ധതി രേഖകൾ എത്രയുംപെട്ടെന്ന് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

(ബി) മെട്രോ റെയിൽ പദ്ധതിക്കായുള്ള അപേക്ഷകൾ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടത് അതാത് സംസ്ഥാന സർക്കാരുകളാണ്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ. ആർ.ടി. എൽ.)-ന് ആണ് ഇതിനാവശ്യമായ വിവരങ്ങളും രേഖകളും സർക്കാരിന് ലഭ്യമാക്കുന്നതിനുള്ള ചുമതല. കേന്ദ്ര അനുമതിക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിന് മുന്നോടിയായി ഡി.പി.ആർ. പുതുക്കിയിട്ടുണ്ട്. കെ.ആർ.ടി.എൽ.-നുവേണ്ടി ഡി.എം.ആർ.സി.-യാണ് ഡി.പി.ആർ. പുതുക്കിയത്. തുടർ നടപടിയായി പുതുക്കിയ ഡി.പി.ആർ.-ന്റെ പരിശോധന നടന്നുവരുന്നു. പരിശോധനയ്ക്കുശേഷം സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനുശേഷം കേന്ദ്ര അനുമതിക്കായി അപേക്ഷിക്കുന്നതാണ്.

(സി) പുതുക്കിയ പദ്ധതി രേഖ പ്രകാരം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി ആകെ ആവശ്യമായ തുക 7446 കോടി രൂപയാണ്. പദ്ധതിയുടെ ആകെ തുകയായ 7446 കോടി രൂപയിൽ നിന്ന് സ്ഥലമെടുപ്പ്, സംസ്ഥാന നികുതികൾ, പി.പി.പി. അടിസ്ഥാനത്തിലുള്ള

ജോലികൾ എന്നിവയ്ക്കാവശ്യമായ തുക ഒഴിവാക്കിയാൽ വരുന്ന തുകയായ 6307 കോടി രൂപയുടെ 20% കേന്ദ്ര സർക്കാരും, 20% സംസ്ഥാന സർക്കാരും വഹിക്കുകയും, 60% വായ്പയായി സമാഹരിക്കുകയും ചെയ്യണമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ സ്ഥലമെടുപ്പിനുള്ള തുകയും (392 കോടി രൂപ) സംസ്ഥാന നികുതികളും (534 കോടി രൂപ) പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ഇപ്രകാരം കേരള സർക്കാരിന്റെ ആകെ മുടക്കേണ്ട തുക 2187 കോടി രൂപയാണ്.

(ഡി) കേന്ദ്ര പങ്കാളിത്തമില്ലാതെ സംസ്ഥാന സർക്കാരുകൾ പൂർണ്ണമായും സ്വന്തം നിലയ്ക്ക് നടപ്പിലാക്കുന്ന മെട്രോ റെയിൽ പദ്ധതികൾക്ക് കേന്ദ്രാനുമതി ആവശ്യമില്ല. ഇത് സാങ്കേതികമായി സാധ്യമാണെങ്കിലും സംസ്ഥാന സർക്കാരിന്റെ അധിക സാമ്പത്തിക ബാധ്യത കണക്കിലെടുക്കുമ്പോൾ ഇപ്രകാരം പദ്ധതി നടപ്പിലാക്കുന്നത് അഭികാമ്യമല്ല.

(ഇ) പുതുതായി മെട്രോ റെയിൽ നിർദ്ദേശിച്ചിരുന്ന നഗരങ്ങളിൽ ചെലവു കുറഞ്ഞതും ഏറ്റവും അനുയോജ്യമായ മറ്റ് പൊതുഗതാഗത മാർഗ്ഗങ്ങൾ ഉണ്ടോ എന്ന കാര്യം പരിശോധിക്കണമെന്ന് പുതിയ മെട്രോ റെയിൽ നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള സാധ്യതകൾ പരിശോധിച്ച ശേഷമാണ് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ഏറ്റവും അനുയോജ്യമായ പൊതു ഗതാഗത സംവിധാനമായി ലൈറ്റ് മെട്രോ നിർദ്ദേശിക്കപ്പെട്ടത്.

**മാതൃ മരണനിരക്കും ശിശുമരണ നിരക്കും കുറയ്ക്കുന്നതിന് പദ്ധതി**

25 (*595) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃ മരണനിരക്കും, ശിശുമരണ നിരക്കും കുറയ്ക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഡോക്ടർമാർ, നഴ്സുമാർ, ജീവനക്കാർ എന്നിവർക്ക് പ്രത്യേക പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഹോം ഹെൽത്ത് എയ്ഡ്, ജെറിയാട്രിക് കെയർ അസിസ്റ്റന്റ് തുടങ്ങിയ കോഴ്സുകൾ സംസ്ഥാന ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സംസ്ഥാനത്ത് മാതൃ മരണനിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റ്, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റു ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി. കേരള ഫെഡറേഷൻ ഓഫ് ഒബ് സ്റ്റട്രിക് ആൻഡ് ഗൈനക്കോളജിയുടെ സഹായത്തോടെയാണ് പരിശീലനം നൽകിയത്.

രണ്ടാം ഘട്ട പരിശീലനം ജില്ലാ തലത്തിൽ നടന്നുവരുന്നു. ഇതുവരെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിൽ ജില്ലാതല പരിശീലനം നൽകി. ഗൈനക്കോളജിസ്റ്റ്, പ്രസവമുറിയിൽ ജോലി ചെയ്യുന്ന നേഴ്സ് എന്നിവർക്കാണ് കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആൻഡ് ഗൈനക്കോളജിയുടെ സഹായത്തോടെ പരിശീലനം നൽകിയത്.

ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി എസ്.എൻ.സി.യു. (സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്)-ൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും പരിശീലനം നൽകി.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇത്തരം പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു.

(സി) ജെറിയാട്രിക് കെയർ അസിസ്റ്റന്റ്, ഹോം ഹെൽത്ത് എയ്ഡ് ഇവ രണ്ടും മൂന്ന് മാസത്തെ പരിശീലനമാണ്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും, എൻ.ഐ.എച്ച്.എഫ്.ഡബ്ല്യൂ.-വിന്റെയും സഹകരണത്തോടെയാണ് ഈ പരിശീലന പരിപാടികൾ തുടങ്ങാൻ ഉദ്ദേശിച്ചിരിക്കുന്നത്. രോഗീ പരിചരണത്തിനും വൃദ്ധജന പരിപാലനത്തിനും വൈദഗ്ദ്ധ്യമുള്ള, യോഗ്യതയുള്ള ഹോം നഴ്സുമാരെ ലഭ്യമാക്കാനും ഇതുവഴി നിരവധി തൊഴിലവസരം സൃഷ്ടിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സർക്കാർ ഓഫീസുകളിൽനിന്ന് സമയബന്ധിത സേവനം**

26 (*596) ശ്രീ. എസ്. ശർമ്മ:
ശ്രീ. വി. ജോയി:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണം സുതാര്യവും കാര്യക്ഷമവുമാക്കുവാൻ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) സേവനാവകാശ നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിനും നിശ്ചിത സമയത്തിനുള്ളിൽ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം അച്ചടക്ക നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ;

(ഡി) സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനാവകാശ നിയമ പ്രകാരം പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) പൊതുജനങ്ങളുടെ ദൈനം ദിനാവശ്യങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും പ്രാധാന്യം നൽകി വിവിധ മേഖലകളിൽ ആവശ്യമായ പരിഷ്കാര നിർദ്ദേശങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി ഘട്ടം ഘട്ടമായി സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം രൂപീകൃതമായ നാലാമത് ഭരണപരിഷ്കാര കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. അതത് വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിക്കുന്ന സമയം തന്നെ സർക്കാരിന്റെ വേബ്സൈറ്റിൽ പ്രസിദ്ധീകരിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മന്ത്രിസഭാ യോഗ തീരുമാനങ്ങൾ, മന്ത്രിസഭാ യോഗത്തിന് സമർപ്പിച്ച കുറിപ്പ്, മന്ത്രിസഭാ യോഗത്തിന്റെ നടപടി കുറിപ്പ് എന്നിവ സഹിതം ഉത്തരവ് പുറപ്പെടുവിക്കുന്ന അന്നുതന്നെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തരത്തിൽ സംസ്ഥാനത്ത് പരിശീലന നയം രൂപീകരിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച് മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭരണനടപടികളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഭരണഭാഷ മലയാളമായിരിക്കണമെന്ന നിർദ്ദേശം എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. ഭരണരംഗത്ത് മലയാളത്തിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി 2017 മെയ് 1-ന് ഭരണഭാഷ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. മലയാളത്തിൽ മറുപടി ലഭിക്കുകയെന്നത് കേരള ജനതയുടെ അവകാശമായി അംഗീകരിച്ചുകൊണ്ട് 2012-ലെ സേവനാവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിന് നിലവിലുണ്ടായിരുന്ന ബയോമെട്രിക് പഞ്ചിംഗ് സംവിധാനം 1-1-2018 മുതൽ കർശനമാക്കിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നവംബർ 1-ാം തീയതി നിലവിൽവരികയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ 27-10-2012-ലെ സ.ഉ.(പി) 56/2012/ഉ.ഭ.പ.വ ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്ക് വേണ്ടിയാണ് ഈ നിയമം നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത നിയമത്തിന്റെ പ്രചാരണത്തിനായി എല്ലാ വകുപ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളെ ജനസൗഹൃദമായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

(സി) സേവനാവകാശ നിയമത്തിലെ ചട്ടം 7 പ്രകാരം യഥാസമയം സേവനം നൽകാത്ത ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവനാവകാശ നിയമം ഉദ്യോഗസ്ഥർ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സർക്കാരിന്റെ സേവനങ്ങൾ കൂടുതൽ വേഗത്തിലും കൃത്യതയോടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് മുൻനിർത്തിയുള്ള ഭരണനവീകരണം സർക്കാർ ലക്ഷ്യമിടുന്നു. സേവനാവകാശ നിയമം കാലോചിതമായി പരിഷ്ക്കരിക്കുവാനും പൊതുസമൂഹത്തിന് അനുഗുണമാംവിധത്തിൽ ലളിതവും സുതാര്യവുമാക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

**നിർഭയ പദ്ധതി**

27 (*597) ശ്രീ. ഡി. കെ. മുരളി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. ഉണ്ണി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള വനിതാ വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ആരംഭിച്ച നിർഭയ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(സി) നിലവിൽ എവിടെയെല്ലാമാണ് നിർഭയ ഷെൽട്ടർ ഹോമുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും ഷെൽട്ടർ ഹോമുകൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

(ഡി) വനിതാ ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി അവബോധന ക്യാമ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) 30-6-2017-ലെ സ.(കൈ) നമ്പർ 24/2017/സാനീവ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. സർക്കാർ നടപ്പിലാക്കിയിട്ടുള്ള വനിതാ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- സ്വയം തൊഴിൽ വായ്പാ പദ്ധതികൾ.
- വിദ്യാഭ്യാസ വായ്പാ പദ്ധതികൾ.
- വിധവകൾക്കുള്ള സംരംഭകത്വ വികസന പരിപാടികൾ.
- പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാദമി ഫോർ വിമൻ (റിച്ച്).
- ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സ്.
- വിമൻസ് കോളേജുകളിൽ വിമൻ സെൽ.

- ഐ.സി.സി. ബോധവൽക്കരണം.
- പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി.
- വിമൻസ് ഹോസ്റ്റലുകൾ (വനിതാ മിത്ര കേന്ദ്രം).
- തൊഴിലധിഷ്ഠിത പരിശീലന പദ്ധതി.
- സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ, നാപ്കിൻ ഡിസ്ട്രോയർ വിതരണം.
- ഷീടോയിലറ്റ്.
- ഷീടാക്സി പദ്ധതി.
- മിത്ര 181 വനിതാ ഹെൽപ്പ് ലൈൻ പദ്ധതി (ടോൾഫ്രീ).
- ആദിവാസി വനിതാ ക്ഷേമം മുൻനിർത്തി 'വനമിത്ര' പദ്ധതി.
- 50 വയസ്സ് കഴിഞ്ഞ അനാഥരായ വിധവകളെ സംരക്ഷിക്കുന്നതിന് അഭയകിരണം പദ്ധതി.
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള കർമ്മസേന പദ്ധതിയായ കൈത്താങ്ങ് പദ്ധതി.
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയായ ശ്രദ്ധ പദ്ധതി.

(ബി) ലൈംഗിക പീഡനം, ലൈംഗിക അതിക്രമം, ലൈംഗിക വൃത്തിയ്ക്ക് വേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങളാണ് നിർഭയ പദ്ധതി മുൻതൂക്കം നൽകുന്നത്. നിർഭയ പോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണം എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് പദ്ധതി ലക്ഷ്യമിടുന്നത്. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലെ നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗികാതിക്രമത്തിന് ഇരയായവരെ സംരക്ഷിക്കുന്നതിന് നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി

ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം എന്നീ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിന് അനുവദിച്ച വൺ സ്റ്റോപ്പ് സെന്റർ തിരുവനന്തപുരം, കണ്ണൂർ, മലപ്പുറം ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വയനാട്, തൃശ്ശൂർ ജില്ലകളിൽ കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രായത്തിനനുയോജ്യമായ താമസസൗകര്യങ്ങളും, ഓഡിറ്റോറിയം, തൊഴിൽ പരിശീലന കേന്ദ്രം, സിക്ക് റൂം, മറ്റ് അനുബന്ധ സൗകര്യങ്ങളും ഉള്ള മോഡൽ നിർഭയ ഷെൽട്ടർ ഹോം 2 ജില്ലകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ 10 ജില്ലകളിലായി സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ 12 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു.

നിലവിൽ നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിച്ചിട്ടില്ലാത്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ ജില്ലകളിൽ നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് കേരള മഹിള സമഖ്യ സൊസൈറ്റിക്ക് 04.02.2018-ലെ സ.ഉ.(സാധാ) നം.47/2018/സാനീവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ഡി) വനിതാക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലാ പ്രൊബേഷൻ ഓഫീസർ, വിമൻ പ്രൊട്ടക്ഷൻ ഓഫീസർ എന്നിവർ അടങ്ങിയ ടീം ആണ് സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നത്. ഓരോ മാസവും പരിശോധന നടത്തുന്നുണ്ട്. കൂടുതൽ പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി അവബോധന ക്യാമ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനായി കൈത്താങ്ങ്, ശ്രദ്ധ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

വനിതാ ശിശു വികസന ഡയറക്ടേറ്റ് തലത്തിലും ജില്ലാ സാമൂഹ്യനീതി ഓഫീസ്, പ്രോഗ്രാം ഓഫീസ്, ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ് തലത്തിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ അങ്കണവാടികളിൽ അമ്മമാർക്കുവേണ്ടിയും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കുവേണ്ടിയും ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയവ നടത്തിവരുന്നു.

നവംബർ 26-ന് ഗാർഹിക പീഡന നിരോധന നിയമവും സ്ത്രീധന നിരോധന നിയമവും സംബന്ധിച്ച് എല്ലാ വർഷവും ബോധവൽക്കരണ ശില്പശാല ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖാന്തരം സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും മാർച്ച് 8-ന് അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ദിനാചരണങ്ങളും സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്. ഈ വർഷം മാർച്ച് 8 മുതൽ 14 വരെ നീണ്ടുനിൽക്കുന്ന പരിപാടികൾ വിവിധ വകുപ്പുകളുടെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെയും ആഭിമുഖ്യത്തിൽ വനിതാ വികസന വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ 40 വനിത കോളേജുകളിൽ വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഓരോ വിമൻസ് സെൽ നടത്തിവരുന്നു. വിമൻ സെൽ മുഖേന വിദ്യാർത്ഥിനികൾക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം സെമിനാറുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ നടത്തിവരുന്നു. സോഫ്റ്റ് സ്കിൽ, ഐ.ടി സ്കിൽ എന്നിവയിൽ പരിശീലനം നൽകുന്നു. തൊഴിലിടങ്ങളിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന ലൈംഗിക പീഡനങ്ങൾ സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിനായി ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റിയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ശില്പശാലകൾ നടത്തി വരുന്നു. സ്ത്രീകൾ, കുട്ടികൾ, ഭിന്നലിംഗക്കാർ എന്നിവരോടുള്ള പോലീസിന്റെ പെരുമാറ്റം ആക്ഷേപങ്ങൾക്ക് ഇടവരുത്താതിരിക്കാനായി എല്ലാ പോലീസ് സ്റ്റേഷനുകളിലെയും ഉദ്യോഗസ്ഥർക്ക് ലിംഗാവബോധ പരിശീലന പരിപാടികൾ ആവിഷ്കരിച്ചു. ആർത്തവ ശുചിത്വത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ കുട്ടികൾക്ക് ആർത്തവ ശുചിത്വത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിശീലന പരിപാടികൾ നടത്തിവരുന്നു. വിധവകളെ സ്വയം പര്യാപ്തതയിലേയ്ക്ക് നയിക്കുന്നതിനായി സംരംഭകത്വ വികസന പരിശീലന പരിപാടി സ്റ്റൈപ്പന്റോടുകൂടി നടത്തിവരുന്നു.

## പരാതി പരിഹാര സംവിധാനം

28 (*598) <u>ശ്രീ. പി. ടി. എ. റഹീം :</u>

<u>ശ്രീ. രാജു എബ്രഹാം :</u>

<u>ശ്രീ. മുരളി പെരുനെല്ലി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ നിക്ഷിപ്തതാൽപര്യങ്ങളാലോ കെടുകാര്യസ്ഥതയാലോ നിസാരകാരണങ്ങളാലോ ദീർഘകാലമായി ചുവപ്പുനാടയിൽ കുരുക്കിയിടുന്നത് അവസാനിപ്പിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള പരാതി പരിഹാര സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(ബി) ഉദ്യോഗസ്ഥരോടൊപ്പം ജനപ്രതിനിധികളെ കൂടി പങ്കെടുപ്പിച്ചു കൊണ്ടുള്ള താലൂക്ക്തല അദാലത്തുകളിലൂടെ പ്രശ്നപരിഹാരത്തിന് കാര്യക്ഷമമായി ഇടപെടാൻ സാധ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ;

(സി) ജനസൗഹൃദ സേവന കേന്ദ്രങ്ങളായി സർക്കാർ ഓഫീസുകളെ പരിവർത്തനം ചെയ്യാൻ സാധിക്കുംവിധം സേവനാവകാശ നിയമത്തിലും അതിന്റെ പ്രയോഗത്തിലും വേണ്ട മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ജനങ്ങളുടെ ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ലളിതമായി പരിഹരിക്കാവുന്നതും, പരിഹരിക്കാൻ പ്രയാസമുള്ളതുമായ ധാരാളം പരാതികൾ ഉദ്യോഗസ്ഥന്മാരുടെയും സ്ഥാപനങ്ങളുടെയും അലംഭാവം കൊണ്ടോ അശ്രദ്ധ കൊണ്ടോ പരിഹരിക്കപ്പെടാതെ പോകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികളിൽ അതീവ ശ്രദ്ധ നൽകി പരിശോധിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശങ്ങളോടെ പരാതി പരിഹാര സംവിധാനം ഇപ്പോൾ പ്രവർത്തിക്കുന്നത്. വിവിധ മാർഗ്ഗേണ മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികൾ വിഷയങ്ങളുടെ തരംതിരിവോടെ പരാതി പരിഹാര സെല്ലിലെ ഉദ്യോഗസ്ഥർ പരിശോധിക്കുകയും സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സംവിധാനത്തിലൂടെ പരിഹാരം നിർവ്വഹിക്കേണ്ട ഓഫീസിലേയ്ക്ക് നടപടിക്കായി അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. സാധ്യമായ പരിഹാരം കണ്ടെത്തി പരാതിക്കാരന് മറുപടി നൽകണമെന്ന നിർദ്ദേശവും നൽകുന്നു. ചില പരാതികളിൽ അതീവ ജാഗ്രത കാക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെടുമ്പോൾ പരിഹാരത്തിനുള്ള സമീപന രീതി നിർദ്ദേശിച്ചുകൊണ്ടാണ് അത്തരം പരാതികൾ മുഖ്യമന്ത്രിയുടെ സെക്രട്ടറി തന്നെ നേരിട്ട് കൈമാറുന്നത്. പ്രയോറിറ്റി കേസ്സുകളായി പരിഗണിക്കപ്പെടുന്ന ഇത്തരം പരാതികൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന് തീർപ്പ് സംബന്ധിച്ച റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഓൺലൈനായും തപാലിലും നേരിട്ടും ജനപ്രതിനിധികൾ മുഖാന്തിരവും മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികളെല്ലാം തന്നെ ഓൺലൈനായി കൈകാര്യം ചെയ്യുന്ന രീതിയാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. cmo.kerala.gov.in എന്ന വെബ്പോർട്ടൽ വഴി കേരളത്തിലെ എല്ലാ സുപ്രധാന ഓഫീസുകളിലേയ്ക്കും റവന്യൂ വകുപ്പിലെ ഫീൽഡ് തല ഓഫീസുകളിലേയ്ക്കും വരെ പരാതി പരിഹാര സംവിധാനം

ബന്ധപ്പെട്ടിട്ടുണ്ട്. ജില്ലാതലങ്ങളിലും താലൂക്ക് തലങ്ങളിലും ലഭിക്കുന്ന പരാതികൾക്ക് പ്രത്യേകമായ പരിശോധനയും പരിഹാരവും ഉണ്ടാക്കാൻ ജില്ലാതലങ്ങളിലും താലൂക്ക് തലങ്ങളിലും പരാതി പരിഹാരം സംഘടിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. 26-10-2017-ലെ സ.ഉ.(കൈ) 362/2017/റവ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച ഓരോ ജില്ലയിലെയും ഓരോ താലൂക്കിൽ വീതം പരാതി പരിഹാര അദാലത്ത് സംഘടിപ്പിച്ചുവരുന്നു. ഇത് സംബന്ധിച്ച് റിപ്പോർട്ടുകൾ സർക്കാർ നേരിട്ട് നിരീക്ഷിക്കുന്നുമുണ്ട്.

അത്യന്തം പ്രാധാന്യമർഹിക്കുന്നതും പരിഹരിക്കാവുന്നതും എന്നാൽ പരിഹാരം നീണ്ടുപോകുന്നതുമായ പരാതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി രേഖകൾ പരിശോധിച്ചോ നേരിട്ടു കേട്ടോ പരാതി പരിഹാര സെല്ലിലെ ഉദ്യോഗസ്ഥർ പരിഹാരം ഉണ്ടാക്കുന്നുണ്ട്. വിവിധ ഓഫീസുകൾ സന്ദർശിച്ചും പരാതി പരിഹാര ഉദ്യോഗസ്ഥർ പൊതുജനങ്ങളുടെ പരാതിക്ക് പരിഹാരം നിർദ്ദേശിക്കുന്നു.

(ബി) സർക്കാരിന് ലഭിക്കുന്ന പരാതികളിൽ ഭൂരിഭാഗവും പരാതിക്കാരും ഉദ്യോഗസ്ഥരും മുഖാമുഖമിരുന്ന് വിലയിരുത്തിയാൽ തീർപ്പാക്കാവുന്നതേയുള്ളൂവെന്ന് വിലയിരുത്തിയിട്ടുണ്ട്. ജനപ്രതിനിധികൾ അദാലത്തുകളിൽ പങ്കെടുക്കുമ്പോൾ പരിഹാരം എളുപ്പത്തിലാക്കാൻ സഹായകരമാകുന്നു എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പരാതി പരിഹാരം മുഖ്യവിഷയമായതിനാൽ ജനപ്രതിനിധികൾ താല്പര്യപൂർവ്വം അദാലത്തുകളിൽ സജീവമായി പങ്കെടുക്കാറുണ്ട്.

(സി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനും അഴിമതി കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടാണ് സേവനാവകാശ നിയമം നടപ്പാക്കിയിട്ടുള്ളത്. നിലവിൽ 121 വകുപ്പുകളിൽ ഈ നിയമം നടപ്പാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കുക, പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുക, പൗരന്മാരുമായിട്ടുള്ള ആശയ വിനിമയം കൂടുതൽ ശക്തിപ്പെടുത്തുക എന്നിവയാണ് സർക്കാർ ചെയ്തുവരുന്നത്. സേവനാവകാശ നിയമം കൂടുതൽ ഫലപ്രദമാക്കാനും അതിന്റെ ഗുണഫലങ്ങൾ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാക്കാനുമുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്താനായി 15-12-2016-ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള മുൻകയ്യെടുത്ത് ശിൽപ്പശാല സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സർക്കാർ പരിശോധിച്ചുവരികയുമാണ്.

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടികൾ

29 (*599) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സർവീസ് കാര്യക്ഷമമാക്കുന്നതിന് സർക്കാർ ജീവനക്കാരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവന മനോഭാവം അങ്കുരിപ്പിക്കുന്നതിനും പര്യാപ്തമായ വിധത്തിൽ പരിശീലന പരിപാടികൾ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അഴിമതി നിർമ്മാർജ്ജനത്തിനായി പൊതുജന പങ്കാളിത്തത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിവിധ അവബോധ പദ്ധതികളും ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗവും ഫലപ്രദമായി നടക്കുന്നുണ്ടോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) സിവിൽ സർവ്വീസിന്റെ കാതലായ മാറ്റത്തിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനും ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനും സർക്കാർ തലത്തിലുള്ള പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന് കൂടുതൽ അനുഭവവേദ്യമാക്കുന്നതിനുമായി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതടക്കമുള്ള സമഗ്രമായ ശിപാർശകൾ സമർപ്പിക്കുന്നതിന് സംസ്ഥാനത്ത് ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പുതല ചട്ടക്കൂടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തിപ്പെടുത്തുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചിട്ടുണ്ട്.

(ബി) പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം സർക്കാർ അംഗീകരിച്ച് 13-7-2017-ലെ സ.ഉ (അച്ചടി) 9/2017/ഉ.ഭ.പ.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും ജീവിതകാലമുടനീളമുള്ള പഠനാധിഷ്ഠിത പരിശീലനവും വികസന തന്ത്രങ്ങളും ഉറപ്പാക്കി ജീവനക്കാരെ പൂർണ്ണ വികസനം കൈവന്ന, കർത്തവ്യബോധമുള്ള,

പൊതുജനക്ഷേമ തൽപ്പരരായ പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ക്ഷേമത്തിന് പ്രതിജ്ഞാബദ്ധമായ തൊഴിൽ സംഘങ്ങളിലെ അംഗങ്ങളായി പരിവർത്തനം ചെയ്യുവാൻ ഈ നയത്തിലൂടെ ലക്ഷ്യമിടുന്നു. ഉദ്യോഗസ്ഥർ തങ്ങളുടെ ജോലിയിലെ ചുമതലകൾ മികവോടെ നിർവ്വഹിക്കുന്നതിനുവേണ്ട അറിവും കഴിവുകളും നിലപാടുകളും സ്വായത്തമാക്കുന്നുവെന്ന് ഉറപ്പാക്കാനും ഉദ്യോഗസ്ഥന്റെയും സ്ഥാപനങ്ങളുടെയും പ്രകടനത്തെ മെച്ചപ്പെടുത്താനും സേവന നിലവാരം ഉയർത്താനും പരിശീലനങ്ങളിലൂടെ കഴിയണമെന്ന് പരിശീലന നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പരിഷ്കരിച്ച സംസ്ഥാന പരിശീലന നയ പ്രകാരമാണ് നിലവിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്.

(സി) അഴിമതി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയിൽ കമ്മ്യൂണിറ്റി ഔട്ട്റീച്ച് പ്രോഗ്രാമിന്റെ ഭാഗമായി ജില്ലാടിസ്ഥാനത്തിലും യൂണിറ്റ് അടിസ്ഥാനത്തിലും പൊതുജന ബോധവൽക്കരണത്തിനായി നാടകങ്ങൾ, സാംസ്കാരിക പരിപാടികൾ വിശദീകരണ യോഗങ്ങൾ തുടങ്ങിയവ നടത്തുന്നു. ക്രിയേറ്റീവ് വിജിലൻസിന്റെ ഭാഗമായി അഴിമതി നിർമ്മാർജ്ജനത്തിനുവേണ്ട നിർദ്ദേശങ്ങളടങ്ങിയ ബുക്ക് ലെറ്റുകളും പാംലെറ്റുകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സീറോ ടോളറൻസ് ടു കറപ്ഷൻ എന്ന വാക്കിന്റെ പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഡോക്യുമെന്ററി ഫിലിം നിർമ്മിച്ച് വിഷ്വൽ മീഡിയ വഴിയും എഫ്.എം ചാനൽ വഴിയും ജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനായി വിവിധ മത്സരങ്ങളും സെമിനാറുകളും സംഘടിപ്പിച്ചു. ആധുനിക സാങ്കേതിക വിദ്യയുടെ ഭാഗമായി ഓൺലൈൻ അവയർനെസ് പ്രോഗ്രാം ഓൺ സീറോ ടോളറൻസ് ടു കറപ്ഷൻ ത്രൂ സൈബർ ഡോമിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. ആധുനിക വിവരസാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയിൽ രണ്ട് മൊബൈൽ ആപ്പുകളായ എറൈസിംഗ് കേരള, വിസിൽ നൗ എന്നിവ ഏർപ്പെടുത്തിയിരുന്നു. പൊതുജനങ്ങൾക്ക് അഴിമതി സംബന്ധമായ പരാതികൾ നൽകുന്നതിനായി www.pblicvig.in എന്ന വെബ്സൈറ്റ് സൗകര്യവും ടോൾ ഫ്രീ നമ്പറും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ മറ്റ് അവബോധ പദ്ധതികളും ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും ഫലപ്രദമായി നടക്കുന്നുണ്ട്.

**റേഷൻ കടകളിലൂടെ സപ്ലൈകോ ഉല്പന്നങ്ങൾ**

30 (*600) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ വൈവിദ്ധ്യവല്ക്കരണത്തിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) റേഷൻ കടകൾ വഴി ആട്ട, റവ, സൂചി ഗോതമ്പ്, മൈദ എന്നിവ വിറ്റഴിക്കുന്നതിന് പദ്ധതിയുണ്ടോ;

(സി) റേഷൻ കടകൾവഴി സപ്ലൈകോ ഉല്പന്നങ്ങൾ വില്പന നടത്തുന്നത് പരിഗണനയിലുണ്ടോ;

(ഡി) ആദിവാസി ഊരുകളിൽ റേഷൻ വിതരണത്തിനായി മൊബൈൽ റേഷൻ കടകൾ ആരംഭിക്കുമോ;വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളുടെ നവീകരണത്തിനും മറ്റ് പലചരക്കുകൾ കൂടി വിൽക്കുന്ന കടകളായി അവയെ രൂപാന്തരപ്പെടുത്തുന്നതിനും കെ.എസ്.എഫ്.ഇ. വഴി പലിശ രഹിത വായ്പ ലഭ്യമാക്കുവാൻ 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ നിർദ്ദേശം ഉണ്ടായിരുന്നു. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പൂർണ്ണമായ രീതിയിൽ സംസ്ഥാനത്ത് നടപ്പാക്കിയതിനുശേഷം മാത്രമേ റേഷൻ കടകൾ നവീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയുള്ളൂ.

(ബി) റേഷൻ കടകൾ വഴി ആട്ട വിൽപ്പന നടത്തുന്നുണ്ട്. റവ, സൂചി ഗോതമ്പ്, മൈദ എന്നിവ റേഷൻ കടകൾവഴി വിറ്റഴിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ പ്രമുഖ ബ്രാൻഡുകളുടെ മൈദ, റവ, സൂചി ഗോതമ്പ് എന്നിവ സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യുന്നുണ്ട്.

(ഡി) ആദിവാസി ഊരുകളിൽ റേഷൻ വിതരണത്തിനായി മൊബൈൽ റേഷൻ കടകൾ 14-7-2017 മുതൽ ആരംഭിച്ചിട്ടുണ്ട്. അന്നേ ദിവസം മുതൽ തൃശ്ശൂർ താലൂക്കിലെ ഒളകര, മണിയൻകിണർ, താമരവെള്ളച്ചാൽ എന്നീ ആദിവാസി ഊരുകളിൽ സർക്കാരിന്റെ സഞ്ചരിക്കുന്ന റേഷൻകട പദ്ധതിയിൽ ഉൾപ്പെടുത്തിയ 141 കുടുംബങ്ങൾക്ക് സിവിൽ സപ്ലൈസ് വകുപ്പിന്റെയും വനം വകുപ്പിന്റെയും വാഹനം ഉപയോഗിച്ച് നേരിട്ടെത്തിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാരുടെ സാന്നിദ്ധ്യത്തിൽ റേഷൻ വിഹിതം കൃത്യമായ അളവിൽ നൽകിവരുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേരള ഹൗസിലെ കോൺഫറൻസ് ഹാൾ

1 (5661) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂഡൽഹി കേരള ഹൗസിലെ കോൺഫറൻസ് ഹാൾ രാഷ്ട്രീയ പാർട്ടികൾക്കും, ജീവനക്കാരുടെ സംഘടനകൾക്കും അനുവദിക്കേണ്ട എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യമെന്താണ്എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ന്യൂഡൽഹി കേരള ഹൗസിലെ കോൺഫറൻസ് ഹാൾ രാഷ്ട്രീയ പാർട്ടികൾക്കും ജീവനക്കാരുടെ സംഘടനകൾക്കും (കേരള ഹൗസിലെ ജീവനക്കാരുടെ സംഘടനകൾ ഒഴികെയുള്ള) അനുവദിക്കേണ്ട എന്ന ഉത്തരവ് 14-6-2011-ലെ സ.ഉ.(കൈ) 198/11/പൊ.ഭ.വ. പ്രകാരമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ നിഷ്കർഷ കേരള ഹൗസിലെ മുറി വാടക നിരക്ക് പരിഷ്കരിച്ച് പുറപ്പെടുവിച്ച 23-8-2017-ലെ സ.ഉ.(കൈ) 276/2017/ പൊ.ഭ.വ.-യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ അതിഥി മന്ദിരങ്ങളിലെ കോൺഫറൻസ് ഹാളുകൾ രാഷ്ട്രീയ പാർട്ടികൾക്കും ജീവനക്കാരുടെ സംഘടനകൾക്കും അനുവദിക്കേണ്ടതില്ല എന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

**സേവനാവകാശ നിയമം**

2 (5662) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാസ്സാക്കുന്ന നിയമങ്ങൾക്ക് അനുസൃതമായി സർക്കാർ സംവിധാനം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ഓരോ നിയമങ്ങളും പാസ്സാക്കുമ്പോൾ അവയുടെ പ്രവർത്തനം പ്രത്യേകമായി പരിശോധിക്കേണ്ട സ്ഥിതിവിശേഷം നിലവിലുണ്ടോ; വിശദമാക്കാമോ; സേവനാവകാശ നിയമത്തിന്റെ കാര്യത്തിൽ ഇത് ബാധകമാണോ;

(സി) എങ്കിൽ സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നശേഷം സർക്കാർ ഓഫീസുകളിൽ ഉണ്ടായ മാറ്റം പ്രത്യേകമായി പരിശോധിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സേവനാവകാശ നിയമത്തിന്റെ പ്രായോഗികതയുടെ നല്ലവശം ഏത് രീതിയിൽ വിലയിരുത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്; വരും വർഷങ്ങളിൽ സേവനാവകാശ നിയമത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ- സി) നിയമങ്ങളും ചട്ടങ്ങളും പാലിച്ചാണ് സർക്കാർ സംവിധാനം പ്രവർത്തിക്കുന്നത്. ആയതിനാൽ ഇക്കാര്യം പ്രത്യേകമായി പരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല. എന്നാൽ ഭരണ സംവിധാനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് നിയപരിഷ്കരണവും ഭരണപരിഷ്കാരവും നടപ്പിലാക്കുന്നതിനായി നിയമ പരിഷ്കരണ കമ്മീഷനും ഭരണ പരിഷ്കാര കമ്മീഷനും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ഡി) സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുവാനും പൊതുസമൂഹത്തിന് അനുഗുണമാംവിധത്തിൽ ലളിതവും സുതാര്യവുമാക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

## സർക്കാർതല ക്യാന്റീൻ

3 (5663) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ക്യാന്റീൻ മാതൃകയിൽ കേരളത്തിലെ പ്രധാനപ്പെട്ട സർക്കാർ ആഫീസ് സമുച്ചയങ്ങളിൽ സർക്കാർതല ക്യാന്റീൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രത്യക്ഷമായും പരോക്ഷമായും കുറെപ്പേർക്ക് തൊഴിൽ ലഭിക്കുകയും ജീവനക്കാർക്ക് നല്ല സാധനങ്ങൾ വിലകുറച്ച് ലഭിക്കുകയും ചെയ്യുമെന്നുള്ളതിനാൽ ഇക്കാര്യം പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ചോദ്യം എ പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തിയില്ല.

## മുൻസർക്കാരിന്റെ കാലത്തെ മന്ത്രിസഭായോഗ തീരുമാനങ്ങൾ

4 (5664) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് 01.01.2016 മുതൽ 30.04.2016 വരെ എടുത്തിട്ടുള്ള 910 മന്ത്രിസഭായോഗ തീരുമാനങ്ങൾക്ക് അനുസൃതമായി പുറപ്പെടുവിച്ച ഉത്തരവുകൾ പരിശോധിച്ച മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത്;

(ബി) പ്രസ്തുത റിപ്പോർട്ട് മന്ത്രിസഭ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര ഉത്തരവുകളാണ് നിയമവിരുദ്ധമായി കണ്ടെത്തിയത്;

(സി) നിയമവിരുദ്ധമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ മന്ത്രിസഭയുടെ അവസാന കാലത്തെ മന്ത്രിസഭായോഗ തീരുമാനങ്ങൾ പരിശോധിച്ച മന്ത്രിസഭാ ഉപസമിതി 18-1-2017-ന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

(ബി&സി) 14-3-2017-ന് ചേർന്ന മന്ത്രിസഭായോഗം പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതി വ്യക്തമായ ശിപാർശ സമർപ്പിച്ചിരുന്ന 115 തീരുമാനങ്ങളിൽ ചിലത് റദ്ദ് ചെയ്യുന്നതിനും ചിലത് പുനഃപരിശോധിക്കുന്നതിനും മറ്റ് ചിലത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## എം.എൽ.എ. -മാർക്ക് ഇ-ഓഫീസ് അക്കൗണ്ട്

5 (5665) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാർക്ക് ഇ - ഓഫീസ് അക്കൗണ്ട് (യൂസർ ഐ.ഡി, പാസ്സ്‌വേർഡ്) ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് എന്നേക്ക് എം.എൽ.എ.-മാർക്ക് ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത് ലഭ്യമാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം കാരണം അംഗങ്ങൾക്ക് അവരവരുടെ മണ്ഡലങ്ങളിലെ ഫയലുകൾ ഫോളോ അപ്പ് ചെയ്യുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് ഗൗരവമായി കാണുമോ എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ - സി) ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വകുപ്പുകളിലെ ഫയൽ നീക്കം സംബന്ധിച്ച വിവരം ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ലഭിക്കുന്നതിനായി സിറ്റിസൺ ഇന്റർഫേസ് ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. http://eoffice.kerala.gov.in എന്ന URL മുഖാന്തിരം ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും യൂസർ ഐ.ഡി.യും പാസ്‌വേർഡും ഇല്ലാതെതന്നെ എവിടെനിന്ന് വേണമെങ്കിലും ഇന്റർനെറ്റിലൂടെ ഫയൽ നീക്കം സംബന്ധിച്ച വിവരം ലഭ്യമാകുന്ന സംവിധാനം നിലവിലുണ്ട്.

## ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്

6 (5666) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് സെക്രട്ടറി തസ്തികയിൽ നിന്ന് വിരമിച്ച ശേഷം മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിക്കപ്പെട്ട ശ്രീമതി നളിനി നെറ്റോയ്ക്ക് നിലവിൽ എത്ര സ്റ്റാഫിനെ നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത സ്റ്റാഫിന് ശമ്പളയിനത്തിൽ പ്രതിമാസം എന്ത് തുക ചെലവാകും ;

(സി) ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ് നവീകരണത്തിന് എന്ത് തുക ചെലവഴിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) 10 ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് ലഭ്യമാക്കുവാൻ നടപടി

7 (5667) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട എം.എൽ.എ.- മാർക്ക് ലഭ്യമാക്കാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഉത്തരവുകൾ സ്ഥലം എം.എൽ.എ.-മാർക്ക് ബോധപൂർവ്വം നൽകാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കുമോ;

(ഡി) നാളിതുവരെ ഇത്തരം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇനിയെങ്കിലും കർശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ വികസന പ്രവർത്തനങ്ങളുടെ തീരുമാനങ്ങൾ/ഉത്തരവുകൾ യഥാസമയം എം.എൽ.എ. മാർക്ക് ലഭ്യമാകുന്നില്ലെന്ന് ശ്രീ. രാജു എബ്രഹാം എം.എൽ.എ. സമർപ്പിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിൽ 23-10-2017-ലെ പാ.കാ.വ.എ 2/205/2017-പാ.കാ.വ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് വിവിധ നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും

നിർമ്മാണപ്രവർത്തനങ്ങളുടെയും നിജസ്ഥിതി സ്ഥലം എം.എൽ.എ.മാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.-ക്ക് നൽകണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും എല്ലാ വകുപ്പുകൾക്കും വകുപ്പുതലവന്മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

**നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ**

8 (5668) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയമസഭാ നിയോജകമണ്ഡലങ്ങളിലുമുള്ള വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നത് പ്രസ്തുത മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.-യുടെ നിർദ്ദേശമനുസരിച്ചാണോ;

(ബി) അല്ലെങ്കിൽ പ്രസ്തുത മണ്ഡലങ്ങളിലെ വികസന പ്രവൃത്തികൾ ശിപാർശ ചെയ്യാനുള്ള അധികാരം ആർക്കാണ് ഗവൺമെന്റ് നൽകിയിട്ടുള്ളത്;

(സി) സ്ഥലം എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്നവ ഒഴിവാക്കി മറ്റ് വ്യക്തികളോ സംഘടനകളോ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവണത ഇപ്പോൾ നടന്നുവരുന്നത് നീതിയുക്തമാണോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) എം.എൽ.എ. മാരുടെ പ്രാദേശിക നിധി, നിയോജകമണ്ഡല ആസ്തി വികസന പദ്ധതി എന്നിവ വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നത് പ്രസ്തുത മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.യുടെ നിർദ്ദേശം അനുസരിച്ചാണ്.

(ബി & സി) ബാധകമല്ല.

**ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും ചെലവുകൾ**

9 (5669) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവർ അതിഥി സല്ക്കാരത്തിനും യാത്രാബത്തയ്ക്കുമായി ഇതുവരെ എന്ത് തുക ചെലവഴിച്ചു;

(ബി) ചെയർമാൻ, അംഗങ്ങൾ എന്നിവർക്ക് മൊബൈൽ ഫോൺ, ഔദ്യോഗിക വസതിയിലെയും ഓഫീസിലെയും ഫോൺ എന്നിവയ്ക്ക് ഇതുവരെ എന്ത് തുക ചെലവായി; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനും അംഗങ്ങളും അതിഥിസത്കാരത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ ശ്രീ. വി.എസ്. അച്യുതാനന്ദന് യാത്രാബത്ത ഇനത്തിൽ ആകെ 2,51,267 രൂപ (രണ്ട് ലക്ഷത്തി അൻപത്തിയൊന്നായിരത്തി ഇരുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) നൽകിയിട്ടുണ്ട്. മെമ്പർ ശ്രീമതി നീലാ ഗംഗാധരന് 1,63,409 രൂപ (ഒരു ലക്ഷത്തി അറുപത്തി മൂവായിരത്തി നാനൂറ്റി ഒൻപത് രൂപ മാത്രം) യും, മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസിന് 43,940 രൂപ (നാൽപ്പത്തി മൂവായിരത്തി തൊള്ളായിരത്തി നാല്പത് രൂപ മാത്രം) യും യാത്രാബത്തയായി നൽകിയിട്ടുണ്ട്.

(ബി) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ മൊബൈൽ ഫോൺ ഉപയോഗിച്ചതിന് 7,733 രൂപ (ഏഴായിരത്തി എഴുന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്. കൂടാതെ ബ്രോഡ്ബാന്റ് കണക്ഷന് 12,522 രൂപ (പന്ത്രണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) യും ലാന്റ് ഫോണുകൾ ഉപയോഗിച്ചതിന് 25,840 രൂപ (ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി നാല്പത് രൂപ മാത്രം) യും ചെയർമാൻ ചെലവഴിച്ചിട്ടുണ്ട്. കമ്മീഷൻ അംഗങ്ങൾ ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**മന്ത്രിമാർക്ക് പോലീസ് എസ്കോർട്ട്**

10 (5670) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മന്ത്രിമാർ പോലീസ് എസ്കോർട്ട് ഉപയോഗിക്കുന്നില്ല എന്ന പ്രഖ്യാപനത്തിനു ശേഷവും ഏതെല്ലാം മന്ത്രിമാർ പോലീസ് എസ്കോർട്ട് വാഹനങ്ങൾ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

നിലവിലുള്ള സുരക്ഷാ കാറ്റഗറി പ്രകാരം സംസ്ഥാനത്തെ എല്ലാ മന്ത്രിമാരും പോലീസ് എസ്കോർട്ട് ലഭിക്കുന്നതിന് അർഹരാണ്. ആയതുപ്രകാരം എല്ലാ മന്ത്രിമാർക്കും സുരക്ഷാ സാഹചര്യങ്ങൾക്ക് അനുസൃതമായി എസ്കോർട്ട് നൽകിവരുന്നു.

## ഒന്നിലേറെ വകുപ്പുകളുടെ ചുമതലയുള്ള വകുപ്പ് മേധാവികൾ

11 (5671) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നിലേറെ വകുപ്പുകളുടെ ചുമതലയുള്ള എത്ര വകുപ്പ് മേധാവികളാണ് നിലവിൽ സംസ്ഥാനത്തുള്ളത്; വകുപ്പുകൾ ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(ബി) ഇതിനാൽ ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ- സി) വിവരം ശേഖരിച്ചുവരുന്നു.

## കോട്ടയം ജില്ലയിലെ ബൈൻഡർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ

12 (5672) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ വിവിധ വകുപ്പുകളിൽ ബൈൻഡർ ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഒരു ഒഴിവുപോലും ഒരു വകുപ്പിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തിന് കാരണമെന്താണ്; നിലവിൽ ഈ തസ്തികയിൽ ഏതെങ്കിലും ഓഫീസിൽ ഒഴിവുകളുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ആയത് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ആശ്രിത നിയമനത്തിനായി ശ്രീ. പ്രമോദിന്റെ അപേക്ഷ

13 (5673) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. പ്രമോദ്. എസ് T.C 4/45, കവടിയാർ പി.ഒ. അമ്പല നഗർ, തിരുവനന്തപുരം എന്നയാൾ സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം ആശ്രിത നിയമനത്തിനായി എന്നാണ് അപേക്ഷ നൽകിയിരുന്നത്; ഈ അപേക്ഷയിൽ എന്ത് തീരുമാനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഈ അപേക്ഷയിൽ കാലതാമസം വരാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ആശ്രിത നിയമനത്തിനായി ശ്രീ. പ്രമോദിനെ പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷങ്ങൾക്കുമുമ്പ് ജോലി ലഭിക്കേണ്ട ഇദ്ദേഹത്തിന് തന്റേതല്ലാത്ത കാരണത്താൽ കാലതാമസം വന്നത് പരിഗണിച്ച് നിലവിൽ ആദ്യം ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് ശ്രീ.പ്രമോദിനെ പരിഗണിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രീ. പ്രമോദ് എസ്. സമാശ്വാസ തൊഴിൽദാന പദ്ധതിക്ക് അപേക്ഷ സമർപ്പിച്ചത് 28-04-2000-ലാണ്. ശ്രീ. പ്രമോദ്. എസ്.-നെ വിവിധ വകുപ്പുകളിലേയ്ക്കുള്ള എൽ.ഡി.സി. സീനിയോറിറ്റി ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പൊതുഭരണ വകുപ്പിൽ സെക്ഷൻ ഓഫീസറായിരിക്കെ മരണപ്പെട്ട കൃഷ്ണമ്മ. പി. എൻ.-ന്റെ മകൻ ശ്രീ. പ്രമോദ്. എസ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 28-4-2000-ൽ സമർപ്പിച്ച ഒരു അപേക്ഷ, തിരുവനന്തപുരം ജില്ലാ കളക്ടറുടെ അന്വേഷണത്തിനുശേഷം 31-10-2016-ൽ പൊതുഭരണ വകുപ്പിൽ ലഭിച്ചു. പ്രസ്തുത അപേക്ഷയിൽ അപേക്ഷകന് ക്ലാസ് III വിഭാഗത്തിൽ നിയമനം നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. നിയമനം ആഗ്രഹിക്കുന്ന തസ്തിക കൃത്യമായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ലായിരുന്നു. പിന്നീട്, വിവിധ സർക്കാർ വകുപ്പുകളിൽ ഏതിലെങ്കിലും എൽ.ഡി.സി. തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകണമെന്ന് വ്യക്തമാക്കിക്കൊണ്ട് ശ്രീ. പ്രമോദ്.എസ്. 15-2-2017-ൽ അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് പ്രസ്തുത അപേക്ഷ വിശദമായി പരിശോധിക്കുകയും ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പ്രമോദ്. എസ്.-ന് എൽ.ഡി.സി. തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് കണ്ടെത്തുകയുമുണ്ടായി.

(സി) ഉണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ശ്രീ. പ്രമോദിന്റെ ഊഴം വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

**ആശ്രിത നിയമനം**

14 (5674) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആശ്രിതനിയമനം നൽകുന്നത് സംബന്ധിച്ച് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സം നീക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇല്ല.

**അഴിമതിയുടെ പേരിൽ നടപടി സ്വീകരിക്കപ്പെട്ട ഉദ്യോഗസ്ഥർ**

15 (5675) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് അഴിമതിയുടെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അതിൽ ഉന്നത ഉദ്യോഗസ്ഥരെത്രയെന്നും മറ്റുള്ളവരെത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**സർവ്വീസ് സംഘടനകൾ**

16 (5676) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ഏതെല്ലാം വകുപ്പുകളിലാണ് കാറ്റഗറി സർവ്വീസ് സംഘടനകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര സർവ്വീസ് സംഘടനകൾക്ക് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നല്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ വ്യക്തമാക്കാമോ;

(ഡി) എത്ര സർവ്വീസ് സംഘടനകൾ സമ്മേളനങ്ങൾ നടത്തി വരവ് ചെലവ് കണക്കുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 311 സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 77(a) പ്രകാരമാണ് സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നത്.

(ഡി) 7 സംഘടനകൾ 2017-ലെ വാർഷിക വരവ് ചെലവ് കണക്കുകൾ സമർപ്പിച്ചിട്ടുണ്ട്.

**വിവരാവകാശ കമ്മീഷണർമാരുടെ ഒഴിവുകൾ**

17 (5677) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷണർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഈ ഒഴിവുകൾ നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(സി) ഈ ഒഴിവുകൾ നികത്തുന്ന കാര്യത്തിൽ എന്തെങ്കിലും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ലഭിച്ച അപേക്ഷകളിൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത ഒഴിവുകളിൽ എന്നത്തേക്ക് നിയമനം നടത്താനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5 ഒഴിവുകളാണ് നിലവിലുള്ളത്.

ഒഴിവുകൾ നിലവിൽ വന്ന തീയതി

1. 9-11-2012
2. 20-3-2015
3. 5-4-2015
4. 10-8-2015
5. 25-10-2015

(ബി) 11-10-2017

(സി - ഇ) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സി.എ.പി.എഫ്.ഉദ്യോഗസ്ഥർക്ക് സൗകര്യമൊരുക്കിയ കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള തുക

18 (5678) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ആലപ്പുഴ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ക്രമസമാധാന പാലനത്തിന് നിയോഗിച്ച സി.എ.പി.എഫ്. ഉദ്യോഗസ്ഥരുടെ താമസത്തിന് താൽകാലിക സൗകര്യം കോൺട്രാക്ടർമാരായ ഇക്ബാൽഖാൻ, ഷൈൻ മാത്യു, റ്റി.എം. വിജയൻ എന്നിവർ ഒരുക്കിയിരുന്നോ;

(ബി) കോൺട്രാക്ടർമാർക്ക് ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് തുകയാണ് നൽകുവാനുള്ളത്;

(സി) പ്രസ്തുത തുക അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; ഇതു സംബന്ധിച്ച് പോലീസ് വകുപ്പിൽനിന്നും 11-10-2017-ലും 1-11-2017-ലും നൽകിയ കത്തുകളുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സി.എ.പി.എഫ്. ഉദ്യോഗസ്ഥരുടെ താമസത്തിന് താൽക്കാലിക സൗകര്യം ടിയാന്മാർ ഒരുക്കിയിരുന്നു.

(ബി) ആലപ്പുഴ ജില്ലാ കളക്ടർ നൽകിയ ബില്ലുകൾ പ്രകാരം ശ്രീ. ഇക്ബാൽഖാന് - 3,89,423 രൂപയും ശ്രീ. ഷൈൻ മാത്യുവിന് 2,60,764 രൂപയും ശ്രീ. റ്റി. എം. വിജയന് 2,81,285 രൂപയും ഉൾപ്പെടെ ആകെ 9,31,442 രൂപയാണ് നൽകാനുള്ളത്.

(സി) ഇല്ല. കേന്ദ്ര ഗവൺമെന്റിൽനിന്നും പ്രസ്തുത ചെലവുകൾ വഹിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ മേൽ തുക കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നതിനുള്ള സാധ്യത എന്നിവ പരിശോധിച്ച് വിവരം നൽകുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

## മലപ്പുറം ജില്ലയിലെ ഓഫീസ് മേധാവികളുടെ ഒഴിവുകൾ

19 (5679) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മിക്കയിടത്തും ജില്ലാതല ഓഫീസർമാരും ഓഫീസ് മേധാവികളും നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച് വിശദാംശം നൽകുമോ;

(സി) സർക്കാർ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് വേണ്ടിയും ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിന് വേണ്ടിയും ഓഫീസ് മേധാവികളെ എത്രയും വേഗം നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ- സി) വിവരം ശേഖരിച്ചുവരുന്നു.

## നായ്ക്കളെ വളർത്തുന്നത് സംബന്ധിച്ച നിയമനിർമ്മാണം

20 (5680) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുനായ്ക്കളുടെ കടിയേറ്റ് വയനാട് ജില്ലയിൽ ഒരു വീട്ടമ്മ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വീട്ടമ്മയുടെ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) അക്രമണകാരികളായ നായ്ക്കളെ വളർത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ച് നിയമനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിയന്തര ധനസഹായമായി വയനാട് ജില്ലാ കളക്ടർ അനുവദിച്ച 5,000 രൂപയ്ക്ക് പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 9-2-2018-ലെ ജി.ഒ.(എം.എസ്.) നമ്പർ 52/2018/റവ. പ്രകാരം 5 ലക്ഷം രൂപ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**നെയ്യാറ്റിൻകരയിൽ അനുവദിച്ച കുടുംബകോടതി**

21 (T+5681) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ അനുവദിച്ച കുടുംബകോടതി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതു വർഷത്തിൽ കുടുംബകോടതി നെയ്യാറ്റിൻകരയിൽ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബകോടതി ആരംഭിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കുടുംബകോടതി നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്നതിനു നിലവിൽ തടസ്സം ഉണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കുടുംബകോടതി നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്നതിനു ഏതെല്ലാം തരത്തിൽ ഉള്ള ക്രമീകരണങ്ങൾ ആണ് നടത്തേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ഇ) 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ കുടുംബകോടതി ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ– ഇ) നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കണമെന്ന നെയ്യാറ്റിൻകര ബാർ അസോസിയേഷന്റെ 28-6-2013-ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 29-9-2015-ൽ ഹൈക്കോടതി രജിസ്ട്രാർ (Subordinate Judiciary) ഒരു പ്രൊപ്പോസൽ സർക്കാരിന് നൽകുകയുണ്ടായി. എന്നാൽ ഈ പ്രൊപ്പോസലിൽ കോടതി സ്ഥാപിക്കാനുള്ള സ്ഥലം എവിടെയാണെന്ന് പരാമർശിച്ചിരുന്നില്ല. തുടർന്ന് സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.

+ "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കോടതി സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമാകാതെ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അനുമതി നൽകാൻ കഴിയില്ലെന്ന് സർക്കാർ വിലയിരുത്തി. ഈ വിഷയം ഹൈക്കോടതി രജിസ്ട്രാറുമായി ബന്ധപ്പെട്ടത് അനുസരിച്ച് ഹൈക്കോടതി രജിസ്ട്രാർ 28-3-2016-ൽ ഒരു റിപ്പോർട്ട് കൂടി നൽകി. പ്രസ്തുത റിപ്പോർട്ടിൽ നെയ്യാറ്റിൻകരയിൽ വിമെൺ സെൽ പ്രവർത്തിച്ചിരുന്ന സ്ഥലത്ത് കോടതി സ്ഥാപിക്കാനുള്ള സ്ഥലവും കെട്ടിടവും ലഭ്യമാണെന്നും അവിടെ കോടതി സ്ഥാപിക്കാൻ ആകുമെന്നും റിപ്പോർട്ട് ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വിമെൺ സെൽ പ്രവർത്തിക്കുന്ന കെട്ടിടം കോടതി സ്ഥാപിക്കുവാൻ ലഭ്യമാകുന്നതിനെ സംബന്ധിച്ച് പോലീസ് മേധാവിയുടെ റിപ്പോർട്ട് ആരാഞ്ഞു. പോലീസ് മേധാവി നൽകിയ റിപ്പോർട്ടിൽ റവന്യൂ വകുപ്പിന്റെ അധീനതയിൽപ്പെട്ട കെട്ടിടത്തിലാണ് ഇപ്പോൾ G.O.(Rt) No. 464/16/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പ് പ്രവർത്തിച്ചുവരുന്നതെന്നും നെയ്യാറ്റിൻകരയിൽ പ്രവർത്തിച്ചുവരുന്ന വനിതാ സഹായസെൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്ത് നിന്ന് മാറ്റി സ്ഥാപിച്ചാൽ ആയതിന് പകരമായി മറ്റ് സ്ഥലങ്ങൾ ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ നെയ്യാറ്റിൻകരയിൽ ഫാമിലി കോടതി സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമല്ലെന്ന അവസ്ഥയാണുള്ളത്. നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി നിർദ്ദേശിക്കാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി

22 (5682) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഏതെല്ലാം ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ അഴിമതിയുടെ പേരിൽ നാളിതുവരെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ സസ്പെൻഷനിലാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) <u>ഐ.എ.എസ്.</u>

1. ശ്രീ. പി. എസ്. മുഹമ്മദ് സാഗിർ ഐ.എ.എസ്.
2. ശ്രീ. അനിൽ. എക്സ് ഐ.എ.എസ്.
3. ശ്രീ. ടി. ഒ. സൂരജ് ഐ.എ.എസ്.
4. ശ്രീ. അശോക് കുമാർ സിംഗ് ഐ.എ.എസ്.

<u>ഐ.പി.എസ്.</u>

1. ശ്രീ. രാഹുൽ ആർ. നായർ ഐ.പി.എസ്.
2. ശ്രീ. ജി. ലക്ഷ്മൺ ഐ.പി.എസ്.

(ബി) ശ്രീ. ഇ. ജെ. ജയരാജ് ഐ.പി.എസ്. ഡോ. ജേക്കബ് തോമസ് ഐ.പി.എസ്, എന്നീ ഐ.പി.എസ്. ഉദ്യോഗസ്ഥർ നിലവിൽ സസ്പെൻഷനിലാണ്.

## കാലാവസ്ഥാ വ്യതിയാനം

23 (T+ 5684) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഏറ്റവും കടുത്ത ഉഷ്ണം അനുഭവിക്കുന്ന മേഖലയാണ് കേരളം എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹരിതാഭമായ സംസ്ഥാനത്ത് ഈ അവസ്ഥ ഉണ്ടാകാനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കഴിഞ്ഞ വർഷം സാധാരണതോതിൽ മഴ ലഭിച്ചിട്ടും സംസ്ഥാനം കടുത്ത വരൾച്ചയിലേക്ക് നീങ്ങുന്നത് ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ കഴിയാത്തത് മൂലമാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) കാലാവസ്ഥാമാറ്റങ്ങളുടെ ആഘാതം കുറയ്ക്കുവാൻ സുസ്ഥിരമായ മാർഗ്ഗങ്ങൾ തേടുന്നതിൽ സംസ്ഥാനത്തിന് സംഭവിച്ചിട്ടുള്ള പരാജയത്തിൽനിന്നും പാഠം ഉൾക്കൊണ്ട് ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ?

---

\+ "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഏറ്റവും കടുത്ത ഉഷ്ണം അനുഭവിക്കുന്ന മേഖലയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അടുത്ത കാലത്തായി വേനൽ കാലത്ത് ഉഷ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആഗോളതലത്തിലുള്ള 'കാലാവസ്ഥാവ്യതിയാനം' എന്ന പ്രതിഭാസം ഈ അവസ്ഥയ്ക്ക് ഒരു കാരണമാണ്. ഇതുകൂടാതെ കേരളത്തിന്റെ ഹരിതാഭയ്ക്കും ജലസമൃദ്ധിക്കും കാലാകാലങ്ങളിൽ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് ജലവിഭവ വിനിയോഗ കേന്ദ്രത്തിന്റെയും മറ്റ് വിദഗ്ധരുടെയും പഠനങ്ങൾ സൂചിപ്പിക്കുന്നു.

(സി) കഴിഞ്ഞ വർഷം രണ്ട് മൺസൂൺ കാലങ്ങളിലും പൂർവ്വ-മൺസൂൺ കാലത്തും ശരാശരിയിൽ കുറഞ്ഞ മഴയാണ് കേരളത്തിന് ലഭിച്ചത്.

(ഡി) കാലാവസ്ഥാ വ്യതിയാനങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുവേണ്ട പദ്ധതികളും പ്രവർത്തികളും നടപ്പാക്കുന്നുണ്ട്.

## തീരദേശ പരിപാലന നിയമപ്രകാരം വീട് വയ്ക്കുന്നതിനുള്ള ദൂരപരിധി

24 (5685) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമ പ്രകാരം മൂന്നാം സോണിലുള്ള മേഖലയിൽപ്പെട്ട പഞ്ചായത്തുകളിൽ വീട് വയ്ക്കുന്നതിനുള്ള ദൂരപരിധി കായലിൽ നിന്നും കടലിൽനിന്നും എത്ര മീറ്ററെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് കായലിൽ നിന്നുള്ള ദൂരപരിധിയും കടലിൽ നിന്നുള്ള ദൂരപരിധിയും എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും കരഭാഗത്തേയ്ക്ക് 200 മീറ്റർ വരെയുള്ള പ്രദേശവും വേലിയേറ്റ സ്വാധീനമുള്ള കായലിന്റെ ഇരു കരകളിൽ നിന്നും പരമാവധി 100 മീറ്റർ അല്ലെങ്കിൽ, കായലിന്റെ വീതി, ഇവയിൽ ഏതാണോ കുറവ് അത്രയും ഭാഗവും വികസന നിഷിദ്ധ മേഖലയാണ്. ഈ ദൂരപരിധിക്ക് പുറത്ത് കെട്ടിട നിർമ്മാണം അനുവദനീയമാണ്.

(ബി) കായലിന്റെ ഇരുകരകളിൽ നിന്നും പരമാവധി 100 മീറ്റർ അല്ലെങ്കിൽ, കായലിന്റെ വീതി ഏതാണോ കുറവ്, അത്രയും ഭാഗത്തിനും പുറത്ത് മാത്രം പുതിയ കെട്ടിടം നിർമ്മിക്കാവുന്നതാണ്. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 100 മുതൽ 200 മീറ്റർ വരെയുള്ള ഭാഗത്ത് തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും നിയന്ത്രണങ്ങൾക്ക വിധേയമായി ചെറിയ വീടുകളുടെ നിർമ്മാണം അനുവദിക്കുന്നു.

**കോസ്റ്റൽ റെഗുലേഷൻ സോൺ**

25 (5686) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ റഗുലേഷൻ സോൺ നിയമപ്രകാരം നിരവധി സാധാരണക്കാർക്ക് വീട് വയ്ക്കുവാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെ നിർധനരായവരുടെയും മറ്റ് മാനുഷിക പരിഗണന അർഹിക്കുന്നവരുടെയും അപേക്ഷകൾ പ്രത്യേകമായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹാരമായി കോസ്റ്റൽ സോൺ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ശൈലേഷ് നായിക് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ കേന്ദ്ര സർക്കാർ അനുകൂല നിലപാടെടുക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

(ബി) അപേക്ഷകൾ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്ന മുൻഗണന ക്രമത്തിലാണ് തീർപ്പാക്കിവരുന്നത്. എന്നാൽ കേന്ദ്ര/കേരള സംസ്ഥാന സർക്കാർ ധനസഹായം മുഖേന വീടുകൾ നിർമ്മിക്കുവാനായി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ, അപേക്ഷ ലഭിക്കുന്ന സീനിയോറിറ്റി പരിഗണിക്കാതെ തന്നെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്.

**കാസർഗോഡ് ജില്ലയിൽനിന്ന് തീരദേശപരിപാലന അതോറിറ്റിയിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ**

26 (5687) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ നിന്ന് നിലവിൽ എത്ര അപേക്ഷകൾ തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അടിയന്തരമായി തീർപ്പ് കൽപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 97 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) നിലവിൽ CRZ Clearance-നു വേണ്ടി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെയും, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ചീഫ് സയന്റിസ്റ്റ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് എന്നിവരുടെയും സഹായത്തോടെ തീർപ്പാക്കി വരികയാണ്.

## പ്ലാസ്റ്റിക് കത്തിക്കുന്നതിനും മാലിന്യം നിക്ഷേപിക്കുന്നതിനും എതിരെ പോലീസ് നടപടി

27 (5688) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക് കത്തിക്കുന്നതും മാലിന്യം നിക്ഷേപിക്കുന്നതും കുറ്റകരമാണെങ്കിലും ഇത്തരം പരാതികളിൽ നടപടിയെടുക്കാത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) പൊതുസ്ഥലങ്ങളിൽ യാതൊരു നിയന്ത്രണവുമില്ലാതെ മാലിന്യം നിക്ഷേപിക്കുന്നവരെ പിടികൂടുന്നതിനും ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വകുപ്പുകൾക്കും നിർദ്ദേശം നൽകുമോ;

(സി) റോഡരുകിൽ മാലിന്യങ്ങൾ കത്തിക്കുന്നവർക്കെതിരെ മതിയായ ശിക്ഷാ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പൊതുസ്ഥലങ്ങളിൽ യാതൊരു നിയന്ത്രണവുമില്ലാതെ മാലിന്യം നിക്ഷേപിക്കുന്നവരെ പിടികൂടുന്നതിനും ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റോഡരികിൽ മാലിന്യങ്ങൾ കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാലോട് റ്റി.ബി.ജി.ആർ.ഐ. വികസന പദ്ധതി

28 (5689) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞർ തയ്യാറാക്കി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്ന വികസന പദ്ധതിയുടെ രൂപരേഖ സംബന്ധിച്ച് (ഫയൽ നമ്പർ 1783/എ 2/2017/ശാ.സാ.വ. തീയതി 21-11-2017) എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) വികസന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഫണ്ട് ലഭ്യതയുൾപ്പെടെയുള്ള വിശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ (21-11-2017-ലെ 1783/എ 1/2017/ശാ.സ.വ. നമ്പർ കത്ത് മുഖേന) ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമായാൽ മാത്രമേ പദ്ധതി സംബന്ധിച്ച് തുടർ നടപടികൾ കൈക്കൊള്ളാനാവുകയുള്ളൂ.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

29 (5690) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സ്ട്രീം രണ്ട്, സ്ട്രീം മൂന്ന് എന്നീ റിക്രൂട്ട്മെന്റുകൾക്ക് സംവരണം ബാധകമാക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദവിവരം നൽകുമോ?

ഉത്തരം

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നേരിട്ടുള്ള നിയമനം (Stream I) വഴിയുള്ള തെരഞ്ഞെടുപ്പിന് മാത്രമേ കമ്മ്യൂണൽ റിസർവേഷൻ ബാധകമാക്കിയിട്ടുള്ളൂ. Stream II-ലും Stream III-ലും വരുന്ന ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്ക് റിസർവേഷൻ ബാധകമല്ല.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് രണ്ടാം സ്കീമിൽ മത്സരിക്കുന്നതിനുള്ള യോഗ്യത

30 (5691) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസ് നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ അംഗീകരിച്ചിട്ടുണ്ടോ;

(ബി) കെ.എ.എസ്. നിയമനത്തിനുള്ള രണ്ടാം സ്കീമിൽ മത്സരിക്കുന്നതിനുള്ള യോഗ്യതയിൽ നിന്നും ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരെയാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) രണ്ടാം സ്കീമിൽ മത്സരിക്കുന്നതിൽനിന്നും ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) ഭരണഘടനാ സ്ഥാപനങ്ങൾ എന്ന് വിവക്ഷിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നറിയിക്കുമോ;അതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണഘടനാ സ്ഥാപനങ്ങളെ ഒഴിവാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെടുന്ന വകുപ്പുകളിലേയും കോമൺ കാറ്റഗറികളിലേയും ഒന്നാം ഗസറ്റഡ് തസ്തികയിലും അതിന് മുകളിലുമുള്ള ഉദ്യോഗസ്ഥർ ഒഴികെ മറ്റ് സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് കെ.എ.എസ്. നിയമനത്തിനുള്ള സ്കീം II-ൽ അപേക്ഷിക്കാവുന്നതാണ്.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണഘടനാ സ്ഥാപനങ്ങളെ ഒഴിവാക്കുന്നത്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സ്കീം- 2-ൽ അപേക്ഷിക്കുന്നതിനുള്ള യോഗ്യത

31 (5692) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിമിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷ സ്കീം - 2-ൽ ഭരണഘടനാ സ്ഥാപനങ്ങളായ പി.എസ്.സി., നിയമസഭാ സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ ജീവനക്കാർക്ക് അപേക്ഷിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) 15-3-2018-ലെ SRO-ഭേദഗതിയിലൂടെ കെ.എ.എസ്. ചട്ടങ്ങളിലെ 14 (ബി) യിൽ നിന്ന് "constitutional bodies" എന്ന വാക്ക് നീക്കം ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(സി) കെ.എ.എസ്.-ന്റെ ഷെഡ്യൂൾ-1 ൽ ഉൾപ്പെടാത്ത ഏതൊക്കെ സർക്കാർ വകുപ്പുകൾക്ക് സ്കീം-2 -ൽ അപേക്ഷിക്കാം എന്ന് വ്യക്തമാക്കുമോ;

(ഡി) ഭരണഘടനാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് മറ്റ് വകുപ്പുകളിലെ ഉയർന്ന തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് നിയമ തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഭരണഘടന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ കെ.എ.എസ്.സ്കീം-2 ൽ അപേക്ഷ സമർപ്പിക്കുന്നതിൽ നിന്ന് ഒഴിവാക്കിയത് ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ നയങ്ങളും പരിപാടികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു രണ്ടാംനിര മധ്യതല സംവിധാനം സൃഷ്ടിക്കുക, സർക്കാർ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് അവസരങ്ങൾ സൃഷ്ടിക്കുകവഴി അവരെ ഭരണസംവിധാനത്തിലെ ഉയർന്ന തസ്തികകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക, സംസ്ഥാന സിവിൽ സർവ്വീസിൽ നിന്നും പ്രൊമോഷൻ മുഖേന ഐ.എ.എസ്.ലേയ്ക്ക് നിയമനം നടത്തുന്നതിനുമുള്ള ഫീഡർ കാറ്റഗറി സൃഷ്ടിക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചത്. ഉദ്ദേശലക്ഷ്യങ്ങൾ വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 2-ൽ വ്യക്തമാക്കിയിട്ടുണ്ട്. കെ.എ.എസ്.-ലേയ്ക്കുള്ള നിയമനരീതിയും യോഗ്യതകളും

കെ.എ.എസ്. ചട്ടത്തിലെ ചട്ടം 12-ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ സ്കീം I, II എന്നിവയിലേയ്ക്ക് ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അപേക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ കെ.എ.എസ്. ചട്ടത്തിലെ ചട്ടം 14(ബി)(ii)-ൽ തെറ്റായി ഉൾപ്പെടുത്തിയിരുന്ന 'Constitutional bodies' എന്ന വാക്ക് നീക്കം ചെയ്യുവാൻ തീരുമാനിക്കുകയായിരുന്നു. നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണഘടനാ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുള്ളത്.

(സി) ഷെഡ്യൂൾ I-ൽ ഉൾപ്പെടുന്ന വകുപ്പുകളിലെ ഒന്നാം ഗസറ്റഡ് മുതൽ മുകളിലുള്ള ഉദ്യോഗസ്ഥർക്കും കോമൺ കാറ്റഗറി തസ്തികകളിലെ ഒന്നാം ഗസറ്റഡ് മുതൽ മുകളിലുള്ള ഉദ്യോഗസ്ഥർക്കും ഒഴികെ എല്ലാ സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്കും സ്കീം 2-ൽ അപേക്ഷിക്കാവുന്നതാണ്.

(ഡി&ഇ) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായാണ് ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കിയിട്ടുള്ളത്.

## കെ.എ.എസ്.ലേയ്ക്ക് സ്കീം II പ്രകാരമുള്ള ബൈട്രാൻസ്ഫർ നിയമന വ്യവസ്ഥകൾ

32 (5693) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്.-ലേക്ക് സ്കീം II പ്രകാരം നടത്തുന്ന ബൈട്രാൻസ്ഫർ നിയമനങ്ങൾക്കായി ഭരണഘടനാ സ്ഥാപനങ്ങളിൽ നിന്നുള്ള നോൺ ഗസറ്റഡ് ജീവനക്കാർക്ക് അപേക്ഷിക്കുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) വിവിധ ഓഫീസുകളിൽ ഒരേ റാങ്ക് ലിസ്റ്റിൽനിന്നും നിയമിതരാകുന്ന ജീവനക്കാർക്കും സമാനയോഗ്യതയുള്ള ഫീൽഡ് ഡിപ്പാർട്ടുമെന്റുകളിലെ ജീവനക്കാർക്കും ബൈട്രാൻസ്ഫർ മുഖേന കെ.എ.എസ് പരീക്ഷ എഴുതുവാൻ അവസരം ലഭിക്കുമ്പോൾ, ഭരണഘടനാ സ്ഥാപനത്തിൽ നിയമിതരായെന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ഒരു വിഭാഗം ഉദ്യോഗസ്ഥർക്ക് അവസരം നിഷേധിക്കുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 14, ആർട്ടിക്കിൾ 16 (1) എന്നിവയ്ക്ക് വിരുദ്ധമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഭരണനിർവ്വഹണത്തിനുള്ള പ്രാപ്തിയും പരിചയവുമില്ലെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) ഭരണ നിർവ്വഹണത്തിൽ മുൻപരിചയമുള്ള ഉദ്യോഗസ്ഥരെ മാത്രമാണോ കെ.എ.എസ്.-ലേക്ക് അപേക്ഷിക്കുന്നതിന് യോഗ്യരായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എങ്കിൽ കെ.എ.എസ് ലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്നതിന്റെയും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന്റെയും സാംഗത്യം വിശദമാക്കുമോ;

(ഇ) യോഗ്യരായ കൂടുതൽ ആളുകൾ പരീക്ഷ എഴുതുന്നതിന് യാതൊരു മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിൽ അല്ലാതെ തടസ്സം സൃഷ്ടിക്കുന്നത് കാര്യക്ഷമത കൂടിയ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണമെന്ന കെ.എ.എസ്-ന്റെ അടിസ്ഥാനതത്വത്തിന് വിരുദ്ധമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. കെ.എ.എസ്.-ലേയ്ക്കുള്ള നിയമനരീതിയും യോഗ്യതകളും കെ.എ.എസ്.ചട്ടത്തിലെ ചട്ടം 12-ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ സ്കീം II, III എന്നിവയിലേയ്ക്ക് ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അപേക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ കെ.എ.എസ്. ചട്ടത്തിലെ ചട്ടം 14(ബി)(ii)-ൽ തെറ്റായി ഉൾപ്പെടുത്തിയിരുന്ന 'Constituitonal bodies' എന്ന വാക്ക് നീക്കം ചെയ്യുവാൻ തീരുമാനിക്കുകയായിരുന്നു. നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണഘടനാ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുള്ളത്.

(ബി&സി) ഇല്ല.

(ഡി) സർക്കാർ നയങ്ങളും പരിപാടികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു രണ്ടാംനിര മധ്യതല സംവിധാനം സൃഷ്ടിക്കുക, സർക്കാർ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് അവസരങ്ങൾ സൃഷ്ടിക്കുക വഴി അവരെ ഭരണ സംവിധാനത്തിലെ ഉയർന്ന തസ്തികകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക, സംസ്ഥാന സിവിൽ സർവ്വീസിൽ നിന്നും പ്രൊമോഷൻ മുഖേന ഐ.എ.എസ്.-ലേയ്ക്ക് നിയമനം നടത്തുന്നതിനുമുള്ള ഫീഡർ കാറ്റഗറി സൃഷ്ടിക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചത്. ഉദ്ദേശ്യലക്ഷ്യങ്ങൾ വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 2-ൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) വിവിധ മാനദണ്ഡങ്ങൾ പരിശോധിച്ച് ആയതിനൊടുവിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയതിന് ശേഷം വിശേഷാൽ ചട്ടങ്ങളുടെ സാധുത സംബന്ധിച്ച് നിയമോപദേശം തേടിയതിനൊടുവിലാണ് കേരള അഡ്മിനിട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾക്ക് അന്തിമമായി അംഗീകാരം നൽകിയത്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷയും നിയമനവും

33 (5694) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള പരീക്ഷ, നിയമനം തുടങ്ങിയ കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) കെ.എ.എസിന്റെ സ്പെഷ്യൽ റൂൾസിന്റെ കരട് ചട്ടങ്ങളിലില്ലാത്ത കെ.എ.എസ്. പരീക്ഷയുടെ സിലബസ്സും പരീക്ഷാ സ്കീമും പി.എസ്.സി.-യുമായി കൂടി ആലോചിച്ച് സർക്കാർ തീരുമാനിക്കുമെന്ന വ്യവസ്ഥ സ്പെഷ്യൽ റൂൾ വിജ്ഞാപനത്തിൽ വന്നു ചേർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) നിയമനം പി.എസ്.സി.-ക്ക് വിട്ടുകഴിഞ്ഞാൽ സിലബസ്, പരീക്ഷ , ഇന്റർവ്യൂ തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് പി.എസ്.സി. മാത്രമല്ലേ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമന നടപടികൾ സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കെ.എ.എസ്.ലേയ്ക്കുള്ള നിയമനത്തിനായി നടത്തുന്ന പരീക്ഷയുടെ സ്കീം (Scheme of examination) നിശ്ചയിക്കുന്നത് സംബന്ധിച്ച് കെ.എ.എസ്. ചട്ടത്തിലെ ചട്ടം 14-ൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് പി.എസ്.സി.-യുമായി കൂടിയാലോചനകൾ നടന്നുവരുന്നു.

## പി.എസ്.സി.ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ

34 (5695) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉദ്യോഗാർത്ഥികളുടെ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ ലളിതമാക്കുന്നതിന് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

ഉത്തരം

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ലളിതവും ഉദ്യോഗാർത്ഥി സൗഹൃദവുമാക്കിയിട്ടുണ്ട്.

ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ വിവരങ്ങളെല്ലാം രേഖപ്പെടുത്തി ഫോട്ടോ, ഒപ്പ് എന്നിവ ഉൾപ്പെടുത്തി ഒറ്റഘട്ടമായി പൂർത്തിയാക്കേണ്ട സംവിധാനമായിരുന്നു നേരത്തെ ഉണ്ടായിരുന്നത്. ഇതിൽ ഏതെങ്കിലും ഘട്ടത്തിൽ ബുദ്ധിമുട്ട് വരുമ്പോൾ ആദ്യം മുതൽ വീണ്ടും ആരംഭിക്കേണ്ടിയിരുന്നു. ഈ പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി കഴിയുമ്പോൾ User ID ലഭ്യമാകുകയും മറ്റ് വിവരങ്ങൾ, വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ ഘട്ടം ഘട്ടമായി ഉൾക്കൊള്ളിക്കുവാൻ കഴിയുന്ന വിധത്തിൽ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം പരിഷ്കരിച്ചിട്ടുണ്ട്.

## നിയമനശിപാർശ ലഭിച്ചശേഷം ജോലിക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികൾ

35 (5696) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുകയും പരീക്ഷയും നടപടിക്രമങ്ങളും കടന്ന് റാങ്ക് ലിസ്റ്റിലെത്തി നിയമന ശിപാർശ ലഭിച്ച ശേഷം ജോലിക്കുഹാജരാകാത്ത, ഡോക്ടർമാർ തുടങ്ങി, പല ലിസ്റ്റുകളിലേയും ഉദ്യോഗാർത്ഥികളുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ പി. എസ്. സി. അഡ്വൈസ് നൽകിയ ശേഷം മതിയായ കാരണം ബോധിപ്പിക്കാതെ ജോലിക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ പേരിൽ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് സർക്കാർ പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിയമന ഉത്തരവ് നൽകി നിശ്ചിത സമയത്തിനകം ജോലിയിൽ പ്രവേശിക്കാത്തത് NJD (നോൺ ജോയിനിംഗ് ഡ്യൂട്ടി) ഒഴിവ് ആയി റിപ്പോർട്ട് ചെയ്യും. ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്ന എൻ.ജെ.ഡി. ഒഴിവിലേയ്ക്ക് അടുത്ത് നിയമനം ലഭിക്കേണ്ട ഉദ്യോഗാർത്ഥിക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുകയും ചെയ്തുവരുന്നു.

(ബി) പരിഗണനയിലില്ല.

## വിധവകൾക്ക് പ്രായപരിധിയിലും കട്ട് ഓഫ് മാർക്കിലും ഇളവ്

36 (5697) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷയ്ക്ക് വിധവകളായ ഉദ്യോഗാർത്ഥികൾക്ക് പ്രായപരിധിയിലും കട്ട് ഓഫ് മാർക്കിലും ഇളവ് അനുവദിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഇളവ് നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ വിധവകൾക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ച് വർഷത്തെ വയസ്സിളവ് അനുവദിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അതിൻപ്രകാരം കെ.എസ് & എസ്.എസ്.ആർ. ഭാഗം II ചട്ടം 10-ലെ ഉപചട്ടം (h)-ന് ചുവടെ (i) എന്ന പുതിയ ഉപചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. കട്ട് ഓഫ് മാർക്കിൽ ഇളവനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

## കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങൾ

37 (5698) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിലെ പബ്ലിക് സർവ്വീസ് കമ്മീഷനുകളിൽ താരതമ്യേന കുറഞ്ഞ അംഗസംഖ്യയാണുള്ളതെന്നിരിക്കെ ഇവിടെ കൂടുതൽ അംഗങ്ങളെ നിയമിക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കുമോ;

(സി) അധികം മെമ്പർമാരെ നിയമിക്കുന്നതുവഴിയുള്ള ഭാരിച്ച ചെലവ് പരിശോധിച്ചിട്ടുണ്ടോ; ഇത്രയും മെമ്പർമാർ ഉണ്ടായിരുന്നിട്ടും കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് തദനുസരണം വേഗവും ഫലപ്രാപ്തിയും ഉണ്ടാകുന്നില്ലെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെയർമാൻ ഉൾപ്പെടെ 21 അംഗങ്ങളുണ്ട്.

(ബി) മറ്റ് സംസ്ഥാനങ്ങളിലെ പബ്ലിക് സർവ്വീസ് കമ്മീഷനുകൾ ഗസറ്റഡ് തസ്തികകൾ മാത്രം ഉൾക്കൊള്ളുന്ന സംസ്ഥാന സിവിൽ സർവ്വീസിലെ പരിമിതമായ തസ്തികകളിലേയ്ക്കുള്ള നിയമന നടപടികളും മറ്റ് ഭരണഘടനാ ചുമതലകളും മാത്രമാണ് നിർവ്വഹിക്കുന്നത്. എന്നാൽ കേരളത്തിലെ സർക്കാർ സർവ്വീസിലെ ഏറ്റവും താഴ്ന്ന തസ്തിക മുതൽ വിവിധ സേനാ വിഭാഗങ്ങളിലെ തസ്തികകളും ആസൂത്രണ ബോർഡിലെ ചീഫ് തസ്തികയും ഉൾപ്പെടെയുള്ള തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളും സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ/ കമ്പനികൾ/കോർപ്പറേഷനുകൾ/സഹകരണ സംഘത്തിൻ കീഴിലുള്ള സൊസൈറ്റികൾ മുതലായ സ്ഥാപനങ്ങളിലെ തസ്തികകളുടെ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തുടങ്ങി പുതിയ മേഖലകളിലെ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്താൻ പോകുന്നത്. അതിനായി വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി അപേക്ഷകൾ സ്വീകരിച്ച്, എഴുത്ത്/പ്രായോഗിക/ കായിക ക്ഷമതാ പരിശോധന ആവശ്യമുള്ള തസ്തികകളിൽ കായികക്ഷമതാ പരീക്ഷ ഇവ നടത്തി, പ്രമാണ പരിശോധന, ഇന്റർവ്യൂ നടപടികൾ പൂർത്തിയാക്കി, യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുകയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്യുകയും ചെയ്യുന്നു. മാത്രമല്ല, സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ ആദിവാസി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്നും എക്സൈസ് ഓഫീസർ, ട്രൈബൽ വാച്ചർപോലുള്ള തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾക്കായി അവരുടെ വാസസ്ഥലത്തേയ്ക്ക് കമ്മീഷൻ അംഗങ്ങൾ നേരിട്ട് പോയി അഭിമുഖം നടത്തി നിയമനപ്രക്രിയ പൂർത്തിയാക്കി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള വിപുലമായ പ്രവർത്തനങ്ങളാണ് 21 അംഗങ്ങളുടെ നേതൃത്വത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയ്തുവരുന്നത്.

(സി) വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടന്നിരുന്ന/കാലതാമസ മുണ്ടായിരുന്ന തെരഞ്ഞെടുപ്പുകൾ, കമ്മീഷൻ അംഗങ്ങൾ ഉൾപ്പെടുന്ന വിവിധ ഉപസമിതികൾ പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട അധികാരികളിൽ നിന്നും ആവശ്യമായ സ്പഷ്ടീകരണം ലഭ്യമാക്കാതിരിക്കുക, കോടതി തുടർ നടപടികൾ വിലക്കുക തുടങ്ങിയ തടസ്സങ്ങൾ ഇല്ലാത്തതുമായ 2016 വരെയുള്ള വിജ്ഞാപനങ്ങൾ പ്രകാരമുള്ള എല്ലാ തെരഞ്ഞെടുപ്പുകളും പൂർത്തീകരിക്കുകയോ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മെമ്പർമാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

**ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് മുൻഗണന**

38 (5699) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുന്നവർക്ക് നിയമനം നൽകുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന സംവരണക്രമം എന്താണെന്ന് വിശദമാക്കുമോ;

(ബി) പൊതു റാങ്ക് ലിസ്റ്റിൽ വരുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ലിസ്റ്റിൽ മുൻഗണന നൽകി ആദ്യം നിയമനം ലഭിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II, 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിൽ പ്രതിപാദിക്കുംവിധമുള്ള സംവരണക്രമമാണ് പി.എസ്.സി. നിയമനങ്ങളിൽ പാലിച്ചുവരുന്നത്. കൂടാതെ, The Rights of Persons with Disabilities Act-നെ അടിസ്ഥാനമാക്കി 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിൽ 1, 34, 67 എന്നീ ഔട്ട്ഓഫ് ടേണുകളിലായി Blind or low vision, Hearing Impairment, Locomotor Diability or Cerebral Palsy വിഭാഗങ്ങളിലുള്ള ഭിന്നശേഷിക്കാർക്ക് മൂന്ന് ശതമാനം സംവരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

**ടെലിഫോൺ ഓപ്പറേറ്റർ തസ്തികയിൽ പി.എസ്.സി.നിയമനം**

39 (5700) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. കാറ്റഗറി നമ്പർ. 420/2015 പ്രകാരമുള്ള വയനാട് ടെലിഫോൺ ഓപ്പറേറ്റർ (ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്ക്) തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളെ എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ എത് ഘട്ടംവരെയായെന്ന് വിവരിക്കുമോ;

(ബി) ഈ തസ്തികയിലേക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 21-8-2017-ൽ കല്പറ്റയിൽ വച്ച് നടന്നിട്ടും നാളിതുവരെ നടപടികൾ സ്വീകരിക്കാത്തതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിച്ച് അർഹരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുമോ;

(സി) പ്രസ്തുത കാറ്റഗറിയിൽ നിയമന നിരോധനമുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; എണ്ണം സഹിതം വിശദമാക്കുമോ;

(ഇ) ഈ തസ്തികയുടെ ശമ്പളസ്കെയിൽ എത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ഇല്ല.

(ഡി) വിവരംശേഖരിച്ച് നൽകുന്നതാണ്.

(ഇ) 9,075 - 21,800 രൂപ.

## കാസർഗോഡ് ജില്ലയിലെ പി.എസ്.സി. നിയമനം

40 (5701) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിൽ പി.എസ്.സി. വഴി നിയമനം നടത്തേണ്ട എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് എപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ താല്ക്കാലികമായി നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഒഴിവുകൾ ആണ് താൽകാലികമായി നികത്തിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം വിവിധ വകുപ്പുകളിലെ 54 ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | തസ്തികകളുടെ പേര് | ഒഴിവുകളുടെ എണ്ണം | റിപ്പോർട്ട് ചെയ്ത തീയതി |
|---|---|---|---|
| 1 | Driver Gr.II LDV (Various) | 5 | 3-7-17, 25-9-17, 22-1-18, 12-2-18 |
| 2 | Branch Manager in District Co-op Bank | 5 | 21-11-15, 18-7-16 |
| 3 | Office Attendant in various Department | 9 | 28-2-18, 2-3-18, 6-3-18, 9-3-18, 12-3-18, 17-3-18 |
| 4 | LD Typist (SR for SC/ST only) in Various | 1 | 15-7-17 |
| 5 | LDC (SR for DA) in various | 1 | 14-3-18 |
| 6 | LDC (Various) | 18 | 14-3-18, 22-3-18 |
| 7 | LD Typist (Various) | 15 | 20-9-17, 22-3-18 |

(സി) വിവരം ശേഖരിച്ചുവരുന്നു.

### വയനാട് ജില്ലയിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റ്

41 (5702) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വയനാട് ജില്ലാ ഹെൽത്ത് സർവ്വീസ് സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 (കാറ്റഗറി No.201/10)-ന്റെ പരീക്ഷ 21.05.2011 ൽ നടത്തുകയും 11/2012 ൽ വയനാട് ജില്ലാ പി.എസ്.സി ഓഫീസിൽ ഇന്റർവ്യൂ നടത്തുകയും ചെയ്ത പ്രകാരം ഇതിൽ നിന്നും എത്രയാളുകളുടെ റാങ്ക്

പ്രസിദ്ധീകരിച്ചു; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ; എന്നാണ് ലിസ്റ്റ് നിലവിൽ വന്നതെന്നറിയിക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് തുടങ്ങിയെന്നും എന്ന് അവസാനിച്ചുവെന്നും വിശദമാക്കാമോ; ഇതുപ്രകാരം എത്ര വേക്കൻസിയിൽ നിയമനം നടത്തി എന്നറിയിക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ജോലി ലഭിച്ച ഉദ്യോഗാർത്ഥികളുടെ പേര് വിവരം വിശദമാക്കുമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടികൊടുത്തിരുന്നോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2-4-2013-ന് പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയുടെ മുഖ്യപട്ടികയിൽ 169 പേരും ഉപപട്ടികകളിലായി 99 പേരും ഉൾപ്പെടെ 268 പേരാണ് ഉൾപ്പെട്ടിരുന്നത്. റാങ്ക് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു*.

(ബി) 2-4-2013-ന് നിലവിൽവന്ന റാങ്ക് പട്ടികയുടെ കാലാവധി 31-12-2016-ന് അവസാനിച്ചു. പ്രസ്തുത പട്ടികയിൽ നിന്നും 45 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) അനുബന്ധം II-ആയി ചേർക്കുന്നു*.

(ഡി) നീട്ടിക്കൊടുത്തിരുന്നു.

## മുനിസിപ്പൽ കോമൺ സർവ്വീസ് ഡ്രൈവർ ഗ്രേഡ് 2 റാങ്ക് ലിസ്റ്റ്

42 (5703) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് 28-1-2017-ൽ പി.എസ്.സി നടത്തിയ ഡ്രൈവർ ഗ്രേഡ് 2 (എൽ.ഡി.വി.) പരീക്ഷയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പരീക്ഷയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനും സർട്ടിഫിക്കറ്റ് പരിശോധന നടത്തി ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇല്ല.

(ബി) ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനും തുടർ നടപടികൾ പൂർത്തിയാക്കി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിലെ ഡ്രൈവർ ഗ്രേഡ് II റാങ്ക് ലിസ്റ്റ്

43 (5704) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കാറ്റഗറി നമ്പർ 016/14 പ്രകാരം 2016-ൽ പ്രസിദ്ധീകരിച്ച ഡ്രൈവർ ഗ്രേഡ് II ലിസ്റ്റിൽനിന്നും എത്ര പേർക്കാണ് ഇതുവരെ നിയമനം നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഈ തസ്തികയിൽ പാലക്കാട് ജില്ലയിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(സി) നോട്ടിഫിക്കേഷൻ സമയത്ത് എന്തെല്ലാം യോഗ്യതകളാണ് ഈ തസ്തികയ്ക്ക് വേണ്ടി പി.എസ്.സി. പ്രസിദ്ധപ്പെടുത്തിയിരുന്നത്;

(ഡി) നിലവിൽ ഈ ലിസ്റ്റിൽ ഉള്ളവർക്കനുകൂലമായി അവരെ നിയമിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) 47 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 1-8-2018-ന് നിലവിൽ വരുന്ന ഒരു പ്രതീക്ഷിത ഒഴിവ് ഉൾപ്പെടെ 12 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി)

1. A pass in Standard VII/III Forum.
2. Must possess valid Driving Licence of three years of standing to drive Light Motor Vehicle with Driver's Badge.

3. Proficiency in Driving-Light motor vehicles which is to be proved in a practical test conducted by KPSC during the course of selection. Only those who pass 'H' test are eligible for Road Test.

4. Medical Fitness:-

| | | |
|---|---|---|
| a) | Ear-Hearing should be perfect | |
| b) | Eye-Distant vision<br>Near Visions<br>Colour Vision<br>Night Blindness | : 6/6 snellen<br>: 0.5 snellen<br>: Normal<br>: Nil |
| c) | Muscles and Joints | : No paralysis, all joints with free movement |
| d) | Nervous System | : Perfectly normal and free from any infectious diseases. |

(ഡി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടർ നടപടി സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.യിലെ അസിസ്റ്റന്റുമാർക്ക് മറ്റ് സ്ഥാപനങ്ങളിൽ പുനർനിയമനം**

44 (5705) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ വർഷങ്ങളിൽ വിവിധ കമ്പനി - കോർപറേഷനുകളിലേയ്ക്ക് ഒറ്റ പരീക്ഷ മാത്രം നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതിനാൽ ഉയർന്ന റാങ്ക് ലഭിച്ചിട്ടും ഉയർന്ന ശമ്പളവും പ്രൊമോഷൻ സാധ്യതയും ഉള്ള കെ. എസ്. ഇ. ബി., കെ. എസ്. എഫ്. ഇ. എന്നിവിടങ്ങളിൽ നിയമനം ലഭിക്കാതെ കെ.എസ്.ആർ.ടി.സി.- യിൽ നിയമനം ലഭിച്ചവർക്ക്, നിലവിൽ പി.എസ്.സി ഇതിലേയ്ക്ക് വെവ്വേറെ പരീക്ഷകൾ നടത്തി നിയമനം നടത്തുന്നതിനാലും, കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാഹചര്യം കണക്കിലെടുത്തും അവരുടെ ആഗ്രഹമനുസരിച്ച് കെ എസ് ഇ ബി, കെ എസ് എഫ് ഇ എന്നിവിടങ്ങളിലേക്ക് പുനർ-നിയമിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് താരതമ്യേന മെച്ചപ്പെട്ട സ്ഥാപനങ്ങളെ ഒരു ഗ്രൂപ്പായും അല്ലാത്തവയെ മറ്റൊരു ഗ്രൂപ്പായും തരംതിരിച്ച് വ്യത്യസ്ത കാറ്റഗറികളായി

വിജ്ഞാപനം ചെയ്തുകൊണ്ടാണ് 31-12-2011-ലും പിന്നീട് 13-10-2017-ലും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ 28-3-2007-ലെ ഗസറ്റിൽ മേൽപ്പറഞ്ഞ എല്ലാ സ്ഥാപനങ്ങളെയും ഒറ്റ ഗ്രൂപ്പായി പരിഗണിച്ചാണ് വിജ്ഞാപനം ചെയ്തിരുന്നത്. ഇതിൽ ഒട്ടേറെ സ്ഥാപനങ്ങൾ ഉൾപ്പെട്ടിരുന്നു. അവയുടെയെല്ലാം സാമ്പത്തിക ആനുകൂല്യങ്ങൾ വ്യത്യസ്തവുമാണ്. സ്ഥാപനങ്ങളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്തുമുറയ്ക്ക് റൊട്ടേഷൻ തത്വങ്ങൾ പാലിച്ചുകൊണ്ട് പി.എസ്.സി. നിയമന ശിപാർശ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യിലും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിരുന്നു. കെ.എസ്.ആർ.ടി.സി.-യിൽ നിയമനം ലഭിച്ചവരെ മറ്റിടങ്ങളിലേയ്ക്ക് പുനർനിയമിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## 'പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവരുടെ ഓപ്ഷൻ'

45 (5706) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സർക്കാർ വകുപ്പിൽ നിന്ന് മറ്റൊരു സർക്കാർ വകുപ്പിലേക്ക് പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഓപ്ഷൻ ഫോം ഒപ്പിടേണ്ട സാഹചര്യം ഉണ്ടോ; വ്യക്തമാക്കുമോ ;

(ബി) ഓപ്ഷൻ ഫോം യഥാസമയം കൊടുക്കാത്തതു മൂലം ജീവനക്കാർക്ക് സർവ്വീസ് കാലാവധി മുഴുവൻ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ സർവീസ് നിയമങ്ങളുടെ അറിവില്ലായ്മ മൂലം ഉണ്ടാകുന്ന ഈ അപാകത പരിഹരിക്കാൻ റി ഓപ്ഷൻ നൽകുന്നതിന് ജീവനക്കാർക്ക് അവസരം സൃഷ്ടിക്കുമോ എന്നറിയിക്കാമോ ?

### ഉത്തരം

(എ) ഇല്ല. 20-1-2016-ലെ സ.ഉ.(പി) നമ്പർ7/2016/ധന.പ്രകാരം 1-2-2016 പ്രാബല്യത്തിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 28A പ്രകാരമുള്ള ഓപ്ഷൻ നിർത്തലാക്കിയിട്ടുണ്ട്.

(ബി&സി) ഓപ്ഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ ചോദ്യം പ്രസക്തമല്ല.

**സർക്കാർ ഓഫീസുകളിലെ സേവനം**

46 (5707) ശ്രീ. കെ. എം. ഷാജി:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. കെ. ബഷീർ:

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ സേവനം മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സിവിൽ സർവ്വീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകൾ എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുജനങ്ങളുടെ ദൈനംദിനാവശ്യങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും പ്രാധാന്യം നൽകി വിവിധ മേഖലകളിൽ ആവശ്യമായ പരിഷ്കാര നിർദ്ദേശങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി ഘട്ടംഘട്ടമായി സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം രൂപീകൃതമായ 4-ാമത് ഭരണപരിഷ്കാര കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തരത്തിൽ സംസ്ഥാനത്ത് പരിശീലന നയം രൂപീകരിച്ചിട്ടുണ്ട്. സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുവാനും പൊതുസമൂഹത്തിന് അനുഗുണമാംവിധത്തിൽ ലളിതവും സുതാര്യവുമാക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി & സി) സിവിൽ സർവ്വീസ് അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി പ്രാരംഭ ചർച്ച നടത്തുകയുണ്ടായി.

## പെരുവണ്ണാൻ സമുദായത്തിന് പി.എസ്.സി. നിയമനങ്ങളിൽ സംവരണം

47 (5708) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത സർക്കാരിന്റെ 2016 മേയ് 9-ാം തീയതിയിലെ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം പെരുവണ്ണാൻ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) മലബാറിലെ പെരുവണ്ണാൻ സമുദായത്തിന് പി.എസ്.സി. നടത്തുന്ന വിവിധ പരീക്ഷകളിൽ അർഹമായ സംവരണം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കെ.എസ്.& എസ്.എസ്.ആർ. 1958-ന്റെ പാർട്ട് 1 ഷെഡ്യൂൾഡ് ലിസ്റ്റിൽ, ഷെഡ്യൂൾഡ് കാസ്റ്റ് ഇൻ കേരള എന്ന ഇനത്തിൽ പെരുവണ്ണാൻ സമുദായത്തെ ഉൾപ്പെടുത്തി സ്റ്റാറ്റ്യൂട്ടറി ഭേദഗതി വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പെരുവണ്ണാൻ സമുദായത്തിന് പൊതുവായി സംവരണം നൽകുന്നതല്ലാതെ മലബാറിലെ പെരുവണ്ണാൻ സമുദായത്തിന് പ്രത്യേക സംവരണം നൽകുന്നില്ല.

(സി) ഇല്ല. നടപടി സ്വീകരിച്ചുവരുന്നു.

## സബോർഡിനേറ്റ് സർവ്വീസ് റൂൾസ്

48 (5709) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്നവിഭാഗം ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുവാനായുള്ള റൂൾസ് നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികൾ ഇനിയും കൈക്കൊള്ളേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

എസ്.ആർ.ഒ.നമ്പർ 107/16 തീയതി 4-2-2016 പ്രകാരം സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ലാസ്റ്റ്ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ നിന്നും സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക ഒഴിവാക്കുന്നത് സംബന്ധിച്ച നടപടി അന്തിമഘട്ടത്തിലാണ്.

## മലപ്പുറം ജില്ലയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

49 (5710) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ മേഖലയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലായി ജില്ലയിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഇല്ല. നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ AdvC3/ 304/2017/P&ARD നമ്പർ സർക്കുലർ മുഖേനയും കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് 13-12-2017-ലെ ഉപസി 3/428/17/ഉഭപവ സർക്കുലർ മുഖേനയും ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്വെയർ മുഖാന്തിരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ 20-12-2017-ലെ ഉപസി.3/141/17/ ഉഭപവ സർക്കുലർ മുഖേനയും നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമന അധികാരികൾക്കും 7-2-2018-ലെ ഉപസി 3/536/17/ഉഭപവ. സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി

നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തിക മാറ്റനിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ മറ്റുതരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27-3-2018-നകം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 17-3-2018-ലെ ഉപസ13/428/17/ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 28-2-2018 വരെ മലപ്പുറം ജില്ലയിലെ വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലായി 4915 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**ടെക്നോപാർക്ക്-എംബസി വേൾഡ് ടെക്നോളജി സെന്റർ പദ്ധതി**

50 (5711) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്ക് മൂന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി എംബസി വേൾഡ് ടെക്നോളജി സെന്റർ പദ്ധതിക്ക് കരാർ ഒപ്പുവച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളത് എന്തൊക്കെയാണ്; എത്ര ഏക്കർ സ്ഥലമാണ് പ്രസ്തുത കമ്പനിക്ക് പാട്ടത്തിന് നൽകിയിട്ടുള്ളത്; പാട്ടക്കരാർ എത്ര വർഷമാണ്;

(സി) മുൻ സർക്കാരിന്റെ കാലത്ത് തീരുമാനിച്ച ഡൗൺ ടൗൺ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഉണ്ടാകും എന്നാണ് കരുതുന്നത്?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ടെക്നോപാർക്ക് മൂന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി US ആസ്ഥാനമായ ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ്സും ഇന്ത്യൻ നിർമ്മാണ കമ്പനിയായ എംബസി പ്രോപ്പർട്ടി പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായാണ് ടോറസ് എംബസി വേൾഡ് ടെക്നോളജി സെന്റർ പദ്ധതിക്ക് 14-3-2018-ൽ കരാർ ഒപ്പുവച്ചത്.

(ബി) ഈ പദ്ധതിയിലൂടെ 12.12 ഏക്കറിൽ ഐ.ടി./ഐ.ടി.ഇ.എസ്. (പ്രത്യേക സാമ്പത്തിക മേഖലയിൽ 10 ഏക്കറും, പ്രത്യേക സാമ്പത്തിക മേഖലയിലല്ലാതെ 2.12 ഏക്കറും) വ്യവസായ സംരംഭങ്ങളും Non SEZ

മേഖലയിലുള്ള 7.61 ഏക്കറിൽ ഷോപ്പിംഗ്മാൾ, 175 മുറികളുള്ള ബിസിനസ്സ് ഹോട്ടൽ കൺവെൻഷൻ സെന്റർ എന്നിവയുൾപ്പെട്ട സംരംഭങ്ങളാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി ആകെ 19.73 ഏക്കർ ഭൂമിയാണ് പ്രസ്തുത കമ്പനിക്ക് 90 വർഷത്തെ പാട്ടക്കരാർ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ളത്.

(സി) മുൻസർക്കാരിന്റെ കാലത്ത് തീരുമാനിച്ച ടോറസ് ഡൗൺടൗൺ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. ടോറസ് ഡൗൺടൗൺ പദ്ധതിയുടെ പേര് മാറ്റി ടോറസ് എംബസി വേൾഡ് ടെക്നോളജി സെന്റർ പദ്ധതി എന്ന പുതിയ പേരിലാണ് ആ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത്.

(ഡി) ടോറസ് എംബസി വേൾഡ് ടെക്നോളജി സെന്റർ പദ്ധതി കേരളത്തിലെ ഐ.ടി. മേഖലയിൽ വൻ മുന്നേറ്റമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2000 കോടി മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയിൽ 33 ലക്ഷം ച.അടി ഐ.ടി. കെട്ടിട സമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ ഏകദേശം ഒരു ലക്ഷത്തിലേറെ പേർക്ക് പ്രത്യക്ഷമായും പരോക്ഷമായുള്ള തൊഴിലവസരങ്ങൾ ലഭിക്കും. പദ്ധതിയുടെ ആദ്യഘട്ടം 2020-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**അക്ഷയ സംരംഭകരുടെ കരാർ പുതുക്കുന്നതിന് നടപടി**

51 (5712) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അക്ഷയകേന്ദ്രങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങൾവഴി ലഭ്യമാക്കുന്ന സേവനങ്ങളുടെ സർവ്വീസ് ചാർജ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) കരാർ കാലാവധി കഴിഞ്ഞ അക്ഷയസംരംഭകരുടെ കരാർ പുതുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിലുള്ള കരാർ വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ഡി) അക്ഷയ ജില്ല, സംസ്ഥാന ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 2702 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ കാലോചിതമായി പരിഷ്കരിക്കുന്നതുസംബന്ധിച്ചും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് നിശ്ചയിക്കുന്നത് സംബന്ധിച്ചുമുള്ള അക്ഷയ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) കരാർ കാലാവധി കഴിഞ്ഞ അക്ഷയ സംരംഭകർക്ക് പിഴ കൂടാതെ കരാർ പുതുക്കുന്നതിന് 30-4-2018 വരെ സമയം ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. നിലവിലെ അക്ഷയ സംരംഭക എഗ്രിമെന്റിലെ വ്യവസ്ഥകളിൽ കാലോചിതമായി വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് പരിശോധിച്ച് സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അക്ഷയ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) അക്ഷയ ജില്ല, സംസ്ഥാന ഓഫീസുകളുടെ പ്രവർത്തന പോരായ്മകൾ പരിഹരിക്കുന്നതിലേയ്ക്കായി പ്രസ്തുത ഓഫീസുകളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് മുഖേന വർക്ക് സ്റ്റഡി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**അക്ഷയകേന്ദ്രങ്ങളിലെ സേവനങ്ങൾക്കുള്ള ഫീസ് നിരക്ക്**

52 (5713) <u>ശ്രീ. അബ്ദുൽ ഹമീദ്. പി. :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾക്കുള്ള ഫീസ് നിരക്ക് ഏറ്റവും ഒടുവിലായി നിശ്ചയിച്ച നൽകിയത് എന്നാണ്; നിലവിലെ നിരക്കുകൾ അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ബി) വർദ്ധിച്ച ചെലവുകൾക്കനുസരിച്ച് നിരക്ക് വർദ്ധന വരുത്താത്തത് അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലം പൊതുജനങ്ങൾക്ക് തൃപ്തികരമായ സേവനം നൽകുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അക്ഷയ കേന്ദ്രങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് നൽകിയതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; നഗര-ഗ്രാമ പ്രദേശങ്ങളിലെ ചെലവുകൾക്ക്

അനുസരിച്ച് ശാസ്ത്രീയമായി പരിശോധിച്ചാണോ നിരക്ക് നിശ്ചയിച്ച് നൽകിയതെന്ന് അറിയിക്കുമോ;

(ഡി) നഗര പ്രദേശങ്ങളിലെ പ്രവർത്തന ചെലവ് ഗ്രാമപ്രദേശങ്ങളേക്കാൾ കൂടുതലാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) അക്ഷയ കേന്ദ്രങ്ങളെ തൃപ്തികരമായ പൊതുജനസേവന കേന്ദ്രങ്ങളായി നിലനിർത്തുന്നതിന് പ്രവർത്തന ചെലവുകൾ പരിശോധിച്ച് ശാസ്ത്രീയ പഠനം നടത്തി നിരക്കുകൾ പുതുക്കി നിശ്ചയിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അക്ഷയ മുഖേന ലഭ്യമാക്കുന്ന എല്ലാ സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചുകൊണ്ടുള്ള ഏകീകൃത ഉത്തരവ് നിലവിലില്ല. ഓരോ വകുപ്പിന്റെയും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന മുറയ്ക്കാണ് പ്രസ്തുത സേവനങ്ങൾക്ക് അതാതു വകുപ്പുകൾ തന്നെ നിരക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ നിലവിലെ സർവ്വീസ് ചാർജ്ജുകൾ കാലോചിതമായി പരിഷ്കരിച്ച് ഏകീകരിക്കേണ്ടത് അനിവാര്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് അക്ഷയ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കാത്തത് അക്ഷയ സംരംഭകരുടെ പരാതിക്കിടയാക്കിയിട്ടുള്ളതായും അക്ഷയ സംരംഭകർ സേവനങ്ങൾക്ക് വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ സർവ്വീസ് നിരക്കുകൾ പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. അതോടൊപ്പം തന്നെ ക്രമപ്രകാരമല്ലാതെ സർവ്വീസ് ചാർജ്ജ് ഈടാക്കരുതെന്ന് അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി&ഡി) ഓരോ വകുപ്പിന്റെയും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈനായി ലഭ്യമാക്കുന്ന മുറയ്ക്കാണ് പ്രസ്തുത സേവനങ്ങൾക്ക് അതാതു വകുപ്പുകൾ തന്നെ നിരക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഒരേ സേവനത്തിന് ഒരേ നിരക്കാണ് നിലവിലുള്ളത്. നഗര-ഗ്രാമ പ്രദേശങ്ങളിലെ ചെലവുകൾക്കനുസരിച്ചല്ല മറിച്ച് അപേക്ഷ കൈകാര്യം ചെയ്യുന്നതിന് വേണ്ട സമയം, മാനവവിഭവശേഷി എന്നിവ പരിഗണിച്ചാണ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്.

(ഇ) അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ നിലവിലെ സർവ്വീസ് ചാർജ്ജുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനായി അക്ഷയ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## സി-ഡിറ്റിൽ സയന്റിസ്റ്റ് വിഭാഗത്തിൽപ്പെടുന്ന ഗവേഷകർ

53 (5714) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രോണിക്സ് വിവര സാങ്കേതിക വിദ്യവകുപ്പിന്റെ കീഴിലുള്ള സി-ഡിറ്റിൽ സയന്റിസ്റ്റ് വിഭാഗത്തിൽപ്പെടുന്ന എത്ര ഗവേഷകർ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് കേന്ദ്ര സർക്കാർ നിയമം അനുസരിച്ച് സി.എസ്.ഐ.ആർ. ശമ്പള സ്കെയിലാണോ നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാർ സി.എസ്.ഐ.ആർ. ചട്ടപ്രകാരം ഗവേഷണം നടത്തി സി-ഡിറ്റ്/സർക്കാരിന് ഗവേഷണ പേപ്പറുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) സി-ഡിറ്റിലെ സയൻറ്റിസ്റ്റ് വിഭാഗത്തിൽപ്പെടുന്ന ഏതെങ്കിലും ജീവനക്കാർക്ക് ഗവേഷണ പേപ്പറുകൾ സമർപ്പിക്കാതെയോ/ജേർണലുകളിൽ പരസ്യപ്പെടുത്താതെയോ കേന്ദ്ര പേ-റിവിഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേര് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ സി.എസ്.ഐ.ആർ. ശമ്പളം നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ഇ) സി-ഡിറ്റിലെ സയന്റിസ്റ്റ് വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും ജീവനക്കാർക്ക് മറ്റേതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളിലെ ജോലിയുടെ കാലയളവ് സർവ്വീസ് ആയി പരിഗണിച്ച് സയന്റിസ്റ്റ് തസ്തികയിൽ പ്രൊമോഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ പേരും തസ്തികയും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സി-ഡിറ്റിൽ സയന്റിസ്റ്റ് വിഭാഗത്തിൽപ്പെടുന്ന 14 ജീവനക്കാരുണ്ട്. പ്രസ്തുത ജീവനക്കാർക്ക് കേന്ദ്ര സർക്കാരിന്റെ സി.എസ്.ഐ.ആർ. നിരക്കിലുള്ള ശമ്പള സ്കെയിലാണ് നൽകുന്നത്.

(സി) ഡോ. ഗോവിന്ദരു. വി ഗവേഷണ പേപ്പർ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഉണ്ട്.

| ക്രമ നമ്പർ | പേര് | നിലവിലെ തസ്തിക |
|---|---|---|
| 1 | ശ്രീ. പി. വി. ഉണ്ണിക്കൃഷ്ണൻ | ജോയിന്റ് ഡയറക്ടർ (സയന്റിസ്റ്റ് എഫ്) |
| 2 | ശ്രീ. ജയരാജ്. ജി | രജിസ്ട്രാർ (സയന്റിസ്റ്റ് ഇ 2) |
| 3 | ശ്രീ. സജിനാരായണൻ | എഞ്ചിനീയർ, ഇലക്ട്രിക്കൽ (സയന്റിസ്റ്റ് ഇ 1) |
| 4 | ശ്രീ.എം. ആർ. മോഹനചന്ദ്രൻ | സയന്റിസ്റ്റ് സിവിൽ (ഇ 1) |
| 5 | ഡോ. ഗോവിന്ദരു | സയന്റിസ്റ്റ് (ഇ 1) |
| 6 | ശ്രീ. ജയരാജ്.എൻ. | സയന്റിസ്റ്റ് സി(സോഫ്റ്റ്‌വെയർ) |
| 7 | ശ്രീമതി ദീപ.എൻ | സയന്റിസ്റ്റ് സി(സോഫ്റ്റ്‌വെയർ) |
| 8 | ശ്രീ. രമേശ്.വി | എഡിറ്റർ (സയന്റിസ്റ്റ് സി ഗ്രേഡ്) |
| 9 | ശ്രീ. ബിജു എസ്.ബി. | സയന്റിസ്റ്റ് സി (സോഫ്റ്റ്‌വെയർ) |
| 10 | ശ്രീ. മനോജ് കൃഷ്ണൻ | പ്രോഗ്രാം കോ-ഓർഡിനേറ്റർ (സയന്റിസ്റ്റ് സി ഗ്രേഡ്) |
| 11 | ശ്രീ. ദാമോദർ പ്രസാദ് | പ്രോഗ്രാം കോ-ഓർഡിനേറ്റർ (സയന്റിസ്റ്റ് സി ഗ്രേഡ്) |
| 12 | ശ്രീ. കെ. എം. ഷാജഹാൻ | സയന്റിസ്റ്റ് സി |
| 13 | ശ്രീ. ജേക്കബ് ജോർജ് | പ്രോജക്ട് അസോസിയേറ്റ് (സയന്റിസ്റ്റ് സി ഗ്രേഡ്) |

സി.എസ്.ഐ.ആർ. ചട്ടങ്ങളനുസരിച്ചുള്ള യോഗ്യതാ നിബന്ധനകളും അല്ലെങ്കിൽ തത്തുല്യ യോഗ്യതകളും, സയന്റിസ്റ്റ് അഥവാ തത്തുല്യ വിഭാഗങ്ങളിൽ അസസ്മെന്റ് പ്രൊമോഷന് സി-ഡിറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് സയന്റിസ്റ്റ് വിഭാഗം ജീവനക്കാർക്ക് പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നത്. പ്രവർത്തനമികവും കോൺഫിഡൻഷ്യൽ റിപ്പോർട്ടും ഇന്റർവ്യൂവും അടിസ്ഥാനമാക്കിയാണ് പ്രൊമോഷൻ നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ശ്രീ. എം. ആർ. മോഹനചന്ദ്രനും ശ്രീ. സജിനാരായണനും സയന്റിസ്റ്റ് ബി ഗ്രേഡിൽനിന്നും സയന്റിസ്റ്റ് സി ആയി പ്രൊമോഷൻ നൽകുവാൻ മറ്റ് സ്ഥാപനങ്ങളിൽ (കോസ്റ്റ് ഫോഡ്, ഐ.ആർ.റ്റി.സി) ജോലി ചെയ്ത കാലയളവ് സർവ്വീസായി പരിഗണിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ വിവരസാങ്കേതിക വ്യവസായ കേന്ദ്രമായി ഉയർത്തുന്നതിനായി നടപടി**

54 (5715) ശ്രീ. എം. സ്വരാജ്:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. വി. ജോയി:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവരസാങ്കേതിക വ്യവസായ കേന്ദ്രമാക്കി മാറ്റുന്നത് ലക്ഷ്യമിട്ട് നടന്ന ആഗോള ഡിജിറ്റൽ ഉച്ചകോടിയിൽ ഉയർന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഡിജിറ്റൽ രംഗത്തെ നൂതനാശയങ്ങൾക്കും നിക്ഷേപങ്ങൾക്കും അനുകൂല ഹബ്ബായി സംസ്ഥാനത്തെ മാറ്റിത്തീർക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

ഉത്തരം

(എ) ആഗോള ഡിജിറ്റൽ ഉച്ചകോടിയിൽ ഉയർന്ന പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നു:

1. ഇന്ത്യയിലെയും, ഇന്ത്യക്ക് പുറത്തുമുള്ള വിവിധ ഐ.ടി. സ്ഥാപനങ്ങളിൽ ഉന്നത തലങ്ങളിൽ ജോലി ചെയ്യുന്ന വ്യക്തികൾക്ക് ഒരുമിച്ച് പ്രവർത്തിക്കാൻ ഉതകുന്ന രീതിയിൽ ഒരു ഡിജിറ്റൽ വേദി സൃഷ്ടിക്കുക.
2. ഇതിലൂടെ കേരളത്തിന്റെ സാധ്യതകളും വിവര സാങ്കേതിക രംഗത്ത് കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങളും കാലാകാലങ്ങളിൽ ഇത്തരം വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽകൊണ്ടുവരിക.
3. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വഴിയൊരുക്കുക.

4. പുതിയ സാങ്കേതികവിദ്യകൾ സാധാരണ രീതിയിലുള്ള ബിസിനസ്സുകളെ കാര്യമായി സ്വാധീനിക്കുന്നതെങ്ങനെയെന്ന് ഇതര മേഖലയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരിക.

5. ഇത്തരം മാറ്റങ്ങൾ ഉൾക്കൊള്ളാനും അതനുസരിച്ച് ഇടപെടലുകൾ നടത്താനും കേരളത്തിൽ പ്രവർത്തിക്കുന്ന ഐ.ടി. മേഖലയിലെ കമ്പനികൾക്കും സ്റ്റാർട്ട് അപ്പ് കമ്പനികൾക്കും സാധ്യതയും അവസരവും ഒരുക്കുക.

6. കേരളത്തിലെ സ്റ്റാർട്ട് അപ്പ് കമ്പനികൾക്ക് കേരളത്തിലെയും ഇന്ത്യയിലെയും അന്താരാഷ്ട്രതലത്തിലെയും കമ്പനികളുമായി നിരന്തരം ഇടപഴകാൻ അവസരമൊരുക്കുക.

7. മേൽ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉതകുന്ന രീതിയിൽ ഒരു സ്ഥായിയായ വേദിയായി ഡിജിറ്റൽ ഉച്ചകോടിയെ പരിവർത്തിതപ്പെടുത്തുക.

(ബി) ഡിജിറ്റൽ രംഗത്തെ നൂതനാശയങ്ങൾക്കും നിക്ഷേപങ്ങൾക്കും അനുകൂല ഹബ്ബായി സംസ്ഥാനത്തെ മാറ്റുന്നതിനായി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർത്താവിനിമയം മറ്റു പ്രധാന മേഖലകൾ എന്നിവയിൽ ഡിജിറ്റൽ രംഗത്തെ ഏറ്റവും പുതിയ പ്രവണതകൾ പൊതുജനസേവനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള ഡിജിറ്റൽ സർക്കാർ ഉപദേശക സമിതി (HPIC-Highpower IT Committee) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അത്യാധുനിക മേഖലകളിലുള്ള അറിവും പരിജ്ഞാനവും വൈദഗ്ദ്ധ്യവുമുള്ള ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ ഹൈപവർ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്.

ഹൈപവർ ഐ.ടി. കമ്മിറ്റിയുടെ ഒരു പ്രധാന നിർദ്ദേശമായിരുന്നു വിവര സാങ്കേതിക വിദ്യ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖ വ്യക്തികൾ, പ്രമുഖ വ്യവസായികൾ, പ്രൊഫസർമാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് രണ്ട് കൊല്ലത്തിൽ ഒരിക്കൽ കേരളത്തിൽ വച്ച് ഹാഷ് ടാഗ് ഫ്യൂച്ചർ എന്ന ആഗോള സമ്മേളനം നടത്തുകയെന്നത്. അതിന്റെ ഭാഗമായി ഹാഷ് ടാഗ് ഫ്യൂച്ചറിന്റെ ആദ്യത്തെ സമ്മേളനമാണ് മാർച്ച് 22, 23 തീയതികളിൽ കൊച്ചിയിൽ നടന്നത്.

ഡിജിറ്റൽ ടെക്നോളജി പരാമവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവേണൻസ്), ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ കൊമേഴ്സ്, ഡിജിറ്റൽ ഇൻക്ലൂഷൻ തുടങ്ങി നിരവധി മേഖലകളിൽ പുതിയ വ്യവസായ സാധ്യതകൾ കണ്ടെത്താനും സംസ്ഥാനത്ത് മൂന്ന് പാർക്കുകളിൽ ഇത്തരം നൂതന ടെക്നോളജി ഏരിയ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി സൈബർ പാർക്കിന് മൊബൈൽ സൊല്യൂഷൻസിന്റെ ഹബ്ബായും ഇൻഫോ പാർക്കിന് IoT (Internet of Things)യും ടെക്നോപാർക്ക് നോളജ്സിറ്റി ആന്റ് സെന്റർ ഓഫ് എക്സലൻസ് ആയി പ്രവർത്തിക്കുന്നതിനുള്ള പദ്ധതികൾ സ്വീകരിച്ചുവരുന്നു.

**വിരമിച്ച സൈനികർക്ക് സൈനിക ക്ഷേമ വകുപ്പ് മുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ**

55 (5716) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. രാജൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈനികക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സൈനികക്ഷേമ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സൈനിക ക്ഷേമ വകുപ്പ് മുഖേന വിരമിച്ച സൈനികർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) സർവ്വീസിലുള്ള സൈനികരുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഇ) സൈനികരുടെ വിധവകൾക്ക് സഹായം നല്കുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സൈനികക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. 25-1-2018-ലെ എസ്.ആർ.ഒ. നമ്പർ 53/2018, (സ.ഉ.(കൈ) നമ്പർ 22/2018/പൊ.ഭ.വ ഉത്തരവ്)

വിജ്ഞാപനം പ്രകാരം റൂൾസ് ഓഫ് ബിസിനസ്സിൽ XXXIII-ാം നമ്പർ പ്രകാരം സൈനികക്ഷേമ വകുപ്പിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സൈനികക്ഷേമ വകുപ്പിൽ നിലവിൽ തന്നെ വിമുക്തഭടന്മാരുടെ/ സൈനികരുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(സി) വിരമിച്ച സൈനികർക്ക് എസ്.എം.ബി.എഫ്.-ൽ നിന്നും ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ:

- നിർദ്ധനരായ വിമുക്തഭടന്മാർക്ക് സാമ്പത്തിക സഹായം-എസ്.എം.ബി.എഫ്.
- നിർദ്ധനരായ വിമുക്തഭടന്മാർക്ക് സാമ്പത്തികസഹായം-ഡി.എം.ബി.എഫ്.
- വിവാഹ ഗ്രാന്റ്-വിമുക്തഭടന്റെ 2 പെൺമക്കൾക്ക്
- അടിയന്തര സാമ്പത്തിക സഹായം
- മരണാനന്തരം നൽകുന്ന എക്സ്ഗ്രേഷ്യാ ഗ്രാന്റ്
- അന്ധരായ വിമുക്തഭടന്മാർക്ക്/വിധവകൾക്ക്/ഭാര്യക്ക്/മക്കൾക്ക് പ്രതിമാസ ധനസഹായം.
- മാനസികമായി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ധനസഹായം.
- ശാരീരികമായി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രതിമാസ ധനസഹായം.
- പോക്കറ്റ് മണി-ക്ഷയരോഗ/കുഷ്ഠരോഗ വിമുക്തഭടന്മാർക്ക് ധനസഹായം
- ഓണാഘോഷത്തിന് ഗ്രാന്റ്-ക്ഷയ/കുഷ്ഠ/ക്യാൻസർ രോഗികൾക്ക്
- മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ്- ക്ഷയ/കുഷ്ഠ രോഗികൾക്ക്
- തയ്യൽ മെഷീൻ വിതരണം-വിമുക്തഭടന്റെ വിധവകൾക്ക്
- ക്യാൻസർ രോഗികൾക്ക് മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ്

- എസ്.എസ്.എൽ.സി.-ക്ക് ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ്
- വീട് നന്നാക്കുവാൻ ഗ്രാന്റ്-വിമുക്തഭടന്റെ വിധവകൾക്ക്
- സ്വയം തൊഴിൽ കണ്ടെത്തുവാൻ വിമുക്തഭടന്മാർക്ക് പരിശീലനം
- മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനും പരിശീലന ധനസഹായം
- വിമുക്തഭടന്മാർക്കും ആശ്രിതർക്കും കമ്പ്യൂട്ടർ പരിശീലന ധനസഹായം
- പാരാപ്ലജിക് റീഹാബിലിറ്റേഷൻ സെന്ററിലെ അന്തേവാസികൾക്ക് സാമ്പത്തികസഹായം
- വിമുക്തഭടന്മാരുടെ മക്കൾക്ക് മത്സരപരീക്ഷകളിൽ SET/NET/JRF etc. പരിശീലനത്തിന് സാമ്പത്തിക സഹായം
- വിമുക്തഭടന്മാർക്കും വിധവകൾക്കും എംബ്രോയിഡറി മെഷീൻ വാങ്ങി വിതരണം
- വൃക്ക രോഗികൾക്ക് ഡയാലിസിസ് സാമ്പത്തിക സഹായം.
- അവയവമാറ്റ ശസ്ത്രക്രിയയ്ക്കുശേഷം (Kidney, Liver, Hip, Knee) ധനസഹായം
- മെഡിക്കൽ റിലീഫ് ഗ്രാന്റ്- വിമുക്തഭടന്മാർക്കും ആശ്രിതർക്കും
- സ്വയം തൊഴിലിനായി വിമുക്തഭടന്റെ ഭാര്യക്കും വിധവകൾക്കും ധനസഹായം
- ഗ്രൂപ്പായ/തൊഴിൽരഹിതരായ വിമുക്തഭടന്മാർക്കും വിധവകൾക്കും തയ്യൽ/എംബ്രോയിഡറി മെഷീൻ വാങ്ങി വിതരണം
- ഒറ്റത്തവണ ക്യാഷ് അവാർഡ് - +2 / 12th ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്ക്
- സാങ്കേതികവും /തൊഴിലധിഷ്ഠിതവുമായ വിവിധ കോഴ്സുകൾക്ക് നൽകുന്ന സ്കോളർഷിപ്പ്
- ഓർഫൻ ഗ്രാന്റ്
- സൈനിക സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്

- ഐ.ടി.ഐ. ട്രെയിനിംഗ് ധനസഹായം
- എൻട്രൻസ് കോച്ചിംഗിന് സാമ്പത്തിക സഹായം
- രോഗികളായ രണ്ടാം ലോക മഹായുദ്ധ സേനാനികൾക്ക് ചികിത്സാ സഹായം
- വൃദ്ധസദനങ്ങളിൽ കഴിയുന്ന വിമുക്തഭടന്മാർക്കും/വിധവകൾക്കും ധനസഹായം
- സ്വയംതൊഴിൽ വായ്പകൾക്ക് പലിശ സബ്സിഡി
- സ്വയംതൊഴിൽ സഹായസംഘങ്ങൾക്ക് ധനസഹായം.

വിരമിച്ച സൈനികർക്ക് സംസ്ഥാന ബജറ്റിൽനിന്നും ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ

- രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം (M.F.A)
- ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പ് ധനസഹായം.
- ഗ്യാലന്റ്റി/നോൺ ഗ്യാലന്റ്റി അവാർഡുകൾ നൽകിവരുന്നു.
- യുദ്ധത്തിലോ/യുദ്ധസമാന സാഹചര്യത്തിലോ മരണപ്പെട്ടവർക്കോ, അംഗവൈകല്യം സംഭവിച്ചവർക്കോ ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിവരുന്നു.

(ഡി) സർവ്വീസിലുള്ള സൈനികരുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ

- ജില്ലാതലങ്ങളിൽ പരാതി പരിഹാര സെൽ മുഖേന അടിയന്തരമായി പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.
- സർവ്വീസിലുള്ള സൈനികരുടെ ആശ്രിതർക്ക് സ്ഥലംമാറ്റത്തിന് മുൻഗണന
- സർവ്വീസിലിരിക്കെ യുദ്ധത്തിലോ/യുദ്ധസമാന സാഹചര്യത്തിലോ മരണപ്പെട്ട സൈനികന്റെ ആശ്രിതർക്ക് സർക്കാർ ജോലിയിൽ പരിഗണന
- മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നും കാലാകാലങ്ങളിൽ ധനസഹായം.

(ഇ) സൈനികരുടെ വിധവകൾക്ക് നൽകുന്ന പദ്ധതികൾ

- സർവ്വീസിലിരിക്കെ യുദ്ധത്തിലോ/യുദ്ധസമാന സാഹചര്യത്തിലോ മരണപ്പെട്ട സൈനികന്റെ ഭാര്യക്ക് സർക്കാർ സർവ്വീസിൽ പരിഗണന.
- ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിൽ നിന്നും ധനസഹായം.
- മേൽ (സി) പിരിവിൽ പരാമർശിച്ചിരിക്കുന്ന വിരമിച്ച സൈനികർക്ക് എസ്.എം.ബി.എഫ്-ൽ നിന്നും ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും വിധവകൾക്കും നൽകിവരുന്നുണ്ട്.

## സി.എം.ഡി.ആർ.എഫ്. ഉദ്യോഗസ്ഥരുടെ വീഴ്ച

56 (5717) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സി. എം. ഡി. ആർ. എഫ്. നൽകുന്നതിൽ ചില ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകൾ പരിശോധിച്ച് തുക അനുവദിച്ചുവരുന്നുണ്ട്.

## പ്രകൃതി ദുരന്തത്തിൽപ്പെടുന്നവർക്കുള്ള നഷ്ടപരിഹാര തുക

57 (5718) ശ്രീ. പി. കെ. അബ്ദു റബ്ബ്
ശ്രീ. അബ്ദുൽ ഹമീദ്. പി.
ശ്രീ. പാറക്കൽ അബ്ദുല്ല
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തത്തിൽപ്പെടുന്നവർക്ക് നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ;

(ബി) ഓഖി ചുഴലിക്കാറ്റിൽ വിവിധ നാശനഷ്ടങ്ങൾ സംഭവിച്ചവർക്കായി എന്ത് തുക ധനസഹായമായി ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്;

(സി) ഇക്കാര്യത്തിൽ കേന്ദ്രനിലപാട് എന്തായിരുന്നുവെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ആവശ്യം നേടിയെടുക്കുന്നതിന് എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ദുരന്തപ്രതികരണ നിധിയിൽനിന്നും 431 കോടി രൂപയുടെ അധികസഹായവും ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് തീരദേശവാസികൾക്ക് സംരക്ഷണം നൽകുന്നതിനായി 7340.45 കോടി രൂപയുടെ പുനരധിവാസ പാക്കേജും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 169.63 കോടി രൂപയുടെ നാശനഷ്ടം അംഗീകരിച്ച കേന്ദ്ര സർക്കാർ, നിയമപരമായ എല്ലാ കിഴിക്കലുകൾക്കും ശേഷം 111.70 കോടി രൂപ അനുവദനീയമാണെന്ന് അറിയിച്ചു. ഓഖി ദുരന്തത്തെത്തുടർന്ന് അടിയന്തര സഹായമായി 133 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ അധികമായി അനുവദിച്ച 21.3 കോടി രൂപ ഭാവിയിൽ കുറവ് ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്.

(ഡി) കേരളത്തിന്റെ റസിഡന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സംഘം, ദുരന്തം വിലയിരുത്തുന്നതിനായി സംസ്ഥാനം സന്ദർശിച്ച കേന്ദ്ര സംഘത്തെ നയിച്ച അഡീഷണൽ സെക്രട്ടറിയുമായി നേരിട്ട് ചർച്ച നടത്തി. പുനരധിവാസ പാക്കേജിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച ശിപാർശ സംബന്ധിച്ച് ചർച്ചയ്ക്കും ആവശ്യമായ നടപടികൾക്കുമായി ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഏഴംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

**ജനസാന്ത്വനം പദ്ധതി സഹായത്തിനായി ലഭിച്ച അപേക്ഷകൾ**

58 (5719) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതിവഴി സഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചത്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(ബി) ഓരോ ജില്ലയിലും എത്ര അപേക്ഷകൾ തീർപ്പുകൽപ്പിച്ചു; എത്ര രൂപയുടെ ധനസഹായം ഓരോ വിഭാഗത്തിലും അനുവദിച്ചു; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിവഴി സഹായം ലഭിക്കുന്നതിനായി മലപ്പുറം ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കി; എന്തു തുക ധനസഹായം അനുവദിച്ചു ; ബാക്കിയുള്ളവ എന്നത്തേയ്ക്ക് തീർപ്പാക്കും ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതി വഴി സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 200050 |
| കൊല്ലം | - | 12758 |
| പത്തനംതിട്ട | - | 7326 |
| ആലപ്പുഴ | - | 42353 |
| കോട്ടയം | - | 1446 |
| ഇടുക്കി | - | 14119 |
| എറണാകുളം | - | 176 |
| തൃശ്ശൂർ | - | 336 |
| പാലക്കാട് | - | 1164 |
| മലപ്പുറം | - | 61700 |
| കോഴിക്കോട് | - | 849 |
| കണ്ണൂർ | - | 209 |
| വയനാട് | - | 5987 |
| കാസർഗോഡ് | - | 177 |
| ആകെ | - | 348650 |

(ബി&സി) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുള്ള മുഖ്യമന്ത്രിയുടെ ജനസാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങൾ പുന:ക്രമീകരിച്ചുകൊണ്ടുള്ള കരട് ഉത്തരവ് സർക്കാരിന്റെ പരിഗണനയിലാണ്. ഉത്തരവ് പുറപ്പെടുവിച്ചശേഷം മാത്രമേ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## ദുരിതാശ്വാസ നിധിയിൽനിന്ന് ആലത്തൂർ താലൂക്കിന് അനുവദിച്ച തുക

59 (5720) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലത്തൂർ താലൂക്കിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര തുകയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ താലൂക്കിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 4,51,20,650 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വില്ലേജ് തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസന പദ്ധതി

60 (5721) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസന പദ്ധതികൾക്കായി പതിനെട്ട് ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഫീൽഡ് സർവ്വെ പൂർത്തിയായിട്ടുണ്ടോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുള്ള സാമൂഹ്യ ആഘാതപഠനം പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) വികസനപദ്ധതികൾക്കായി ഭൂമി വിട്ടുനൽകുന്നവർക്ക് പ്രഖ്യാപിച്ചിട്ടുള്ള പാക്കേജ് എന്താണെന്ന് വിശദമാക്കുമോ;

(ഡി) അന്താരാഷ്ട്ര വിമാന ടെർമിനലിനായി മുമ്പ് സ്ഥലം വിട്ട് നൽകിയവർക്ക് അധിക നഷ്ടപരിഹാര തുക നൽകാനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം വികസന പദ്ധതികൾക്കായി ഭൂമി വിട്ടുനൽകുന്നവർക്കുള്ള പുനരധിവാസ പാക്കേജ് 29-12-2017-ലെ സ.ഉ.(കൈ) നമ്പർ 448/2017/റവ. ഉത്തരവുപ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) അധിക നഷ്ടപരിഹാര തുകയ്ക്കായി നൽകിയ എൽ.എ.ആർ കേസുകളിൽ ബഹുമാനപ്പെട്ട കോടതികളിൽനിന്നും അന്തിമ വിധി ലഭ്യമാകുന്ന മുറയ്ക്ക് തുക കോടതികളിൽ കെട്ടിവച്ചുവരുന്നു.

## കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

61 (5722) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ ചെലവിൽ പൊതുഗതാഗതം സാധ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ) എന്ന സ്ഥാപനം എന്നാണ് ആരംഭിച്ചത്;

(സി) കെ.എം.ആർ.എൽ. എന്ന സ്ഥാപനം യാഥാർത്ഥ്യമാക്കുന്നതിനായി എത്ര തുകയാണ് ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) കെ.എം.ആർ.എൽ. എന്നാണ് കൊച്ചിയിൽ മെട്രോ ട്രെയിൻ സർവ്വീസ് ആരംഭിച്ചത്;

(ഇ) പ്രസ്തുത കെ.എം.ആർ.എൽ.-ന് വേണ്ടി ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് ധനസമാഹരണം നടത്തിയത്; വിശദാംശം നൽകാമോ;

(എഫ്) മൂലധനസമാഹരണത്തിനായി എത്ര തുക വായ്പ എടുത്തിട്ടുണ്ട്; വിശദാംശം നൽകാമോ;

(ജി) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ നാളിതുവരെയുള്ള പ്രവർത്തനം ലാഭകരമല്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കുറഞ്ഞ ചെലവിൽ പൊതുഗതാഗതം സാധ്യമാക്കുന്നതിന് സ്റ്റേജ് കാര്യേജ് സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ 900 പുതിയ ബസ്സുകൾ പുറത്തിറിക്കുന്നതിനുള്ള നടപടികൾ KSRTC ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാർ ധനസഹായത്തോടെ 100 ബസ്സുകൾ പുറത്തിറക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇതിനോടകം 32 ബസ്സുകൾ പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. ചെലവ് കുറഞ്ഞ ഇന്ധനങ്ങളായ LNG/CNG ഉപയോഗിക്കുന്ന വാഹനങ്ങളും പരീക്ഷണ ഘട്ടത്തിലാണ്. സ്ഥിരം യാത്രക്കാർക്ക് യാത്രാക്കൂലിയിൽ ഇളവ് നൽകുന്നതിലേയ്ക്കായി സ്മാർട്ട് കാർഡ് നടപ്പാക്കുന്ന കാര്യവും KSRTC-യുടെ പരിഗണനയിലാണ്.

സ്വകാര്യ ഓൺലൈൻ ടാക്സികൾ കർശനമായ സുരക്ഷാ മാനദണ്ഡങ്ങളോടെ ഈ സംസ്ഥാനത്ത് ഏർപ്പെടുത്തുന്നതിന് നടപടികൾ പുരോഗമിക്കുന്നു. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനായി ഇ-കാർ, ഇ-റിക്ഷ, ഇ-ബൈക്ക് തുടങ്ങിയ ഇലക്ട്രിക് വാഹനങ്ങൾക്ക് സംസ്ഥാനത്തുടനീളം വിപണനം നടത്തുന്നതിനും അനുമതി നൽകി. ഇവയുടെ വാഹന നികുതി സൗജന്യ നിരക്കിൽ നൽകിയിട്ടുള്ളതാണ്. കുറഞ്ഞ ചെലവിൽ പൊതുഗതാഗതം സാധ്യമാക്കുന്നതിനായി LNG/ CNG വാഹനങ്ങൾക്ക് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പെട്രോൾ, ഡീസൽ എന്നിവ ഉപയോഗിക്കുന്നതിനേക്കാളും ലാഭകരവും മലിനീകരണ തോത് കുറവുള്ളതുമായ ഇ-കാർ, ഇ-റിക്ഷ, ഇ-ബൈക്ക്, സി.എൻ.ജി.ബസ് തുടങ്ങിയവ മോട്ടോർ വാഹന വകുപ്പ് രജിസ്റ്റർ ചെയ്ത് നൽകുന്നുണ്ട്.

(ബി) 2-8-2011-ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ. എം.ആർ. എൽ.) എന്ന കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

(സി) പ്രോജക്ടുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, മെട്രോ റീച്ച് നിർമ്മാണം, മുട്ടത്ത് പ്രവർത്തിച്ചുവരുന്ന കൺട്രോൾ സെന്റർ, മെട്രോ സ്റ്റേഷനുകൾ, മെട്രോ സ്റ്റേഷനുകളിലുള്ള സൗകര്യങ്ങൾ, മെട്രോ റെയിൽ കോച്ചുകൾ, ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, ഡി. എം. ആർ. സി.-ക്ക് കൊടുക്കേണ്ടതായ കൺസൾട്ടൻസി ഫീസ് തുടങ്ങിയ ആവശ്യങ്ങൾക്കായി 28-2-2018 വരെ 4491.38 കോടി രൂപ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ചെലവഴിച്ചിട്ടുണ്ട്.

(ഡി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള ഭാഗത്ത് 19-6-2017-നം പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് സ്റ്റേഷൻ വരെയുള്ള ഭാഗത്ത് 3-10-2017-നം ആണ് സർവ്വീസ് ആരംഭിച്ചത്.

(ഇ) ധനസമാഹരണം നടത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(എഫ്) വായ്പയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഫ്രഞ്ച് ഏജൻസിയായ AID-യുടെ കേന്ദ്ര സർക്കാർ മുഖേനയുള്ള വായ്പ | 1152.29 കോടി രൂപ |
| കാനറാ ബാങ്ക് വായ്പ | 662.43 കോടി രൂപ |
| ആകെ | 1814.72 കോടി രൂപ |

എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി കേരള സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക ആയതിനാൽ പ്രസ്തുത ലോൺ കേരള സർക്കാരിനുവേണ്ടി കൊച്ചി മെട്രൊ റെയിൽ ലിമിറ്റഡ് എടുത്തിട്ടുള്ളതാണ്. ആയതിനാൽ പ്രസ്തുത വായ്പ മേൽപ്പറഞ്ഞ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ജി) 28-2-2018 വരെയുള്ള കണക്ക് പ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് 47.14 കോടി രൂപ നഷ്ടത്തിലാണ്.

## ലൈറ്റ് മെട്രോ പദ്ധതിയിൽനിന്ന് പിന്മാറുന്നതിന് തീരുമാനം

62 (5723) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയിൽനിന്നും സർക്കാർ പിൻമാറുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ ഡി.എം.ആർ.സി. പിൻമാറിയ സാഹചര്യത്തിൽ പദ്ധതി തുടരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി ഏത് കമ്പനിയെ/സ്ഥാപനത്തെ ഏൽപ്പിക്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ നിന്ന് പിൻമാറാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടില്ല.

(ബി) കേന്ദ്ര സർക്കാരിന്റെ പുതിയ നയപ്രകാരം ആവശ്യമായ മാറ്റങ്ങൾ വരുത്തി ഡി.എം.ആർ.സി. പുതുക്കി സമർപ്പിച്ച ലൈറ്റ് മെട്രോ പദ്ധതി രേഖ നിലവിൽ ധനകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി പരിശോധിച്ചുവരികയാണ്. സമിതിയുടെ പരിശോധനയ്ക്ക് ശേഷം കേരള സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര അനുമതിക്കായി സമർപ്പിക്കുന്നതാണ്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

(സി) ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾ ഏൽപ്പിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

## തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ഡി.എം.ആർ.സി. ഓഫീസ്

63 (5724) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ഡി.എം.ആർ.സി. ഓഫീസുകൾ തുടങ്ങിയിരുന്നോ എന്നും എത്ര കാലമായി ഈ ഓഫീസുകൾ പ്രവർത്തിച്ചിരുന്നു എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തിന് ഡി.എം.ആർ.സിക്ക് പ്രതിമാസം എത്ര രൂപയാണ് ചെലവെന്നും ഇത് സംസ്ഥാന സർക്കാർ നൽകിയിരുന്നോ എന്നും വ്യക്തമാക്കാമോ;

(സി) കൺസൾട്ടൻസി കരാർ ഒപ്പുവെച്ചിരുന്നോ എന്നും ഇല്ലെങ്കിൽ അത് അനന്തമായി നീളാൻ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) ലൈറ്റ് മെട്രോയുടെ നടത്തിപ്പിനായി രൂപീകരിച്ച കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ യോഗം അവസാനമായി ചേർന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്നും തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും കൺസൾട്ടൻസി കരാർ പൊതു ടെണ്ടർ വിളിച്ച് കൊടുക്കണമെന്ന ആവശ്യം ഉയർന്നിരുന്നോ എന്നും വ്യക്തമാക്കാമോ;

(എഫ്) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതിക്ക് വേണ്ടി സംസ്ഥാന സർക്കാരിന് ചെലവിടേണ്ട തുക എത്രയാണെന്നും എത്ര വർഷം കൊണ്ടാണ് ഇത് ചെലവിടേണ്ടിവരുന്നത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കുള്ള ജനറൽ കൺസൾട്ടന്റായി ഡി.എം.ആർ.സി.യെ കേരള മോണോറെയിൽ കോർപ്പറേഷൻ (ഇന്നത്തെ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്) 2013 ജൂൺ മാസത്തിൽ ചുമതല ഏൽപ്പിച്ചിരുന്നു. അതിനുമുമ്പ് തന്നെ ഡി.എം.ആർ.സി. ഓഫീസുകൾ ഈ നഗരങ്ങളിൽ പ്രവർത്തിച്ചുതുടങ്ങിയിരുന്നു.

(ബി) ഡി.എം.ആർ.സി.-യുടെ ഓഫീസുകളുടെ പ്രതിമാസ പ്രവർത്തനത്തിനുള്ള തുക സർക്കാർ നേരിട്ട് നൽകിയിരുന്നില്ല. തിരുനവനന്തപുരം, കോഴിക്കോട് ലൈറ്റ്മെട്രോ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായുള്ള ഇടക്കാല കൺസൾട്ടൻസി കരാർ പ്രകാരം തവണകളായി അവർക്ക് നൽകേണ്ട തുകയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്.

(സി) ലൈറ്റ് മെട്രോ പദ്ധതികൾക്ക് മുന്നോടിയായുള്ള പ്രാരംഭ ജോലികൾക്കായുള്ള ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചുകൊണ്ടുള്ള കരാർ 20-1-2016-ന് ഒപ്പുവച്ചു. (കരാർ തുക 5.218 കോടി രൂപ) ഈ കരാറിന്റെ കാലാവധി 2016 ഡിസംബറിൽ അവസാനിച്ചു. അതിൻപ്രകാരമുള്ള പ്രധാന ജോലികൾ (സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങൾ, ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ, മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും പൈപ്പുകളും കേബിളുകളും മാറ്റിസ്ഥാപിക്കാനുള്ള രൂപരേഖ, ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും എന്നിവ) അവർ പൂർത്തിയാക്കുകയും രേഖകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രധാന പ്രാരംഭ ജോലികളുടെ ഭാഗമായി തിരുവനന്തപുരത്ത് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ള മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതലയ്ക്കുള്ള കരാർ

ഡി.എം.ആർ.സി.-യുമായി ഒപ്പുവച്ചിട്ടില്ല. 18-12-2017-ൽ കൂടിയ കെ.ആർ.ടി.എൽ. ഡയറക്ടർ ബോർഡ് യോഗം പ്രസ്തുത നിർമ്മാണത്തിന് ദർഘാസിലൂടെ ഏജൻസിയെ കണ്ടെത്താൻ സർക്കാരിനെ സമീപിക്കുന്നതിനാണ് തീരുമാനിച്ചത്. ലൈറ്റ് മെട്രോ പദ്ധതി കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയായതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായശേഷം തുടർ നടപടികൾ സ്വീകരിക്കാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) 18-12-2017-നായിരുന്നു കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ ബോർഡ് യോഗം അവസാനമായി ചേർന്നത്.

(ഇ) കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ 18-12-2017-ലെ ബോർഡ് യോഗത്തിൽ പങ്കെടുത്തവർ:

1. ശ്രീ. പിണറായി വിജയൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി -ചെയർമാൻ
2. ശ്രീ. ജി. സുധാകരൻ, ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി - വൈസ് ചെയർമാൻ
3. ശ്രീ. എ. കെ. ബാലൻ, ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി-ഡയറക്ടർ
4. ശ്രീ. ടി. പി. രാമകൃഷ്ണൻ, ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി -ഡയറക്ടർ
5. ഡോ. കെ. ടി. ജലീൽ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി - ഡയറക്ടർ
6. ശ്രീ. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്-ഡയറക്ടർ
7. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, (ഗതാഗതം)-ഡയറക്ടർ
8. ശ്രീ. അജിത് പാട്ടീൽ ഐ.എ.എസ്. മാനേജിംഗ് ഡയറക്ടർ

കെ.ആർ.ടി.എൽ.-ന്റെ ഭരണപരമായ കാര്യങ്ങളിലും ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച കാര്യങ്ങളിലും പ്രസ്തുത യോഗത്തിൽ തീരുമാനങ്ങൾ എടുത്തിരുന്നു. ഇതിൽ ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച തീരുമാനങ്ങൾ ഇവയാണ്.

പുതുക്കിയ കേന്ദ്ര മെട്രോ നയത്തിനനുസൃതമായി ഡി.എം.ആർ.സി. സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ. (അനുബന്ധം)*. പരിശോധിക്കാനായി ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കാൻ സർക്കാരിനെ സമീപിക്കാൻ തീരുമാനിച്ചു. കഴക്കൂട്ടം - കേശവദാസപുരം പാതവികസനം പൊതുമരാമത്ത് വകുപ്പ് നേരിട്ടോ വകുപ്പിന്റെ കീഴിലുള്ള മറ്റ് ഏജൻസികൾ വഴിയോ നടപ്പിലാക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു. മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതല ഏതെങ്കിലും ഏജൻസിയെ ടേൺകീ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പകരം, ഇതിനായുള്ള ഏജൻസിയെ ദർഘാസിലൂടെ കണ്ടെത്താൻ സർക്കാരിനെ സമീപിക്കാൻ തീരുമാനിച്ചു.

(എഫ്) പുതുക്കിയ പദ്ധതി രേഖ പ്രകാരം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി സ്ഥലമെടുപ്പിനായി 392 കോടി രൂപയും സംസ്ഥാന നികുതി ഇനത്തിൽ 534 കോടി രൂപയും കേന്ദ്ര നികുതിയുടെ 50% ആയ 316.5 കോടി രൂപയും ഉൾപ്പെടെ 2187 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവിടേണ്ട തുകയായി കണക്കാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ തുക 6 വർഷം കൊണ്ട് ചെലവിടേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

**നദീ സംയോജനം സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാട്**

64 (5725) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ വിവിധ നദികൾ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിൽനിന്നും അഭിപ്രായം ആരാഞ്ഞുകൊണ്ട് എന്തെങ്കിലും കത്തോ സർക്കുലറോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നദീസംയോജനം കേരളത്തിലെ ഏതൊക്കെ നദികളെയാണ് ദോഷകരമായി ബാധിക്കുക; ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) കേരളത്തിൽ ഉത്ഭവിക്കുന്ന നദികളിൽനിന്നും മൊത്തം മഴയിലൂടെ എത്ര ടി.എം.സി. ജലം ലഭിക്കുന്നുവെന്നും അതിൽ കേരളം, തമിഴ്നാട്, കർണാടക ഈ സംസ്ഥാനങ്ങൾക്ക് അവകാശപ്പെട്ട ജലം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിന് അവകാശപ്പെട്ട ജലം പൂർണമായും ഉപയുക്തമാക്കാൻ അന്തർസംസ്ഥാന നദീജലവിഭാഗം ജലവിഭവ വകുപ്പിന് നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) കേരളത്തിന്റെ നദികളായ പമ്പയും അച്ചൻകോവിലാറും ബന്ധിപ്പിച്ച് തമിഴ്നാട്ടിലെ വൈപ്പാർ നദീതടത്തിലേയ്ക്ക് തിരിച്ചുവിടുന്നതിനുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി 1995-ൽ രൂപകൽപ്പന ചെയ്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി സംസ്ഥാനത്തെ പമ്പ, അച്ചൻകോവിൽ നദികളെയും അവ വന്നുപതിക്കുന്ന വേമ്പനാട് കായലിനെയും വളരെ പ്രതികൂലമായാണ് ബാധിക്കുന്നത്. ഈ നദികളിൽ അധിക ജലമില്ലെന്നും 2050-ാം വർഷത്തോടെ രൂക്ഷമായ ജലക്ഷാമം (പ്രത്യേകിച്ചും പമ്പാ നദിയിൽ) അനുഭവപ്പെടുമെന്നും നദീ സംയോജന പദ്ധതിയുണ്ടാക്കാൻ സാധ്യതയുള്ള എക്കോളജിക്കൽ ഇംപാക്ടിനെപ്പറ്റിയും സി.ഡബ്ല്യൂ.ആർ.ഡി.എം. കോഴിക്കോട്, ഐ.ഐ.റ്റി. ഡൽഹി എന്നീ വിദഗ്ദ്ധ ഏജൻസികളെക്കൊണ്ട് പഠനം നടത്തി കേരളം വ്യക്തത വരുത്തിയിട്ടുണ്ട്.

പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് കേരളം National Water Development Agency-യെ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയെ പൂർണ്ണമായി എതിർക്കുന്ന കേരള സർക്കാരിന്റെ നിലപാട് ഈ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയ ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ കേരളം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് 11-ാം നിയമസഭയുടെ 6-ാം സമ്മേളനത്തിൽ 6-8-2003-ന് കേരളാ നിയമസഭ പ്രമേയം പാസ്സാക്കുകയുണ്ടായി.

22-6-2016-ൽ നടന്ന ദേശീയ ജലവികസന ഏജൻസിയുടെ 30-ാമത് വാർഷിക ജനറൽ യോഗത്തിലും 12-9-2017-ൽ നടന്ന 31-ാമത് വാർഷിക ജനറൽ യോഗത്തിലും പങ്കെടുത്ത കേരള ജലവിഭവ വകുപ്പുമന്ത്രി പ്രസ്തുത പദ്ധതിക്കെതിരെ കടുത്ത പ്രതിഷേധം അറിയിക്കുകയും ആയത് ഉപേക്ഷിക്കണമെന്നും കൂടാതെ ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതത്തോടുകൂടി മാത്രമേ നദീ സംയോജന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിക്കാവൂ എന്നും ആവശ്യപ്പെടുകയുണ്ടായി. ഇതേത്തുടർന്ന് ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതത്തോടുകൂടി മാത്രമേ നദീ സംയോജന പദ്ധതി നടപ്പിലാക്കുകയുള്ളൂവെന്ന് കേന്ദ്ര മന്ത്രി (Water Resources, RD & GR) ഉറപ്പുനൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കാനുള്ള ഏതൊരു ശ്രമവും കേരളത്തിന്റെ ഭാഗത്തുനിന്നും തടയുവാൻ വേണ്ട സാധ്യമായ എല്ലാ മുൻകരുതലുകളും വകുപ്പ് തലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ചുവരുന്നുണ്ട്.

(സി) കേരളത്തിന്റെ വൃഷ്ടി പ്രദേശങ്ങളിൽനിന്നും 2483.49 ടി.എം.സി. ജലവും കേരളത്തിനുപുറമെ തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ വൃഷ്ടി പ്രദേശത്തുനിന്നും 272.63 ടി.എം.സി. ജലവും പ്രതിവർഷം ഒഴുകിയെത്തുമെന്നാണ് 1974-ലെ "Water Resources of Kerala" കണക്കാക്കിയിട്ടുള്ളത്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങൾക്ക് ഇതിൽ അവകാശപ്പെട്ട ജലം എത്രയെന്ന് കൃത്യമായി കണക്കാക്കാൻ നിലവിൽ ചട്ടങ്ങൾ ഒന്നുമില്ല.

(ഡി) കേരളത്തിന് അവകാശപ്പെട്ട ജലം പൂർണ്ണമായി ഉപയുക്തമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുവാനുള്ള നടപടികൾ പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്ന ചീഫ് എഞ്ചിനീയർമാർ സ്വീകരിച്ചുവരുന്നു.

## പറമ്പിക്കുളം-ആളിയാർ കരാറിന്റെ പ്രസക്ത ഭാഗം

65 (5726) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് അൺ കൺട്രോൾഡ് ഫ്ളഡ് വാട്ടർ കൂടാതെ വ്യവസ്ഥ ചെയ്തിട്ടുള്ള 7.25 ടി.എം.സി. ജലം വാങ്ങിയെടുക്കാൻ എന്തൊക്കെ മാർഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) മണക്കടവ് വിയറിൽ അളന്നെടുക്കുമ്പോൾ ആളിയാറിൽനിന്നും റീലീസ് ചെയ്ത വെള്ളം അഞ്ച് അണക്കെട്ടിൽക്കൂടി തമിഴ് നാട് കൊണ്ടുപോയതിന് ശേഷവും തമിഴ് നാട്ടിലെ കർഷകർ കനാലിൽ നിന്ന് പമ്പ് ചെയ്ത് എടുക്കുന്ന ജലവും കഴിച്ചിട്ടാണോ കേരളത്തിന്റെ വിഹിതം കണക്കാക്കുന്നത്; അറിയിക്കുമോ;

(സി) പറമ്പിക്കുളത്ത്നിന്നും ഷോളയാറിലെ സ്പിൽവേയിൽ വരുന്ന വെള്ളവും കോണ്ടൂർ കനാലിന്റെ മുകളിൽ നിന്നും കോണ്ടൂർ കനാലിലേക്ക് ഒഴുകിയെത്തുന്ന വെള്ളവും സ്വാഭാവികമായി ലഭിക്കുന്ന മഴ വെള്ളവും കേരളത്തിന് അവകാശപ്പെട്ടതാണോ എന്ന് വിശദമാക്കുമോ;

(ഡി) ഇങ്ങനെ കഴിഞ്ഞ അഞ്ച് വർഷം തമിഴ് നാട് എടുത്ത ജലത്തിന്റെ അളവ് വിശദമാക്കുമോ;

(ഇ) തമിഴ്നാട് എടുത്ത വെള്ളം കിഴിച്ചിട്ടാണോ കേരള വിഹിതം കണക്കാക്കുന്നത്; ഇത് സംബന്ധിച്ച് കരാറിന്റെ പ്രസക്ത ഭാഗം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാറനുസരിച്ച്, അൺകൺട്രോൾഡ് ഫ്ലഡ് വാട്ടർ കൂടാതെ തന്നെ, 7.25 ടി.എം.സി.എഫ്.ടി. ജലം എല്ലാ ജലവർഷങ്ങളിലും മണക്കടവിൽ ലഭ്യമാക്കണമെന്നതാണ് കേരളത്തിന്റെ ആവശ്യം. പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. കൂടാതെ, സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തുവരുന്നു.

ഇതിനുപുറമെ കേരള ജലസേചനവകുപ്പും, കേരള സർക്കാരും, പി.എ.പി.കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായിട്ടുണ്ട്. പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ കേരളം സ്വീകരിച്ചുവരുന്നു.

(ബി) ആളിയാറിൽ നിന്നും റിലീസ് ചെയ്യുന്ന വെള്ളം, തമിഴ്നാട് അവരുടെ 5 അണക്കെട്ടുകളിൽ എടുത്തതിനുശേഷം പി.എ.പി. കരാറിന്റെ ഷെഡ്യൂൾ II ഖണ്ഡിക 4-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് മണക്കടവ് വിയറിൽ നിന്ന് കേരളത്തിന്റെ ജല വിഹിതം അളന്നെടുക്കുന്നു.

(സി) പറമ്പിക്കുളത്ത് നിന്നും തമിഴ്നാട് ഷോളയാറിലെ സാഡിൽ സ്പിൽവേയിൽ വരുന്ന വെള്ളവും, കോണ്ടൂർ കനാലിന്റെ മുകളിൽനിന്നും കോണ്ടൂർ കനാലിലേയ്ക്ക് ഒഴുകിയെത്തുന്ന വെള്ളവും കേരളത്തിന് അവകാശപ്പെട്ടതാണ്. എന്നാൽ ഇതുസംബന്ധിച്ച് തമിഴ്നാടും കേരളവും തമ്മിൽ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നുണ്ട്.

(ഡി) മേൽപ്പറഞ്ഞ വെള്ളത്തിന്റെ മൊത്തം അളവ് ഏറെക്കുറെ തിട്ടപ്പെടുത്തിയെടുത്തിട്ടുണ്ടെങ്കിലും അതിൽ നിന്ന് മാത്രമായി തമിഴ്നാട് എത്ര ജലം ഉപയോഗിച്ചിട്ടുണ്ടെന്ന് നിലവിലെ ഗേജിംഗ് സംവിധാനം ഉപയോഗിച്ച് കൃത്യമായി പറയാൻ സാധിക്കുകയില്ല.

(ഇ) പി.എ.പി. കരാറിലെ ഷെഡ്യൂൾ II-ൽ കേരളത്തിന് ഓരോ സ്ഥലത്തും ലഭിക്കേണ്ട ജലം എത്രയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് തമിഴ്നാട് എടുക്കുന്ന വെള്ളവുമായി ബന്ധപ്പെടുത്തിയിട്ടുള്ളതല്ല. പി.എ.പി. കരാറിന്റെ ഷെഡ്യൂൾ II-ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

## പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽനിന്നും ലഭിക്കുന്ന വെള്ളത്തിന്റെ പരിധി

66 (5727) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽനിന്നും കേരളത്തിന് വെള്ളം കിട്ടുന്നതിന് കരാറിൽ പറഞ്ഞിട്ടുള്ള 16.5 ടി.എം.സി. പരിധിയിൽ കൂട്ടുതലായാൽ, കരാർ നിലവിൽ വന്നതിന് ശേഷമുള്ള 10 വർഷത്തെ ഗേജിങ് അടിസ്ഥാനത്തിൽ പുനർനിശ്ചയിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) കരാർ വ്യവസ്ഥ പുനർനിർണ്ണയിച്ച് കേരളത്തിന് അർഹതപ്പെട്ട ജലം നേടിയെടുക്കാൻ സർക്കാർ സമയബന്ധിത നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) പി.എ.പി. കരാർ പ്രകാരം കൊണ്ടൂർ കനാൽവഴി കടത്തുന്ന ജലത്തിന്റെ അളവ് കണക്കാക്കാൻ ജെ.ഡബ്ല്യൂ.ആർ. ബോർഡിനെ കരാർ പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കനാൽവഴി ഇന്റർസെപ്റ്റ് ചെയ്ത ജലത്തിന്റെ കഴിഞ്ഞ ഇരുപത് വർഷത്തെ കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കണക്ക് നിശ്ചയിച്ചിട്ടില്ലെങ്കിൽ ഇത് ജെ.ഡബ്ല്യൂ.ആർ ബോർഡിന്റെ വീഴ്ചയായി കണക്കാക്കുമോ; ഇത് ലഭ്യമാക്കാൻ ബോർഡിന് കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ ഷെഡ്യൂൾ II ഖണ്ഡിക 3(b)(i)-ൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ കേരളത്തിലെയും തമിഴ്നാടിലേയും ഉദ്യോഗസ്ഥർ സംയുക്തമായി ജല ക്രമീകരണ (ജെ.ഡബ്ല്യൂ.ആർ.) ബോർഡിന്റെ മേൽനോട്ടത്തിൽ പറമ്പിക്കുളം സിസ്റ്റവുമായി ബന്ധപ്പെടുത്തി ഡാമുകളിലെ 1970

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുതൽ 10 വർഷത്തെ ജലലഭ്യതയുടെ ശരാശരി തിട്ടപ്പെടുത്തി, കരാറിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് ജലം കേരളത്തിന് ലഭ്യമാക്കണമെന്ന്, കേരളം സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ തമിഴ്നാടിനോടാവശ്യപ്പെട്ടിരുന്നു. എന്നാൽ ബോർഡ് യോഗത്തിൽ ഇതുസംബന്ധിച്ച് തീരുമാനമാകാതെ വന്നപ്പോൾ തുടർ നിർദ്ദേശത്തിനായി ഇരുസർക്കാരുകളേയും അറിയിക്കുകയും ചെയ്തിരുന്നു. കരാർ പുനരവലോകനം ചെയ്യുന്നതിനായി കേരള സർക്കാർ 1988-ൽ തമിഴ്നാടിനു കൈമാറിയ മെമ്മോറാണ്ടത്തിലും ഈ ആവശ്യം ഉന്നയിച്ചിരുന്നു. കൂടാതെ ഉഭയകക്ഷി ചർച്ചകളിലും കേരളം ഈ ആവശ്യം നിരന്തരം ഉന്നയിച്ചുവരുന്നു.

(സി) പി.എ.പി. കരാറിലെ ഷെഡ്യൂൾ V ഖണ്ഡിക 2(b) പ്രകാരം ആളിയാർ വൃഷ്ടി പ്രദേശത്തിൽനിന്ന് കോണ്ടൂർ കനാലിൽ ഇന്റർസെപ്റ്റ് ചെയ്യുന്ന ജലത്തിന്റെ അളവ് തിട്ടപ്പെടുത്തണമെന്ന് ജെ.ഡബ്ല്യൂ.ആർ.ബോർഡിന്റെ ഉത്തരവാദിത്തമായി പറയുന്നുണ്ട്. കോണ്ടൂർ കനാൽ വഴി ഇന്റർസെപ്റ്റ് ചെയ്ത ജലത്തിന്റെ അളവ് ജലവർഷം 1970-71 മുതൽ 2002-03 വരെ കണക്കാക്കി ജെ.ഡബ്ല്യൂ.ആർ. ബോർഡ് യോഗത്തിൽ അവതരിപ്പിച്ചെങ്കിലും തമിഴ്നാട് ഇതിനോട് യോജിച്ചില്ല. ഉഭയകക്ഷി ചർച്ചകളിൽ കേരളം ഈ വിഷയം ഉന്നയിച്ചുവരുന്നുണ്ട്.

(ഡി) പ്രസ്തുത വിഷയത്തിൽ ജെ.ഡബ്ല്യൂ.ആർ. ബോർഡിൽ അഭിപ്രായ വ്യത്യാസമുണ്ടായപ്പോൾ ഈ വിഷയം ഇരു ഗവൺമെന്റുകളെയും അറിയിച്ചിട്ടുള്ളതിനാൽ ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ വീഴ്ചയായി കണക്കാക്കാൻ സാധിക്കില്ല.

**പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കുന്നതിന് നടപടി**

67 (T+ 5728) <u>ശ്രീ. ബി. ഡി. ദേവസ്സി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജലകരാർ പ്രകാരം 2018 ഫെബ്രുവരി ഒന്നിന് കേരള ഷോളയാർ നിറയ്ക്കുന്നതിന് ആവശ്യമായ വെള്ളം തമിഴ് നാട് സർക്കാർ വിട്ടുനൽകിയോ;

(ബി) കേരളത്തിന് അർഹതപ്പെട്ട വെള്ളത്തിന്റെ 20% വെള്ളം കുറവാണ് തമിഴ് നാട് വിട്ടുനൽകിയത് എന്നതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട മുഴുവൻ

+ "T" മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വെള്ളവും നേടിയെടുക്കുന്നതിന് ആവശ്യമായ ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിക്കുമോ;

(സി) കരാർ കാലാനുസൃതമായി പുതുക്കുന്നതിന് ആവശ്യമായ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ആവശ്യമായ നടപടികൾ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ചുവരുന്നു. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 8-ന് തികഞ്ഞിരുന്നു. തുടർന്ന് കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായി ഉദ്യോഗ സ്ഥതലത്തിലും, മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988-2013 കാലയളവിൽ ഇരുസംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും കരാറുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. കേരളവും തമിഴ്നാടും തമ്മിലുള്ള വിവിധ അന്തർസംസ്ഥാന ജല വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ 19-1-2018-ന് ഇരുസംസ്ഥാനങ്ങളിലെയും ബന്ധപ്പെട്ട സെക്രട്ടറിമാർ തമ്മിൽ തിരുവനന്തപുരത്ത് നടന്ന യോഗത്തിൽ പി.എ.പി. കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട വിഷയങ്ങളും പ്രാഥമികമായി ചർച്ച ചെയ്തിട്ടുണ്ട്. ഇരു സംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥർ തമ്മിൽ തുടർ ചർച്ചകൾ നടത്തുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുവരികയാണ്.

**മുല്ലപ്പെരിയാർ അണക്കെട്ട് മേൽനോട്ട സമിതിയുടെ പ്രവർത്തനം**

68 (5729) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ട് മേൽനോട്ട സമിതിയുടെ പ്രവർത്തനം സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന അഭിപ്രായമുണ്ടോ;

(ബി) പ്രസ്തുത സമിതി എത്ര തവണ അണക്കെട്ട് സന്ദർശിച്ചുവെന്നും ആയത് എന്നെല്ലാമാണെന്നും അറിയിക്കുമോ;

(സി) മേൽനോട്ട സമിതിക്ക് കീഴിൽ അണക്കെട്ടിന്റെ ബലക്ഷയം പരിശോധിക്കാൻ നിയോഗിച്ച സമിതിയുടെ പ്രവർത്തനം ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സുപ്രീം കോടതിയുടെ വിധിപ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ വിലയിരുത്തുന്നതിനായി രൂപീകരിച്ച മേൽനോട്ട സമിതി നാളിതുവരെ 10 തവണ അണക്കെട്ട് സന്ദർശിക്കുകയും തുടർന്ന് യോഗം ചേരുകയും ചെയ്തു. താഴെപ്പറയുന്ന ദിവസങ്ങളിലാണ് മേൽനോട്ട സമിതി യോഗം കൂടിയത്.

| | | |
|---|---|---|
| ഒന്നാം യോഗം | - | 8-7-2014 |
| രണ്ടാം യോഗം | - | 17-7-2014 |
| മൂന്നാം യോഗം | - | 19-8-2014 |
| നാലാം യോഗം | - | 15-9-2014 |
| അഞ്ചാം യോഗം | - | 3-11-2014 |
| ആറാം യോഗം | - | 24-11-2014 |
| ഏഴാം യോഗം | - | 22-6-2015 |
| എട്ടാം യോഗം | - | 30-11-2015 |
| ഒൻപതാം യോഗം | - | 7-7-2016 |
| പത്താം യോഗം | - | 14-11-2017 |

(സി) വർഷകാലത്തിനുമുമ്പും വർഷകാലത്തും മുല്ലപ്പെരിയാർ ഡാമിന്റെ ഇടയ്ക്കിടെയുള്ള പരിശോധനയ്ക്കായി സെൻട്രൽ വാട്ടർ കമ്മീഷന്റെ ഒരുദ്യോഗസ്ഥൻ ചെയർമാനായും കേരളത്തിന്റെയും തമിഴ്നാടിന്റെയും ഈരണ്ടുവീതം അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച ഉപസമിതി ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

### വെബ്സൈറ്റിലൂടെ സർക്കാർ പ്രസിദ്ധീകരണങ്ങൾ

69 (5730) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുറത്തിറക്കുന്ന വിവിധ പ്രസിദ്ധീകരണങ്ങളെ സംബന്ധിക്കുന്ന വിവരങ്ങളെല്ലാം ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ വെബ്സൈറ്റ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വെബ്സൈറ്റിലൂടെ സർക്കാർ പ്രസിദ്ധീകരണങ്ങൾ പണം അടച്ച് ജനങ്ങൾക്ക് വാങ്ങുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ അത്തരത്തിലുള്ള പദ്ധതി പരിഗണനയിലില്ല. ഇതിനുള്ള സാധ്യതകൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതണ്.

**ഗൾഫ് രാജ്യങ്ങളിലെ സ്വദേശീവൽക്കരണം**

70 (5731) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശീവൽക്കരണത്തിന്റെ ഭാഗമായി വർഷങ്ങളായി അവിടെ ജോലി ചെയ്യുന്നവർ ഉൾപ്പെടെ നിരവധി മലയാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് എത്തുന്നവരുടെ പുനരധിവാസത്തിനായി നോർക്കയുടെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികളിലൂടെ ബാങ്കുകളിൽ നിന്നും വായ്പ അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം വായ്പകൾ അനുവദിക്കുന്നതിൽ ബാങ്കുകൾ വിമുഖത കാട്ടുന്നതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) വായ്പ അനുവദിക്കാത്ത ബാങ്കുകൾക്കെതിരെ സർക്കാരിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഗൾഫ് രാജ്യങ്ങളിലെ പ്രത്യേകിച്ച് സൗദി അറേബ്യയിലെ സ്വദേശീവത്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഫലമായി പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരേണ്ടിവരുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. കൂടാതെ പുതിയ തൊഴിലവസരങ്ങളിൽ ഗണ്യമായ കുറവ് ഉണ്ടാകാനുള്ള സാധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മടങ്ങി വന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൻ കീഴിൽ കാർഷികം, കച്ചവടം, ഉൽപ്പാദനം, സേവനം എന്നീ

മേഖലകളിൻകീഴിലുള്ള വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾക്കായി വായ്പ അനുവദിക്കുന്നുണ്ട്.

(സി) ബാങ്കുകളുടെ കർക്കശ വ്യവസ്ഥകൾമൂലം ഈ പദ്ധതിയുടെ ഗുണഫലം പ്രവാസികൾക്ക് പൊതുവിൽ ലഭിക്കുന്നില്ലെന്ന് ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവാസികൾ ഇന്ത്യയ്ക്കും പ്രത്യേകിച്ച് കേരളത്തിനും നൽകിയ സാമൂഹിക-സാമ്പത്തിക മേഖലകളിലെ വിലപ്പെട്ട സംഭാവനകൾ കണക്കിലെടുത്ത് ഈ പദ്ധതിയുമായി സഹകരിക്കാൻ ബാങ്കുകളോട് നിരന്തരം അഭ്യർത്ഥിച്ചുവരുന്നു. സർക്കാർ തലത്തിൽ ഇതുസംബന്ധമായ ചർച്ചകൾ സംഘടിപ്പിക്കുകയും എസ്.എൽ.ബി.സി. യോഗങ്ങളിൽ ബാങ്കുകളുടെ നിസ്സംഗതയും നിസ്സഹകരണവും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നോർക്ക റൂട്ട്സുമായി ഏർപ്പെട്ടിട്ടുള്ള ഒരു ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതിയുമായി ധനകാര്യ സ്ഥാപനങ്ങൾ സഹകരിച്ചുവരുന്നത്. വായ്പകൾ നൽകുന്നത് പൂർണ്ണമായും ബാങ്കിന്റെ അധികാരപരിധിയിലെ വിഷയമാണ്. അകാരണമായി വായ്പ നൽകാത്ത ബാങ്കുകളുടെ ഉന്നത അധികാരികളെ ഇക്കാര്യം അറിയിക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്. എന്നാൽ അപേക്ഷകർക്ക് സംരംഭകത്വത്തിലും മറ്റ് തൊഴിൽ മേഖലകളിലും തീവ്ര പരിശീലനം നൽകി സംരംഭകത്വ അവസരങ്ങൾ കണ്ടെത്തി നൽകി, ബാങ്കുകൾക്ക് ആവശ്യമായ രേഖകൾ തയ്യാറാക്കാൻ സഹായിക്കുന്നു.

## പ്രവാസി ക്ഷേമവകുപ്പിന്റെ പദ്ധതികൾ

71 (5732) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമ വകുപ്പിന്റെ സാന്ത്വന, ചെയർമാൻ ഫണ്ട് എന്നീ പദ്ധതികളിൽനിന്ന് 2016-17, 2017-18 വർഷങ്ങളിൽ ധനസഹായമായി നൽകിയ തുക എത്രയെന്ന് അറിയിക്കാമോ;

(ബി) പ്രവാസികളുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ച പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ് ഉൾപ്പെടെയുള്ള പദ്ധതികളിൽ നിന്ന് ലഭ്യമാകുന്ന സഹായം എന്തെല്ലാം ;വിശദമാക്കാമോ;

(സി) 2016 മേയ് 1-നുശേഷം നാളിതുവരെ പ്രസ്തുത പദ്ധതിയിൽ നിന്നും ബാങ്കുകൾ മുഖേന വായ്പയായി എത്രപേർക്ക് ആകെ എത്ര തുക നൽകിയെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രവാസി ക്ഷേമ വകുപ്പിന്റെ കീഴിലുള്ള സാന്ത്വന പദ്ധതിയിൻകീഴിൽ 2016-17 സാമ്പത്തികവർഷത്തിൽ 14,68,46,056 രൂപ (പതിനാല് കോടി അറുപത്തെട്ട് ലക്ഷത്തി നാല്പത്തിയാറായിരത്തി അമ്പത്താറ് രൂപ മാത്രം) ധനസഹായം നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 12 കോടി 70 ലക്ഷം രൂപയുടെ സർക്കാർ ഉത്തരവുകൾ നൽകുകയും ഇതിനകം 6 കോടി 12 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക വിതരണത്തിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ചെയർമാൻ ഫണ്ട് പദ്ധതിയിൻകീഴിൽ 2016-17 സാമ്പത്തിക വർഷത്തിൽ 6,00,000 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 88,800 രൂപയും നൽകിയിട്ടുണ്ട്.

(ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15 ശതമാനം മൂലധന സബ്സിഡി, പരമാവധി 3 ലക്ഷം രൂപ വരെ നൽകുന്നു. കൂടാതെ വിജയകരമായി സംരംഭം നടത്തുന്നവർക്ക് ആദ്യത്തെ നാല് വർഷം പലിശയിനത്തിൽ 3 ശതമാനം സബ്സിഡിയും ലഭിക്കുന്നു.

(സി) ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ അനുവദിക്കുന്നത് സംബന്ധിച്ച അറിയിപ്പുകൾ കൃത്യമായി ലഭിക്കാറില്ല. എന്നിരുന്നാലും സബ്സിഡി തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ബാങ്കുകളുടെ കത്തുകളിൽ നിന്നും 2016 മേയ് 1-നുശേഷം നാളിതുവരെ (2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ) 47.22 കോടി രൂപ നോർക്ക റൂട്ട്സുമായി സഹകരിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പയായി നൽകിയിട്ടുണ്ട്.

**പ്രവാസി ക്ഷേമനിധിയിൽ നിന്നും നൽകിവരുന്ന ആനുകൂല്യങ്ങൾ**

72 (5733) <u>ശ്രീ. കെ. സി. ജോസഫ് :</u>

<u>ശ്രീ. അടൂർ പ്രകാശ്</u> :

<u>ശ്രീ. എം. വിൻസെന്റ് :</u>

<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകി വരുന്നതെന്നറിയിക്കാമോ;

(ബി) 2016 മേയ് 1 വരെ എത്ര പേർ ക്ഷേമനിധിയിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തുവെന്നറിയിക്കാമോ; ഇപ്പോഴത്തെ അംഗസംഖ്യ എത്രയാണെന്നറിയിക്കുമോ;

(സി) മരണാനന്തര സഹായം, ചികിത്സാ സഹായം, പ്രസവാനുകൂല്യം തുടങ്ങിയ പദ്ധതികളിൽ 2016 മെയ് ഒന്നിന് ശേഷം എത്ര രൂപവീതം സഹായധനമായി നൽകിയിട്ടുണ്ട്; വിശദീകരിക്കുമോ;

(ഡി) പ്രവാസി ക്ഷേമനിധിയിൽ പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ എത്ര പേർക്ക് എത്ര രൂപവീതമാണ് പെൻഷൻ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രവാസി ക്ഷേമ പെൻഷൻ രണ്ടായിരം രൂപയാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) കേരള പ്രവാസി ക്ഷേമ ബോർഡിലെ അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം എന്നീ ക്ഷേമ പദ്ധതികളാണ് ഇപ്പോൾ ബോർഡ് നൽകിവരുന്നത്.

(ബി) കേരള പ്രവാസി ക്ഷേമബോർഡിൽ 2016 മേയ് 1 വരെ 1,49,537 പേർ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 2,29,959 പേർ അംഗങ്ങളായിട്ടുണ്ട്.

(സി) 2016 മേയ് 1-ന് ശേഷം അനുവദിച്ച ധനസഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ആനുകൂല്യം | തുക |
|---|---|
| മരണാനന്തര ധനസഹായം | 65,92,667 |
| ചികിത്സാ ധനസഹായം | 53,38,675 |
| വിവാഹ ധനസഹായം | 49,20,000 |
| വിദ്യാഭ്യാസാനുകൂല്യം | 10,300 |
| പ്രസവാനുകൂല്യം | 21,000 |

(ഡി) ഉണ്ട്. പ്രതിമാസം 2,000 രൂപ നിരക്കിൽ 7170 പേർക്ക് കേരള പ്രവാസിക്ഷേമ ബോർഡിൽ നിന്നും പെൻഷൻ അനുവദിച്ചുവരുന്നുണ്ട്.

(ഇ) 2017 ആഗസ്റ്റ് 19-ലെ സ.ഉ.(കൈ) 6/2017/നോർക്ക പ്രകാരം പ്രവാസി ക്ഷേമ പെൻഷൻ പ്രതിമാസം 2,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2017 സെപ്റ്റംബർ മാസം മുതൽ ടി തുക നൽകിവരുന്നു.

## വിദേശത്തുവച്ച് മരണപ്പെടുന്ന വ്യക്തികളുടെ മൃതദേഹം

73 (5734) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് വെച്ച് അപകടത്തിലോ അസുഖം മൂലമോ മരണപ്പെടുന്ന വ്യക്തികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം എത്രപേർക്ക് , എത്ര രൂപ നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ;

(സി) ഈ സഹായം ലഭിക്കാനായി കൈക്കൊള്ളേണ്ട നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) വിദേശത്തുവച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി നോർക്കാ വകുപ്പിന് 'കാരുണ്യം' പദ്ധതി നിലവിലുണ്ട്. മൃതശരീരം നാട്ടിൽ കൊണ്ടുവരുന്നതിന് ചെലവായ തുക സർക്കാർ മടക്കി നൽകുകയാണ് ചെയ്യുന്നത്. വിദേശത്ത് മരണമടയുന്ന കേരളീയന്റെ ഭൗതിക ശരീരം നാട്ടിൽ കൊണ്ടുവരുന്നതിന് പരമാവധി 50,000 രൂപയും ഇന്ത്യയിലെ അന്യസംസ്ഥാനങ്ങളിൽ മരണമടയുന്നവരുടെ മൃതദേഹം കൊണ്ടുവരുന്നതിന് പരമാവധി 15,000 രൂപയുമാണ് നൽകിവരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യം പദ്ധതിയിൻകീഴിൽ രണ്ട് പേർക്കായി 30,000 രൂപ നൽകിയിട്ടുണ്ട്.

(സി) മരണമടഞ്ഞ പ്രവാസികളുടെ നിയമാനുസൃതമുള്ള അവകാശികൾക്കാണ് സാമ്പത്തിക സഹായം നൽകുന്നത്. മറ്റൊരു ധനാഗമമാർഗ്ഗമില്ലാത്ത സന്ദർഭങ്ങളിൽ മാത്രമേ ഈ സഹായം നൽകുകയുള്ളൂ.

മൃതദേഹം നാട്ടിൽ എത്തിച്ചശേഷം ചെലവായ തുക പിന്നീട് അനുവദിക്കുകയാണ് ചെയ്യുന്നത്.

വിദേശത്തു വച്ചുണ്ടായ മരണത്തിന് പരമാവധി 50,000 രൂപയും ഇന്ത്യയിൽ ഇതര സംസ്ഥാനത്തുവച്ച് നടക്കുന്ന മരണത്തിന് പരമാവധി 15,000 രൂപയും സഹായമായി നൽകും.

അർഹത

വിദേശത്തുവച്ച് മരിക്കുന്ന പ്രവാസിക്ക് സാധുതയുള്ള ഇന്ത്യൻ പാസ്പോർട്ട് ഉണ്ടായിരിക്കണം. മരണസമയത്ത് അവിടെ നിയമാനുസൃതം താമസിച്ചിരുന്ന/ജോലി ചെയ്തിരുന്ന ആളായിരിക്കണം.

ഇന്ത്യയിൽ ഇതര സംസ്ഥാനത്ത് വച്ച് മരിക്കുന്ന കേരളീയന്റെ കാര്യത്തിൽ അയാൾ തൊഴിലിന് വേണ്ടി/ജോലി സംബന്ധിച്ച ആവശ്യങ്ങൾക്കുവേണ്ടി അന്യ സംസ്ഥാനത്ത് സഞ്ചരിക്കുകയോ താമസിക്കുകയോ ചെയ്തിരുന്ന ആളാവണം.

നടപടിക്രമം

അന്തരിച്ച പ്രവാസികളുടെ നിയമാനുസൃതമുള്ള അനന്തരാവകാശികൾ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ചിരിക്കണം. നോർക്കാ റൂട്ട്സിന്റെ www.norkaroots.net എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അപേക്ഷയിൽ അപേക്ഷകന്റെയും അന്തരിച്ച ആളുടെയും പാസ്പോർട്ട് സൈസ് ഫോട്ടോ ഒട്ടിക്കുകയും അപേക്ഷ, ഫോറത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ രേഖകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ വ്യക്തതയുള്ള പകർപ്പുകൾ ചേർക്കുകയും വേണം. ആവശ്യപ്പെടുന്ന പക്ഷം അപേക്ഷകൻ പരിശോധനയ്ക്കായി അസ്സൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

## പോലീസ് സേനയിലെ അമിതജോലിഭാരം

74 (5736) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിലെ ജീവനക്കാർക്ക് അമിതജോലിഭാരം കാരണവും അവശ്യസർവ്വീസ് എന്നതിനാലും ആഘോഷവേളകളിലും കുടുംബത്തിലെ സ്വകാര്യ ചടങ്ങുകളിലും മറ്റ് അത്യാവശ്യ വേളകളിലും പലപ്പോഴും പങ്കെടുക്കാൻ കഴിയാറില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവശ്യസർവ്വീസ് എന്ന വിഭാഗമായതിനാൽ ചട്ടപ്രകാരം അനുവദനീയമായ അവധി പോലും പലപ്പോഴും ലഭിയ്ക്കാത്തത് സേനാംഗങ്ങൾക്ക്

മാനസിക സമ്മർദ്ദം സൃഷ്ടിക്കുകയും തൊഴിൽ സംതൃപ്തി കുറയ്ക്കുകയും ചെയ്യുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) പോലീസ് സേനാംഗങ്ങളുടെ ഇത്തരത്തിലുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ പലപ്പോഴും ആത്മഹത്യയ്ക്കുവരെ ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുണ്ടാകുന്ന മാനസിക സംഘർഷം കുറയ്ക്കുന്നതിനും കുടുംബാംഗങ്ങളുമായി കൂടുതൽ സമയം ചെലവഴിക്കുന്നതിനും ആവശ്യമായ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അവശ്യസർവ്വീസ് എന്ന വിഭാഗമായതിനാൽ ചട്ടപ്രകാരം അനുവദനീയമായ അവധിപോലും ലഭിക്കാത്തത് സേനാംഗങ്ങൾക്ക് മാനസിക സമ്മർദ്ദം സൃഷ്ടിക്കുകയും തൊഴിൽ സംതൃപ്തി കുറയ്ക്കുകയും ചെയ്യുമെന്ന കാര്യം പരിഗണിച്ച് ഡ്യൂട്ടിക്ക് തടസ്സംവരാത്ത വിധത്തിൽ സേനാംഗങ്ങൾക്ക് ലീവും 6 ദിവസം തുടർച്ചയായി ജോലി ചെയ്യുമ്പോൾ ഒരു ദിവസം നിർബന്ധമായും ഓഫ് അനുവദിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളും ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആഭ്യന്തര വകുപ്പിന് കൈമാറുന്ന വിവരങ്ങളുടെ കൃത്യത**

75 (5737) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും നൽകുവാനായി ആഭ്യന്തര വകുപ്പിന് കൈമാറും മുമ്പ് ജില്ലാ പോലീസ് മേധാവികൾ പരിശോധിച്ച് കൃത്യത വരുത്തണമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) ഇത്തരത്തിൽ നിർദ്ദേശം നൽകിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ആഭ്യന്തര വകുപ്പിന് കൈമാറുന്ന വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും നൽകുന്നതിനുമുമ്പ് പോലീസ്

വകുപ്പിലെ എല്ലാ യൂണിറ്റ് മേധാവികളും പരിശോധിച്ച് കൃത്യത വരുത്തണമെന്ന് കാലാകാലങ്ങളിൽ നിർദ്ദേശം നൽകാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.

**ഭിക്ഷാടനം പൂർണ്ണമായി നിർത്തലാക്കുവാൻ നടപടി**

76 (5738) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിക്ഷാടനം നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിരോധിത ഭിക്ഷാടനം പൂർണ്ണമായി നിർത്തലാക്കുവാൻ പോലീസ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഭിക്ഷാടനം ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ആകെ ബാധകമായ തരത്തിൽ ഒരു യാചക നിരോധന നിയമം നടപ്പാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) നിലവിൽ പൊതുജനങ്ങൾക്ക് ശല്യമുണ്ടാകുന്ന തരത്തിലുള്ള എല്ലാത്തരം ഭിക്ഷാടന പ്രവർത്തനങ്ങളെയും പോലീസ് കർശനമായി നിയന്ത്രിച്ചുവരുന്നുണ്ട്.

(സി) സംശയാസ്പദമായ തരത്തിലുള്ള ഭിക്ഷാടന പ്രവർത്തനങ്ങളോ ഭിക്ഷാടകരെയോ ശ്രദ്ധയിൽപ്പെട്ടാൽ എത്രയുംവേഗം പോലീസുമായി ബന്ധപ്പെടണമെന്ന് പൊതുജനങ്ങൾക്ക് ബോധവത്കരണം നടത്തിവരുന്നുണ്ട്.

**നോക്കുകൂലി ജാമ്യമില്ലാക്കുറ്റമാക്കുവാൻ നടപടി**

77 (5739) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)നോക്കുകൂലി ജാമ്യമില്ലാക്കുറ്റമാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത്തരമൊരു തീരുമാനം കൈക്കൊള്ളുവാനുണ്ടായ സാഹചര്യമെന്താണ്; വ്യക്തമാക്കുമോ;

(സി) നോക്കുകൂലി സംസ്ഥാനത്ത് വ്യാപകമാണെന്നതും പലപ്പോഴും പോലീസിന് ക്രിയാത്മകമായി ഇക്കാര്യത്തിൽ ഇടപെടാൻ സാധിക്കാത്ത സാഹചര്യവും പരിഗണിച്ചാണോ ഇത് ജാമ്യമില്ലാക്കുറ്റമാക്കുവാൻ തീരുമാനിച്ചത്എന്ന് അറിയിക്കുമോ?

ഉത്തരം

(എ - സി) നോക്കുകൂലി എന്ന സമ്പ്രദായം അവസാനിപ്പിക്കുകയെന്നതാണ് സർക്കാർ നയം. ഈ വിഷയത്തിൽ സർക്കാർ ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. 26-3-2012-ൽ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുള്ള 7/2012 നമ്പർ സർക്കുലർ പ്രകാരം നോക്കുകൂലി വാങ്ങുന്നത് ഇന്ത്യൻ പീനൽ കോഡിലെ വിവിധ സെക്ഷനുകളുടെ ലംഘനമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നോക്കുകൂലി വാങ്ങുന്നതായുള്ള പരാതിയിൽ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 26-2-2018, 8-3-2018 എന്നീ തീയതികളിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗങ്ങളിൽ 1-5-2018 മുതൽ നോക്കുകൂലി നിരോധിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നോക്കുകൂലി സംബന്ധിച്ച കേസുകളിൽ അറസ്റ്റ് അടക്കമുള്ള കർശന നടപടികൾ പോലീസ് സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**പോലീസ് സേനയുടെ ആധുനികവത്കരണ പ്രവർത്തനങ്ങൾ**

78 (5740) ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;വ്യക്തമാക്കുമോ;

(ബി) കുറ്റവാളികളെ ചോദ്യം ചെയ്യുന്നതിന് ആധുനിക രീതിയിലുള്ള ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചതിലൂടെ കുറ്റാന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കുന്നതിനും കഴിയുന്നുണ്ടോ;വ്യക്തമാക്കാമോ;

(സി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി രൂപീകരിച്ച എത്തിക്കൽ ഹാക്കേഴ്സ് ടീമിന്റെ പ്രവർത്തനം സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എത്രമാത്രം സഹായകമായിട്ടുണ്ട്; വിശദീകരിക്കുമോ;

(ഡി) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലന പരിപാടികൾ കാലാനുസൃതമായി രൂപകല്പന ചെയ്ത് നടപ്പിലാക്കുന്നതിന് സംവിധാനം ഒരുക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിന് മുന്നോടിയായി ക്രമസമാധാന പരിപാലനം കാര്യക്ഷമമാക്കുന്നതിന് സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവ അനുവദിച്ച് കമ്പ്യൂട്ടർവത്കരണം നടത്തിയിട്ടുള്ളതും, ഇന്റർനെറ്റ് ഇ-മെയിൽ സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗം വ്യാപിപ്പിക്കുന്നതിനായി Crime and Criminal Tracking Network and Systems (CCTNS) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് കേസുകൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ വഴി അറിയാൻ സാധിക്കുന്നു. ഫയലുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി iAPS സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സീനിയർ സിറ്റിസൺ, വനിതകൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ പരാതികളിൽ അടിയന്തിര പരിഹാരം ലഭ്യമാക്കുന്നതിന് എല്ലാ സ്റ്റേഷനുകളിലും പബ്ലിക് റിലേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനുകളെ സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന ആപ്ലിക്കേഷനുകളും നടപ്പിലാക്കിവരുന്നു:

- ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനായി E-rekha മൊബൈൽ ആപ്ലിക്കേഷൻ
- പാസ്പോർട്ട് വെരിഫിക്കേഷൻ നടത്തുന്നതിനായി eVIP
- കുറ്റകൃത്യം നടന്ന സ്ഥലം മാപ്പ് ചെയ്യുന്നതിനായി GIS Crime Mapping
- ദിവസംതോറുമുള്ള കേസ്, പെറ്റി ഡീറ്റെയിൽസ് എന്നിവ ശേഖരിക്കുന്നതിനായി Crime Drive
- കാണാതായ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി Track Child
- കാണാതായ വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി 'വാഹനശമനി'.

(ബി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും, കുറ്റാന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മറ്റ് ശാസ്ത്രീയ കുറ്റാന്വേഷണ മാർഗ്ഗങ്ങളുടെ ഏകോപനത്തോടുകൂടി കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) എത്തിക്കൽ ഹാക്കേഴ്സിന്റെ സഹായത്തോടെ Social Media Analysis, Online Cyber Patrolling എന്നീ പ്രവർത്തനങ്ങളിലൂടെ Online കുറ്റകൃത്യങ്ങൾ തടയുന്നതിനും സമൂഹത്തിന് ദോഷകരമായ വെബ്സൈറ്റുകളും സോഷ്യൽ മീഡിയാ ഗ്രൂപ്പിനെയും സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തുവരുന്നു.

(ഡി) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശത്തോടുകൂടി എത്തിക്കൽ ഹാക്കിംഗ്, സൈബർ ക്രൈംസ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നുണ്ട്. സേനയിൽ നിലവിലുള്ള ലാത്തിഡ്രിൽ പരിഷ്കരിച്ച് സേനാംഗങ്ങളെ പുതിയ ലാത്തിഡ്രിൽ പരിശീലിപ്പിച്ചുവരുന്നു. സേനാംഗങ്ങളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തി, സേനയെ ശക്തിപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടുകൂടി സ്ട്രസ്സ് മാനേജ്മെന്റ് എന്ന വിഷയത്തിലും പരിശീലനം നൽകിവരുന്നതോടൊപ്പം കേരള പോലീസ് ട്രെയിനിംഗ് പാംലെറ്റ്-ന്റെ പരിഷ്കരണ നടപടികളും നടന്നുവരുന്നു.

**പോലീസുകാർക്ക് ബോഡി ക്യാമറ**

79 (5741) ശ്രീ. സി. ദിവാകരൻ:

ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീമതി ഗീതാ ഗോപി:

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസുകാരുടെ തോളിലോ ബെൽറ്റിലോ ഘടിപ്പിക്കാവുന്ന തരത്തിൽ ബോഡി ക്യാമറ പോലീസ് സേനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഗതാഗത നിയന്ത്രണം, സംഘർഷ സ്ഥലങ്ങളിലെ ദൃശ്യങ്ങൾ പകർത്തൽ എന്നിവയ്ക്ക് പുറമേ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ബോഡി ക്യാമറ ഉപയോഗപ്പെടുത്താൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്യാമറയുടെ സവിശേഷതകളും അത് കൈമാറുന്ന ദൃശ്യങ്ങളുടെയും വിവരങ്ങളുടെയും ശേഖരണവും പരിശോധിക്കലും നടപടിയെടുക്കലും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഭാവിയിൽ കുറ്റാന്വേഷണം, ക്രമസമാധാന പരിപാലനം, വീട്ടു പരിശോധന എന്നീ മേഖലകളിലേക്കും ബോഡിക്യാമറ ഉപയോഗിക്കുന്നതിന് സാധിക്കുമോ; വ്യക്തമാക്കുമോ;

(ഇ) പോലീസുകാരുടെ പെരുമാറ്റവും പരിശോധനാ വിധേയമാക്കാൻ കഴിയുന്ന തരത്തിൽ ജനങ്ങളുമായി ഇടപെടുന്ന പോലീസ് വിഭാഗങ്ങളിൽ ബോഡിക്യാമറ വ്യാപകമായി ഉപയോഗിക്കുന്നതിന് തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) പോലീസുകാരുടെ യൂണിഫോമിൽ ഘടിപ്പിക്കാവുന്ന തരത്തിലുള്ള 50 ബോഡിവോൺ ക്യാമറകളാണ് ലഭ്യമാക്കിയിട്ടുള്ളത്.

(ബി) ഗതാഗത നിയന്ത്രണം, സംഘർഷ സ്ഥലങ്ങളിലെ ദൃശ്യങ്ങൾ പകർത്തൽ എന്നിവയ്ക്ക് പുറമെ ക്രൈം ഇൻവെസ്റ്റിഗേഷൻ, ക്രമസമാധാനപാലനം എന്നീ ആവശ്യങ്ങൾക്കും ബോഡിവോൺ ക്യാമറകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

(സി) ക്രമസമാധാനപാലനം, ക്രൈം ഇൻവെസ്റ്റിഗേഷൻ, ട്രാഫിക് നിയന്ത്രണം തുടങ്ങിയ ഡ്യൂട്ടികൾ ചെയ്യുമ്പോൾ റിക്കോർഡിംഗ് സൗകര്യമുള്ളതിനാൽ, പ്രതികൾക്കെതിരെ കോടതിയിൽ തെളിവായി സമർപ്പിക്കാൻ കഴിയുന്ന ദൃശ്യങ്ങൾ കൺട്രോൾ റൂമിൽ നിന്നും വീക്ഷിക്കാവുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. ആവശ്യകത അനുസരിച്ച് യഥാസമയം സേനാവിന്യാസം നടത്തി ക്രമസമാധാനപാലനം ഉറപ്പാക്കുവാനും കഴിയുന്നതാണ്. ദൃശ്യങ്ങൾ ലൈവ് ട്രാൻസ്മിഷനായി കൺട്രോൾ റൂമിൽ ലഭിക്കുന്നതിനാൽ ഏതൊരു അടിയന്തര സാഹചര്യത്തിലും പോലീസിന് കാര്യക്ഷമമായി ഇടപെടാൻ സാധിക്കും. Push to Talk (PTT) സൗകര്യമുള്ള അത്യാധുനിക ക്യാമറയായതിനാൽ ഫീൽഡ് ഓഫീസർമാർക്ക് കൺട്രോൾ റൂം ഓഫീസർമാരുമായി പരസ്പരം ആശയവിനിമയം നടത്തുന്നതിനും ക്രൈം സീനുകൾ ഉൾപ്പെടെയുള്ള മുഴുവൻ ദൃശ്യങ്ങളും റിക്കോർഡ് ചെയ്യാനും സാധിക്കുമെന്നതിനാൽ വരുംകാലങ്ങളിൽ ദൃശ്യങ്ങൾ പരിശോധിക്കുന്നതിനും അന്വേഷണം മറ്റൊരു ഏജൻസിക്ക് കൈമാറുയാണെങ്കിൽ ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത ദൃശ്യങ്ങൾ കാണുന്നതിനും തുടരന്വേഷണങ്ങൾക്ക് കൂടുതൽ ഗുണകരമാകുകയും ചെയ്യുന്നതാണ്.

(ഡി& ഇ) വാങ്ങിയിട്ടുള്ള ക്യാമറകളുടെ പ്രവർത്തനം വിലയിരുത്തിയശേഷം ഭാവിയിൽ മറ്റ് മേഖലകളിലേയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

## വസതികൾക്ക് മുന്നിലെ പോലീസ് പിക്കറ്റുകൾ

80 (5742) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണിയോ മറ്റേതെങ്കിലും തരത്തിലുള്ള ഭീഷണിയോ നേരിടുന്ന ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ജഡ്ജിമാർ തുടങ്ങിയ പ്രമുഖർക്ക് സുരക്ഷയുടെ ഭാഗമായി അവരുടെ വസതികൾക്ക് പോലീസ് പിക്കറ്റുകൾ ഏർപ്പെടുത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പിക്കറ്റിന്റെ ചുമതലക്കാരൻ പ്രസ്തുത സുരക്ഷ നൽകുന്ന സ്ഥലത്ത് നടക്കുന്ന പ്രധാന സംഭവ വികാസങ്ങളും വിവരങ്ങളും യഥാസമയം രേഖപ്പെടുത്താറുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം രേഖപ്പെടുത്തുന്ന രജിസ്റ്റർ ആരെങ്കിലും പരിശോധിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പിക്കറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ഡ്യൂട്ടിയിൽ പ്രവേശിക്കുന്ന സമയവും തിരികെ പോകുന്ന സമയവും ഡ്യൂട്ടി കൈമാറുന്ന തീയതിയും സമയവും ആയുധങ്ങളോ മറ്റ് സർക്കാർ മുതലുകളോ പിക്കറ്റിൽ കൊണ്ട് വരുന്നതും കൈമാറുന്നതും തിരികെ കൊണ്ട് പോകുന്നതും രേഖപ്പെടുത്താറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പിക്കറ്റുകൾ യഥാവിധി നടക്കുന്നുണ്ടോ എന്നും പിക്കറ്റിലെ ഉദ്യോഗസ്ഥർ കൃത്യമായി ജോലി നോക്കുന്നുണ്ടോ എന്നും പരിശോധിക്കാനായി വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ പിക്കറ്റിൽ എത്താറുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം പരിശോധനയ്ക്ക് വരുന്ന ഉദ്യോഗസ്ഥർ അവരുടെ സന്ദർശനം പിക്കറ്റിലെ ജനറൽ ഡയറിയിൽ രേഖപ്പെടുത്താറുണ്ടോ;

(ഇ) പ്രസ്തുത പിക്കറ്റുകൾ പിൻവലിക്കുന്ന സന്ദർഭങ്ങളിൽ പിക്കറ്റുകളിൽ എഴുതിയിരുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് ബന്ധപ്പെട്ട എ.ആർ ക്യാമ്പിലാണോ അതിർത്തിയിലെ പോലീസ് സ്റ്റേഷനിലാണോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഏർപ്പെടുത്താറുണ്ട്. സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണിയോ മറ്റേതെങ്കിലും തരത്തിലുള്ള ഭീഷണിയോ നേരിടുന്ന ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ജഡ്ജിമാർ തുടങ്ങിയ പ്രമുഖർക്ക്, സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെടുന്ന സുരക്ഷാ കാറ്റഗറികൾക്കനുസൃതമായി വ്യക്തിഗത സുരക്ഷയ്ക്കുവേണ്ട പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നുണ്ട്.

(ബി) രേഖപ്പെടുത്താറുണ്ട്. ഇപ്രകാരം സൂക്ഷിക്കുന്ന രജിസ്റ്റർ (ജനറൽ ഡയറി) മേലുദ്യോസ്ഥർ പരിശോധിച്ച് വിവരങ്ങൾ രേഖപ്പെടുത്താറുണ്ട്.

(സി) പിക്കറ്റ് ഡ്യൂട്ടിയിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ഡ്യൂട്ടിയിൽ പ്രവേശിക്കുന്ന സമയവും തിരികെ പോകുന്ന സമയവും ഡ്യൂട്ടി കൈമാറുന്ന തീയതിയും സമയവും കൃത്യമായി രേഖപ്പെടുത്തിവരുന്നുണ്ട്. കൂടാതെ ആയുധങ്ങളോ മറ്റ് സർക്കാർ മുതലുകളോ പിക്കറ്റിൽ കൊണ്ടുവരുന്നതും കൈമാറുന്നതും കൊണ്ടുപോകുന്നതുമായ എല്ലാ വിവരങ്ങളും കൃത്യമായി ജനറൽ ഡയറിയിൽ രേഖപ്പെടുത്താറുണ്ട്.

(ഡി) പിക്കറ്റ് പോസ്റ്റിൽ ഉദ്യോഗസ്ഥർ കൃത്യമായി ജോലി നോക്കുന്നുണ്ടെന്ന് മുതിർന്ന ഉദ്യോഗസ്ഥർ പിക്കറ്റിലെത്തി പരിശോധന നടത്തിവരുകയും പ്രസ്തുത സന്ദർശനം ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയും വരുന്നുണ്ട്.

(ഇ) പ്രസ്തുത പിക്കറ്റുകൾ പിൻവലിക്കുന്ന സന്ദർഭങ്ങളിൽ ഏത് പോലീസ് സ്റ്റേഷൻ പരിധിയിലാണോ പിക്കറ്റ് ഉണ്ടായിരുന്നത് ആ പോലീസ് സ്റ്റേഷനിലാണ് പ്രസ്തുത രജിസ്റ്ററുകൾ (ജനറൽ ഡയറി) സൂക്ഷിച്ചുവരുന്നത്.

## ആസ്പിരേഷൻ 2018

81 (5743) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കെതിരെ ക്യാമ്പസ്സുകളെ ഉണർത്തുന്നതിനായി കേരള പോലീസ് 'ആസ്പിരേഷൻ 2018' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിക്ക് പകരമായിട്ടാണോ ഈ പദ്ധതി കൊണ്ടുവന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 'ആസ്പിരേഷൻ 2018' എന്ന പദ്ധതി തിരുവനന്തപുരം നഗരത്തിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ആസ്പിരേഷൻ 2018 എന്ന പദ്ധതി, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്ന പദ്ധതിക്ക് പകരമായിട്ടല്ല ആരംഭിച്ചിട്ടുള്ളത്.

## പോലീസുകാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റം

82 (5744) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ ജില്ലാ സ്ഥലംമാറ്റം ചോദിച്ച് വാങ്ങിവരുന്ന സർക്കാർ ഉദ്യോഗസ്ഥർ അവർ ആവശ്യപ്പെടുന്ന ജില്ലയിലേക്ക് മാറ്റപ്പെടുമ്പോൾ വരുന്ന ജില്ലയിൽ പി.എസ്.സി.-യിൽനിന്നും അവസാനം ഡിപ്പാർട്ട്മെന്റിലേയ്ക്ക് അഡ്വൈസ് ചെയ്ത ഉദ്യോഗസ്ഥന്റെ ജൂനിയർ ആയിട്ടാണോ പരിഗണിയ്ക്കുന്നത്;

(ബി) ഈ നിയമം തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ ആഫീസിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം ആയി വരുന്ന കോൺസ്റ്റബിൾമാർക്കും ബാധമകമല്ലേ എന്ന് അറിയിക്കാമോ ;

(സി) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ സി .ഓ നമ്പർ . 160/2018 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ എസ്.എ.പി.-യിലേയ്ക്ക് ട്രെയിനിംഗിനായി പി.എസ്.സി.-യിൽനിന്നും 30-07-1998-ൽ ഡി.ഐ.ജി. (1)184/1998 പ്രകാരം അഡ്വൈസ് ചെയ്യപ്പെട്ടവരുടെ സീനിയർ ആയി അതിനുശേഷം തിരുവനന്തപുരം ജില്ലയിൽഅന്തർ ജില്ലാ സ്ഥലംമാറ്റം ആയി വന്ന കോൺസ്റ്റബിൾമാർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയമവിരുദ്ധമല്ലേ; ഇവരെ ഒഴിവാക്കി പുതിയ സീനിയോറിറ്റി ലിസ്റ്റ് ഇറക്കുമോ;

(ഡി) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ സി ഓ നമ്പർ 160/18 dt 7-2-18-ലെ സീനിയോറിറ്റി ലിസ്റ്റിൽ പരാതി പരിഹരിക്കുന്നതിനായി പതിനഞ്ചു ദിവസം നൽകിയിരുന്നുവെങ്കിലും രണ്ട് ദിവസത്തിനകം 9-2-2018-ൽ സി ഓ 170/2018 ആയി ലിസ്റ്റ് ഫൈനലൈസ് ചെയ്ത് പ്രസിദ്ധീകരിച്ചത് ശരിയാണോ; ലിസ്റ്റിനെ സംബന്ധിച്ച് പരാതികൾ ലഭിച്ചിരുന്നോ; എത്ര പരാതി ലഭിച്ചു; പരാതി പരിഹരിച്ചാണോ 9-2-2018-ലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത്;

(ഇ) ലോക്കൽ പോലീസിലേയ്ക്ക് കോൺസ്റ്റബിൾമാർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നത് കെ.എസ്.ആർ.-ന്റെ ഏത് പാർട്ട് അനുസരിച്ചാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അതെ, ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകളിൽ നിയമനം ലഭിച്ച് അവർ ഓപ്റ്റ് ചെയ്ത ജില്ലയിലേയ്ക്ക് മടങ്ങിവരുന്നവരുടെ കാര്യത്തിൽ അഡ്വൈസ് സീനിയോറിറ്റി ലഭിക്കുന്നതാണ്.

(ബി - ഇ) വിവരം ശേഖരിച്ചുവരുന്നു.

**തീരദേശ പോലീസ്**

83 (5745) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പോലീസിന്റെ പ്രവർത്തനങ്ങളും അത് രൂപീകരിച്ചതിന്റെ ഉദ്ദേശ്യങ്ങളും വ്യക്തമാക്കുമോ;

(ബി) ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരവും തീരദേശ പോലീസ് സ്റ്റേഷന്റെ ജോലിഭാരവും താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ ലോക്കൽ പോലീസ് സ്റ്റേഷനിൽ പ്രതിമാസം ശരാശരി എത്ര കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്; തീരദേശ പോലീസ് സ്റ്റേഷനുകളിൽ ഇത് എത്രയാണ്;

(സി) തീരദേശ പോലീസ് സ്റ്റേഷന്റെ അധികാരപരിധി തീരപ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നിർദ്ദേശം നിലവിലുണ്ടോ; തീരദേശ പോലീസിന്റെ പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തീരദേശ പോലീസ് സ്റ്റേഷൻ രൂപീകൃതമായത് രാജ്യസുരക്ഷയെ മുൻനിർത്തി തീരദേശം വഴിയുള്ള തീവ്രവാദ പ്രവർത്തനങ്ങളും നുഴഞ്ഞുകയറ്റവും തടയുന്നതിനായി, കടലിൽ പട്രോളിംഗും നിരീക്ഷണവും ശക്തിപ്പെടുത്തി തീരദേശത്തെ സുരക്ഷ ഉറപ്പുവരുത്തുന്നതിനാണ്. പ്രത്യേകിച്ച് തീരക്കടലിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നിയമലംഘനങ്ങൾ തടയുന്നതിനും രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സുരക്ഷയുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാവിധ നിയമങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിക്കുന്നതിനുമാണ്. തീരദേശ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾ, മറ്റ് സമുദ്ര വ്യാപാരവുമായി ബന്ധപ്പെട്ടവർ, കടലോര ജാഗ്രതാ സമിതി അംഗങ്ങൾ, മുതലായ എല്ലാ വിഭാഗം ജനങ്ങളുടെയും ലോക്കൽ

പോലീസ് സ്റ്റേഷനുകൾ, നേവി കോസ്റ്റ് ഗാർഡ്, കസ്റ്റംസ്, ഫിഷറീസ്, ബി.എസ്.എഫ്. രഹസ്യാന്വേഷണ ഏജൻസികൾ തുടങ്ങിയ എല്ലാവരുടെയും ഏകോപനത്തിൽ രാജ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ദേശതാൽപ്പര്യം മുൻനിർത്തി കടലിൽ രാജ്യാതിർത്തിയിലുള്ള 12 നോട്ടിക്കൽ മൈൽ ദൂരത്ത് രാജ്യത്ത് നിലവിലുള്ള നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതിനും മറ്റുമാണ്.

(ബി) 2016 വർഷത്തിലെ ലോക്കൽ പോലീസ് സ്റ്റേഷനുകളുടെയും തീരദേശ പോലീസ് സ്റ്റേഷനുകളുടെയും ജോലിഭാരം തമ്മിലുള്ള ഒരു താരതമ്യപഠനം 2017 വർഷത്തിൽ നടത്തിയിട്ടുള്ളതാണ്. ആയതുപ്രകാരം 2016 വർഷത്തിൽ ലോക്കൽ പോലീസ് സ്റ്റേഷനിൽ വർഷം 1480 കേസ്സുകൾ രജിസ്റ്റർ ചെയ്തപ്പോൾ തീരദേശ പോലീസ് സ്റ്റേഷനിൽ 6 കേസ്സുകൾ മാത്രമാണ് രജിസ്റ്റർ ചെയ്തത്.

(സി) തീരദേശ പോലീസ് സ്റ്റേഷന്റെ അധികാരപരിധി തീരപ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിശോധിച്ചുവരുന്നു.

## സംസ്ഥാനത്തെ നാർക്കോട്ടിക് സെല്ലുകളുടെ പ്രവർത്തനം

84 (5746) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പോലീസ് ജില്ലകളിൽ നാർക്കോട്ടിക് സെല്ലുകൾ നിലവിലുണ്ട്; ഓരോ സെല്ലുകളിലെയും അംഗസംഖ്യ എത്ര വീതമാണ്;

(ബി) സംസ്ഥാനത്തെ നാർക്കോട്ടിക് സെല്ലുകൾ ക്രിമിനൽ നടപടി നിയമം അനുശാസിക്കുന്ന തരത്തിലുള്ള നോട്ടിഫൈഡ് പോലീസ് സ്റ്റേഷനുകളാണോ; അല്ലെങ്കിൽ അവ നോട്ടിഫൈഡ് പോലീസ് സ്റ്റേഷനുകൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ അധികാരം നൽകുന്ന എൻ.ഡി.പി.എസ്. നിയമത്തിലെ 53-ാം വകുപ്പ് പ്രകാരം നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.-മാരെ സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ നാർകോട്ടിക് സെല്ലുകളുടെ ചാർജ് വഹിക്കുന്ന ഡിവൈ.എസ്.പി. -മാർ ക്രിമിനൽ നടപടി നിയമം അനുശാസിക്കുന്ന തരത്തിലുള്ള 'ഓഫീസർ ഇൻ ചാർജ്ജ് ഓഫ് പോലീസ് സ്റ്റേഷൻ'എന്ന പദവിയുള്ള ഉദ്യോഗസ്ഥരാണോ; അല്ലെങ്കിൽ അപ്രകാരം ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) നിലവിൽ നാർക്കോട്ടിക് സെല്ലുകൾ ഇല്ലാത്ത പോലീസ് ജില്ലകളിൽ നിയമാനുസൃത അധികാരങ്ങളുള്ള നാർകോട്ടിക് സെല്ലുകൾ രൂപീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം സിറ്റി | - 3 |
| തിരുവനന്തപുരം റൂറൽ | - 9 |
| പത്തനംതിട്ട | - 2 |
| ആലപ്പുഴ | - 2 |
| കോട്ടയം | - 10 |
| ഇടുക്കി | - 3 |
| എറണാകുളം സിറ്റി | - 8 |
| എറണാകുളം റൂറൽ | - 10 |
| പാലക്കാട് | - 3 |
| മലപ്പുറം | - 2 |
| കോഴിക്കോട് സിറ്റി | - 2 |
| കോഴിക്കോട് റൂറൽ | - 2 |
| വയനാട് | - 2 |
| കണ്ണൂർ | - 2 |
| കാസർഗോഡ് | - 2 |

(ബി) അല്ല. നോട്ടിഫൈഡ് പോലീസ് സ്റ്റേഷനുകൾ ആക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) നോട്ടിഫൈ ചെയ്തിട്ടില്ല.

(ഡി) അല്ല. പരിഗണനയിലില്ല.

(ഇ) കൊല്ലം സിറ്റി, കൊല്ലം റൂറൽ, തൃശ്ശൂർ സിറ്റി, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ നാർക്കോട്ടിക് സെല്ലുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## പോലീസുകാരുടെ ഡ്യൂട്ടിസമയം

85 (5747) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ദിവസത്തിൽ എട്ട് മണിക്കൂർ മാത്രം ജോലി എന്ന ഡ്യൂട്ടിക്രമം സംസ്ഥാന പോലീസിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ, പോലീസുകാരുടെ ഡ്യൂട്ടിസമയം എട്ട് മണിക്കൂറായി നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ 51 പോലീസ് സ്റ്റേഷനുകളിൽ എട്ട് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) എട്ട് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം ഏർപ്പെടുത്തുന്നതിന് അധിക അംഗബലം ആവശ്യമാണ്. ഘട്ടംഘട്ടമായി കൂടുതൽ ഇടങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം

86 (5748) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം പോലീസ് സൗഹൃദമാണെങ്കിലും പൊതുജന പരാതി പരിഹാരത്തിന് ആയത് സഹായകരമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഖജനാവിൽനിന്ന് ഭീമമായ തുക ചെലവഴിച്ച് പ്രസ്തുത അതോറിറ്റി സംരക്ഷിക്കുന്നത് പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ;

(സി) ഉന്നത ഉദ്യോഗസ്ഥർക്ക് ടി.എ., ഡി.എ., മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് മാത്രമാണ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി നിലനിർത്തുന്നത് എന്ന ആക്ഷേപം പരിഗണിച്ച് അടിയന്തര പ്രാധാന്യത്തോടെ ഇത് നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് ഇത്തരത്തിൽ ഒരു ആരോപണം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കൽ

87 (5749) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 അദ്ധ്യയനം വർഷം മുതൽ കൂടുതൽ വിദ്യാലയങ്ങളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എത്ര സ്കൂളുകളിൽ പുതിയതായി ഈ പദ്ധതി ആരംഭിക്കുന്നുവെന്നും എത്ര ഹയർസെക്കന്ററി സ്കൂളുകളിലും ഹൈസ്കൂളുകളിലുമാണ് ആരംഭിക്കുന്നത് എന്നും വിശദീകരിക്കുമോ;

(ബി) ഈ പദ്ധതിക്കായി കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പദ്ധതി നടത്തിപ്പിലെ മികവിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സ്കൂളുകൾക്ക് സമ്മാനം ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) 2018-19 അദ്ധ്യയനവർഷം മുതൽ കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തികവർഷം 9 കോടി രൂപ അനുവദിച്ചു നൽകുകയുണ്ടായി. (ഇതിൽ 8 കോടി രൂപ പദ്ധതി നിർവ്വഹണത്തിനും 1 കോടി രൂപ പദ്ധതിയുടെ ഡയറക്ടറേറ്റ് നിർമ്മാണത്തിനും) കൂടാതെ എസ്.പി.സി. പദ്ധതിക്കായി 1 കോടി രൂപ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പും വകയിരുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ബജറ്റ് രേഖയിൽ എസ്.പി.സി. പദ്ധതിക്ക് 11 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

88 (5750) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (SPC) കൂടുതൽ സ്കൂളുകളിൽ നടപ്പാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടോ?

(ബി) ചാലക്കുടി മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) അനുവദിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കൂടുതൽ സ്കൂളുകളിൽ നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## സബ് ഇൻസ്പെക്ടർ തസ്തികയിലുള്ള നിയമനം

89 (5751) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ സബ്ബ് ഇൻസ്പെക്ടർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നാളിതുവരെയായി നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) നിയമനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;വിശദാംശം വെളിപ്പെടുത്താമോ;

(സി) സബ്ബ് ഇൻസ്പെക്ടർ ബൈ ട്രാൻസ്ഫർ നിയമനത്തിന്റെ പട്ടിക നിലവിലുണ്ടോ;എങ്കിൽ ആയതിൽനിന്നും എത്ര ആളുകൾക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) ബൈ ട്രാൻസ്ഫർ നിയമനത്തിന്റെ പട്ടികയിൽ നിന്നും നിയമനം നല്കിയിട്ടില്ലെങ്കിൽ എന്താണ് കാരണമെന്നും എപ്പോൾ മുതൽ നിയമനം നൽകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സബ് ഇൻസ്പെക്ടർമാരുടെ 93 എൻ.ജെ.ഡി ഒഴിവുകൾ 12-7-2016 തീയതി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഒഴിവുകളിൽ ഇതുവരെ പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിച്ചിട്ടില്ല. പഴയതും

പുതിയതുമായ റാങ്ക് ലിസ്റ്റിൽപ്പെട്ടവർ, ഈ ഒഴിവുകൾ തങ്ങളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത കേസ്, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പരിഗണനയിലായതിനാലാണ് എൻ.ജെ.ഡി. ഒഴിവുകളിൽ നിയമനം നടത്താൻ സാധിക്കാത്തത്. കൂടാതെ സബ് ഇൻസ്പെക്ടർമാരുടെ 137 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച സർക്കാർ ഉത്തരവ് സ.ഉ.(ആർ.റ്റി.) നമ്പർ 76/16/തീയതി 1-3-2016) ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.നമ്പർ 1958/16-ലെ വിധിന്യായ പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്.

(സി) നിലവിലില്ല.

(ഡി) ബാധകമല്ല.

## പോലീസ് സേനയിൽ പി.എസ്.സി. മുഖേന നിയമനം

90 (5752) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എസ്.സി. മുഖേന പോലീസ് സേനയിലെ ഏതെല്ലാം തസ്തികകളിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര ഹോം ഗാർഡുകളെ നിയമിച്ചു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന പോലീസ് വകുപ്പിൽ 6385 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| പോലീസ് കോൺസ്റ്റബിൾ | 4993 |
| വിമെൺ പോലീസ് കോൺസ്റ്റബിൾ | 951 |
| ഡ്രൈവർ പോലീസ് കോൺസ്റ്റബിൾ | 434 |
| ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ | 4 |
| സബ് ഇൻസ്പെക്ടർ | 2 |
| മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ | 1 |
| ആകെ | 6385 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 281 ഹോം ഗാർഡുമാരെ വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെചേർക്കുന്നു.

| | |
|---|---|
| കൊല്ലം | 14 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 8 |
| കോട്ടയം | 22 |
| ഇടുക്കി | 6 |
| എറണാകുളം | 125 |
| തൃശ്ശൂർ | 11 |
| പാലക്കാട് | 8 |
| മലപ്പുറം | 1 |
| കോഴിക്കോട് | 69 |
| വയനാട് (കൽപ്പറ്റ) | 1 |
| കണ്ണൂർ | 4 |
| കാസർഗോഡ് | 6 |

**ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലെ സ്ഥലംമാറ്റ നിയമനങ്ങൾ**

91 (5753) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ (ലോക്കൽ പോലീസിലെ) ഡിവൈ.എസ്.പി.-മാരുടെയും എസ്.പി.-മാരുടെയും സ്ഥലംമാറ്റ നിയമനങ്ങളുടെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; ആയത് സൂചിപ്പിക്കുന്ന രേഖകൾ ലഭ്യമാക്കാമോ;

(ബി) ലോക്കലിലോ മുഖ്യധാരയിലോ നിയമിക്കരുതെന്ന് ഇന്റലിജൻസ് റിപ്പോർട്ടുകളിൽ ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള മേൽ റാങ്കുകളിൽപ്പെട്ട എത്ര ഉദ്യോഗസ്ഥർ ജില്ലയുടെയും സബ്ബ് ഡിവിഷന്റെയും ചുമതല വഹിക്കുന്നുണ്ട്; അവർ ആരെല്ലാമാണെന്ന പട്ടിക ലഭ്യമാക്കാമോ;

(സി) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ; ലോക്കൽ പോലീസിലേക്കുള്ള നിയമനങ്ങളിലും വിജിലൻസിലേക്കുള്ള നിയമനങ്ങളിലും ഈ പട്ടികയിൽപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) KS&SSR Rule 32-ന്റെ അടിസ്ഥാനത്തിലും നിലവിലുള്ള ഇക്കാര്യത്തിലെ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിൽനിന്നും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും ഭരണ സൗകര്യാർത്ഥവുമാണ് ഇക്കാര്യത്തിൽ നടപടികൾ അനുവർത്തിക്കുന്നത്.

(ബി) ഇന്റലിജൻസ് റിപ്പോർട്ടുകളിൽ ഇത്തരത്തിൽ ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ ജില്ലയുടെയും സബ് ഡിവിഷന്റെയും ചുമതല വഹിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അഴിമതിക്കേസുകളിലും മറ്റും പെടുന്ന ഉദ്യോഗസ്ഥരെ വിജിലൻസിലേയ്ക്കും മറ്റ് പ്രമാദമായ പോസ്റ്റുകളിലേയ്ക്കുമുള്ള നിയമനങ്ങളിൽ നിന്നും കഴിവതും ഒഴിവാക്കാറുണ്ട്. അഴിമതി രഹിത പോലീസിംഗ് എന്ന നയസമീപനം പ്രായോഗികമാക്കുന്നതിനാണ് ഇത്തരത്തിൽ നടപടിക്രമം അനുവർത്തിക്കുന്നത്.

**രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച കേസുവിവരം**

92 (5754) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടായിരാമാണ്ട് മുതൽ നാളിതുവരെയായി സി.പി.ഐ.(എം) പ്രവർത്തകർ പ്രതികളായ എത്ര രാഷ്ട്രീയ കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) സി.പി.ഐ.(എം) പ്രവർത്തകർ പ്രതികളായ രാഷ്ട്രീയ കൊലപാതകങ്ങളിൽ ഇരയായവരുടെ പട്ടിക നൽകാമോ;

(സി) പ്രസ്തുത കേസ്സുകളിൽ സി.പി.ഐ.(എം) പ്രവർത്തകർക്കെതിരെ രജിസ്റ്റർ ചെയ്ത എഫ്.ഐ. ആറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇത്തരം കേസ്സുകളിൽ എത്രപേർക്ക് കോടതി ശിക്ഷ വിധിച്ചിട്ടുണ്ട്; അവയുടെ പട്ടിക നൽകാമോ?

<u>ഉത്തരം</u>

(എ – ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**രാഷ്ട്രീയ കൊലപാതകങ്ങളുടെ കണക്കുവിവരം**

93 (5755) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടായിരാമാണ്ട് മുതൽ നാളിതുവരെയായി മുസ്ലീം ലീഗ് പ്രവർത്തകർ പ്രതികളായ എത്ര രാഷ്ട്രീയ കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം മുസ്ലീം ലീഗ് പ്രവർത്തകർ പ്രതികളായ രാഷ്ട്രീയ കൊലപാതകങ്ങളിൽ ഇരയായവരുടെ പട്ടിക നൽകാമോ;

(സി) ഇത്തരം കേസ്സുകളിൽ മുസ്ലീം ലീഗ് പ്രവർത്തകർക്കെതിരെ രജിസ്റ്റർ ചെയ്ത എഫ്.ഐ. ആറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കേസ്സുകളിൽ എത്ര പേർക്ക് കോടതി ശിക്ഷ വിധിച്ചിട്ടുണ്ട്; അവയുടെ പട്ടിക ലഭ്യമാക്കുമോ.

(ഇ) രണ്ടായിരാമാണ്ട് മുതൽ നാളിതുവരെയായി വിവിധ രാഷ്ട്രീയ കൊലപാതകങ്ങളിൽ വധിക്കപ്പെട്ട മുസ്ലീം ലീഗ് പ്രവർത്തകരുടെ പട്ടിക നൽകാമോ?

<u>ഉത്തരം</u>

(എ – ഇ) വിവരം ശേഖരിച്ച നൽകുന്നതാണ്.

**മട്ടന്നൂർ ഷുഹൈബ് വധക്കേസ്**

94 (5756) <u>ശ്രീ. സണ്ണി ജോസഫ്:</u>

<u>ശ്രീ. പി. ടി. തോമസ്:</u>

<u>ശ്രീ. അനൂപ് ജേക്കബ്:</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഷുഹൈബ് വധക്കേസിൽ സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ട ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് വാദിക്കുന്നതിനായി പുറത്തുനിന്നും അഭിഭാഷകരുടെ സേവനം വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെ സേവനമാണ് വിനിയോഗിച്ചതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അഡ്വക്കേറ്റിന് ഫീസിനത്തിലും, യാത്രാചെലവിനത്തിലും ഹോട്ടൽ താമസത്തിനും മറ്റുമായി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) ഉണ്ട്. ശ്രീ. അമരേന്ദ്ര ഷറന്റെ സേവനമാണ് സർക്കാർ വിനിയോഗിച്ചത്.

(സി) നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

**തിരിച്ചറിയൽ പരേഡിനെത്തിയ സാക്ഷികൾക്ക് ഭീഷണി**

95 (5757) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഷുഹൈബ് വധക്കേസുമായി ബന്ധപ്പെട്ട് തിരിച്ചറിയൽ പരേഡിനെത്തിയ സാക്ഷികളെ പ്രതികൾ ഭീഷണിപ്പെടുത്തിയെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ജയിലിൽ നടന്ന തിരിച്ചറിയൽ പരേഡിനിടയിൽ പോലും പ്രതികൾ ഭീഷണി ഉയർത്തുന്ന സാഹചര്യം ഗൗരവമായി പരിഗണിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നം. 240/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ് ഇപ്പോൾ അന്വേഷണത്തിലാണ്.

(സി) അന്വേഷണം നടത്തി പ്രതികൾ കുറ്റക്കാരാണെന്ന് തെളിഞ്ഞാൽ അവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## പോക്സോ നിയമപ്രകാരം പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസുകൾ

96 (5758) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നശേഷം പോക്സോ നിയമപ്രകാരം പാലക്കാട് ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എത്രയെണ്ണത്തിൽ കോടതി മുമ്പാകെ ചാർജ്ഷീറ്റുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പോക്സോ നിയമപ്രകാരം 304 കേസ്സുകൾ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) രജിസ്റ്റർ ചെയ്ത 304 കേസുകളിൽ 184 എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

## കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ

97 (5759) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം വർദ്ധിച്ച് വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപരിചിതരുടെ ബൈക്കിലും കാറിലും ലിഫ്റ്റ് ചോദിച്ച് കയറുന്ന കുട്ടികളെ ലൈംഗികമായി ഉപദ്രവിക്കുന്നതായ പരാതി ലഭിക്കുന്നുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് പോലീസിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപരിചിതരുടെ ബൈക്കിലും കാറിലും ലിഫ്റ്റ് ചോദിച്ച് കയറുന്ന കുട്ടികളെ ലൈംഗികമായി ഉപദ്രവിക്കുന്നതുമായി ബന്ധപ്പെട്ട് 3 പരാതികൾ (തിരുവനന്തപുരം റൂറൽ -1, കോഴിക്കോട് സിറ്റി- 1, കോഴിക്കോട് റൂറൽ-1) ലഭിച്ചിട്ടുണ്ട്.

(സി) അപരിചിതരുടെ ബൈക്കിലും കാറിലും ലിഫ്റ്റ് ചോദിച്ച് കയറിയാൽ ഉണ്ടായേയ്ക്കാവുന്ന അപകടങ്ങളെക്കുറിച്ച് സ്കൂൾതലത്തിൽ SPC, SPG എന്നീ പദ്ധതികളുടെ ഭാഗമായി നടത്തുന്ന യോഗങ്ങളിൽ കുട്ടികളുടെ ഇത്തരം പ്രവണത ഇല്ലാതാക്കുന്നതിന് കുട്ടികൾക്കും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും ബോധവത്കരണം നടത്തിവരുന്നു.

### എ.ടി.എം. തട്ടിപ്പ്

98 (5760) ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. എസ്.ശിവകുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് നടന്ന ഹൈടെക് എ.ടി.എം തട്ടിപ്പ് കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തലസ്ഥാനത്ത് നടന്ന ഹൈ-ടെക് എ.ടി.എം. തട്ടിപ്പുമായി ബന്ധപ്പെട്ട് മ്യൂസിയം സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1221/16, 1234/16, 1235/16, 1237/16, 1238/16, 1244/16 എന്നീ കേസുകൾ അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. ടി സംഭവവുമായി ബന്ധപ്പെട്ട് കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 1650/16-ാം നമ്പർ കേസ് അന്വേഷണാവസ്ഥയിലുമാണ്.

(ബി) മേൽപ്പറഞ്ഞ കേസുകളിലെ 2 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

1. A1-ILE GABRIEL MARIAN, S/o. MARIAN, ROMANIA (in Judicial Custody)
2. A6-IONUT ALESANDRU MARINOIU-ROMANIA (in Judicial Custody).

## കതിരൂർ മനോജ് വധക്കേസ്

99 (5761) <u>ശ്രീ. അനിൽ അക്കര :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കതിരൂർ മനോജ് വധക്കേസിൽ പ്രതികൾക്കെതിരെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമപ്രകാരം (യു.എ.പി.എ) കേസ് എടുത്ത നടപടി സർക്കാർ കോടതിയിൽ എതിർത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാർ നടപടിയെ കേരള ഹൈക്കോടതി വിമർശിച്ചിരുന്നോ;

(സി) ഇതിന്റെ ഭാഗമായുള്ള ഏതെങ്കിലും കോടതി പരാമർശം നീക്കികിട്ടുന്നതിന് വേണ്ടി അപ്പീൽ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും സുരക്ഷയ്ക്കും പ്രതികളുടെ ഭാഗത്ത് നിന്ന് ഭീഷണി ഉള്ളതായി ഒരു ആരോപണവും ഈ കേസിൽ ഇല്ലെന്ന കാരണത്താലാണ് ഇപ്രകാരം ഒരു നിലപാട് ബഹു മാനപ്പെട്ട ഹൈക്കോടതി മുമ്പാകെ എടുത്തത്.

## കുഞ്ഞാമിന എന്ന സ്ത്രീയുടെ കൊലപാതകം

100 (5762) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 2016 ഏപ്രിൽ മാസം ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ട കുഞ്ഞാമിന എന്ന സ്ത്രീയുടെ കൊലപാതകം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ഈ കേസിലെ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) കേസിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) കുഞ്ഞാമിന എന്ന സ്ത്രീയുടെ കൊലപാതകം സംബന്ധിച്ച് ഇരിക്കൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 372/16 u/s 397, 302 IPC പ്രകാരം

കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിലേയ്ക്ക് നാളിതുവരെ നടത്തിയ അന്വേഷണത്തിൽ പ്രതികളായി സംശയിക്കുന്നവർ കുറ്റകൃത്യത്തിനുശേഷം ഗുജറാത്ത്, ജാർഖണ്ഡ്, മഹാരാഷ്ട്ര, രാജസ്ഥാൻ, ആന്ധ്രാ, കർണ്ണാടക, കേരളം തമിഴ്നാട് തുടങ്ങി പല സംസ്ഥാനങ്ങളിലും മാറി മാറി താമസിക്കുന്നതായും പ്രതികൾക്ക് ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, കന്നട, മലയാളം, തെലുങ്ക് എന്നീ ഭാഷകൾ നന്നായി കൈകാര്യം ചെയ്യാൻ അറിയാമെന്നും അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്. കൂടാതെ ടി കേസ്സിലേയ്ക്ക് തൊണ്ണൂറിലധികം സാക്ഷികളെ നേരിൽ കണ്ട് ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

പ്രതികളെ കണ്ടെത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കും ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, കന്നട, മലയാളം, തെലുങ്ക് എന്നീ ഭാഷകളിൽ LOC തയ്യാറാക്കി അയച്ചിട്ടുള്ളതും പ്രതികളുടെ ഫോട്ടോ, ദൃശ്യ-മാധ്യമങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്. പ്രതികൾ സമർത്ഥമായ രീതിയിൽ മൊബൈൽ ഫോണുകൾ ഉപേക്ഷിച്ചും വിവിധ സംസ്ഥാനങ്ങളിൽ മാറി മാറി പോകുന്നതിനാലും പ്രതികളുടെ യഥാർത്ഥ മേൽവിലാസം ലഭിക്കാത്തതിനാലും നാളിതുവരെയായി പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തതാണ്. പ്രതികളെ കണ്ടെത്തുന്നതിന് അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

**പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറത്ത് നടന്ന ഇരട്ടകൊലപാതകം**

101 (5763) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറത്ത് നടന്ന ഇരട്ടക്കൊലപാതകം സംസ്ഥാന പോലീസിലെ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്;

(ബി) അന്വേഷണ പുരോഗതിയുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ) സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തുന്നു.

(ബി) നാളിതുവരെ അന്വേഷണത്തിനുപകാരപ്രദമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ക്രൈംബ്രാഞ്ച് സി.ഐ.ഡി., എച്ച്.എച്ച്.ഡബ്ല്യൂ-II, പാലക്കാട് സബ് യൂണിറ്റ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

## ഇതര സംസ്ഥാന തൊഴിലാളികളെ മർദ്ദിക്കുന്ന സംഭവങ്ങൾ

102 (5764) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളെ അകാരണമായി മർദ്ദിക്കുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ വർഷം ഇത്തരത്തിലുള്ള സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) അക്രമികൾക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇരകൾക്ക് ആവശ്യമായ നിയമ സഹായം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളെ അകാരണമായി മർദ്ദിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. നിയമം അനുശാസിക്കുന്ന നിയമസഹായം ഇരകൾക്ക് ലഭിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ കഞ്ചാവ് കടത്തുമായി ബന്ധപ്പെട്ട കേസ്സുകൾ

103 (5765) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ട് വർഷത്തിനിടെ കഞ്ചാവ് കടത്തുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇത്തരത്തിൽ പിടിക്കപ്പെട്ട കഞ്ചാവിന് വിപണി വില എത്ര വരും; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അടുത്ത കാലത്തായി കഞ്ചാവ് കടത്ത് വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2016-ൽ 81 കേസ്സുകളും 2017-ൽ 48 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വില കണക്കാക്കിയിട്ടില്ല.

(സി) കഞ്ചാവ് കടത്തിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ കഞ്ചാവ് കടത്തും വിൽപ്പനയും തടയുന്നതിനായി ജില്ലാ തലത്തിൽ ഡിവൈ.എസ്.പി., ഡി.സി.ആർ.ബി.യുടെ കീഴിൽ 15 അംഗ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ടീം രൂപീകരിച്ചിട്ടുണ്ട്. ടീമിന്റെ അവലോകനയോഗം എല്ലാ മാസവും നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്.

**മയക്കുമരുന്ന് കടത്തുകാരെ പിടികൂടുന്നതിൽ കൈവരിച്ച നേട്ടങ്ങൾ**

104 (5766) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മയക്കുമരുന്നും മയക്കുമരുന്ന് കടത്തുന്നവരെയും പിടികൂടുന്നതിൽ പോലീസ് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ ;

(ബി) കോടികൾ വിലമതിക്കുന്ന ഹാഷിഷ് ഓയിൽ എത്തിച്ച മലയാളിയായ പ്രതിയെ ചോദ്യം ചെയ്തതിൽ നിന്നും സിനിമ മേഖലയിലുള്ളവർക്ക് ഇതുമായി ബന്ധമുള്ളതായി ഏതെങ്കിലും സൂചനകൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇപ്രകാരമുള്ള മയക്കുമരുന്ന് ലോബികളെ തടയുന്നതിന് സിനിമാമേഖലയിലെ പ്രവർത്തകരേയും ഉൾപ്പെടുത്തി ഒരു ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മയക്കുമരുന്ന് കേസുകളിൽ 12596 കേസുകൾ രജിസ്റ്റർ ചെയ്തതിൽ 14551 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ മയക്കുമരുന്ന് കടത്തുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 632 കേസുകളിൽ 914 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) മയക്കുമരുന്ന് ലോബികളെ തടയുന്നതിന് പോലീസും എക്സൈസും മികച്ച പ്രവർത്തനമാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. സിനിമാമേഖലയിലെ പ്രവർത്തകരെ ഉൾപ്പെടുത്തി പ്രത്യേക ജാഗ്രതാസമിതി രൂപീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘം ഭരണസമിതി അംഗങ്ങളുടെ സസ്പെൻഷൻ

105 (5767) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണസംഘത്തിൽ മുൻസെക്രട്ടറി നടത്തിയ ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ, ഭരണസമിതി അംഗങ്ങളായ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരെ മുഴുവൻ സസ്പെന്റ് ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് സഹകരണ രജിസ്ട്രാർക്കും പോലീസിനും പരാതി നൽകിയത് പിരിച്ചുവിടപ്പെട്ട ഭരണസമിതിയാണോ; എങ്കിൽ പരാതി നൽകിയവർക്ക് എതിരെ നടപടി സ്വീകരിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) നടപടി പുനപരിശോധിക്കണമെന്ന് പൊതുഭരണ സെക്രട്ടറിയും ,ചീഫ് സെക്രട്ടറിയും ശിപാർശ ചെയ്തിരുന്നോ; എങ്കിൽ ശിപാർശ തള്ളിക്കളയുവാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ജീവനക്കാരുടെ തിരുവനന്തപുരത്തെ സ്റ്റാഫ് സഹകരണ സൊസൈറ്റിയിൽ നടന്ന കോടികളുടെ തട്ടിപ്പിനെതുടർന്ന് ഭരണസമിതിയിലെ മുഴുവൻ ജീവനക്കാരെയും സസ്പെന്റ് ചെയ്യുകയും നടപടി സ്വീകരിക്കുകയും ചെയ്തിരുന്നോ എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിൽ കണ്ടെത്തിയ വൻ സാമ്പത്തിക ക്രമക്കേടുകളുടെയും മറ്റും അടിസ്ഥാനത്തിൽ ഭരണസമിതി അംഗങ്ങളായിരുന്ന സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരെ മുഴുവൻ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) ശ്രീ. അനിൽകുമാർ, 'ബി. ജെ. ഡി. എസ്. ഇൻഫ്രാസ്ട്രക്ചർ' എന്നിവരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ പരിശോധന നടത്തിയത്. സംഘം പ്രസിഡന്റിന്റെ പരാതിയും ലഭിച്ചിരുന്നു. പോലീസിന് പരാതി നൽകിയത് ക്രമക്കേട് നടന്ന സമയത്ത് നിലനിന്ന ഭരണസമിതി അംഗങ്ങളിൽ ഉൾപ്പെട്ടവരാണ്.

സംഘത്തിൽ കണ്ടെത്തിയ വൻ സാമ്പത്തിക ക്രമക്കേടുകളിലും മറ്റ് നിയമ വിരുദ്ധ പ്രവർത്തനങ്ങളിലും ഭരണസമിതി അംഗങ്ങളായിരുന്ന ഉദ്യോഗസ്ഥർക്ക് കൂട്ടുത്തരവാദിത്തമുള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് വകുപ്പുതല അന്വേഷണത്തിന് വിധേയമായി, ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തത്.

(സി) സർക്കാരിന് ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംഘം ഭരണസമിതി അംഗങ്ങളായിരുന്ന സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് ഗുരുതരവീഴ്ച സംഭവിച്ചതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ വിധേയമായാണ് നടപടി സ്വീകരിച്ചിരിക്കുന്നത്.

(ഡി) കെ. എസ്. എഫ്. ഇ. സഹകരണ സംഘത്തിലെ ഭരണസമിതി അംഗങ്ങളായിരുന്ന മുഴുവൻ ജീവനക്കാരെയും സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ടായിരുന്നില്ല.

**താനൂർ പോലീസ് സ്റ്റേഷൻ സി.പി.ഒ.-മാർക്കെതിരെ പരാതി**

106 (5768) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ പോലീസ് സ്റ്റേഷനിലെ ഗുണ്ടകളെപ്പോലെ പ്രവർത്തിക്കുന്ന സി.പി.ഒ.-മാരായ വിപിൻ, ആൽബിൻ, രജീഷ്, നിഷാദ് എന്നിവർക്കെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ് സേനക്കും സംസ്ഥാന സർക്കാരിനും അവമതിപ്പുണ്ടാക്കുന്ന ഇത്തരം പോലീസുകാരെ നിലയ്ക്കുനിർത്തുന്നതിനും കാര്യക്ഷമതയുള്ള വരാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) താനൂർ പോലീസ് സ്റ്റേഷനിലെ മേൽസൂചിപ്പിച്ച സി.പി.ഒ.-മാർക്കെതിരെയുള്ള പരാതി അന്വേഷിച്ച് ഉചിതമായ നടപടി അതിവേഗം സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജനമൈത്രി പോലീസ് എന്ന ആശയം ഫലവത്താക്കാൻ സ്വീകരിച്ചു വരുന്ന നടപടികളും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ ആരോപണങ്ങൾ വ്യാജമാണെന്ന് വ്യക്തമായിട്ടുള്ളതിനാൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) സർക്കാരിനോ പോലീസ് സേനയ്ക്കോ നിരക്കാത്ത പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ വകുപ്പുതലത്തിലും നിലവിലെ നിയമങ്ങൾ അനുസരിച്ചും നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ പരാതിക്കാസ്പദമായ സംഭവം വ്യാജമാണെന്ന് വെളിവായിട്ടുള്ളതാണ്.

(ഡി) കേരളത്തിൽ നിലവിൽ സമ്പൂർണ്ണമായി ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ജനമൈത്രി പദ്ധതിയുടെ ഭാഗമായി അതാത് ജില്ലാ പോലീസ് മേധാവികളുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ബീറ്റ് ഓഫീസർമാരും അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരും അടങ്ങുന്ന സംഘം കൃത്യമായ ഇടവേളകളിൽ ഗൃഹസന്ദർശനം നടത്തി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

കൂടാതെ സ്ത്രീ സുരക്ഷ ലക്ഷ്യമിട്ട് തെരഞ്ഞെടുക്കപ്പെട്ട വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് സ്വയം പ്രതിരോധ പരിശീലന പരിപാടി നൽകിയിട്ടുള്ളതും അവർ റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ, വിദ്യാലയങ്ങൾ, ക്യാമ്പസുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കും മറ്റ് സ്ത്രീകൾക്കും പരിശീലനം നൽകിവരുന്നതുമാണ്. സ്ത്രീകൾക്ക് നേരെയുള്ള സൈബർ ആക്രമണങ്ങളെ പ്രതിരോധിക്കാനായി വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ എത്തിച്ച് ബോധവത്കരണം നടത്തുന്നതും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം വിതരണം ചെയ്തിട്ടുള്ളതും ജനകീയ പ്രവർത്തനങ്ങളുടെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകളും മറ്റ് സാംസ്കാരിക സംഘടനകളുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ, രക്തദാന ക്യാമ്പുകൾ, പി.എസ്.സി. പരിശീലനം (അട്ടപ്പാടിയിലെ ആദിവാസി വിദ്യാർത്ഥികൾക്കായി കാലാകാലങ്ങളിൽ പ്രത്യേക പി.എസ്.സി. കോച്ചിംഗ് സെന്ററുകൾ) എന്നിവ പോലീസിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. കൂടാതെ വിവിധ വിഷയങ്ങളെ ആസ്പദമാക്കി സംസ്ഥാന ജില്ലാ തലങ്ങളിൽ ശില്പശാലകളും സെമിനാറുകളും ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു.

**കസ്റ്റഡി മരണം**

107 (5769) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് കസ്റ്റഡിയിലെടുത്ത് റിമാന്റിലായിരുന്ന എത്ര പേർ മരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) അബ്കാരി കേസിൽ പോലീസ് അറസ്റ്റ് ചെയ്ത് റിമാന്റിലായിരുന്ന വിഴിഞ്ഞം കോട്ടപ്പുറം തലവിള കോളനിയിൽ സൂസ പോലീസ് മർദ്ദനം കൊണ്ടാണ് മരിച്ചതെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ ജയിലുകളിൽ നിന്നും റിമാന്റ്/അണ്ടർ ട്രയൽ തടവുകാരായ 36 പുരുഷന്മാരും പാലക്കാട് സ്പെഷ്യൽ സബ് ജയിലിൽ ഒരു വനിതാ റിമാന്റ് പ്രതിയും മരണപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചതായി കാണുന്നില്ല.

(സി) ബാധകമല്ല.

**അമിത വേഗതയ്ക്കെതിരെ നടപടി**

108 (5770) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തുകളിൽ വാഹനമോടിക്കുന്നവർ, പ്രത്യേകിച്ച് ചെറുപ്പക്കാർ നടത്തുന്ന മത്സരം മൂലമുണ്ടാകുന്ന അപകടങ്ങളും മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് അമിത വേഗതക്കാർക്കെതിരെ കർക്കശ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുനിരത്തുകളിലെ വാഹനാപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനായി മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും സംയുക്തമായി വാഹന പരിശോധന നടത്തിവരുന്നുണ്ട്. പോലീസും മോട്ടോർ വാഹന വകുപ്പും വിദ്യാർത്ഥികളുടെ സഹായത്തോടെ നടത്തുന്ന ബോധവത്കരണ പദ്ധതിയായ 'ശുഭയാത്ര' അപകടനിരക്ക് കുറയ്ക്കാൻ സഹായിക്കുന്നുണ്ട്. പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് അമിത വേഗതക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ 4 മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രാവച്ചമ്പലം-കരമന റോഡിൽ ട്രാഫിക് നിയന്ത്രണം

109 (5771) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളിലും തലസ്ഥാന നഗരത്തിലും ട്രാഫിക് സിഗ്നലുകളിൽ സ്ഥിരമായി ട്രാഫിക് വാർഡന്മാരെയോ പോലീസ് ഉദ്യോഗസ്ഥരെയോ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിൽ പ്രധാനപ്പെട്ട ട്രാഫിക് സിഗ്നലുകളിൽ ദിവസേന നൂറ് കണക്കിന് അപകടങ്ങൾ ഉണ്ടാകുന്ന കാര്യം പരിശോധിക്കുമോ;

(സി) പുതിയതായി നിർമ്മിച്ച പ്രാവച്ചമ്പലം - കരമന റോഡിൽ ദിവസേന നിരവധി അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ആഭ്യന്തര വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) മൂന്ന് വരിയിലും ടൂ വീലർ യാത്രക്കാർ നിരന്ന് പോകുന്നതിനാൽ ടൂ വീലർ അപകടം നിത്യേന ഉണ്ടാകുന്നത് തടയുവാൻ ആവശ്യമായ നിർദ്ദേശം ട്രാഫിക് വിഭാഗത്തിന് നൽകുമോ;

(ഇ) പരീക്ഷണാടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പിന്റെ മേൽനോട്ടത്തിൽ കരമന - പ്രാവച്ചമ്പലം ഹൈവേയിൽ അപകടം കുറയ്ക്കുവാൻ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരക്കുകൂടുതലുള്ള സന്ദർഭങ്ങളിൽ ആവശ്യം വേണ്ട സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകളിൽ പോലീസ് ഉദ്യോഗസ്ഥരേയും ട്രാഫിക് വാർഡന്മാരെയും നിയോഗിച്ചുവരുന്നുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിലെ പ്രധാനപ്പെട്ട സിഗ്നലുകളിൽ ദിവസേന നൂറുകണക്കിന് അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രാവച്ചമ്പലം-കരമന റോഡിൽ അമിതമായ വേഗത്തിലും അശ്രദ്ധമായും വാഹനം ഓടിക്കുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിലേയ്ക്കായി ടി റോഡിൽ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) അമിതവേഗത്തിലും അശ്രദ്ധമായും വാഹനം ഓടിക്കുന്നത് തടഞ്ഞും, കർശനമായ വാഹന പരിശോധന നടത്തിയും, ബോധവത്കരണ ക്ലാസ്സുകൾ നടത്തിയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്താലും ടൂ വീലർ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രാവച്ചമ്പലം കരമന ഉൾപ്പെടെയുള്ള ഹൈവേകളിൽ പോലീസ് ഉദ്യോഗസ്ഥർ മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, ഹൈവേ പട്രോളിംഗ് തുടങ്ങിയ സംവിധാനം ഉപയോഗിച്ച് റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപരിയായി തിരക്ക് കൂടുതലുള്ള സന്ദർഭങ്ങളിൽ ആവശ്യം വേണ്ട സ്ഥലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ എത്തി ഗതാഗത നിയന്ത്രണം നടത്തിവരുന്നു. കൂടാതെ ടി പ്രദേശങ്ങളിൽ അത്യാധുനിക വേഗത പരിശോധനാ ക്യാമറകൾ സ്ഥാപിച്ച് എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തൊണ്ടിവാഹനങ്ങൾ**

110 (5772) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസ്സുകളിൽപ്പെട്ടും അപകടങ്ങളിൽപ്പെട്ടും മോഷണവുമായി ബന്ധപ്പെട്ടും ഓരോ പോലീസ് സ്റ്റേഷനുകളിലും തൊണ്ടിവാഹനങ്ങൾ കിടക്കുന്നത് ദേശീയ പാതകളിലുൾപ്പെടെ യാത്രാക്ലേശമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ സ്റ്റേഷനുകളിൽ കിടന്ന് നശിക്കുന്നത് ഒഴിവാക്കാനായി പിടികൂടപ്പെടുന്ന വാഹനങ്ങളുടെ നിയമപരമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ഉടമസ്ഥന് വിട്ടുകൊടുക്കുവാനോ അല്ലാത്തവയ്ക്ക് ഒരു നിശ്ചിത കാലയളവിനുശേഷം ലേലം ചെയ്ത് സർക്കാരിന് മുതൽക്കൂട്ടാനോ വേണ്ടുന്ന നടപടി സ്വീകരിയ്ക്കുമോ ;

(സി) എങ്കിൽ ആയതിന് നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടെങ്കിൽ അതോ സർക്കാർ ഉത്തരവ് മതിയെങ്കിൽ ആയതോ നടപ്പാക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോടതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ കേസ്സുകളുടെ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ ലേലം ചെയ്ത് വിൽക്കുന്നതിന് തടസ്സമുണ്ട്. പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടിമുതലായ വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23/2013 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും കണ്ടുകെട്ടിയതുമായ വാഹനങ്ങൾ ബഹുമാനപ്പെട്ട സംസ്ഥാന സർക്കാരിന്റെ 15-12-2014 തീയതിയിലെ 550/14/ഫിൻ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി. ലിമിറ്റഡിന്റെ വെബ്സൈറ്റ് മുഖേന ഇ-ലേലം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി നിയമം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**സൈബർ പോലീസ് സ്റ്റേഷനുകൾ**

111 (5773) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൈബർ പോലീസ് സ്റ്റേഷനുകൾ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സൈബർ പോലീസ് സ്റ്റേഷനിലെ അനുവദിക്കപ്പെട്ട തസ്തികകൾ എത്ര; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരത്ത് പോലീസ് ട്രെയിനിംഗ് കോളേജ് ആസ്ഥാനമായി ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു.

(ബി) സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ അനുവദിക്കപ്പെട്ട തസ്തികകൾ താഴെപ്പറയുന്നവയാണ്:

- ഡിവൈ.എസ്.പി. - 1
- ഇൻസ്പെക്ടർ ഓഫ് പോലീസ് - 4

(സി) സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**സൈബർഡോം**

112 (5774) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് വകുപ്പിന്റെ സൈബർഡോം പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) സൈബർഡോമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത സംരംഭത്തിന്റെ ഔദ്യോഗിക ഘടന വ്യക്തമാക്കുമോ;

(ഡി) സൈബർഡോമിന് എത്ര റീജിയണൽ സെന്ററുകളാണുള്ളത്;

(ഇ) സൈബർഡോം ജില്ലാ തലത്തിലേക്ക് വ്യാപിപ്പിച്ച് ശക്തിപ്പെടുത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 22-8-2014-ലെ സ.ഉ. (എം.എസ്.) നമ്പർ 167/14/ആഭ്യന്തരം പ്രകാരം ആഭ്യന്തര വകുപ്പിന്റെ കീഴിൽ സൈബർഡോം എന്ന പേരിൽ ഒരു സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് തിരുവനന്തപുരം ടെക്നോപാർക്ക് ആസ്ഥാനമായി 8-4-2016 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സൈബർ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ 'സൈബർഡോം' നടത്തിവരുന്നു:

- കേരളാ പോലീസിന്റെ മൊബൈൽ, ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, സൈബർ ഗൈഡ്, ഇ-ഗ്രന്ഥ, Know Your Jurisdiction തുടങ്ങിയവ ഉപയോഗിക്കുന്നതിനുള്ള പരിശീലനം
- ഇന്റർനെറ്റിലൂടെയുള്ള ചൈൽഡ് പോണോഗ്രാഫി തടയുന്നതിനുള്ള പ്രവർത്തനങ്ങൾ
- ആർ.ബി.ഐ.-യുമായി ചേർന്ന് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളെ ചെറുക്കുന്നതിനുള്ള നടപടികൾ.
- സർക്കാർ, അർദ്ധസർക്കാർ, സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ സുരക്ഷാ സംബന്ധമായ കാര്യങ്ങൾ.
- കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളെ നശിപ്പിക്കുന്ന 'മാൽവെയർ പ്രോഗ്രാമുകളെക്കുറിച്ച് പഠിക്കുന്നതിനും അവ ചെറുക്കുന്നതിനും വേണ്ട നടപടികൾ.
- സോഷ്യൽ മീഡിയയിലെ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സോഷ്യൽ മീഡിയ മോണിറ്ററിംഗ് സെൽ.
- സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരു റിസർച്ച് & ഡെവലപ്മെന്റ് വിംഗ്.

(സി) ഒരു ഓപ്പറേഷൻസ് ഓഫീസറും പതിനാല് പോലീസ് ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഒരു ടീമായി സൈബർഡോം പ്രവർത്തിച്ചുവരുന്നു.

(ഡി&ഇ) സൈബർ ഡോമിന് റീജിയണൽ സെന്ററുകൾ നിലവിലില്ല. ഇതുസംബന്ധിച്ച ശിപാർശകളൊന്നും നിലവിലില്ല. എന്നാൽ, സൈബർ ക്രൈം ഇന്റർവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## പോലീസ് സൂപ്രണ്ട് ആഫീസ് തൃശ്ശൂരിൽ നിലനിർത്താൻ നടപടി

113 (5775) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പോലീസ് സൂപ്രണ്ട് ആഫീസ് തൃശ്ശൂരിൽ തന്നെ നിലനിർത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ. നൽകിയ കത്തിൽ എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ;

(ബി) ചേലക്കര നിയോജകമണ്ഡലത്തിൽപ്പെട്ടവർക്ക് പോലീസ് സൂപ്രണ്ട് ഓഫീസിൽ എത്തിചേരുന്നതിന് ഏറ്റവും സൗകര്യപ്രദമായത് തൃശ്ശൂർ ആണ് എന്നത് കണക്കിലെടുത്ത് തൃശ്ശൂർ പോലീസ് സൂപ്രണ്ട് ഓഫീസ് (റൂറൽ)തൃശ്ശൂരിൽ തന്നെ നിലനിർത്താൻ നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ പോലീസ് സൂപ്രണ്ട് ആഫീസ് തൃശ്ശൂരിൽത്തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനം സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു.

## ചേലക്കര മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.കൾ

114 (5776) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര, പഴയന്നൂർ, ചെറുതുരുത്തി പോലീസ് സ്റ്റേഷനുകളിൽ 2017 വർഷം എത്ര എഫ്.ഐ.ആർ. വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഓരോ പോലീസ് സ്റ്റേഷനുകളിലും 2017-ൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറുകളിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത് എത്ര എണ്ണം വീതമുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൃശ്ശൂർ റൂറൽ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ 2017 വർഷം രജിസ്റ്റർ ചെയ്ത കേസ്സുകളുടെയും കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു:

| പോലീസ് സ്റ്റേഷൻ | 2017-ൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം | |
|---|---|---|---|
| ചേലക്കര | 795 | HB theft by night | 4 |
| | | Unlawful Assembly | 1 |
| | | Riots | 4 |
| | | Cheating cases | 5 |
| | | Grievous hurt | 3 |
| | | 354 | 2 |
| | | 498(A) | 5 |
| | | Simple hurt | 3 |
| | | SC/ST PoA Act cases | 1 |
| | | MV Act | 280 |
| | | Other IPC | 172 |
| | | Other SLL | 254 |
| | | **Total** | 734 |

| പോലീസ് സ്റ്റേഷൻ | 2017-ൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം | |
|---|---|---|---|
| പഴയന്നൂർ | 978 | HB theft by night | 0 |
| | | Unlawful assembly | 3 |
| | | Riots | 14 |
| | | Cheating cases | 1 |
| | | Grievous hurt | 7 |
| | | 354 | 2 |

| | | | |
|---|---|---|---|
| | | 498(A) | 5 |
| | | Simple hurt | 14 |
| | | NDPS Act | 2 |
| | | 307 & 308 | 3 |
| | | 376 | 5 |
| | | Other IPC Cases | 265 |
| | | MV Act | 302 |
| | | Other SLL cases | 235 |
| | | Total | 858 |

| പോലീസ് സ്റ്റേഷൻ | 2017-ൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം | |
|---|---|---|---|
| (1) | (2) | (3) | |
| ചെറുതുരുത്തി | 706 | HB theft by day | 1 |
| | | Ordinary theft | 2 |
| | | Unlawful Assembly | 7 |
| | | Riots | 3 |
| | | Cheating cases | 1 |
| | | Grievous hurt | 3 |
| | | 354 | 2 |
| | | 498(A) | 6 |
| | | Simple hurt | 6 |
| | | NDPS Act | 2 |
| | | 304(A) | 2 |
| | | Abkari Cases | 21 |
| | | 376 | 22 |
| | | 377 | 1 |
| | | KP RB Act | 2 |
| | | PDPP Act | 2 |

| (1) | (2) | (3) | |
|---|---|---|---|
| | | Other IPC Cases | 232 |
| | | RTA Cases | 28 |
| | | Other SLL Cases | 292 |
| | | Total | 615 |

**വർക്കല താലൂക്ക് കേന്ദ്രീകരിച്ച് ഡിവൈ.എസ്.പി. ഓഫീസ്**

115 (5777) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്ക് കേന്ദ്രീകരിച്ച് ഒരു ഡിവൈ.എസ്.പി. ഓഫീസ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ഏറ്റവും കൂടുതൽ പോലീസ് സ്റ്റേഷനുകളുടെ (15) അധികാര പരിധിയുള്ള ആറ്റിങ്ങൽ ഡിവൈ.എസ്.പി. ഓഫീസ് വിഭജിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം പോലീസ് സ്റ്റേഷൻ**

116 (5778) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഭൂമി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് ലഭിച്ച നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പോലീസ് സ്റ്റേഷന് അടിയന്തരമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ- ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തേഞ്ഞിപ്പലം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. സമർപ്പിച്ച നിവേദനത്തിൽ സംസ്ഥാന പോലീസ് മേധാവി തലത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസ്തുത പോലീസ് സ്റ്റേഷന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽനിന്നും ഭൂമി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല.

**തമ്പാനൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

117 (5779) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തമ്പാനൂർ പോലീസ് സ്റ്റേഷന് വേണ്ടിയുള്ള പുതിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പോലീസ് സ്റ്റേഷൻ മന്ദിരത്തിന്റെ നിർമ്മാണത്തിനായി എത്ര സെന്റ് ഭൂമിയാണ് ആഭ്യന്തരവകുപ്പിന് കൈമാറിയത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കെട്ടിടനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ - സി) തിരുവനന്തപുരം തമ്പാനൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തൈക്കാട് വില്ലേജിലുൾപ്പെട്ട 16.2 സെന്റ് സ്ഥലം കൈമാറുന്നതിന് സ.ഉ. (സാധാ) നമ്പർ 680/2015/റവന്യൂ 17-12-2015 പ്രകാരം തത്വത്തിൽ അംഗീകരിച്ചിരുന്നു. എന്നാൽ മുൻ ഗവൺമെന്റിന്റെ കാലത്ത് തൈക്കാട് Fly Over-ന്റെ വീതി കൂട്ടുന്നത്, ടി സ്ഥലത്തിന്റെ രണ്ട് വശത്തുമുള്ള റോഡുകൾ വീതി കൂട്ടുന്നത്, ഓപ്പറേഷൻ അനന്തയുടെ ഓട ടി സ്ഥലത്തുകൂടെ കടന്ന് പോകുന്നത്, ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കുന്നത് തുടങ്ങിയ സാങ്കേതിക കാരണങ്ങളാൽ നിയമപ്രകാരം മാറ്റിവയ്ക്കേണ്ട സ്ഥലം ഒഴിവാക്കുമ്പോൾ ടി പോലീസ് സ്റ്റേഷൻ കെട്ടിടം പണികഴിപ്പിക്കുവാൻ ആവശ്യമായ സ്ഥലം ലാഭ്യമാകാത്തതിനാൽ കെ.പി.എച്ച്.സി.സി.-ക്ക് നാളിതുവരെ ടി കെട്ടിടത്തിന്റെ പണി തുടങ്ങാൻ സാധിച്ചിട്ടില്ലാത്തതാണ്. ഈ സർക്കാർ വന്നശേഷം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് നിയമപ്രകാരം മാറ്റിവയ്ക്കേണ്ട സ്ഥലവും മറ്റും ഒഴിവാക്കിയശേഷം ലഭ്യമാകുന്ന സ്ഥലത്ത് ടി കെട്ടിടം നിർമ്മിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ആയതിന്റെ

അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തമ്പാനൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലമനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്*.

**കുറുകച്ചാൽ പോലീസ് സ്റ്റേഷനിൽ ജീവനക്കാരുടെ കുറവ്**

118 (5780) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫിന്റെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) വിവിധ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ പോലീസുകാരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.ഐ. - 2
എ.എസ്.ഐ - 1
എസ്.സി.പി.ഒ- 7
സി.പി.ഒ - 21
ഡബ്ല്യൂ.സി.പി.ഒ- 3
} - 31

(ബി) എസ്.ഐ. - 1
എ.എസ്.ഐ. - 1
എസ്.സി.പി.ഒ - 9
സി.പി.ഒ -18
ഡബ്ല്യൂ.സി.പി.ഒ - 4
} - 31

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ പിടിച്ചെടുത്ത വാഹനങ്ങൾ

119 (5781) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ വിവിധ കേസുകളിൽ പിടിച്ചെടുത്ത എത്ര വാഹനങ്ങൾ സ്റ്റേഷൻ പരിസരത്തുണ്ടെന്നും ആയവ ഓരോ വിഭാഗത്തിലും എത്ര വീതമെന്നും വ്യക്തമാക്കുമോ;

(ബി) ഇവ റോഡ് ഗതാഗതത്തിനും കാൽനടയാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അപകടത്തിൽപ്പെടുന്നതും ക്രിമിനൽ കേസുകളോടൊപ്പം പിടിക്കുന്നതുമായ വാഹനങ്ങൾ സമയബന്ധിതമായി കേസ് അവസാനിപ്പിച്ച് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ വിവിധ കേസ്സുകളിലായി പിടിച്ചെടുത്ത 88 വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്തുണ്ട്. ഇത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. unclaimed vehicle (Motor Cycle) - 80
2. Involved in AbkarI case - 1
3. Involved in Narcotic case - 1
4. Involved in Sand Mining Act case - 5
5. Involved in EC Act case - 1

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അപകടത്തിൽപ്പെടുന്നതും ക്രിമിനൽ കേസ്സുകളോടൊപ്പം പിടിക്കപ്പെടുന്നതുമായ വാഹനങ്ങൾ വിട്ടുനൽകുന്നതിനായി നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട കോടതികൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതികളുടെ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മണപ്പള്ളി പോലീസ് ഔട്ട് പോസ്റ്റ്

120 (5782) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ മണപ്പള്ളി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പോലീസ് ഔട്ട്പോസ്റ്റിന് പൂർണ്ണസമയ പ്രവർത്തനമുണ്ടോ; ഇവിടേക്കുള്ള ഉദ്യോഗസ്ഥരെ ഏത് സ്റ്റേഷനിൽ നിന്നാണ് വിന്യസിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ പരാതി സ്വീകരിക്കുന്നതിനും അതിന്മേൽ നടപടി സ്വീകരിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പരാതി സമർപ്പിച്ച് തുടർനടപടി അന്വേഷിക്കുന്നതിന് ഇവിടെയെത്തുമ്പോൾ മറ്റൊരുദ്യോഗസ്ഥൻ ഈ ഓഫീസിന്റെ ചുമതല നിർവ്വഹിക്കുന്ന അവസ്ഥ നിലനിൽക്കുന്നതിനാൽ ഇവിടെ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;?

ഉത്തരം

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ മണപ്പള്ളി ഔട്ട് പോസ്റ്റ് പ്രവർത്തിക്കുന്നില്ല. എന്നാൽ ഒരു എയ്ഡ് പോസ്റ്റ് നിലവിൽ പൂർണ്ണസമയം പ്രവർത്തിച്ചുവരുന്നു. ടി എയ്ഡ് പോസ്റ്റിലേയ്ക്ക് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ, ഓച്ചിറ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽനിന്നും ഓരോ ദിവസവും ഒരു എ.എസ്.ഐ. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനെയും പോലീസ് വാഹനം ഓടിക്കുന്നതിന് ഓരോ ഡ്രൈവറേയും നിയോഗിച്ചുവരുന്നുണ്ട്.

(ബി) മണപ്പള്ളി എയ്ഡ് പോസ്റ്റിലേയ്ക്ക് ഓരോ ദിവസവും നിയോഗിച്ചിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ പരാതിക്കാരിൽനിന്നും പരാതി സ്വീകരിക്കുകയും ഇത് പോലീസിന് നേരിട്ട് കേസ് രജിസ്റ്റർ ചെയ്യാവുന്ന തരത്തിലുള്ള വിഷയങ്ങൾ ആണെങ്കിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ച് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചും അല്ലാതെയുള്ള പരാതികൾ ആണെങ്കിൽ ഇരുകക്ഷികളെയും കേട്ട് പ്രശ്നം പരിഹരിച്ച് വരുന്നതുമാണ്.

(സി) മണപ്പള്ളിയിൽനിന്നും ഒരു കിലോമീറ്റർ മാത്രം ദൂരപരിധിയുള്ള പാവുമ്പ എന്ന സ്ഥലത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ശിപാർശ ജില്ലാ പോലീസ് മേധാവി പോലീസ് ആസ്ഥാനത്ത് നൽകിയിട്ടുള്ളതും പുതുതായി ആരംഭിക്കുവാനുള്ള പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ പാവുമ്പയേയും ഉൾപ്പെടുത്തി ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## അട്ടക്കുളങ്ങര ഭാഗത്തെ അനധികൃത പാർക്കിംഗ്

121 (5783) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ അട്ടക്കുളങ്ങര മുതൽ കമലേശ്വരം, ആറ്റുകാൽ വരെയുള്ള റോഡിന്റെ വശങ്ങളിലുള്ള ഹോട്ടൽ, ജ്യൂസ് കടകൾക്ക് മുന്നിലെ പാർക്കിംഗ് റോഡിലുണ്ടാക്കുന്ന ഗതാഗത തടസ്സം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ ആറുമാസം ഈ മേഖലയിൽനിന്ന് എന്ത് തുക അനധികൃത പാർക്കിംഗിന്റെ പേരിൽ പിഴയായി പിരിച്ചെടുത്തു എന്ന് അറിയിക്കുമോ;

(സി) ഈ മേഖലയിൽ പിഴ ഈടാക്കേണ്ട ട്രാഫിക് പോലീസ് ഉദ്യോഗസ്ഥർ ഇത്തരം സ്ഥാപനങ്ങളുടെ മുന്നിലെ പാർക്കിംഗ് ബോധപൂർവ്വം കണ്ടില്ലെന്ന് നടിക്കുകയും പകരം നിസ്സാരകാര്യങ്ങൾക്ക് പോലും വൃദ്ധരും രോഗികളുമായ ടൂവീലർ യാത്രക്കാർക്ക് പോലും പിഴയിടുന്നതും നീതിരഹിതമായതിനാൽ പ്രസ്തുത നടപടികൾ നീതിയുക്തമാക്കാൻ കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സ്ഥിരമായി ഗതാഗത തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 183 വാഹന ഉടമകളിൽനിന്നും 18,300 രൂപ തുകയായി ഈടാക്കിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ ഭാഗങ്ങളിൽ കാൽനട യാത്രക്കാർക്കും വാഹന ഗതാഗതത്തിനും തടസ്സമുണ്ടാകാതിരിക്കുവാനും പ്രസ്തുത സ്ഥാപനങ്ങളുടെ മുമ്പിലെ അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനും പോലീസുദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അനധികൃത പാർക്കിംഗ് ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നതും പ്രസ്തുത മേഖലകളിൽ ഡ്യൂട്ടി നോക്കിവരുന്ന പോലീസുദ്യോഗസ്ഥർ നീതിനിർവ്വഹണത്തിൽ വീഴ്ച വരുത്തിയാൽ കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി മുനമ്പത്ത് പോലീസ് മ്യൂസിയം

122 (5785) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി മുനമ്പം പോലീസ് സ്റ്റേഷനോട് ചേർന്ന് പോലീസ് മ്യൂസിയം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പോലീസ് മ്യൂസിയം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ – സി) മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി മുനമ്പം പള്ളിപ്പുറം ഭാഗത്ത് പോലീസ് മ്യൂസിയം ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചുവരുന്നു.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷൻ

123 (5786) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 16-2-2018 എം.എൽ.എ-പി എൻ ജെ ആർ/ജി.പി./679/2017-18 പ്രകാരം മുഖ്യമന്ത്രിയ്ക്ക് കത്ത് നൽകിയതനുസരിച്ച് ഉചിത നടപടി സ്വീകരിക്കുന്നതിന് പ്രസ്തുത വിഷയം സംസ്ഥാന പോലീസ് മേധാവിയെ മുഖ്യമന്ത്രിയുടെ ഓഫീസ് കത്ത് ജി.180205643/2018/സി.എം.ഒ./27-2-2018 പ്രകാരം അറിയിച്ചതിൻമേൽ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ സാഹചര്യം പരിഗണിച്ച് അടിയന്തരമായി പൂഞ്ഞാർ തെക്കേക്കര കേന്ദ്രമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടി സ്വീകരിക്കുകയും പൂഞ്ഞാർ തെക്കേക്കരയിൽ ഒരു പോലീസ് സ്റ്റേഷൻ ആവശ്യമുണ്ടെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചിട്ടുണ്ടെന്ന വിവരം ഉൾപ്പെടുത്തിക്കൊണ്ട് സി.എം.ഒ. പോർട്ടൽ വഴി ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ കേസ്സുകൾ

124 (5787) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 മാർച്ച് 15 വരെ കാസർഗോഡ് ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളുടെ ക്രൈം നമ്പറുകളും ചുമത്തപ്പെട്ട സെക്ഷനുകളും ഓരോ ക്രൈം നമ്പറിലുമുള്ള പ്രതികളുടെ എണ്ണവും വ്യക്തമാക്കാമോ;

(സി) ഈ കേസ്സുകളിൽ പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അറസ്റ്റ് വൈകാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴും വന്നതിനു ശേഷം 2018 മാർച്ച് 15 വരെയും എത്ര വാറണ്ടു പ്രതികൾ കാസർഗോഡ് ജില്ലയിൽ ഉണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഈ പ്രതികളിൽ എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും ബാക്കിയുള്ളവരുടെ അറസ്റ്റ് വൈകാൻ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ വ്യാജ പാസ്പോർട്ടുമായി ബന്ധപ്പെട്ട കേസ്സുകൾ

125 (5788) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യാജപാസ്പോർട്ടുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിലവിൽ ഈ കേസ്സുകൾ ആരൊക്കെയാണ് അന്വേഷിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഇതുവരെ ഈ കേസ്സുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇനി എത്ര പേരെ പിടികൂടാനുണ്ട് വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ വ്യാജ പാസ്പോർട്ടുമായി ബന്ധപ്പെട്ട് 27 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പോലീസ് സ്റ്റേഷൻ | കേസ്സുകളുടെ എണ്ണം |
|---|---|---|
| 1 | ബേഡകം | 1 |
| 2 | കാസർഗോഡ് | 3 |
| 3 | കുമ്പള | 1 |
| 4 | വിദ്യാനഗർ | 2 |
| 5 | വെള്ളരിക്കുണ്ട് | 1 |
| 6 | ഹോസ്ദുർഗ്ഗ് | 2 |
| 7 | ബേക്കൽ | 4 |
| 8 | അമ്പലത്തറ | 11 |
| 9 | നീലേശ്വരം | 1 |
| 10 | ബദിയടുക്ക | 1 |

(ബി) നിലവിൽ പ്രസ്തുത കേസ്സുകൾ അതാത് സ്റ്റേഷൻ സബ് ഇൻസ്പെക്ടർമാർ അന്വേഷിച്ചുവരുന്നു.

(സി) 8 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 19 കേസ്സുകളിൽ പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യേണ്ടതുണ്ട്.

## അപേക്ഷകന്റെ ഫോട്ടോ പതിപ്പിക്കാതെ സാക്ഷ്യപ്പെടുത്തിയ ക്ലിയറൻസ് സർട്ടിഫിക്കറ്റ്

126 (5790) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ.-യിൽ തൊഴിൽ വിസ ലഭിക്കുന്നതിനായി അപേക്ഷകർക്ക് നൽകിയ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അപേക്ഷകന്റെ ഫോട്ടോ പതിപ്പിക്കാതെയാണോ വിതരണം ചെയ്തത്;

(ബി) ഫോട്ടോ പതിപ്പിക്കാതെ സാക്ഷ്യപ്പെടുത്തിയ ആയിരക്കണക്കിന് സർട്ടിഫിക്കറ്റുകൾ യു.എ.ഇ. അധികൃതർ തിരിച്ചയച്ചത് യു.എ.ഇ.-യിൽ തൊഴിൽ ലഭിച്ച് വിസയ്ക്ക് കാത്തിരിക്കുന്നവർക്ക് തിരിച്ചടിയായിട്ടുണ്ടോ;

(സി) നിശ്ചിത ഫീസടച്ച് ലഭിച്ച സർട്ടിഫിക്കറ്റിനുപകരം ഫോട്ടോ പതിപ്പിച്ച് പുതുതായി സർട്ടിഫിക്കറ്റ് നൽകുന്നതിന് വീണ്ടും ഫീസ് നൽകേണ്ട സാഹചര്യം ഒഴിവാക്കുമോ?

ഉത്തരം

(എ) യു. എ. ഇ.-യിൽ തൊഴിൽ വിസ ലഭിക്കുന്നതിന് പി.സി.സി.-ക്ക് അപേക്ഷിക്കുന്നതിന് നേരിട്ട് ഹാജരായ അപേക്ഷകർക്ക് ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതും നേരിട്ട് ഹാജരാകാത്തവർക്ക് ഫോട്ടോ വെരിഫൈ ചെയ്ത് നൽകുന്നതിന് സാധിക്കാത്തതിനാൽ ഫോട്ടോ ഇല്ലാതെ പി. സി. സി. നൽകിയിട്ടുള്ളതുമാണ്. എന്നാൽ നിലവിൽ പോലീസ് ആസ്ഥാനത്തെ 9-3-2018 തീയതിയിലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 07/2018 പ്രകാരം അപേക്ഷകർക്ക് നേരിട്ട് ഹാജരാകാൻ സാധിച്ചില്ലെങ്കിലും ഇവരുടെ ഫോട്ടോ, നോട്ടറി/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന അപേക്ഷകളിൽ ഫോട്ടോ പതിച്ച പി. സി. സി. നൽകിവരുന്നുണ്ട്.

(ബി) സാഹചര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു.

(സി) പി.സി.സി.-ക്ക് വേണ്ടി ഒരിക്കൽ ഫീസ് ഈടാക്കി ഫോട്ടോ പതിക്കാതെ നൽകിയ സർട്ടിഫിക്കറ്റുകൾ തിരികെ ഹാജരാക്കിയാൽ ഫീസടയ്ക്കാതെ തന്നെ ഫോട്ടോ പതിച്ച് പി. സി. സി. നൽകുന്നതാണ്.

**ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യാനായി സ്വീകരിച്ച നടപടി**

127 (5791) ശ്രീ. എസ്. ശർമ്മ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി .കെ. ശശി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നഗരവൽക്കരണത്തിന്റെ പരിണിതഫലങ്ങളിലൊന്നായ ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

ഉത്തരം

പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തിക്കൊണ്ട് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നടപടികൾ

സ്വീകരിക്കുന്നതിന്റെ ഭാഗമായി ഓപ്പറേഷൻ ഗുണ്ടാ, ഓപ്പറേഷൻ ബ്രോക്കൺ വിൻഡോ, ഓപ്പറേഷൻ മൺസൂൺ എന്നീ പദ്ധതികളും, ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനായി ഷാഡോ ടീമിനെ രൂപീകരിക്കുകയും ഗുണ്ടകളെന്ന് സംശയിക്കുന്നവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ സെക്യൂരിറ്റി കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും കൂടാതെ ഇത്തരക്കാർക്കെതിരെ റൗഡി ഹിസ്റ്ററി ഷീറ്റുകൾ തുറന്ന് ഇവരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചുവരുകയും ചെയ്യുന്നുണ്ട്. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെ 107 സി.ആർ.പി.സി., 151 സി.ആർ.പി.സി., കാപ്പാ തുടങ്ങിയ നിയമങ്ങൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 97 ഡിറ്റൻഷൻ ഓർഡറുകൾ പുറപ്പെടുവിക്കുകയും 100 ഗുണ്ടകളെ അറസ്റ്റ് ചെയ്യുകയും 92 പേർക്കെതിരെ കാപ്പാ സെക്ഷൻ 15 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കസ്റ്റഡി വാഹനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സംവിധാനം

128 (5792) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേസുകളുമായി ബന്ധപ്പെട്ട് പോലീസ് കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്തും, റോഡിലും, തുറസ്സായ സ്ഥലത്തും കൂട്ടിയിടുന്നതുമൂലം വെയിലും മഴയുമേറ്റ് നശിക്കുന്നതും മറ്റ് തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം വാഹനങ്ങൾ സംരക്ഷിക്കുന്നതിനോ സുരക്ഷിതമായി സൂക്ഷിക്കുന്നതിനോ എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(സി) കസ്റ്റഡി വാഹനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നത് സംബന്ധിച്ചോ ഒഴിപ്പിക്കുന്നത് സംബന്ധിച്ചോ സർക്കാർ നിയമനിർമ്മാണം നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ വിഷയത്തിൽ ശാശ്വതപരിഹാരം കാണുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലിരിക്കുന്ന വിവിധ കേസ്സുകളിൽ ഉൾപ്പെട്ട വാഹനങ്ങളെ കോടതി ഉത്തരവിൻപടി നിയമ നടപടികൾ പൂർത്തിയാക്കി ഉടമസ്ഥന് വിട്ടുനൽകിവരുന്നതും പെറ്റി കേസുകളിലും മറ്റുമായി പിടിച്ചെടുക്കുന്ന വാഹനങ്ങൾ വാഹന ഉടമകൾക്ക് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിലെ സർക്കുലർ നമ്പർ 7/2017 തീയതി, 31-1-2017 പ്രകാരം എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ അവകാശികളില്ലാത്ത വാഹനങ്ങൾ നിയമ നടപടികൾ സ്വീകരിച്ച് നിയമാനുസരണം ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടി വരുന്നതുമാണ്.

(സി) ഇക്കാര്യത്തിൽ ശാശ്വതപരിഹാരം ഉണ്ടാക്കുന്നതിനായി നിയമം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**സർക്കാരിനുവേണ്ടി ഹാജരാകാൻ പുറത്തുനിന്നുള്ള അഭിഭാഷകർ**

129 (5793) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിനായി കേസുകൾ വാദിക്കാൻ അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെ നൂറ്റി ഇരുപതോളം അഭിഭാഷകർ ഹൈക്കോടതിയിലുണ്ടോ;

(ബി) എന്നിട്ടും പല കേസുകളിലും സർക്കാരിനുവേണ്ടി ഹാജരാകാൻ ഹൈക്കോടതിക്ക് പുറത്തുനിന്ന് അഭിഭാഷകരെ കൊണ്ടുവരുന്ന സാഹചര്യമുണ്ടോ;

(സി) ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഭീമമായ തുക ഈ അഭിഭാഷകർക്ക് വേണ്ടി ഫീസ് ഇനത്തിൽ നൽകേണ്ടതായി വരുന്നുണ്ടോ;

(ഡി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഹൈക്കോടതിയിൽ സർക്കാരിനുവേണ്ടി ഹാജരാകാൻ പുറത്തുനിന്ന് ഏതൊക്കെ അഭിഭാഷകരെ കൊണ്ടുവന്നിട്ടുണ്ട്;

(ഇ) എങ്കിൽ ഇത് ഏതൊക്കെ കേസുകളിലായിരുന്നുവെന്നും ഈ ഓരോ അഭിഭാഷകർക്കും ഫീസിനത്തിൽ നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

(ഡി)

1. ഹരിൺ. പി. റാവൽ
2. രഞ്ജിത്ത് കുമാർ
3. എൻ. വെങ്കിട്ടരാമൻ
4. ജയ്ദീപ് ഗുപ്ത
5. അമരേന്ദ്ര ശരൺ
6. രാകേഷ് ദ്വിവേദി
7. സൻസ്മൃതി പതക്
8. പല്ലവ് ഷിസോദിയ
9. അമിത് ആനന്ദ് തിവാരി

(ഇ) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ ഭൂമി വ്യാജ ആധാരം ചമച്ച് സ്വന്തമാക്കിയതിന്മേൽ വിജിലൻസ് അന്വേഷണം**

130 (5794) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിലെ വെളിയം ഗ്രാമപഞ്ചായത്തിലെ മാലയിൽ മലപ്പത്തൂരിൽ നന്ദാവനം എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ പേരിൽ റബ്ബർ കൃഷി നടത്താനെന്ന വ്യാജേന നൂറ്റി അൻപത് ഏക്കറോളം സർക്കാർ ഭൂമി വ്യാജ ആധാരം ചമച്ച് സ്വന്തമാക്കിയതായി കൊല്ലം വിജിലൻസ് കണ്ടെത്തിയിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) ഈ വിഷയത്തിൽ നാളിതു വരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ വിഷയം സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് ക്യൂ.വി 34/16 കൊല്ലം നമ്പറായി ഒരു സത്വരാന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെടെ 8 പേർക്കെതിരെ വി.സി.05/2017/കൊല്ലം നമ്പറായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണം പുരോഗമിച്ചുവരുന്നു.

**പുതിയ വിജിലൻസ് കമ്മീഷൻ**

131 (5796) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്ന നടപടിക്രമങ്ങൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷനിൽ എത്രപേരുണ്ടാകും; ഇതിന്റെ ഘടന എങ്ങനെയെന്ന് വിശദമാക്കുമോ;

(സി) കമ്മീഷൻ രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം ഉണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(സി) കമ്മീഷന്റെ കരട് ബില്ലിന്റെ മാതൃക റിമാർക്സിനായി കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് പേഴ്സണൽ, പബ്ലിക് ഗ്രീവൻസ് & പെൻഷൻ കാര്യാലയത്തിൽനിന്നും സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ കുടുംബകോടതി**

132 (T+ 5797) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ കുടുംബകോടതി പ്രവർത്തിക്കുന്നുണ്ടോ;

+ "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ ഈ കോടതി പ്രവർത്തിക്കുന്നത് ഏത് പ്രദേശത്താണെന്നും കോടതി പ്രവർത്തനത്തിന് അനുയോജ്യമായ അന്തരീക്ഷത്തിലാണോ എന്നും വ്യക്തമാക്കാമോ;

(സി) അല്ലെങ്കിൽ അനുയോജ്യമായ സ്ഥലത്തേക്ക് കുടുംബകോടതിയെ മാറ്റാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കുടുംബകോടതി വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ എത്രയാണ് മാസവാടക;

(ഇ) കുടുംബകോടതിക്ക് സ്വന്തമായി കെട്ടിടം പണിയുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കാസർഗോഡ് മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിലാണ് കുടുംബകോടതി സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലം കോടതിയുടെ പ്രവർത്തനത്തിന് അനുയോജ്യമല്ല.

(സി) കുടുംബകോടതി പ്രവർത്തിപ്പിക്കുന്നതിനനുയോജ്യമായ ഒരു കെട്ടിടം കാസർഗോഡ് ജില്ലാ ജഡ്ജി കണ്ടെത്തിയിട്ടുണ്ട്. പുതിയ കെട്ടിടത്തിലേയ്ക്ക് കുടുംബകോടതി മാറ്റുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) 16,250 രൂപയാണ് നിലവിൽ കാസർഗോഡ് കുടുംബകോടതി കെട്ടിടത്തിന്റെ പ്രതിമാസവാടക.

(ഇ) DSR2016 പ്രകാരം ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുവാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കാട്ടാക്കട കേന്ദ്രമായി കോടതികൾ ആരംഭിക്കാൻ നടപടി**

133 (5798) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് കേന്ദ്രമായ കാട്ടാക്കടയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ;

(ബി) കാട്ടാക്കട കേന്ദ്രമായി സബ് കോടതി (അഡീഷണൽ സെഷൻസ്), കുടുംബകോടതി, ആക്സിഡന്റ് ക്ലെയിം കോടതി എന്നിവ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) സ.ഉ.(കൈ) നമ്പർ 79/16/ആഭ്യന്തരം തീയതി 2-3-2016 പ്രകാരം കോടതികൾ സ്ഥാപിക്കുന്നതിന് മുൻഗണനാലിസ്റ്റ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ 11-ാം സ്ഥാനത്ത് കാട്ടാക്കട മുൻസിഫ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ കോടതികൾ തുടങ്ങുന്നതിന് സർക്കാർ ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. പുതിയ കോടതികൾ ആരംഭിക്കുമ്പോൾ ആയവയുടെ മുൻഗണനയും പ്രാധാന്യവും കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിലവിൽ ഇപ്രകാരം കോടതികൾ തുടങ്ങുന്ന വിഷയം പരിഗണനയിലില്ല.

**കുന്ദമംഗലത്ത് പുതിയ കോടതി കെട്ടിടം**

134 (5799) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം കോടതി നൂറ്റാണ്ടിലേറെ പഴക്കമുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുന്ദമംഗലത്ത് കോടതി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശിപാർശ ഹൈക്കോടതി രജിസ്ട്രാറിൽനിന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

**നെയ്യാറ്റിൻകരയിൽ അനുവദിച്ച കുടുംബകോടതി**

135 (T+ 5800) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ അനുവദിച്ച കുടുംബകോടതി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏതു വർഷത്തിൽ ആണ് കുടുംബകോടതി നെയ്യാറ്റിൻകരയിൽ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

\+ "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കുടുംബകോടതി ആരംഭിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കുടുംബകോടതി നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കുടുംബകോടതി നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള ക്രമീകരണങ്ങൾ ആണ് നടത്തേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ഇ) 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ കുടുംബകോടതി ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കണമെന്ന നെയ്യാറ്റിൻകര ബാർ അസോസിയേഷന്റെ 28-6-2013-ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 29-9-2015-ൽ ഹൈക്കോടതി രജിസ്ട്രാർ (Subordinate Judiciary) ഒരു പ്രൊപ്പോസൽ സർക്കാരിന് നൽകുകയുണ്ടായി. എന്നാൽ ഈ പ്രൊപ്പോസലിൽ കോടതി സ്ഥാപിക്കാനുള്ള സ്ഥലം എവിടെയാണെന്ന് പരാമർശിച്ചിരുന്നില്ല. തുടർന്ന് സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോടതി സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമാകാതെ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അനുമതി നൽകാൻ കഴിയില്ലെന്ന് സർക്കാർ വിലയിരുത്തി. ഈ വിഷയം ഹൈക്കോടതി രജിസ്ട്രാറുമായി ബന്ധപ്പെട്ടത് അനുസരിച്ച് ഹൈക്കോടതി രജിസ്ട്രാർ 28-3-2016-ൽ ഒരു റിപ്പോർട്ട് കൂടി നൽകി. പ്രസ്തുത റിപ്പോർട്ടിൽ നെയ്യാറ്റിൻകരയിൽ വിമെൻസ് സെൽ പ്രവർത്തിച്ചിരുന്ന സ്ഥലത്ത് കോടതി സ്ഥാപിക്കാനുള്ള സ്ഥലവും കെട്ടിടവും ലഭ്യമാണെന്നും അവിടെ കോടതി സ്ഥാപിക്കാൻ ആകുമെന്നും റിപ്പോർട്ട് ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വിമെൻസ് സെൽ പ്രവർത്തിക്കുന്ന കെട്ടിടം കോടതി സ്ഥാപിക്കുവാൻ ലഭ്യമാകുന്നതിനെ സംബന്ധിച്ച് പോലീസ് മേധാവിയുടെ റിപ്പോർട്ട് ആരാഞ്ഞു. പോലീസ് മേധാവി നൽകിയ റിപ്പോർട്ടിൽ റവന്യൂ വകുപ്പിന്റെ അധീനതയിൽപ്പെട്ട കെട്ടിടത്തിലാണ് ഇപ്പോൾ G.O.(Rt.) No.464/16/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പ് പ്രവർത്തിച്ചുവരുന്നതെന്നും നെയ്യാറ്റിൻകരയിൽ പ്രവർത്തിച്ചുവരുന്ന വനിത സഹായ സെൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്ത് നിന്ന് മാറ്റി സ്ഥാപിച്ചാൽ ആയതിന് പകരമായി മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ നെയ്യാറ്റിൻകരയിൽ ഫാമിലി കോടതി സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമല്ലെന്ന അവസ്ഥയാണുള്ളത്. നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി നിർദ്ദേശിക്കാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ മറ്റ് നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## ഫയർ സേഫ്റ്റി ആഡിറ്റ്

136 (5801) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ സേഫ്റ്റി ആഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ ആഡിറ്റിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) പരിശോധിച്ച കെട്ടിടങ്ങളിൽ സുരക്ഷാ സംവിധാനം കാര്യക്ഷമമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) സുരക്ഷാ സംവിധാനം ഇല്ലാത്ത കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; പ്രസ്തുത നോട്ടീസ് അനുസരിച്ച് നടപടി സ്വീകരിക്കാത്ത വർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അനുശാസിക്കുന്ന ഉയരപരിധി പല കെട്ടിടങ്ങളും ലംഘിച്ചതായും ആവശ്യമായ അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട്.

(ബി) കണ്ടെത്തിയിട്ടില്ല.

(സി) നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടീസ് അനുസരിച്ച് നടപടി സ്വീകരിക്കാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർക്കും കത്ത് നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ പുതിയ ഫയർ സ്റ്റേഷനുകൾ

137 (5802) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർസ്റ്റേഷനുകൾ അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും പ്രദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) കാസർഗോഡ് ജില്ല ഉൾപ്പെടെ സംസ്ഥാനത്ത് പുതിയതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളെ സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി സമർപ്പിക്കുന്നതിനും ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**വേങ്ങരയിൽ ഫയർസ്റ്റേഷന് സ്വന്തമായി കെട്ടിടം**

138 (5803) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങരയിൽ ഫയർസ്റ്റേഷന് സ്വന്തമായി കെട്ടിടമുണ്ടോ; ഇല്ലെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 23-1-2016-ലെ സ.ഉ (സാധാ) 270/16/തസ്വഭവ ഉത്തരവിലൂടെ അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റീസർവ്വേ നമ്പർ 514/1-ലെ പി.എച്ച്.സി. കോമ്പൗണ്ടിൽപ്പെട്ട 25 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ ഒന്നും പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല. മലപ്പുറം ജില്ലയിലെ വേങ്ങരയിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള എ.ആർ.നഗർ ഗ്രാമപഞ്ചായത്തിൽ, എ.ആർ.നഗർ വില്ലേജിൽ റീ-സർവ്വേ നം.514/1-ൽപ്പെട്ട 25 സെന്റ് സ്ഥലം ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് പ്രസ്തുത സ്ഥലത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആഭ്യന്തര വകുപ്പിന് ഉപയോഗാനുമതി നൽകി തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് ഉത്തരവായിട്ടുണ്ട്.

ടി സ്ഥലത്ത് ഫയർ &റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നത് 2.95 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ തുക വകയിരുത്തുന്നതിന് ആവശ്യമായ കണക്ക് ശീർഷകം ടി ഉത്തരവിൽ രേഖപ്പെടുത്തിയിരുന്നില്ല. ശീർഷകം രേഖപ്പെടുത്തുന്ന കാര്യത്തിൽ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു.

## തിരുവനന്തപുരത്ത് ഉയരമുള്ള കെട്ടിടങ്ങളുടെ സുരക്ഷാ ആഡിറ്റ്

139 (5804) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ കെട്ടിടങ്ങളുടെ ഉയരം പരിശോധിക്കുന്നതിന് അഗ്നിശമനസേന തീരുമാനിച്ചിട്ടുണ്ടോ;

(ബി) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അനുശാസിക്കുന്ന ഉയരപരിധി പല കെട്ടിടങ്ങളും ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഇത് സുരക്ഷാ സംവിധാനങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) തിരുവനന്തപുരത്തെ ഉയരമുള്ള കെട്ടിടങ്ങളുടെ സുരക്ഷാ ആഡിറ്റ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) കണ്ടെത്തിയിട്ടുണ്ട്. വിലയിരുത്തിയിട്ടുണ്ട്. ഓപ്പറേഷൻ അഗ്നിസുരക്ഷ എന്ന പേരിൽ ബഹുനില മന്ദിരങ്ങൾ, ആശുപത്രികൾ, മാളുകൾ, തീയറ്റർ എന്നിവ അഗ്നിശമന സേനയുടെ ഓഫീസർമാർ പരിശോധിച്ചപ്പോൾ സുരക്ഷാ ക്രമീകരണങ്ങളിൽ പാളിച്ചകൾ കണ്ടെത്തിയിരുന്നു. കെട്ടിടങ്ങൾക്ക് അനുശാസിക്കുന്ന ഉയരപരിധി ലംഘനം, കെട്ടിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന അഗ്നിസുരക്ഷാ സംവിധാനങ്ങളുടെ മെയിന്റനൻസ് യഥാസമയം നടത്താത്തതുമൂലം അവ പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥ ഇവയാണ് പരിശോധനയിൽ ബോദ്ധ്യപ്പെട്ട അപാകതകൾ.

(സി) ഓപ്പറേഷൻ അഗ്നിസുരക്ഷാ എന്ന പേരിൽ അഗ്നിശമന സേനയുടെ ഓഫീസർമാർ തിരുവനന്തപുരം നഗരത്തിലെ ഉയരമുള്ള കെട്ടിടങ്ങൾ പരിശോധന നടത്തി സുരക്ഷാ ക്രമീകരണങ്ങളിൽ പാളിച്ച കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർക്കും കത്ത് നൽകിയിട്ടുണ്ട്. സുരക്ഷാ ഓഡിറ്റ് ഇപ്പോഴും നടന്നുവരികയാണ്.

## ജയിലുകളിൽ വീഡിയോ കോൺഫറൻസ് സംവിധാനം

140 (5805) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളെ കോടതി മുറികളുമായി വീഡിയോ കോൺഫറൻസ് വഴി ബന്ധിപ്പിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ട് എന്ന വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമാക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കുകവഴി പോലീസുകാരുടെ ക്രമസമാധാനച്ചുമതല സംബന്ധിച്ച സേവനം മെച്ചപ്പെടുത്താനും യാത്രാപ്പടി ഇനത്തിലെ ചെലവ് സർക്കാരിലേക്ക് മുതൽ കൂട്ടാനും കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഡി) എങ്കിൽ ഓരോ മാസവും പ്രസ്തുത പ്രവർത്തനങ്ങൾക്ക് എത്ര പോലീസുകാരുടെ സേവനം വേണമെന്നും അവർക്കുള്ള യാത്രാചെലവ് എത്രയെന്നും സംബന്ധിച്ച വിശദാംശം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജയിലുകളെ കോടതി മുറികളുമായി വീഡിയോ കോൺഫറൻസ് വഴി ബന്ധിപ്പിക്കാൻ 5 ജില്ലകളിലെ ജയിലുകളിൽ നിലവിൽ 26 വീഡിയോ കോൺഫറൻസിംഗ് സ്റ്റുഡിയോകളുണ്ട്.

(ബി) ഉണ്ട്. വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിലുള്ള അഞ്ച് ജില്ലകളിലെ സംവിധാനം നവീകരിക്കുന്നതിനും ഈ സംവിധാനമില്ലാത്ത ഒൻപത് ജില്ലകളിലെ ജയിലുകളിൽ നടപ്പിലാക്കുവാനും തീരുമാനിക്കുകയും പ്രസ്തുത പദ്ധതി കെൽട്രോണിനെ ഏൽപ്പിച്ചു. കണക്റ്റിവിറ്റി ബി.എസ്.എൻ.എൽ. മുഖേനയാണ് നടപ്പിലാക്കുന്നത്.

(സി) കോടതി നടപടികൾ വേഗത്തിലാക്കാനും ജയിൽ സുരക്ഷ കണക്കിലെടുത്തും, യാത്രാചെലവുകളും കണക്കിലെടുക്കുമ്പോൾ ഈ സംവിധാനം വളരെ പ്രയോജനകരമാണ്.

(ഡി) ഓരോ മാസത്തേയും കൃത്യമായ വിവരം ശേഖരിച്ചിട്ടില്ല.

**ജയിലുകളിലെ സി.സി.ടി.വി. ക്യാമറകൾ**

141 (5806) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ ജയിലുകൾ ഉൾപ്പെടെയുള്ള ജയിലുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കണമെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂജപ്പുര സെൻട്രൽ ജയിലിൽ എത്ര സി.സി.ടി.വി ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്; അതിൽ നിലവിൽ പ്രവർത്തിക്കുന്നവ എത്രയെണ്ണം ഉണ്ട്; കേടായ ക്യാമറകൾ നന്നാക്കുന്നതിന് ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ക്യാമറ നിരീക്ഷിക്കുന്നതിനായി ആവശ്യത്തിന് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൂജപ്പുര സെൻട്രൽ ജയിലിൽ 88 സി.സി.ടി.വി. ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ക്യാമറ പ്രവർത്തനക്ഷമമായിരുന്നില്ല. ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിന് കെൽട്രോൺ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

**സ്പെഷ്യൽ ജയിലുകൾ**

142 (5807) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്പെഷ്യൽ ജയിലുകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ സ്പെഷ്യൽ ജയിലുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സ്പെഷ്യൽ ജയിലുകൾ അനുവദിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;തിരുവനന്തപുരം ജില്ലയിൽ എവിടെയാണ് ജയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രഖ്യാപിച്ച 2018-19 വർഷത്തെ ബജറ്റിൽ കുത്തുപറമ്പിൽ ഒരു സ്പെഷ്യൽ സബ് ജയിൽ നിർമ്മിക്കുന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പെരിയ, നാദാപുരം, താമരശ്ശേരി, സുൽത്താൻബത്തേരി, മണ്ണാർക്കാട്, എരുമപ്പെട്ടി, അടൂർ, കോന്നി, കരുനാഗപ്പള്ളി, നെടുമങ്ങാട് എന്നീ സ്ഥലങ്ങളിൽ പുതുതായി ജയിലുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വാഴൂർ ഗവൺമെന്റ് പ്രസ്സിന്റെ അപ്രോച്ച് റോഡ് തുറന്നുകൊടുക്കുന്നതിന് നടപടി

143 (5808) <u>ഡോ. എൻ. ജയരാജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ ഗവൺമെന്റ് പ്രസ്സിന്റെ കോട്ടയം - കുമളി റോഡിലേക്ക് ഇറങ്ങുന്ന പ്രധാന ഗേറ്റിലേക്കുള്ള അപ്രോച്ച് റോഡ് പണിയുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ട് അനുവദിച്ച് ഉത്തരവായിരുന്നോ; പ്രസ്തുത പണി പൂർത്തിയാക്കിയിട്ടുണ്ടോ; നിലവിൽ ഇത് തുറന്ന് കൊടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപ്രോച്ച് റോഡ് പ്രസ്സിന് ആവശ്യമില്ലായെന്ന് വകുപ്പ് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് മുൻപ് എന്തുകൊണ്ട് ഇത് സംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ട അധികാരികൾക്ക് നല്കിയില്ലായെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപ്രോച്ച് റോഡ് ആവശ്യമെങ്കിൽ അത് തുറന്ന് കൊടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; പൊതുഖജനാവിലെ പണം ഉപയോഗിച്ച് നിർമ്മിച്ച റോഡ് ഉപയോഗിക്കാതെ ഇട്ടിരിക്കുന്നത് ഗൗരവമായി കാണുമോ; അടിയന്തരമായി പ്രസ്തുത പാത തുറന്നുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വാഴൂർ ഗവൺമെന്റ് പ്രസ്സിന്റെ കോട്ടയം-കുമളി റോഡിലേയ്ക്ക് ഇറങ്ങുന്ന പ്രധാന ഗേറ്റിലേയ്ക്കുള്ള അപ്രോച്ച് റോഡ് പണിയുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ട് അനുവദിക്കുകയും പ്രസ്തുത പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ ഇത് തുറന്ന് കൊടുത്തിട്ടില്ല.

(ബി&സി) ഇല്ല. പ്രസ്തുത പാത തുറന്നുകൊടുക്കുന്നതിനുള്ള നടപടി വകുപ്പ് അടിയന്തരമായി സ്വീകരിക്കുന്നതാണ്.

## പ്രിന്റിംഗ് വകുപ്പിൽ ബൈൻഡർ തസ്തിക

144 (5809) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിന്റിംഗ് വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ബൈൻഡർ ഗ്രേഡ് II തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന വിവരം ലഭ്യമാക്കുമോ;

(സി) ലാസ്കർ തസ്തികയിൽനിന്നും ബൈൻഡർ തസ്തികയിലേയ്ക്കുള്ള റേഷ്യോ പ്രമോഷൻ എത്ര; ഈ തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.- യ്ക്ക് റിപ്പോർട്ട് ചെയ്തു ; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള 10 പേർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ലാസ്കർ തസ്തിക ഉൾപ്പെടെയുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽനിന്നും ബൈൻഡർ തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനവും പി.എസ്.സി. നിയമനവും തമ്മിലുള്ള അനുപാതം 1:1 ആണ്. ഈ തസ്തികയിലെ 11 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ആയതിൽ 10 പേർക്ക് നിയമന ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## സർക്കാർ പ്രസ്സുകളുടെ ആധുനീകരണം

145 (5810) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളുടെ ആധുനീകരണം ഉൾപ്പെടെയുള്ള കോടികളുടെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാകാതിരിക്കുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ;

(ബി) അച്ചടി വകുപ്പ് ഡയറക്ടർ അവധിയിൽ പ്രവേശിച്ചതും പകരം ചുമതല ഏൽക്കാൻ ആളില്ലാത്തതുമായ അവസ്ഥ അച്ചടി വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഡോ. രാജേന്ദ്രകുമാർ ആനയത്ത് കമ്മീഷൻ റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം കൈകൊണ്ട നടപടികൾ എന്തൊക്കെ;

(ഡി) ആധുനീകരണത്തിന്റെ ഭാഗമായി പ്രസ്സുകളിൽ നടപ്പാക്കുന്ന കമ്പോസ് സോഫ്റ്റ്‌വെയറിന്റെയും വെബ്സൈറ്റിന്റെയും പ്രവർത്തനം നിലച്ച അവസ്ഥയിലാണെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) ആധുനീകരണത്തിന്റെ ഭാഗമായി പ്രസ്സുകളിൽ നടപ്പാക്കുന്ന കമ്പോസ് സോഫ്റ്റ്‌വെയറിന്റെയും വെബ്സൈറ്റ് സംബന്ധമായ ജോലികളും നിലവിൽ പുരോഗമിച്ചുവരികയാണ്.

## ഗവൺമെന്റ് പ്രസ്സുകളിൽ ഡെപ്യൂട്ടി സൂപ്രണ്ട്/അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികകൾ

146 (5811) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഗവൺമെന്റ് പ്രസ്സുകളിൽ ഡെപ്യൂട്ടി സൂപ്രണ്ട്/അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവുമൂലം പ്രിന്റിംഗ് ജോലികൾ ചെയ്തു തീർക്കുവാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടോ; നിലവിൽ എന്തൊക്കെ പ്രിന്റിംഗ് ജോലികൾ പുറത്തു കൊടുത്ത് ചെയ്യുന്നുണ്ട്; ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചാൽ ഇത്തരം ജോലികൾ ഗവൺമെന്റ് പ്രസ്സുകളിൽ തന്നെ ചെയ്തു തീർക്കുവാൻ കഴിയുമോ;

(സി) ഏതെങ്കിലും ഗവൺമെന്റ് പ്രസ്സുകളിൽ ഇത്തരത്തിൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തിക അപ്ഗ്രേഡ് ചെയ്യണമെന്ന പ്രൊപ്പോസൽ സർക്കാരിൽ നിലവിലുണ്ടോ; കണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ നിലവിലെ തസ്തിക ഡെപ്യൂട്ടി സൂപ്രണ്ടാക്കി മാറ്റുന്ന പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയുടെ ഓരോ ഒഴിവ് വീതം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാല, തിരുവനന്തപുരം എന്നിവിടങ്ങളിലും അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയുടെ ഓരോ ഒഴിവുവീതം ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, ഗവൺമെന്റ് സെൻട്രൽ പ്രിസൺ പ്രസ്സ് തിരുവനന്തപുരം, ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ എന്നിവിടങ്ങളിലും ഒഴിഞ്ഞുകിടക്കുന്നു.

(ബി) അച്ചടിവകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് ഉണ്ടെങ്കിലും ലഭ്യമാകുന്ന അച്ചടി ജോലികൾ ചെയ്തുതീർക്കുന്നുണ്ട്. ഈ വകുപ്പിൽ ലഭ്യമാകുന്ന അച്ചടി ജോലികൾ പുറത്തുകൊടുത്ത് ചെയ്യുന്നില്ല.

(സി) ഗവൺമെന്റ് പ്രസ്സുകളിൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തിക അപ്ഗ്രേഡ് ചെയ്യണമെന്നത് സംബന്ധിച്ചോ കണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ നിലവിലെ തസ്തിക ഡെപ്യൂട്ടി സൂപ്രണ്ടാക്കി മാറ്റുന്നത് സംബന്ധിച്ചോ പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല.

## കൊച്ചിയിലെ കനാലുകൾ നവീകരിക്കുന്നതിനായി നടത്തിയ സാധ്യതാപഠനം

147 (5812) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ കനാലുകൾ നവീകരിക്കുന്നതിനായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ നടത്തിയ സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചിയിലെ കനാലുകൾ നവീകരിക്കുന്നതിനായി നടത്തിയ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ പദ്ധതി നടത്തിപ്പിനുള്ള പ്രത്യേക ഏജൻസിയായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ നിയോഗിച്ചുകൊണ്ടും വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. അപ്രകാരം കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് നാറ്റ്പാക്കിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി ബജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2016-17-ലെ ബജറ്റിൽ ഇതുസംബന്ധിച്ച പഠനത്തിനായി ഒരു ലക്ഷം രൂപ ടോക്കൺ വിഹിതം വകയിരുത്തിയിട്ടുണ്ടായിരുന്നു.

## ചങ്ങനാശ്ശേരി-ആലപ്പുഴ തോട് ദേശീയ ജലപാത

148 (T+ 5813) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശ്ശേരി-ആലപ്പുഴ തോട് ദേശീയ ജലപാതയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ചങ്ങനാശ്ശേരി-ആലപ്പുഴ കനാൽ ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. 26-3-2016-ലെ നാഷണൽ വാട്ടർവേ ആക്ട് 2016 പ്രകാരമാണ് പ്രസ്തുത പാതയെ ദേശീയ ജലപാത-8 (NW-8) ആയി പ്രഖ്യാപിച്ചത്. ദേശീയ ജലപാതയുടെ നിർമ്മാണപ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഏജൻസിയായ Inland Waterways Authority of India ആണ് നടപ്പിലാക്കുന്നത്.

## ദേശീയ ജലപാതയുടെ ഭാഗമായ ടി.എസ്. കനാലിലെ മാലിന്യം

149 (5814) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ ഭാഗമായ ടി. എസ്. കനാലിലേക്ക് അമിതമായി മാലിന്യം തള്ളിവിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കനാലിലേക്ക് തുറക്കുന്ന ഓടകളിലൂടെയും ഓവുചാലുകളിലൂടെയും ചില സ്ഥാപനങ്ങൾ മാലിന്യം നിക്ഷേപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

\+ "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇതിന്റെ ഇരുകരകളും ഇടിഞ്ഞ് ഉപ്പുവെള്ളം കയറുന്നതും കായലിന്റെ ആഴം കുറയുന്നതും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) കരുനാഗപ്പള്ളി മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന ദേശീയ ജലപാത III-ന്റെ ഭാഗമായ പ്രസ്തുത ടി.എസ്. കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങളും കൂടാതെ ശുചീകരണവും നവീകരണവും സംരക്ഷണവും കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (IWAI) -യുടെ കീഴിലാണ് നടപ്പിലാക്കിവരുന്നത്.

**മെട്രോ പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ബോട്ടുജെട്ടികൾ**

150 (5815) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാട്ടർ മെട്രോപദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഭാഗത്താണ് ബോട്ടുജെട്ടികൾ നിർമ്മിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ;

(സി) ജനസാന്ദ്രതയേറിയ പ്രദേശമെന്നത് കണക്കിലെടുത്ത് വൈപ്പിൻ നിയോജകമണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എളങ്കുന്നപ്പുഴ ജെട്ടി, മുളവുകാട് ഹോസ്പിറ്റൽ ജെട്ടി, മുളവുകാട് പഞ്ചായത്ത് ജെട്ടി, മുളവുകാട് നോർത്ത് ജെട്ടി, ബോൾഗാട്ടി ജെട്ടി, മഞ്ചനക്കാട് ജെട്ടി (ഞാറയ്ക്കൽ പഞ്ചായത്ത്) പിഴല ജെട്ടി, കോതാട് ജെട്ടി, ചാരിയംതുരുത്ത് ജെട്ടി, പാലിയംതുരുത്ത് ജെട്ടി, ചെന്നൂർ ജെട്ടി, മൂലമ്പിള്ളി ജെട്ടി, പൊന്നാരിമംഗലം ജെട്ടി എന്നിവയാണ് കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിൽ നിർമ്മിക്കാൻ നിശ്ചയിച്ചിരിക്കുന്നത്.

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ സെപ്റ്റംബർ 2018-ൽ ആരംഭിക്കുവാനും മാർച്ച് 2021-ഓടെ പൂർത്തീകരിക്കുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മേൽപ്പറഞ്ഞ ബോട്ട് ജെട്ടികൾ കൂടാതെ മറ്റ് ബോട്ട് ജെട്ടികളൊന്നും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടില്ല.

## പുതുവൈപ്പിലെ എൽ.പി.ജി. ടെർമിനൽ

151 (5816) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിലെ എൽ.പി.ജി. ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനം കഴിഞ്ഞ എട്ടു മാസമായി സ്തംഭനാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൽ.പി.ജി. ടെർമിനലിന്റെ പണി തുടരുന്നതിന് ദേശീയ ഹരിത ട്രൈബൂണൽ അനുമതി നൽകിയിട്ടുണ്ടോ;

(സി) പദ്ധതിയുമായി മുന്നോട്ടുപോകുവാൻ സംസ്ഥാന സർക്കാർ അനുമതി നൽകുവാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ടെർമിനൽ നിർമ്മാണം സുരക്ഷാ പ്രശ്നങ്ങൾക്കിടയാക്കുമെന്ന് ചൂണ്ടിക്കാട്ടി പ്രദേശവാസികൾ പ്രക്ഷോഭം നടത്തിയതിനെത്തുടർന്ന് നിർമ്മാണം താൽക്കാലികമായി തടസ്സപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രദേശവാസികളുടെ ആശങ്കകളുടെ അടിസ്ഥാനത്തിൽ 21-6-2017-ൽ സർക്കാർ ജനപ്രതിനിധികളുടെയും സമരനേതാക്കളുടെയും വിവിധ കക്ഷിനേതാക്കളുടെയും IOCL പ്രതിനിധികളുടെയും ഒരു യോഗം വിളിച്ചുചേർത്തു. പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ 2010-ൽ ലഭിച്ച പാരിസ്ഥിതികാനുമതി അനുസരിച്ചാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഡോ. എം. പൂർണ്ണചന്ദ്ര റാവു തലവനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് പ്രസ്തുത കമ്മിറ്റി 2017 ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതിയുടെ ശിപാർശകളിൽ നടപ്പാക്കാൻ കഴിയുന്നവ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള ഹൗസിൽ ആധുനിക സൗകര്യങ്ങളോടെ കോംപ്ലക്സ് നിർമ്മാണം

152 (5817) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിൽ കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല ഹൗസ് എന്നീ കേന്ദ്രങ്ങളിൽ ആധുനിക സൗകര്യങ്ങളോടെ ഗസ്റ്റ് ഹൗസ്, കോൺഫറൻസ് ഹാൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുടെ കോംപ്ലക്സ് നിർമ്മിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ആയതിന്റെ എസ്റ്റിമേറ്റ് തുക എത്ര കോടിയാണെന്നും എന്നത്തേക്ക് ടെൻഡർ ചെയ്യാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ;

(സി) അതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ക്വാർട്ടേഴ്സ് കൂടി പണിയാനുള്ള നടപടികൾക്ക് അവസാന രൂപം നൽകിയോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഡൽഹിയിൽ ഡി.ഡി.എ. ഹൗസുകൾ വിലക്ക് വാങ്ങാനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ;

(ഇ) എത്ര വീടുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും അതിലേക്കായി എത്ര കോടി രൂപ ചെലവ് ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ന്യൂഡൽഹിയിലെ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ സമഗ്രമായ വികസനത്തിനായി പരിചയസമ്പന്നരായ സ്ഥാപനങ്ങളിൽ നിന്ന് Request for Proposal (RFP) ക്ഷണിച്ചുകൊണ്ട് കേരള സർക്കാർ വെബ്സൈറ്റിലും പ്രമുഖ മലയാളം മാധ്യമങ്ങളിലും ദേശീയ മാധ്യമങ്ങളിലും പരസ്യം നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടില്ല. ഇതിനായുള്ള Pre-bid മീറ്റിംഗ് 28-3-2015-ന് നിശ്ചയിച്ചിട്ടുണ്ട്. Technical bid-ഉം Financial bid-ഉം സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയായി 20-4-2018 ആണ് നിശ്ചയിച്ചിട്ടുള്ളത്.

(സി-ഇ) കേരള ഹൗസ് ജീവനക്കാരുടെ താമസസ്ഥലം നഷ്ടപ്പെടാതിരിക്കാൻ അവർക്ക് ഡൽഹി സർക്കാരിന്റെ ഡൽഹി ഡെവലപ്മെന്റ് അതോറിറ്റിയുടെ ഫ്ലാറ്റുകൾ സർക്കാർ ചെലവിൽ വാങ്ങി ക്വാർട്ടേഴ്സ് ആയി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിഥി മന്ദിരത്തിന്റെ നടത്തിപ്പിനാവശ്യമായ അവശ്യ ജീവനക്കാർക്ക് അതിഥി മന്ദിരത്തിന് സമീപം തന്നെ ക്വർട്ടേഴ്സ്

നിർമ്മിക്കുന്നതാണ്. ഇക്കാര്യത്തിൽ ഡൽഹി ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്നും ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. ആയതിന്റെ എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടില്ല.

**വയൽക്കിളി കർഷക കൂട്ടായ്മ പ്രവർത്തകർക്കെതിരെ പോലീസ് നടപടി**

153 (5818) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീഴാറ്റൂരിൽ വയൽ നികത്തി ബൈപാസ് നിർമ്മിക്കുന്നതിനെതിരെ സമരം ചെയ്ത വയൽകിളി കർഷക കൂട്ടായ്മ പ്രവർത്തകർക്കെതിരെ മാർച്ച് 14-ാം തീയതി പോലീസ് നടപടി സ്വീകരിച്ചിരുന്നോ;

(ബി) വയൽകിളി കർഷക കൂട്ടായ്മ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണ്;

(സി) കർഷകരുടെ സമരപ്പന്തൽ പൊളിച്ച് തീയിട്ട സംഭവത്തിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) നെൽവയൽ ഒഴിവാക്കി പുതിയ അലൈൻമെന്റ് പരിഗണിക്കാമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുകയുണ്ടായോ; പ്രസ്തുത തീരുമാനത്തിൽ നിന്നും പിൻമാറുകയുണ്ടായോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിരുന്നു.

(ബി) നിർദ്ദിഷ്ട ചുടല-കുറ്റിക്കോൽ എൻ.എച്ച്.ബൈപ്പാസ് റോഡ് മാറ്റി നിർമ്മിക്കണമെന്നായിരുന്നു അവരുടെ ആവശ്യം.

(സി) 12 പേർക്കെതിരെ തളിപ്പറമ്പ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 288/18 u/s 143, 147, 427, 435 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 4 പേരെ നിയമാനുസൃതം അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ

154 (5819) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 -ലെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഈ വർഷം മാർച്ച് 20 വരെ എത്ര ശതമാനം കുട്ടികൾക്ക് പൾസ് പോളിയോ നൽകിയെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ഈ വർഷത്തെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് വേണ്ടി ഓരോ ജില്ലയ്ക്കും, ഓരോ പ്രാഥമികാരോഗ്യ കേന്ദ്രത്തിനും അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(ഡി) ഇത്തരം തുകയിൽനിന്ന് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഏതെല്ലാം കാര്യത്തിന് ചെലവഴിക്കാം; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഈ പ്രോഗ്രാം നൂറ് ശതമാനത്തിലെത്തിക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ?

### ഉത്തരം

(എ) കേരളത്തിൽ 2018 മാർച്ച് 11-നാണ് പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് മാർച്ച് 11-ാം തീയതി ആരോഗ്യ സ്ഥാപനങ്ങളിലും സബ് സെന്ററുകളിലും തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടി, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് തുടങ്ങിയ സ്ഥലങ്ങളിൽ പൾസ് പോളിയോ ബൂത്ത് തുറക്കുകയും അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പോളിയോ തുള്ളി മരുന്ന് നൽകുകയും ചെയ്തു. ഇത് കൂടാതെ മൊബൈൽ ബൂത്ത് വഴിയും പോളിയോ തുള്ളിമരുന്ന് നൽകി. തുടർന്ന് മാർച്ച് 12, 13 തീയതികളിൽ ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫും മറ്റ് ആരോഗ്യ പ്രവർത്തകരും വീടുകൾ സന്ദർശിക്കുകയും ബൂത്തിൽനിന്നും പോളിയോ തുള്ളി മരുന്ന് എടുക്കാത്ത കുട്ടികൾക്ക് തുള്ളിമരുന്ന് നൽകുകയും ചെയ്തു. സംസ്ഥാനത്തൊട്ടാകെ 96.6% കുട്ടികൾക്ക് പോളിയോ തുള്ളി മരുന്ന് നൽകി.

(ബി) പോളിയോ തുള്ളിമരുന്ന് നൽകിയ കുട്ടികളുടെ ജില്ല തിരിച്ചുള്ള കണക്ക്-

| Sl. No. | District | Target | Achievement | % of Achievement |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 231324 | 230058 | 99.5 |
| 2 | കൊല്ലം | 188424 | 180865 | 96.0 |
| 3 | പത്തനംതിട്ട | 73677 | 71619 | 97.2 |
| 4 | ആലപ്പുഴ | 137818 | 134892 | 97.9 |
| 5 | കോട്ടയം | 121424 | 117157 | 96.5 |
| 6 | ഇടുക്കി | 75313 | 72934 | 96.8 |
| 7 | എറണാകുളം | 210013 | 210366 | 100.2 |
| 8 | തൃശ്ശൂർ | 223047 | 216078 | 96.9 |
| 9 | പാലക്കാട് | 229119 | 221410 | 96.6 |
| 10 | മലപ്പുറം | 440799 | 417396 | 94.7 |
| 11 | കോഴിക്കോട് | 239780 | 225089 | 93.9 |
| 12 | വയനാട് | 67525 | 62557 | 92.6 |
| 13 | കണ്ണൂർ | 187233 | 183286 | 97.9 |
| 14 | കാസർഗോഡ് | 121073 | 116017 | 95.8 |
| Total | | 2546569 | 2459724 | 96.6 |

(സി) ഈ വർഷം പൾസ് പോളിയോ ഇമ്മ്യൂണൈസേഷന്റെ പ്രോഗ്രാമിന് വേണ്ടി ഓരോ ജില്ലയ്ക്കും അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

| Sl. No. | ജില്ല | തുക |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 2066030 |
| 2 | കൊല്ലം | 1736310 |
| 3 | പത്തനംതിട്ട | 737250 |
| 4 | ആലപ്പുഴ | 1358091 |
| 5 | കോട്ടയം | 797508 |
| 6 | ഇടുക്കി | 889093 |

| (1) | (2) | (3) |
|---|---|---|
| 7 | എറണാകുളം | 1761203 |
| 8 | തൃശ്ശൂർ | 1949234 |
| 9 | പാലക്കാട് | 1580757 |
| 10 | മലപ്പുറം | 3005749 |
| 11 | കോഴിക്കോട് | 1979107 |
| 12 | വയനാട് | 480897 |
| 13 | കണ്ണൂർ | 1401999 |
| 14 | കാസർഗോഡ് | 1068536 |
| | ആകെ | 20811764 |

(ഡി) താഴെപ്പറയുന്ന കാര്യങ്ങൾക്കു ഈ തുക ഉപയോഗിക്കാവുന്നതാണ്:

-പരിശീലന പരിപാടികൾക്ക്

-ബൂത്ത് മൊബിലൈസേഷൻ

-സൂപ്പർവൈസർമാർക്ക്

-ഹൗസ് ടു ഹൗസ് ടീം

-ട്രാൻസിറ്റ് ബൂത്ത്

-വാഹനം-പി.ഒ.എൽ.

-ബൂത്ത് കണ്ടിജൻസി

-ബൂത്ത് സ്റ്റേഷനറി

-മൈക്ക് അനൗൺസിംഗ്

-ആരോഗ്യബോധവത്കരണ പ്രർത്തനങ്ങൾ.

(ഇ) പൾസ് പോളിയോ പ്രോഗ്രാമിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ കർമ്മ സമിതി യോഗം നടത്തി. പത്രക്കാരെ ഉൾപ്പെടുത്തി പ്രസ് കോൺഫറൻസ് നടത്തി. പ്രോഗ്രാമിന്റെ പ്രചാരത്തിനായി പ്രത്യേക ഓഡിയോ സി.ഡി. തയ്യാറാക്കി. ആരോഗ്യ കേന്ദ്രങ്ങൾ വഴി ഉച്ചഭാഷിണി പ്രചാരണം നടത്തി.

മെഡിക്കൽ ഓഫീസർമാർ, അർബൻ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരടക്കമുള്ള ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ, അങ്കണവാടി പ്രവർത്തകർ എന്നിവർക്കെല്ലാം പ്രത്യേകം പരിശീലനം നൽകി. പോസ്റ്ററുകളും ബാനറുകളും ജില്ലകളിലുടനീളം പ്രദർശിപ്പിച്ചു. പൾസ് പോളിയോ പ്രോഗ്രാമിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ആവശ്യമായ വാഹനങ്ങൾ സജ്ജമാക്കി. ഏരിയ തിരിച്ച് സൂപ്പർവൈസർമാരെയും വാളന്റിയർമാരേയും നിയോഗിച്ചു. ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിങ്ങനെയുള്ള സ്ഥലങ്ങളിൽ പൾസ് പോളിയോ ട്രാൻസിറ്റ് ബൂത്തുകൾ സജ്ജമാക്കി. രണ്ടും മൂന്നും ദിവസങ്ങളിൽ ആരോഗ്യ പ്രവർത്തകർ വീടുകൾ തോറും സന്ദർശിച്ച് തുള്ളിമരുന്ന് നൽകാത്ത കുഞ്ഞുങ്ങളെ കണ്ടെത്തി അവർക്കും മരുന്ന് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തി.

## പബ്ലിക് ഹെൽത്ത് കേഡർ രൂപീകരണം

155 (5820) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ആരോഗ്യ മേഖല നേരിടുന്ന പുതിയ വെല്ലുവിളികൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉന്മൂലനം ചെയ്തു എന്നുകരുതിയ പല പകർച്ചവ്യാധികളും വീണ്ടും കടന്നു വരുന്നതും പുതിയ രോഗങ്ങൾ പടരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രാഥമിക തലത്തിൽ കുത്തിവെയ്പ്പിനോടുള്ള വെറുപ്പും ശുചിത്വം പാലിക്കുന്നതിലുള്ള അലംഭാവവും ജീവിതശൈലി രോഗങ്ങളുടെ പെരുപ്പവും ആരോഗ്യമേഖലയ്ക്ക് വെല്ലുവിളി ഉയർത്തുന്നുണ്ടോ;

(ഡി) സർക്കാർ സംവിധാനങ്ങളുടെ പരിമിതി സ്വകാര്യ മേഖലയുടെ വളർച്ചയ്ക്ക് കാരണമാവുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ സാഹചര്യങ്ങളെ നേരിടുന്നതിന് പബ്ലിക്ക് ഹെൽത്ത് കേഡർ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ആഗോള തലത്തിൽ പരിസ്ഥിതിയിലും കാലാവസ്ഥയിലും ഉണ്ടാകുന്ന വ്യതിയാനങ്ങൾ, ജനസംഖ്യാ വർദ്ധനവ്, നഗരവത്കരണവും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും, വർദ്ധിച്ച ഗതാഗത സൗകര്യങ്ങൾ

എന്നിവ മൂലമുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ, കുടിവെള്ള ദൗർലഭ്യം, മരുന്നുകൾക്കെതിരെ രോഗാണുക്കളും കീടനാശിനികൾക്കെതിരെ രോഗം പരത്തുന്ന ജീവികളും പ്രതിരോധശേഷി ആർജ്ജിക്കുന്നത്, ഇതര സംസ്ഥാന തൊഴിലാളികളിലൂടെയുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, ജീവിതശൈലിയിലെ അനാരോഗ്യകരമായ മാറ്റങ്ങൾ മൂലമുണ്ടാകുന്ന ജീവിതശൈലീ രോഗങ്ങളും ജനിതകമാറ്റത്തിലൂടെ കൂടുതൽ ശക്തിയാർജ്ജിച്ച രോഗാണുക്കൾ രൂപം കൊള്ളുന്നത് തുടങ്ങിയവ ആരോഗ്യരംഗത്തെ വെല്ലുവിളികളാണ്.

(ബി) ഉന്മൂലനം ചെയ്യപ്പെട്ട രോഗമായ 'വസൂരി' (small pox) വീണ്ടും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മലമ്പനി ഉന്മൂലനം ചെയ്യപ്പെട്ട രോഗമല്ല. അറുപതുകളിൽ കേരളത്തിൽ നിന്ന് മലമ്പനി നിവാരണം ചെയ്തുവെങ്കിലും തുടർവർഷങ്ങളിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും വീണ്ടും ഇറക്കുമതി ചെയ്യപ്പെട്ടുവെന്നതാണ് വസ്തുത. പോളിയോ നിർമ്മാർജ്ജനം ഉടനെ പ്രാവർത്തികമാക്കാൻ കഴിയുന്നതാണ്. മറ്റ് പ്രധാന പകർച്ചവ്യാധികളൊന്നും ഉന്മൂലനം ചെയ്യപ്പെട്ടിട്ടില്ല. ഇത് കുറഞ്ഞും കൂടിയും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(സി) കുത്തിവയ്പിനോടുള്ള വെറുപ്പ് കേരളത്തിൽ കാര്യമായില്ല. ഓരോ വ്യക്തിക്കും പൂർണ്ണമായ ഡോസ് വാക്സിനേഷൻ എടുക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. വ്യക്തിശുചിത്വത്തോടൊപ്പം പരിസരശുചിത്വവും പാലിക്കുവാനുള്ള ബോധവത്കരണം നൽകിവരുന്നതിനാൽ ജനങ്ങളിൽ ആ രീതിയിൽ മാറ്റം ഉണ്ടാകുന്നുണ്ട്. ജീവിതശൈലിയിലെ അനാരോഗ്യകരമായ പ്രവണതകൾ ഒരു വെല്ലുവിളിയാണെങ്കിലും ശരിയായ ജീവിതശൈലി ജനങ്ങൾക്ക് ഉണ്ടാകാൻ ജനങ്ങൾക്ക് അവബോധം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആർദ്രം മിഷൻവഴി മെച്ചപ്പെട്ട ചികിത്സയും മികച്ച സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ഇ) രോഗപ്രതിരോധ സംവിധാനത്തിൽ ഊന്നി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും പകർച്ചവ്യാധികളും ജീവിതശൈലീരോഗങ്ങളും വ്യാപിക്കുന്നത് തടയുന്നതിനും പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി പബ്ലിക് ഹെൽത്ത് കേഡറിന്റെ രൂപീകരണം വളരെയധികം സഹായിക്കും. കേരളത്തിലെ പൊതുജനാരോഗ്യം ശാക്തീകരിക്കുന്നതിനുവേണ്ടി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതാണ് പൊതുജനാരോഗ്യ കേഡർ. ഇതിന്റെ രൂപീകരണം സംബന്ധിച്ച നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകൾ

156 (5821) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിലവിൽ എത്ര മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് അപേക്ഷകൾ പെന്റിംഗ് ഉണ്ട്; വിശദവിവരം നൽകുമോ;

(ബി) നിരവധി മാസങ്ങളായി ഡി.എച്ച്.എസ്.-ന്റെ ഓഫീസിൽ പ്രസ്തുത അപേക്ഷകൾ നടപടിയെടുക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഡി.എച്ച്.എസ്-ൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്ര; തീർപ്പാക്കിയവ എത്ര; വിശദവിവരം നൽകുമോ;

(ഡി) കാലതാമസം ഒഴിവാക്കുന്നതിനായി പ്രത്യേക ദൗത്യസംഘത്തിന് രൂപം നൽകി പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) 817 മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകൾ പെന്റിംഗ് ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാരുടെയും ഒരു ലക്ഷത്തിൽ കൂടുതൽ വരുന്ന എം.ആർ. അപേക്ഷ ഡി.എച്ച്.എസ്. ആഫീസിൽ നിന്നുമാണ് പരിശോധിച്ച് കൊടുത്തുകൊണ്ടിരുന്നത്. എന്നാൽ 18-12-14-ലെ സർക്കുലർ 107/14 ഫിൻ പ്രകാരം ഒരു ലക്ഷത്തിൽ കൂടുതലുള്ള എല്ലാ എം.ആർ ബില്ലുകളിലെയും അനുവദനീയ തുകയും കൂടി ആരോഗ്യ വകുപ്പ് തന്നെ കണക്കാക്കി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിൽ പരിശോധിച്ച് മറ്റ് വകുപ്പുകളിലേയ്ക്ക് കൊടുത്തിരുന്നതും തുക മാറി ലഭിക്കാതെ കിടന്നതുമായ എല്ലാ എം.ആർ. ബില്ലുകളും 107 സർക്കുലർ പ്രകാരം തുക കണക്കാക്കി നൽകണമെന്ന് കാണിച്ച് ഡി.എച്ച്.എസ്.-ലേയ്ക്ക് തിരികെ നൽകാൻ തുടങ്ങി. തുടർന്ന് ഓരോ മാസവും ഡി.എച്ച്.എസ്.-ൽ ലഭിച്ചുകൊണ്ടിരിക്കുന്ന തപാലുകളുടെ എണ്ണം 400-ൽ അധികമായതിനാലും ഓരോ ബില്ലിലെയും അനുവദനീയമായ ഇനങ്ങളും അവയുടെ തുകയും കണക്കാക്കി നൽകുന്നതിനും ബില്ലുകൾ തീർപ്പാക്കുന്നതിനും അപ്രകാരം കാലതാമസം ഉണ്ടാകുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5919 അപേക്ഷകൾ ഡി.എച്ച്.എസ്.-ൽ ലഭിച്ചിട്ടുണ്ട്. അവയിൽ 5129 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(ഡി) കാലതാമസം കുറയ്ക്കുന്നതിനുവേണ്ടി ഫയൽ അദാലത്തുകൾ നടത്തുകയും കൂടുതൽ സെക്ഷൻ ഉൾപ്പെടുത്തി ആളെ നിയമിക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കൽ

157 (5822) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിന് ഒരു സ്ഥലത്തുതന്നെ ധാരാളം പേർക്ക് സെന്റർ അനുവദിക്കുന്നതിനാൽ ജനബാഹുല്യംമൂലം ആളുകൾ ദുരിതത്തിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ - സി) കൂടുതൽ ജനങ്ങൾ ആരോഗ്യ ഇൻഷ്വറൻസ് കാർഡിനായി വരുന്ന സെന്ററുകളിൽ ആവശ്യാനുസരണം കാർഡ് ലഭ്യമാക്കുന്ന മെഷിനറി സംവിധാനങ്ങളും ജീവനക്കാരെയും പ്രവർത്തന സജ്ജമാക്കുകയും കൂടുതൽ ദിവസങ്ങളിലേയ്ക്ക് പ്രസ്തുത കാർഡ് വിതരണ ക്യാമ്പുകൾ നിലനിർത്തുകയും ചെയ്തുവരുന്നു. ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ കാർഡ് എടുക്കാൻ വരുന്ന ജനങ്ങൾക്ക് പ്രയാസം കൂടാതെ തന്നെ ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുവാൻ സാധിക്കുന്നുണ്ട്.

കാർഡ് വിതരണത്തിൽ എന്തെങ്കിലും പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ഉടൻ പരിഹരിക്കുന്നതുമാണ്.

## മാലിന്യ നിക്ഷേപത്തിനെതിരെ നടപടി

158 (5823) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ പകർന്ന് പിടിക്കുംവിധം പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുകയും മലിനജലം ഒഴുക്കുകയും ചെയ്യുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) വീടുകളിലെ മലിനജലം പൊതുസ്ഥലത്തേക്കും റോഡുകളിലേക്കും ഒഴുക്കി വിടുന്നവർക്കെതിരെ ലഭിക്കുന്ന പരാതികൾ ഗൗരവപൂർവ്വം അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ;

(സി) ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ചുമതലപ്പെട്ട ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവരുടെ പ്രധാന ചുതമലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂൾ, കോളേജ് ഉൾപ്പെടയുള്ള പൊതു സ്ഥാപനങ്ങളിൽ ആരോഗ്യ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് നൂതന പദ്ധതികൾ നടപ്പിലാക്കുമോ?

ഉത്തരം

(എ) പകർച്ചവ്യാധികൾ പടർന്ന് പിടിക്കുംവിധം പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുകയും മലിനജലം ഒഴുക്കുകയും ചെയ്യുന്നവർക്കെതിരെ തിരുകൊച്ചി പൊതുജനാരോഗ്യ നിയമം, മദ്രാസ് പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ് നിയമം, മുനിസിപ്പാലിറ്റി നിയമം തുടങ്ങിയവ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാധാരണയുള്ള പരിശോധനകൾക്കുപുറമെ ഹെൽത്തി കേരള പരിശോധനയുടെ ഭാഗമായി നിർദ്ദിഷ്ട ദിവസങ്ങളിൽ എല്ലാ ജില്ലകളിലും ഒരേദിവസം ഇത്തരം പരിശോധനകൾ നടത്തി നടപടിയെടുത്തു വരുന്നുണ്ട്.

(ബി) വീടുകളിലെ മാലിനജലം പൊതുസ്ഥലത്തേയ്ക്കും റോഡുകളിലേയ്ക്കും ഒഴുക്കി വിടുന്നവർക്കെതിരെ ലഭിക്കുന്ന പരാതികൾ ജില്ലാതലത്തിലും പ്രാഥമിക ആരോഗ്യകേന്ദ്രതലങ്ങളിലും പരിശോധിച്ച് വേണ്ട അന്വേഷണം നടത്തി നടപടികൾ എടുക്കുന്നുണ്ട്.

(സി) സംസ്ഥാന തലത്തിൽ സംസ്ഥാന മാസ് മീഡിയ കം എഡ്യൂക്കേഷൻ ഓഫീസറുടെ നേതൃത്വത്തിലുള്ള ടീമും ജില്ലാതലത്തിൽ ജില്ലാ എഡ്യൂക്കേഷൻ ആന്റ് മീഡിയ ഓഫീസറുടെ നേതൃത്വത്തിലുള്ള ടീമും പ്രാഥമികാരോഗ്യ കേന്ദ്ര തലത്തിൽ മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജിന്റെ നേതൃത്വത്തിലുള്ള ടീമും അതാത് തലങ്ങളിൽ ആരോഗ്യ ബോധവത്കരണം നടത്തുന്നു. ഫീൽഡ് തല ഉദ്യോഗസ്ഥരായ ഹെൽത്ത് സൂപ്പർവൈസർ, പബ്ലിക് ഹെൽത്ത് നേഴ്സ് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർക്കും ബോധവത്കരണ ചുമതലയുണ്ട്. കൂടാതെ സംസ്ഥാന തല ജില്ലാതല പ്രോഗ്രാം

ഓഫീസർമാരും ബോധവത്കരണത്തിൽ ഏർപ്പെടുന്നു. വിവിധ ദേശീയ ആരോഗ്യ പരിപാടികളുടെയും സംസ്ഥാന ആരോഗ്യ പരിപാടികളുടെയും ഭാഗമായി ആരോഗ്യ വിദ്യാഭ്യാസം വിവിധ പത്ര, ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്കും വിവിധ വകുപ്പുദ്യോഗസ്ഥർക്കും ഏജൻസികൾക്കും സന്നദ്ധ പ്രവർത്തകർക്കും ആരോഗ്യ പ്രവർത്തകർക്കും നൽകുക, ആരോഗ്യ ദിനാചരണം മാസാചരണം തുടങ്ങിയവ ഏകോപിപ്പിക്കുക, ബോധവത്കരണ ഉപാധികൾ തയ്യാറാക്കുകയും വിതരണം ചെയ്യുകയും ചെയ്യുക, ആരോഗ്യ സംബന്ധമായ പരിശീലനങ്ങൾ നടത്തുക എന്നിവയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ ചുമതലകളാണ്.

(ഡി) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള ആരോഗ്യ ബോധവത്കരണം അതാത് സ്ഥലത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവഴി നൽകിവരുന്നു. അതിനുപരിയായി ജില്ലാ, സംസ്ഥാന തലങ്ങളിൽ ആൾ ഇന്ത്യാ റേഡിയോ, ദൂരദർശൻ, എഫ്.എം. ചാനൽ, റേഡിയോ ഹെൽത്ത് തുടങ്ങിയവ വഴി ആവശ്യമായ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ ആരോഗ്യ ദിനാചാരണങ്ങൾ, മാസാചരണങ്ങൾ, ആരോഗ്യ സന്ദേശ യാത്ര തുടങ്ങിയവയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നു. അസംബ്ലികളിൽ ആരോഗ്യ സംബന്ധമായ പ്രതിജ്ഞകൾ എടുപ്പിക്കുന്നു. ആരോഗ്യ ജാഗ്രത പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികളെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നു. ആരോഗ്യസംബന്ധമായ പഠന പ്രോജക്ടുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നു. ആരോഗ്യ സംബന്ധമായ വിഷയങ്ങളിൽ കലാ പരിപാടികൾ, മത്സരങ്ങൾ തുടങ്ങിയവയിലും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നു.

**പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങൾ**

159 (5824) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോഷകാഹാര കുറവുമൂലമുള്ള അസുഖങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പോഷകാഹാര കുറവുമൂലമുള്ള രോഗങ്ങൾ ഉണ്ടാകാനുള്ള കാരണമെന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) പോഷകാഹാര കുറവുമൂലം ഉണ്ടാകുന്ന രോഗങ്ങൾ ചെറുക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിൽ പോഷകാഹാരക്കുറവുമൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

5 വയസ്സിനു താഴെയുള്ള കുട്ടികൾ

ഭാരക്കുറവുള്ളവർ -17%

അനീമിയ-കൗമാരക്കാരായ പെൺകുട്ടികൾ -31.73%

അനീമിയ (15-49 വയസ്സ്)-സ്ത്രീകൾ-37%

ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന സ്ത്രീകൾ

ഭാരക്കുറവുള്ളവർ (ബോഡി മാസ് ഇൻഡക്സ് <18.5)-5.8%

അമിതഭാരമുള്ളവർ (ബോഡി മാസ് ഇൻഡക്സ് >23)-47%

സ്കൂൾ കുട്ടികളിലെ പോഷണനിലവാര നിർണ്ണയം (വയസ്സ് 10-13)

ഭാരക്കുറവുള്ളവർ-44.57%

അമിതഭാരമുള്ളവർ (പൊണ്ണത്തടി)-9.63%

(ബി) ദിവസേന കഴിക്കുന്ന ഭക്ഷണത്തിൽ ഒന്നോ അതിലധികമോ പ്രധാന പോഷകഘടകങ്ങളുടെ അഭാവം പോഷകാഹാരക്കുറവിലേയ്ക്ക് നയിക്കുന്നു. സൂക്ഷ്മ പോഷകഘടകങ്ങളും മറ്റു പോഷക ഘടകങ്ങളും ശരിയായ രീതിയിൽ അടങ്ങിയിട്ടില്ലാത്ത ഭക്ഷണം കഴിക്കുന്നതും വളർച്ചയുടെ ഓരോ ഘട്ടത്തിലും ശരീരത്തിന് ആവശ്യമുള്ള പോഷക ഘടകങ്ങൾ ശരിയായ അളവിൽ ലഭിക്കാത്തതും പോഷകാഹാരക്കുറവിന് കാരണമാകുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പഠനങ്ങൾ സൂചിപ്പിക്കുന്നത് കുട്ടികളിലും കൗമാര പ്രായക്കാരിലും പ്രായപൂർത്തിയായവരിലും പച്ചക്കറി, ഇലക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉപഭോഗം ഒരു ദിവസം വേണ്ട അളവിലും കുറവാണെന്നാണ്.

1. 2013-14, 2014-15, 2015-16 വർഷങ്ങളിൽ ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ 10-13 വയസ്സ് പ്രായത്തിലുള്ള സ്കൂൾ കുട്ടികളുടെ ന്യൂന പോഷണാവസ്ഥ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തി.

2. സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുള്ള കുട്ടികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും സ്കൂളുകളിൽ വച്ച് ന്യൂന പോഷണാവസ്ഥ

പരിഹരിക്കുന്നതിനായി പോഷകാഹാരത്തിന്റെ ആവശ്യകതയേയും പ്രാധാന്യത്തേയും സംബന്ധിച്ച് അവബോധം നൽകി പോഷകാഹാര ക്ലബ്ബുകൾ എല്ലാ സ്കൂളുകളിലും രൂപീകരിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്.

3. എച്ച്. എസ് വിഭാഗത്തിൽ നിന്ന് ബയോളജി വിഷയം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്കും യു.പി. വിഭാഗത്തിൽനിന്ന് സയൻസ് വിഷയം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്കും പ്രായോഗിക പോഷണത്തിൽ അവബോധം നൽകുന്നതിനുള്ള പരിശീലനം നൽകി.

4. പോഷകാഹാരത്തിന്റെ പ്രാധാന്യം, പോഷണ വൈകല്യം ഉണ്ടാക്കുന്ന കാരണങ്ങൾ, അതിനുള്ള പരിഹാര നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന 10 മിനിട്ട് ദൈർഘ്യമുള്ള ഒരു ആനിമേഷൻ സി.ഡി. തയ്യാറാക്കി. ഇത് അദ്ധ്യാപക പരിശീലനം നടന്ന എല്ലാ ജില്ലകളിലെ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. കുട്ടികളിലും രക്ഷിതാക്കളിലും പോഷകാഹാരത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിനായിട്ടാണ് ഡി.സി നൽകിയിട്ടുള്ളത്. കൂടാതെ പോഷകാഹാരം എന്ന വിഷയവുമായി ബന്ധപ്പെട്ട് സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങളും വസ്തുതകളും കേരള എസ്.സി.ഇ.ആർ.ടി.യുടെ സമിതിക്ക് ആരോഗ്യ വകുപ്പ് കൈമാറിയിട്ടുണ്ട്.

5. പോഷണ വൈകല്യത്തെ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ തയ്യാറാക്കാനായി കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, പാറത്തോട്, പാമ്പാടി, പള്ളിക്കത്തോട്, ഏറ്റുമാനൂർ, അതിരമ്പുഴ പഞ്ചായത്തുകളിലും തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തും ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ ജെ.പി.എച്ച്.എൻ.-മാർ, ആശാ പ്രവർത്തകർ, അങ്കണവാടി വർക്കർമാർ, കുടുംബശ്രീ ആരോഗ്യദായക വോളന്റിയർമാർ എന്നിവർക്കായി പ്രായോഗിക പോഷണത്തിൽ പരിശീലനം നൽകി. പൈലറ്റടിസ്ഥാനത്തിൽ സ്ഥാപനത്തിൽ നടത്തിയ ഈ

പ്രവർത്തനം കൂടുതൽ വികേന്ദ്രീകൃതമായി പോഷണവൈകല്യ പരിഹാരത്തിന് സഹായകമാകും. തുടർവർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഇതിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കാൻ വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇവർക്കാവശ്യമായ സാങ്കേതിക സഹായം നൽകാൻ സ്ഥാപനം സന്നദ്ധമാണ്.

6. 30 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകളുടെ ഇടയിലെ ഹൃദ്രോഗ സാദ്ധ്യതാ പഠനം മലപ്പുറം, പാലക്കാട് ജില്ലകളിലെ തിരൂർ, പാലക്കാട് നഗരസഭകളിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നടത്തിയിട്ടുണ്ട്.

7. സ്കൂൾ കുട്ടികൾ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ, ആരോഗ്യ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് സഹായകരമായ നിലയിൽ വിവര വിജ്ഞാനദായക സഹായികൾ തയ്യാറാക്കി നൽകി.

(സി) ആരോഗ്യം, കൃഷി, സാമൂഹ്യനീതി, വെറ്ററിനറി, സിവിൽ സപ്ലൈസ്, ഫുഡ് സേഫ്റ്റി എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ജുവനൈൽ പ്രമേഹം**

160 (5825) <u>ശ്രീ. സി. മമ്മൂട്ടി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുവനൈൽ പ്രമേഹം ബാധിച്ച കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പീഡിയാട്രിക് എൻഡോക്രൈനോളജിസ്റ്റ് തസ്തികയിലെ കുറവ് പരിഹരിച്ച് ഈ മേഖലയിലെ ചികിത്സ ഫലപ്രദമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജൂവൈനൽ ഡയബറ്റിസ് ഇൻസുലിന്റെ അഭാവം കൊണ്ട് ജനനത്തിൽ തന്നെ ഉണ്ടാകുന്ന ഒരു രോഗമാണ്. ഈ രോഗം കണ്ടെത്തിയാലും ചികിത്സ ആജീവനാന്ത കാലത്തോളമുള്ള ഇൻസുലിൻ ചികിത്സയാണ്. വേദനാജനകവും ചെലവേറിയതുമായ ഈ ചികിത്സ സാധാരണ ജനങ്ങൾക്ക് സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുന്നവെന്നത് ഒരു വസ്തുതയാണ്. സംസ്ഥാന സർക്കാരിന്റെ സാമൂഹിക നീതി വകുപ്പ് "മിഠായി" എന്ന പേരിൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായി ഇൻസുലിനും CGM (Continuous Glucose Monitor) അത്യാവശ്യമുള്ള കുട്ടികൾക്ക് ഇൻസുലിൻ പമ്പും നൽകുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) ജൂവനൈൽ ഡയബറ്റിസ് ചികിത്സ ഇപ്പോൾ നൽകിവരുന്നത് ശിശുരോഗ വിഭാഗത്തിലെ ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ്. ഈ മേഖലയിലെ വിദഗ്ദരായ പീഡിയാട്രിക് എൻഡോക്രൈനോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**പായ്ക്ക് ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

161 (5826) <u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള:</u>
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് വിൽക്കുന്ന കുപ്പിവെള്ളത്തിന്റെ സിംഹഭാഗവും മലിനമാണെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രത്യേക പരിശോധന നടത്താൻ തയ്യാറാകുമോ;

(ബി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കുടിവെള്ള പാക്കേജിംഗ് കമ്പനികൾ എത്രയെന്ന് അറിയിക്കാമോ; ഈ കമ്പനികൾ പായ്ക്ക് ചെയ്യുന്ന കുടിവെള്ളം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ സംസ്ഥാനത്ത് കൊണ്ടുവന്ന് വില്പന നടത്തുന്ന കുടിവെള്ളം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താനും, ഗുണനിലവാരമില്ലാത്ത കുടിവെള്ളം സംസ്ഥാനത്ത് വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് കുടിവെള്ള സംഭരണ വിതരണ കേന്ദ്രങ്ങളിൽ പരിശോധനകൾ നടത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം രജിസ്ട്രേഷൻ/ ലൈസൻസ് ഉള്ള 105 കുടിവെള്ള പാക്കേജിംഗ് കമ്പനികൾ ഉണ്ട്. പ്രസ്തുത കമ്പനികൾ പാക്ക് ചെയ്ത് വിതരണം ചെയ്യുന്ന വെള്ളം ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. കൂടാതെ ബി.ഐ.എസ് സർട്ടിഫിക്കേഷൻ ഉള്ള കമ്പനികൾക്ക് മാത്രമേ ലൈസൻസ് നൽകാറുമുള്ളൂ. പ്രസ്തുത കമ്പനികളുടെ വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് തുടർപരിശോധനകൾ നടത്തി ഗുണനിലവാരമില്ലാത്തവയ്ക്ക് എതിരെ അജ്ജുഡിക്കേഷൻ/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ സംസ്ഥാനത്ത് കൊണ്ടുവന്ന് വില്പന നടത്തുന്ന കമ്പനികളുടെ വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ അനലിറ്റിക്കൽ ലാബുകളിലും മൊബൈൽ വിജിലൻസ് ലാബുകളിലും പരിശോധന നടത്തി ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം അജ്ജുഡിക്കേഷൻ/പ്രോസിക്യൂഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**അവയവദാനം നടത്തുന്നവർക്ക് അജീവനാന്ത ആരോഗ്യ പരിരക്ഷ**

162 (5827) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ ഒഴിവാക്കുന്നതിന് സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതിന്റെ പൂർണ്ണ വിവരങ്ങൾ വിശദമാക്കുമോ;

(ബി) പരോപകാര താല്പര്യം മുൻനിർത്തി അവയവദാനം ചെയ്യുന്നവർക്കുള്ള ആജീവനാന്ത ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പത്രപ്പരസ്യത്തിലൂടെ അവയവദാതാക്കളെ കണ്ടെത്തുന്നത് വാണിജ്യ താല്പര്യങ്ങൾക്ക് കാരണമാകുമെന്നതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി 24.11.2017-ൽ പുറപ്പെടുവിച്ച പൊതു വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 15-2-2018 ലെ സ.ഉ (കൈ)നമ്പർ 26/2018/ആകുവ പ്രകാരം പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*. ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാരതല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവംദാനം ചെയ്യുന്നതിന് മുന്നോട്ടുവരുന്നവർക്കും, സ്വാപ്പ് ഡൊണേഷനും വേണ്ടി ഒരു പുതിയ രജിസ്ട്രി, കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ കീഴിൽ ആരംഭിക്കുന്നതിനും ആയതുവഴി അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേയ്ക്കുമായാണ് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. അവയവത്തിന്റെ പ്രവർത്തനം നിലച്ച് ആയത് മാറ്റി വയ്ക്കേണ്ടിവരുന്ന എല്ലാ രോഗികൾക്കും പ്രസ്തുത രജിസ്ട്രിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും അതുപോലെ തന്നെ പരോപകാരതല്പരതയോടുകൂടി അവയവം ദാനം ചെയ്യാൻ ആഗ്രഹിക്കുന്ന പ്രായപൂർത്തിയായ ഏതൊരു വ്യക്തിക്കും (Prospective living donor) പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കുന്ന മുൻ ഉപാധികളോടെ രജിസ്ട്രിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) പരോപകാരതല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്ന വ്യക്തികൾക്ക് സർക്കാരിന്റെ ഏതെങ്കിലും ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തി ആജീവനാന്തം സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് 15-2-2018-ലെ സ.ഉ. (കൈ) നമ്പർ 26/2018 ആകുവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

## ചിറ്റൂർ താലൂക്ക് ആശുപത്രിയിലേയ്ക്ക് ജീവൻരക്ഷാ ഉപകരണങ്ങൾ

163 (5828) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചിറ്റൂർ താലൂക്ക് ആശുപത്രിയിലേയ്ക്ക് ജീവൻരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും നാൽപ്പത് ലക്ഷം രൂപ ആരോഗ്യ വകുപ്പ് സ.ഉ. നമ്പർ 2495/ 2017/ തീയതി 18/09/2017 പ്രകാരം അനുവദിച്ചെങ്കിലും നാളിതുവരെ പ്രസ്തുത തുക വിനിയോഗിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ തുക ഉപയോഗിച്ച് എന്തെല്ലാം ഉപകരണങ്ങൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് ഫയൽ നടപടികളുടെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത തുക വിനിയോഗിക്കുന്നതിൽ കൃത്യവിലോപം നടന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതിന്മേലുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വിശദീകരണം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവിന് വിരുദ്ധമായി തിരുവനന്തപുരം പൊതുമരാമത്ത് (കെട്ടിടവിഭാഗം) ചീഫ് എഞ്ചിനീയർ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഫണ്ട് അനുവദിക്കാത്തതിനാലാണ് തുക വിനിയോഗിക്കാൻ സാധിക്കാത്തതെന്നും ചീഫ് എഞ്ചിനീയറുടെ വീഴ്ച ശ്രദ്ധയിൽപ്പെട്ടതിനാൽ അടിയന്തരമായി ഈ തുക വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 45 ലക്ഷം രൂപ വിനിയോഗിച്ച് ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ അനസ്തേഷ്യ/സർജറി/ഇ.എൻ.റ്റി, ഒഫ്ത്താൽമോളജി/ ഗൈനക്കോളജി/ഓർത്തോപീഡിക് വിഭാഗങ്ങളിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളാണ് വാങ്ങുവാൻ ഉദ്ദേശിക്കുന്നത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇതുസംബന്ധിച്ച് നടപടിക്രമങ്ങളിലുള്ള കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ.

(ഡി) സർക്കാർ ഉത്തരവിന് വിരുദ്ധമായി തിരുവനന്തപുരം പൊതുമരാമത്ത് (കെട്ടിടവിഭാഗം) ചീഫ് എഞ്ചിനീയർ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഫണ്ട് അനുവദിക്കാത്തതിനാലാണ് തുക വിനിയോഗിക്കാൻ സാധിക്കാത്തതെന്നും ചീഫ് എഞ്ചിനീയറുടെ വീഴ്ച ശ്രദ്ധയിൽപ്പെട്ടതിനാൽ അടിയന്തരമായി ഈ തുക വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുരുകന്റെ മരണത്തിൽ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ട്

164 (5829) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടത്തിൽപ്പെട്ട് ചികിത്സ കിട്ടാതെ തമിഴ്നാട് സ്വദേശി മുരുകൻ മരിച്ച സംഭവത്തിൽ ഡോക്ടർമാർക്ക് വീഴ്ച സംഭവിച്ചോ എന്ന് കണ്ടെത്താൻ രൂപീകരിച്ച മെഡിക്കൽ ബോർഡ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കുറ്റക്കാരായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വാഹനാപകടത്തിൽ പരിക്കേറ്റ തമിഴ്നാട് സ്വദേശിയായ മുരുകൻ മരിക്കാനിടയായ സംഭവത്തിൽ ബന്ധപ്പെട്ട ഹോസ്പിറ്റലുകൾ മുരുകനെ ശരിയായ വിധത്തിൽ പരിശോധിച്ചിരുന്നോ, അപകടത്തിൽപ്പെട്ട ആളെ രക്ഷിക്കുന്നതിന് ആവുന്നതെല്ലാം ചെയ്തിരുന്നോ, രോഗിക്ക് ചികിത്സ നൽകുന്നതിൽ അനാസ്ഥ ഉണ്ടായിട്ടുണ്ടോ എന്നീ വിവരങ്ങളെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 10-8-2017-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) 2236/2017/H&FWD പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, ഡോ. വിപിൻ, സീനിയർ കൺസൾട്ടന്റ് എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് 12-10-2017-ൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ രണ്ട് ഡോക്ടർമാരോട് വിശദീകരണം ആരായുകയും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്.

തുടർന്ന് മുരുകൻ മരിച്ചതുമായി ബന്ധപ്പെട്ട ആറ് ഹോസ്പിറ്റലുകളിലെ ഡോക്ടർമാർക്കെതിരെ അന്വേഷണം നടത്തുന്നതിന് ഡോക്ടർമാരുടെ ഒരു വിദഗ്ദ്ധ

സമിതി 24-11-2017-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി.) 3343/2017/H&FWD പ്രകാരം രൂപീകരിച്ചിരുന്നു. ഈ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

## സർക്കാർ ആയൂർവേദ നഴ്സുമാരുടെ ജോലി സമയം

165 (5830) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആയൂർവേദ നഴ്സുമാർ അലോപ്പതി നഴ്സുമാർക്ക് അനുവദിച്ചിട്ടുള്ള ജോലിസമയത്തേക്കാൾ കൂടുതൽ സമയം ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ;

(ബി) പല സർക്കാർ ആയൂർവദ ആശുപത്രികളിലും 12 മണിക്കൂറിൽ കൂടുതൽ സമയം ഇവർക്ക് ജോലി ചെയ്യേണ്ടി വരുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരുടെ അവധി ദിനങ്ങൾ ആരോഗ്യ വകുപ്പിലെ നഴ്സുമാരെ അപേക്ഷിച്ച് കുറവാണെന്നും ഇതുമൂലം വളരെയേറെ ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്നുണ്ടെന്നുമുള്ള പരാതികൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ ഇവരുടെ ജോലിസമയം സംബന്ധിച്ചും അവധി വ്യവസ്ഥ സംബന്ധിച്ചും സമാനസ്വഭാവമുള്ള മറ്റ് തസ്തികയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി താരതമ്യം ചെയ്ത് പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിൽ മുപ്പതോ അതിലധികമോ കിടക്കകളുള്ള ആശുപത്രികളിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

ഒന്നാം ഷിഫ്റ്റ് (7AM-1 PM)

രണ്ടാം ഷിഫ്റ്റ് (1 PM-7PM)

മൂന്നാം ഷിഫ്റ്റ് (7 PM-7 AM)

മുപ്പതിൽ കുറവ് കിടക്കകളുള്ള ആശുപത്രികളിൽ നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കാൻ കഴിയില്ല.

(സി) നിലവിലുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

**സർക്കാർ ആശുപത്രികളിലെ ശുചിത്വം**

166 (5831) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾ പൂർണ്ണമായും ശുചിത്വത്തോടെ സൂക്ഷിക്കാനുള്ള നടപടികൾ ആണ് സർക്കാർ സ്വീകരിക്കുന്നതെങ്കിലും ചില ഹോസ്പിറ്റലുകൾക്ക് ഇപ്പോഴും ശുചിത്വത്തിന്റെ കാര്യത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആശുപത്രികളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി Infection Control Committee പ്രവർത്തനങ്ങൾ നടത്തിവരുന്നു. Aseptic Procedure (അസ്പിറ്റിക് നടപടിക്രമത്തിന്റെ) ഭാഗമായി ഹാന്റ് വാഷ് ഉപയോഗം സംബന്ധിച്ച് സർക്കാർ ആശുപത്രിയിലെ പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുവാൻ Infection Guidelines-ഉം ഉചിതമായ നടപടികൾക്കുവേണ്ടി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ആശുപത്രികളിൽ Infection Control Committee-കൾ സജീവമാണ്. Continuing Medical Education-ന്റെ ഭാഗമായി Infection Control, Hand Wash Techniques എന്നിവയെപ്പറ്റി ക്ലാസ്സുകൾ ആശുപത്രികളിൽ നടത്തിവരുന്നു. Sanitary Works എല്ലാ സ്ഥാപനങ്ങളിലും സൂപ്രണ്ടിന്റെ/മെഡിക്കൽ ആഫീസർ ഇൻ-ചാർജിന്റെ നേതൃത്വത്തിൽ നടന്നുവരികയും ആശുപത്രിയും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുന്നു. ആശുപത്രികളിലെ മാലിന്യങ്ങൾ തരംതിരിച്ച് ബയോമെഡിക്കൽ മാലിന്യങ്ങൾ ഉചിതമായ രീതിയിലോ Image മുഖേനയോ നശിപ്പിക്കുകയും മറ്റ് വേസ്റ്റ് പേപ്പർ മുതലായവ സ്ഥാപനങ്ങളിൽ തന്നെയുള്ള Incineration മുഖേനയോ ത്രിതല പഞ്ചായത്ത് തലത്തിൽ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലെ മാലിന്യ വിമുക്തിക്കുള്ള പ്രോജക്ട് മുഖേന നശിപ്പിച്ചുകളയുന്നു.

## സർക്കാർ ആശുപത്രികളിൽ ഒ. പി. ടിക്കറ്റിന് ഏകീകൃത നിരക്ക്

167 (5832) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഒ.പി. ടിക്കറ്റിന് ഏകീകൃതമായ നിരക്ക് നിശ്ചയിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആശുപത്രി വികസന സമിതി മുഖാന്തരം പ്രാദേശികമായി നിജപ്പെടുത്തി വരുന്ന ഈ നിരക്ക് സംബന്ധിച്ചുള്ള അപാകതകൾ പൊതുവായി പരിഹരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ ;

(സി) ആശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആശുപത്രി വികസന സമിതിയ്ക്ക് ഉപയോഗയോഗ്യമാക്കാവുന്ന ഈ തുക പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അടിസ്ഥാനത്തിൽ കാലോചിതമായി പരിഷ്കരിച്ച് ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വിഭാഗങ്ങൾക്ക് മിതമായ നിരക്ക് ക്രമീകരിച്ചുകൊണ്ട് പ്രസ്തുത നടപടി സത്വരമായി നടപ്പിലാക്കി ആശുപത്രികളുടെ വികസന സാധ്യത ത്വരിതപ്പെടുത്തുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിൽ വരുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ഏകീകൃതമായ ഒ.പി ടിക്കറ്റിന് നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.

ഇതിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കിഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഒ.പി. ടിക്കറ്റിന് നിലവിൽ ഫീസ് ഈടാക്കുന്നില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ കീഴിലുള്ള കണ്ണാശുപത്രിയിൽ രണ്ട് രൂപ നിരക്കിലും, മഞ്ചേരി മെഡിക്കൽ കോളേജ്, പാങ്ങപ്പാറ ഹെൽത്ത് സെന്റർ, വക്കം ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഒ.പി. ടിക്കറ്റിന് അഞ്ച് രൂപ നിരക്കിലും ഫീസ് ഈടാക്കിവരുന്നു.

(ബി - ഡി) സർക്കാർ ആശുപത്രികളിൽ അതാത് ആശുപത്രി വികസന സമിതി മുഖാന്തിരം പ്രാദേശികമായി തുലോം തുച്ഛമായ നിരക്കിലാണ് ഒ.പി. ടിക്കറ്റിന് ഫീസ് ഈടാക്കിവരുന്നത്. ആശുപത്രിയുടെ നിലവാരം

മെച്ചപ്പെടുത്തുന്നതിന് ഇത് അപര്യാപതമാണെങ്കിലും അധികഭാരം സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന സാധാരണ ജനങ്ങളെ ബാധിക്കാത്ത രീതിയിൽ ആയതു കാലോചിതമായി പരിഷ്കരിച്ചിട്ടില്ല എന്നത് വാസ്തവമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിവിധ വിഭാഗം ജനങ്ങൾക്ക് മിതമായ നിരക്ക് ക്രമീകരിച്ചുകൊണ്ട് ഒ.പി. ടിക്കറ്റ് നിരക്ക് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ അടിസ്ഥാനത്തിൽ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നത് സംബന്ധിച്ചുകൂടി ആലോചനകൾ നടത്തേണ്ടതുണ്ട്.

## സർക്കാർ ജീവനക്കാർക്ക് റീ-ഇംബേഴ്സ്മെന്റ് നിഷേധിക്കുന്ന നടപടി

168 (5833) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ.ഉ.(പി)നമ്പർ 144/2013/എച്ച്&എഫ്.ഡബ്ല്യു.ഡി. തീയതി 22-4-2013 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള (എം. പാനൽ ചെയ്തിട്ടുള്ള) പ്രൈവറ്റ് ആശുപത്രികളിൽ സർക്കാർ ആശുപത്രികളിലെ തന്നെ റഫറൻസോടുകൂടി സർക്കാർ ജീവനക്കാരോ അവരുടെ ആശ്രിതരോ ചികിത്സ നടത്തിയശേഷം മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി അപ്പൻഡിക്സ് II സാക്ഷ്യപ്പെടുത്തുന്നതിന് മോഡേൺ മെഡിസിന്റെ ഡി.എം.ഒ.മാർക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ഉൾപ്പെടെ വിശദവിവരം നൽകുമോ;

(ബി) നിയമം മൂലം പ്രസ്തുത അവകാശം സർക്കാർ ജീവനക്കാർക്ക് ഉണ്ടെന്നിരിക്കെ ആയത് നിഷേധിക്കുന്ന ഡി.എം.ഒ. മാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരം ഡി.എം.ഒ.-മാർ സ്വീകരിച്ചുവരുന്ന നിയമ വിരുദ്ധ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ രേഖാമൂലം പരാതി നൽകിയാൽ ബന്ധപ്പെട്ടവർക്കെതിരെ ചട്ടപ്രകാരം നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യത്തിനായി അപ്പന്റിക്സ്-II സാക്ഷ്യപ്പെടുത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിലവിൽ

നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കേരള ഗവൺമെന്റ് സർവ്വന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്-1960 പ്രകാരം ചികിത്സ നേടുന്ന ആൾ ഗവൺമെന്റ് അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള (എംപാനൽ ചെയ്തിട്ടുള്ള) പ്രൈവറ്റ് ആശുപത്രിയിൽ ചികിത്സ നേടുന്നതിനുമുമ്പ് ഗവൺമെന്റ് ആശുപത്രിയിൽ നിന്നും റഫറൻസ് ലെറ്റർ വാങ്ങേണ്ടതായിട്ടുണ്ട്. ചികിത്സ നേടുന്ന ആളുടെ താമസ സ്ഥലത്തുനിന്നും 5 മൈൽ ചുറ്റളവിലുള്ള ഗവൺമെന്റ് ആശുപത്രിയിൽനിന്നുമാണ് റഫറൻസ് വാങ്ങേണ്ടത്. മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ സമർപ്പിക്കുമ്പോൾ ഉൾപ്പെടുത്തേണ്ട അപ്പന്റിക്സ്-II പ്രസ്തുത റഫറൻസ് ആധാരമാക്കിയാണ് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നത്. നിയമാനുസൃതമായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നിഷേധാർഹമായ നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ക്യാൻസർ രോഗികളുടെ എണ്ണത്തിലെ വർദ്ധനവ്

169 (5834) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ഓരോവർഷവും കണക്കാക്കുന്നതിനായി എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇപ്പോൾ എത്ര കാൻസർ രോഗികളാണ് ഉള്ളതെന്ന കണക്കുണ്ടോ;

(ബി) ഇതിൽ സ്ത്രീകൾ, പുരുഷന്മാർ, പതിനഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾ പതിനഞ്ചിനും നാൽപതിനും ഇടയിലുള്ളവർ, നാൽപതിന് മുകളിൽ പ്രായമുള്ളവർ എന്നിങ്ങനെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) കാൻസർ രോഗികളുടെ എണ്ണം സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; രോഗം വർദ്ധിക്കാനുണ്ടായ കാരണം വിശദമാക്കാമോ;

(ഡി) രോഗം കുറയ്ക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) താലൂക്കുകൾതോറും സൗജന്യ കാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനും രോഗം വരാതിരിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതായിട്ടാണ് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെയും മലബാർ ക്യാൻസർ സെന്ററിന്റെയും കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ രോഗികളെയും പ്രതിനിധീകരിക്കുന്ന ഒരു സമ്പൂർണ്ണ രജിസ്ട്രി ഇപ്പോൾ നിലവിലില്ല. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ രജിസ്ട്രിയിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ രോഗികൾ മാത്രമാണ് ഇപ്പോൾ ഉൾപ്പെട്ടിട്ടുള്ളത്. 2016-17 വർഷത്തിൽ ഈ ജില്ലകളിൽ നിന്നും 9932 രോഗികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പ്രവർത്തിക്കുന്ന ക്യാൻസർ രജിസ്ട്രിയിലുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:</u>

| വർഷം | വയസ്സ് (വർഷത്തിൽ) | | | | | | | |
|---|---|---|---|---|---|---|---|---|
| | <15 | | 15-40 | | >40 | | ആകെ | |
| | കൊല്ലം | തിരുവനന്തപുരം | കൊല്ലം | തിരുവനന്തപുരം | കൊല്ലം | തിരുവനന്തപുരം | കൊല്ലം | തിരുവനന്തപുരം |
| 2012 | 33 | 33 | 305 | 373 | 1437 | 2068 | 1775 | 2474 |
| 2013 | 21 | 31 | 287 | 360 | 1555 | 2251 | 1863 | 2642 |
| 2014 | 28 | 43 | 296 | 393 | 1692 | 2466 | 2016 | 2902 |
| 2015 | 19 | 37 | 304 | 404 | 1747 | 2612 | 2070 | 3053 |
| 2016 | 26 | 33 | 260 | 437 | 1646 | 2699 | 1932 | 3169 |

(സി) ഇതുസംബന്ധിച്ച് ഒരു പഠനവും റീജിയണൽ ക്യാൻസർ സെന്ററും ആരോഗ്യവകുപ്പും നടത്തിയിട്ടില്ല. പ്രായം കൂടുന്തോറും ക്യാൻസർ വരാനുള്ള സാധ്യത കൂടുന്നു. ആയുർദൈർഘ്യം കൂടുന്നതിനനുസരിച്ച് ക്യാൻസർ രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തുന്നുണ്ട്. ഇതുകൂടാതെ ജീവിതശൈലിയിലുള്ള മാറ്റങ്ങളും ക്യാൻസർ രോഗം വർദ്ധിക്കുന്നതിനുള്ള കാരണമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് ക്യാൻസർ നിർണ്ണയ സൗകര്യങ്ങൾ വർദ്ധിച്ചതിനാൽ കൂടുതൽ രോഗബാധിതരെ കണ്ടെത്തുന്നതിന് സഹായിക്കുന്നു.

(ഡി) ചിലതരം ക്യാൻസറുകൾ മുൻകൂട്ടി കണ്ടുപിടിച്ച് ചികിത്സ നൽകുന്നപക്ഷം പൂർണ്ണമായ ചികിത്സ കൊണ്ട് ഭേദമാക്കാവുന്നതാണ്. ക്യാൻസറുകളുടെ രോഗലക്ഷണങ്ങൾ പ്രകടമാവുമ്പോൾ തന്നെ ക്യാൻസർ രോഗം

മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് ആർ.സി.സി.യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗവും ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളായ ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്റർ, എറണാകുളം, ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്റർ, പാലക്കാട്, നാച്ചുറൽ ബാക്ക് ഗ്രൗണ്ട് റേഡിയേഷൻ രജിസ്ട്രി, നീണ്ടകര, കൊല്ലം എന്നീ കേന്ദ്രങ്ങൾ വഴി ക്യാൻസർ ബോധവൽക്കരണവും മുൻകൂർ രോഗനിർണ്ണയവും ചെയ്തുവരുന്നു. ഇതുകൂടാതെ മുൻകൂർ ക്യാൻസർ നിയന്ത്രണത്തിനും പ്രതിരോധത്തിനും ഫോളോ അപ്പ് ക്ലിനിക്കുകൾക്കും കീമോതെറാപ്പിക്കും പാലിയേറ്റീവ് ചികിത്സയ്ക്കും ആർ.സി.സി.യുടെയും മലബാർ ക്യാൻസർ സെന്ററിന്റെയും നേതൃത്വത്തിൽ ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്ക് പരിശീലനം നടത്തുന്നുണ്ട്.

ജില്ലാ ആശുപത്രികളിൽ മൂർദ്ധന്യാവസ്ഥയിലുള്ള ക്യാൻസർ രോഗികളുടെ പരിചരണത്തിനായി പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിന് 'അഭയം' എന്ന പദ്ധതിയും ആരോഗ്യവകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) എല്ലാ സാമ്പത്തിക വർഷവും ആരോഗ്യവകുപ്പിന്റെ ക്യാൻസർ കെയർ പദ്ധതിയുടെ വാർഷിക ഫണ്ട് ഉപയോഗിച്ച് എല്ലാ ജില്ലകളിലും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കാറുണ്ട്. ഈ തുക പ്രയോജനപ്പെടുത്തി താലൂക്കടിസ്ഥാനത്തിൽ ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ ക്യാൻസർ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുകയും രോഗബാധിതരെ കണ്ടെത്തുകയും ചെയ്യുന്നു. ഇതിന് പുറമെ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്.-ന്റെ ഫണ്ട് ഉപയോഗിച്ച് മുൻസിപ്പൽ പ്രദേശങ്ങളിൽ പ്രത്യേക ക്യാൻസർ മെഗാ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. ക്യാൻസർ ബോധവൽക്കരണത്തിന്റെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിന് എല്ലാ സാമ്പത്തിക വർഷവും ഫണ്ട് അനുവദിക്കാറുണ്ട്. നിലവിലുള്ള ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിന് പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിനും ആരോഗ്യവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ക്യാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് ആർ.സി.സി.യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗവും ആർ.സി. സി.യുടെ ഉപകേന്ദ്രങ്ങളായ ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്റർ, എറണാകുളം, ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്റർ, പാലക്കാട്, നാച്ചുറൽ ബാക്ക് ഗ്രൗണ്ട് റേഡിയേഷൻ രജിസ്ട്രി, നീണ്ടകര, കൊല്ലം എന്നീ കേന്ദ്രങ്ങൾ വഴിയും സ്കൂളുകൾ, കോളേജുകൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ ആവശ്യപ്രകാരം ക്യാൻസർ ബോധവൽക്കരണവും മുൻകൂർ രോഗ നിർണ്ണയവും നടത്തിവരുന്നു. ഇതുകൂടാതെ മുൻകൂർ ക്യാൻസർ നിയന്ത്രണത്തിനും പ്രതിരോധത്തിനും ഫോളോ-അപ്പ് ക്ലിനിക്കുകൾക്കും കീമോതെറാപ്പിക്കും

പാലിയേറ്റീവ് (സാന്ത്വന ചികിത്സയ്ക്കും) കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആർ.സി.സി.യുടെയും മലബാർ ക്യാൻസർ സെന്ററിന്റെയും നേതൃത്വത്തിൽ ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്ക് ആർ.സി.സി.യിലും മലബാർ ക്യാൻസർ സെന്ററിലും 3 മാസവും നഴ്സുമാർക്ക് 2 ആഴ്ച വീതവും ദൈർഘ്യമുള്ള പരിശീലന പരിപാടികൾ നടത്തിവരികയാണ്.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ പുറമണ്ണൂർ ആയുർവേദ ഡിസ്പെൻസറി

170 (5835) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ പുറമണ്ണൂർ ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിടം തകർന്നു വീഴാറായ കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി)ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസർ, ഐ.എസ്.എം ഡയറക്ടർ എന്നിവർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഐ.എസ്.എം. ഡയറക്ടർ സംസ്ഥാനതലത്തിൽ തയ്യാറാക്കിയ ബജറ്റ് പ്രെപ്പോസലിൽ പുറമണ്ണൂർ ആയുർവേദ ആശുപത്രി കെട്ടിടത്തിനുള്ള ഫണ്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഡി) അടുത്ത ബജറ്റിൽ പുറമണ്ണൂർ ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ കാര്യം പരിഗണിക്കുവാൻ ആവശ്യമായ നിർദ്ദേശം ഐ.എസ്.എം. ഡയറക്ടർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ഇരിമ്പിളിയം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിച്ചുവരുന്നത്. കെട്ടിടത്തിന് പി.ഡബ്ല്യൂ.ഡി.-യിൽ നിന്നും അൺഫിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം പൊളിക്കുന്നതാണ്. സ്ഥാപനത്തിന്റെ പ്രവർത്തനം താൽക്കാലികമായി പഞ്ചായത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന വയോജന കേന്ദ്രത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അടുത്ത ബജറ്റിൽ പുറമണ്ണൂർ ആയുർവേദ ആശുപത്രിക്കായി ഫണ്ട് ഉൾപ്പെടുത്തുന്ന വിഷയം ആവശ്യകതയ്ക്കനുസരിച്ച് പരിശോധിക്കുന്നതാണ്.

## പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ

171 (5836) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരോഗ്യവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ;

(ബി) പകർച്ചവ്യാധി നിയന്ത്രണത്തിന് പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ കാലവർഷക്കാലത്ത് പകർച്ചവ്യാധിമൂലം സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടു; ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ;

(ഡി) പകർച്ചവ്യാധിമൂലം മരണങ്ങൾ ഉണ്ടാകാതിരിക്കാനായി സർക്കാർ ഉദ്ദേശിക്കുന്ന അടിയന്തരവും ശക്തവുമായ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഇ) പകർച്ചവ്യാധി പടരുന്നത് തടയുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ ?

ഉത്തരം

(എ) പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിവിധതലങ്ങളിൽ പ്രവർത്തിക്കുന്ന പകർച്ചവ്യാധി നിയന്ത്രണ ഏകോപന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ തലങ്ങളിലായി മന്ത്രിമാർ, എം.എൽ.എ.മാർ, തദ്ദേശ സ്വയംഭരണ സ്ഥാപന തലവന്മാർ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, ഇതര വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ഇത്തരം സമിതികളിൽ അംഗങ്ങളാണ്. ഇതുകൂടാതെ ഇന്റർസെക്ടറൽ കോ-ഓർഡിനേഷൻ സമിതികളും ഉണ്ട്. ഇത്തരം സമിതികൾ നിശ്ചിത ഇടവേളകളിലും പകർച്ചവ്യാധികൾ

പൊട്ടിപ്പുറപ്പെടുമ്പോൾ അടിയന്തരമായും യോഗം ചേർന്ന് നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

(ബി) പകർച്ചവ്യാധി നിയന്ത്രണത്തിനായുള്ള ഏകോപന സമിതി യോഗങ്ങൾ വഴിയും ഇന്റർസെക്ടറൽ കോ-ഓർഡിനേഷൻ യോഗങ്ങൾ വഴിയും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥർ, ആശ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻകാർ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവരിലൂടെയും വിദ്യാർത്ഥികളിലൂടെയും പൊതുജനങ്ങളെ ബോധവത്കരിച്ച് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു. ബോധവത്കരണ ക്ലാസ്സുകളിലൂടെയും വിവിധ ദൃശ്യ, ശ്രവ്യ, പത്ര മാധ്യമങ്ങളിലൂടെയും സന്ദേശങ്ങൾ നൽകുന്നു. വാർഡുതല ആരോഗ്യ ശുചിത്വ സമിതികൾവഴി കർമ്മസേന രൂപീകരിച്ച് അതിൽ പ്രദേശത്തുള്ളവരെ ഉപയോഗിച്ച് കർമ്മസേനാംഗങ്ങൾവഴി ഗൃഹസന്ദർശനം നടത്തി ബോധവത്കരിക്കുന്നതും പൊതുജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ സഹായകരമാകുന്നു.

(സി) കഴിഞ്ഞ കാലവർഷക്കാലത്ത് പകർച്ചവ്യാധിമൂലം സംസ്ഥാനത്ത് മരണപ്പെട്ടവരുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി)

- രോഗനിരീക്ഷണവും കൊതുകുനിരീക്ഷണവും കാര്യക്ഷമമാക്കുന്നത് വഴിപകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടാനുള്ള സാധ്യതകൾ കാലേക്കൂട്ടി മനസ്സിലാക്കി അത് നിയന്ത്രിക്കുവാനും രോഗബാധിതരുടെയും മരണപ്പെട്ടവരുടെയും എണ്ണം കുറയ്ക്കുവാനും സാധിക്കുന്നു.
- പകർച്ചവ്യാധികളുടെ ചികിത്സാ മാർഗ്ഗരേഖകൾ സ്വകാര്യ ഡോക്ടർമാരടക്കം ഉള്ള ഡോക്ടർമാർക്ക് ലഭ്യമാക്കി രോഗികൾക്ക് ശരിയായ ചികിത്സ യഥാസമയം ലഭ്യമാക്കുന്നു.
- രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്ന സമയം ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു.
- രോഗികളും വീട്ടുകാരും ശ്രദ്ധിക്കേണ്ട അത്യാവശ്യമായ കാര്യങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- മരണ റിപ്പോർട്ടുകൾ ആഡിറ്റ് ചെയ്ത് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നു.
- ഇതിനെല്ലാം ഉപരിയായി ആർദ്രം മിഷന്റെ ഭാഗമായി രോഗീ സൗഹൃദ കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ മെച്ചപ്പെട്ട ചികിത്സയും മറ്റ് സേവനങ്ങളും നൽകുന്നു. ഇവയൊക്കെ മരണ നിരക്ക് കുറയ്ക്കുവാൻ സഹായകരമാകും.

(ഇ) 2016-17 വർഷത്തിൽ പകർച്ചവ്യാധി പടരുന്നത് തടയുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക 156.2 ലക്ഷം രൂപയാണ്. 2017-18 വർഷത്തിൽ 154.7 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന സാന്ത്വന ചികിത്സാ പ്രവർത്തനങ്ങൾ

172 (5837) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാന്ത്വന ചികിത്സാ നെറ്റ് വർക്ക് ഒരു സാമൂഹ്യപ്രസ്ഥാനമായി മാറിയിട്ടുള്ള സാഹചര്യത്തിൽ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന സാന്ത്വന ചികിത്സാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആശാവർക്കർമാരുടെ സേവനം സാന്ത്വന ചികിത്സാ രംഗത്ത് പ്രയോജനപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇന്ത്യയിൽ ഏറ്റവും കാര്യക്ഷമമായി സാന്ത്വന പരിചരണം നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനമാണ് കേരളം. എല്ലാ പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ഭവന സന്ദർശനത്തിലൂടെ ശയ്യാവലംബരായ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന

പ്രൈമറി കെയറും ജില്ലാ താലൂക്ക് ആശുപത്രികളിൽ സെക്കന്ററി കെയർ സാന്ത്വന പരിചരണവും നൽകിവരുന്നു. സാന്ത്വന പരിചരണ പദ്ധതി ശാക്തീകരിക്കുന്നതിന്റെ ഭാഗമായി രാജ്യത്ത് ആദ്യമായി സെക്കന്ററിതല സാന്ത്വന പരിചരണം കേരളത്തിലെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും അനുവദിക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് സ്വീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെയും ഒരു സ്റ്റാഫ് നേഴ്സിന്റെയും സേവനം സാന്ത്വന ചികിത്സയ്ക്കും വയോജന ചികിത്സയ്ക്കും ലഭ്യമാക്കുന്നതാണ്.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയാണ് പാലിയേറ്റീവ് കെയർ പരിചരണം നൽകിവരുന്നത്. ഇതിനുള്ള സാമ്പത്തിക സ്രോതസ്സ് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിക്കുന്നതിനും പാലിയേറ്റീവ് കെയർ നേഴ്സിനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ നിയമിക്കുകയും ചെയ്യുന്നു. പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിക്കുന്നത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലാണ്. സാന്ത്വന പരിചരണം ആവശ്യമുള്ള രോഗികളുടെ പട്ടിക തയ്യാറാക്കി ഭവന സന്ദർശനം നടത്തിയാണ് അർഹരായ രോഗികൾക്ക് സേവനം നൽകിവരുന്നത്. ഇവർക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും സൗജന്യമായാണ് നൽകിവരുന്നത്. ഏകദേശം 49000-ത്തോളം രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

(സി) പാലിയേറ്റീവ് കെയർ നേഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, കമ്മ്യൂണിറ്റി വോളണ്ടിയർ, ആശാ വർക്കർ എന്നിവർ ഉൾപ്പെടുന്നതാണ് പാലിയേറ്റീവ് കെയർ ടീം. ആശാ വർക്കർമാരുടെ സേവനം ഈ രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളതും ഇപ്പോൾ പ്രാവർത്തികമാക്കിവരുന്നതുമാണ്.

**ആരോഗ്യ വിവരങ്ങൾ ഡിജിറ്റലായി സൂക്ഷിക്കുന്ന പദ്ധതി**

173 (5838) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പൗരന്റെയും ആരോഗ്യവിവരങ്ങൾ ഡിജിറ്റലായി സൂക്ഷിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ആദ്യ ഇ-ഹെൽത്ത് സെന്ററായി പ്രഖ്യാപിച്ച പേരൂർക്കട ജില്ലാ ആശുപത്രിയിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; നിലവിൽ ഏതൊക്കെ വിഭാഗങ്ങളിലാണ് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഉദ്ഘാടനം കഴിഞ്ഞ ആദ്യ ആശുപത്രിയിൽ പോലും ഇതുവരെ പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനം മുഴുവനും ഈ പദ്ധതി എന്നത്തേക്ക് പ്രവർത്തികമാക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വിവരങ്ങൾ ഡിജിറ്റലായി സൂക്ഷിക്കുന്ന പദ്ധതി പന്ത്രണ്ട് ആശുപത്രികളിൽ pilot അടിസ്ഥാനത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിൽ ഇ-ഹെൽത്തിന്റെ പ്രവർത്തനം 2017 ഫെബ്രുവരിയിൽ ആരംഭിച്ചു. Patient registration, Queue management, Token Display, OP consultation, Pharmacy, Lab, Billing എന്നീ വിഭാഗങ്ങളിൽ ഇ-ഹെൽത്ത് മുഖേന രോഗികളുടെ ആരോഗ്യ വിവരങ്ങൾ ഡിജിറ്റലായി ശേഖരിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നു.

(സി) ഉദ്ഘാടനം കഴിഞ്ഞ പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിൽ ഇ-ഹെൽത്ത് പൂർണ്ണമായ രീതിയിൽ ഉപയോഗിക്കാൻ സജ്ജമാണ്. വളരെ തിരക്കുള്ള ഒ.പി.-കളിൽ ഡോക്ടേഴ്സിന് കമ്പ്യൂട്ടറിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സാവകാശം ലഭിക്കാത്തത് കാരണം ചില specialty-കളിൽ ഉപയോഗിക്കുന്നത് കുറവാണ്. Dermatology, Dental, Opthalmology, E.N.T, Pediatrics മുതലായ specialty-കളിൽ സാമാന്യം നല്ല തോതിൽ ഉപയോഗിക്കുന്നുമുണ്ട്. തിരക്കുകൂടിയ ഒ.പി.കളിലും ഡോക്ടർമാർക്ക് ലളിതമായി ഉപയോഗിക്കാൻ പര്യാപ്തമായ രീതിയിൽ അത്യാവശ്യ വിവരങ്ങൾ മാത്രം രേഖപ്പെടുത്തി consultation module-ന്റെ software-ൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. താമസംവിനാ ഇത് ലഭ്യമാക്കാൻ കഴിയും.

ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്ത ഈ പദ്ധതിക്ക് 2013-ൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അംഗീകാരം നൽകി സോഫ്റ്റ്‌വെയർ ഉണ്ടാക്കുന്നതിനുള്ള സ്ഥാപനത്തെ നിശ്ചയിച്ച് പ്രാഥമിക നടപടികൾ നടത്തിയെങ്കിലും സമ്പൂർണ്ണ തോതിലുള്ള സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് വേഗത കൈവരിച്ചത്. ലോകത്ത് ഇത്തരം പദ്ധതി വിജയകരമായി നടപ്പാക്കിയതെല്ലാം

10-20 വർഷത്തെ ശ്രമഫലമായാണ്. അതി സങ്കീർണ്ണമായ MRI/CT Scan, മറ്റ് ലാബ് റിപ്പോർട്ടുകൾ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ഒ. പി. കൾ ഓപ്പറേഷൻ തുടങ്ങി ഒരു രോഗി ഒ.പി.യിലെത്തി ഡിസ്ചാർജ്ജ് ആകുന്നതുവരെയുള്ള എല്ലാ വിവരങ്ങളും കേരള ആരോഗ്യ രംഗത്തിന്റെ വളർച്ചയ്ക്കനുസരിച്ച് ഡിജിറ്റൈസ് ചെയ്യുന്നതിന് ഒന്നോ രണ്ടോ വർഷംകൊണ്ട് രോഗനിർണ്ണയത്തിന് നൽകുന്നതിന് സാധ്യമല്ല. വൈദ്യശാസ്ത്രത്തിലെ പുതിയ സാങ്കേതികവിദ്യകളും, അവ ചികിത്സക്രമത്തിൽ സന്നിവേശിക്കപ്പെടുകയും ചെയ്യുമ്പോൾ സോഫ്റ്റ്‌വെയറിലും നിരന്തര റീ-എഞ്ചിനീയറിംഗും അനിവാര്യമായി വരും. ഇപ്പോൾ ഇ-ഹെൽത്ത് വിഭാഗത്തിൽ സാങ്കേതിക വിദഗ്ദ്ധരും സോഫ്റ്റ്‌വെയർ സ്ഥാപനവും സംയുക്തമായി അർപ്പണ മനസ്സോടെ ജോലികൾ നിർവ്വഹിച്ചുവരികയാണ്. കുറ്റമറ്റ ഒരു സംവിധാനമായി ഇ-ഹെൽത്തിനെ മാറ്റുന്നതിന്റെ മുന്നോടിയായി Patient registration, Queue management, Token Display, OP consultation, Pharmacy, Lab, Billing എന്നീ വിഭാഗങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയ ആശുപത്രികളിൽ ഇപ്പോൾ ലഭ്യമായ സേവനം സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലേയ്ക്കും ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനും ഇ-ഹെൽത്ത് വിഭാവനം ചെയ്യുന്നു. എല്ലാ സേവനങ്ങളും ഡിജിറ്റൽ ആയി ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ജനസംഖ്യാനുപാതികമായി ആരോഗ്യ കേന്ദ്രങ്ങൾ**

174 (5839) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. സി. മമ്മൂട്ടി:

ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ജനസംഖ്യാനുപാതികമായി ആരോഗ്യ കേന്ദ്രങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്തെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവുനികത്താനും അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ജനസംഖ്യാനുപാതികമായി മലപ്പുറം ജില്ലയിൽ കൂടുതൽ ചികിത്സാ സൗകര്യം ഒരുക്കുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം എങ്കിലും ഉണ്ടായിരിക്കണം എന്നതാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. മലപ്പുറം ജില്ലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രമോ, സാമൂഹികാരോഗ്യ കേന്ദ്രമോ, താലൂക്ക് ആശുപത്രിയോ നിലവിലുണ്ട്. ജനസംഖ്യാനുപാതികമായി ആശുപത്രികൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല.

(ബി) മലപ്പുറം ജില്ലയിൽ ആർദ്രം പദ്ധതി പ്രകാരം 17 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തു. ഇതിൽ 5 എണ്ണത്തിന്റെ പ്രവർത്തനം ആരംഭിച്ചു. കുടുംബാരോഗ്യ കേന്ദ്രങ്ങളാകുന്നതോടെ ഈ സ്ഥാപനങ്ങളിൽ ഒ.പി സമയം രാവിലെ 09.00 മുതൽ വൈകുന്നേരം 06.00 മണി വരെയാണ്. ഇതേ സമയം ലാബിന്റെ പ്രവർത്തനവും ഉണ്ടാകും. ഈ പദ്ധതിയുടെ ഭാഗമായി ഈ 17 സ്ഥാപനങ്ങളിലേയ്ക്കും പുതുതായി 1 ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തിക സർക്കാർ സൃഷ്ടിക്കുകയും നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ഈ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം നടത്തിയിട്ടുമുണ്ട്.

(സി) നിലവിൽ സർക്കാർ മെച്ചപ്പെട്ട ചികിത്സ ഒരുക്കുന്നതിന്റെ ഭാഗമായി ആർദ്രം പദ്ധതിയിലൂടെ മലപ്പുറം ജില്ലയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 17 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ടി സ്ഥാപനങ്ങളിലേയ്ക്ക് ഒരു ഡോക്ടറുടേയും, രണ്ട് സ്റ്റാഫ് നേഴ്സിന്റെയും, ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. ഇപ്രകാരം ഘട്ടംഘട്ടമായി ആശുപത്രികളെ തെരെഞ്ഞെടുത്ത് അവിടെ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും ആവശ്യമായ തസ്തികകളും സൃഷ്ടിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കപ്പെടുമ്പോൾ മലപ്പുറം ജില്ലയിലെ ആശുപത്രികളുടെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ദേശീയ ആരോഗ്യ മിഷൻവഴി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ**

175 (5840) <u>ശ്രീ. പുരുഷൻ കടലുണ്ടി :</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ :</u>

<u>ശ്രീമതി വീണാ ജോർജ്ജ് :</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ആരോഗ്യ മിഷൻവഴി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിനായി ലഭിച്ച കേന്ദ്ര സഹായം എത്രയെന്നും അറിയിക്കാമോ;

(ബി) ദേശീയാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി ആശുപത്രികളെ നവീകരിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തു വിജയപ്രദമായി നടത്തിവരുന്ന വാക്സിനേഷൻ പരിപാടി ചില ജില്ലകളിൽ വേണ്ടത്ര ലക്ഷ്യം നേടാത്തതിനാൽ, ദേശീയാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി പ്രസ്തുത ജില്ലകളിൽ പ്രത്യേകം പദ്ധതി ആവിഷ്കരിച്ച നടപ്പാക്കാൻ സാധിക്കുമോ എന്നറിയിക്കാമോ; ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാക്സിനേഷൻ നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ദേശീയ ആരോഗ്യ മിഷൻ വഴി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 2017-18 സാമ്പത്തിക വർഷം എൻ.എച്ച്.എം. മുഖേന കേന്ദ്രം അംഗീകരിച്ച 531 കോടി രൂപയുടെ പദ്ധതികളിൽ 60 ശതമാനം വിഹിതമായ 318 കോടി രൂപയിൽ 292 കോടി രൂപ ഇതുവരെ ലഭിച്ചു.

(ബി) ഉണ്ട്. എൻ.എച്ച്.എം.ന്റെ എൻജനീയറിംഗ് വിഭാഗം ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും നവീകരണ പ്രവർത്തനവുമാണ് നടത്തിവരുന്നത്. സംസ്ഥാനത്ത് മാതൃശിശു സംരക്ഷണ പരിപാടികളുടെ ഭാഗമായി എം.സി.എച്ച് ബ്ലോക്കുകൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി സി.എച്ച്.സി., പി.എച്ച്.സി., കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. കൂടാതെ ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനോടനുബന്ധിച്ച് 170 പ്രൈമറി ഹെൽത്ത് സെന്റർ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുക, 17 ജില്ലാ/ജനറൽ ആശുപത്രികൾ രോഗീ സൗഹൃദമാക്കുക മുതലായ പ്രവർത്തനങ്ങളും ചെയ്തുവരുന്നു. 2013 മുതൽ നാളിതുവരെ സംസ്ഥാനത്ത് മാതൃശിശു സംരക്ഷണ പരിപാടികളുടെ ഭാഗമായി 100 കോടി രൂപ മുതൽ മുടക്കിൽ 9 എം.സി.എച്ച് ബ്ലോക്കുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർമ്മാണം ആരംഭിക്കുകയും 5 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. 4 എണ്ണം പൂർത്തീകരിക്കുന്നതിനായി നിർമ്മാണം ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്. ഇവ തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രി, നെയ്യാറ്റിൻകര ജില്ലാ ആശുപത്രി, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ഫോർട്ട് ആശുപത്രി, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി, ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രി, ചെങ്ങന്നൂർ താലൂക്ക് ആശുപത്രി, നിലമ്പൂർ താലൂക്ക് ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിലാണ്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന അയ്യപ്പഭക്തരുടെ ആവശ്യത്തിലേയ്ക്കായി പമ്പയിലും സന്നിധാനത്തും പുതിയ ആശുപത്രികൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതിലേയ്ക്കായി 20 കോടി രൂപയാണ് ചെലവഴിച്ചത്. ശബരിമല തീർത്ഥാടകർക്ക് അടിയന്തര സാഹചര്യങ്ങളിൽ ആധുനിക ചികിത്സാ നിർണ്ണയ സൗകര്യങ്ങൾക്കായി പമ്പ ആശുപത്രിയിൽ ഒരു ടെലിമെഡിസിൻ സെന്ററും സജ്ജമാക്കിയിട്ടുണ്ട്. നാളിതുവരെ കേരളമൊട്ടാകെ വിവിധ പദ്ധതികളിലായി 765 കോടി രൂപയുടെ 447 നിർമ്മാണ നവീകരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ചതും ഇനി പൂർത്തിയാക്കാൻ അവശേഷിക്കുന്നതുമായ 12.50 കോടി രൂപയുടെ 2 നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് ഇനി പൂർത്തിയാക്കാൻ അവശേഷിക്കുന്ന 1.50 കോടി രൂപയുടെ 2 നിർമ്മാണ പ്രവൃത്തികളും പുരോഗമിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 36 കോടി രൂപയുടെ 14 നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 4.89 കോടി രൂപയുടെ 9 നിർമ്മാണ പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു.

(സി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വാക്സിനേഷൻ പരിപാടി വളരെ വിജയപ്രദമാണ്. എന്നാൽ ചില ജില്ലകളിൽ തൽപ്പരകക്ഷികൾ നടത്തിവരുന്ന കുപ്രചാരണങ്ങളെ പ്രതിരോധിക്കുന്നതിനും പൂർവ്വാധികം ശക്തിയോടെ വാക്സിനേഷൻ വിജയപ്രദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വാക്സിനേഷനിൽ പിന്നോക്കം നിൽക്കുന്ന പ്രദേശം കേന്ദ്രീകരിച്ച് മിഷൻ ഇന്ദ്രധനുഷ്/ ഇന്റെൻസിഫൈഡ് മിഷൻ ഇന്ദ്രധനുഷ് എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

**അമൃതം ആരോഗ്യം പദ്ധതി**

176 (5841) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃതം ആരോഗ്യം പദ്ധതിയിലൂടെ ജീവിതശൈലി രോഗനിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ട്;

(ബി) കെയർ ഓൺ വീൽസ് ആന്റ് കെയർ ഓൺ വേവ്സ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) രക്താതിസമ്മർദ്ദംമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ വർദ്ധിച്ച സാഹചര്യത്തിൽ എല്ലാ താലൂക്ക് ആശുപത്രികളിലും സ്ട്രോക്ക് ക്ലിനിക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കുടുംബ ആരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ രോഗികൾക്ക് ഒരുക്കുന്നതിനും, ഗുണമേന്മയുള്ള ചികിത്സയ്ക്കായി പ്രത്യേക ചികിത്സാ മാർഗ്ഗരേഖ ഒരുക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അമൃതം ആരോഗ്യം എന്ന പദ്ധതി സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതശൈലീ രോഗം നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും രോഗബാധിതർക്ക് സൗകര്യമായി ചികിത്സയും മരുന്നും നൽകുന്നതിനും ആശുപത്രികളെയും ആരോഗ്യ കേന്ദ്രങ്ങളെയും ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജില്ലാ-ജനറൽ ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ ദുർഘട മേഖലകളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങൾക്ക് ജീവിതശൈലീ രോഗങ്ങൾക്കുള്ള ചികിത്സ നൽകുന്നതിലേയ്ക്കായി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച സഞ്ചരിക്കുന്ന ജീവിതശൈലീ ക്ലിനിക്കുകളാണ് കെയർ ഓൺ വീൽസും കെയർ ഓൺ വേവ്സും. ഇപ്പോൾ 2 ജില്ലകളിൽ വെള്ളത്തിലൂടെ പ്രവർത്തിക്കുന്ന കെയർ ഓൺ വേവ്സ് പദ്ധതിയും 5 ജില്ലകളിൽ മൊബൈൽ വാനിലൂടെ പ്രവർത്തിക്കുന്ന കെയർ ഓൺ വീൽസ് പദ്ധതിയും നിലവിലുണ്ട്.

(സി) രക്താതിസമ്മർദ്ദം കേരളത്തിലെ ഭൂരിഭാഗം ജനങ്ങളെയും ബാധിച്ചിരിക്കുന്ന ജീവിതശൈലീ രോഗമാണ്. ഇത് നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാനത്തെ താലൂക്ക് ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. വളരെ സങ്കീർണ്ണമേറിയതും ചെലവേറിയതും ആയ സ്ട്രോക്ക് ചികിത്സാ പദ്ധതി ജില്ലാ ആശുപത്രികളിൽ ആരോഗ്യ വകുപ്പ് ഘട്ടം ഘട്ടമായി ആരംഭിച്ചിട്ടുണ്ട്. ഇത് സി.റ്റി. സ്കാൻ/ഐ.സി.യു.വും സൗകര്യമില്ലാത്ത താലൂക്ക് ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് സാങ്കേതികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്.

(ഡി) കുടുംബ ആരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചികിത്സാ പാക്കേജുകൾ നടപ്പിലാക്കുന്നതിനും മാനവശേഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുകയും നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്.

## ഹൃദ്യം പദ്ധതി

177 (5842) <u>ശ്രീ. അടൂർ പ്രകാശ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സങ്കീർണ്ണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്കായി 'ഹൃദ്യം' എന്ന സൗജന്യ ചികിത്സാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുകയെത്രയാണ്; പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് പ്രസ്തുത ചികിത്സയ്ക്കുള്ള സൗകര്യം ഒരുക്കുന്നത്;

(ഡി) ഇതിനായുള്ള ഫണ്ട് മറ്റേതെങ്കിലും ഏജൻസി വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഹൃദ്യം പദ്ധതിക്കായി 16 കോടിയോളം രൂപ 2017-18 വർഷത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഇതിലേയ്ക്കായി വകയിരുത്തിയിരുന്നതിനുപുറമെ സംസ്ഥാന സർക്കാരിന്റെ ആരോഗ്യ കിരണം പദ്ധതിയിൽ നിന്നും 7 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയും ശസ്ത്രക്രിയയും ആരംഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിലേയ്ക്കായി

കോഴിക്കോട് മെഡിക്കൽ കോളേജിലെ വിദഗ്ധരായ ഡോക്ടർമാർക്കും നേഴ്സുമാർക്കും ശ്രീചിത്ര ആശുപത്രിയിൽ പരിശീലനം നൽകി. 38.50 ലക്ഷം രൂപയുടെ ഉപകരണങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജിന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-നു ഓർഡർ നൽകി. 5 ലക്ഷം രൂപയുടെ ഒ.റ്റി നവീകരണത്തിനുള്ള അനുമതിയും നൽകി. കൂടാതെ കോട്ടയം മെഡിക്കൽ കോളേജ്, തിരുവനന്തപുരം മെഡിക്കൽ കോളേജ്, എസ്.എ.റ്റി ആശുപത്രി എന്നിവിടങ്ങളിൽ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയും ശസ്ത്രക്രിയയും സാധ്യമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ജന്മനായുള്ള ഹൃദ്രോഗം അഥവാ സി.എച്ച്.ഡി എന്ന അസുഖത്തിന് ചികിത്സയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും, ശ്രീചിത്ര ആശുപത്രി വഴിയും പദ്ധതി നടന്നുവരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃത, ആസ്റ്റർ, ലിസി, ബെലീവേഴ്സ് ചർച്ച് ആശുപത്രി, തിരുവല്ല എന്നീ ആശുപത്രികളെ ആർ. ബി. എസ്. കെ. മാർഗ്ഗനിർദ്ദേശാനുസരണം എംപാനൽ ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള ഉറപ്പൊന്നും ലഭിച്ചിട്ടില്ല.

## നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

178 (5843) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വൈകല്യമുള്ളവർക്ക് ഈ പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ അസുഖബാധിതർക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണോ; എത്ര ലക്ഷം രൂപയുടെ ആനുകൂല്യമാണ് ഈ പദ്ധതിയിൽ ചേരുന്നവർക്ക് നൽകുന്നതെന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

### <u>ഉത്തരം</u>

(എ) നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ നിർവ്വഹിക്കുന്ന സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ (SNAC) മുഖേന നിരാമയ ആരോഗ്യ ഇൻഷ്വറൻസിൽ ഉൾപ്പെടുത്തേണ്ടവരുടെ വിവരങ്ങൾ ശേഖരിച്ച് ടി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പുസാമ്പത്തിക വർഷം പുതുതായി 25600 പേരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായും 1460 പേരുടെ പോളിസി പുതുക്കുന്നതിനുമായി 98,98,500 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിരാമയ ഇൻഷ്വറൻസ് പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിലുള്ള പോളിസികൾ പുതുക്കുന്നതിലേയ്ക്ക് നാഷണൽ ട്രസ്റ്റ് സൈറ്റ് ഓപ്പൺ ചെയ്യുതരുന്ന മുറയ്ക്ക് അത് പുതുക്കുന്നതാണ്.

(ബി) പ്രതിവർഷം 1,00,000 രൂപ വരെയുള്ള ചികിത്സാ ആനുകൂല്യമാണ് ഈ പദ്ധതിയിലൂടെ ലഭിക്കുന്നത്. ഇതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഒ.പി. ചികിത്സ | 14,500 സാധാരണ അസുഖങ്ങൾക്കുള്ള ചികിത്സ Rs.8000 (സ്കാൻ, ലാബ് ടെസ്റ്റുകൾ, എക്സ്റേ etc) വൈകല്യത്തെ തുടർന്നുള്ള റെഗുലർ ചെക്കപ്പുകൾ -Rs.4000 പല്ല് സംബന്ധമായ ചികിത്സ Rs.2500 |
| ഫിസിയോ ഒക്കുപ്പേഷണൽ/ സ്പീച്ച് തെറാപ്പി | 10,000 |
| ഹോമിയോ/ആയുർവ്വേദം തുടങ്ങിയ ഇതര ചികിത്സ | 4,500 |
| ആംബുലൻസ്/ടാക്സി തുടങ്ങി യാത്രാ ചെലവുകൾ | 1,000 |
| ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സ | 70,000 ഓപ്പറേഷൻ-Rs.55,000 വൈകല്യങ്ങളുമായിബന്ധപ്പെട്ട ഓപ്പറേഷൻ-Rs.40,000 മറ്റ് അസുഖങ്ങളെ/അപകടങ്ങളെ തുടർന്നുള്ള ഓപ്പറേഷൻ-Rs.15,000 സാധാരണ അസുഖങ്ങൾക്കുള്ള കിടത്തി ചികിത്സ-Rs.15,000 |
| ആകെ | 1,00,000 |

(സി) ചേരാവുന്നതാണ്. എ.പി.എൽ. വിഭാഗത്തിന് 500 രൂപയും ബി.പി.എൽ വിഭാഗത്തിന് 250 രൂപയുമാണ് വാർഷിക പ്രീമിയം ഒടുക്കേണ്ടത്. ആയതിന്റെ ചെലവുകൾ സംസ്ഥാന സർക്കാരാണ് നിർവ്വഹിച്ചുവരുന്നത്. പരമാവധി ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ടി പദ്ധതിയിലൂടെ ലഭ്യമാകുന്നതാണ്.

## ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി

179 (5844) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം' ആരോഗ്യ പദ്ധതിയ്ക്കായി ലോകാരോഗ്യ സംഘടന നൽകുന്ന സഹായം എന്തെല്ലാമാണ്;

(ബി) വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന ലീപ് (Life Style Education and Awareness programme) എന്ന പദ്ധതി കാര്യക്ഷമമാണോ; അല്ലെങ്കിൽ പദ്ധതി കാര്യക്ഷമമായി നിർവഹിച്ച് ഭാവി തലമുറയെ ജീവിതശൈലീ രോഗങ്ങളിൽ നിന്നും മുക്തമാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

### ഉത്തരം

(എ) ജീവിതശൈലീ രോഗ നിയന്ത്രണപദ്ധതിയായ 'അമൃതം' ആരോഗ്യം പദ്ധതി സംസ്ഥാനം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ്. ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വികേന്ദ്രീകൃതമായ ഒരു പദ്ധതി നടപ്പിലാക്കിയ സംസ്ഥാന ആരോഗ്യ വകുപ്പിന്, പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും രാജ്യത്തിനാകെ ഒരു മാതൃകയാക്കുന്നതിനുമുള്ള സാങ്കേതിക സഹായം ചെയ്യുന്നതിനുള്ള സന്നദ്ധത ലോകാരോഗ്യ സംഘടന അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് പ്രമേഹത്തിനും രക്താദിസമ്മർദ്ദത്തിനും ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ WHO സാങ്കേതിക സഹായം നൽകുന്നുണ്ട്. എന്നാൽ സാമ്പത്തികമായ ഒരു സഹകരണവും WHO-യിൽ നിന്ന് ഇതിനായി ലഭിച്ചിട്ടില്ല.

(ബി) വിദ്യാർത്ഥികളുടെ ജീവിതശൈലീ രോഗനിർണ്ണയത്തിനും, ആരോഗ്യ ബോധവൽക്കരണത്തിനും കുട്ടികളിൽ ആരോഗ്യപരമായ ഭക്ഷണരീതി വളർത്തുന്നതിനും, വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനും, ലഹരി ഉപയോഗത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് ലീപ്പ് (Life Style Education and Awareness). ഇപ്പോൾ ഈ പദ്ധതി സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ നടത്തിവരികയും ചെയ്യുന്നുണ്ട്. ഭാവിതലമുറയെ ജീവിതശൈലീ രോഗത്തിന്റെ പിടിയിൽ നിന്നും വിമുക്തമാക്കുന്നതിന് ഏറെ സഹായകമായ ഈ പദ്ധതി, സ്കൂൾ ആരോഗ്യ പദ്ധതിയിലൂടെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു.

**ജീവൻരേഖ പദ്ധതി**

180 (5845) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച 'ജീവൻരേഖ' പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ ജില്ലകളിലെ സർക്കാർ ആശുപത്രികളിലാണ് ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കിയത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആശുപത്രികളിൽ ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത ആശുപത്രികളിൽ ചികിത്സാ നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന് പദ്ധതി സഹായകമായോ;

(ഇ) പ്രസ്തുത ജില്ലകളിലെ സാംക്രമിക രോഗങ്ങൾ തടയുന്നതിൽ പദ്ധതി വഹിച്ച പങ്കെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു ബൃഹദ് പദ്ധതിയാണ് ഇ-ഹെൽത്ത് കേരള. ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടി എത്തുന്ന വ്യക്തിയുടെ രോഗവും ചികിത്സയും ആരോഗ്യവും സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ ശേഖരിച്ച് സൂക്ഷിക്കുന്നു. അതോടൊപ്പം ആരോഗ്യ സാമൂഹിക പ്രവർത്തകർ കയ്യിൽ കൊണ്ടു നടക്കാവുന്ന ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ചുനടത്തുന്ന ദൈനംദിന പ്രവർത്തനത്തിലൂടെ ശേഖരിക്കുന്ന സാമൂഹിക ആരോഗ്യ വിവരങ്ങൾ ഓരോ വ്യക്തിയുടെയും ആധാർ, വോട്ടർ ഐ.ഡി മുതലായ ഏതെങ്കിലും ഒരു വ്യതിരിക്ത നമ്പർ മുഖേന തമ്മിൽ ബന്ധിപ്പിച്ച് ഓരോ വ്യക്തിയുടെയും ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ സമഗ്രത ഈ പദ്ധതി ഉറപ്പാക്കുന്നു. ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ചുനടത്തുന്ന ദൈനംദിന സർവ്വേകൾ വഴി സാംക്രമിക രോഗങ്ങളുടെ ഉത്ഭവവും വ്യാപനവും യഥാവസരം കണ്ടെത്താനും സമയബന്ധിതമായ നടപടി സ്വീകരിക്കാനും സാധിക്കും.

ഓരോ പൗരന്റെയും ചികിത്സാ രേഖകൾ ഒരു കേന്ദ്രീകൃത ഡേറ്റാബേസിൽ ലഭ്യമാകുക വഴി എല്ലാ സർക്കാർ അലോപ്പതി ആരോഗ്യ ചികിത്സാ സ്ഥാപനങ്ങളിലും തടസ്സമില്ലാതെ തുടർ ചികിത്സ ഉറപ്പാക്കാൻ സാധിക്കും. കമ്പ്യൂട്ടർ അധിഷ്ഠിതമായ മാനേജ്മെന്റ് സംവിധാനം നിലവിൽ വരുന്നതോടെ ഔട്ട് പേഷ്യന്റ് വിഭാഗം, ലബോറട്ടറി, ഫാർമസി, എക്സ്-റേ എന്നിവിടങ്ങളിൽ ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന തിരക്കും കാലതാമസവും ഇല്ലാതാകുന്നു. എഴുത്തുകുത്തുകളും രജിസ്റ്ററുകളും പരമാവധി ഒഴിവാക്കുന്നതിലൂടെ പൊതുജനാരോഗ്യ പ്രവർത്തകരുടെ ജോലിഭാരം ലഘൂകരിക്കാനും അവരിൽ നിന്ന് മെച്ചപ്പെട്ട സേവനം ലഭിക്കാനും ഉപകരിക്കുന്നു. ആരോഗ്യ സംബന്ധമായ വിവരങ്ങൾ ആശുപത്രികളെ സംബന്ധിച്ചും ഓരോ സ്ഥലത്തും ലഭിക്കുന്ന സ്പെഷ്യാലിറ്റി തുടങ്ങിയ സൗകര്യങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ഓൺലൈൻ അപ്പോയിന്റ്മെമെന്റ് തുടങ്ങിയ വെബ്പോർട്ടൽ വഴി പൊതുജനങ്ങൾക്ക് ലഭ്യമാകും.

വൈദ്യശാസ്ത്ര ഗവേഷണം, ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ സംരക്ഷണ നയ പരിപാടികളുടെ രൂപവൽക്കരണം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ മേഖലകളിൽ സമഗ്രമായ പുരോഗതിക്ക് സഹായകമാകുന്നതാണ് ഈ പദ്ധതി.

പൊതുജനാരോഗ്യകേന്ദ്രങ്ങൾ പൂർണ്ണമായും ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ അധിഷ്ഠിത ശൃംഖലയുടെ ഭാഗമായി മാറുന്നു. ആരോഗ്യ പ്രവർത്തകർ ടാബ്ലെറ്റ് കമ്പ്യൂട്ടറുകളുമായി ഭവന സന്ദർശനം നടത്തി പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധിയായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു അടിസ്ഥാന ആരോഗ്യരേഖ തയ്യാറാക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന പ്രസക്ത വിവരങ്ങൾ അപ്പപ്പോൾ തന്നെ കേന്ദ്രീകൃത സർവറിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നു.

ഇതോടൊപ്പം ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുകയും കേന്ദ്രീകൃത സർവറുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. വ്യക്തികൾ ചികിത്സയ്ക്കായി ആശുപത്രികളിലെത്തുമ്പോൾ പ്രസ്തുത ചികിത്സാ വിവരങ്ങൾ കൂടി കൂട്ടിച്ചേർത്ത് ആരോഗ്യ രേഖ സമഗ്രമാകുന്നു.

(ബി) ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നീ ഏഴ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ 12 ആശുപത്രികളിൽ pilot അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി.

(സി) ഒ.പി. രജിസ്ട്രേഷൻ, ടോക്കൺ വിതരണം, അഡ്വാൻസ് ബുക്കിംഗ്, ഒ.പി. ക്ലിനിക്, ഫാർമസി, ലബോറട്ടറി, ബില്ലിംഗ്, ഐ.പി രജിസ്ട്രേഷൻ, ഡിസ്ചാർജ്ജ് എന്നീ വിഭാഗങ്ങളുടെ കമ്പ്യൂട്ടർവൽക്കരണമാണ് ഈ ആശുപത്രികളിൽ നടപ്പിലാക്കിയത്.

(ഡി) പ്രകടമായ മാറ്റങ്ങൾ ചികിത്സാ നടപടിക്രമങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്.

(ഇ) പബ്ലിക് ഹെൽത്ത് മൊഡ്യൂളിന്റെ പ്രവർത്തനത്തിന്റെ ഭാഗമായുള്ള വിവര ശേഖരണം സംസ്ഥാനത്തൊട്ടാകെ ആരംഭിച്ചിട്ടുണ്ട്. ഈ വിവരശേഖരണ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ തുടർ പ്രവർത്തനങ്ങളിലൂടെ സാംക്രമിക രോഗങ്ങൾ തടയുന്നതിൽ പദ്ധതി വഹിച്ച പങ്ക് വിലയിരുത്താൻ സാധിക്കൂ.

## കുട്ടികളുടെ ചികിത്സാ പദ്ധതികൾ

181 (5846) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പതിനഞ്ച് വയസു വരെയുള്ള കുട്ടികൾക്ക് സൗജന്യമായി നൽകുന്ന ചികിത്സാ പദ്ധതികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

<u>രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം:</u> പതിനെട്ടു വയസ്സിനു താഴെയുള്ള കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങളെ കാലേക്കൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശോധനയും, സാധാരണയായി കണ്ടുവരുന്ന അസുഖങ്ങൾക്കുള്ള ചികിത്സയും പരിചരണവും സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയാണ് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം. നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന ജനന വൈകല്യങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്.

നവജാത ശിശുക്കളെ പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഡോകടർമാരും അനുബന്ധ ആരോഗ്യ പ്രവർത്തകരും ആറ് ആഴ്ചവരെ പ്രായമായ കുഞ്ഞുങ്ങളെ വീടുകളിൽ സന്ദർശനം നടത്തുന്ന JPHN/ASHA മുതലായവരും ആറു ആഴ്ച മുതൽ പതിനെട്ടു വയസ്സുവരെ പ്രായമുള്ള കുട്ടികളെ അങ്കണവാടിയിൽ വച്ചും, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ വച്ചും, ആർ.ബി.എസ്.കെ. നഴ്സ്മാരും പരിശോധിക്കുന്നു. ആരോഗ്യ പ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും ആവശ്യമെങ്കിൽ അവിടെനിന്നും വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്ന കേന്ദ്രങ്ങളിലേയ്ക്കും റഫർ ചെയ്യുന്നു. ഈ പദ്ധതി പ്രകാരം ശസ്ത്രക്രിയ ഉൾപ്പെടെ എല്ലാ ചികിത്സ സേവനങ്ങളും (മുപ്പതു അസുഖങ്ങൾക്കുള്ള) സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, ശ്രീചിത്രാ ആശുപത്രി മുഖേനയും പൂർണ്ണമായും സൗജന്യമാണ്.

<u>ഹൃദ്യം പദ്ധതി:</u> ജനനം മുതൽ പതിനെട്ട് വയസ്സുവരെയുള്ള കുട്ടികളിലെ ഹൃദ്രോഗത്തിനു പൂർണ്ണമായും ചികിത്സ സൗജന്യമാണ്. എന്നാൽ ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം നേരിടുന്നത് ഒഴിവാക്കാനും യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ്പ് നടപടികളെ ഏകീകരിക്കാനും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ ഒരു വെബ്സൈറ്റ് വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ വെബ്സൈറ്റിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു.

<u>ആരോഗ്യ കിരണം പദ്ധതി:</u> ജനനം മുതൽ പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാ വിധത്തിലുള്ള ചികിത്സാ സഹായങ്ങളും തികച്ചും സൗജന്യമായി നൽകുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന മുപ്പതു രോഗങ്ങൾക്ക് ഒഴികെയുള്ള എല്ലാ ജീവൻ രക്ഷ പ്രാധാന്യമുള്ള രോഗങ്ങൾക്കും ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും തന്നെ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ആരോഗ്യ കിരണം പദ്ധതിയിലൂടെ ഒ.പി.ടിക്കറ്റ്, മരുന്നുകൾ, ആശുപത്രിയിൽ നടത്തുന്ന പരിശോധനകൾ, ചികിത്സകൾ എന്നിവ കേരളത്തിനുള്ളിലുള്ള എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും പൂർണ്ണമായി സൗജന്യമായി ലഭിക്കുന്നതാണ്. (ആദായ നികുതിദായകർക്കും സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല).

<u>താലോലം പദ്ധതി:</u> ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയവൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, തലാസീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും, ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ

രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്ത വിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാണ്.

കാൻസർ സുരക്ഷാ പദ്ധതി: പതിനെട്ട് വയസ്സുവരെ പ്രായമുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ കാൻസർ ബാധിതരായ കുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെയാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നത്. ഇത്തരത്തിലുള്ള കുട്ടികളെ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു ആനുകൂല്യം അനുവദിക്കുന്നതിനായി കൗൺസിലർമാരുടെ സേവനവും ബന്ധപ്പെട്ട ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയിലൂടെ 5842 കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

ശ്രുതിതരംഗം പദ്ധതി: സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ടു വർഷം നീണ്ടു നിൽക്കുന്ന ഓഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതി തരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മൂന്ന് വയസ്സുവരെയുള്ള കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ദ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാവുമെന്ന് വിലയിരുത്തുന്ന പരമാവധി അഞ്ചു വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുന്നു. കുടുംബത്തിന്റെ വാർഷിക വരുമാനം രണ്ടു ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.

ധ്വനി പദ്ധതി: ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുമ്പ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസ്സർ അപഗ്രേഡ് ചെയ്ത് നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

മിഠായി: ടൈപ്പ് ഒന്ന് പ്രമേഹ രോഗം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരംഭിക്കുന്ന സമഗ്ര പദ്ധതിയാണ് മിഠായി. ഈ പദ്ധതിയിൽ Continuous Glucose Monitoing, Insulin Therapy ആവശ്യമുള്ളവർക്ക് ഇൻസുലിൻ പമ്പ് എന്നിവ നൽകുകയും കൗൺസിലിംഗ് മാതാപിതാക്കൾക്ക്

പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ ആറ് ഘടകങ്ങൾ ഉൾപ്പെട്ട ഒരു ബൃഹത് പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി രോഗബാധിതരായ കുട്ടികളുടെ രജിസ്ട്രി തയ്യാറാക്കുന്ന നടപടികൾ നടന്നുവരികയാണ്. ആദ്യഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികളെയാണ് ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. ഈ പദ്ധതി വഴി ടൈപ്പ് ഒന്ന് പ്രമേഹം ബാധിച്ച അഞ്ചു മുതൽ പതിനഞ്ച് വയസ്സുവരെയുള്ള കുട്ടികളെ കണ്ടെത്തി രജിസ്ട്രേഷൻ നടത്തുന്നതിനും തുടർ നടപടികൾക്കും ഒരു സോഫ്റ്റ്‌വെയർ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

**വിദേശമാതൃകയിൽ ട്രോമോകെയർ ശൃംഖല**

182 (5847) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശമാതൃകയിൽ ട്രോമാകെയർ ശൃംഖല ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരാണ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്; നിർദ്ദേശങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ; ഈ നിർദ്ദേശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് വിദേശ മാതൃകയിൽ ട്രോമോകെയർ ശൃംഖല ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഒന്നുംതന്നെ ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ആരോഗ്യവകുപ്പിന്റെ നിർദ്ദേശമനുസരിച്ച് Capacity Building for Developing Trauma Care Facilities in Government Hospitals along National Highways എന്ന പദ്ധതി പ്രകാരമുള്ള സൗകര്യങ്ങളാണ് സർക്കാർ ആശുപത്രികളിലെ എമർജൻസി ഡിപ്പാർട്ടുമെന്റുകളിൽ ട്രോമോകെയറിനുവേണ്ടി ഒരുക്കുന്നത്.

തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമോകെയർ-നാഷണൽ ഹൈവേസ് പ്രകാരമുള്ള നൂതന സജ്ജീകരണങ്ങളോടുകൂടിയ ട്രോമോകെയർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയർ ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടവും റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് അന്തിമഘട്ടത്തിലാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 10.21 കോടി രൂപ വകയിരുത്തുകയും അതിൽ 4.5 കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.റ്റി.പി. വഴി 35 കോടി രൂപ ഇതിലേയ്ക്കായി

ചെലവഴിക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. 2018-19 ബജറ്റിൽ ട്രോമാകെയർ ആരംഭിക്കുന്നതിലേയ്ക്കായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാകെയറിന്റെ പണി ആരംഭിച്ചു. ഇതിലേയ്ക്കായി കേന്ദ്ര സർക്കാർ ആദ്യ ഗഡുവായി 3.675 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതമായ 21.47 കോടി രൂപ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിനായുള്ള കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. ഇവിടെ ലെവൽ-1 നിലവാരമുള്ള ട്രോമാകെയർ സംവിധാനമാണ് നിലവിൽ വരുന്നത്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ട്രോമാകെയർ ആരംഭിക്കുന്നതിന് 20.23 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം പൂർത്തീകരിച്ചു. 7.55 കോടി രൂപയുടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ആദ്യ ഘട്ടവും 7.04 കോടി രൂപ ഉപയോഗിച്ചുള്ള രണ്ടാം ഘട്ട പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

കോട്ടയം മെഡിക്കൽ കോളേജിലെ ട്രോമാകെയർ അടക്കമുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പുതിയ കാഷ്വാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യ ഘട്ടമായി 27.5 കോടി രൂപയും രണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിനായി 16.25 കോടി രൂപയും സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ താഴത്തെ നിലയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തനങ്ങൾ തുടങ്ങാൻ തീരുമാനിച്ചു.

പാരിപ്പള്ളി മെഡിക്കൽ കോളേജിലും പുതിയ ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ഔട്ട് പേഷ്യന്റ് ചികിത്സയ്ക്ക് ഓൺലൈൻ വഴി ബുക്കിംഗ് സംവിധാനം

183 (5848) ശ്രീ. സി. ദിവാകരൻ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഔട്ട് പേഷ്യന്റ് ചികിത്സയ്ക്കായി ഓൺലൈൻവഴി ബുക്ക് ചെയ്യാവുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്രീകൃത ഒ. പി. സംവിധാനം ഏർപ്പെടുത്തുന്നതിന്റെ നേട്ടങ്ങൾ വ്യക്തമാക്കുമോ;

(സി) ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിന്റെ നടപടിക്രമം വിശദമാക്കുമോ;

(ഡി) ജനറൽ ആശുപത്രികൾ, ജില്ലാ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലേക്ക് ഈ സംവിധാനം വ്യാപിപ്പിക്കുമോ ; വ്യക്തമാക്കുമോ;

(ഇ) ഒ.പി. ചികിത്സയ്ക്കുള്ള ബുക്കിംഗ് ഓൺലൈൻ അല്ലാതെ എവിടെയെല്ലാം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഘട്ടം ഘട്ടമായി ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) രോഗിയുടെ ചികിത്സ ഓൺലൈൻ ഒ.പി. സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ഏത് ആശുപത്രിയിൽ നടത്തിയാലും ചികിത്സാരേഖകൾ മറ്റൊരു ആശുപത്രിയിൽ (ഓൺലൈൻ സംവിധാനം നിലവിലുള്ള) സന്ദർശനം നടത്തുമ്പോൾ ലഭ്യമാകുന്നതാണ്. അതുവഴി അനാവശ്യമായ ലാബ് ടെസ്റ്റുകൾ പോലുള്ളവ ഒഴിവാക്കാനും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുവാനും സാധിക്കുന്നു.

(സി) ഇ-ഹെൽത്ത് കേരളയുടെ വെബ്സൈറ്റിൽ (www.ehealthkerala.gov.in) ആധാർ കാർഡ് ഉപയോഗിച്ച് രജിസ്റ്റർ ചെയ്തതിനുശേഷം സ്വന്തമായി ലോഗിൻ ചെയ്ത് ഓൺലൈൻ ഒ.പി. സംവിധാനം നിലവിലുള്ള ഏത് സർക്കാർ ആശുപത്രികളിലേയ്ക്കും ടോക്കൺ എടുക്കുന്നതിനുള്ള നടപടിക്രമം നിലവിൽ വരുത്തുന്നതിനായാണ് പദ്ധതിയിട്ടിട്ടുള്ളത്.

(ഡി&ഇ) ജനറൽ ആശുപത്രികൾ, ജില്ലാ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലേയ്ക്ക് ഈ സംവിധാനം വ്യാപിപ്പിക്കുന്നതാണ്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലാണ് ഈ സംവിധാനം നടപ്പിലാക്കുക. ഒ.പി ചികിത്സയ്ക്കുള്ള ബുക്കിംഗ് ഓൺലൈൻ പോർട്ടൽ അല്ലാതെ മൊബൈൽ ആപ്പ്, ആശുപത്രിയിലെ KIOSK ഇവയിൽ കൂടെയും ബുക്ക് ചെയ്യാം. ഡോക്ടറെ കാണുന്ന രോഗിക്ക് അടുത്തതായി വരേണ്ട ദിവസത്തേയ്ക്കുള്ള Advance Review Token ഡോക്ടർക്ക് തന്നെ നൽകാവുന്ന നിലയിലേയ്ക്ക് സംവിധാനം ഒരുക്കുന്നതിനും അക്ഷയ സെന്റർ, കാൾ സെന്റർ ഇവ വഴിയും ഭാവിയിൽ ഇത് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

## ആന്റി ബയോട്ടിക് ഇഞ്ചക്ഷനുകളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി

184 (5849) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ആന്റി ബയോട്ടിക് ഇഞ്ചക്ഷനുകളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ശ്വാസ് ക്ലിനിക്കുകൾ

185 (5850) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനി ക്യാൻസർ സെന്ററുകൾ അരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ശ്വാസ് ക്ലിനിക്കുകൾ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ശ്വാസ് ക്ലിനിക്കുൾ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്ന കാൻസർ രോഗികളുടെ ബാഹുല്യത്തിന് ആനുപാതികമായി എല്ലാ ജില്ലയിലും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് കാൻസർ കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 18 ആശുപത്രികളിലായി പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ 40,000-ത്തിലധികം കീമോതെറാപ്പികളും മറ്റ് അനുബന്ധ കാൻസർ ചികിത്സാ രീതികളും നടത്തപ്പെട്ടിട്ടുണ്ട്.

ഇതുകൂടാതെ ഈ സാമ്പത്തിക വർഷം താഴെപ്പറയുന്ന 18 ജില്ലാ ആശുപത്രികളിൽ പാലിയേറ്റീവ് കീമോതെറാപ്പി സെന്ററുകൾ 'അഭയം' എന്ന പേരിൽ ആരംഭിക്കുന്നുണ്ട്.

1. തിരുവനന്തപുരം ജനറൽ ആശുപത്രി
2. പുനലൂർ താലൂക്കാശുപത്രി
3. കോട്ടയം ജനറൽ ആശുപത്രി
4. മാവേലിക്കര ജില്ലാ ആശുപത്രി
5. എറണാകുളം ജനറൽ ആശുപത്രി
6. തൃശ്ശൂർ ജനറൽ ആശുപത്രി
7. തൊടുപുഴ ജില്ലാ ആശുപത്രി
8. തിരൂർ ജില്ലാ ആശുപത്രി
9. പാലക്കാട് ജില്ലാ ആശുപത്രി
10. നല്ലൂർനാട് ട്രൈബൽ ആശുപത്രി
11. കണ്ണൂർ ജില്ലാ ആശുപത്രി
12. കാസർഗോഡ് ജനറൽ ആശുപത്രി
13. പത്തനംതിട്ട ജനറൽ ആശുപത്രി
14. കൊല്ലം ജില്ലാ ആശുപത്രി
15. ആലപ്പുഴ ജനറൽ ആശുപത്രി
16. പറവൂർ ജില്ലാ ആശുപത്രി
17. വടക്കാഞ്ചേരി ജില്ലാ ആശുപത്രി
18. ഒറ്റപ്പാലം താലൂക്കാശുപത്രി.

(ബി) വീടിനുള്ളിലെ ഖര ഇന്ധനങ്ങളിൽനിന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന പുകയും അന്തരീക്ഷ മലിനീകരണവും പുകയിലയുടെ ഉപയോഗവും കാരണം ശ്വാസകോശത്തിൽ വരുത്തുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന രോഗമാണ് COPD (Chronic Obstructive Pulmonary Disorder). ആസ്തമയുമായി ഏറെ സാമ്യമുള്ള ഈ രോഗത്തിന് ആശുപത്രികളിൽ വ്യക്തമായ പരിശോധന സംവിധാനം നിലവിലില്ലാത്തതിനാൽ ഒരേ ചികിത്സയാണ് നൽകിവരുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനായി COPD എന്ന രോഗത്തിന്റെ നിർണ്ണയത്തിനും നിയന്ത്രണത്തിനും സംസ്ഥാന ആരോഗ്യവകുപ്പ്

ഇന്ത്യയിലാദ്യമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ശ്വാസ് (SWAS-Stepwise Approach for Airway Syndrome) സംസ്ഥാനത്തെ 14 ജില്ലാ ആശുപത്രികളിലും പുതുതായി ആരംഭിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ആദ്യഘട്ടത്തിൽ ഈ പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(സി) ശ്വാസ് ക്ലിനിക്കുകളിൽ COPD എന്ന രോഗത്തിന്റെ നിർണ്ണയവും നിയന്ത്രണവും ചികിത്സയുമാണ് നൽകിവരുന്നത്. രോഗലക്ഷണങ്ങൾ കൊണ്ട് ഏറെ സാമ്യതയുള്ള ആസ്ത്മയിൽനിന്നും COPD തിരിച്ചറിയുന്നതിനുള്ള പ്രധാന പരിശോധനയായ Pulmonary function Test നിർവ്വഹിക്കുന്നതിനുള്ള Spirometer എന്ന ഉപകരണം എല്ലാ ശ്വാസ് ക്ലിനിക്കുകളിലും ലഭ്യമാക്കിയിട്ടുണ്ട്. രോഗനിർണ്ണയം നടത്തി കഴിഞ്ഞാൽ COPD രോഗികൾക്ക് ഇഞ്ചക്ഷനുകൾ പരമാവധി ഒഴിവാക്കിക്കൊണ്ട് Aerosol മരുന്നുകളും (ഇൻഹേലർ തെറാപ്പി) ഓക്സിജനും നൽകിവരുന്നു. ഇതിനായുള്ള ഓക്സിജൻ കോൺസൺട്രേറ്റർ, പൾസ് ഓക്സിമീറ്റർ, ഇൻഹേലർ മരുന്നുകൾ, Spacing device എന്നിവ എല്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമേ Tobacco Cessation clinic, ശ്വാസകോശ വ്യായാമം എന്നിവ പരിശീലിപ്പിക്കുന്നതിനും ബോധവത്കരണത്തിനും ശ്വാസ് ക്ലിനിക്കുകളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിനായുള്ള പരിശീലനം ഈ സെന്ററുകളിൽ എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ട്.

**ജില്ലാ, താലൂക്ക് ആശുപത്രികളിലെ രാത്രികാല ചികിത്സ**

186 (5851) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ, താലൂക്ക് ആശുപത്രികളിൽ രാത്രി കാലങ്ങളിൽ വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) രാത്രി കാലങ്ങളിൽ ആവശ്യമായ ഡോക്ടർമാരില്ലാത്തതിനാൽ പ്രസ്തുത ആശുപത്രികളിൽ അടിയന്തര ആവശ്യങ്ങൾക്ക് എത്തുന്ന രോഗികൾക്ക് അസൗകര്യമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ജില്ലാ, താലൂക്ക് ആശുപത്രികളിൽ രാത്രി കാലങ്ങളിൽ വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കാൻ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം വിനിയോഗിക്കുന്നുണ്ട്. കാൾ ഡ്യൂട്ടി പ്രകാരം ആണ് ഇത് ചെയ്തുവരുന്നത്.

(ബി) കാഷ്വാലിറ്റി മെഡിക്കൽ ആഫീസർമാരുടെ സേവനം അടിയന്തര സാഹചര്യങ്ങളിൽ വിനിയോഗിക്കുന്നുണ്ട്. ഇതിനായി ജില്ലാ/താലൂക്ക് ആശുപത്രികളിൽ ആർദ്രം മിഷൻ മുഖേന കൂടുതൽ കാഷ്വാലിറ്റി മെഡിക്കൽ ആഫീസർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു.

(സി) ജില്ലാതല-താലൂക്കുതല ആശുപത്രികളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിച്ച് ആവശ്യമായ സ്റ്റാഫിനെ നിയമിച്ചും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ഒരുക്കി ആയതു ക്രമീകരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ജില്ലാ/ജനറൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 2016-17 ബജറ്റിൽ പ്രഖ്യാപിച്ച 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യമൊരുക്കുന്നതിനും, 44 താലൂക്കുതല ആശുപത്രികൾ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും കിഫ്ബി വഴി പുരോഗമിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 2000 കോടി രൂപയുടെ അടിസ്ഥാന വികസന സൗകര്യത്തിനുള്ള ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു.

**പുതുതായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ**

187 (5852) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിന്റെ ഭാഗമായി പുതുതായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോ ആരോഗ്യവകുപ്പിന് കീഴിലുള്ള മറ്റെന്തെങ്കിലും സ്ഥാപനങ്ങളോ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ആയത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേതെങ്കിലും തലശ്ശേരി നിയോജകമണ്ഡലത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പുതുതായി സ്ഥാപനങ്ങൾ അനുവദിക്കുക എന്നതിനല്ല വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകിവരുന്നത്. ആയതിന്റെ ആദ്യഘട്ടത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട

170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുകയും ടി സ്ഥാപനങ്ങളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആർദ്രത്തിന്റെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിനായി തിരഞ്ഞെടുത്ത 500 സ്ഥാപനങ്ങളുടെ (പി.എച്ച്.സി./സി.എച്ച്.സി. ഉൾപ്പെടെ) കരട് ലിസ്റ്റിൽ തലശ്ശേരി റവന്യൂ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന ധർമ്മടം, അഞ്ചരക്കണ്ടി, വേങ്ങോട്, ഈറൻഗോലി, കൊടിയേരി, ന്യൂമാഹി, ചാലിൽ എന്നീ പി.എച്ച്.സി.-കളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിന് സർക്കാർ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

## എടവനക്കാട് പി.എച്ച്.സി.യെ സി.എച്ച്.സി.യായി ഉയർത്തുന്നതിന് നടപടി

188 (5853) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ സി.എച്ച്.സി നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജനസാന്ദ്രതയേറിയതും തീരദേശമെന്ന പ്രത്യേകതയും പരിഗണിച്ച് വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിലെ എടവനക്കാട് പ്രാഥമിക ആരോഗ്യകേന്ദ്രത്തെ സി.എച്ച്.സി.-യായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ സി.എച്ച്.സി. നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ സർക്കാർ പദവി ഉയർത്തുക എന്നതിനല്ല മുൻതൂക്കം നൽകുന്നത്. സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടംഘട്ടമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇപ്രകാരം ആർദ്രം പദ്ധതി പൂർണ്ണ രൂപത്തിൽ നടപ്പാക്കപ്പെടുമ്പോൾ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള എടവനക്കാട് പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി. എന്ന തത്വം പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് GMP analysis നടത്തുന്നതാണ്.

**ട്രോമാ കെയർ യൂണിറ്റും ഓങ്കോളജി വകുപ്പും ആരംഭിക്കുന്നതിന് നടപടി**

189 (5854) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റും ഓങ്കോളജി വകുപ്പും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(സി) ഇവിടെ ഡീ അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ജില്ലാ കാൻസർ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ജില്ലാ കാൻസർ കെയർ സെന്ററും, പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റും സജ്ജീകരിച്ചിട്ടുണ്ട്. ഇതിനായി പത്ത് ലക്ഷം രൂപ ചെലവിട്ട് ഭൗതിക സാഹചര്യം ഒരുക്കുകയും, ഒരു മെഡിക്കൽ ഓഫീസർക്ക് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ വച്ച് പരിശീലനം നൽകി വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡീ അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ വിമുക്തി മിഷനിലേയ്ക്ക് നൽകിയിട്ടുണ്ട്.

**പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ പദ്ധതി**

190 (5855) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ ഏതൊക്കെ പി.എച്ച്.സി.-കളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയതെന്നും ഇതിന്റെ ഭാഗമായി എത്രപേരെ ജില്ലയിൽ പുതിയതായി നിയമിച്ചെന്നും വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ അവശേഷിക്കുന്ന പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ 2018-19 സാമ്പത്തിക വർഷം ഏതൊക്കെ പി.എച്ച്.സി.-കളെയാണ് ഇതിനുവേണ്ടി പരിഗണിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിൽ നിന്നും പെരുവന്താനം, വട്ടവട, കരിംകുന്നം, കൊന്നത്തടി, ഉടുമ്പൻചോല, കാഞ്ചിയൂർ, മരിയാപുരം, ഇല്ലംദേശം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റി ഇവിടങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് ഇതിലേയ്ക്ക് നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ കൂടുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരെഞ്ഞെടുക്കുന്ന ആശുപത്രികളുടെ കരട് പട്ടിക പരിശോധിച്ചുവരികയാണ്.

**മറ്റം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ നടപടി**

191 (5856) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചൊവ്വന്നൂർ ബ്ലോക്കിൽ മണലൂർ മണ്ഡലത്തിന്റെ ഭാഗമായി കിടക്കുന്ന ചൂണ്ടൽ, കണ്ടാണശ്ശേരി പഞ്ചായത്ത് പ്രദേശങ്ങളിൽ ഉള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ മറ്റം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മണലൂർ, വെങ്കിടങ്ങ് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരെഞ്ഞെടുക്കുന്ന ആശുപത്രികളുടെ അന്തിമ പട്ടിക തയ്യാറായിട്ടില്ല.

## വൈക്കം ഗവൺമെന്റ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

192 (5857) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച വൈക്കം താലൂക്ക് ഗവൺമെന്റ് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസന പദ്ധതി ഏതുഘട്ടത്തിൽ ആണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല എങ്കിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തുവാൻ നിലവിൽ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കോട്ടയം ജില്ലയിൽ ഗവൺമെന്റ് ജില്ലാ ആശുപത്രി നിലവിലുണ്ടോ;

(ഇ) വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുവാനുള്ള പദ്ധതി പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദ്വിതീയ, ത്രിതീയ മേഖലകളിൽ വിദഗ്ധ ചികിത്സാ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് കെ.ഐ.ഐ.എഫ്.ബി.-യിൽ നിന്നും ജില്ലാ താലൂക്ക് ജനറൽ ആശുപത്രിയിൽ 2,000 കോടി രൂപ നിക്ഷേപം അനുവദിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ അടിയന്തര മുൻഗണനാപട്ടിക പ്രകാരം തിരെഞ്ഞെടുത്ത സ്ഥാപനങ്ങളിൽ വൈക്കം താലൂക്കാശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ അടിസ്ഥാന വികസനത്തിൽ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി ഡി.എം.ഒ. വഴി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല.

(സി) പുതുതായി തയ്യാറാക്കിവരുന്ന മാസ്റ്റർ പ്ലാനിൽ വൈക്കം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിലുണ്ടായിരുന്ന ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ജി.ഒ (എം.എസ്.) നമ്പർ 359/13/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി 19/08/2013 എന്ന ഉത്തരവ് പ്രകാരം ഉയർത്തിയിട്ടുണ്ട്.

(ഇ) സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ വിഭാഗം സ്ഥാപനത്തിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ആരോഗ്യ വകുപ്പ് ഊന്നൽ നൽകുന്നത്. ഇതിന്റെ ഭാഗമായി 17 ജില്ലാതല ആശുപത്രികളേയും 75 താലൂക്കുതല ആശുപത്രികളേയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ ജനറൽ ആശുപത്രിയാണ് ജില്ലാതല ആശുപത്രിയായി ടി ജില്ലയിൽ നിന്ന് ഉൾപ്പെടുത്തിയിട്ടുള്ളത്. വൈക്കം താലൂക്കിലെ താലൂക്കുതല ആശുപത്രിയായി വൈക്കം താലൂക്ക് ആശുപത്രിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. (ജി.ഒ.(എം.എസ്) നം.58/2017/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി 22/04/2017) ഈ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ചെറൂപ്പ സി.എച്ച്.സി.യിൽ ഡയാലിസിസ് യൂണിറ്റ്

193 (5858) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ചെറൂപ്പ സി.എച്ച്.സി- യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി എം.എൽ.എ.യുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഇതുവരെയായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(സി) ഇതിനാവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ചെറുപ്പ സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലം എം.എൽ.എ. ആവശ്യപ്പെട്ടത് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഡയാലിസിസ് സെന്ററിനായി 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) നിലവിൽ ഡോക്ടർമാരെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റുള്ള ജീവനക്കാരുടെ ഗണ്യമായ കുറവുള്ളതിനാൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ മുഖാന്തരം ഡോക്ടർമാർ ഒഴികെയുള്ള ജീവനക്കാരെ നിയമിക്കുന്ന കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് ധാരണയായിട്ടുണ്ട്.

**വാമനപുരം പി.എച്ച്.സി.യിലെ നിർമ്മാണ പ്രവൃത്തികൾ**

194 (5859) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O. (Rt.) No.643/2017/H&FWD തീയതി 13-3-2017 പ്രകാരം ഭരണാനുമതി ലഭിച്ച വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം പി .എച്ച് .സി -യിൽ 50 കിടക്കകളുള്ള വാർഡും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) ആരംഭിച്ചില്ലായെങ്കിൽ ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) ടി പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത പ്രവർത്തനങ്ങളുടെ ആർക്കിടെക്ച്ചറൽ വർക്സ് നടന്നുകൊണ്ടിരിക്കുകയാണ്. ഡ്രോയിംഗിനായി സ്പെഷ്യൽ പി.ഡബ്ല്യൂ.ഡി. സീനിയർ ആർക്കിടെക്ടിനെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

**മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും**

195 (5860) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡയാലിസിസ് സെന്റർ തുടങ്ങുന്നതുസംബന്ധിച്ച് ആശുപത്രി എച്ച്.എം.സി. അധികൃതരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം എച്ച്.എം.സി. യോഗം അംഗീകരിച്ചതായി ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. കാരുണ്യ ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടികളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല.

## മലപ്പുറം മണ്ഡലത്തിലെ പി.എച്ച്.സി.കളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി

196 (5861) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലാണ് കിടത്തി ചികിത്സ നിലവിലുള്ളത്;

(ബി) മൊറയൂർ, തൃപ്പനച്ചി, ആനക്കയം, കോഡൂർ പി.എച്ച്.സി.കളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ കിടത്തി ചികിത്സ ഉണ്ട്.

(ബി) ഔട്ട് പേഷ്യന്റ് ചികിത്സ, രോഗപ്രതിരോധം, മാതൃ-ശിശു ആരോഗ്യം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ ദേശീയ സംസ്ഥാന ആരോഗ്യ പരിപാടികൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. കിടത്തി ചികിത്സ ഈ കേന്ദ്രങ്ങളിൽ ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

സമഗ്ര ആരോഗ്യ പരിചരണം ലക്ഷ്യമാക്കിക്കൊണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നത്. ഇതിൽ മൊറയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തേണ്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അന്തിമ പട്ടിക തയ്യാറാക്കി വരുന്നതേയുള്ളൂ.

**കണ്ണമംഗലം പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം**

197 (5862) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമംഗലം പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമായിട്ടും അത് പ്രയോജനപ്പെടുത്തുവാൻ നാളിതുവരെ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ 2015-16 സാമ്പത്തിക വർഷത്തെ എൽ.എ.സി-എ.ഡി.എസ് പദ്ധതിയിലൂടെ കണ്ണമംഗലം പി.എച്ച്.സി.ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചു നൽകുന്നതിന് പ്രൊപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം 31.03.2016-ന് മുമ്പായി ജനപ്രതിധികൾ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ നിലവിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമാണെങ്കിൽ 2015-16 സ്പിൽ ഓവർ പ്രവൃത്തികളായി പരിഗണിച്ച് 2016-17-ൽ ധനാനുമതിയും ഭരണാനുമതിയും നൽകുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ മലപ്പുറം ജില്ലാ കണ്ണമംഗലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി നിലവിലെ വ്യവസ്ഥകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ അനുവദനിയമല്ല. ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് revised estimate/current SOR പ്രകാരം നിലവിലെ 2017-18-ലെ നിയമസഭാ സമാജികരുടെ ആസ്തി വികസന ഫണ്ടിൽനിന്ന് തുക ചെലവഴിച്ച് നടപ്പിലാക്കാവുന്നതാണെന്നും അത്തരം പ്രവൃത്തികളുടെ തുടർനടപടികൾ 14 ജില്ലാ കളക്ടർമാർക്കും നൽകിക്കൊണ്ട് 4-7-2017-ലെ സ.ഉ. (സാധാ.) നമ്പർ 86/2017/ധന പ്രകാരം ഉത്തരവായ സാഹചര്യത്തിൽ ടി പ്രവൃത്തികൾ 2017-18 ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനുവേണ്ടി മലപ്പുറം ജില്ലാ കളക്ടറെ സമീപിക്കേണ്ടതാണെന്നും ഇതനുസരിച്ച് നടപടി സ്വീകരിക്കുവാനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ ആശുപത്രികൾക്ക് അനുവദിച്ച ഫണ്ട്**

198 (5863) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലത്തൂർ മണ്ഡലത്തിലെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

താലൂക്ക് ആശുപത്രി, ആലത്തൂർ

1. സ്ത്രീകളുടെയും കുട്ടികളുടെയും കെട്ടിടം (എൻ.ആർ.എച്ച്.എം.)-27,00,000
2. സ്ത്രീകളുടെയും പുരുഷൻമാരുടെയും വാർഡ് (നബാർഡ് ഫണ്ട്)-53,96,000
3. ഡിജിറ്റൽ എക്സ്റേ മെഷീൻ (എം.പി. ഫണ്ട്)-12,00,000
4. കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി (എം.പി. ഫണ്ട്)-12,00,000
5. കുട്ടികളുടെ വാർഡ് നവീകരണം (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)-95,000
6. സ്ത്രീകളുടെയും കുട്ടികളുടെയും വാർഡിൽ ഉപകരണങ്ങൾ വാങ്ങൽ (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)-19,39,910
7. സാന്ത്വന പരിചരണം (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)-11,00,000
8. ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)-12,00,000
9. ഖരദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)-65,00,000
10. സൗരോർജ്ജ വൈദ്യുതീകരണം ഉപകരണങ്ങൾ വാങ്ങൽ (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)-14,00,000
11. ആഫീസ് നവീകരണം (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)-3,00,000.

സാമൂഹികാരോഗ്യ കേന്ദ്രം, കുഴൽമന്ദം

1. ഓപ്പറേഷൻ തിയേറ്റർ ഉപകരണങ്ങൾ വാങ്ങൽ (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)-5,00,000
2. സോളാർ പാനൽ (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)-7,00,000
3. കമ്പ്യൂട്ടർ, ലാപ് ടോപ്പ്, ലാബ് നവീകരണം (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)-7,50,000
4. നവീകരിച്ച ഒ.പി കൗണ്ടർ, മേൽക്കൂര മേയൽ മുറ്റം ഇന്റർലോക്ക് ചെയ്യൽ, ആശുപത്രിയുടെ മുൻഭാഗം മോടി പിടിക്കൽ, അഴുക്ക്ചാൽ നിർമ്മാണം (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)-15,00,000.

പ്രാഥമികാരോഗ്യ കേന്ദ്രം, കുനിശ്ശേരി

1. ഫാർമസി സ്റ്റോറിൽ എയർകണ്ടീഷൻ സ്ഥാപിക്കൽ (ആശുപത്രി വികസന സമിതി ഫണ്ട്)-37,190
2. എൽ.സി.ഡി.-പ്രൊജക്ടർ, ലാപ്ടോപ്പ് മുതലായവ വാങ്ങൽ (പഞ്ചായത്ത് ഫണ്ട്)-58,240
3. ഫോഗിംഗ് മെഷീൻ വാങ്ങൽ (പഞ്ചായത്ത് ഫണ്ട്)-39,998

കുടുംബാരോഗ്യ കേന്ദ്രം, കിഴക്കഞ്ചേരി

1. ആശുപത്രി മെയിന്റനൻസ് പ്രവൃത്തികൾ (പഞ്ചായത്ത് ഫണ്ട്)-5,00,000
2. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ സ്കീമിൽ അനുവദിച്ച ഫണ്ട്-8,00,000.

കുടുംബാരോഗ്യ കേന്ദ്രം, വണ്ടാഴി

1. പാലിയേറ്റീവ് കെയർ പരിപാടി (പഞ്ചായത്ത് ഫണ്ട് 2015-16)-4,00,000
2. പാലിയേറ്റീവ് കെയർ പരിപാടി (പഞ്ചായത്ത് ഫണ്ട് 2016-17)-5,61,000
3. എ.സി, കമ്പ്യൂട്ടർ വാങ്ങൽ 2016-17 (പഞ്ചായത്ത് ഫണ്ട് )-1,00,000
4. ഫർണിച്ചർ വാങ്ങൽ (പഞ്ചായത്ത് ഫണ്ട് )-50,000

5. പാലിയേറ്റീവ് കെയർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2016-17-5,00,000

6. പാലിയേറ്റീവ് കെയർ 2017-18 (പഞ്ചായത്ത് ഫണ്ട്)-5,00,000

7. കുടുംബാരോഗ്യ കേന്ദ്രമാക്കി അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ സ്കീമിൽ അനുവദിച്ച ഫണ്ട്-13,00,000.

## മാവേലിക്കര ആയുർവേദാശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്താൻ നടപടി

199 (5864) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ആയുർവ്വേദാശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനുള്ള ആരോഗ്യവകുപ്പിന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയെ താലൂക്ക് ആയൂർവേദ ആശുപത്രിയായി ഉയർത്തി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ഫിസിയോതെറാപ്പിസ്റ്റ് ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഫിസിയോതെറാപ്പിസ്റ്റിന്റെയും ക്ലർക്കിന്റെയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഭാരതീയ ചികിത്സാ വകുപ്പിൽ ഫിസിയോതെറാപ്പിസ്റ്റ് തസ്തിക നിലവിലില്ല. പകരം ആയൂർവേദ തെറാപ്പിസ്റ്റ് തസ്തികയാണുള്ളത്. പ്രസ്തുത ആശുപത്രിയിൽ ഈ തസ്തിക നിലവിലില്ല.

(ഡി) ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്ന മുറയ്ക്ക് ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സുബ്രഹ്മണ്യ സ്മാരക സർക്കാർ ആയുർവേദ ആശുപത്രി

200 (5865) <u>ശ്രീ. മുരളി പെരുനെല്ലി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എളവള്ളി പറയ്ക്കാട് സ്ഥിതി ചെയ്യുന്ന കുന്നത്തുള്ളി സുബ്രഹ്മണ്യ സ്മാരക സർക്കാർ ആയുർവേദ ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ ആശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണത്തിനായി എന്തെങ്കിലും ഫണ്ട് ലഭ്യമായിട്ടുണ്ടോ;

(സി) ധാരാളം രോഗികൾ ആശ്രയിക്കുന്ന ഈ ആശുപത്രിയിൽ നിലവിലുള്ള കെട്ടിടം പ്രയോജനപ്പെടുത്തി കിടത്തി ചികിത്സയ്ക്കുള്ള സൗകര്യം ഏർപ്പെടുത്താൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിൽ എളവള്ളി പറയ്ക്കാട് സ്ഥിതി ചെയ്യുന്ന കുന്നത്തുള്ളി സുബ്രഹ്മണ്യസ്മാരക സർക്കാർ ആയൂർവേദ ആശുപത്രികളുടെ വികസനം സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് ഒരുക്കിയ ശേഷം ടി സ്ഥാപനം ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

## തളിപ്പറമ്പ് താലൂക്ക് ആശുപത്രി

201 (5866) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയാക്കാനും ഇരിക്കൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയാക്കാനും മുൻ സർക്കാർ തീരുമാനിച്ചിരുന്നോ;

(ബി) പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) മുൻ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തി ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. 16-11-2015-ലെ സ.ഉ. (കൈ) നമ്പർ 261/15/ആ.കു.വ പ്രകാരം കാഷ്വാലിറ്റി യൂണിറ്റുകൾ ഇല്ലാത്ത 35 താലൂക്കാശുപത്രികളെ കാഷ്വാലിറ്റി യൂണിറ്റുകളുള്ള താലൂക്കാശുപത്രിയായി ഉയർത്തി അതിന്റെ ഭാഗമായി 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പാനൂർ/ ഇരിക്കൂർ സി.എച്ച്.സി.-കളെയും കാഷ്വാലിറ്റി യൂണിറ്റുകളുള്ള താലൂക്കാശുപത്രികളായി ഉയർത്തി ഇവിടെ 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

നിലവിൽ പദവി ഉയർത്തുക എന്നതല്ല നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരെഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇപ്രകാരം പദ്ധതി പൂർണ്ണരൂപത്തിൽ നടപ്പിലാക്കുമ്പോൾ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കാശുപത്രി ഇരിക്കൂർ താലൂക്കാശുപത്രി എന്നിവിടങ്ങളിലെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നെഫ്രോളജി യൂണിറ്റ്

202 (5867) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നെഫ്രോളജി യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോ;

(സി) സാധാരണക്കാരായ രോഗികൾക്ക് ഏറെ പ്രയോജനപ്രദമായ ഈ വിഭാഗത്തിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നെഫ്രോളജി യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഡയാലിസിസ് യൂണിറ്റിന്റെ സിവിൽ ജോലികൾ പൂർത്തിയായിട്ടുണ്ട്. വൈദ്യുതീകരണത്തിന്റെ ചില ജോലികൾ മാത്രമേ പൂർത്തിയാക്കേണ്ടതുള്ളൂ. ആർ.ഒ. പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ആർദ്രം മാനദണ്ഡപ്രകാരം സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളുടെ പട്ടികയിൽ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തി ഇവിടെ ജി.ഒ.(എം.എസ്.) നമ്പർ 101/2017/ആ.കു.വ തീയതി 28-6-2017 പ്രകാരം ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2-ന്റെ രണ്ട് തസ്തികയും ജി. ഒ. (എം.എസ്.) നമ്പർ 136/2017/ആ.കു.വ തീയതി 23-9-2017 പ്രകാരം ഡയാലിസിസ് ടെക്നീഷ്യന്റെ രണ്ട് തസ്തികകളും മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ് 2-ന്റെ ഒരു തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിലൂടെ രോഗികൾക്ക് ഏറെ പ്രയോജനപ്രദമായ രീതിയിൽ ഈ വിഭാഗത്തെ പ്രവർത്തനക്ഷമമാക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

**കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ**

203 (5868) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കുറത്തികാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാർ, സ്റ്റാഫ് ഇവരുടെ കണക്ക് വ്യക്തമാക്കുമോ; ഒഴിവുകൾ നികത്താനുണ്ടോ; എങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇവിടെ കിടത്തി ചികിത്സ വാർഡ് 2017 മെയ് 27-ാം തീയതി ഉദ്ഘാടനം നടത്തുകയും 2017 ആഗസ്റ്റ് 8-ാം തീയതി മുതൽ കിടത്തി ചികിത്സ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിലുള്ള തസ്തികളുടെ വിവരം ചുവടെ ചേർക്കുന്നു. ടി ആശുപത്രിയിൽ ജീവനക്കാരുടെ ഒഴിവുകളൊന്നും നിലവിലില്ല:

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സിവിൽ സർജൻ | 1 |
| 2 | അസിസ്റ്റന്റ് സർജൻ | 2 |
| 3 | ക്ലാർക്ക് | 2 |
| 4 | ഡ്രൈവർ | 1 |
| 5 | ഹെഡ്നഴ്സ് | 2 |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ | 2 |
| 7 | ഹെൽത്ത് സൂപ്പർവൈസർ | 1 |
| 8 | ജെ.പി.എച്ച്.എൻ. | 14 |
| 9 | ജെ.എച്ച്.ഐ. | 8 |
| 10 | ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II | 1 |
| 11 | നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| 12 | ഓഫീസ് അറ്റൻഡന്റ് | 1 |
| 13 | ഒപ്റ്റോമെടിസ്റ്റ് | 1 |
| 14 | പബ്ലിക് ഹെൽത്ത് നഴ്സ് | 3 |
| 15 | നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ് II | 2 |

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്യാൻസർ ഡിറ്റക്ഷൻ സെന്റർ**

204 (5869) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്യാൻസർ ഡിറ്റക്ഷൻ സെൻറർ പ്രവർത്തിച്ചിരുന്നോ; ഈ സെന്ററിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിരുന്നത്; വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ യാതൊരു പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ സജീവമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്യാൻസർ ഡിറ്റക്ഷൻ സെന്റർ 2011 മുതൽ പ്രവർത്തിച്ചുവരുന്നു. ഗൈനക്ക് വിഭാഗത്തിലുള്ള രോഗികളുടെ കാൻസർ സ്ക്രീനിംഗ് (Papsmear for detecting carcinoma cervix and endo material biopsy to route out uterus cancer) നടത്തിവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മതിയായ ബോധവത്കരണ പരിപാടികളിലൂടെയും ക്യാമ്പുകളിലൂടെയും ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ സെന്ററിന്റെ പ്രവർത്തനം സജീവമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ**

205 (5870) <u>ശ്രീ. സി. ദിവാകരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1997-ൽ സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട ഈ സ്ഥാപനത്തിൽ ഇപ്പോഴും 1951-ൽ സ്ഥാപനം ആരംഭിക്കുമ്പോഴുള്ള 12 കിടക്കകൾ മാത്രമാണുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശരാശരി 600-ൽ അധികം രോഗികൾ എത്തുന്ന ഈ ആശുപത്രിയിൽ മതിയായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ഹെൽത്ത് സെന്ററിൽ ഏതെങ്കിലും പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സ്ഥാപനങ്ങളിൽ അധിക വികസന പ്രവർത്തനങ്ങൾ ആവശ്യമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നിലവിലുള്ള സൗകര്യങ്ങൾ പരാമാവധി പ്രയോജനപ്പെടുത്തിയും പ്ലാൻ ഫണ്ട് എൻ.എച്ച്.എം. ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും എച്ച്.എം.സി ഫണ്ട് ഉപയോഗിച്ച് താൽക്കാലിക ജീവനക്കാരെ നിയമിച്ചും ആശുപത്രിയിലെത്തുന്ന രോഗികൾക്ക് പരമാവധി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു.

(ഡി) പുതിയ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

## ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ ഒഴിവുകൾ

206 (5871) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ വിവിധ തസ്തികകളിലായി 24 ഒഴിവുകൾ നികത്തുവാനുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഒഴിവുകൾ നികത്തി സാധാരണക്കാരായ രോഗികളെ സഹായിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സൂപ്രണ്ട്, സ്റ്റോർ സൂപ്രണ്ട് എന്നീ തസ്തികകളിലേയ്ക്ക് വകുപ്പുതല ഉദ്യോഗക്കയറ്റം നൽകി ഒഴിവുനികത്തുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ആർ.എം.ഒ., സി.എം.ഒ. എന്നീ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ വരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. കൂടാതെ 2 ഒഴിവുകളിൽ അഡ്ഹോക്ക് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. പാർട്ട് ടൈം സ്വീപ്പർ, ആശുപത്രി അറ്റൻഡന്റ് എന്നീ വിഭാഗങ്ങളിലുള്ള ഒഴിവുകൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

നഴ്സിംഗ് അസിസ്റ്റന്റിന്റെ 3 ഒഴിവുകളിലേയ്ക്ക് ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-1 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിയും എക്സ്റേ അറ്റൻഡർമാരുടെ

2 തസ്തികകളിൽ ജൂനിയർ ലാബ് അസിസ്റ്റന്റുമാർക്ക് ഉദ്യോക്കയറ്റം നൽകിയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, സ്റ്റോർ സൂപ്രണ്ട് എന്നീ തസ്തികകളിലെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹെഡ് നഴ്സ് തസ്തികയിൽ ഉദ്യോഗക്കയറ്റംവഴി നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

സ്റ്റാഫ് നഴ്സ് തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. ഇപ്പോഴുള്ള 6 ഒഴിവുകൾ അഡ്ഹോക്ക് മുഖാന്തിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

**കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ മുഴുവൻ സമയ ഫാർമസി**

207 (5872) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രിയിലെ ഫാർമസി നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) രാത്രി സമയങ്ങളിൽ ഏറെ ദൂരെ നിന്നും വരുന്ന രോഗികൾക്ക് എഴുതിക്കൊടുത്ത മരുന്ന് കിട്ടാതെ ടൗണിലും മറ്റും അലയേണ്ടിവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലയിലെ പ്രധാന ചികിത്സാ കേന്ദ്രമായ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ 24 മണിക്കൂറും ഫാർമസി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ഫാർമസി പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ ബെഡ് സ്ട്രെങ്ത് 400-ഉം ശരാശരി ഒ.പി. 1000-വും ആണ്. രാത്രികാലങ്ങളിൽ ഇവിടെ 45 മുതൽ 50 വരെ രോഗികൾ ചികിത്സ തേടി എത്താറുണ്ട്. ഇപ്പോൾ രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയാണ് ഇവിടത്തെ ഫാർമസി

പ്രവർത്തിച്ചുവരുന്നത്. ടി ആശുപത്രിയെ ഇതിനോടകം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 2 ഫാർമസിസ്റ്റുകളുടെ അധിക തസ്തിക സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. ഇതുൾപ്പടെ ഇപ്പോൾ ഇവിടെ 5 സ്ഥിരം ഫാർമസിസ്റ്റുകളുടെ സേവനം ലഭ്യമാണ്. ഒ.പി. രോഗികളെ കൂടാതെ എൻഡോസൾഫാൻ, ആർ.എസ്.ബി.വൈ., എസ്.റ്റി. പദ്ധതികളിൽപ്പെട്ട രോഗികളെ കൂടി കണക്കിലെടുത്ത് ഇവയ്ക്കു പുറമെ ഇവിടെ കരാർ അടിസ്ഥാനത്തിൽ 3 ഫാർമസിസ്റ്റുകളുടെ സേവനം കൂടി ലഭ്യമാക്കിയിട്ടുണ്ട്. രാത്രി 8 മണിക്കുശേഷം അത്യാഹിത വിഭാഗത്തിൽ ചികിത്സ തേടി എത്തുന്ന രോഗികൾക്ക് ഡ്യൂട്ടി ഡോക്ടറുടെ മേൽനോട്ടത്തിൽ ആവശ്യമായ മരുന്നുകൾ നൽകി തുടർചികിത്സയ്ക്കുള്ള മരുന്നുകൾ രാവിലെ 8 മണിക്ക് ഫാർമസിയിൽ നിന്ന് വാങ്ങുവാൻ നിർദ്ദേശം നൽകിവരുന്നു.

കേരള ആരോഗ്യ രംഗത്തെ എല്ലാ തലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ ക്രമീകരിക്കുന്നതിനുമാണ് നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയുടെ മാനദണ്ഡങ്ങളിൽ പുനഃക്രമീകരണം ആവശ്യമാണെന്ന് കാണുന്നപക്ഷം ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

## ആരോഗ്യ വകുപ്പിൽ ഡ്യൂട്ടിക്കിടയിൽ അപകടം

208 (5873) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ, കുന്നോത്ത് പറമ്പ് പി.എച്ച്.സി.-യിലെ ശ്രീ. അശോകൻ. സി.പി., സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ച് അബോധാവസ്ഥയിൽ കിടക്കുന്ന ഇദ്ദേഹത്തിന് പ്രത്യേക അവശത അവധിക്ക് അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രത്യേക അവശത അവധി അനുവദിക്കാൻ സാങ്കേതിക തടസം എന്താണെന്ന് വിശദമാക്കാമോ ;

(സി) പ്രത്യേക അവശത അവധി അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ഇദ്ദേഹത്തിന്റെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷയിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയ ശ്രീ. അശോകൻ പി.പി, 30-11-2016 മുതൽ 180 ദിവസത്തേയ്ക്ക് പ്രത്യേക അവശതാവധിക്കായി ഉചിത മാർഗ്ഗേണ അപേക്ഷിച്ചിരുന്നു. പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുകയും ടിയാന് കെ.എസ്.ആർ, ഭാഗം I, ചട്ടം 98-ഉം അതിനു താഴെയുള്ള നിബന്ധനയും പ്രകാരം 30-11-2016 മുതൽ 119 ദിവസത്തേയ്ക്ക് പൂർണ്ണ ശമ്പളത്തോട് കൂടി പ്രത്യേക അവശതാവധി അനുവദിക്കുകയും ബാക്കി കാലയളവിലേയ്ക്ക് ടിയാന് അർഹതപ്പെട്ട മറ്റ് അവധിയും അതനുസരിച്ചുള്ള അവധി ശമ്പളവും അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ,സ. ഉ. (സാ.ധാ) നമ്പർ 2190/2017/ആ.കു.വ, തീയതി 4-8-2017 പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 1-6-2017 മുതൽ മൂന്ന് മാസകാലയളയിലേയ്ക്ക് പ്രത്യേക അവശതാവധി ദീർഘിപ്പിച്ച് നൽകുന്നതിനായി ടിയാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിക്കുകയും കെ.എസ്.ആർ ഭാഗം I, ചട്ടം 98-ഉം അതിനു താഴെയുള്ള നിബന്ധനയും പ്രകാരം 30.11.2016 മുതൽ 119 ദിവസത്തേക്ക് പൂർണ്ണ ശമ്പളത്തോടുകൂടി പ്രത്യേക അവശതാവധി അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാന് വീണ്ടും പ്രത്യേക അവശതാവധി അനുവദിക്കാനാവില്ല എന്നും ടിയാന് അർഹതപ്പെട്ട മറ്റ് അവധികളോ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയോ ഉപയുക്തമാക്കാവുന്നതാണെന്നും 6-12-2017-ലെ 422/സി2/2017/ആ.കു.വ. നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

(ഡി) മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷ സർക്കാർ പരിശോധിച്ചു വരികയാണ്.

**ഹോമിയോ വിഭാഗത്തിലെ നഴ്സുമാരുടെ ജോലിസമയ ക്രമീകരണം**

209 (5874) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിൽ അലോപ്പതി, ആയുർവേദ ഹോമിയോപ്പതി വിഭാഗങ്ങളിലെ നഴ്സുമാരുടെ ജോലിയുടെ സമയ ക്രമീകരണം എങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്; ഇവിടെ എത്ര ഷിഫ്റ്റ് സമ്പ്രദായമാണ് നിലവിൽ ഉള്ളത്; വിശദമാക്കുമോ;

(ബി) ഹോമിയോ വിഭാഗത്തിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് രണ്ട് ഷിഫ്റ്റ് ആണോ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) ഇവർക്ക് ഏഴ് ദിവസം തുടർച്ചയായി രാത്രി ഡ്യൂട്ടി ചെയ്താൽ നൈറ്റ് ഓഫ് നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ്;

(ഡി) സംസ്ഥാനത്ത് അലോപ്പതി, ആയുർവേദം വിഭാഗങ്ങളിലെ നഴ്സുമാർക്ക് മൂന്ന് ഷിഫ്റ്റും നൈറ്റ് ഡ്യൂട്ടി ഓഫും നൽകുന്നുണ്ടെങ്കിൽ ഹോമിയോ വിഭാഗത്തിലെ നഴ്സുമാർക്ക് ഈ പരിഗണന നൽകാത്തത് എന്തു കൊണ്ടാണ്; ഇവർക്കും ഈ പരിഗണന ലഭിക്കേണ്ടവരല്ലേ; ആണെങ്കിൽ ഇതു സംബന്ധിച്ച് ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന് കീഴിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള മേജർ ആശുപത്രികളിൽ രാവിലെ 7.30 മുതൽ ഉച്ചക്ക് 1.30 വരെയും ഉച്ചയ്ക്ക് 1.30 മുതൽ വൈകിട്ട് 7.30 വരെയും, രാത്രി ഡ്യൂട്ടി വൈകിട്ട് 7.30 മുതൽ രാവിലെ 7.30 വരെയും ആയി ഡ്യൂട്ടി സമയം നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മൂന്ന് ഷിഫ്റ്റ് ഇല്ലാത്ത ആശുപത്രികളിൽ (2 ഷിഫ്റ്റ്) രാവിലെ 8 മുതൽ വൈകിട്ട് 6 മണിവരെയും വൈകിട്ട് 6 മണി മുതൽ രാവിലെ 8 മണിവരെയും ആയി ക്രമീകരിച്ചിരിക്കുന്നു. രാവിലെ മുതൽ ഒരു മണിവരെ എല്ലാവരും ഒന്നിച്ച് ഡ്യൂട്ടി എടുക്കണം. അതിനുശേഷം ഉച്ചകഴിഞ്ഞുള്ള ഡ്യൂട്ടിയിൽ 1 മണി മുതൽ 4 മണിവരെയും 4 മണി മുതൽ വൈകിട്ട് 6 മണിവരെയും ജോലി സമയം ക്രമീകരിച്ച് എടുക്കുകയാണ് ചെയ്യുന്നത്. പകൽ ഡ്യൂട്ടി സമയം 8 മണിക്കൂർ ആയിട്ട് ക്രമീകരിച്ചിരിക്കുന്നതാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഉള്ള മെഡിക്കൽ കോളേജ് ആശുപത്രികളിൽ 3 ഷിഫ്റ്റ് സമ്പ്രദായം ആണ് നിലവിൽ ഉള്ളത്. 7.30 മുതൽ 1.30 വരെ, 1.30 മുതൽ 7.30 വരെ, 7.30 മുതൽ 7.30 വരെ.

ഭാരതീയ ചികിത്സാ വകുപ്പിൽ മുപ്പതോ അതിലധികമോ കിടക്കകളുള്ള ആശുപത്രികളിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായമാണ് നിലവിലുള്ളത്. രാവിലെ 7 മണി മുതൽ ഉച്ചക്ക് 1 മണിവരെയും, ഉച്ചക്ക് 1 മണി മുതൽ വൈകുന്നേരം 7 മണിവരെയും വൈകുന്നേരം 7 മണി മുതൽ രാവിലെ 7 മണിവരെയും.

ഹോമിയോപ്പതി വകുപ്പിലെ നേഴ്സുമാർക്ക് 8 മണി മുതൽ വൈകിട്ട് 6 വരെയും, വൈകിട്ട് 6 മണി മുതൽ രാവിലെ 8 മണിവരെയുമുള്ള രണ്ട് ഷിഫ്റ്റ് സമ്പ്രദായമാണ് നിലവിൽ ഉള്ളത്.

(ബി) ഹോമിയോപ്പതി വകുപ്പിലെ നഴ്സുമാർക്ക് 8 മണി മുതൽ വൈകിട്ട് 6 വരെയും, വൈകിട്ട് 6 മണി മുതൽ രാവിലെ 8 മണിവരെയുമുള്ള രണ്ട് ഷിഫ്റ്റ് സമ്പ്രദായമാണ് നിലവിൽ ഉള്ളത്.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മൂന്ന് ദിവസം ജോലി ചെയ്താൽ ഒരു നൈറ്റ് ഓഫ് കൊടുക്കാറുണ്ട്.

ഹോമിയോപ്പതി വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് വീക്കിലി ഓഫായി ആഴ്ചയിൽ ഒരു ദിവസമേ നൽകുവാൻ കഴിയുകയുള്ളൂ.

(ഡി) ഹോമിയോപ്പതി വകുപ്പിലെ നഴ്സുമാരുടെ ഡ്യൂട്ടി സമയം ക്രമീകരിക്കുന്നത് സംബന്ധിച്ച വിഷയം ആയുഷ് വകുപ്പ് പരിശോധിച്ചുവരുന്നു.

## അനധികൃതമായും ദീർഘകാല അവധികളിലുമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർ

210 (5875) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനും ആരോഗ്യവിദ്യാഭ്യാസ വകുപ്പിനും കീഴിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ഉണ്ടെന്നും പ്രസ്തുത തസ്തികകളിൽ അനധികൃതമായും ദീർഘകാല അവധികളിലുമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ജോലിക്ക് ഹാജരാകാതെയുള്ള ഡോക്ടർമാരുടെ പേരിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ജോലിക്കു ഹാജരാകാത്ത ഡോക്ടർമാരിൽ ഗൾഫിലും സംസ്ഥാനത്തും മറ്റുസംസ്ഥാനങ്ങളിലുമുള്ള ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്നവരെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിലെ ഒഴിവുകൾ ഉൾപ്പെടെ സംസ്ഥാനത്താകമാനം നിലവിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ട് എന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡോക്ടർമാരുടെ അനുവദനീയമായ തസ്തിക ചുവടെ ചേർക്കുന്നു:

അസിസ്റ്റന്റ് സർജൻ - 2683

സിവിൽ സർജൻ - 245

സ്പെഷ്യാലിറ്റി കേഡർ - 2146

അഡ്മിനിസ്ട്രേറ്റീവ് കേഡർ - 276

2015-17 കാലയളവുകളിലായി ആരോഗ്യ വകുപ്പിൽ ആകെ 265 ഡോക്ടർമാർ സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നുണ്ട്.

<u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ ആകെ തസ്തികകൾ</u>

| | |
|---|---|
| ക്ലിനിക്കൽ വിഭാഗം | - 1279 |
| നോൺ ക്ലിനിക്കൽ വിഭാഗം | - 832 |
| ദന്തൽ വിഭാഗം | - 207 |
| ആകെ | - 2380 |
| ii) അവധിയിലുള്ള ഡോക്ടർമാർ | - 17 |
| iii) അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവർ | - 61 |

(ബി &സി) അനധികൃതമായി സർവ്വീസിൽനിന്നും വിട്ടുനിൽക്കുന്ന സീനിയർ ഡോക്ടർമാർക്കെതിരായി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

(ഡി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ ആകെ 528 ഡോക്ടർമാരുടെ ഒഴിവുകളും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആകെ 450 ഒഴിവുകളും നിലവിലുണ്ട്. നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തും സ്ഥാനക്കയറ്റം വഴി നികത്തേണ്ട ഒഴിവുകൾ വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി യോഗം ചേർന്നും, പി.എസ്.സി. വഴി നികത്താൻ കാലതാമസമുള്ള എൻട്രി കേഡർ നിയമനങ്ങൾ കരാർ അടിസ്ഥാനത്തിലും നിയമിച്ച് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ പ്രൊമോഷൻ

211 (5876) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച നിരവധിപേർ 15 വർഷത്തിലധികമായി പ്രൊമോഷൻ ലഭിക്കാതെ അതേ തസ്തികയിൽ തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്തതിനാൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) ആരോഗ്യ വകുപ്പ് : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് സീനിയോറിറ്റി സംബന്ധിച്ച വിഷയത്തിൽ കോടതി വ്യവഹാരത്തിൽ ഏർപ്പെടുകയും ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തിരുന്നു. ആയതിനാലാണ് പ്രൊമോഷൻ നടപടികൾ വൈകുന്ന സാഹചര്യം ഉണ്ടായത്. പ്രസ്തുത കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 2-3-2018-ൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ നിന്ന് പ്രൊമോഷൻ നൽകുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 15 വർഷത്തിലധികമായി പ്രൊമോഷൻ ലഭിക്കാതെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ തുടരുന്ന ജീവനക്കാരാരും തന്നെ ഇല്ല.

## സീനിയോറിറ്റി ലിസ്റ്റ്

212 (5877) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.പി.എച്ച്.എൻ ഗ്രേഡ്-I, ഗ്രേഡ്- II തസ്തികകളിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്നത് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) എൽ.എച്ച്. ഐ., എൽ.എച്ച്.എസ്. തസ്തികകളിൽ ഒഴിവുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജെ.പി.എച്ച്.എൻ. - സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കുമോ; 31-12-2006 -ന് ശേഷം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ; വിശദമാക്കാമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന് കീഴിൽ ജെ.പി.എച്ച്.എൻ ഗ്രേഡ്-I, ഗ്രേഡ്-II തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ പറയുന്നു:

| ജില്ല | ജെ.പി.എച്ച്.എൻ. ഗ്രേഡ്-I | ജെ.പി.എച്ച്.എൻ ഗ്രേഡ്-II |
|---|---|---|
| തിരുവനന്തപുരം | 264 | 263 |
| കൊല്ലം | 213 | 214 |
| പത്തനംതിട്ട | 128 | 133 |
| ആലപ്പുഴ | 105 | 273 |
| കോട്ടയം | 170 | 189 |
| ഇടുക്കി | 116 | 181 |
| എറണാകുളം | 193 | 230 |
| തൃശ്ശൂർ | 227 | 212 |
| പാലക്കാട് | 226 | 251 |
| മലപ്പുറം | 253 | 259 |
| കോഴിക്കോട് | 193 | 209 |
| വയനാട് | 92 | 95 |
| കണ്ണൂർ | 201 | 173 |
| കാസർഗോഡ് | 104 | 125 |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ജെ.പി.എച്ച്.എൻ. ഗ്രേഡ്-I, ഗ്രേഡ്-II തസ്തികകളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്-2, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ്-1, കോട്ടയം സർക്കാർ മെഡിക്കൽ

കോളേജ്-2, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ്-2 എന്നിങ്ങനെ ജോലി ചെയ്യുന്നു.

(ബി) ഒഴിവുണ്ട്. ആരോഗ്യ വകുപ്പിന് കീഴിൽ നിലവിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റംവഴി നികത്തുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ എൽ.എച്ച്.ഐ.മാരുടെ ഓരോ ഒഴിവുകൾ നിലവിലുണ്ട്. എൽ.എച്ച്.എസ് തസ്തിക നിലവിലില്ല.

(സി) ആരോഗ്യ വകുപ്പിന് കീഴിൽ 21-1-1994 മുതൽ 31-12-2006 വരെ ജോലിയിൽ പ്രവേശിച്ച രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. 10-8-2009-ൽ എഫ്.ഡബ്ല്യു. (സ്പെഷ്യൽ സെൽ) 61647/2007 നമ്പർ ഉത്തരവായി ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രസിദ്ധീകരിച്ച പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ 3573 പേർ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* 31-12-2006-ന് ശേഷം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. 7-7-2007 മുതൽ ജോലിയിൽ പ്രവേശിച്ച രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന നടപടിക്രമങ്ങൾ 25-8-2016-ലെ ഇ.എസ്5/ 19255/2016/ആവഡ. ഫയൽ പ്രകാരം നടന്നുവരികയാണ്. കാലതാമസം കൂടാതെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല. തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

## റേഡിയോളജിസ്റ്റിനെ നിയമിക്കാൻ നടപടി

213 (5878) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റ് ഇല്ലാത്തതിനാൽ പുതുതായി വാങ്ങിയ അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ എത്തിച്ചേരുന്ന സാധാരണക്കാരായ ജനങ്ങൾ വൻ നിരക്ക് നൽകി പുറത്ത് സ്കാൻ ചെയ്യുന്നത് കണക്കിലെടുത്ത് ആശുപത്രിയിൽ റേഡിയോളജിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) റേഡിയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ 10-5-2010 മുതൽ പ്രവർത്തിച്ചുവരുന്നു. റേഡിയോളജിസ്റ്റിന്റെ സ്ഥിരം തസ്തിക നിലവിലില്ല. കോൺട്രാക്ട് അടിസ്ഥാനത്തിലാണ് റേഡിയോളജിസ്റ്റിനെ നിയമിച്ചിരുന്നത്. എന്നാൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിരുന്ന റേഡിയോളജിസ്റ്റ് ജോലി വിട്ടുപോയി.

(ബി) റേഡിയോളജിസ്റ്റിനെ കോൺട്രാക്ട് അടിസ്ഥാനത്തിൽ തുടർന്നും നിയമിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) റേഡിയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**ഹോമിയോ ഫാർമസിസ്റ്റുകളുടെ തസ്തിക**

214 (5879) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി ഹോമിയോ ഫാർമസിസ്റ്റുകളുടെ എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) എൻ.ആർ.എച്ച്.എം- ന് കീഴിൽ സംസ്ഥാനത്ത് ഹോമിയോ ഫാർമസിസ്റ്റ് തസ്തികയിൽ വിരമിച്ചവരേയും നിശ്ചിത യോഗ്യതയില്ലാത്തവരേയും നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഹോമിയോ ഫാർമസിസ്റ്റുകൾക്ക് വേണ്ട പി.എസ്.സി. അംഗീകരിച്ച യോഗ്യതയെന്താണെന്നും, നിലവിൽ ഓരോ ജില്ലയിലും എൻ.ആർ.എച്ച്.എം- ലും മറ്റുമായി നിയമനം നൽകിയവരുടെ യോഗ്യത എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് സി.സി.പി, എൻ.സി.പി. കോഴ്സ് പാസായ നിരവധി ഉദ്യോഗാർത്ഥികൾ ജോലി ലഭിക്കാതെ പുറത്ത് നിൽക്കുന്ന സാഹചര്യത്തിൽ യോഗ്യതയില്ലാത്തവരെയും, വിരമിച്ചവരെയും എൻ.ആർ.എച്ച്.എം. - ലും മറ്റും നിയമിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള ഹോമിയോ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹോമിയോപ്പതി വകുപ്പിൽ 129-ഉം നാഷണൽ ഹെൽത്ത് മിഷനിൽ 66-ഉം ഫാർമസിസ്റ്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) ഉണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്താണ് എൻ.ആർ.എച്ച്.എം. ഫാർമസിസ്റ്റ് നിയമനം നടത്തിവരുന്നത്. മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിച്ച കാലത്ത് വിരമിച്ചയാളെ ഫാർമസിസ്റ്റ് തസ്തികയിൽ നിയമിച്ചിരുന്നു. പിന്നീട് യോഗ്യതയുള്ളയാളെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ പത്ര പരസ്യം നൽകിയിട്ടും നിശ്ചിത യോഗ്യതയുള്ളവരൊന്നും ഇന്റർവ്യൂവിന് ഹാജരാകാതിരുന്നതിനാൽ ഫാർമസിസ്റ്റ് തസ്തികയിൽ നിശ്ചിത യോഗ്യതയില്ലാത്ത ആളെ നിയമിച്ചിട്ടുണ്ട്.

(സി) എസ്.എസ്.എൽ.സി.-യും നഴ്സ് കം ഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി)/സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസിയും ആണ് ഹോമിയോ ഫാർമസിസ്റ്റുകൾക്ക് വേണ്ടി പി.എസ്.സി. അംഗീകരിച്ച യോഗ്യത. ഫാർമസിയിൽ ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ ആണ് എൻ.ആർ.എച്ച്.എം. ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിന് അടിസ്ഥാന യോഗ്യതയായി ഗ്രാമപഞ്ചായത്തുകൾ പരിഗണിക്കുന്നത്.

(ഡി) ആവശ്യമായ പരസ്യം നൽകി ഇന്റർവ്യൂ നടത്തിയിട്ടും നിശ്ചിത യോഗ്യതയുള്ളവർ ഹാജരാകാത്ത സാഹചര്യത്തിൽ ചുരുക്കം ചില ഗ്രാമ പഞ്ചായത്തുകളിൽ മതിയായ യോഗ്യതയില്ലാത്തവരെയും വിരമിച്ചവരെയും നിയമിച്ചിട്ടുണ്ട്.

(ഇ) ഹോമിയോപ്പതി വകുപ്പിലെ ഹോമിയോ ഫാർമസിസ്റ്റുകളുടെ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തുത്താല പി.എച്ച്.സി.യിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം

215 (5880) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുത്താല പി.എച്ച്.സി. -യിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ തസ്തികകളിലാണ് സ്ഥിരം നിയമനം നടത്തിയിട്ടുള്ളതെന്നും കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഏതെങ്കിലും തസ്തികകൾ ഈ ആശുപത്രിയിൽനിന്നും മാറ്റിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ മാറ്റിയ തസ്തികകളുടേയും അവയുടെ എണ്ണവും വ്യക്തമാക്കാമോ; ഇങ്ങനെ തസ്തികകൾ മാറ്റാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ടി ആശുപത്രിയിൽ ഒ.പി.സേവനവും ഐ.പി സേവനവും എല്ലാ ദിവസവും ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) പൊതുജനങ്ങൾക്ക് എല്ലാ ദിവസവും ഒ.പി. സേവനവും ഐ.പി സേവനവും ലഭ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 2 |
| 2 | ഹെഡ്നഴ്സ് | 1 |
| 3 | സ്റ്റാഫ് നഴ്സ് | 3 |
| 4 | ഫാർമസിസ്റ്റ് | 1 |
| 5 | നേഴ്സിംഗ് അസിസ്റ്റന്റ് | 5 |
| 6 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II | 3 |
| 7 | ക്ലാർക്ക് | 1 |

| | | |
|---|---|---|
| 8 | ഓഫീസ് അറ്റൻഡന്റ് | 1 |
| 9 | ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 10 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 |
| 11 | പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| 12 | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | 5 |
| 13 | ലാബ് ടെക്നീഷ്യൻ | 1 |
| 14 | ഡ്രൈവർ | 1 |
| 15 | പാർട്ട് ടൈം സ്വീപ്പർ | 1 |
| ആകെ | | 30 |

(ബി) തുത്താല സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാർ ഇല്ല. ഇവിടെ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരം നൽകുന്നു:

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 2 |
| 2 | ഹെഡ്നേഴ്സ് | 1 |
| 3 | സ്റ്റാഫ് നേഴ്സ് | 3 |
| 4 | ഫാർമസിസ്റ്റ് | 1 |
| 5 | നേഴ്സിംഗ് അസിസ്റ്റന്റ് | 3 |
| 6 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II | 3 |
| 7 | ക്ലാർക്ക് | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 1 |
| 9 | ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 10 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 |
| 11 | പബ്ലിക് ഹെൽത്ത് നേഴ്സ് | 1 |
| 12 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 5 |
| 13 | ലാബ് ടെക്നീഷ്യൻ | 1 |
| 14 | ഡ്രൈവർ | 1 |
| 15 | പാർട്ട് ടൈം സ്വീപ്പർ | 1 |
| ആകെ | | 28 |

(സി) ഉണ്ട്. സ്റ്റാഫ് നേഴ്സ് തസ്തിക 6 എണ്ണം ഉണ്ടായിരുന്നതിൽ

(1) 25-2-2014-ലെ സ.ഉ.(സാധാ) നമ്പർ 652/2014/ആ.കു.വ. പ്രകാരം ചാലിശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി സ്റ്റാഫ് നഴ്സിന്റെ ഒരു തസ്തിക ചാലിശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്.

(2) 19-6-2014-ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നമ്പർ ഇ. ഇ 1/14640/2014 പ്രകാരം ജില്ലയിലെ ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് ഗ്രേഡ് - I & II തസ്തിക 2:2:1 എന്ന അനുപാതത്തിൽ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഓരോ എണ്ണമായി സാമൂഹികാരോഗ്യ കേന്ദ്രം അലനല്ലൂർ, അഗളി എന്നീ സ്ഥാപനങ്ങളിലേയ്ക്ക് തസ്തികയോടുകൂടി ഷിഫ്റ്റ് ചെയ്തിട്ടുള്ളതാണ്.

(ഡി) ഐ.പി. സേവനം 2015 ജൂലൈ 15 വരെ ഉണ്ടായിരുന്നു. ഒ.പി.സേവനം ദിവസവും ഉണ്ട്. 300 രോഗികൾ വരെ വരാറുണ്ട്.

(ഇ) നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി ഒരു ജില്ലയിൽ ഒരു ജില്ലാശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇപ്രകാരം പദ്ധതി പൂർണ്ണ രൂപത്തിൽ നടപ്പിലാക്കുമ്പോൾ പൊതുജനങ്ങൾക്ക് എല്ലാ ദിവസവും ഒ.പി. സേവനവും ഐ.പി. സേവനവും ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇടുക്കി മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലുള്ള ഒഴിവുകൾ**

216 (5881) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയെന്നും കാറ്റഗറി തിരിച്ച് വിശദമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) സ്പെഷ്യാലിറ്റി കേഡറിലെ പ്രവേശന തസ്തികയായ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ സ്പെഷ്യാലിറ്റി യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാർക്ക് പ്ലേസ്മെന്റ് നൽകി നികത്തുന്നതാണ്. ഉദ്യോഗക്കയറ്റ തസ്തികയിലെ ഒഴിവുകൾ വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി കൂടുന്ന മുറയ്ക്ക് നികത്തുന്നതാണ്.

സർജൻ, ക്യാഷ്വാലിറ്റി മെഡിക്കൽ ആഫീസർ എന്നീ തസ്തികകളിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

ഹെഡ്നഴ്സ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്താനുള്ള നടപടികൾ നടന്നുവരുന്നു.

ജില്ലാതലത്തിൽ നിയമനം നടത്തുന്ന തസ്തികകളിൽ ഒഴിവുകൾ എല്ലാം തന്നെ ജില്ലാ മെഡിക്കൽ ഓഫീസർ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

## സർക്കാർ ദന്തൽ കോളേജുകൾ

217 (5882) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ദന്തൽ കോളേജുകളിൽ ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഏറ്റവും പുതിയ മാനദണ്ഡം അനുസരിച്ചുള്ള അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ ദന്തൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികളുടെ എണ്ണവും നിലവിലുള്ള ഡോക്ടർമാരുടെ എണ്ണവും തമ്മിലുള്ള അനുപാതം പരിശോധിച്ച് കൂടുതൽ തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തലത്തിൽ ദന്തൽ ഡോക്ടർ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2018-ലെ ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പുതിയ മാനദണ്ഡപ്രകാരം തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ല. എങ്കിലും ചില കേഡർ അസോസിയേറ്റ് തസ്തികകളിൽ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് 40 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ദന്തൽ അസിസ്റ്റന്റ് സർജൻ തസ്തികകൾ നിലവിലുണ്ട്. കൂടാതെ 55 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന ദന്തൽ സർജന്റെ സേവനം ലഭ്യമാണ്. 26 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കൂടി നാഷണൽ ഹെൽത്ത് മിഷൻ മുഖേന ദന്തൽ വിഭാഗം ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**ഗൈനക്കോളജിസ്റ്റ് തസ്തിക**

218 (5883) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയായ നൃത്താലയത്തിൽ ഗൈനക്കോളജിസ്റ്റ് തസ്തിക നിലവിലുണ്ടോ ; പ്രസ്തുത തസ്തികയിൽ നിലവിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നുമുതലാണ് ഈ തസ്തിക ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ പുതുതായി നിർമ്മിച്ച ഓപ്പറേഷൻ തീയേറ്ററും വാർഡും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത ആശുപത്രിയിൽ അടിയന്തരമായി ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ രണ്ട് ജൂനിയർ കൺസൾട്ടന്റ്മാരെ നിയമിച്ചിരുന്നു. എന്നാൽ മാതൃമരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി നടന്ന എം.എം.ആർ. റിവ്യൂ മീറ്റിംഗിൽ പ്രസവം നടക്കാത്ത

ആശുപത്രികളിൽനിന്നും ഗൈനക്കോളജിസ്റ്റുകളെ പ്രസവം നടക്കുന്ന ആശുപത്രിയിലേയ്ക്ക് മാറ്റി നൽകാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആയുർവേദ ആശുപത്രിയിൽ നിന്നും ജൂനിയർ കൺസൾട്ടന്റുമാരെ (ഗൈനക്കോളജി) രണ്ടുപേരെ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്.

(ബി) പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതുതായി നിർമ്മിച്ച ഓപ്പറേഷൻ തീയേറ്ററും വാർഡും പ്രവർത്തനക്ഷമമാണ്.

(സി) പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് ഡോ. ജയശ്രീയെ തിരുവനന്തപുരം പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

**ലബോറട്ടറികളിൽ ഏകീകൃത ഫീസ്**

219 (5884) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ലാബോറട്ടറികളിൽ ഒരേ ടെസ്റ്റിന് പല തരത്തിലുള്ള ഫീസ് ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വിവിധ തരത്തിലുള്ള ടെസ്റ്റുകൾക്ക് ഏകീകൃത തരത്തിലുള്ള ഫീസ് ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വകാര്യ ആശുപത്രികളെയും ലബോറട്ടറികളെയും നിയന്ത്രിക്കാനുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന് നിയമസഭ അംഗീകാരം നൽകിയിട്ടുണ്ട്. ബില്ല് നടപ്പിലാക്കുന്നതിന് വേണ്ടി ചട്ടങ്ങൾ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പ്രാവർത്തികമാക്കുമ്പോൾ വിവിധ തരത്തിലുള്ള ടെസ്റ്റുകൾക്ക് വിവിധ തരത്തിലുള്ള ഫീസ് ഈടാക്കുന്നത് നിയന്ത്രിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

**രാസപദാർത്ഥങ്ങൾ അടങ്ങിയ ജ്യൂസുകളുടെ വിൽപ്പന തടയാൻ നടപടി**

220 (5885) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കറികൾ, ഐസ്ക്രീം പാർലറുകൾ, ജ്യൂസ് കടകൾ എന്നിവിടങ്ങളിൽ കൃത്രിമമായ രീതിയിൽ രാസപദാർത്ഥങ്ങൾ അടങ്ങിയതും ആരോഗ്യത്തിന് ഹാനികരമായതുമായ ജ്യൂസുകൾ തയ്യാറാക്കി വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ജ്യൂസുകൾ ഉണ്ടാക്കി വില്പന നടത്തുന്നതിന് ആവശ്യമായ ചേരുവകളും മിക്സുകളും നിർമ്മിച്ച് കടകളിലെത്തിക്കുന്നവരെക്കുറിച്ച് എന്തെങ്കിലും അറിവുണ്ടോ; വിവരം കണ്ടെത്തുന്നതിന് ശ്രമിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇതുമൂലം വരും തലമുറയ്ക്ക് വരുന്ന ആരോഗ്യ വിപത്ത് മനസ്സിലാക്കി ഇത്തരം വൻകിട കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ-സി) ബേക്കറികൾ, ഐസ്ക്രീം പാർലറുകൾ, ജ്യൂസ് കടകൾ എന്നിവിടങ്ങളിൽ രാസപദാർത്ഥങ്ങൾ അടങ്ങിയതും ആരോഗ്യത്തിന് ഹാനികരമായതുമായ പദാർത്ഥങ്ങൾ അടങ്ങിയ ജ്യൂസ് വിൽപ്പന നടത്തുന്നതായി കണ്ടെത്തിയിട്ടില്ല. എന്നാൽ വൃത്തിഹീനമായ സാഹചര്യത്തിലും ശുദ്ധജലത്തിൽ നിർമ്മിക്കാത്ത ഐസ് ഉപയോഗിച്ച് ജ്യൂസ് നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഓപ്പറേഷൻ സാഗർ റാണി പദ്ധതി**

221 (5886) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യങ്ങളിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനുള്ള ഓപ്പറേഷൻ സാഗർ റാണി പദ്ധതി വിജയപ്രദമാണോ;

(ബി) ഈ പദ്ധതി പ്രകാരം ആർക്കെങ്കിലുമെതിരെ 2017-ൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മീനുകളിൽ ചേർത്തിരിക്കുന്ന രാസപദാർത്ഥങ്ങൾ കണ്ടുപിടിക്കുന്നതിന് നിലവിൽ എന്തൊക്കെ പരിശോധനകളാണ് നടത്തുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഓപ്പറേഷൻ സാഗർ റാണി ഒന്നും രണ്ടും ഘട്ടങ്ങൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. മൂന്നാം ഘട്ടം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. 2017-ൽ 6 പേർക്കെതിരെ അജ്യൂഡിക്കേഷൻ നടപടികളും 3 പേർക്കെതിരെ പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 3 പേർക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) മീനുകളിൽ ചേർക്കാൻ സാധ്യതയുള്ള ഫോർമാലിൻ, സോഡിയം ബൻസോയേറ്റ് എന്നീ രാസപദാർത്ഥങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ടെസ്റ്റുകളോടൊപ്പം മൈക്രോബയോളജി ടെസ്റ്റുകളും നടത്താറുണ്ട്.

**ആരാധനാലയങ്ങളിലെ ഭക്ഷ്യസുരക്ഷ**

222 (5887) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആരാധനാലയങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കേന്ദ്ര പദ്ധതിയായ ഭോജ് (Blissful Hygienic Offering to God)- ന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതിന്റെ നടത്തിപ്പ് എപ്രകാരമാണെന്നും നിയമിക്കപ്പെട്ട നോഡൽ ഓഫീസർമാർ ഏത് വകുപ്പിന് കീഴിലുള്ളവരാണെന്നും അറിയിക്കാമോ;

(സി) ഇതിനായി കേന്ദ്രഫണ്ട് ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ - സി) പ്രസ്തുത പദ്ധതി FSSAI (ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ)യുടെ സജീവ പരിഗണനയിലാണ്. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

**ടെക്നോപാർക്കിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ റെയ്ഡ്**

223 (5888) <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഹൈബി ഈഡൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ രജിസ്ട്രേഷനില്ലാതെ പാൻട്രികളും ക്യാന്റീനുകളും പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് റെയ്ഡ് ചെയ്ത് പിഴ ചുമത്തിയിരുന്നോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ റെയ്ഡിനെതിരെ ടെക്നോപാർക്ക് അധികൃതർ പരാതി നൽകിയിരുന്നോ; എന്തായിരുന്നു പരാതിയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോയെന്നും വ്യക്തമാക്കുമോ;

(ഡി) ഈ റെയ്ഡിനു ശേഷം ഭക്ഷ്യസുരക്ഷാ കമ്മീഷണറെ തൽസ്ഥാനത്ത് നിന്ന് സ്ഥലം മാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) ടെക്നോപാർക്കിൽ നടത്തിയ റെയ്ഡിനെതിരെ ജിടെക് എന്ന സ്ഥാപനം പരാതി നൽകിയിരുന്നു. ആയത് റിപ്പോർട്ടിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് അയച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഭരണപരമായ സൗകര്യം കണക്കിലെടുത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറെ മാറ്റി ഉത്തരവായിട്ടുണ്ട്.

## കാൻസർ രോഗത്തിന്റെ മൂലകാരണം കണ്ടെത്തുന്നതിനുള്ള ഗവേഷണങ്ങൾ

224 (5889) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗത്തിന്റെ മൂലകാരണം കണ്ടെത്തുന്നതിനുള്ള ഗവേഷണങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൻസർ രോഗത്തിന്റെ മൂലകാരണങ്ങൾ കണ്ടെത്താനായി സംസ്ഥാനാടിസ്ഥാനത്തിൽ വിപുലമായ ഗവേഷണം നടത്തുന്നതിനുള്ള സംവിധാനം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**അവയവദാനത്തിന്റെ മറവിൽ നടക്കുന്ന ചൂഷണം**

225 (5890) ശ്രീ. ഇ. പി. ജയരാജൻ:

ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. പി. കെ. ശശി:

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനത്തിന്റെ മറവിൽ നടക്കുന്ന ചൂഷണം നിയന്ത്രിക്കുന്നതിനായി നിയമം കർശനമാക്കിയതിനുശേഷം അവയവദാനം ഗണ്യമായി കുറഞ്ഞതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തിൽ അവയവദാനം സംബന്ധിച്ച പരസ്യം മുതൽ പരിശോധനകൾ വരെ സർക്കാരിന്റെ മേൽനോട്ടത്തിൽ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) തെറ്റായ പ്രചാരണങ്ങൾ അവയവദാനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ പൊതുജനങ്ങൾക്കിടയിൽ ശരിയായ ബോധവൽക്കരണം ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അവയവ മാറ്റ ശസ്ത്രക്രിയയ്ക്കുള്ള നിരക്ക് ഏകീകരിക്കുന്നതിനും ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്കും ദാതാക്കൾക്കും കുറഞ്ഞ ചെലവിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരസ്യത്തിലൂടെ അവയവദാതാക്കളെ കണ്ടെത്തുന്നത് വാണിജ്യ താൽപ്പര്യങ്ങൾക്ക് ഇടയാക്കുമെന്നുള്ളതിനാൽ 15.02.2018-ലെ സ.ഉ.(കൈ) നമ്പർ 26/2018/ആകുവ. പ്രകാരം ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും SWAP Donation-ഉം പരോപകാര തൽപ്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ടുവരുന്നവർക്കുവേണ്ടിയും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരോപകാരതൽപ്പരതയോടുകൂടി അവയവദാനം നടത്താൻ ഉദ്ദേശിക്കുന്ന ദാതാവ്

അവയവം ദാനംചെയ്യുന്നതിന് അനുയോജ്യനാണോ എന്ന് കണ്ടെത്തുന്നതിനുള്ള പരിശോധനകൾ സർക്കാർ ആശുപത്രികളിലോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ട്രാൻസ്പ്ലാന്റേഷൻ സെന്ററുകളിലോ സൗജന്യമായി നടത്തുന്നതിന് ഈ മാർഗ്ഗനിർദ്ദേശം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പൊതുജനങ്ങൾക്കിടയിൽ മരണാനന്തര അവയവ ദാനത്തെക്കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും അവയവദാനത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുമായി സെമിനാറുകൾ, ശിൽപ്പശാലകൾ, മെഡിക്കൽ-പാരാമെഡിക്കൽ സ്റ്റാഫിന് പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു. മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുവാനായി പ്രശസ്ത സിനിമാ താരം പത്മശ്രീ ഡോ. മോഹൻലാലിനെ ഗുഡ് വിൽ അംബാസിഡർ ആയി നിയമിച്ചിട്ടുണ്ട്.

(ഡി) അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് ഏകീകൃത നിരക്കാണ് നിലവിലുള്ളത്. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്കും ദാതാക്കൾക്കും കുറഞ്ഞ ചെലവിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## എച്ച്.എൽ.എൽ. ഹിന്ദ് ലാബ്

226 (5891) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറഞ്ഞ നിരക്കിൽ ലബോറട്ടറി പരിശോധന സാധ്യമാക്കുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയറിന്റെ ഹിന്ദ് ലാബിന്റെ പ്രവർത്തനം കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണാധികാരത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

227 (5892) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ എതുഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. സർക്കാർ പ്രഖ്യാപിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ.

**ആരോഗ്യ വകുപ്പിലെ അന്തർജില്ലാ സ്ഥലംമാറ്റം**

228 (5893) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ നാളിതുവരെ ക്ലാർക്ക്/സീനിയർ ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ തിരുവനന്തപുരം ജില്ലയിലേക്ക് എത്ര അന്തർ ജില്ലാ സ്ഥലം മാറ്റം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) സ്ഥലംമാറ്റം ലഭിച്ചവരുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്രകാരം സ്ഥലംമാറ്റം ലഭിക്കുന്നതിന് മുമ്പ് ഇവർ ജോലി ചെയ്തുവന്നിരുന്ന ജില്ല, ഉദ്യോഗക്കാലയളവ് എന്നിവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ക്ലാർക്ക്/സീനിയർ ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ ആർക്കും തന്നെ തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകിയിട്ടില്ല.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ തിരുവനന്തപുരം ജില്ലയിലേയ്ക്ക് 5 സ്ഥലം മാറ്റങ്ങൾ നൽകിയിട്ടുണ്ട്.

(ബി) 1. ശ്രീ. അനിൽ. റ്റി, സീനിയർ ക്ലാർക്ക്

2. ശ്രീ. വിമൽ. എം. ആർ, സീനിയർ ക്ലാർക്ക്

3. ശ്രീ. ജ്യോതിഷ് കുമാർ. എസ്. എസ്., സീനിയർ ക്ലാർക്ക്

4. ശ്രീ. ബിജുകുമാർ, സീനിയർ ക്ലാർക്ക്

5. ശ്രീ. ജോൺസൺ വൈ., സീനിയർ ക്ലാർക്ക്

(സി) 1. ശ്രീ. അനിൽ. റ്റി, കോട്ടയം (5 വർഷം)

2. ശ്രീ. വിമൽ. എം. ആർ., കോട്ടയം (6 വർഷം)

3. ശ്രീ. ജ്യോതിഷ് കുമാർ. എസ്. എസ്., തൃശ്ശൂർ (4 വർഷം 5 മാസം)

4. ശ്രീ. ബിജുകുമാർ, തൃശ്ശൂർ (5 വർഷം)

5. ശ്രീ. ജോൺസൺ വൈ., കോട്ടയം (6 വർഷം 9 മാസം)

## ചികിത്സാ ചെലവ് തിരികെ ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ

229 (5894) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സെക്രട്ടേറിയറ്റിലെ ഫുൾടൈം ജീവനക്കാരനായ ഷാൻ നമ്പാടിന്റെ ചികിത്സാ ചെലവ് തിരികെ ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ ;

(ബി) അടിയന്തര ശസ്ത്രക്രിയ ആവശ്യമായ സാഹചര്യത്തിൽ, സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയ ടിയാന്റെ ചികിത്സ ചെലവ് റീ ഇമ്പേഴ്സ് ചെയ്യാനുള്ള പ്രത്യേകാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആയതിനുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) നിയമസഭാ സെക്രട്ടേറിയറ്റിലെ ഫുൾടൈം ജീവനക്കാരനായ ഷാൻ നമ്പാടിന്റെ തിരുവനന്തപുരം സാന്ത്വന ഹോസ്പിറ്റലിലെ ചികിത്സയുമായി

ബന്ധപ്പെട്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പ്രൊപ്പോസൽ നിയമസഭാ സെക്രട്ടറി ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ച്, രോഗിയെ അംഗീകൃത മെഡിക്കൽ അറ്റൻഡന്റ് റഫർ ചെയ്തിട്ടില്ലാത്തതിനാലും പ്രസ്തുത ചികിത്സ സർക്കാർ ആശുപത്രികളിൽ ലഭ്യമായതിനാലും പ്രത്യേകാനുമതി നൽകാൻ നിർവ്വാഹമില്ല എന്ന വിവരം നിയമസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നു.

**ചികിത്സ കിട്ടാതെയുള്ള മരണങ്ങൾ**

230 (5896) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം ചികിത്സ കിട്ടാതെയുള്ള മരണങ്ങൾ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെടാറുണ്ടോ ;

(ബി) ഇത്തരം സംഭവങ്ങളിൽ സാധാരണ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെടാറുണ്ട്.

(ബി) ഇത്തരം സംഭവങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാരാണെന്ന് കാണുന്ന പക്ഷം പ്രസ്തുത ജീവനക്കാർക്കെതിരെ നിയമ പ്രകാരമുള്ള വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാറുണ്ട്. കൂടുതൽ ഗൗരവതരമായ വീഴ്ച ശ്രദ്ധയിൽപ്പെട്ട കേസുകളിൽ പോലീസ് അന്വേഷണവും നടത്തിയിട്ടുണ്ട്.

**മെന്റൽ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

231 (5897) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട മാനസിക ആരോഗ്യ കേന്ദ്രത്തെ മെന്റൽ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായിട്ടുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) മാനസിക ദൗർബല്യത്തിൽനിന്നും മുക്തരാകുന്നവരെ സമൂഹം അംഗീകരിക്കാത്ത സ്ഥിതി വിശേഷമുണ്ടോ;

(സി) മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ചികിത്സയ്ക്ക് ശേഷം സുഖം പ്രാപിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം പേരൂർക്കട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി അതിന്റെ പേര് മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ എന്നാക്കി പുനർ നാമകരണം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്.

(ബി) ഉണ്ട്. മാനസിക രോഗത്തിന് ചികിത്സയെടുത്ത് രോഗം ഭേദമായാലും അത് അംഗീകരിക്കുവാനും സാധാരണ വ്യക്തികളെപ്പോലെ കണക്കാക്കി ആത്മാഭിമാനത്തോടെ ജീവിക്കുന്നതിനും, സമൂഹത്തിന്റെ കാഴ്ചപ്പാട് തടസ്സമാക്കുന്ന സാഹചര്യം ഇന്നും നിലനിൽക്കുന്നു. ഒരിക്കൽ മാനസിക രോഗിയായാൽ എല്ലാ കാലത്തേയ്ക്കും മാനസിക രോഗി എന്ന് മിക്കവരും ചിന്തിക്കുന്നു. മാനസിക രോഗങ്ങൾ മറ്റ് ഏതൊരു ശാരീരിക രോഗത്തേയും പോലെയാണ്. ശരിയായ രോഗനിർണ്ണയം കൃത്യസമയത്ത് നടത്തി ആധുനിക ചികിത്സ നൽകുക വഴി വ്യക്തികൾക്ക് എല്ലാത്തരം കഴിവുകളും വീണ്ടെടുക്കുന്നതിനും സാധാരണ ജീവിതം തുടരുന്നതിനും കഴിയുന്നതാണ്.

(സി) മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും ചികിത്സയ്ക്ക് ശേഷം സുഖം പ്രാപിച്ച സ്ത്രീകൾക്കും പുരുഷന്മാർക്കും സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലുടനീളം ആശാ ഭവനങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന "ദി ബാന്യൻ" എന്ന പ്രശസ്തമായ സർക്കാർ ഇതര സംഘടനയുമായി സഹകരിച്ചുകൊണ്ട് ഹോം എഗയിൻ എന്ന ആശയം സ്വീകരിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പ്രത്യേകം സജ്ജമാക്കിയ വീടുകളിലേയ്ക്ക് മാനസികാരോഗ്യ കേന്ദ്രങ്ങളിൽനിന്നും സുഖം പ്രാപിച്ച അന്തേവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള 'സ്നേഹക്കൂട്' പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 12-3-2018-ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

## ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം

232 (5898) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിലെ എല്ലാ സൗകര്യങ്ങളോടും കൂടിയ ഗൈനക്കോളജി വിഭാഗം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഈ പ്രദേശത്തെ ജനങ്ങൾ വർഷങ്ങളായി ആശ്രയിക്കുന്ന സർക്കാർ ആശുപത്രിയിൽ പരിചയ സമ്പന്നരായ ഡോക്ടർമാരെ നിയോഗിച്ച് ഗൈനക്കോളജി വിഭാഗം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഫോർട്ട് കൊച്ചി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം നിർത്തലാക്കിയിട്ടില്ല. പ്രസ്തുത ആശുപത്രിയിൽ രണ്ട് ഗൈനക്കോളജി തസ്തികകളാണ് നിലവിലുള്ളത്. എന്നാൽ ഇവിടെ പ്രസവ കേസുകൾ താരതമ്യേന കുറവായതിനാൽ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ് എന്നീ വിഭാഗക്കാരുടെ ലാവണം, ഫോർട്ട് കൊച്ചിയിൽ നിലനിർത്തി കൊണ്ടുതന്നെ മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് പ്രവർത്തന ക്രമീകരണം മാത്രമാണ് ചെയ്തിട്ടുള്ളത്.

**കാൻസർ ചികിത്സയ്ക്കായി സർക്കാരിന് കിട്ടിയ ഭൂമി**

233 (5899) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ചികിത്സയ്ക്കായി സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ മാവൂർ തെങ്ങിലക്കടവിലെ ഭൂമിയും കെട്ടിടവും ഉപയോഗപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സർക്കാരിന് ഇതിന് സാധിക്കുന്നില്ലെങ്കിൽ ഈ വസ്തു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുക്കാൻ സന്നദ്ധമാവുമോ?

ഉത്തരം

(എ) ഉണ്ട്. സ.ഉ.(സാധാ.) നമ്പർ 2174/2016/ആ.കു.വ. തീയതി 5-8-2016 പ്രകാരം കാൻസർ സ്ക്രീനിംഗ് സെന്റർ ആരംഭിക്കുന്നതിനായി മാവൂരിലെ കാൻസർ സെന്റർ ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറ്റം ചെയ്ത് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സെന്ററിനെ കാൻസർ ചികിത്സ കേന്ദ്രമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസക്തമല്ല.

## കാൻസർ രോഗ നിർണ്ണയത്തിനായി നിർബന്ധിത ടെസ്റ്റ്

234 (5900) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബുദം രോഗം കണ്ടുപിടിക്കപ്പെടുന്നത് ഏറ്റവും അവസാന സ്റ്റേജിലാണെന്ന വസ്തുത മനസ്സിലാക്കി ആരംഭത്തിൽതന്നെയുള്ള രോഗനിർണ്ണയത്തിനായി ചെറിയ കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്ക് സർക്കാരിന്റെ പ്രത്യേക പദ്ധതിവഴി ആവശ്യമായ നിർബന്ധിത ടെസ്റ്റ് നടത്തുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതുവഴി അനേകം ആളുകൾ ഈ രോഗത്തിന്റെ പിടിയിൽനിന്നും രക്ഷപ്പെടുമെന്ന പ്രാധാന്യം മനസ്സിലാക്കി അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിലേയ്ക്കായി വിവിധ ജനപ്രതിനിധികളെയും ചാരിറ്റി സംഘടനകളെയും കൂടി ഉൾപ്പെടുത്തി രോഗനിർണ്ണയത്തിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പ്രാരംഭ ഘട്ടത്തിൽ തന്നെ നിർണ്ണയിക്കപ്പെടാവുന്നതും നിർണ്ണയിക്കപ്പെട്ടാൽ മെച്ചപ്പെട്ട ചികിത്സ നൽകാവുന്നതുമായ വദനാർബുദം (ഓറൽ കാൻസർ), സ്തനാർബുദം (ബ്രസ്റ്റ് കാൻസർ) ഗർഭാശയ കാൻസർ (സർവിക്കൽ കാൻസർ)എന്നീ കാൻസറുകൾക്കാണ് കാൻസർ രോഗ നിർണ്ണയ നിയന്ത്രണ പരിപാടിയിലൂടെ ആരോഗ്യ വകുപ്പ് മുൻതൂക്കം നൽകുന്നത്. കാൻസർ നിർണ്ണയത്തിനുള്ള നിർബന്ധ ടെസ്റ്റുകൾക്ക് ആരെയും വിധേയമാക്കാൻ നിലവിലുള്ള നിയമവ്യവസ്ഥ അനുവദിക്കാത്തതിനാൽ അത് നടപ്പിലാക്കാൻ സാധിക്കില്ല.

## ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി

235 (5901) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിൽ പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി വിവിധ ബ്ലോക്കുകളെ ഒരു കെട്ടിട സമുച്ചയത്തിൻ കീഴിലാക്കുന്നതിനായി കിഫ്ബിയുടെ സഹായത്തോടുകൂടി സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന് അനുമതി ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിൽ പഴയ കെട്ടിടങ്ങൾ പൊളിച്ച മാറ്റി വിവിധ ബ്ലോക്കുകളെ ഒരു കെട്ടിട സമുച്ചയത്തിലെ കീഴിലാക്കുന്നതിനായുള്ള 43 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. അതിന്റെ സാധ്യതകൾ പരിശോധിച്ചുവരികയാണ്.

## കുടുംബക്ഷേമ ഉപകേന്ദ്രം കേന്ദ്രീകരിച്ച് ജീവിത ശൈലീ രോഗ നിർണ്ണയവും മരുന്ന് വിതരണവും

236 (5902) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രൈമറി ഹെൽത്ത് സെന്ററിനു കീഴിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രം കേന്ദ്രീകരിച്ച് ജീവിത ശൈലിരോഗ നിർണ്ണയവും മരുന്ന് വിതരണവും കാര്യക്ഷമമായി നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും അയ്യായിരത്തി നാന്നൂറോളം വരുന്ന കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളിലും (സബ് സെന്റർ) ജീവിത ശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളിലും ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിങ്ങ് മെഷീൻ എന്നീ ജീവിത ശൈലീ രോഗ നിർണ്ണയ ഉപകരണങ്ങൾ വാങ്ങി നൽകുകയും, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് രോഗനിർണ്ണയത്തിനുള്ള പരിശീലനവും നൽകിയിട്ടുണ്ട്. ആഴ്ചയിൽ ഒരു ദിവസം നടത്തുന്ന ഈ ക്ലിനിക്കുകളിൽ രോഗ നിർണ്ണയവും, ബോധവൽക്കരണവും നടത്തി വരുകയും രോഗനിർണ്ണയം നടത്തിയവരെ ചികിത്സയ്ക്കായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നുണ്ട്. സബ് സെന്റർ വഴി ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വിതരണം ആരോഗ്യ വകുപ്പ് ആരംഭിച്ചിരുന്നുവെങ്കിലും, ഫാർമസിസ്റ്റുമാരുടെ സംഘടന ഹൈക്കോടതിയിൽ നിന്നും നേടിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മരുന്ന് വിതരണം മരവിപ്പിക്കേണ്ടിവന്നു. ഇപ്പോൾ പ്രാഥമികാരോഗ്യ കേന്ദ്രം വരെ സൗജന്യ മരുന്ന് വിതരണം നൽകിവരുന്നു.

## സർക്കാർ ആശുപത്രികളെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്ന പദ്ധതി

237 (5903) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ. ഏതൊക്കെ ആശുപത്രികളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

(ബി) ഏതൊക്കെ സ്ഥാപനങ്ങളെയാണ് പദ്ധതി നിർവ്വഹണ ചുമതല ഏല്പിച്ചിട്ടുള്ളത്;

(സി) ആരോഗ്യമേഖലയിൽ കോടികൾ മുടക്കിയിട്ടും സാധാരണക്കാർക്ക് ആരോഗ്യ സേവനങ്ങൾ പൂർണ്ണതോതിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ആധുനികവൽക്കരണം ഈ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾക്ക് കാരണമാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) സർക്കാർ ആശുപത്രികളെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ ആശുപത്രികളുടെയും പദ്ധതി നിർവ്വഹണ ചുമതല നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ആശുപത്രി | സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ |
|---|---|---|
| (1) | (2) | (3) |
| 1 | മലബാർ കാൻസർ സെന്റർ, കണ്ണൂർ | ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് |
| 2 | ജില്ലാ ആശുപത്രി, കണ്ണൂർ | ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് |
| 3 | കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, എറണാകുളം | ഇൻകൽ ലിമിറ്റഡ് |
| 4 | ജനറൽ ആശുപത്രി, എറണാകുളം | ഇൻകൽ ലിമിറ്റഡ് |
| 5 | താലൂക്ക് ആശുപത്രി, പുനലൂർ | ഇൻകൽ ലിമിറ്റഡ് |
| 6 | മെഡിക്കൽ കോളേജ്, എറണാകുളം | ഇൻകൽ ലിമിറ്റഡ് |

| (1) | (2) | (3) |
|---|---|---|
| 7 | താലൂക്ക് ആശുപത്രി, ചെട്ടിക്കാട് | M/s.ഹൈറ്റ്സ് ലിമിറ്റഡ് |
| 8 | താലൂക്ക് ആശുപത്രി നെടുങ്കണ്ടത്തെ ജില്ലാ ആശുപത്രിയായി ഉയർത്തൽ | M/s.ഹൈറ്റ്സ് ലിമിറ്റഡ് |
| 9 | കാത്ത് ലാബ് &ഡയാലിസിസ് സെന്റർ | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ |

(സി) ആരോഗ്യ മേഖല ഉൾപ്പെടെയുള്ള സേവന രംഗത്ത് സ്ഥിരം ആസ്തികൾ ഉണ്ടാക്കിയെടുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് ഏറ്റവും കൂടുതൽ തുക ആവശ്യമായി വരുന്നത്. ലക്ഷ്യമിട്ട പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നതിനുള്ള കാലതാമസവും മറ്റ് സങ്കീർണ്ണതകളും ഒഴിവാക്കി ദീർഘകാല ലക്ഷ്യത്തോടെ സ്ഥിരം ആസ്തികൾ വർദ്ധിപ്പിക്കുന്നതിനും ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ പുതിയ ആസ്തി വികസനം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഹ്രസ്വകാല വായ്പകളിലൂടെ പൊതു കടപ്പത്രത്തിന്റെയും റവന്യൂ ബോണ്ടിന്റെയും അടിസ്ഥാനത്തിൽ പകരം നിക്ഷേപ പത്രം പദ്ധതി എന്ന നിലവിൽ Infrastructure Investment Trust, Infrastructure Debt Fund തുടങ്ങിയവയിലൂടെ ധനസമാഹരണം നടത്തുന്ന ഒരു സ്ഥാപന ചട്ടക്കൂട് എന്ന നിലയിൽ കിഫ്ബി പ്രവർത്തിക്കുകയും കിഫ്ബിയുടെ സേവനം ആവശ്യമുള്ള വകുപ്പുകൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.)ആയി പ്രോജക്ട് മാനേജ്മെന്റ് കമ്പനികളെ തെരഞ്ഞെടുത്തുകൊണ്ടും നിലവിലെ നിയമനങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി ആസ്തി വികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് വർദ്ധിച്ച തോതിലുള്ള സാമ്പത്തിക വിനിയോഗം ബജറ്റ് വിഹിതത്തിലൂടെ മാത്രം ക്ഷിപ്രസാദ്ധ്യമല്ലാത്തിനാൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ആധുനികവൽക്കരണം ആരോഗ്യ മേഖലയിൽ സമഗ്ര മാറ്റത്തിനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് നിശ്ചയമായും ആക്കം കൂട്ടുന്നതാണ്. പത്തോ ഇരുപതോ വർഷങ്ങൾക്കുശേഷം ചെലവഴിക്കേണ്ടിവരുന്ന തുകയുടെ പകുതിയിലേറെ താഴെ പണം ചെലവഴിച്ച് അടിസ്ഥാനവികസനം സാധ്യമാകുന്നതിലൂടെ വികേന്ദ്രീകൃതമായി നിശ്ചിത മാനദണ്ഡത്തോടെ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ കുറഞ്ഞ ചെലവിൽ ലഭ്യമാകുന്നതാണ്.

## ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണം

238 (5904) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിസിയോതെറാപ്പിക്ക് പ്രത്യേക കൗൺസിൽ വേണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) ഫിസിയോതെറാപ്പിക്ക് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പ്രത്യേക കൗൺസിൽ നിലവിലുണ്ടോ;

(സി) ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണം സംബന്ധിച്ച് നിയമസഭാ സബ്ജക്ട് കമ്മിറ്റി ശിപാർശ നൽകിയതായി അറിവുണ്ടോ;

(ഡി) ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണത്തിനെതിരെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കുമോ?

### ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) ഗുജറാത്ത്, മഹാരാഷ്ട്ര, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിലും ഡൽഹിയിലും ഫിസിയോതെറാപ്പി കൗൺസിൽ നിലവിലുണ്ട്.

(സി) പതിമൂന്നാം കേരള നിയമസഭയിലെ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ 2-2-2012-ലെ യോഗത്തിൽ ഫിസിയോ തെറാപ്പിസ്റ്റുകളുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചുവടെ ചേർത്തിട്ടുള്ളപ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

" ഫിസിയോ തെറാപ്പിസ്റ്റികളുടെ പ്രശ്നങ്ങളെക്കുറിച്ച് സമിതി ചർച്ച ചെയ്തു. ഫിസിയോ തെറാപ്പിസ്റ്റുകൾക്ക് സ്വന്തമായി പ്രാക്ടീസ് ചെയ്യാനുള്ള അനുവാദവും സ്വന്തമായി കൗൺസിലും ഉണ്ടാകുന്നത് നല്ലതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച് ഒരു കേസ് നിലവിലുണ്ടെന്നും അത് പരിശോധിച്ച് ഡോക്ടർമാരെയും ഫിസിയോ തെറാപ്പിസ്റ്റുകളെയും യോജിപ്പിച്ചു കൊണ്ട് പോകുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കാമെന്നും ഈ വിഷയം പുനഃപരിശോധിക്കാമെന്നും സമിതി തീരുമാനിച്ചു." ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണം സംബന്ധിച്ച് നിയമസഭാ സബ്ജക്ട് കമ്മിറ്റി ശിപാർശ നൽകിയതായി കാണുന്നില്ല.

(ഡി) ഫിസിയോ തെറാപ്പിക്ക് പ്രത്യേക കൗൺസിൽ വേണമെന്ന ആവശ്യം നിരാകരിച്ചുകൊണ്ട് 13-6-2012-ന് സ.ഉ.(സാധാ) നമ്പർ 1958/2012/ആ.കു.വ 4-2-2018-ന് സ.ഉ.(സാധാ) നമ്പർ 517/2018/ആ.കു.വ എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. താഴെപ്പറയുന്ന കാരണങ്ങളാലാണ് പ്രസ്തുത ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.

- നിലവിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട്, 1956-ൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യത നേടിയ ഡോക്ടർമാർക്ക് രോഗികളെ പരിശോധിക്കുവാനും രോഗനിർണ്ണയം നടത്തുവാനും ചികിത്സ നിർദ്ദേശിക്കുവാനും നിയമപരമായ അവകാശം ഉണ്ട്. ഫിസിയോ തെറാപ്പിസ്റ്റുകൾക്ക് ഇത് ഇപ്പോൾ ലഭ്യമല്ല.

- ഫിസിയോതെറാപ്പി അദ്ധ്യാപകരുടെ നിയമനത്തിൽ യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ അനിവാര്യമല്ല.

- ബി.എസ്.സി എം.എൽ.ടി., ബി.ഫാം, ബി. എസ്.സി. നഴ്സിംഗ് കോഴ്സുകളും 4 ½ വർഷം ദൈർഘ്യമുള്ളവയാണ്. ആയതിനാൽ കോഴ്സിന്റെ ദൈർഘ്യത്തിന്റെ കാര്യത്തിലായാലും ഘടനയുടെ കാര്യത്തിലായാലും ഫിസിയോതെറാപ്പി ബിരുദം MBBS പോലെ രോഗപരിശോധനയ്ക്കുള്ള വിശിഷ്ടമായ യോഗ്യതയല്ല.

- ഫിസിയോതെറാപ്പിയെ ഒരു പ്രത്യേക ചികിത്സാ പദ്ധതിയായി വികസിപ്പിച്ച്, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടിയെടുക്കുക എന്നുള്ളതാണ് ഫിസിയോതെറാപ്പി കൗൺസിൽ രൂപീകണത്തേക്കാൾ പ്രഥമ പരിഗണന അർഹിക്കുന്നത്.

- ഇന്ത്യയ്ക്കകത്തും വിദേശരാജ്യങ്ങളിലും ഫിസിയോതെറാപ്പിസ്റ്റുകളെ നിലവിൽ 'അലൈഡ് ഹെൽത്ത് പ്രൊഫഷണൽസ്' എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

- നിലവിലെ പാരാമെഡിക്കൽ കൗൺസിലിൽ പ്രത്യേക വിഷയത്തിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ഡോക്ടർമാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫിസിയോതെറാപ്പിസ്റ്റുകളെ മാത്രം ഉൾപ്പെടുത്തി കൗൺസിൽ രൂപീകരിക്കുന്നത് ചികിത്സ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പക്ഷപാതപരവും അടിസ്ഥാനരഹിതവുമായ നിലപാടുകൾ കൈക്കൊള്ളുവാൻ ഇട നൽകും. അവർ സ്വന്തമായി ചികിത്സ നടത്തുവാനും മരുന്നുകൾ നിർദ്ദേശിക്കുവാനുമുള്ള സാധ്യതയുണ്ട്. ഇത് സംസ്ഥാനത്തെ പൊതുജനാരോഗ്യത്തെ ദോഷകരമായി ബാധിക്കും.

- എല്ലാറ്റിനുമുപരിയായി, ഫിസിയോതെറാപ്പിസ്റ്റുകൾക്ക് മാത്രമായി ഒരു കൗൺസിൽ രൂപീകരിക്കുന്നപക്ഷം, സംസ്ഥാനത്തെ പാരാമെഡിക്കൽ കൗൺസിലിന്റെ പരിധിയിൽപ്പെടുന്ന വിവിധവിഭാഗം ടെക്നീഷ്യന്മാർക്കും അനുബന്ധ സാങ്കേതിക വിഭാഗം ആളുകൾക്കും വെവ്വേറെ കൗൺസിൽ രൂപീകരിക്കണമെന്ന മുറവിളി ഉയരാനും പാരാമെഡിക്കൽ രംഗം കലുഷിതമാകാനും ഇടവരുത്തും. ആയതിനാൽ അംഗീകൃത സ്ഥാപനങ്ങളിൽ നിർണ്ണയിക്കപ്പെട്ട സിലബസ്സിൽ നിയമാനുസൃതം ഫിസിയോതെറാപ്പി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് കേരള പാരാമെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷൻ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പ്രസ്തുത ഉത്തരവ് പിൻവലിക്കേണ്ടുന്ന സാഹചര്യം നിലവിലില്ല.

**വയോജന ക്ഷേമ വകുപ്പ്**

239 (5905) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി വയോജന ക്ഷേമവകുപ്പ് രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേത് ഉൾപ്പെടെ) വൃദ്ധസദനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന ജെറിയാട്രിക് സെന്ററുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വാർദ്ധക്യകാല പെൻഷൻ 3,000 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) വയോജന ക്ഷേമ വകുപ്പ് രൂപീകരിക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

(ബി) നിലവിൽ സർക്കാർ തലത്തിൽ 16 ഗവൺമെന്റ് വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡ് രജിസ്ട്രേഷൻ ഉള്ള 615 വൃദ്ധ സദനങ്ങളും പ്രവർത്തിക്കുന്നു. നിലവിൽ 1275 വൃദ്ധജനങ്ങൾ സർക്കാർ വൃദ്ധസദനങ്ങളിൽ താമസിക്കുന്നു.

(സി) വിവരങ്ങൾ ശേഖരിച്ച് വരുന്നു.

(ഡി) വാർദ്ധ്യകാല പെൻഷൻ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിയമപരവും ഭരണപരവുമായ തീരുമാനം കൈക്കൊള്ളുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയാണ്. ടി വകുപ്പിൽനിന്നും വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ സ്ഥിരാംഗീകാരം ലഭിച്ച സീറ്റുകൾ

240 (5906) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള മെഡിക്കൽ കോളേജുകളിൽ നിലവിൽ എത്ര എം.ബി.ബി.എസ്. സീറ്റുകളാണ് ഉള്ളത്;

(ബി) പ്രസ്തുത സീറ്റുകൾക്കെല്ലാം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ സ്ഥിരാംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) കോഴിക്കോട് മെഡിക്കൽ കോളേജിൽ അധികമായി അനുവദിച്ച സീറ്റുകൾക്ക് സ്ഥിരാംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അംഗീകാരം ലഭിക്കുന്നതിന് വേണ്ടി ഏർപ്പെടുത്തിയ സൗകര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇടുക്കി മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1300 സീറ്റുകൾ.

(ബി) 1100 സീറ്റുകൾക്ക് സ്ഥിരാംഗീകാരം ലഭിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് കൊല്ലം, സർക്കാർ മെഡിക്കൽ കോളേജ് മഞ്ചേരി എന്നീ

മെഡിക്കൽ കോളേജുകളിലെ 100 വീതം സീറ്റുകൾക്ക് എം.സി.ഐ.യുടെ സ്ഥിര അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. എം.സി.ഐ. നിഷ്കർഷിച്ചിട്ടുള്ള എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) എം.സി.ഐ. അംഗീകാരം ലഭിക്കുന്നതിന് മുന്നോടിയായി ആരോഗ്യ സർവ്വകലാശാലയുടെ "consent of affiliation" ലഭ്യമാക്കിയിട്ടുണ്ട്. വിവിധ നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു.

## സർക്കാർ ഡെന്റൽ കോളേജുകളിലെ അദ്ധ്യാപക നിയമനം

241 (5907) <u>ശ്രീ. അടൂർ പ്രകാശ്:</u>
<u>ശ്രീ. വി. എസ്. ശിവകുമാർ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡെന്റൽ കോളേജുകളിൽ അദ്ധ്യാപകരില്ലാത്തതിനാൽ കുട്ടികളുടെ പഠനം പ്രതിസന്ധിയിലായിട്ടുണ്ടോ;

(ബി) അഞ്ച് സർക്കാർ കോളേജുകളിലായി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ എത്ര ഒഴിവുണ്ട്;

(സി) അദ്ധ്യാപകരെ പ്രൊമോട്ട് ചെയ്യുന്നതിനായി ഡി.പി.സി. യഥാസമയം ചേരാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) 2008-നുശേഷം ഡെന്റൽ കോളേജുകളിൽ എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്;

(ഇ) അധ്യാപകരെ നിയമിക്കാത്തത് കാരണം ഡെന്റൽ കോളേജുകൾക്ക് ഡെന്റൽ കൗൺസിലിന്റെ അനുമതി നഷ്ടമാകുന്ന സാഹചര്യമുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 11 ഒഴിവുകൾ നിലവിലുണ്ട്.

(സി) ഡി.പി.സി. യഥാസമയം ചേരാറുണ്ട്.

(ഡി) 78 അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

(ഇ) ഇത്തരം സാഹചര്യം നിലവിലില്ല.

## പുതിയതായി മെഡിക്കൽ പി.ജി.സീറ്റുകൾ

242 (5908) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ പുതിയതായി മെഡിക്കൽ പി.ജി. സീറ്റുകൾക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എത്ര സീറ്റുകൾക്കാണ് അംഗീകാരം ലഭിച്ചതെന്നും ഏതൊക്കെ ബ്രാഞ്ചുകളിലാണെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ എന്നീ മെഡിക്കൽ സർക്കാർ കോളേജുകളിൽ 10 വിഭാഗങ്ങളിലായി 75 പി.ജി.സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ശിപാർശ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

## കേന്ദ്ര ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ നൽകിയ മുന്നറിയിപ്പ്

243 (5909) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക് മരുന്നുകൾ വിൽക്കുന്ന പ്രവണതയ്ക്കെതിരെ കേന്ദ്ര ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത നടപടികൾ ഫലപ്രദമാണോ; ഇത് ലംഘിച്ചതിന്റെ പേരിൽ 2018-ൽ ഏതെങ്കിലും ഔഷധ വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) ഉണ്ട്. സംസ്ഥാനത്തുടനീളം ചില്ലറ വ്യാപാര സ്ഥാപനങ്ങൾ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധിക്കുകയും, ആന്റിബയോട്ടിക്കുകൾ ബില്ലുകളില്ലാതെയും, കുറിപ്പടിയില്ലാതെയും വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ലൈസൻസ് സസ്പെൻഷൻ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഇതിന് പുറമേ ഷെഡ്യൂൾ എച്ച്1 വിഭാഗത്തിലുള്ള അന്റിബയോട്ടിക്കുകളുടെ വിൽപ്പന വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും ടി രജിസ്റ്ററുകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(സി) ഫലപ്രദമാണ്. ഇത് ലംഘിച്ചതിന്റെ പേരിൽ 2018 ജനവരി 1 മുതൽ നാളിതുവരെയായി കേരളത്തിലൊട്ടാകെ 42 ഔഷധ വ്യാപാരികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും ഒരു ലൈസൻസ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ഡിപ്പാർട്ടുമെന്റ് ഫോർ ഡ്രഗ് അഡ്മിനിസ്ട്രേഷൻ രൂപീകരിക്കുന്ന നടപടി**

244 (5910) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള മെഡിക്കൽ ഷോപ്പുകൾക്ക് ആനുപാതികമായി ഡ്രഗ് ഇൻസ്പെക്ടർമാരുടെ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആയുഷ്, യുനാനി, സിദ്ധ, ഹോമിയോപ്പതി മരുന്നുകൾക്കായി ഡിപ്പാർട്ടുമെന്റ് ഫോർ ഡ്രഗ് അഡ്മിനിസ്ട്രേഷൻ രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ) ഇല്ല. സംസ്ഥാനത്ത് ആകെ 21,213 മരുന്ന് വ്യാപാരികളും, ഇവയുടെ പരിശേധനയ്ക്കായി 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുമാണുള്ളത്. കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള മഷേൽക്കർ കമ്മിറ്റി, 200 സ്ഥാപനങ്ങൾക്ക് ഒരു ഡ്രഗ്സ് ഇൻസ്പെക്ടർ എന്ന അനുപാതമാണ് ശിപാർശ ചെയ്തിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഏറ്റവും കുറഞ്ഞത് 100 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികയെങ്കിലും ആവശ്യമായിട്ടുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ആയൂർവേദ, യുനാനി, സിദ്ധ, ഹോമിയോപ്പതി മരുന്നുകളുടെ നിർമ്മാണം, ലൈസൻസുകൾ, അവയുടെ നിയന്ത്രണം എന്നിവ നിലവിൽ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിലാണ്.

**ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം**

245 (5911) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്റിബയോട്ടിക്കുകളുടെ അമിതവും വിവേചന രഹിതവുമായ ഉപയോഗത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ വിപണിയിലുള്ള മരുന്നുകളിൽ 64%-വും അംഗീകാരമില്ലാത്തവയാണെന്നും, ശരീരത്തിന്റെ സ്വഭാവിക പ്രതിരോധം കുറയ്ക്കുന്നവയാണെന്നുമുള്ള മുന്നറിയിപ്പ് ഗൗരവത്തിൽ പരിശോധിക്കുമോയെന്ന് അറിയിക്കാമോ;

(സി) ഇത്തരത്തിലുള്ള മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സർക്കാർ സംവിധാനങ്ങൾ എന്തെല്ലാമാണ്; ഇത്തരം ഏജൻസികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) ആന്റിബയോട്ടിക്കുകളുടെ അമിതവും വിവേചന രഹിതവുമായ ഉപയോഗം കൂടുന്നതായി കേന്ദ്രസർക്കാരിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് ആന്റിബയോട്ടിക് റെസിസ്റ്റൻസ് എന്ന ഗുരുതരാവസ്ഥ സംജാതമാകുമെന്നും, വരുംകാലങ്ങളിൽ നിലവിലുള്ള ആന്റിബയോട്ടിക്കുകൾക്കൊന്നും തന്നെ രോഗങ്ങളെ പ്രതിരോധിക്കുവാൻ കഴിയാതെ വരികയും, ജീവിന്റെ നിലനിൽപ്പുതന്നെ കടുത്ത ഭീഷണി ഉളവാക്കുമെന്നും കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സാഹചര്യം മറികടക്കുന്നതിനായി ആന്റിബയോട്ടിക്കുകളുടെ ഉപയോഗം കർശനമായി നിരീക്ഷിക്കുവാൻ ആന്റിബയോട്ടിക് പോളിസി എന്ന ഒരു കർമ്മ സമിതി കേന്ദ്രസർക്കാർ രൂപീകരിച്ച് പ്രസിദ്ധികരീച്ചിട്ടുണ്ട്. ഡോക്ടർമാർ ഔചിത്യപൂർവ്വം ആന്റിബയോട്ടിക്കുകൾ കുറിക്കുന്നതിനും അവ വ്യാപാരികൾ അനധികൃതമായി രോഗികൾക്ക് നൽകുന്നത് തടയുന്നതിനുമുള്ള മാർഗ്ഗരേഖകളാണ്

പ്രസ്തുത പോളിസിയിൽ പ്രതിപാദിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി സി.ഡി.എസ്.സി.ഒ. (Central Drugs Standard Control Organization) ആന്റിബയോട്ടിക്കുകളുടെ വിപണനം കർശനമായി നിരീക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇന്ത്യയിൽ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള എല്ലാവിധ മരുന്നുകളും വിറ്റഴിക്കുന്നത് ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ)-യുടെ അംഗീകാരത്തോടെയാണ്. നിലവിൽ വിപണിയിലുള്ള ആന്റിബയോട്ടിക് സംയുക്തങ്ങളിൽ ചിലതിന്റെ വിപണനം സാങ്കേതിക കാരണങ്ങളാൽ ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ), തടഞ്ഞിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട ഡൽഹി ഹൈക്കോടതി റദ്ദാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇവയെല്ലാം തന്നെ നിയമാനുസൃതമായി വിപണിയിൽ ലഭ്യവുമാണ്. ഡൽഹി ഹൈക്കോടതിയുടെ പ്രസ്തുത ഉത്തരവിനെതിരെ ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ) സമർപ്പിച്ച ഹർജി നിലവിൽ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

(സി) ഇത്തരത്തിലുള്ള മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തുമുള്ള മരുന്നുപരിശോധനാ ലബോറട്ടറികൾ നിലവിലുണ്ട്.

ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂ എന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നിന്റെയും ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടത്തിൽ തന്നെ ഉറപ്പാക്കിയ ശേഷമാണ് നിർമ്മാതാക്കൾ അത് വിപണിയിൽ എത്തിക്കുന്നത്. ആയത് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി അതാത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ മരുന്നുൽപ്പാദനശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത മരുന്നുകൾ അവയുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടം വരെ നിശ്ചിത ഗുണനിലവാരം പുലർത്തേണ്ടവയാണ്. എന്നാൽ ബാഹ്യഘടകങ്ങളായ അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം, സൂര്യപ്രകാശം മുതലായവയുടെ സ്വാധീനംമൂലം ഗുണനിലവാരത്തിൽ വ്യതിയാനം സംഭവിക്കാവുന്നതാണ്. ഇപ്രകാരമുള്ള വ്യതിയാനങ്ങൾ സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനുവേണ്ടി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ,

ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽ നിന്ന് റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധന ലബോറട്ടറികളിലേയ്ക്ക് അയക്കുന്നുണ്ട്. ഇത് രാജ്യത്തൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്.

**ഔഷധ സസ്യ ബോർഡിന്റെ പ്രവർത്തനം**

246 (5912) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ സസ്യ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ;

(ബി) ഔഷധ സസ്യങ്ങൾ ഉൽപാദിപ്പിക്കുന്ന കർഷകർക്ക് വിപണിയും ന്യായമായ വിലയും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം 2002-ൽ സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ സ്ഥാപിതമായ സ്ഥാപനമാണ് സംസ്ഥാന ഔഷധസസ്യ ബോർഡ്. സംസ്ഥാന ആരോഗ്യ വകുപ്പുമന്ത്രി ചെയർപേഴ്സനും സംസ്ഥാന ആരോഗ്യ വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായുള്ള ബോർഡിൽ സർക്കാരിന്റെ വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് ഔദ്യോഗികാംഗങ്ങളും സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടുന്നുണ്ട്. ഇപ്പോൾ ആയുഷ് സെക്രട്ടറിയാണ് വൈസ് ചെയർമാൻ. ആറ് മാസത്തിലൊരിക്കൽ കൂടുന്ന ബോർഡ് യോഗത്തിലും എക്സിക്യൂട്ടീവ് യോഗത്തിലും സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്.

2002 മുതൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയ ഔഷധസസ്യ ബോർഡിൽനിന്നും 2012 മുതൽ സംസ്ഥാന സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി സംസ്ഥാന ഔഷധ സസ്യബോർഡിന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. പ്രസ്തുത തുക ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഔഷധസസ്യ സംരക്ഷണം, ഗവേഷണം, ബോധവൽക്കരണം, ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ ഉൽപ്പാദനം, അർദ്ധസംസ്കരണം തുടങ്ങി ഔഷധ സസ്യമേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി

വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് ഏറെ ജനപ്രീതി പിടിച്ചുപറ്റിയ സ്കൂളിൽ ഒരു ഔഷധത്തോട്ടം, ദേശീയ നെല്ലി മിഷൻ, ഗൃഹാങ്കണത്തിൽ ഒരു ഔഷധസസ്യോദ്യാനം, കാവുകളിലെ ഔഷധസസ്യ സംരക്ഷണം, തെരെഞ്ഞെടുത്ത സർക്കാർ- സർക്കാരിതര സ്ഥാപനങ്ങളിലെ ഔഷധസസ്യോദ്യാനം തുടങ്ങി നിരവധി പദ്ധതികൾ വിജയകരമായി നടപ്പിലാക്കുവാൻ സംസ്ഥാന ഔഷധസസ്യ ബോർഡിന് സാധിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്ത് നിലവിലുള്ള ഔഷധസസ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അതിലൂടെ ഔഷധസസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി ദേശീയ ഔഷധസസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന ഔഷധസസ്യ ബോർഡ് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാപഞ്ചായത്തുകളിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന സുസ്ഥിര ഔഷധസസ്യ സംരക്ഷണ പരിപോഷണ പദ്ധതിയായ 'ഗ്രാമീണം', 'ഔഷധസസ്യങ്ങൾ ആരോഗ്യത്തിനും ആദായത്തിനും'. അതിപുരാതനകാലം മുതൽ തന്നെ നമ്മുടെ ഗൃഹാങ്കണത്തിൽ നട്ടുവളർത്തിയിരുന്ന രണ്ട് സുപ്രധാന ഔഷധസസ്യങ്ങളായ ആര്യവേപ്പിന്റെയും കറിവേപ്പിന്റെയും പ്രാധാന്യവും സംരക്ഷണവും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്തെ എല്ലാ വീട്ടിലും "ഒരു വേപ്പും കറിവേപ്പും'"വച്ചുപിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ വിവിധ കർമ്മ പദ്ധതികളുടെ ഭാഗമായി, നടപ്പിലാക്കുന്ന "ഗൃഹചൈതന്യം'" തുടങ്ങിയ പദ്ധതികളും നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്.

സ്കൂളിൽ ഒരു ഔഷധത്തോട്ടം പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്കും കാവുകളിലെ ഔഷധസസ്യസംരക്ഷണം പദ്ധതി കൂടുതൽ കാവുകളിലേയ്ക്കും 'ഗ്രാമീണം' പദ്ധതി കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും "ഗൃഹചൈതന്യം" കൂടുതൽ വീടുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും അതിലൂടെ നിലവിലുള്ള ഔഷധ സസ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഔഷധസസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സംസ്ഥാന ഔഷധസസ്യ ബോർഡ് പ്രതിജ്ഞാബദ്ധമാണ്.

(ബി) 2008-2009 മുതൽ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും സംസ്ഥാന ഹോർട്ടികൾച്ചർ മിഷനാണ് ധനസഹായവും മറ്റ് സാങ്കേതിക സഹായങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നത്. എന്നാൽ 'ഗ്രാമീണം' 'ഔഷധസസ്യങ്ങൾ ആരോഗ്യത്തിനും ആദായത്തിനും' പദ്ധതിയിലൂടെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ പ്രാദേശിക ഏജൻസികൾ മുഖേന കർഷകരുടെയും കർഷക കൂട്ടായ്മകളുടെയും സഹകരണത്തോടെ ഔഷധസസ്യങ്ങൾ കൃഷി ചെയ്യുകയും കർഷകർക്ക് ന്യായവില നൽകി കാർഷിക ഉൽപ്പന്നങ്ങൾ ഏജൻസികൾ തന്നെ

തിരികെയെടുക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം ഔഷധി, ആര്യവൈദ്യശാല, കോട്ടയ്ക്കൽ, വൈദ്യരത്നം ഔഷധശാല, സീതാറാം, ശാന്തിഗിരി തുടങ്ങിയ ആയുർവേദ ഔഷധ നിർമ്മാതാക്കൾക്ക് ധാരണാപത്ര പ്രകാരം ന്യായവിലയ്ക്ക് നൽകുന്നുണ്ട്. 'ഗ്രാമീണം' പദ്ധതി വിജയകരമായിത്തന്നെ തൃശ്ശൂർ ജില്ലയിലെ മററത്തൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ, തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമല, കണ്ണൂർ ജില്ലയിലെ മൊകേരി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി പ്രാരംഭ ദിശയിലാണ്.

**ഹോമിയോ വകുപ്പിന്റെ ആതുരസേവന പ്രവർത്തനങ്ങൾ**

247 (5913) <u>ശ്രീ. എസ്. രാജേന്ദ്രൻ :</u>
<u>ശ്രീ. ബി. ഡി. ദേവസ്സി :</u>
<u>ശ്രീ. കെ. വി. വിജയദാസ് :</u>
<u>ശ്രീ. പി. ടി. എ. റഹീം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ പരിപാലന രംഗത്ത് ഹോമിയോ വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന ആതുരസേവന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സാംക്രമിക രോഗ നിയന്ത്രണത്തിനും രോഗപ്രതിരോധത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കുമോ;

(സി) ജീവിത ശൈലീ രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത വകുപ്പിന്റെ കീഴിൽ ലഹരി വിരുദ്ധ ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പട്ടികജാതി, പട്ടികവർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്ന ഹോമിയോപ്പതി ഹെൽത്ത് കെയർ സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആരോഗ്യ പരിപാലന രംഗത്ത് ഹോമിയോപ്പതി വകുപ്പ് ഒട്ടനവധി ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഹോമിയോപ്പതി വകുപ്പ് സംസ്ഥാനത്ത് നടത്തിവരുന്ന പ്രധാന ആതുര സേവന പ്രവർത്തനങ്ങളെക്കുറിച്ചുള്ള സംക്ഷിപ്ത രൂപം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഹോമിയോപ്പതി വകുപ്പ് സംസ്ഥാനത്തുടനീളം പകർച്ചപ്പനി തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വകുപ്പിലെ സാംക്രമിക രോഗ പ്രതിരോധ സെൽ ആയ റീച്ചിന്റെ ജില്ലാ ഘടകങ്ങൾ ഓരോ ജില്ലയിലേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. പകർച്ചപ്പനി നിലവിലുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകളിലൂടെയും സർക്കാർ സ്ഥാപനങ്ങളിലൂടെയും പ്രതിരോധ മരുന്ന് വിതരണവും ചികിൽസയും നടത്തിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ ഇവ മുഖാന്തരം സംസ്ഥാനത്തുടനീളം പ്രതിരോധ ഔഷധം വിതരണം ചെയ്യുന്നു.

സാംക്രമിക രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാലിന്യ സംസ്കരണം, കൊതുക് നിവാരണം, പരിസര ശുചീകരണം, രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഹോമിയോ മരുന്ന് വിതരണം എന്നിവ ചെയ്തുവരുന്നു.

(സി) ഹോമിയോപ്പതി, യോഗ, പ്രകൃതി ജീവനം തുടങ്ങിയ ചികിത്സാ ശാസ്ത്രങ്ങളുടെ ഗുണവശങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ആധുനിക ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം, ക്യാൻസർ, ഗർഭാശയ രോഗങ്ങൾ, ഹോർമോൺ വ്യതിയാനം മൂലമുള്ള രോഗങ്ങൾ തുടങ്ങിയവയെ ഫലപ്രദമായി പ്രതിരോധിക്കുകയും പരിചരിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ആരംഭിച്ച ഒരു സമഗ്ര ചികിത്സാ പദ്ധതിയാണ് ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ. സംസ്ഥാനത്തെ എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളോട് അനുബന്ധിച്ചും ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഹോമിയോപ്പതി ചികിത്സാ സമ്പ്രദായപ്രകാരമുള്ള കോൺസ്റ്റിറ്റ്യൂഷണൽ റെമഡിയോടൊപ്പം പ്രകൃതി ജീവനത്തിലധിഷ്ഠിതമായ ആരോഗ്യ ജീവിതചര്യകളും ആഹാര രീതികളും തെറാപ്യൂട്ടിക് യോഗ പരിശീലനവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര ആതുര സേവനം ഈ കേന്ദ്രങ്ങളിലൂടെ നൽകിവരുന്നു. പ്രാരംഭ ഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി ആരംഭിച്ച ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ സേവനം ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ലഭ്യമാക്കി വിപുലീകരിച്ചിട്ടുണ്ട്. നാഷണൽ ആയുഷ് മിഷന്റെ സഹായത്തോടെ ആയുഷ് വെൽനസ് ക്ലിനിക്കുകളും ഇതേ ലക്ഷ്യത്തോടെ പല ജില്ലകളിലും പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കിവരുന്ന വനിതാ ആരോഗ്യ സാന്ത്വന പദ്ധതിയായ 'സീതാലയം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ലഹരി വിമുക്ത കേന്ദ്രങ്ങളും (ഡീ-അഡിക്ഷൻ സെന്ററുകൾ), വന്ധ്യതാ നിവാരണ ക്ലിനിക്കുകളും (ഇൻഫെർട്ടിലിറ്റി സെന്ററുകൾ) പ്രവർത്തിച്ചുവരുന്നു. ഭർത്താക്കൻമാരുടെ മദ്യപാനവും, ലഹരി ഉപയോഗവുംമൂലം കുടുംബ സമാധാനം നഷ്ടപ്പെട്ട സ്ത്രീകളുടെ ക്ഷേമം ലക്ഷ്യമാക്കിയാണ് ലഹരി വിമുക്ത കേന്ദ്രങ്ങൾ ആരംഭിച്ചത്. അതോടൊപ്പം കുട്ടികളില്ലാത്തതുമൂലം ദുഃഖം അനുഭവിക്കുന്ന ദമ്പതിമാർക്ക് വേണ്ടിയാണ് വന്ധ്യതാ നിവാരണ ക്ലിനിക്കുകളും ഈ പദ്ധതിയുടെ ഭാഗമായി തുടങ്ങിയത്. ഒട്ടനവധി പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചുവരുന്നു.

(ഇ) പട്ടികജാതി വകുപ്പിന്റെ ധനസഹായത്തോടെ ഹോമിയോപ്പതി വകുപ്പിന് കീഴിൽ സംസ്ഥാനത്തെ 9 ജില്ലകളിലായി പട്ടികജാതി കോളനികളിൽ 29 എസ്.സി.പി. ഹോമിയോപ്പതി ഹെൽത്ത് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പട്ടികജാതി സങ്കേതങ്ങളിലെ ഒട്ടനവധി പേർക്ക് ആതുര സേവനം നൽകിവരുന്ന ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മാറ്റുന്നതിനായി, അവശരായ രോഗികളുടെ വീടുകൾ സന്ദർശിച്ച് ചികിത്സ നൽകുക, ക്യാൻസർ രോഗികളെ നേരിൽ കണ്ട് സാന്ത്വന ചികിത്സയും പരിചരണവും നൽകുക. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക, അവശ്യഘട്ടത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുക, സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുക തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങൾ നിലവിൽ നടത്തിവരുന്നുണ്ട്.

**മങ്കട നിയോജകമണ്ഡലത്തിൽ ഹോമിയോ ആശുപത്രി**

248 (5914) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പുതുതായി സർക്കാർ ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഘട്ടംഘട്ടമായി പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. 2017-18 വാർഷിക പദ്ധതി പ്രകാരം പുതിയ 10 ഡിസ്പെൻസറികൾ ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുള്ളതിൽ മങ്കട ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. ഘട്ടംഘട്ടമായി ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുമ്പോൾ മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

## കോട്ടയ്ക്കൽ ആയുർവേദ കോളേജിനെ ആയുർവേദ യൂണിവേഴ്സിറ്റി ആയി ഉയർത്താൻ നടപടി

249 (5915) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ആയുർവേദ കോളേജിനെ ആയുർവേദ യൂണിവേഴ്സിറ്റി ആയി ഉയർത്തുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരവും ഫയൽ പകർപ്പുകളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തെ ആയുർവേദ യൂണിവേഴ്സിറ്റി ആക്കി മാറ്റുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ആയുർവേദ മേഖലയിൽ ഉന്നത പഠന ഗവേഷണ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ്. വാര്യർ ആയുർവേദ കോളേജിനെ ഒരു നോൺ അഫിലിയേറ്റിംഗ് സർവ്വകലാശാലയായി ഉയർത്തുന്നതിന് 19-2-2013-ലെ സ.ഉ.(സാധാ.) നമ്പർ 542/2013/ആ.കു.വ. പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവായിരുന്നു. 17-4-2013-ലെ സ.ഉ. (സാധാ) നമ്പർ 1375/13/ആ.കു.വ, 22-1-2014-ലെ സ.ഉ.(സാധാ.) നമ്പർ 224/2014/ആ.കു.വ എന്നീ ഉത്തരവുകൾപ്രകാരം ഇതിനായി മലപ്പുറം ജില്ലാ കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഫയലിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ബുക്ക് ബൈൻഡിംഗ് കോഴ്സിന് കെ.ജി.റ്റി.ഇ.യുടെ അംഗീകാരം**

250 (5916) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ നടത്തുന്ന ബുക്ക് ബൈൻഡിംഗ് കോഴ്സിന് കെ.ജി.ടി.ഇ. യുടെ അംഗീകാരം ലഭിക്കാത്തത് കാരണം പ്രസ്തുത കോഴ്സ് പഠിച്ചിറങ്ങുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ വഴിയുള്ള നിയമനം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോഴ്സിന് കെ.ജി.ടി.ഇ.യുടെ സർട്ടിഫിക്കറ്റിന് തത്തുല്യമായ അംഗീകാരം നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ 33639/09/H2 നമ്പർ പ്രകാരം 14-7-2009-ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ കത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 7-4-2009-ൽ C3/3639/09 നമ്പർ പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കത്തിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കത്തിന് മറുപടിയായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 15-5-2009-ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അയച്ച 2154/L2/09/ഉ.വി.വ. കത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന കോഴ്സ് ആയതിനാൽ വി.ടി.സി.നടത്തുന്ന ബുക്ക് ബൈൻഡിംഗ് കോഴ്സ് കെ.ജി.ടി.ഇ.-യുടെ പരീക്ഷ ഒഴിവാക്കി കെ.ജി.ടി.ഇ.-യുടെ ബുക്ക് ബൈൻഡിംഗ് കോഴ്സിന് തത്തുല്യമായ അംഗീകാരം നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് സാമൂഹ്യ നീതി ഡയറക്ടർക്ക് മറുപടി നൽകിയിട്ടില്ല.

(സി - ഇ) ഉണ്ട്. 7-4-2009-ലെ സി3/3636/2009 നമ്പർ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽനിന്ന് സർക്കാരിന് കത്ത് ലഭിക്കുകയും വിഷയം പരിശോധിക്കുകയും ചെയ്തിരുന്നു. എന്നാൽ 12.09.2014-ലെ ജി.ഒ (എം.എസ്.) 780/2014/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം കെ.ജി.ടി.ഇ. ബുക്ക് ബൈൻഡിംഗ് ഉൾപ്പെടെ പ്രിന്റിംഗ് ടെക്നോളജിയുമായി ബന്ധപ്പെട്ട എല്ലാ കോഴ്സുകളും പുനഃക്രമീകരിച്ചിട്ടുണ്ട്. അതിനാൽ കെ.ജി.ടി.ഇ. ബുക്ക് ബൈൻഡിംഗ് എന്ന ഒരു കോഴ്സ് ഇപ്പോൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലവിലില്ല. മുമ്പ് നിലവിലുണ്ടായിരുന്ന കെ.ജി.ടി.ഇ. ബുക്ക് ബൈൻഡിംഗ് കോഴ്സിന് സമാനമായി കെ.ജി.ടി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ & ഫിനിഷിംഗ് എന്ന കോഴ്സ് ആണ് നിലവിലുള്ളത്. വി.ടി.സി. നടത്തുന്ന ബുക്ക് ബൈൻഡിംഗ് കോഴ്സ് കെ.ജി.ടി.ഇ. പോസ്റ്റ് പ്രസ് ഓപ്പറേഷൻ & ഫിനിഷിംഗ് എന്ന കോഴ്സിന് തുല്യമാണോ എന്നത് വിശദമായ പരിശോധനയ്ക്കുശേഷം മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. ഈ വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

**ആശാ വർക്കർമാർക്ക് നൽകുന്ന പ്രതിമാസ വേതനം**

251 (5917) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആശാ വർക്കർമാർക്ക് ഇപ്പോൾ നൽകുന്ന പ്രതിമാസ വേതനം എത്രയെന്നും ഇവർക്ക് പ്രതിമാസ വേതനത്തിൽ എത്ര രൂപയുടെ വർദ്ധനവാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) വർദ്ധിപ്പിച്ച വേതനം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ആശാ വർക്കർമാർക്ക് ഇപ്പോൾ നൽകുന്ന പ്രതിമാസ ഓണറേറിയം 2,000 രൂപയാണ്. ഇത് 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 2,000 രൂപ വർദ്ധിപ്പിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 2018-19 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ഓണറേറിയം നിശ്ചിത സാമ്പത്തിക വർഷം ആശാവർക്കർമാർക്ക് നൽകുന്നതാണ്.

## വനിത വികസന കോർപ്പറേഷൻ

252 (5918) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാവികസന കോർപ്പറേഷൻ മുഖേന വനിതകൾക്ക് സ്വാശ്രയത്വം ലഭിക്കാൻ കഴിയുന്ന എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; ഓരോന്നിന്റെയും വിശദാംശങ്ങൾ നൽകുമോ;

(ബി) തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കുന്നതിനായി ലേഡീസ് ഹോസ്റ്റലുകൾ എവിടെയൊക്കെയാണ് ഉള്ളത്;

(സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലെങ്കിലും ഇത്തരം ഹോസ്റ്റലുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; താലൂക്ക് കേന്ദ്രങ്ങളിൽക്കൂടി ഇത്തരം ഹോസ്റ്റലുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന വനിതകൾക്ക് സ്വാശ്രയത്വം ലഭിക്കാൻ കഴിയുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>സ്വയം തൊഴിൽ വായ്പാ പദ്ധതി</u>: കോർപ്പറേഷൻ സംസ്ഥാനത്തെ പിന്നാക്ക, ന്യൂനപക്ഷ, പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സ്വയം തൊഴിൽ വായ്പ നൽകുന്നതിലേയ്ക്ക് മൂന്ന് പ്രധാന ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെ ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിച്ചുവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം ഉപയോഗിച്ച് പൊതു വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്കും വായ്പ നൽകിവരുന്നു.

2. <u>പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ (റീച്ച്) (തിരുവനന്തപുരം, കണ്ണൂർ)</u>: കേരളത്തിലെ സ്ത്രീകൾക്ക് വേണ്ടി ആരംഭിച്ച ഫിനിഷിംഗ് സ്കൂൾ ആണ് ഒരു സംസ്ഥാന സർക്കാർ സംരംഭമായ REACH (റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്) തിരുവനന്തപുരത്തും കണ്ണൂർ പിലാത്തറയിലുമാണ് നിലവിൽ റീച്ച് സെന്ററുകൾ പ്രവർത്തിക്കുന്നത്. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിലവസരങ്ങൾ നൽകുന്നതിലേയ്ക്കുള്ള പരിശ്രമങ്ങളും റീച്ച് മുൻകയ്യെടുത്ത് നടത്തിവരുന്നു.

3. <u>ആദിവാസി വനിതാ വികസന പദ്ധതി</u>: ആദിവാസി സ്ത്രീകളുടെ തൊഴിലും, നൈപുണ്യവും പരിപോഷിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് അവരെ എത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. 'വനമിത്ര' പൈലറ്റ് പ്രോജക്ട് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുതുകാട് ആദിവാസി സെറ്റിൽമെന്റ് കോളനിയിൽ 2017 നവംബറിൽ ആരംഭിച്ചു.

4. <u>വിധവകൾക്ക് വേണ്ടിയുള്ള സംരംഭകത്വ വികസന പരിശീലന പരിപാടികൾ:</u> വിധവകളെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിലേയ്ക്കായി സംരംഭകത്വ പരിശീലനത്തിന് പുറമെ ധൈര്യപൂർവ്വം ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും സ്വയം തീരുമാനമെടുക്കുന്നതിനും, സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവരെ പ്രാപ്തരാക്കുന്ന സംരംഭകത്വ പരിശീലന പരിപാടിയാണിത്.

(ബി) തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കുന്നതിനായി താഴെപ്പറയുന്ന ജില്ലകളിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലേഡീസ് ഹോസ്റ്റലുകൾ നടത്തിവരുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 2 |
| എറണാകുളം | - | 1 |
| കോഴിക്കോട് | - | 1 |
| മലപ്പുറം | - | 2 |
| വയനാട് | - | 1 |
| കണ്ണൂർ | - | 1 |

കൂടാതെ മലപ്പുറം പെരിന്തൽമണ്ണയിൽ ഹോസ്റ്റലിനായുള്ള ശിലാസ്ഥാപനം 2018 ജനവരിയിൽ നടത്തുകയും നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതിനായുള്ള നടപടി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

## അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് പെൻഷൻ

253 (5919) ഡോ. എൻ. ജയരാജ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് പെൻഷൻ നല്കുന്ന പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ;

(സി) ശസ്ത്രക്രിയ കഴിഞ്ഞ് ഇത്രകാലത്തിനുള്ളിൽ പ്രസ്തുത ആനുകൂല്യത്തിന് അപേക്ഷിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ഡി) എങ്കിൽ അനുഭാവപൂർവ്വം പരിഗണിച്ച് പ്രസ്തുത നിയന്ത്രണം ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) നിലവിലുണ്ട്. വൃക്ക/കരൾ എന്നീ അവയവങ്ങളിലേതെങ്കിലും മാറ്റിവയ്ക്കപ്പെട്ട വാർഷിക കുടുംബ വരുമാനം ഒരു ലക്ഷത്തിൽ താഴെയുള്ള രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ തീയതി മുതൽ 5 വർഷത്തേയ്ക്കാണ് പെൻഷന് അർഹതയുള്ളത്.

(സി) വ്യവസ്ഥയില്ല.

(ഡി) ബാധകമല്ല.

## ഓപ്പറേഷൻ ശരണബാല്യം പദ്ധതി

254 (5920) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലവേലയും ബാലഭിക്ഷാടനവും തടയുവാൻ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് നടപ്പിലാക്കിയ ഓപ്പറേഷൻ ശരണ ബാല്യം പദ്ധതി വിശദമാക്കുമോ ;

(ബി) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് തെക്കൻ കേരളത്തിൽ പരിശോധന കർശനമാക്കിയതിനെ തുടർന്ന് ഭിക്ഷാടന മാഫിയയുടെ പ്രവർത്തനം മലബാർ കേന്ദ്രമാക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ബാല ഭിക്ഷാടനത്തിനെതിരെ കർശനമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ബാലവേല-ബാലഭിക്ഷാടനം-തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ശരണബാല്യം. പത്തനംതിട്ട ജില്ലയിൽ ആരംഭിച്ച ഓപ്പറേഷൻ ശരണബാല്യം പദ്ധതി ജില്ലയുമായി അതിർത്തി പങ്കിടുന്ന സമീപ ജില്ലകളായ ആലപ്പുഴ, കൊല്ലം, കോട്ടയം ജില്ലകളിൽക്കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ റെസ്ക്യൂ ഓഫീസർമാരെ നിയമിച്ചുകൊണ്ടാണ് പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ പദ്ധതി പ്രവർത്തനം നടത്തുന്നത്. ആലപ്പുഴ ജില്ലയുടെ പരിധിയിൽ ചെങ്ങന്നൂർ റെയിൽവെ സ്റ്റേഷൻ പരിസരത്തും കോട്ടയം ജില്ലയിലെ എരുമേലി, അഴുത ഭാഗങ്ങളിലും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ബാലവേലയിലും ഭിക്ഷാടനത്തിലും കുട്ടികൾ ഏർപ്പെടുന്നത് തടയുന്നതിനായുള്ള നടപടികൾ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ മുഖാന്തിരം സ്വീകരിക്കുകയും ടി ജില്ലകളിൽ ബാലഭിക്ഷാടനത്തിനും ബാലവേലയ്ക്കായും മറ്റ് പല തരത്തിലുള്ള ചൂഷണത്തിനുമായി ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തിച്ച 55 കുട്ടികളെ രക്ഷപ്പെടുത്തുകയുമുണ്ടായി.

(ബി) ഇല്ല. സംസ്ഥാന വ്യാപകമായി ശരണബാല്യം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സാമൂഹ്യനീതി വകുപ്പിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ**

255 (5921) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനത്തിന് വേണ്ടി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; റാങ്ക് ലിസ്റ്റിൽ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കാമോ;

(ഡി) എന്തുകൊണ്ടാണ് പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ വൈകുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്രയുംവേഗത്തിൽ നിയമനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആറ് ഒഴിവുകൾ നിലവിലുണ്ട്.

(ബി) വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നടത്തുന്നതിനായി ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ 7 പേർ ഉണ്ട്.

(സി) ആർക്കും നിയമനം നൽകിയിട്ടില്ല.

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഓഫീസ് അറ്റൻഡന്റ്, ജൂനിയർ സൂപ്രണ്ട്, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ എന്നീ തസ്തികകളിൽ നിന്നും അടിസ്ഥാന ശമ്പളം 24,600 മുതൽ 46,900 വരെ വാങ്ങുന്ന ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട്. ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിഭാഗം ജീവനക്കാരും വനിതാ പ്രൊട്ടക്ഷൻ ഓഫീസറുടെ ലോവർ സ്കെയിലായ 35,700 രൂപയേക്കാൾ കൂടുതൽ അടിസ്ഥാന ശമ്പളം വാങ്ങുന്നവരാണ്. വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് പട്ടികയിൽനിന്നും ജീവനക്കാർക്ക് താൽക്കാലിക നിയമനം നൽകുമ്പോൾ ഇവരുടെ അടിസ്ഥാന ശമ്പളം, ശമ്പള സ്കെയിൽ, നിയമന കാലയളവ് എന്നീ കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

**ദേശീയ ക്ഷേമ പദ്ധതികൾക്ക് കേന്ദ്ര വിഹിതം**

256 (5922) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സാമൂഹ്യ സഹായ പദ്ധതി, ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതികളുടെ ഭാഗമായി 2014-15 മുതൽ 2017-18 വരെ കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചു;

(ബി) ഇത് പൂർണമായും വിനിയോഗിച്ചുവോ; എത്ര പേർക്ക് ഈ പദ്ധതികളിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിച്ചു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ സാമൂഹ്യ സഹായ പദ്ധതിയിലുൾപ്പെട്ട പദ്ധതികൾക്ക് 2014-15 മുതൽ 2017-18 വരെ ലഭിച്ച കേന്ദ്ര വിഹിതം ചുവടെ ചേർക്കുന്നു:

| പദ്ധതി | (രൂപ ലക്ഷത്തിൽ) | | | |
|---|---|---|---|---|
| | 2014-15 | 2015-16 | 2016-17 | 2017-18 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 3901 | 6665.81 | 13331.62 | 6216.94 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 1110 | 554.99 | 1109.98 | 554.99 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 7758.48 | 3879.24 | 7758.48 | 3879.24 |
| ദേശീയ കുടുംബക്ഷേമ പദ്ധതി | 897.76 | 448.87 | 448.87 | ലഭിച്ചിട്ടില്ല. തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

(ബി) തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു:

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1892962 |
| 2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 34819 |
| 3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1162302 |
| 4. ദേശീയ കുടുംബക്ഷേമ പദ്ധതി | 31097 |

## വൃക്ക രോഗികൾക്ക് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ധനസഹായം

257 (5923) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വൃക്ക രോഗികൾക്ക് പ്രതിമാസ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

സാമൂഹ്യനീതി വകുപ്പിനു കീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വൃക്ക രോഗികൾക്ക് പ്രതിമാസ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്:

1. വൃക്കരോഗ വിദഗ്ദ്ധനിൽനിന്നും ലഭിച്ച നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (ആശുപത്രി സീൽ, ഡോക്ടർ സീൽ എന്നിവ സഹിതം )
2. ബി.പി.എൽ. റേഷൻകാർഡ്/തദ്ദേശഭരണ സ്ഥാപന മേധാവിയിൽ നിന്നും ലഭിച്ച ബി.പി.എൽ സർട്ടിഫിക്കറ്റ് ഇവയിലേതെങ്കിലും ഒന്നിന്റെ ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. ശിശുവികസന പദ്ധതി ആഫീസറുടെ അന്വേഷണ റിപ്പോർട്ട് (ആഫീസ് സീൽ സഹിതം).
4. നാഷണലൈസ്ഡ് ബാങ്കിൽ അപേക്ഷകന്റെ പേരിൽ അക്കൗണ്ട് ആരംഭിച്ച ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്.
5. ആധാർ കാർഡിന്റെ പകർപ്പ്.

അപേക്ഷാഫോറം, ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ/പഞ്ചായത്ത് ഓഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/അങ്കണവാടികൾ എന്നിവിടങ്ങളിൽനിന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റിൽ നിന്നും/ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാ ഫോറം മേൽപ്പറഞ്ഞ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്.

**ആശ്വാസകിരണം പദ്ധതി**

258 (5924) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 'ആശ്വാസ കിരണം' പദ്ധതി വഴിയുള്ള ധനസഹായ വിതരണം എത്ര തവണ യഥാസമയം നൽകാൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിക്കുമോ; ഏത് സാഹചര്യത്തിലാണ് ഈ ധനസഹായ വിതരണം മുടങ്ങിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പദ്ധതിയിൽ പുതിയതായി ചേരുന്നതിന് അപേക്ഷ സമർപ്പിക്കാനെത്തുന്നവരെ നിരുത്സാഹപ്പെടുത്തുന്ന സമീപനമാണ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിയെ തകർക്കുന്ന ഇത്തരം സമീപനങ്ങൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് 66447 പേർക്ക് ആശ്വാസകിരണം പദ്ധതിയിൻ കീഴിൽ ധനസഹായം അനുവദിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 104440 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിയിൽ ധനസഹായത്തിന് 2011 മുതൽ 2016 മെയ് വരെ കെട്ടിക്കിടന്ന 23804 അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2017 മാർച്ച് വരെ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് മരണപ്പെട്ടതും മണിയോർഡർ തിരിച്ചുവന്നതുമായ 1488 പേരെ കുറവ് ചെയ്ത് അർഹരായ 102952 പേർക്ക് 2017 മാർച്ച് വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ മരണപ്പെട്ടവരെയും, മണിയോർഡർ തിരികെ വന്നതുമായ ഗുണഭോക്താക്കളെ ഒഴിവാക്കി ബാക്കിയുള്ള 99121 പേർക്ക് 2018 ഫെബ്രുവരി വരെയുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർണ്ണമായി സ്വികരിച്ചിട്ടുണ്ട്. 2017 ഏപ്രിലിനുശേഷം 2018 ഫെബ്രുവരി വരെ ലഭിച്ചിട്ടുള്ള 15626 പുതിയ അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശ്വാസകിരണം പദ്ധതിക്കായി അനുവദിച്ചിട്ടുള്ള 2016-17, 2017-18 വർഷം സർക്കാർ ബജറ്റ്

വിഹിതം പര്യാപ്തമല്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാകുന്ന ഫണ്ടിന്റെ കൂടി ലഭ്യതയ്ക്കനുസൃതമായിട്ടാണ് ധനസഹായം അനുവദിച്ചുവരുന്നത്.

(ബി) പദ്ധതിയിൽ പുതിയതായി ചേരുന്നതിന് അപേക്ഷ സമർപ്പിക്കാനെത്തുന്നവരെ നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള സമീപനം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

**വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം**

259 (5925) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) വരുമാന പരിധി മറ്റു ധനസഹായം ലഭിക്കുന്ന പദ്ധതികളെക്കാൾ തുലോം കുറവായത് ഈ ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമാവുന്നുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വരുമാന പരിധി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. കുടുംബവിഹിതമോ മാതാവിന്റെയോ, പിതാവിന്റെയോ, ഇഷ്ടദാനമോ ആയി പെൺകുട്ടികളുടെ പേരിൽ ഉള്ളത്. വസ്തു, ആഭരണം, ധനം ഉൾപ്പെടെ 50,000 രൂപയിൽ കവിയാത്തതാണെങ്കിൽ ആ കുട്ടിയുടെ വിവാഹത്തിന് ധനസഹായം നൽകാവുന്നതാണ്.

2. വിവാഹത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് ഒരു മാസം മുമ്പെങ്കിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ വിവാഹം കഴിഞ്ഞ തീയതി

മുതൽ ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം മാപ്പാക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അധികാരം ഉണ്ടായിരിക്കും. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമായ അപേക്ഷകൾ ആദ്യം പരിഗണിച്ച് ആനുകൂല്യം നൽകിയ ശേഷമായിരിക്കണം വൈകി ലഭിച്ച അപേക്ഷകൾ പരിഗണിച്ച് ആനുകൂല്യം നൽകേണ്ടത്.

3. പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി ഗ്രാമപ്രദേശങ്ങളിൽ 22,000 രൂപയും നഗരപ്രദേശങ്ങളിൽ 22,375 രൂപയും താഴെ ആയിരിക്കണം.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരുമാന പരിധി ഉയർത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതന വർദ്ധനവ്**

260 (T+ 5926) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം വർദ്ധിപ്പിച്ചത് എന്ന് മുതലാണ്;

(ബി) കുടിശ്ശിക സഹിതം അവർക്ക് തുക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം 1-4-2016 തീയതി മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കുടിശ്ശിക സഹിതമുള്ള തുക ഐ.സി.ഡി.എസ്. ഓഫീസുകളിൽനിന്നും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

\+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ വിശദാംശം

261 (5927) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കുകയുണ്ടായി; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി അനുവദിച്ച ഫണ്ടിന്റെ വിശദാംശം നല്കാമോ ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| അഡീഷണൽ പ്രോജക്ട് | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | അങ്കണവാടി സെന്റർ നമ്പർ | എണ്ണം |
|---|---|---|---|
| മണ്ണാർക്കാട് | തച്ചനാട്ടുകര | 154 | 1 |
| ശ്രീകൃഷ്ണപുരം | കടമ്പഴിപ്പുറം | 2 | 1 |
| | പൂക്കോട്ട്കാവ് | 34,43 | 2 |
| | കരിമ്പുഴ | 147 | 1 |
| ഒറ്റപ്പാലം | ലക്കിടിപേരൂർ | 23,24,25,27,31 | 5 |
| | അമ്പലപ്പാറ | 34,39,44,70 | 4 |
| | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 77,78,88,106,108,110, 112 | 7 |
| | ആകെ | | 21 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 1122 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി. ആയതിനാൽ 737 അങ്കണവാടികൾക്ക് സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | അനുമതി നൽകിയ അങ്കണവാടികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 70 |
| കൊല്ലം | 90 |
| പത്തനംതിട്ട | 38 |
| കോട്ടയം | 76 |
| ആലപ്പുഴ | 47 |
| എറണാകുളം | 37 |
| തൃശ്ശൂർ | 66 |
| ഇടുക്കി | 50 |
| പാലക്കാട് | 76 |
| മലപ്പുറം | 97 |
| കോഴിക്കോട് | 27 |
| വയനാട് | 29 |
| കണ്ണൂർ | 20 |
| കാസർഗോഡ് | 14 |
| ആകെ | 737 |

(സി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിവിധ പദ്ധതി പ്രകാരം അങ്കണവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി അനുവദിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | 2016-17 | തുക |
|---|---|---|
| (1) | (2) | (3) |
| 1 | State Plan Fund 4235-02-102-96(p) | 174000000 |
| 2 | State Plan Fund 4235-02-102-90 (p) | 39000000 |

| (1) | (2) | (3) |
|---|---|---|
| 3 | State Plan Fund 2235-02-102-56 (p) | 13000000 |
| 4 | MGNREGS | 144000000 |
| 5 | NABARD | 70262000 |
| 6 | MODEL ANGANAWADI | 5375532 |
| 7 | II PHASE MODEL | 25312059 |
| | TOTAL | 470949591 |

| ക്രമ നമ്പർ | 2017-18 | തുക |
|---|---|---|
| 1 | State Plan Fund | 60000000 |
| 2 | NABARD | 71902000 |
| 3 | MODEL ANGANAWADI | 3579533 |
| 4 | II PHASE MODEL | 9243135 |
| | TOTAL | 144724668 |

**മണലൂർ മണ്ഡലത്തിലെ അങ്കണവാടികൾ**

262 (5928) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവയിൽ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെ എണ്ണം എത്ര;

(സി) സ്വന്തമായി ഭൂമിയില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഏതെല്ലാമാണ്;

(ഡി) ഈ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) മണലൂർ മണ്ഡലത്തിൽ ആകെ 264 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെ എണ്ണം 211, വാടകരഹിതം - 12

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | ആകെ | അങ്കണവാടി സെന്റർ നമ്പർ |
|---|---|---|
| മണലൂർ | 1 | 103 |
| അരിമ്പൂർ | 9 | 110,113,132,134,135,136,137,138,142 |
| വെങ്കിടങ്ങ് | 3 | 10,24,97 |
| മുല്ലശ്ശേരി | 2 | 34,35 |
| എടവള്ളി | 1 | 99 |
| പാവറട്ടി | 12 | 78,81,82,83,84,85,88,89,90,92,96,100 |
| ചൂണ്ടൽ | 8 | 43,47,51,52,55,56,57,59 |
| കണ്ടാണശ്ശേരി | 2 | 20,41 |
| തൈക്കാട് | 1 | 46 |
| വാടാനപ്പള്ളി | 2 | 115,133 |
| ആകെ | 41 | |

(ഡി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതാണ്.

**വർക്കല മണ്ഡലത്തിലെ മാതൃക അങ്കണവാടി**

263 (5929) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഏത് അങ്കണവാടിയെയാണ് മാതൃക അങ്കണവാടിയായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മാതൃക അങ്കണവാടി വികസനത്തിനായി എത്ര രൂപയുടെ ഫണ്ടാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിലെ വർക്കല അഡീഷണൽ ഐ.സി.ഡി.എസ്.-ന്റെ പരിധിയിലുള്ള എടവ ഗ്രാമപഞ്ചായത്തിലെ 43-ാം നമ്പർ അങ്കണവാടിയെയാണ് മാതൃകാ അങ്കണവാടിയായി തിരഞ്ഞെടുത്തിട്ടുള്ളത്.

(ബി) മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി വകുപ്പ് വിഹിതമായ 17 ലക്ഷം രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ Special TSB അക്കൗണ്ടിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

**മാറാക്കര പഞ്ചായത്തിലെ അങ്കണവാടി നിർമ്മാണം**

264 (T+ 5930) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാക്കര പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മൊയ്തീൻകുട്ടി മാസ്റ്ററുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) 2016-17 വർഷത്തിൽ 24 അങ്കണവാടികളുടെ നിർമ്മാണത്തിനാവശ്യമായ തുക പഞ്ചായത്തിന് കൈമാറി നൽകണമെന്ന് പഞ്ചായത്ത് പാസാക്കിയ പ്രമേയം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരവും ഫയലുകളുടെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) പഞ്ചായത്ത് തീരുമാനത്തിനനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി - ഡി) 2016-17 സാമ്പത്തിക വർഷം മാറാക്കര പഞ്ചായത്തിലെ 24 അങ്കണവാടികൾക്ക് കെട്ടിടം നവീകരിക്കുന്നതിന് പി.ഡബ്ല്യൂ.ഡി ശീർഷകത്തിൽ അനുമതി നൽകിയിരുന്നു. എന്നാൽ ഉത്തരവ് ലഭിക്കുന്നതിന് മുമ്പ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നവീകരണം ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി. ശീർഷകത്തിൽ നിന്നും 24 അങ്കണവാടികൾക്ക് കെട്ടിടം നവീകരിക്കുന്നതിന് വകുപ്പ് വിഹിതം മാറാക്കര പഞ്ചായത്തിന് നൽകുന്നതിനായി വനിത ശിശു വികസന ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച് പരിശോധിക്കുന്ന ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**വാമനപുരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി**

265 (5931) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം ഗ്രാമപഞ്ചായത്തിലെ ഗ്രാമീണ നഗർ 22 ാം നമ്പർ അങ്കണവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും മറ്റുമുള്ള വിശദവിവരങ്ങൾ നൽകാമോ;

(സി) അങ്കണവാടി നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വാമനപുരം ഗ്രാമപഞ്ചായത്തിലെ 22-ാം നമ്പർ അങ്കണവാടിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) ടി പ്രവൃത്തിക്കായി 11,66,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള ചുമതല പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വാമനപുരം ഗ്രാമപഞ്ചായത്തിലെ 22-ാം നമ്പർ അങ്കണവാടിയുടെ കെട്ടിട നിർമ്മാണത്തിനായി ലഭ്യമായ സ്ഥലം താഴ്ന്ന പ്രദേശമായതിനാൽ പദ്ധതിക്ക് അനുവദിച്ചിട്ടുള്ള 11,66,000 രൂപ കെട്ടിടനിർമ്മാണത്തിന് പര്യാപ്തമല്ല എന്ന് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് കെട്ടിടനിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിലെ അങ്കണവാടികൾ

266 (5932) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്തവയും സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടങ്ങൾ ഇല്ലാത്തവയുമായ അങ്കണവാടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

ആലത്തൂർ മണ്ഡലത്തിൽ സ്വന്തമയി സ്ഥലവും കെട്ടിടവുമില്ലാത്തവയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി | സെന്റർ നമ്പർ |
|---|---|---|---|
| (1) | (2) | (3) | (4) |
| കുഴൽമന്ദം | കുഴൽമന്ദം | കിഴക്കെ മാണ്ഡപം കടം | 16 |
| | | ചേങ്ങോട് | 20 |
| | തേങ്കുറിശ്ശി | ചെള്ളിമാർതറ | 158 |
| ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | ചീരക്കുഴി | 37 |
| | | അങ്ങുട് | 41 |
| | | കളതോട്ടം | 42 |
| | | കൊട്ടേക്കാട് | 43 |
| | | ആലിൻച്ചുവട് | 46 |
| | | കരുപ്പംകടം | 47 |

| | | | |
|---|---|---|---|
| | | ചൂരുപ്പാറ | 55 |
| | | അമ്പിട്ടൻതരിശ് | 59 |
| | | കൊന്നക്കൽകടവ് | 62 |
| | | പാലക്കുഴി പി സി ടി | 71 |
| | | പാലക്കുഴി പിസിഎ | 72 |
| | | പണ്ടാകോട് | 73 |
| | | തെക്കിൻകല്ല | 74 |
| നെന്മാറ അഡീഷണൽ | വണ്ടാഴി | കടപ്പാറ | 16 |
| | | ചെമ്പോട് | 19 |
| | | പൂതംകോട് | 20 |
| | | കുന്നപറമ്പ് | 22 |
| | | പൈതലാ | 25 |
| | | കഴിക്കുമുറി | 28 |
| | | ചേരുംകോട് | 29 |
| | | വാല്പാറമ്പ് | 30 |
| | മേലാർകോട് | ചെമ്പുഴി | 74 |
| | | വെള്ളാറക്കോട് | 97 |
| | | പഴയാൻടിത്തറ | 76 |
| ആലത്തൂർ | ആലത്തൂർ | കിഴക്കൻകാട് | 20 |
| | | ചെറുതറ | 22 |
| | എരിമയൂർ | കണ്ണൻതൊടി | 30 |
| | | ചേറനാട് | 47 |

ആലത്തൂർ മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടങ്ങൾ ഇല്ലാത്തവയുമായ അങ്കണവാടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി | സെന്റർ നമ്പർ |
|---|---|---|---|
| കുഴൽമന്ദം | കുഴൽമന്ദം | കുന്നുപറമ്പ് | 18 |
| | | ഇളനീരക്കോട് | 21 |
| | | ആലടിക്കാട് | 22 |
| | തേങ്കുറിശ്ശി | വാണിയംപറമ്പ് | 166 |
| ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | ഗ്രാമം | 34 |
| | | പൊട്ടുകിൻകുണ്ട് | 68 |
| ആലത്തൂർ | ആലത്തൂർ | പൊരുവത്തക്കാട് | 23 |
| | എരിമയൂർ | അങ്കമശാല | 34 |
| നെന്മാറ അഡീഷണൽ | വണ്ടാഴി | കൊരക്കാലി | 27 |
| | മേലാർകോട് | കാത്താംപൊറ്റ | 90 |

**ഭാരതീയ ചികിത്സാ വകുപ്പിന്റെ ജെറിയാട്രിക് കെയർ പദ്ധതി**

267 (5933) ശ്രീ. ബി. സത്യൻ:

ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ പരിപാലന രംഗത്ത് ഭാരതീയ ചികിത്സാ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്;

(ബി) പൊതുജനാരോഗ്യ രംഗത്തും, പകർച്ചവ്യാധി പ്രതിരോധരംഗത്തും കാര്യക്ഷമമായി ഇടപെടുന്നതിനും സിദ്ധ, യുനാനി, പ്രകൃതി ചികിത്സ എന്നിവയുടെ ഗുണഫലങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ രംഗത്ത് പുതിയ ഗവേഷണങ്ങൾ നടക്കുന്നുണ്ടോ;

(ഡി) വൃദ്ധ സദനങ്ങളിൽ നടപ്പാക്കി വരുന്ന വയോ അമൃതം പദ്ധതി, നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളുടെ പരിപാലനത്തിനും ആയുർവേദ ചികിത്സയിലൂടെ ആരോഗ്യമുള്ള ജീവിതത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന ജെറിയാട്രിക് കെയർ പദ്ധതി എന്നിവയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി ബാലമുകുളം, ഋതു, പ്രസാദം, കൗമാര സ്തൗഫല്യം, ദൃഷ്ടി തുടങ്ങിയ പദ്ധതികളും പ്രമേഹ രോഗികൾ വർദ്ധിച്ചുവരുന്ന സാഹര്യത്തിലും അതിനെ തടയിടുന്നതിന് ജീവനി എന്ന പദ്ധതിയും, എൻഡോസൾഫാൻ ഏരിയയിലെ വിവാഹ പ്രായമെത്തിയവർക്കുള്ള നിർവിഷ ചികിത്സാ പദ്ധതിയും, വൃദ്ധജന പരിപാലനത്തിനായി വൃദ്ധജനപരിപാലന പദ്ധതിയും, കരൾരോഗം തടയുന്നതിനായി കരൾരോഗമുക്തി, അട്ടപ്പാടിയിലെ ശിശുമരണം തടയുന്നതിനായി ക്ഷേമ ജനനി, ജീവിതശൈലി രോഗങ്ങളെ തടയിടുന്നതിന് ആയുഷ്യം എന്ന പദ്ധതി കൂടാതെ ക്ഷാരസൂത്ര, സിക്കിൾസെൽ അനീമിയ യൂണിറ്റ്, സ്നേഹധാര (പാലിയേറ്റീവ് കെയർ), പ്രസൂതിതന്ത്ര, പുനർന്നവ, വയോ അമൃതം, കൗമാരഭൃത്യം, മാനസികം, യോഗ എന്നിങ്ങനെ 26 പദ്ധതികൾ വലിയ ജനപിന്തുണയോടെ വകുപ്പിൽ നടന്നുവരുന്നു.

(ബി) ഇത് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പക്ഷാഘാത രോഗികൾക്ക് ആയുർവേദ ചികിത്സാ സമ്പ്രദായവും ആധുനിക ചികിത്സയും കൂടി സംയോജിച്ചിട്ടുള്ള ഒരു ചികിത്സ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആന്റി മൈക്രോബിയൽ റസിസ്റ്റൻസിനായും ആധുനിക വൈദ്യശാസ്ത്രവുമായി ചേർന്നുള്ള സംയോജിത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്പോർട്സ് ആയുർവേദ റിസർച്ച് സെൽ എന്ന പേരിൽ 2010 മുതൽ ആരംഭിച്ച സ്പോർട്സ് രംഗത്തുള്ളവർക്ക് വേണ്ടിയുള്ള ചികിത്സാ പദ്ധതിയിൽ പുതിയ ഔഷധങ്ങൾ ഗവേഷണാടിസ്ഥാനത്തിൽ നിർമ്മിച്ചുപയോഗിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) <u>വയോ അമൃതം:</u> മക്കളിൽ നിന്നും ഒറ്റപ്പെട്ട് ആരാരും സംരക്ഷിക്കപ്പെടാതെ മാനസികമായി തളർന്നും വാർദ്ധക്യസഹജമായ രോഗങ്ങളാൽ പീഡിപ്പിക്കപ്പെട്ടവരും വൃദ്ധ സദനങ്ങളിൽ എത്തപ്പെടുന്ന അന്തേവാസികളുടെ ആരോഗ്യ സംരക്ഷണത്തിനും സാന്ത്വന പരിചരണത്തിനും വേണ്ടി സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ ഭാരതീയ ചികിത്സാ വകുപ്പ് മുഖേന കാസർഗോഡ് ജില്ല ഒഴികെ മറ്റ് 13 ജില്ലകളിൽ നടപ്പിലാക്കിയ വയോ അമൃതം പദ്ധതി 2014-15 സാമ്പത്തിക വർഷം മുതൽ സാമൂഹ്യ നീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വൃദ്ധ സദനങ്ങളിൽ വയോ അമൃതം പദ്ധതി നടപ്പിലാക്കിവരുന്നു. ഓരോ വർഷവും ഏകദേശം 800-900 അന്തേവാസികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഓരോ വൃദ്ധ സദനങ്ങളിലും ഒരു മെഡിക്കൽ ഓഫീസറേയും ഒരു അറ്റൻഡറേയും നിയമിച്ച് സേവനം നൽകുന്നു. വൃദ്ധ സദനങ്ങളിലെയും അഗതി മന്ദിരങ്ങളിലെയും അന്തേവാസികൾ അനുഭവിക്കുന്ന ഒറ്റപ്പെടൽ, മാനസിക സമ്മർദ്ദം, ആരോഗ്യ പ്രശ്നങ്ങൾ, രോഗങ്ങൾ എന്നിവയ്ക്ക് ആയുർവേദ ശാസ്ത്ര വിധി പ്രകാരം സൗജന്യ ആയുർവേദ ചികിത്സയും സാന്ത്വന പരിചരണവും നൽകി ശാശ്വത പരിഹാരം കണ്ടെത്തുക, ഇതിലൂടെ അവരെ പൊതുധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുക എന്ന ദീർഘവീക്ഷണവുമാണ് ഭാരതീയ ചികിത്സാ വകുപ്പ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

<u>ജെറിയാട്രിക് കെയർ പദ്ധതി:</u> നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളുടെ പരിപാലനത്തിനും ആയുർവേദ ചികിത്സയിലൂടെ ആരോഗ്യമുള്ള ജീവിതത്തിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി. 2017-18 സാമ്പത്തിക വർഷം 14 ജില്ലകളിലെയും തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ജെറിയാട്രിക് കെയർ പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ ഓരോ ജില്ലയിലും രണ്ട് തെറാപ്പിസ്റ്റുമാരെയും ഒരു കെയർ ടേക്കറേയും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.

## വനിതാ വികസന വകുപ്പിന്റെ പ്രവർത്തനം

268 (5934) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നശേഷം രൂപീകരിച്ച വനിതാവികസന വകുപ്പിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

30-6-2017-ലെ സ.ഉ.(കൈ) നമ്പർ 24/2017/സാനീവ. ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി രൂപീകൃതമായ വനിതാ ശിശു വികസന വകുപ്പില 24 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഡയറക്ടർ-1, ജില്ലാ ഓഫീസർ-14, ലോ ഓഫീസർ-1, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ-1, ഫിനാൻസ് ഓഫീസർ-1, സപ്പോർട്ടിംഗ് സ്റ്റാഫ്-6. 31-8-2017ലെ സ.ഉ.(കൈ) നമ്പർ 288/2017/സാനീവ ഉത്തരവ് പ്രകാരം Rules of Business ഭേദഗതി ചെയ്യും ഉത്തരവായിട്ടുണ്ട്.

പുതിയതായി രൂപീകൃതമായ വനിതാ ശിശു വികസന വകുപ്പിലെ ഡയറക്ടർ, ലോ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ തസ്തികകളിൽ നിയമനം നടത്തുകയും പുതിയ വകുപ്പിന്റെ ഡയറക്ടറേറ്റ് പൂജപ്പുരയിലെ സാമൂഹ്യനീതി ഡയറക്ടേറ്റിന്റെ അനക്സ് ആസ്ഥാന കാര്യാലയമാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 21-1-2018 ലെ സ.ഉ (സാധാ)നമ്പർ 26/2018/സാനീവ ഉത്തരവ് പ്രകാരം വിഷയ വിഭജനം, ക്ഷേമ സ്ഥാപനങ്ങളുടെ കൈമാറ്റം എന്നിവ നിശ്ചയിച്ച് ഇരു വകുപ്പുകളിലെയും സെക്ഷനുകൾ വിഭജിച്ച് വർക്ക് അലോക്കേഷൻ നടത്തി പുതിയ സെക്ഷനുകളിലേയ്ക്ക് ഫയലുകൾ കൈമാറുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ട്രാൻസിഷൻ ടീം രൂപീകരിച്ചും, പുതുതായി അനുവദിക്കപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ താൽക്കാലിക ചുമതല ജില്ലാ സാമൂഹിക ഓഫീസർമാർ ചുമതലയേറ്റടുത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇരു വകുപ്പുകളിലെയും കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് ഉത്തരവായിട്ടില്ലാത്തതിനാൽ വനിതാ ശിശു വികസന വകുപ്പ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല. നിലവിൽ വകുപ്പിന്റെ പ്രവർത്തനം ഇരു ഡയറക്ടറേറ്റുകളുടെയും സംയുക്ത മേൽനോട്ടത്തിൽ തടസ്സങ്ങളില്ലാതെ നിർവ്വഹിച്ചുവരുന്നു. അതോടൊപ്പം സെക്രട്ടറിയേറ്റ് തലത്തിലും വകുപ്പ് വിഭജിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മാതാപിതാക്കളെ ഉപേക്ഷിക്കുന്ന പ്രവണത**

269 (5935) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളുടെയും, മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച കേന്ദ്ര നിയമം സംസ്ഥാനത്ത് പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ടോ;

(ബി) മാതാപിതാക്കളെ സംരക്ഷിക്കാതെ അവരെ അനാഥാലയത്തിലും അമ്പലപ്പറമ്പുകളിലും ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ടോ; ഇതിനെതിരെ എന്തെങ്കിലും ബോധവത്കരണ നടപടികൾ സർക്കാർ തലത്തിൽ നടത്തുന്നുണ്ടോ;

(സി) ഇത്തരത്തിൽ ഉപേക്ഷിക്കുന്നവരെ സംരക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും സംരക്ഷണ ഭവനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച കേന്ദ്ര നിയമം 2007-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ.ഉ.(പി) നമ്പർ 38/2009/സാ.നി.വ. തീയതി 28-8-2009 പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുകയും പ്രാബല്യത്തിലാക്കുകയും ചെയ്തിട്ടുണ്ട്. ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രൈബ്യൂണലുകളായി (സംരക്ഷണ കോടതികൾ) നിയമിച്ചിട്ടുണ്ട്. പ്രസ്തുത ട്രൈബ്യൂണൽ മുമ്പാകെ വരുന്ന കേസുകളിൽ യഥാസമയം ഹിയറിംഗ് നടത്തി പരാതികൾ പരിഹരിച്ചുവരുന്നു. അതോടൊപ്പം നിരവധിയായ വയോജന പ്രശ്നങ്ങളിൽ ക്രിയാത്മകവും അനുഭാവ പൂർണ്ണവുമായ ഇടപെടലുകൾ നടത്തുന്നതിനായി സംസ്ഥാന ചട്ടങ്ങൾ 2009 പ്രകാരം സംസ്ഥാന വയോജന കൗൺസിലും അനുബന്ധമായി ജില്ലാ കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു. കൂടാതെ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ കൺസീലിയേഷൻ ഓഫീസർമാരുടെ പാനൽ രൂപീകരിക്കുകയും ടി പാനൽ മുഖേന അനുരഞ്ജനത്തിലൂടെ മാതാപിതാക്കളും മക്കളും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിച്ചുവരുന്നു.

(ബി) മാതാപിതാക്കളെ സംരക്ഷിക്കാതെ അവരെ അനാഥാലയത്തിലും അമ്പലപ്പറമ്പുകളിലും ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർ അദ്ധ്യക്ഷനായ മെയിന്റനൻസ് ട്രൈബ്യൂണലുകൾ വഴി ഉടൻ പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. വയോജന സംരക്ഷണ നിയമം, നിരവധിയായ വയോജന പ്രശ്നങ്ങൾ, അവർക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് മുഖാന്തരം നടത്തിവരുന്നുണ്ട്.

(സി) സമൂഹത്തില ഒറ്റപ്പെട്ടുപോകുന്നവരെയും ഉപേക്ഷിക്കപ്പെടുന്നവരെയും സംരക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലുമായി ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ 16 വൃദ്ധസദനങ്ങൾ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വകുപ്പിന് കീഴിലെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടുകൂടി, മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തുടനീളം 615 സ്വകാര്യ വൃദ്ധസദനങ്ങളും പ്രവർത്തിച്ചുവരുന്നു.

## അട്ടപ്പാടിയിൽ എൻ.ആർ.എൽ.എം.-ന്റെ പ്രവർത്തനങ്ങൾ

270 (T*5936) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടിയിൽ ആദിവാസിക്ഷേമത്തിനായി എൻ.ആർ.എൽ.എം.-ന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

എൻ.ആർ.എൽ.എം.-ന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ ആദിവാസി ക്ഷേമത്തിനായി ഈ വകുപ്പിന്റെ പദ്ധതികളൊന്നും നടത്തി വരുന്നില്ല. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

## അനാഥാലയങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾ

271(5937) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾക്ക് ഇപ്പോൾ നേരിടുന്ന തടസ്സം പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ അനാഥാലയങ്ങൾക്കാണ് ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നതെന്നും ഈ വർഷം ഇതിൽ എത്ര യൂണിറ്റിന്റെ കുറവുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ വിഭാഗത്തിൽപ്പെട്ടവരെ കണ്ടെത്തുന്നതിനുള്ള സെക്ഷൻ 10 (a) പ്രകാരമുള്ള കേന്ദ്ര ഗവൺമെന്റ് മാനദണ്ഡങ്ങളും 10 (b) പ്രകാരം പ്രയോരിറ്റി വിഭാഗത്തെ കണ്ടെത്തുന്നതിന് സംസ്ഥാന മാനദണ്ഡങ്ങളും അനുസരിച്ച് ഓർഫനേജ്

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കൺട്രോൾ ബോർഡിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളെ എ.എ.വൈ/ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല. എന്നിരുന്നാലും അനാഥാലയങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വിഹിതം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അനാഥാലയങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ വർഷം ഏകദേശം 706 ക്വിന്റൽ അരിയുടെയും 279 ക്വിന്റൽ ഗോതമ്പിന്റെയും കുറവ് വന്നിട്ടുണ്ട്.

## വിശപ്പുരഹിത കേരളം പദ്ധതി

272 (5938) <u>ശ്രീ. ആർ. രാജേഷ്:</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>

<u>ശ്രീമതി വീണാ ജോർജ്ജ്:</u>

<u>ശ്രീ. സി. കൃഷ്ണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയ്ക്കായി അരിയും പലവ്യഞ്ജനങ്ങളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സർക്കാരിതര സംഘടനകളുടെയും കുടുംബശ്രീയുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) അരിയും പലവ്യഞ്ജനങ്ങളും കുറഞ്ഞ വിലയ്ക്ക് സപ്ലൈകോ വഴി നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സർക്കാർ/സർക്കാരിതര സംഘടനകളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായം ലഭ്യമാക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## പെട്രോൾ പമ്പുകളിൽ വാഹനയാത്രക്കാർക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ

273 (5939) <u>ശ്രീ. വി. ടി. ബൽറാം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ വാഹനയാത്രക്കാർക്ക് പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ പെട്രോൾ പമ്പുകളിൽ വാഹനയാത്രക്കാർക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഒട്ടുമിക്ക പെട്രോൾ പമ്പുകളിലും വാഹനയാത്രക്കാർക്ക് വേണ്ട പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നും എന്നാൽ 6 പെട്രോൾ പമ്പുകളിൽ ടോയ്‌ലെറ്റ് സംവിധാനം നിലവിലില്ലായെന്നും ആയത് 30-6-2018-ന് മുമ്പായി ലഭ്യമാക്കുന്നതാണെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

## ചാലക്കുടിയിൽ ഭക്ഷ്യവസ്തുക്കൾ നേരിട്ടെത്തിക്കുന്നതിന് നടപടി

274 (5940) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട എല്ലാ ആദിവാസി കോളനികളിലും ഭക്ഷ്യവസ്തുക്കൾ നേരിട്ടെത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ചാലക്കുടി താലൂക്കിലെ ഷോളയാർ ഗിരിജൻ കോളനി, ആനക്കയം കോളനി, തവളക്കുഴിപ്പാറ മലയൻ കോളനി, വാഴച്ചാൽ കോളനി, വാച്ച്മരം ഗിരിജൻ കോളനി, വാച്ച്മരം മലയൻ കോളനി, മുക്കംപുഴ ഗിരിജൻ കോളനി, പൊകലപ്പാറ ഗിരിജൻ കോളനി, പെരിങ്ങൽക്കുത്ത് കോളനി എന്നീ ആദിവാസി കോളനികളിൽ ഭക്ഷ്യ വസ്തുക്കൾ നേരിട്ട് എത്തിക്കുന്നതിനുള്ള ആദ്യഘട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## വിശപ്പുരഹിത കേരളം പദ്ധതിയിലെ പങ്കാളികൾ

275 (5941) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിശപ്പുരഹിത കേരളം പദ്ധതിയിൽ സർക്കാർ-സർക്കാരിതര സംഘടനകളെ പങ്കാളികളാക്കുന്നുണ്ടോ; ഈ പദ്ധതി നടപ്പിലാക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. സന്നദ്ധ സംഘടനകളുടെ സഹായത്തോടും പങ്കാളിത്തത്തോടുംകൂടി ടി പദ്ധതി നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

**റേഷൻ വിതരണം സുതാര്യമാക്കുന്നതിന് സംവിധാനം**

276 (5942) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത എത്ര അനർഹർ റേഷൻ മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സുതാര്യമായ റേഷൻ വിതരണത്തിനായി നടപ്പാക്കുന്ന കമ്പ്യൂട്ടർവൽക്കരണത്തെ അട്ടിമറിക്കുന്നതിന് ചില ഉദ്യോഗസ്ഥർ ശ്രമിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(സി) ഇ-പോസ് മെഷിൻ സ്ഥാപിച്ച റേഷൻ കടകളിൽ റേഷൻ വിതരണം നിർത്തി വയ്ക്കാൻ ഭക്ഷ്യവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം നിർദ്ദേശം നൽകാനുണ്ടായ സാഹചര്യമെന്താണ്; റേഷൻ വിതരണം മുടങ്ങുന്ന ദിവസങ്ങൾക്ക് പകരം മറ്റുദിവസങ്ങളിൽ റേഷൻ നൽകാൻ സംവിധാനമൊരുക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻ മുൻഗണനാ, എ.എ.വൈ. പട്ടികയിൽ ഇതുവരെ 262675 അനർഹർ ഉൾപ്പെട്ടിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഇല്ല. ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച കടകളിൽ ആയവ പ്രവർത്തനക്ഷമമാക്കുന്നതിന് ഓരോ റേഷൻ കടയിലും ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ, ഗുണഭോക്താക്കളുടെ വിഹിതം, റേഷൻ കടയുടെ വിഹിതം തുടങ്ങിയ വിവരങ്ങൾ സെർവറിൽ അപ്ഡേറ്റ് ചെയ്യേണ്ടതിനായി അൽപ്പകാലം വിതരണം വൈകിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത കടകളിൽ റേഷൻ വിതരണത്തിന് കൂടുതൽ സമയം അനുവദിച്ചിട്ടുണ്ട്.

## ബി.പി.എൽ. കാർഡ് നൽകുന്നതിനുള്ള മാനദണ്ഡം

277 (5943) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ. പി. എൽ. കാർഡ് ഉടമകളുടെ കുടുംബത്തിന് മാരകമായ രോഗങ്ങൾ ബാധിച്ചാൽ ബി.പി.എൽ. കാർഡ് അനുവദിക്കാനാകുമോ ; ബി.പി.എൽ. കാർഡ് നൽകാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

നിലവിൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എ.പി.എൽ./ബി.പി.എൽ. എന്ന തരംതിരിവ് റേഷൻ കാർഡുകൾക്ക് ബാധകമല്ല. മുൻഗണനാ വിഭാഗം/മുൻഗണനേതര വിഭാഗം എന്നീ രണ്ട് വിഭാഗമാണ് നിലവിലുള്ളത്.

14-1-2011 ലെ സ.ഉ.(കൈ) നമ്പർ 16/2011/ത.സ്വ.ഭ.വ. *(അനുബന്ധം -1)

27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/2012/ത.സ്വ.ഭ.വ.*(അനുബന്ധം -2)

എന്നിവയിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് ബി.പി.എൽ. പട്ടിക തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരമുള്ള മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/2017/ഭ.പൊ.വി.വ. *(അനുബന്ധം-3) പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

18-9-2017-ലെ സ.ഉ. (സാധാ) നമ്പർ 320/2017/ഭ.പൊ.വി.വ. പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത മാരകരോഗങ്ങൾ ബാധിച്ചവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

## റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് നടപടി

278 (5944) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; റേഷൻ കാർഡ് ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) റേഷൻ കടകൾവഴി കൂടുതൽ ഭക്ഷ്യോൽപ്പന്നങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 99.15 ശതമാനം റേഷൻകാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ട്.

(ബി) ഇപ്പോൾ ആട്ട വിതരണം ചെയ്യുന്നതുപോലെ റവ, മൈദ എന്നിവ കൂടി വിതരണം ചെയ്യുന്നതിനും റാഗി പോലുള്ള ആദിവാസി വിഭവങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ ആലോചിച്ചുവരുന്നു.

**മുൻഗണനേതര വിഭാഗത്തിൽ അനുവദിച്ച റേഷൻ കാർഡുകൾ**

279 (5945) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര കുടുംബങ്ങൾക്ക് മുൻഗണനേതര (സ്റ്റേറ്റ് സബ്സിഡി) വിഭാഗത്തിൽ റേഷൻ കാർഡുകൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) 2016 വരെ സംസ്ഥാനത്ത് എത്ര ബി.പി.എൽ. കാർഡുകൾ ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ;

(സി) 2011-2016 കാലഘട്ടത്തെ അപേക്ഷിച്ച് ഇപ്പോൾ കേരളത്തിനുള്ള പ്രതിമാസ അരി അലോട്ട്മെന്റിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര കുറവുണ്ടായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 208576 കുടുംബങ്ങൾക്ക് മുൻഗണനേതര-(സ്റ്റേറ്റ് സബ്സിഡി) വിഭാഗത്തൽ റേഷൻ കാർഡുകൾ നൽകിയിട്ടുണ്ട്.

(ബി) 2016 വരെ സംസ്ഥാനത്ത് 1478944 ബി.പി.എൽ റേഷൻ കാർഡുകളാണ് ഉണ്ടായിരുന്നത്.

(സി) അധിക വിഹിതമുൾപ്പെടെ 2011-16 കാലഘട്ടത്തിൽ ലഭ്യമായിരുന്ന അരി വിഹിതത്തേക്കാൾ പ്രതിമാസം 10880.208 മെ.ടൺ അരിയുടെ കുറവാണുള്ളത്.

## ഗുരുതര രോഗബാധിതരുടെ റേഷൻ കാർഡ് ബി.പി.എൽ. ആക്കുന്നതിന് നടപടി

280 (5946) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർക്ക് കാരുണ്യ ഉൾപ്പെടെയുള്ള ചികിത്സാ സഹായങ്ങൾ ലഭിക്കുന്നതിനായി റേഷൻ കാർഡിൽ സീൽ പതിച്ച് നൽകുകയോ, ബി. പി. എൽ. ആക്കി നൽകുകയോ ചെയ്യുന്നുണ്ടോ;

(ബി) ഇതിനായുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം അസുഖങ്ങൾക്കാണ് ഈ ആനുകൂല്യം നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മാരകരോഗങ്ങളായ എയ്ഡ്സ്, ക്യാൻസർ, ഓട്ടിസം, ഗുരുതരമായ മാനസിക ശാരീരിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവർ ഇവരിൽ ആരെങ്കിലും ഉൾപ്പെടുന്ന കുടുംബങ്ങൾ പൊതുവിഭാഗത്തിൽ ഉണ്ടെങ്കിൽ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ ശിപാർശ പ്രകാരം ജില്ലാ സപ്ലൈ ഓഫീസർക്ക് അപേക്ഷ നൽകാവുന്നതാണ്. പരിശോധനയിൽ അർഹരാണെന്ന് കണ്ടെത്തുന്നവർക്ക് ചികിത്സാ ആനുകൂല്യത്തിനായി റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോറിറ്റി' സീൽ പതിച്ച് നൽകുന്നതാണ്.

## ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

281 (5947) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ രോഗങ്ങൾ ബാധിച്ച കുടുംബങ്ങളെയും എൻഡോസൾഫാൻ ദുരിതബാധിതരെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാസർഗോഡ് ജില്ലയിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്താൻ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡം സംബന്ധിച്ച 18.09.2017-ലെ സാ.ഉ. (സാധാ) നം.320/17/ഭ.പൊ.വി.വ പ്രകാരം മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട് വരാത്ത ഗുരുതരമായ രോഗങ്ങൾ ബാധിച്ച കുടുംബങ്ങളെയും എൻഡോസൾഫാൻ ദുരിതബാധിതരെയും യോഗ്യതയുണ്ടെങ്കിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ 2113 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

**ഇ-പോസ് മെഷീനെതിരായ പ്രതിഷേധം**

282 (5948) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനെതിരെ റേഷൻ കട ഉടമകൾ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ഉന്നയിച്ച കാര്യങ്ങൾ വ്യക്തമാക്കുമോ;

(ബി) ശമ്പള പാക്കേജ് അനുവദിക്കുക, ഓരോ ചാക്കിലും ഒന്നര കിലോഗ്രാം ഭക്ഷ്യധാന്യം അധികമായി അനുവദിക്കുക എന്നിവ റേഷൻ കട ഉടമകളുടെ സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻകടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനെതിരെ റേഷൻ കട ഉടമകൾ രേഖാമൂലം പ്രതിഷേധം അറിയിച്ചിട്ടില്ല.

(ബി) 10-11-2017-ലെ സ.ഉ.(കൈ) നമ്പർ 29/17/ഭ.പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിക്കുന്ന മുറയ്ക്ക് റേഷൻ വ്യാപാരികളുടെ പുതുക്കിയ കമ്മീഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഈ നിരക്കിൽ കമ്മീഷൻ വിതരണം നടന്നുവരുന്നു. ഓരോ ചാക്കിലും 1.5 കിലോഗ്രാം ഭക്ഷ്യധാന്യം അധികമായി അനുവദിക്കുക എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**റേഷൻ കടകളെ വൈവിധ്യവത്കരിക്കുന്നതിന് നടപടി**

283 (5949) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളെ വൈവിധ്യവത്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു; വിശദാംശം അറിയിക്കുമോ;

(ബി) നിലവിൽ ഈ പ്രവർത്തനങ്ങളുടെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളുടെ നവീകരണത്തിനും മറ്റ് പലചരക്കുകൾകൂടി വിൽക്കുന്ന കടകളായി അവയെ രൂപാന്തരപ്പെടുത്തുന്നതിനും വിഭാവനം ചെയ്യുന്നുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 പൂർണ്ണമായ രീതിയിൽ സംസ്ഥാനത്ത് നടപ്പാക്കിയതിനുശേഷം മാത്രമേ റേഷൻ കടകൾ നവീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയുള്ളൂ.

ആട്ടയ്ക്ക് പുറമേ റവ, മൈദ എന്നിവയും റാഗി പോലുള്ള ആദിവാസി വിളകളും റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന കാര്യം പരിഗണിച്ചുവരുന്നു.

**റേഷൻ കടകൾ പാട്ടത്തിന് നടത്തുന്ന ലോബികൾ**

284 (5950) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ പാട്ടത്തിനെടുത്ത് നടത്തുന്ന ലോബികൾ പ്രവർത്തിച്ച് വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർ വ്യാപകമായ ക്രമക്കേടുകൾ നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## ക്രമക്കേട് നടത്തിയ റേഷൻ കടകൾക്കെതിരെ നടപടി

285 (5951) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ റേഷൻ വിതരണത്തിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കടയുടമകൾക്കെതിരെ നടപടി എടുത്തിട്ടുണ്ട്;

(ബി) എത്ര റേഷൻകടയുടെ ലൈസൻസ് സസ്പെന്റ് ചെയ്തിട്ടുണ്ട്;

(സി) എത്ര കടയുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ റേഷൻ വിതരണത്തിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് 36339 കേസ്സുകളിൽ നടപടിയെടുത്തിട്ടുണ്ട്. 552 റേഷൻ കടകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ട്. 37 കടകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

## റേഷൻ കടകൾ അനുവദിക്കുന്നതിന് സംവരണം

286 (5952) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ അനുവദിക്കുന്നതിന് സംവരണം പാലിക്കുന്നുണ്ടോ;

(ബി) മൊത്തം റേഷൻകടകളിൽ എത്ര ശതമാനം വീതം പട്ടിക വിഭാഗത്തിനും പിന്നോക്കവിഭാഗങ്ങൾക്കും വനിതകൾക്കും അംഗ പരിമിതർക്കുമായി സംവരണം ചെയ്തിട്ടുണ്ട്;

(സി) കടകൾ അനുവദിക്കുന്നത് അഴിമതിരഹിതമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) ഉണ്ട്. പട്ടികജാതി-8%, പട്ടികവർഗ്ഗം-2%, അംഗപരിമിതർ-5%, വനിതകൾ-20% എന്ന രീതിയിൽ സംവരണ തത്വം പാലിച്ചുകൊണ്ടാണ് സംസ്ഥാനത്ത് റേഷൻ കടകൾ അനുവദിച്ചുവരുന്നത്. ജനറൽ വിഭാഗത്തിന് 50,000 രൂപയുടെ സോൾവൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട സാഹചര്യത്തിൽ 15,000 രൂപയുടെ സോൾവൻസി സർട്ടിഫിക്കറ്റ് ആണ് സംവരണ വിഭാഗത്തിൽപ്പെടുന്നവർ സമർപ്പിക്കേണ്ടത്. എങ്കിലും ഈ വിഭാഗത്തിൽ നിന്നുമുള്ള അപേക്ഷകരുടെ എണ്ണം കുറയുന്നതായി കാണുന്നുണ്ട്. കടകൾ അനുവദിക്കുന്നതിൽ അഴിമതിയുള്ളതായി കണ്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്വകാര്യ ഗോഡൗണുകളിൽ സൂക്ഷിക്കുന്ന റേഷൻ കടകളിലേയ്ക്കുള്ള ഭക്ഷ്യ വസ്തുക്കൾ

287 (5953) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലേയ്ക്കുള്ള ഭക്ഷ്യ വസ്തുക്കൾ സ്വകാര്യ ഗോഡൗണുകളിൽ സൂക്ഷിക്കുന്നത് വൻതോതിൽ വെട്ടിപ്പിന് വഴിവെയ്ക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തട്ടിപ്പുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് വേണ്ടി സ്വന്തം ഗോഡൗണുകൾ തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതുമൂലം എന്തെല്ലാം ഗുണങ്ങളാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) NFSA ഗോഡൗണുകളിൽ ചില ക്രമക്കേടുകൾ നടക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) ഉണ്ട്. സ്വന്തം ഗോഡൗണുകൾ സ്ഥാപിക്കുന്നത് പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ റേഷൻ ധാന്യങ്ങൾ ഭദ്രമായി സൂക്ഷിച്ച് സുഗമമായി വിതരണം നടത്താൻ സൗകര്യം ലഭ്യമാവുന്നതാണ്.

## അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കൾ

288 (5954) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്; ഗ്രാമസഭകൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും അധികാരമുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; എങ്കിൽ എത്ര ശതമാനം തുകയാണ് കേന്ദ്രം നൽകുന്നത്; അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ മുതിർന്ന പൗരന്മാരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; സംസ്ഥാനത്ത് എത്ര പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നിലവിൽ ലഭിക്കുന്നുണ്ട്; അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിച്ച് തരുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. അപേക്ഷകന്റെ പ്രായം അറുപത്തിയഞ്ചോ (65) അതിനു മുകളിലോ ആയിരിക്കണം. സ്വന്തമായോ, കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനംകൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം. നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം. ടി പദ്ധതി പ്രകാരം ഗുണഭോക്താവിന് ഒരു മാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കുന്നതാണ്.

(ബി) ഉണ്ട്. പദ്ധതി ചെലവിന്റെ 80% കേന്ദ്രവും 20% സംസ്ഥാനവും വഹിക്കും.

(സി) ഉണ്ട്. നിലവിൽ സംസ്ഥാനത്ത് 5726 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

### കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച മണ്ണെണ്ണയും പഞ്ചസാരയും

289 (5955) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖലവഴി തീരപ്രദേശത്ത് വിതരണം ചെയ്യുന്നതിനായി കേരളത്തിന് അനുവദിച്ചിരുന്ന പഞ്ചസാരയുടെയും മണ്ണെണ്ണയുടെയും അളവ് കേന്ദ്രസർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) തീരപ്രദേശത്ത് മാത്രമായി വിതരണം ചെയ്യുന്നതിന് മണ്ണെണ്ണ അനുവദിക്കുന്നില്ല. 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചസാര എ.എ.വൈ. വിഭാഗത്തിന് മാത്രമായി കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. മേൽപ്പടി പുതുക്കിയ സ്കീമിനനുസരിച്ചുള്ള പഞ്ചസാര സംസ്ഥാനത്ത് ഇതുവരെ ലഭിച്ചിട്ടില്ല.

## ന്യായവില ഹോട്ടലുകൾ

290 (5956) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹോട്ടലുകൾ/ ഭക്ഷണശാലകൾ എന്നിവിടങ്ങളിൽ ന്യായവിലയ്ക്ക് ഭക്ഷണം നൽകുന്നതിന് തമിഴ് നാട്ടിലെ അമ്മ ഹോട്ടൽ മാതൃകയിലും, കർണ്ണാടകത്തിലെ ഇന്ദിര കാന്റീൻ മാതൃകയിലും ന്യായവില ഹോട്ടലുകൾ സംസ്ഥാനത്തുടനീളം കുടുംബശ്രീയോ മറ്റേതെങ്കിലും ഏജൻസിയോ മുഖേന ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ?

ഉത്തരം

സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകി ഭക്ഷണത്തിന് വകയില്ലാത്ത വിശക്കുന്നവർക്കെല്ലാം ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതിന് 'വിശപ്പ് രഹിത കേരളം പദ്ധതി' സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ രണ്ടു ജില്ലകളിൽ പൈലറ്റ് പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നുണ്ട്. വരുന്ന സാമ്പത്തിക വർഷം മുതൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

## നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണ നടപടി

291 (5957) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ആശ്വാസം ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഫലവത്തായില്ല എന്ന ആക്ഷേപമുയരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിപണിയിലെ അരിവില കുറയ്ക്കുന്നതിന് ആരംഭിച്ച അരിക്കടകൾ പരാജയപ്പെട്ടതായും അരിവില നിയന്ത്രിക്കുന്നതിന് കഴിയാതെ വന്നതായുമുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ;

(സി) കമ്പോള ഇടപെടലിന് സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡിനും അനുവദിച്ച തുക മുൻവർഷത്തെ അപേക്ഷിച്ച് കുറഞ്ഞ സാഹചര്യത്തിൽ കമ്പോള ഇടപെടലിന് സാധിക്കാതെ വരുന്ന സാഹചര്യമുണ്ടാകുമെന്നും നിത്യോപയോഗ സാധനങ്ങളുടെ വില ഇനിയും വർദ്ധിക്കുമെന്നും കരുതുന്നുണ്ടോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയുടെ കാര്യക്ഷമമായ വിപണി ഇടപെടൽ വഴി നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) പൊതുവിപണിയിലെ അരി വില നിയന്ത്രിക്കുന്നതിന് ആരംഭിച്ച അരിക്കടകൾ ഉപഭോക്താക്കൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തിച്ചതിന്റെ ഫലമായി അരി വില പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്.

(സി) കമ്പോള ഇടപെടലിനായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 200 കോടി രൂപ വീതം സപ്ലൈക്കോയ്ക്ക് അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ഫലപ്രദമായ രീതിയിൽ വിപണി ഇടപെടൽ വഴി നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കി വരുന്നതിനാൽ അമിത വില വർദ്ധനവ് ഉണ്ടാകുമെന്ന് കരുതുന്നില്ല. കൂടാതെ കൺസ്യൂമർ ഫെഡ് നേരിട്ടും പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ മുഖേനയും അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കി വിതരണ രംഗത്ത് ശക്തമായി ഇടപെടുന്നുണ്ട്.

**കണ്ണൂർ ജില്ലയിലെ മൊബൈൽ മാവേലി സ്റ്റോറുകൾ**

292 (5958) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരദേശ, മലയോര, പിന്നോക്ക പ്രദേശങ്ങളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് നിലവിൽ എത്ര മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) കണ്ണൂർ ജില്ലയിൽ ഇപ്പോൾ എത്ര മൊബൈൽ മാവേലി സ്റ്റോറുകൾ നിലവിലുണ്ട്; ഇവ കൃത്യമായും പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിൽ 22 മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി)കണ്ണൂർ ജില്ലയിൽ നിലവിൽ തലശ്ശേരി, തളിപ്പറമ്പ് ഡിപ്പോകളുടെ കീഴിൽ ഓരോ മൊബൈൽ മാവേലി സ്റ്റോറുകൾ കൃത്യമായും പ്രവർത്തിച്ചുവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു *.

## വലിയതുറ സപ്ലൈകോ ഗോഡൗണിലെ ഹോർലിക്സ് തിരിമറി

293 (5959) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയതുറ സപ്ലൈകോ ഗോഡൗണിൽ മൂന്നര ലക്ഷത്തോളം രൂപയുടെ ഹോർലിക്സ് തിരിമറി നടത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കേസ് അട്ടിമറിക്കാനായി വിവിധ ഡിപ്പോകളിൽനിന്നും പഴയ സ്റ്റോക്ക് എത്തിച്ചത് സംബന്ധിച്ച് വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത തിരിമറി നടത്തിയ ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) തിരുവനന്തപുരം ജില്ലാ ഡിപ്പോയിലെ നോൺ മാവേലി സാധനങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉൾപ്പെടെ 7 പേരെ സസ്പെന്റ് ചെയ്യുകയും ഫോർട്ട് പീപ്പിൾസ് ബസാറിലെ ജീവനക്കാരനെ ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണലൂർ പാവറട്ടി സപ്ലൈകോ സൂപ്പർ മാർക്കറ്റിന്റെ ശോചനീയാവസ്ഥ

294 (5960) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിൽ പ്രവർത്തിക്കുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ആളുകൾക്ക് അവർക്കാവശ്യമായ സാധനം പ്രയാസം കൂടാതെ വാങ്ങുന്നതിനായി മണലൂർ എം.എൽ.എ. മുഖേന നൽകിയ കത്തിന്മേൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രിയുടെ 20-12-2017 ലെ 756/M(FCS) നമ്പരായി സപ്ലൈകോയുടെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഈ സൂപ്പർമാർക്കറ്റിന് പുതിയ റാക്കുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി& സി) പാവറട്ടി സൂപ്പർ മാർക്കറ്റിന്റെ റാക്കുകൾ മാറ്റിസ്ഥാപിക്കുന്നതിന് സപ്ലൈകോയുടെ അംഗീകൃത ഫർണിഷിംഗ് കോൺട്രാക്ടറായ സാറാ ഇംപോർട്ട് & എക്സ്പോർട്ട് കമ്പനി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സപ്ലൈകോ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം നിർദ്ദേശിച്ച ഭേദഗതികൾകൂടി ഉൾപ്പെടുത്തിയുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ടി സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചാലുടനെ ഫർണിഷിംഗ് ജോലികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

## സപ്ലൈകോയിലെ സാധനങ്ങളുടെ വില

295 (5961) ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീമതി സി. കെ. ആശ:

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ സപ്ലൈകോയിൽ സബ്സിഡി സാധനങ്ങളുടെ വില കൂടിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ ഏതെങ്കിലും സാധനങ്ങൾക്ക് വില കുറച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സാധനങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ;

(സി) സപ്ലൈകോയിലെ നോൺ സബ്സിഡി സാധനങ്ങളുടെ വിലയിൽ എല്ലാമാസവും മാറ്റമുണ്ടാകാറുണ്ടോ; ഉണ്ടെങ്കിൽ അത് വെബ് സൈറ്റിലൂടെയും പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയും പരസ്യപ്പെടുത്താറുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നോൺ സബ്സിഡി സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിൽ സർക്കാരിന്റെ അഭിപ്രായം തേടാറുണ്ടോ ; വ്യക്തമാക്കുമോ;

(ഇ) എത്ര ഇനം നോൺ സബ്സിഡി സാധനങ്ങളാണ് സപ്ലൈകോ വിപണനശാലകൾവഴി വിറ്റഴിക്കുന്നത്; വ്യക്തമാക്കുമോ;

(എഫ്) പുതിയ മൊബൈൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് പദ്ധതിയുണ്ടോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില കൂട്ടിയിട്ടില്ല.

(ബി) സബ്സിഡി ഇനങ്ങളായ ചെറുപയർ, ഉഴുന്ന്, തുവരപ്പരിപ്പ്, മുളക്, മല്ലി എന്നിവയുടെ വില കുറച്ചിട്ടുണ്ട്.

(സി) നോൺ സബ്സിഡി സാധനങ്ങളുടെ വിലയിൽ എല്ലാ മാസവും മാറ്റമുണ്ടാകാറുണ്ടെങ്കിലും ഇക്കാര്യം വെബ്സൈറ്റിലൂടെയോ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയോ പരസ്യപ്പെടുത്തുന്നില്ല. എന്നാൽ ഇക്കാര്യം പരിഗണനയിലുണ്ട്.

(ഡി) നോൺ സബ്സിഡി സാധനങ്ങളുടെ വില സപ്ലൈകോ തലത്തിൽ നിശ്ചയിക്കുകയാണ് ചെയ്തുവരുന്നത്.

(ഇ) എല്ലാ ഇനം എഫ്.എം.സി.ജി (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുമാണ് നോൺ സബ്സിഡി സാധനങ്ങളായി വിതരണം നടത്തി വരുന്നത്.

(എഫ്) പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള വാഹനം വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന്റെയോ, എം.എൽ.എ ഫണ്ടിൽ നിന്നോ സാമ്പത്തിക സഹായം ലഭ്യമാവുകയാണെങ്കിൽ മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

## സപ്ലൈകോയുടെ കീഴിലുള്ള ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ

296 (5962) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ കീഴിലുള്ള ശബരി ബ്രാൻഡ് ഉത്പന്നങ്ങൾ സപ്ലൈകോ തന്നെ ഉത്പാദിപ്പിക്കുന്നതോ നിർമ്മിക്കുന്നതോ ആയ ഉത്പന്നങ്ങളാണോ;

(ബി) ഇവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(സി) ശബരി ബ്രാൻഡ് വെളിച്ചെണ്ണയുടെ മോശം ഗുണനിലവാരത്തെക്കുറിച്ച് സമൂഹമാധ്യമങ്ങളിൽ വന്ന പ്രചരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് യാഥാർത്ഥ്യമാണെങ്കിൽ വെളിച്ചെണ്ണയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) കരാറുകാരുടെ ഉൽപ്പാദന കേന്ദ്രങ്ങളിൽ നടത്തുന്ന ഗുണനിലവാര പരിശോധന കൂടാതെ NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലബോറട്ടറികളിൽ പരിശോധന നടത്തിയതിനുശേഷമാണ് വിപണിയിൽ വിൽക്കുന്നത്. കൂടാതെ ഉൽപ്പന്നങ്ങളും സാമ്പിളുകളും കോന്നിയിലുള്ള CFRD (Council for Food Research & Development) ലാബിലും പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി&ഇ) ഇത് യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല. എല്ലാ മാസവും നടത്തുന്ന ഗുണനിലവാര പരിശോധനയ്ക്ക് ശേഷമാണ് ശബരി ബ്രാൻഡ് വെളിച്ചെണ്ണ സപ്ലൈകോ വിപണിയിലിറക്കുന്നത്.

## സപ്ലൈകോയുടെ പ്രവർത്തനം വിപുലപ്പെടുത്താനുള്ള നടപടികൾ

297 (5963) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സപ്ലൈകോയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) സപ്ലൈകോയുടെ സേവനം കൂടുതൽ ജനങ്ങളിലേയ്ക്കെത്തിക്കുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കുമോ;

(സി) കൂടുതൽ മികവാർന്ന സേവനം സപ്ലൈകോ മാർക്കറ്റുകളിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി 21 മാവേലി സ്റ്റോറുകളും 3 സൂപ്പർ മാർക്കറ്റുകളും പുതിയതായി ആരംഭിക്കുകയും 11 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 200 കോടി രൂപ വീതം സപ്ലൈകോയ്ക്ക് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(ബി&സി) സപ്ലൈകോയുടെ വിൽപ്പനശാലകളിൽ എത്തുന്ന ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ 100 സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ പുതിയ റാക്കുകൾ, നവീകരിച്ച ടോയ്ലറ്റുകൾ, സി.സി.ടി.വി. സൗകര്യങ്ങൾ എന്നിവ സ്ഥാപിച്ച് നവീകരണം നടത്തുന്നതിനും വിപണന സാധ്യതയും സ്റ്റോറേജ് സൗകര്യവും പരിഗണിച്ച് സാധാരണ മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലേയ്ക്ക് ഉയർത്തുന്നതിനും ഉപഭോക്താക്കൾക്ക് ആവശ്യമുള്ള നോൺ-മാവേലി (FMCG) സാധനങ്ങൾ സ്വയം തെരഞ്ഞെടുക്കുന്നതിനുള്ള പരമാവധി സംവിധാനം ഏർപ്പെടുത്തുന്നതിനും സ്വകാര്യ കമ്പനികളുമായി ചേർന്ന് ഡിസ്ക്കൗണ്ട് കൂപ്പണുകൾ, ഗിഫ്റ്റ് വൗച്ചറുകൾ, സമ്മാന കൂപ്പണുകൾ എന്നിവ നൽകുന്നതിനും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**ലീഗൽ മെട്രോളജി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തിക**

298 (5964) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ പുതുതായി സൃഷ്ടിച്ച സീനിയർ സൂപ്രണ്ടിന്റെ തസ്തികയിൽ നിയമനം നടത്താതെ പ്രസ്തുത തസ്തിക ഒഴിച്ചിട്ടിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) ലീഗൽ മെട്രോളജി കൺട്രോളറുടെ 22-12-2017- ലെ നമ്പർ B2-9377/17 പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ സീനിയർ സൂപ്രണ്ടായി നിയമിക്കുവാൻ യോഗ്യതയുള്ളവർ ഉൾപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റിൽ നിയമനത്തിന് അർഹതയുള്ള സീനിയറായ ഉദ്യോഗസ്ഥൻ ആരാണെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ നിയമനം നടത്താതെ ഒഴിച്ചിട്ടിരിക്കുന്ന സീനിയർ സൂപ്രണ്ട് തസ്തികയിൽ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അർഹതപ്പെട്ട ഉദ്യോഗസ്ഥന് നിയമനം നൽകുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഒഴിവുണ്ടായിരുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 22-12-2017-ലെ നമ്പർ ബി2-9377/17 പ്രകാരം പ്രസിദ്ധികരിച്ച് താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ സീനിയറായ ഉദ്യോഗസ്ഥൻ ശ്രീ. സി. മധു ആണ്. ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മുമ്പാകെയുള്ള OA 693/2015-ന്റെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിക്കുകയുള്ളൂ.

(സി) ബാധകമല്ല.

**സപ്ലൈകോ അസിസ്റ്റന്റ് സെയിൽസ്മാൻ ഒഴിവുകൾ**

299 (5965) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ജില്ല തിരിച്ച് കണക്ക് നൽകാമോ;

(ബി) സപ്ലൈകോ സ്റ്റോറുകളിൽ അസിസ്റ്റന്റ് സെയിൽസ്മാൻ ജോലികൾക്കായി അഡീഷണൽ ചാർജ് നൽകി താത്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പി.എസ്.സി. വഴി പൊതുപരീക്ഷ എഴുതി വരുന്ന ഉദ്യോഗാർത്ഥികളുടെ അവസരമാണ് ഇതുമൂലം നഷ്ടപ്പെടുന്നത് എന്നത് സർക്കാർ ഗൗരവമായി കാണുമോ ; ഇത് പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ 212 ഒഴിവുകൾ നിലവിലുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവിരം ചുവടെ ചേർക്കുന്നു:

| ക്രമ നം. | ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 24 |
| 2 | കൊല്ലം | 18 |
| 3 | പത്തനംതിട്ട | 15 |
| 4 | കോട്ടയം | 14 |
| 5 | ഇടുക്കി | 10 |
| 6 | ആലപ്പുഴ | 19 |
| 7 | എറണാകുളം | 22 |
| 8 | തൃശ്ശൂർ | 16 |
| 9 | പാലക്കാട് | 14 |
| 10 | മലപ്പുറം | 15 |
| 11 | കോഴിക്കോട് | 16 |
| 12 | വയനാട് | 9 |
| 13 | കണ്ണൂർ | 11 |
| 14 | കാസർഗോഡ് | 9 |
| | ആകെ | 212 |

(ബി) ഇല്ല.

(സി) ബാധകമല്ല.

## നെല്ല് സംഭരിച്ച വകയിലുള്ള കുടിശ്ശിക

300 (5966) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നിലവിൽ നെൽ കർഷകർക്ക് നൽകിവരുന്ന സംഭരണ വില എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ കേന്ദ്ര സർക്കാർ നൽകി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) നെല്ല് സംഭരിച്ച വകയിൽ കുടിശ്ശിക കൊടുത്ത് തീർക്കാനുണ്ടോ; എങ്കിൽ എത്ര രൂപയാണ് കുടിശ്ശിക ഉള്ളതെന്നും ആയത് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പിൽ നിന്നും 16 പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നെല്ല് സംഭരണത്തിനായി നിയമിച്ചിട്ടുള്ളതും ടി ഓഫീസർമാർ കൃഷി വകുപ്പിലെ അസിസ്റ്റന്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി കാര്യക്ഷമമായി നെല്ല് സംഭരണം നടപ്പിലാക്കിവരുന്നു. കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി പി.ആർ.എസ്. ലോൺ വഴി ലഭ്യമാക്കുന്നതിന് 15 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളതും പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെ കൂടി ബാങ്കിന്റെ അതേ പരിഗണന നൽകി നെല്ല് സംഭരണ പ്രക്രിയയിൽ പങ്കെടുപ്പിക്കുന്നതിന് സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതുമാണ്.

(ബി) കിലോ ഗ്രാമിന് 23.30 രൂപ.

(സി) കിലോ ഗ്രാമിന് 15.50 രൂപ

(ഡി) 20-3-2018 വരെയുള്ള കണക്ക് പ്രകാരം, നെല്ല് സംഭരിച്ച ഇനത്തിൽ 98 കോടി രൂപ കർഷകർക്ക് വിതരണം ചെയ്യാനുണ്ട്. പി.ആർ.എസ്. ലോൺ വഴി നെല്ലിന്റെ വില യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കോൾ നിലങ്ങളിലെ നെല്ല് സംഭരിക്കുമ്പോൾ ലഭ്യമാകുന്ന ഔട്ട്ടേൺ**

301 (5967) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോൾ നിലങ്ങളിലെ നെല്ല് സംഭരിക്കുമ്പോൾ ലഭ്യമാകുന്ന ഔട്ട്ടേൺ സംബന്ധിച്ച വിശദാംശം നല്കുമോ;

(ബി) കുട്ടനാടൻ പാടശേഖരങ്ങളിലെ കരിനിലങ്ങളിൽ ഉല്പാദിപ്പിക്കുന്ന നെല്ല് സംസ്കരിച്ചെടുക്കുന്ന അരിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കുട്ടനാടൻ പാടശേഖങ്ങളിലെ നെല്ല് സംഭരണത്തിൽ ഓയിൽപാം ഇന്ത്യയുടെ പങ്ക് വ്യക്തമാക്കുമോ;

(ഡി) ഓയിൽപാം ഇന്ത്യ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നല്കാനുള്ള തുകയുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) സംസ്ഥാന സർക്കാർ ഓയിൽപാം ഇന്ത്യക്ക് സബ്സിഡിയിനത്തിൽ ബാക്കി തുക നൽകാനുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എഫ്) കുട്ടനാടൻ പാടശേഖരങ്ങളിലെ കരിനിലങ്ങളിലെ നെല്ല് സംഭരിച്ച വകയിൽ ഓയിൽപാം ഇന്ത്യക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം നെല്ല് സംഭരിക്കുന്നത് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ഏകീകൃത ഗുണമേന്മാ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ മാനദണ്ഡങ്ങൾ കേരളത്തിലെ കാലാവസ്ഥാ, ഭൂപ്രകൃതി വ്യത്യാസങ്ങൾക്കനുസരിച്ച് മാറ്റം വരുന്നില്ല. കർഷകരിൽ നിന്നും സംഭരിക്കുന്ന ഓരോ ക്വിന്റൽ നെല്ലിനും 68 % അരി ലഭിക്കണമെന്നതാണ് മാനദണ്ഡത്തിലെ നിലവിലെ വ്യവസ്ഥ.

(സി) നെല്ല് സംഭരണത്തിന് സപ്ലൈകോയുമായി ഓയിൽ പാം കരാർ വച്ചിട്ടില്ല. 2011-12 മുതൽ കുട്ടനാടൻ മേഖലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും ഓയിൽ പാം ഇൻഡ്യ നെല്ല് സംഭരിച്ചുവരുന്നു. കോട്ടയം, ആലപ്പുഴ

ജില്ലകളിലെ വെച്ചൂർ, തലയാഴം, കല്ലറ, നീണ്ടൂർ, കുമരകം, ആർപ്പൂക്കര, അയ്മനം, ഉദയനാപുരം, തലയോലപ്പറമ്പ്, കടുത്തുരുത്തി, പുറക്കാട്, തകഴി, വീയപുരം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള കർഷകരിൽ നിന്നുമാണ് പ്രധാനമായും സംഭരിക്കുന്നത്. പ്രൈവറ്റ് മില്ലുകൾ നെല്ല് സംഭരണത്തിൽ നിന്നും വിട്ടുനിൽക്കുന്ന സാഹചര്യത്തിൽപ്പോലും കുട്ടനാടൻ പാടശേഖരങ്ങളിൽ നിന്നും ഓയിൽ പാം ഇന്ത്യ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ഡി) സംഭരിച്ച നെല്ലിന്റെ വിലയായി 2,24,89,746 രൂപ (രണ്ട് കോടി ഇരുപത്തിനാല് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയാറ് രൂപ മാത്രം) 132 കർഷകർക്കായി നൽകുവാനുണ്ട്.

(ഇ) 30-9-2017 വരെ 15.88 കോടി (പതിനഞ്ച് കോടി എൺപെത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയും 1-10-2017 മുതൽ 31-1-2018 വരെയുള്ള കാലയളവില സപ്ലൈകോ വഴി 89 ലക്ഷം (എൺപത്തിയൊൻപത് ലക്ഷം രൂപ മാത്രം) രൂപ എസ്.ഐ.ബി. ഇനത്തിലും നൽകാനുണ്ട്.

(എഫ്) ഓയിൽ പാം ഇന്ത്യയുടെ വൈക്കം വെച്ചൂരിലുള്ള റൈസ് മില്ലിന് പ്രവർത്തനം ആരംഭിച്ച 2012-13 കാലയളവ് മുതൽ 2016-17 കാലയളവ് വരെ 395 ലക്ഷം (മുന്നൂറ്റി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

## ലീഗൽ മെട്രോളജി വകുപ്പ് വാഹനങ്ങൾക്ക് ജി.പി.എസ്. സംവിധാനം

302 (5968) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിലെ വാഹനങ്ങൾക്ക് ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുകൊണ്ടുള്ള പ്രയോജനം വ്യക്തമാക്കുമോ;

(ബി) വാഹനങ്ങളിൽ ജി പി എസ് സംവിധാനം സ്ഥാപിച്ചത് ഏത് ഏജൻസിയാണ് ; ഇത് ടെൻഡർ മുഖേനയാണോ നടപ്പിലാക്കിയിട്ടുള്ളത് ; എങ്കിൽ ഏതെല്ലാം കമ്പനികളാണ് ടെൻഡർ നടപടികളിൽ പങ്കെടുത്തത് ; ടെൻഡർ നടപടികളുടെ വിശദവിവരം നൽകുമോ ;

(സി) സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിൽനിന്നും ഏറ്റവും അത്യന്താധുനികമായ ഉപകരണങ്ങൾ ലഭ്യമാകുമെന്നിരിക്കെ ഇത്തരം ഉപകരണങ്ങൾ സ്വകാര്യ ഏജൻസികളിൽ നിന്നും എന്തുകൊണ്ടാണ് വാങ്ങിയത് ; വിശദീകരണം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ലീഗൽ മെട്രോളജി വകുപ്പിലെ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടപ്പു സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്. കേരള സംസ്ഥാന ഐ.ടി. മിഷന്റെ സഹായത്തോടെ സ്ഥാപിക്കുവാൻ പോകുന്ന കാൾ സെന്ററിലും വകുപ്പിലും പരാതികൾ ലഭിക്കുമ്പോൾ ഉടൻതന്നെ പരാതി ലഭിക്കുന്ന സ്ഥലത്തിലെ ഏറ്റവും അടുത്തുള്ള വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വാഹനം ഏതെന്ന് ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടെ കണ്ടെത്തി ആ വാഹനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന് പരാതി കൈമാറുന്നതിനും പരാതിയിന്മേൽ അടിയന്തര നടപടി സ്വികരിക്കുവാനും സാധിക്കുന്നതാണ്. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിന്മേൽ ഉടനടി പരിഹാരം കാണുന്നതിനും സാധിക്കുന്നതാണ്.

(ബി) തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന റെയിൻ കൺസർട്ട് ടെക്നോളജീസ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനമാണ് ജി.പി.എസ്. സംവിധാനം സ്ഥാപിക്കുന്നത്.ഇ-ടെൻഡർ നടപടി ക്രമത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. C-DIT, J-Technologies India Limited Coimbatore, Rainconcert Technologies (Pvt) Ltd; എന്നീ സ്ഥാപനങ്ങളാണ് ടെൻഡർ നടപടികളിൽ പങ്കെടുത്തത്.

12-10-2017-ന് സംസ്ഥാന സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടിലൂടെ ഇ-ടെൻഡർ പ്രസിദ്ധീകരിച്ചു. 4-11-2017-നായിരുന്നു അവസാന തീയതി. 15.11.2017-ൽ സ്റ്റേറ്റ് ഇ-മിഷൻ ടീമിന്റെ (SeMT) ടെക്നിക്കൽ കൺസൾട്ടന്റിന്റെ സാന്നിദ്ധ്യത്തിൽ ടെക്നിക്കൽ ഇവാലുവേഷൻ നടത്തി. ജി. പി. എസ്. ഡിവൈസിന് ARAI (Automatic Research Association of India) സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ C-DIT-നെ ടെൻഡർ നടപടികളിൽ നിന്ന് ഒഴിവാക്കുകയും, 24-11-2017-ൽ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യുകയും ചെയ്തു. J-Technologies India Limited Coimbatore എന്ന സ്ഥാപനം ഒരു ഡിവൈസിന് 52,339 രൂപയും; Rainconcert Technologies (Pvt) Ltd. എന്ന സ്ഥാപനം 44,047 രൂപയുമാണ് ക്വാട്ട് ചെയ്തത്. ഏറ്റവും കുറഞ്ഞ തുക(44,047)ക്വാട്ട് ചെയ് M/s. Rainconcert Technologies (Pvt) Ltd. എന്ന സ്ഥാപനത്തെ ഉപയോഗിച്ച് ജി.പി.എസ്. സംവിധാനം വകുപ്പിലെ വാഹനങ്ങളിൽ ഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും ചെയ്തു. നിലവിൽ വകുപ്പിലെ 42 വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം

ഘടിപ്പിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. വാഹനമൊന്നിന് 44,047 രൂപ നിരക്കിൽ ആകെ 18,49,974 രൂപയാണ് ചെലവ് വരുന്നത്.

(സി) കെൽട്രോൺ ഇ-ടെൻഡർ നടപടികളിൽ പങ്കെടുത്തിട്ടില്ല. ആയതിനാലാണ് കെൽട്രോണിൽനിന്നും ഉപകരണം വാങ്ങാൻ സാധിക്കാതിരുന്നത്.

**മാവേലി സ്റ്റോറുകളിലൂടെ സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ**

303 (5969) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന ഏതൊക്കെ സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) സാധാനങ്ങൾക്ക് പൊതുമാർക്കറ്റിനേക്കാളും വിലകൂട്ടി മാവേലി സ്റ്റോർ വഴി വിൽപ്പന നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, ജയ അരി, കുറുവ അരി, മട്ടയരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നീ സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ നിരക്കിലാണ് സപ്ലൈകോ വിൽപ്പനശാലകളിലൂടെ സാധനങ്ങൾ വിതരണം നടത്തുന്നത്.

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണനം ചെയ്യുന്ന ഭക്ഷ്യോല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന**

304 (5970) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണനം നടത്തുന്ന ഭക്ഷ്യോല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന ഏതെല്ലാം സർക്കാർ/സ്വകാര്യ ലാബുകളിൽ നടത്തുന്നു;

(ബി) ഇത്തരം പരിശോധനകളിൽ ഭക്ഷ്യയോഗ്യമല്ലാതെ കണ്ടെത്തിയ ഭക്ഷ്യോല്പന്നങ്ങളുടെയും വിതരണകമ്പനികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്രകാരം ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്ത കമ്പനികളുടെ പേരിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും പ്രസ്തുത കമ്പനികളിൽ ഏതെല്ലാം കമ്പനികളിൽനിന്നും വീണ്ടും ഭക്ഷ്യോല്പന്നങ്ങൾ വാങ്ങി എന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരം വീഴ്ചകളുണ്ടാകാൻ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടത്തിയ അന്വേഷണവും സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

ഉത്തരം

(എ) സപ്ലൈകോ വിപണനം നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന CFRD/RAL(Regional Analytical Laboratories) മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റഡ് ലാബുകളിൽ നടത്തുന്നു.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) CFRD-യിലെ പരിശോധനയുടെ അടിസ്ഥാനത്തിൽ ക്വാളിറ്റി അഷ്വറൻസ് മാനേജരുടെ നിർദ്ദേശപ്രകാരം ഗുണനിലവാരമില്ലാത്ത ഉത്പന്നങ്ങൾ ലിസ്റ്റിൽ നിന്നും ആദ്യ തവണ മൂന്ന് മാസത്തേയ്ക്ക് നീക്കം ചെയ്യുകയും പ്രസ്തുത ബാച്ചിൽപ്പെട്ട ഉൽപ്പന്നങ്ങളുടെ വിൽപ്പന നിർത്തിവയ്ക്കുന്നതിന് ഔട്ട്ലെറ്റുകൾക്ക് നിർദ്ദേശം നൽകുകയും അതോടൊപ്പം അവ തിരിച്ചെടുക്കുന്നതിന് പ്രസ്തുത കമ്പനികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യും. എല്ലാ റീജിയണൽ മാനേജർമാരിൽ നിന്നും റിപ്പോർട്ട് ലഭിക്കുകയും മൂന്ന് മാസത്തിനുശേഷം പുതിയ ബാച്ചുകൾ ലാബ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉപയോഗയോഗ്യമാണെന്ന് ഉറപ്പുവരുത്തിയശേഷം ടി ഉത്പന്നങ്ങൾ ലിസ്റ്റിൽ ഉൾപ്പെടുത്താറുണ്ട്. ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്ത കമ്പനികളിൽ നിന്നും നാളിതുവരെയായി ഭക്ഷ്യോല്പന്നങ്ങൾ വാങ്ങിയിട്ടില്ല.

(ഡി) മേൽ തരത്തിലുള്ള വീഴ്ചകൾ ഒന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഉപഭോക്തൃ കമ്മീഷനിൽ അംഗങ്ങളായി നിയമിക്കുന്നതിന് റാങ്ക് ലിസ്റ്റ്**

305 (5971) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ കമ്മീഷനിൽ അംഗങ്ങളായി നിയമിക്കുന്നതിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരുന്നോയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്രപേരെ കമ്മീഷൻ അംഗങ്ങളായി നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ - സി) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ഒഴിവുള്ള അംഗത്തിനെ നിയമിക്കുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കുകയും, അത് പ്രകാരം ലഭിച്ച അപേക്ഷകരെ സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി, മൂന്ന് അപേക്ഷകർ ഉൾപ്പെടുന്ന പാനൽ തയ്യാറാക്കി നിയമനത്തിന് പരിഗണിക്കുന്നതിനായി സമർപ്പിച്ചിരുന്നു. എന്നാൽ നിയമന നടപടിക്രമങ്ങളിൽ വീഴ്ച ഉണ്ടായതായി നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമന നടപടി സർക്കാർ റദ്ദ് ചെയ്യുകയും ഈ തസ്തികയിലെ നിയമനത്തിന് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ സെലക്ഷൻ കമ്മിറ്റി സമർപ്പിച്ച പാനലിൽ ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥി ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത 9221/17 നമ്പർ റിട്ട് ഹർജിയിൽ, 25-9-2017-ൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ, നിയമന നടപടി റദ്ദ് ചെയ്ത സർക്കാർ ഉത്തരവ് റദ്ദാക്കുകയും, മുൻ വിജ്ഞാപന പ്രകാരം സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി സമർപ്പിച്ച പാനലിൽ ഉൾപ്പെട്ട യോഗ്യതയുള്ള ഒരു ഉദ്യോഗാർത്ഥിയെ ഈ തസ്തികയിൽ നിയമിക്കുവാൻ ഉത്തരവിടുകയും ചെയ്തു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പാനലിൽ ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥിയെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ അംഗമായി നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## കോഴിക്കോട് ജില്ലയിൽ പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ

306 (5972) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ നിന്നുമാണ് പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളത് ;

(സി) ഈ അപേക്ഷയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽ പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ഈ കാലയളവിൽ ആരംഭിച്ചിട്ടില്ല.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ, പനങ്ങാട്, അത്തോളി, കോട്ടൂർ, കുരാച്ചുണ്ട് എന്നീ പഞ്ചായത്തുകളിൽ നിന്നുമാണ് പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളത്.

(സി) നടുവണ്ണൂർ പഞ്ചായത്തിലെ കാവിൽ പാലിയത്ത് കുന്ന്, കരുവണ്ണൂർ എന്നീ സ്ഥലങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠന റിപ്പോർട്ടും, പനങ്ങാട്, കോട്ടൂർ എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള സ്ഥലവും കെട്ടിടവും, കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽനിന്ന് അനുകൂല തീരുമാനവും ലഭ്യമായിട്ടില്ല. അത്തോളി ഗ്രാമപഞ്ചായത്തിലെ കുമുള്ളിയിൽ മാവേലി സ്റ്റോർ എത്രയും വേഗം ആരംഭിക്കുന്നതാണ്.

## വലിയതുറയിലെ സപ്ലൈകോ ഡിപ്പോയിൽ വിജിലൻസ് പരിശോധന

307 (5973) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയതുറയിലെ സപ്ലൈകോ ഡിപ്പോയിലോ ഗോഡൗണിലോ വിജിലൻസ് പരിശോധന ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എപ്പോഴാണ് പരിശോധന നടന്നതെന്നും കണ്ടെത്തിയ ക്രമക്കേടുകൾ എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഇതിന്റെ പേരിൽ ഉദ്യോഗസ്ഥർ സസ്പെൻഷനിലായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ സസ്പെൻഷനിലായവരുടെ പേരുവിവരം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) സപ്ലൈകോ വിജിലൻസ് 15-2-2018, 26-2-2018, 27-2-2018 തീയതികളിൽ തിരുവനന്തപുരം ജില്ലാ ഡിപ്പോയിൽ നടത്തിയ പരിശോധനയിൽ Glaxo Smithkline ഉൽപ്പന്നങ്ങളുടെ സ്റ്റോക്കിൽ 3,53,246.42 രൂപ (മൂന്ന് ലക്ഷത്തി അമ്പത്തിമൂവായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിയാറ് രൂപ നാൽപ്പത്തി രണ്ട് പൈസ മാത്രം) യുടെ കുറവ് കണ്ടെത്തിയിട്ടുണ്ട്.

(സി&ഡി) ശ്രീ. വി. വിനോദ് (JA), ശ്രീ. ജി. ഗോപകുമാർ (JA), ശ്രീ. എസ്. ബാലചന്ദ്രൻ (SA-I), ശ്രീ. ബിനുകുമാർ (JA), ശ്രീ. രമേശ്. കെ (JA), ശ്രീ. സന്തോഷ് കുമാർ. ജി. (JA), ശ്രീ. മധു. വി. (SA-I) എന്നീ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

**ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്കുള്ള വില ഏകീകരിക്കുന്നതിന് നിയമം**

308 (5974) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളെ ഏതെങ്കിലും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; നിലവിൽ ഈ പ്രവർത്തനങ്ങളുടെ അവസ്ഥ എന്തെന്ന് അറിയിക്കുമോ?

(ബി) വിവിധ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്കുള്ള വില നിശ്ചയിക്കുന്നതിനും ഏകീകരിക്കുന്നതിനും നിയമം കൊണ്ടുവരുന്നത് സംബന്ധിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റേതായി ഹോട്ടലുകൾ തരംതിരിക്കുന്നതിന് മാനദണ്ഡങ്ങൾ ഇല്ല.

(ബി) നിയമം മൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് നിയമ സാധുത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

**ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ അംഗങ്ങൾക്ക് പെൻഷൻ**

309 (5975) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്തവർക്ക് പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളത് അനുസരിച്ച് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും അംഗങ്ങളായി റിട്ടയർ ചെയ്തവർക്ക് പെൻഷൻ നൽകിയിട്ടുണ്ടോ;

(ബി) പെൻഷൻ ലഭിക്കുന്നതിനായി നാളിതുവരെ എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; അവർ ആരൊക്കെ ആണെന്നും ഏതൊക്കെ ജില്ലാ ഉപഭോക്തൃ ഫോറങ്ങളിലും സംസ്ഥാന കമ്മീഷനുകളിലും മെമ്പർമാരായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ഇവർ എന്നാണ് അപേക്ഷ സമർപ്പിച്ചതെന്നും പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്നും എന്തുനടപടിയാണ് ഇവയിൽ സ്വീകരിച്ചതെന്നും പെൻഷൻ അനുവദിക്കാനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) പെൻഷൻ ആനുകൂല്യം നൽകാൻ കാലതാമസം വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) 25 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവരുടെ പേരു വിവരങ്ങളും അപേക്ഷ സമർപ്പിച്ച തീയതികളും അനുബന്ധമായി ചേർക്കുന്നു*. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് ധനകാര്യ വകുപ്പിൽ നിന്നും അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് പെൻഷൻ വിതരണം നടത്തുന്നതാണ്.

(ഡി) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ മെമ്പർമാരുടെ പെൻഷൻ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച ഫയലിൽ സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിക്കുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിശോധനയിലായതിനാൽ മേൽ വിഷയത്തിൽ തീരുമാനം ആകുന്നതുവരെ കാത്തിരിക്കാനാണ് ധനകാര്യവകുപ്പ് അറിയിച്ചിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ മെമ്പർമാരുടെ ആർജ്ജിതാവധി സറണ്ടർ

310 (5976) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേയും മെമ്പർമാർക്ക് ആർജ്ജിതാവധി സറണ്ടർ ചെയ്യാമോ; എങ്കിൽ ഒരു വർഷം എത്ര വീതം;

(ബി) ജില്ലാ ഫോറം മെമ്പർമാർക്ക് സറണ്ടർ ആനുകൂല്യം അനുവദിച്ചുകൊണ്ട് കേരളാ ഹൈക്കോടതിയിൽ നിന്നും അനുകൂല ഉത്തരവ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അപേക്ഷ സമർപ്പിച്ചവർക്ക് സറണ്ടർ ആനുകൂല്യം തുകയായി ലഭിക്കാൻ ഹൈക്കോടതിയുടെ ഉത്തരവിൽ കാലാവധി പറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഹൈക്കോടതി വിധിയിൽ നൽകിയ അവസാന തീയതി കഴിഞ്ഞിട്ടുണ്ടെങ്കിൽ സറണ്ടർ ആനുകൂല്യം നൽകാത്തതിന്റെ കാരണം എന്താണ്; ഇത് സംബന്ധിച്ച് എന്തെങ്കിലും കോടതി അലക്ഷ്യ നടപടി നിലവിലുണ്ടോ?

ഉത്തരം

(എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേയും മെമ്പർമാർക്ക് സറണ്ടർ ആനുകൂല്യം അനുവദിച്ചിരുന്നില്ല. എന്നാൽ സറണ്ടർ ആനുകൂല്യം നൽകാൻ ഡബ്ല്യൂ.പി.(സി). നമ്പർ 19321/17 നമ്പർ കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ 30-11-2017-ലെ വിധിന്യായത്തിൽ ഉത്തരവായിട്ടുണ്ട്. മേൽ ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്. ഹൈക്കോടതി വിധിന്യായം ലഭിച്ച് 2 മാസത്തിനുള്ളിൽ സറണ്ടർ ആനുകൂല്യം നൽകാൻ ഹൈക്കോടതി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.

(ഡി) ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കോടതി അലക്ഷ്യ നടപടി നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുവിതരണ കേന്ദ്രങ്ങളിൽ ഭക്ഷ്യസാധനങ്ങളുടെ വിവരങ്ങൾ പ്രദർശിപ്പിക്കാൻ നടപടി

311 (5977) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ പ്രതിമാസം വില്ക്കപ്പെടുന്ന ഭക്ഷ്യ സാധനങ്ങളുടെ വിവരങ്ങൾ കാർഡുടമകൾക്ക് കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ നിബന്ധന പൊതുവിതരണ കേന്ദ്രങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ;

(സി) ഇപ്രകാരം വിതരണം ചെയ്യാനുള്ള ഭക്ഷ്യസാധനങ്ങളുടെ വിവരങ്ങൾ ഓരോ വിഭാഗത്തിനും ലഭിക്കുന്ന ഭക്ഷ്യസാധനങ്ങളുടെ അളവ് സഹിതം എല്ലാ കാർഡ് ഉടമകൾക്കും കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ പ്രതിമാസം വിൽക്കപ്പെടുന്ന ഭക്ഷ്യ സാധനങ്ങളുടെ വിവരങ്ങൾ കാർഡുടമകൾക്ക് കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ പ്രതിമാസ റേഷൻ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ കാർഡുടമകൾക്ക് എസ്.എം.എസ്. മുഖേനയും മാധ്യമങ്ങൾ മുഖേനയും നൽകുന്നുണ്ട്. ആയത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## ഉപഭോക്തൃസംരക്ഷണ നിയമപ്രകാരമുള്ള കേസുകൾ

312 (5978) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃസംരക്ഷണ നിയമ പ്രകാരമുള്ള കേസുകളിൽ ജി.എസ്.ടി. നിലവിൽ വന്നതിന് ശേഷം എന്തെങ്കിലും വർദ്ധനവ് നിരീക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം കേസുകൾ പരിഹരിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്ട്രേഷൻ എടുക്കാതെ ഉപഭോക്താവിൽ നിന്നും അനധികൃതമായി ജി.എസ്.ടി. ഈടാക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച എത്ര കേസുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ജി.എസ്.ടി. കുറവ് വരുത്തിയിട്ടും എം.ആർ.പി.യിലും നികുതി നിരക്കിലും കുറവ് വരുത്താത്ത എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഈ വിവരങ്ങൾ ജി.എസ്.ടി. വകുപ്പിന് കൈമാറിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരമുള്ള കേസുകളിൽ ജി.എസ്.ടി. നിലവിൽ വന്നതിന് ശേഷം വർദ്ധനവ് ഉണ്ടായിട്ടില്ല.

(ബി) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. സംസ്ഥാന ചരക്ക് സേവന നികുതി ഓഫീസിലും ഇത്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല. അനധികൃതമായി ജി.എസ്.ടി. ഈടാക്കിയതിന് ലീഗൽ മെട്രോളജി നിയമപ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ജി.എസ്.ടി. കുറവുവരുത്തിയിട്ടും എം.ആർ.പി.-യിൽ കുറവുവരുത്താതെ വിൽപ്പന നടത്തിയതിന് ലീഗൽ മെട്രോളജി വകുപ്പ് 24 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. സംസ്ഥാന ചരക്കുസേവന നികുതി ഓഫീസിലും ഇത്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ഇല്ല.

## ഭക്ഷ്യധാന്യങ്ങൾ മറിച്ചുവിൽക്കുന്നത് തടയാൻ നടപടികൾ

313 (5979) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ അരി നിറം മാറ്റി വിവിധ ബ്രാന്റുകളെന്ന വ്യാജേന വില്പന നടത്താൻ വിപണിയിൽ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കണ്ടെത്തിയ വില്പനക്കാർക്കെതിരെ നിയമനടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അനധികൃതമായി ഭക്ഷ്യധാന്യങ്ങൾ മറിച്ചുവിൽക്കുന്നത് തടയാൻ നിലവിൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) കരിഞ്ചന്ത തടയാൻ രൂപീകരിക്കേണ്ട ജില്ലാതല സ്ക്വാഡിന്റെ രൂപീകരണം ഇതുവരെ സാധ്യമായിട്ടില്ലാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മേൽഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) അനധികൃതമായി ഭക്ഷ്യധാന്യങ്ങൾ മറിച്ചുവിൽക്കുന്നത് തടയുന്നതിനും പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി പ്രതിമാസ വാതിൽപ്പടി വിതരണം എല്ലാ ജില്ലകളിലും പൂർത്തീകരിച്ചു. പ്രതിമാസ റേഷൻ സംബന്ധിച്ച അറിയിപ്പ് എല്ലാ ഉപഭോക്താക്കൾക്കും എസ്.എം.എസ്. അലർട്ടായി നൽകിവരുന്നു. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ റേഷൻ കടകളും മാസത്തിലൊരിക്കൽ കർശനമായി പരിശോധിക്കുകയും പ്രതിവാരം പത്ത് കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കൃത്യമായി കണക്കുകൾ സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പ് വരുത്തുന്നുണ്ട്. നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് പൂർണ്ണമായും നടപ്പിൽ വരുത്തുന്നതോടെ പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം നടത്തുന്ന ഭക്ഷ്യധാന്യങ്ങൾ മറിച്ചുവിൽക്കുന്നത് പൂർണ്ണമായും തടയാൻ കഴിയും.

(ഡി) വിലയിരുത്തിയിട്ടുണ്ട്; കരിഞ്ചന്ത തടയുന്നതിനായി സംസ്ഥാന തലത്തിൽ ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി തലത്തിൽ രണ്ട് സ്ക്വാഡുകളും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും പരിശോധനകൾ നിരന്തരം നടത്തുന്നുണ്ട്. ഇതോടൊപ്പം ജില്ലാ/താലൂക്ക് തലത്തിൽ സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, റവന്യൂ, ഫുഡ് സേഫ്റ്റി, പോലീസ് എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി സംയുക്ത പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ ഉത്സവകാലങ്ങളിൽ സംസ്ഥാന ജില്ലാ താലൂക്ക് തലത്തിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും പ്രത്യേക പരിശോധനകൾ നടത്താറുണ്ട്.

## ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം

314 (5980) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ;

(ബി) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദവും സുതാര്യവും അഴിമതിരഹിതവും ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ) ലീഗൽ മെട്രോളജി വകുപ്പിൽ 21 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സീനിയർ സൂപ്രണ്ട് (കൺട്രോളറാഫീസ്)-1

ജൂനിയർ സൂപ്രണ്ട് (ഡെപ്യൂട്ടി കൺട്രോളറാഫീസുകൾ)-3

ഹെഡ് ക്ലാർക്ക് ( കൺട്രോളറാഫീസ്)-1

ക്ലാർക്ക് (ഫ്ളൈയിംഗ് സ്ക്വാഡ്)-10

ക്ലാർക്ക് (ഇന്റേണൽ ഓഡിറ്റ് വിംഗ്)-3

ക്ലാർക്ക് (ഡെപ്യൂട്ടി കൺട്രോളറാഫീസുകൾ)-3

- തിരുവനന്തപുരം പട്ടത്തെ വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് ആന്റ് ലബോറട്ടറി കോംപ്ലക്സ് ഏഴ് നില കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായി. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഇന്റീരിയർ വർക്ക്സ് തുടങ്ങിയവ കൂടി പൂർത്തിയാക്കി 2018 മേയ് മാസത്തിൽ ടി കെട്ടിടം വകുപ്പിന് ഉപയോഗയോഗ്യമാക്കുന്നതാണ്.

- കൊല്ലത്ത് ആധുനിക ലബോറട്ടറി സൗകര്യങ്ങളോടു കൂടിയ ജില്ലാ ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചു.

- പുതുതായി 14 ടാറ്റാ സുമോ ഗോൾഡ് വാഹനങ്ങൾ അനുവദിച്ചു.

- ജ്വല്ലറികളിൽ വിൽക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ശുദ്ധത പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ ഹാൾ മാർക്കിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായത്തിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

- വകുപ്പിന്റെ ഓഫീസ് നിർമ്മാണത്തിനായി കോട്ടയം ജില്ലയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

- കാസർഗോഡ്, പാലക്കാട് ജില്ലകളിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

- എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ പ്രവർത്തിക്കുന്ന ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിന് NABL അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിയമ ലംഘനങ്ങൾ ചിത്രങ്ങളായോ വീഡിയോ ആയോ സന്ദേശങ്ങളായോ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ലീഗൽ മെട്രോളജി ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി സത്വര പരിഹാരം തേടുന്നതിന് " സുതാര്യം" എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.

- വകുപ്പിന്റെ സേവനങ്ങളായ ലൈസൻസ്, പാക്കർ ലെജിസ്ട്രേഷൻ തുടങ്ങിയവ ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം(LMOMS)പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

- പൊതുജനങ്ങൾക്ക് വകുപ്പിനെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ നൽകുന്നതിനും ടോൾ ഫ്രീ നമ്പരോടുകൂടി കാൾ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

- വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി. എസ്. സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിലൂടെ പരാതിക്കാരന്റെ ഏറ്റവും അടുത്തുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യാപാര സ്ഥാപനം പരിശോധിച്ച് പരാതിക്ക് പരിഹാരം കാണുന്നതാണ്.

- ലീഗൽ മെട്രോളജി വകുപ്പിൽ ഐ.ടി.സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

- ആരോഗ്യ മേഖലയിൽ ഉപയോഗിച്ചുവരുന്ന അളവു-തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി പരിശോധന സജ്ജമാക്കി.

- പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് രാത്രികാല മിന്നൽ പരിശോധനകൾ ആരംഭിച്ചു.

- ഉപഭോക്തൃ ചൂഷണം തടയുന്നതിനായി ഓരോ മേഖലയും കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകൾ നടത്തി വരുന്നുണ്ട്.

- നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരന്തരമായ പരിശീലനം നൽകുന്നു. ലീഗൽ മെട്രോളജി നിയമങ്ങളെക്കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിനായി എഫ്.എം. റേഡിയോയിലൂൾപ്പെടെ പരസ്യങ്ങൾ നൽകിവരുന്നു.

- ഉപഭോക്തൃ ബോധവൽക്കരണത്തിനായി പഞ്ചായത്തുകളിലും റേഡിയോ കിയോസ്കുകൾ ആരംഭിക്കുന്നതിനായി കേന്ദ്ര സർക്കാരിനും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം**

315 (5981) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി ജനറൽ റൂൾ 2011-ൽ നിഷ്കർഷിക്കുന്ന യോഗ്യതയുള്ള ജീവനക്കാരെ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതയായ ത്രിവത്സര ഡിപ്ലോമയും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവുമില്ലാത്ത ആരെയെങ്കിലും ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; ഇങ്ങനെ നൽകുവാനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ലീഗൽ മെട്രോളജി കൺട്രോളറുടെ ശിപാർശ പ്രകാരം വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് ലീഗൽ മെട്രോളജി ജനറൽ റൂൾസ് 2011-ൽ നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ്സ്/മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് താൽക്കാലികമായി പ്രൊമോഷൻ നൽകി നിയമിക്കാൻ സ.ഉ(സാധാ)നമ്പർ 1471/17/റവ തീയതി 29-3-2017, സ.(സാധാ) നമ്പർ 373/17/ ഉകാവ. തീയതി 13-10-2017 എന്നീ ഉത്തരവുകൾ പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർക്ക് അനുമതി നൽകിയിരുന്നു. അതിൻ പ്രകാരം യോഗ്യരായ 18 പേർക്ക് ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക

സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) ഉണ്ട്. ഫിസിക്സ് ഒരു വിഷയമായുള്ള ഡിഗ്രി യോഗ്യതയുള്ള 6 പേരെ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലികമായി സ്ഥാനകയറ്റം നൽകി നിയമിച്ചിട്ടുണ്ട്. ഇത് ലീഗൽ മെട്രോളജി ജനറൽ റൂൾസ് 2011-ൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയാണ്.

**ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ**

316 (5982) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ മിക്ക സർവ്വകലാശാലകളും അംഗീകരിച്ച ഇഗ്നോ നടത്തുന്ന കോഴ്സുകൾ പാസ്സായി ലീഗൽ മെട്രോളജി വകുപ്പിൽ തസ്തികമാറ്റം വഴി ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേക്ക് അപേക്ഷ നൽകിയിട്ടുള്ളവർക്ക് പ്രൊമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ ഇത് വിശദമാക്കാമോ;

(ബി) ഇപ്രകാരം യോഗ്യത നേടിയിട്ടുള്ള ആരുടെയെങ്കിലും അപേക്ഷ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷയിൽ ഇതുവരെയും തീരുമാനം എടുത്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇഗ്നോ നടത്തുന്ന കോഴ്സുകൾക്ക് PSC-യുടെ അംഗീകാരമില്ലെന്ന് പരാതി ലഭിക്കുകയും, പ്രസ്തുത വിഷയത്തിന്മേൽ ലീഗൽ മെട്രോളജി കൺട്രോളർ PSC-യുടെ സ്പഷ്ടീകരണം ലഭ്യമാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്ത സാഹചര്യത്തിൽ വിദൂര വിദ്യാഭ്യാസ സയൻസ് കോഴ്സുകൾക്ക് PSC അംഗീകാരമുണ്ടോ എന്നതു സംബന്ധിച്ച സ്പഷ്ടീകരണം നൽകുവാൻ PSC-യോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ഉണ്ട്.

(സി) വിഷയം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പെട്രോൾ പമ്പുകളിൽ പരിശോധന

317 (5983) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ പമ്പുകളിലെ മീറ്ററുകൾ ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ഇത്തരം പമ്പുകളിൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടാതിരിക്കാൻ ഇടവിട്ട് പരിശോധന കർശനമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) സാധാരണ പരിശോധനകൾക്ക് പുറമേ മിന്നൽ പരിശോധനകൾ, സ്പെഷ്യൽ ഡ്രൈവുകൾ എന്നിവ ലീഗൽ മെട്രോളജി വകുപ്പ് നടത്തുന്നുണ്ട്. കൂടാതെ ഫ്ലൈയിംഗ് സ്ക്വാഡുകളുടെ പ്രത്യേക മിന്നൽ പരിശോധനകളും സംഘടിപ്പിച്ച് പരിശോധന കൂടുതൽ കർശനമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പെട്രോൾ പമ്പുകളിൽ സ്ക്വാഡുകളുടെ പരിശോധന

318 (5984) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അളവിൽ കൃത്രിമം കാണിക്കുന്നത് കണ്ടുപിടിക്കുന്നതിനായി പെട്രോൾ പമ്പുകളിൽ പരിശോധന നടത്താറുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ട് വർഷക്കാലമായി ഇത്തരത്തിൽ കൃത്രിമം കാണിച്ച പമ്പുകളുടെ വിവരം ജില്ലാ അടിസ്ഥാനത്തിൽ നൽകുമോ;

(ബി) ഇത്തരത്തിൽ കൃത്രിമം കാണിച്ച പമ്പുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ ;

(സി) പെട്രോൾ പമ്പുകളിൽ ഇത്തരം പരിശോധന നടത്താൻ താലൂക്ക് അടിസ്ഥാനത്തിൽ സ്ക്വാഡുകളെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിലെ 8 (എട്ട്) പമ്പുകളിൽ അളവിൽ കൃത്രിമം കാണിച്ചതായി കണ്ടെത്തിയിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു:

1. ബദിയടുക്ക പെട്രോളിയം എച്ച്. പി. സി.
2. വിഷ്വാദ് പെട്രോളിയം എച്ച്.പി. സി., പെർള
3. നീലേശ്വർ ഏജൻസി എച്ച്. പി. സി., നീലേശ്വരം
4. വിഷ്ണു ഏജൻസി ബി. പി. സി., നീലേശ്വരം
5. മത്സ്യഫെഡ് പി. ബി., മാടക്കര
6. കെ വി പെട്രോളിയം ഐ. ഒ. സി., കാസർഗോഡ്
7. പ്ലാറ്റിനം ഫ്യുവൽ, ഐ.ഒ.സി., കാസർഗോഡ്
8. ട്രൻഡ്സ് ഫ്യുവൽ, ഐ ഒ സി ഡീലർ, മഞ്ചേശ്വരം

(ബി) അളവിൽ കുറവുണ്ടായ 8 പെട്രോൾ പമ്പുകൾക്ക് വിതരണം നിർത്തിവയ്ക്കാൻ നോട്ടീസ് നൽകുകയും കൃത്യത ഉറപ്പുവരുത്തി മുദ്ര ചെയ്യുകയും ചെയ്തു. കേസ് രജിസ്റ്റർ ചെയ്തവയിൽ രാജി ഫീസ് ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(സി) എല്ലാ ജില്ലാ തല അസിസ്റ്റന്റ് കൺട്രോളർമാരുടേയും ഫ്ളയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളർമാരുടേയും നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തിവരുന്നു.

**പുതിയ താലൂക്കുകളിൽ ലീഗൽ മെട്രോളജി ഓഫീസുകൾ**

319 (5985) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മാർച്ച് 15-ന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പ്രതിപാദിച്ച പുതിയ താലൂക്കുകളിലെ ലീഗൽ മെട്രോളജി ഓഫീസുകളുടെ പ്രവർത്തനം തുടങ്ങുന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പുതിയ താലൂക്കുകളിൽ ലീഗൽ മെട്രോളജി ഓഫീസ് പ്രവർത്തനം എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) ഇതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതിന്റെ ഭാഗമായി കൊണ്ടോട്ടിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ലീഗൽ മെട്രോളജി ഓഫീസിന്റെ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ - സി) പുതുതായി രൂപീകരിച്ച താലൂക്കുകളിൽ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) കൊണ്ടോട്ടിയിൽ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(നക്ഷത്രചിഹ്നമിടാത്ത 5683, 5735, 5784, 5789, 5795, 5895 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[9.30 AM]

## II അടിയന്തരപ്രമേയം

### ക്വട്ടേഷൻ/ഗുണ്ടാ സംഘങ്ങളുടെ അതിക്രമം

മി. സ്പീക്കർ: ക്വട്ടേഷൻ സംഘങ്ങളുടെയും ഗുണ്ടകളുടെയും അഴിഞ്ഞാട്ടംമൂലം മുൻ റേഡിയോ ജോക്കി രാജേഷ് കുമാർ മരണപ്പെടാൻ ഇടയാക്കിയ സംഭവവും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ക്വട്ടേഷൻ സംഘങ്ങളെയും ഗുണ്ടാ സംഘങ്ങളെയും നിയന്ത്രിക്കുന്നതിന് സർക്കാരിന്റെയും പോലീസിന്റെയും പരാജയവും ജനങ്ങളിൽ ആശങ്കയും അരക്ഷിതാവസ്ഥയും സൃഷ്ടിച്ചിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, പി. ഉബൈദുള്ള, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച അടിയന്തര പ്രമേയത്തിൽ കേരളത്തിൽ നേരത്തെ സഭ ചർച്ച ചെയ്ത കാര്യങ്ങൾ ആവർത്തിച്ച് പറയുന്നുണ്ടെങ്കിലും അതിൽ ഊന്നൽ നൽകിയിരിക്കുന്നത് തിരുവനന്തപുരത്ത് നടന്ന ചില സംഭവങ്ങളെപ്പറ്റിയാണ്. വിശേഷിച്ച് ഇന്നലെ വെളുപ്പിന് കിളിമാനൂരിലെ മടവൂർ എന്ന സ്ഥലത്ത് നാലംഗ അക്രമി സംഘം റേഡിയോ ജോക്കി രാജേഷ്കുമാർ എന്ന യുവാവിനെ മനസ്സാക്ഷി മരവിപ്പിക്കുംവിധം അതിക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയ സംഭവമാണ്. അക്കൂട്ടത്തിൽ കേരളത്തിൽ മുമ്പുണ്ടായ ചില സംഭവങ്ങളും അദ്ദേഹം ഉന്നയിക്കുന്നുണ്ട്. അതീവ ഗുരുതരമായ ഒരു സ്ഥിതിവിശേഷം കേരളത്തിൽ ഉണ്ടായിരിക്കുകയാണെന്നാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്. എന്നാൽ മടവൂർ സംഭവത്തിനുശേഷം കേരളത്തിലെമ്പാടും ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല എന്നുള്ളത് അദ്ദേഹത്തിനും നമുക്കും നന്നായിട്ടറിയാം. അതുസംബന്ധിച്ച് ലഭ്യമായതും ശരിയായതുമായ വിവരങ്ങളാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങളുടെയും ഗുണ്ടകളുടെയും അഴിഞ്ഞാട്ടം വർദ്ധിച്ചുവരുന്നു എന്നുപറയുന്നത് വാസ്തവ വിരുദ്ധമാണ്. ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടായി എന്നല്ലാതെ സാർവ്വത്രികമായി അങ്ങനെയൊരു സംഭവം

ഉണ്ടായിട്ടില്ല എന്നുമാത്രമല്ല കുറഞ്ഞുവരുന്നു എന്നുള്ളതാണ് സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നത്. 2016-ൽ നടന്ന സംഭവങ്ങൾകൂടി ഉൾപ്പെടുത്തിയാണ് ബഹുമാനപ്പെട്ട അംഗം അടിയന്തരപ്രമേയം അവതരിപ്പിച്ചത്. അതിൽ ആദ്യത്തെ അഞ്ച് മാസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന യു.ഡി.എഫ് ഭരണ കാലത്തുള്ളതാണ്. മൊത്തത്തിൽ പറയുമ്പോൾ ആ അഞ്ച് മാസം കുറവല്ല ശരാശരിയിലും കൂടുതലായിരുന്നു എന്നുള്ളത് മനസ്സിലാക്കണം. ഒറ്റപ്പെട്ട സംഭവങ്ങളിൽ ഗവൺമെന്റ് ശരിയായ നിലപാട് സ്വീകരിക്കുകയാണ്. ഒരിക്കലും ക്രിമിനലുകളോടൊപ്പം സർക്കാർ നിലകൊണ്ടിട്ടില്ല, നിലകൊള്ളുകയുമില്ല. മടവൂരിലെ സംഭവമൊഴിച്ച് ബാക്കി എല്ലാ കാര്യങ്ങളും സഭയിൽ വിവിധ സന്ദർഭങ്ങളിലായി അവതരിപ്പിക്കപ്പെടുകയും മറുപടി പറയുകയും ചെയ്തതാണ്.

മടവൂരിലെ സംഭവത്തിൽ സർക്കാർ ശക്തമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോവുകയാണ്. തിരുവനന്തപുരം പള്ളിക്കൽ പോലീസ് സ്റ്റേഷൻ പരിധിയിലെ മടവൂരിൽ മെട്രോ റിക്കോർഡിംഗ് സ്റ്റുഡിയോ എന്ന സ്ഥാപനത്തിലെ നടത്തിപ്പുകാരനും നാടൻപാട്ട് അവതാരകനുമാണ് രാജേഷും സുഹൃത്തായ കുട്ടനും. അവർ കഴിഞ്ഞ ദിവസം കലാപരിപാടി കഴിഞ്ഞ് വെളുപ്പിന് 1.30-ന് മടവൂരിലുള്ള സ്റ്റുഡിയോയിൽ എത്തി. ഈ സമയം ചുവന്ന മാരുതി കാറിലെത്തിയ നാലംഗ അക്രമിസംഘം വാളുപയോഗിച്ച് ഇരുവരെയും വെട്ടിപ്പരിക്കേൽപ്പിച്ചിട്ട് സ്ഥലംവിടുകയാണുണ്ടായത്. പോലീസും നാട്ടുകാരും ചേർന്ന് രാജേഷിനേയും കുട്ടനേയും പാരിപ്പള്ളി മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും പുലർച്ചെ 2.00 മണിയോടെ രാജേഷ് മരണപ്പെട്ടു. ഈ സംഭവത്തിൽ പള്ളിക്കൽ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 302, 307, 304, ആംസ് ആക്ട് 27 എന്നീ വകുപ്പുകൾ ചേർത്ത് സി.ആർ.പി.സി. 302/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിക്കുകയുണ്ടായി. ഇതിൽ ഒരു ഡിവൈ.എസ്.പി., ഒരു സർക്കിൾ ഇൻസ്പെക്ടർ, രണ്ട് എസ്.ഐ.മാർ ഉൾപ്പെടെ നാല് ഓഫീസർമാർ അടങ്ങുന്ന ഏഴംഗ സംഘം ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്. കുറ്റവാളികളെ വൈകാതെ തന്നെ പിടികൂടാൻ കഴിയുമെന്ന് ഗവൺമെന്റിന് ഉത്തമ വിശ്വാസമുണ്ട്. പ്രമേയത്തിൽ പറയുന്ന മറ്റ് സംഭവങ്ങൾ വിവിധ സമയത്ത് സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ ഉണ്ടായതാണ്. അവയെല്ലാം ആ ഘട്ടങ്ങളിൽ സഭയിൽ ഉന്നയിക്കപ്പെടുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉചിതമായ മറുപടി നൽകുകയും ചെയ്തിട്ടുള്ളതാണ്.

ആറ്റിങ്ങലിൽ ബൈക്കിൽ സഞ്ചരിച്ചിരുന്ന യുവാവിനെ വെട്ടിക്കൊലപ്പെടുത്തിയ വിഷയം അങ്ങ് ഉന്നയിച്ചിട്ടുണ്ട്. 3-7-2016-ന് വൈകിട്ട് 4.30 ഓടെ ചിറയിൻകീഴ് പോളയിൽ എന്ന സ്ഥലത്തുവച്ചാണ് ദിലീപിനെ മോട്ടോർ സൈക്കിളിൽ പോകവെ തടഞ്ഞുനിർത്തി വെട്ടിക്കൊലപ്പെടുത്തിയത്. ക്രൈം 888/2016 ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രതിയായ മുരുകനെ അറസ്റ്റ് ചെയ്ത് നടപടി സ്വീകരിച്ചിട്ടുള്ളതും കേസ് കോടതിയിൽ വിചാരണയിലുള്ളതുമാണ്.

ചാവക്കാട് രമേശ് എന്നയാളെ മർദ്ദിച്ച് കൊലപ്പെടുത്തിയതും മുമ്പ് ഉന്നയിച്ചിട്ടുണ്ട്. 6-7-2016-ന് രാത്രി 10.30 മണിയോടെ രമേശ് എന്നയാൾ മകളുമായി ബൈക്കിൽ പോകവെ ചാവക്കാടുവച്ച് കളിയാക്കിയതുമായി ബന്ധപ്പെട്ട് വഴക്കുണ്ടാവുകയും തുടർന്നുണ്ടായ സംഘട്ടനത്തിൽ രമേശ് കുഴഞ്ഞുവീണ് മരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ചാവക്കാട് പോലീസ് സ്റ്റേഷൻ ഐ.പി.സി 304, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1719/16 ആയി കേസ് രജിസ്റ്റർ ചെയ്യുകയും കേസന്വേഷണം പൂർത്തിയാക്കി കോടതിയിൽ ഇപ്പോൾ വിചാരണ നടക്കുകയുമാണ്.

ഓപ്പറേഷൻ കുബേര തുടരേണ്ടതില്ലെന്ന് തീരുമാനിച്ചതായി അങ്ങ് ആരോപിക്കുന്നുണ്ട്. അത് ശരിയല്ല; തുടരുകയാണ്. കൊട്ടും വാദ്യവും ബഹളവും ഇല്ലന്നേയുള്ളൂ. അത് തുടർന്നുകൊണ്ടിരിക്കുകയാണ്. ബ്ലേഡ് മാഫിയക്കാരെ അമർച്ച ചെയ്യുന്നത് ഉന്നംവച്ച് ആരംഭിച്ച ഓപ്പറേഷൻ കുബേര ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണ് തുടങ്ങിയത്. അത് തുടരേണ്ടതില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. ധനകാര്യ സ്ഥാപനങ്ങൾക്കും ഇടപാടുകാർക്കുംനേരെ നേരത്തെ ചെയ്തുവന്ന നടപടികൾ അതേ പ്രാധാന്യത്തോടെ ഇപ്പോൾ തുടരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗുണ്ടകൾക്കെതിരെ 255 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വിവാഹപ്പാർട്ടിയെ പോലീസ് സ്റ്റേഷനിൽ തടഞ്ഞുവച്ചെന്നുള്ള അങ്ങയുടെ ആക്ഷേപം, 16-3-2018-ൽ പാങ്ങോട് പോലീസ് സ്റ്റേഷൻ പരിധിയിലെ പുലിപ്പാറയെന്ന സ്ഥലത്തുവച്ച് കെ.എസ്.ആർ.ടി.സി ബസ് ടൂറിസ്റ്റ് ബസ്സിന്റെ സൈഡ് മിററിൽ തട്ടി എന്നാരോപിച്ച് ടൂറിസ്റ്റ് ബസ്സിലുണ്ടായിരുന്നവർ കെ.എസ്.ആർ.ടി.സി. ഡ്രൈവറെ ദേഹോപദ്രവം ഏൽപ്പിച്ചെന്ന പരാതിയെത്തുടർന്ന് ക്രൈം 413/18 ആയി കേസ് രജിസ്റ്റർ ചെയ്യുകയും 5 പ്രതികളെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

വിഴിഞ്ഞത്ത് മരിയാദാസിനെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് അങ്ങ് ഉന്നയിച്ച പ്രശ്നത്തിൽ, 6-7-2016-ന് മരിയാദാസിനെ കൊലപ്പെടുത്തിയ കേസിലെ രണ്ട് പ്രതികളായ ബിനുവിനെയും ചന്ദ്രശേഖറിനെയും അറസ്റ്റുചെയ്ത് നടപടികൾ സ്വീകരിക്കുകയും കേസിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ജ് കൊടുത്തിട്ടുള്ളതുമാണ്.

കോടതി വളപ്പിൽവച്ച് മാധ്യമ പ്രവർത്തകരെ വളഞ്ഞിട്ട് ആക്രമിച്ചതുമായി ബന്ധപ്പെട്ട് അങ്ങ് ഉന്നയിച്ച പ്രശ്നത്തിൽ തിരുവനന്തപുരം വഞ്ചിയൂർ കോടതിയിൽ മാധ്യമ പ്രവർത്തകരും അഡ്വക്കേറ്റും തമ്മിലുണ്ടായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് എട്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവറെ മർദ്ദിച്ചതിനെ സംബന്ധിച്ച അങ്ങയുടെ പരാമർശത്തിൽ 5-10-2016-ന് വേളിയിൽ നിന്ന് വെട്ടുകാട് ഭാഗത്തേയ്ക്ക് പോയ കെ.എസ്.ആർ.ടി.സി. ബസ്സിന് നെരെ കല്ലേറുണ്ടാവുകയും ഡ്രൈവറെ മർദ്ദിക്കുകയും ചെയ്തു. ഈ സംഭവത്തിൽ വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം 1529/16 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

മംഗലാപുരം എസ്.ഐ.-യേയും പോലീസുകാരേയും തടഞ്ഞുനിർത്തിയ പ്രശ്നത്തിൽ 6-7-2016-ന് മംഗലാപുരം പോലീസ് സ്റ്റേഷൻ പരിധിയിലെ കരിച്ചാർ കോളനിയിൽ പൊതുസ്ഥലത്ത് മദ്യപിച്ചതായി കണ്ട ഉണ്ണി എന്ന ആളെ മംഗലാപുരം എസ്.ഐ.യും പാർട്ടിയും പിടിച്ച് വാഹനത്തിൽ കയറ്റവേ ഏതാനും നാട്ടുകാർ തടഞ്ഞതായ സംഭവം ഉണ്ടായിട്ടുണ്ട്. അതിന് ക്രൈം 887/16 ആയി കേസ് രജിസ്റ്റർ ചെയ്ത് ഉണ്ണിയെ അറസ്റ്റ് ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്ങ് ഉന്നയിച്ച മടവൂരിലെ പ്രശ്നമൊഴിച്ച് ബാക്കിയുള്ള എല്ലാ കാര്യങ്ങളിലും ഗവൺമെന്റ് നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇൻവെസ്റ്റിഗേഷനിലിരിക്കുന്ന ചില കേസുകളിൽ കൂടുതലും കോടതിയിൽ പോയി ശക്തമായ നിലയിൽ നടപടി സ്വീകരിച്ചുവരികയാണ്.

മടവൂർ പ്രശ്നത്തിൽ ഒരു ഡിവൈ.എസ്.പി., ഒരു സർക്കിൾ ഇൻസ്പെക്ടർ, രണ്ട് എസ്.ഐ.-മാരുടെ നേതൃത്വത്തിൽ നാല് ഓഫീസർമാരും മറ്റ് മൂന്ന് പോലീസ് കോൺസ്റ്റബിൾമാരുമടക്കം ഏഴ് പേരുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നിയമിക്കപ്പെട്ടിട്ടുണ്ട്. അവർ വളരെ വേഗം കുറ്റക്കാരെ കണ്ടെത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. ഇത് അപ്രതീക്ഷിതവും ക്രൂരവും ഒറ്റപ്പെട്ടതുമായ സംഭവമാണ്. അത്തരം സംഭവങ്ങൾ ഏതു നാഗരികതയിലും എവിടെയും ഉണ്ടാകാം. അങ്ങനെ ഉണ്ടായിട്ടുമുണ്ട്. പക്ഷെ അങ്ങനെ ഉണ്ടാകാൻ പാടില്ല. പൊതുജനങ്ങളുമായി ബന്ധപ്പെട്ട ബോധത്തിന്റെ പ്രശ്നമാണിത്. ക്രൈം വന്നതുകൊണ്ട് ശക്തമായ നടപടി സ്വീകരിക്കും. ക്രമസമാധാനം ഭദ്രമാണെന്നാണ് അറിയിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: അങ്ങയുടെ നോട്ടീസിൽ അടിയന്തര പ്രാധാന്യമുള്ള കാര്യം സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഒട്ടനവധി പഴയ കാര്യങ്ങളുമുണ്ട്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, പഴയ കാര്യങ്ങളുണ്ടായിട്ടും ഇത് തുടരുന്നു എന്നുള്ളതാണ് അടിയന്തരപ്രമേയത്തിന്റെ മുഖ്യമായ വിഷയം.

<u>മി. സ്പീക്കർ</u>: സഭയിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ പറയുന്നത് ചട്ടപ്രകാരം ശരിയല്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നടക്കുന്ന കൊലപാതകങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളാണെന്ന് സൂചിപ്പിച്ചത് ശരിയല്ല. ഓരോ ദിവസവും ഓരോ കൊലപാതകമാണ് നടക്കുന്നത്. അതുകൊണ്ടാണ് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. ഈ വിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഒരു കാര്യം പറയാനുണ്ട്. മിനിഞ്ഞാന്ന് പോലീസിന്റെ അതിക്രമങ്ങളെക്കുറിച്ച് മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിനുള്ള മറുപടി മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനാണ് പറഞ്ഞത്. ഇന്ന് ഗുണ്ടാ-മാഫിയാ സംഘങ്ങളുടെ തുടർ ആക്രമണങ്ങളെക്കുറിച്ച് ഞാൻ അടിയന്തരപ്രമേയം കൊണ്ടുവന്നപ്പോൾ ചർച്ചയ്ക്ക് മറുപടി പറയുന്നത് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനാണ്. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന ഈ സഭയുടെ നേതാവായിട്ടുള്ള മുഖ്യമന്ത്രി എവിടെയാണ്? .....(.....ബഹളം.....)

<u>മി. സ്പീക്കർ</u>: ബഹുമാന്യനായ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പാർട്ടിയുടെ കേന്ദ്ര കമ്മിറ്റിയിൽ പോകുമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം സഭയിൽ പൂർണ്ണമായും പങ്കെടുക്കുന്ന വ്യക്തിയാണ്. .....(ബഹളം).... പ്ലീസ് ദയവായി അംഗങ്ങൾ ഇരിക്കു ...... (ബഹളം).... ഇന്നലത്തെ ബി.എ.സി. യോഗത്തിലും ഇന്ന് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി യോഗത്തിൽ പങ്കെടുക്കാൻ പോകേണ്ടതുകൊണ്ട് സഭയിൽ വരാൻ ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ....പ്ലീസ് പ്ലീസ് .....ശ്രീ. കെ. മുരളീധരന് സംസാരിക്കാം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട സ്പീക്കർ സാറിനോട് ഞങ്ങൾക്ക് ഒരു അഭ്യർത്ഥനയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ മൂന്ന് ദിവസമായി സഭയിൽ വന്നിട്ടില്ല. ഇന്നലെ മാത്രം കുറച്ച് സമയമുണ്ടായിരുന്നു. അദ്ദേഹം മിനിഞ്ഞാന്ന് എറണാകുളത്തും ഇന്നലെ കോഴിക്കോട്ടും ഇന്ന് ഡൽഹിയിലും പോയിരിക്കുകയാണ്. മുഖ്യമന്ത്രിക്ക്

തിരക്കുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. അത്യാവശ്യത്തിന് സഭ വിട്ടുനിൽക്കേണ്ടിവരും. എന്നാൽ സഭയുടെ പ്രവർത്തനങ്ങളെ ഗൗരവത്തോടുകൂടി കാണാനും സഭയുടെ അന്തസ്സും സഭാ നടപടികളോടുള്ള ബഹുമാനവും ഉയർത്തിപ്പിടിക്കാനും മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും ഉത്തരവാദിത്വമുണ്ട്. അങ്ങ് അത് ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: അദ്ദേഹം ഇന്നലെ അങ്ങുകൂടി പങ്കെടുത്ത ബി.എ.സി. യോഗത്തിലാണ് ഇന്നത്തെ കേന്ദ്ര കമ്മിറ്റി യോഗത്തെക്കുറിച്ച് അറിയിച്ചത്. അദ്ദേഹം സഭയിൽ പൂർണ്ണമായും ഇരിക്കുന്ന ആളാണെന്ന് നമുക്ക് എല്ലാവർക്കും ബോദ്ധ്യവുമുണ്ട്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഇല്ലാത്ത വേളയിൽ കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ല. അങ്ങേയ്ക്ക് തുടർന്ന് സംസാരിക്കാം.

ശ്രീ. കെ. മുരളീധരൻ: സർ, മിനിഞ്ഞാന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സി.ഐ.ടി.യു. സമ്മേളനത്തിന് പങ്കെടുക്കാൻ കോഴിക്കോട്ട് പോയിരുന്നു.

മി. സ്പീക്കർ: അതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചത്.

ശ്രീ. കെ. മുരളീധരൻ: സർ, ഇന്നലെ ക്യാബിനറ്റ് മീറ്റിംഗ് ഉള്ളതുകൊണ്ട് രണ്ടു മിനിട്ട് സഭയിൽ വന്നെങ്കിലും ബന്ധപ്പെട്ട വകുപ്പുകളെക്കുറിച്ച് സംസാരിച്ചില്ല. ഇന്ന് അദ്ദേഹത്തിന് കേന്ദ്ര കമ്മിറ്റി യോഗമാണ്. സി.ഐ.ടി.യു. സമ്മേളനത്തിനും സി.സി.ക്കുമുള്ള പ്രാധാന്യം നിയമസഭയ്ക്കില്ലേ? സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഡൽഹിയിൽ പോകേണ്ടിവരും. മുൻകാലങ്ങളിലും മുഖ്യമന്ത്രിമാർ ആ ദിവസം മാറി നിന്നിട്ടുണ്ട്.

മി. സ്പീക്കർ: പ്രതിപക്ഷത്തിന്റെ അഭ്യർത്ഥന മാനിച്ച് എ.ഐ.സി.സി. സമ്മേളനവും പരിഗണിച്ചിട്ടുണ്ട്. (......ബഹളം.....)

ശ്രീ. കെ. മുരളീധരൻ: സർ, പാർട്ടി സമ്മേളനങ്ങൾക്കുവേണ്ടി എല്ലാവരുടെയും സൗകര്യാർത്ഥം സഭാസമ്മേളനം മാറ്റിവയ്ക്കാറുണ്ട്. സി.പി.ഐ. (എം)-ന്റെയും സി.പി.ഐ.യുടെയും സംസ്ഥാന സമ്മേളനങ്ങളിലും എ.ഐ.സി.സി.യുടെ പ്ലീനറി സമ്മേളന സമയത്തും സഭ ചേർന്നിട്ടില്ല. പോളിറ്റ് ബ്യൂറോയും കേന്ദ്ര കമ്മിറ്റികളും തുടരെത്തുടരെ ഉണ്ടാകുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഈ സഭയിൽ വരാനോ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി പറയാനോ കഴിയുന്നില്ല എന്നുപറഞ്ഞാൽ അത് ഗൗരവമുള്ള കാര്യമാണ്. ഉദ്യോഗസ്ഥരുടെ ഗ്യാലറി ശ്രദ്ധിച്ചാൽ ഡി.ജി.പി. ഇപ്പോഴാണ് വന്നത്. കഴിഞ്ഞ ദിവസവും ഡി.ജി.പി. ഇല്ലായിരുന്നു.

മി. സ്പീക്കർ: അങ്ങ് വിഷയം പറയൂ.

ശ്രീ. കെ. മുരളീധരൻ: സർ, കേരളത്തിൽ ഇങ്ങനെയുള്ള ക്രിമിനൽ ആക്ടിവിറ്റീസ് തുടർന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ക്വട്ടേഷൻ സംഘത്തിന്റെ അക്രമങ്ങൾ ഓരോ ദിവസവും വർദ്ധിച്ചുവരികയാണ്. മന്ത്രി ശ്രീ. ജി. സുധാകരൻ പഴയ ചില കാര്യങ്ങളെക്കുറിച്ച് പറഞ്ഞത് ശരിയാണ്. ഞാൻ അത് ക്വാട്ട് ചെയ്തത് ഇത് അവസാനിക്കാത്ത ഒരു പ്രക്രിയയായി തുടരുന്നതുകൊണ്ടാണ്. ഇതിനൊരു അവസാനമുണ്ടാകുന്നില്ല. ഓരോ ദിവസവും നടക്കുന്ന കാര്യങ്ങളിൽ അറസ്റ്റ് ചെയ്തു എന്നുപറഞ്ഞിട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചതായി കാണുന്നില്ല. അടുത്ത ഒരു ക്വട്ടേഷൻ അക്രമം ഉണ്ടാകുമ്പോൾ പഴയതിന് എന്ത് സംഭവിച്ചുവെന്നുള്ളത് ആരും അറിയുന്നില്ല. അക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കാത്തതുകൊണ്ടാണ് വീണ്ടും ഗുണ്ടകളും ക്വട്ടേഷൻ സംഘങ്ങളും അഴിഞ്ഞാടുന്നത്. ഇന്നലെയുണ്ടായ സംഭവത്തിലെ റേഡിയോ ജോക്കി ശ്രീ. രാജേഷ് ഒരു കേസിലും പ്രതിയല്ല. അദ്ദേഹത്തിനോട് ആർക്കെങ്കിലും വിരോധമുള്ളതായി അറിയില്ല എന്ന് ഡിവൈ.എസ്.പി.യുടെ സ്റ്റേറ്റുമെന്റുണ്ട്. അങ്ങനെയുള്ള വ്യക്തിയെ പുലർച്ചെ 2.00 മണിക്ക് ഒരു കാറിൽ വന്ന നാലംഗ സംഘം വെട്ടിക്കൊല്ലുകയാണ്. കൂടെയുണ്ടായിരുന്ന സുഹൃത്തിനെയാണ് ആദ്യം വെട്ടിയത്. അയാൾ ഭയന്ന് ഓടി. ഉച്ചത്തിൽ ബഹളമുണ്ടാക്കിയപ്പോൾ ചില വീടുകളിൽ ലൈറ്റിട്ടുവെങ്കിലും അക്രമിസംഘത്തെ കണ്ടപ്പോൾ ഭയപ്പെട്ട് ആരും പുറത്തിറങ്ങിയില്ല. ഏകദേശം 15-ഓളം വെട്ടുകൾ വെട്ടിയാണ് രാജേഷിനെ കൊല ചെയ്തിരിക്കുന്നത്. ആളുകൾ വിളിച്ചതനുസരിച്ച് പോലീസ് വരികയും പാരിപ്പള്ളി മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകുന്ന വഴിക്ക് രാജേഷ് മരണപ്പെടുകയും ചെയ്തു. ഈ ക്വട്ടേഷൻ സംഘം ആരാണ്; നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെ നിരന്തരമായി നടക്കുന്ന ക്വട്ടേഷൻ അക്രമങ്ങൾ തടയാൻ പോലീസിന് എന്തുകൊണ്ട് കഴിയുന്നില്ല; പോലീസുതന്നെ പലപ്പോഴും കേസുകളിലെ പ്രതികളായി മാറുകയാണ്. ഇവിടെ പോലീസിന് ഒരു ഭാഗത്ത് സംരക്ഷകരുടെ ജോലിയും മറുഭാഗത്ത് ആരാച്ചാരുടെ ജോലിയുമാണ്. കഴിഞ്ഞ ദിവസം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു പിതാവിനെ അറസ്റ്റ് ചെയ്തതിനെ സംബന്ധിച്ച് പറഞ്ഞു. പ്രവാസികൾക്കുവേണ്ടി ലോക മലയാള സമ്മേളനം നടന്ന നാടാണ് കേരളം. ഇവിടെ ഒരു പ്രവാസി സ്വന്തം മകളുടെ കല്ല്യാണം നടത്തിക്കാൻവേണ്ടി നാട്ടിൽവന്നു. മകളും ഭാര്യയും കുടുംബവും ഒരുമിച്ച് ബസ്സിൽ യാത്ര ചെയ്യുമ്പോൾ ടൂറിസ്റ്റ് ബസ് ഒരു കെ.എസ്.ആർ.ടി.സി. ബസ്സിൽ തട്ടിയതിന്റെ പേരിൽ ഡ്രൈവർമാർ തമ്മിലാണ് തർക്കമുണ്ടായത്. ഹക്കീം എന്ന

പ്രവാസി അല്ല വണ്ടി ഓടിച്ചത്. തർക്കമുണ്ടാകുകയും പോലീസ് വന്ന് ഹക്കീമിനെയും കുടുംബത്തെയും സ്റ്റേഷനിൽ കൊണ്ടുപോകുകയുമാണ് ചെയ്തത്. അവസാനം പ്രശ്നം അവസാനിപ്പിക്കാൻ വേണ്ടി രണ്ട് ഡ്രൈവർമാർ തമ്മിൽ സന്ധി സംഭാഷണം നടത്തി. മകളെ കല്യാണം കഴിക്കാൻ പോകുന്ന പുരുഷന്റെ വീട്ടുകാർ ഡ്രൈവർമാരെ വിളിച്ച് സംസാരിച്ച് പ്രശ്നം സെറ്റിൽ ചെയ്ത ശേഷം തിരിച്ചുവന്നപ്പോൾ പോലീസ് പറഞ്ഞത് കേസ് രജിസ്റ്റർ ചെയ്തുപോയി എന്നാണ്. ഇതാണോ ഒരു പ്രവാസിയോട് കാണിക്കുന്ന സമീപനം; ഹക്കീം എന്ത് തെറ്റാണ് ചെയ്തത്? ബഹുമാനപ്പെട്ട മന്ത്രി, പ്രതികളെ അറസ്റ്റ് ചെയ്തു എന്നാണ് പറഞ്ഞത്. ഇവിടെ പ്രതികൾ പോലീസാണ്. പോലീസാണ് കല്യാണം മുടക്കിയത്. സ്ത്രീകൾ ഉൾപ്പെടെയുള്ളവരെയാണ് ഒരു രാത്രി മുഴുവൻ പോലീസ് സ്റ്റേഷനിൽ ഇരുത്തിയത്. പ്രതികളല്ലാത്ത സ്ത്രീകളെ പോലീസ് സ്റ്റേഷനിൽ കയറ്റാൻ പാടില്ല എന്നുള്ള നിയമമുണ്ട്. ഒരു ബസ്സിൽ യാത്ര ചെയ്തതിന്റെ പേരിലാണ് ഇവരെ അറസ്റ്റുചെയ്തത്. ഈ കേസിൽ ഹക്കീമിനോ കുടുംബത്തിനോ പങ്കുണ്ടോ? പാവപ്പെട്ട ഒരു പ്രവാസിയുടെ മകളുടെ കല്യാണം മുടക്കാൻ കാണിക്കുന്ന താൽപ്പര്യം ഗുണ്ടാസംഘങ്ങളെ പിടിക്കാൻ പോലീസ് കാണിക്കുന്നുണ്ടോ? ഇതാണ് ഇവിടെ സംഭവിക്കുന്നത്. അതുകൊണ്ടാണ് ഈ വിഷയം ചർച്ച ചെയ്യണമെന്ന് പറയുന്നത്. പോലീസുകാർക്ക് ഗുണ്ടകളുടെ റോളാണ്. ഗുണ്ടകൾ, പോലീസ് സ്പോൺസേർഡ് ഗുണ്ടകളാണ്. കൊലക്കേസിലെ പ്രതികൾക്ക് ഇപ്പോൾ ജയിലിൽ സുഖമാണ്. കിർമാണി മനോജിന് പിഴിച്ചിൽ ചികിത്സ; ആകാശ് തില്ലങ്കേരിക്ക് ഒരു സ്ത്രീയുമായി കൊച്ചുവർത്തമാനം പറയാൻ പോലീസുകാർ അവസരം ഉണ്ടാക്കിക്കൊടുക്കുന്നു. പാവപ്പെട്ട ഒരു പ്രവാസി മകളുടെ കല്യാണം നടത്താനായി നാട്ടിൽ വന്നപ്പോൾ പോലീസ് സ്റ്റേഷനിൽ ഒരു രാത്രി മുഴുവൻ പിടിച്ചിരുത്തുന്നു. ഇത് എന്ത് പോക്കാണ്! ഇങ്ങനെയുള്ള നിരവധി വിഷയങ്ങളുണ്ട്. ഞാൻ കൂടുതൽ കാര്യങ്ങളൊന്നും ആവർത്തിക്കുന്നില്ല. ഇക്കാര്യം ഒരു ദിവസമെങ്കിലും സഭ നിർത്തിവച്ച് ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയില്ലെങ്കിൽ ഇനിയും ഇതുപോലുള്ള അടിയന്തരപ്രമേയങ്ങൾ ഓരോ ദിവസവും വരുന്ന സാഹചര്യം സംസ്ഥാനത്തുണ്ടാകും. ഇവിടെ മനുഷ്യന്റെ ജീവനും സ്വത്തിനും രക്ഷയില്ലാത്ത സ്ഥിതിയാണ്. പോലീസ് തന്നെയാണ് ഇതിനെല്ലാം സൗകര്യം ചെയ്തു കൊടുക്കുന്നത്. 51 വെട്ട് വെട്ടിയ കുഞ്ഞനന്തനെ വിട്ടയയ്ക്കാനാണ് സർക്കാർ തിരക്കുകൂട്ടുന്നത്. അതുകൊണ്ടാണ് ക്വട്ടേഷൻ സംഘങ്ങൾക്ക് വെട്ടിക്കൊല്ലാനുള്ള താൽപ്പര്യമുണ്ടാകുന്നത്. പിന്നെ ജയിലിലെ താമസം വളരെ സുഖകരവുമാണ്. ഈ സഭയിൽ അംഗമായ, ഒരാളെപ്പോലും ദ്രോഹിക്കാത്ത ശ്രീ. സി. ദിവാകരൻ കഴിഞ്ഞ ദിവസം പറഞ്ഞത് താമസം

ജയിലിലേയ്ക്ക് മാറ്റിയാലോ എന്നാണ്. കാരണം അവിടെ നാല് നേരവും ഭക്ഷണം ലഭിക്കും. പുറത്താണെങ്കിൽ രണ്ട് നേരമേ ഭക്ഷണമുള്ളൂ. ജയിലിൽ ചെന്നാൽ നാല് നേരം ഭക്ഷണം, ചികിത്സ നടത്തിയതിന് കണക്കും പറയണ്ട. എം.എൽ.എ.മാരോ മന്ത്രിമാരോ ചികിത്സ നടത്തിയാൽ വിവരാവകാശ നിയമമനുസരിച്ച് പിറ്റേന്ന് ചാനലിലൊക്കെ ഫ്ലാഷ് ന്യൂസ് വരും. ജയിലിലാകുമ്പോൾ അങ്ങനെയുള്ള പ്രശ്നങ്ങളൊന്നുമില്ല. സർക്കാർ ചെലവിൽ 41 ദിവസം പിഴിച്ചിൽ നടത്തിയാലും ഒരക്ഷരംപോലും പത്രത്തിൽ വരില്ല. ജയിലിനകത്ത് കൊച്ചുവർത്തമാനം പറയാൻ പോലീസ് തന്നെ അവസരമൊരുക്കിക്കൊടുക്കുന്നു. അതിന് വേറെ നാടൻ ഭാഷയാണ് പറയേണ്ടത്. ഈ സഭയിൽ പറയാൻ കൊള്ളാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ഇതൊക്കെയാണ് കേരളത്തിൽ നടക്കുന്നത്. ഇതൊക്കെ നിയന്ത്രിക്കാൻ ബാധ്യസ്ഥനായ മുഖ്യമന്ത്രി സഭയിൽപ്പോലും വരാതെ നരേന്ദ്ര മോദിയാകാൻ ശ്രമിക്കുന്നത് ദൗർഭാഗ്യകരമാണ്. ശ്രീ. നരേന്ദ്ര മോദി പാർലമെന്റിനെ മൈൻഡ് ചെയ്യുന്നില്ലെന്ന് ഈ സഭയിലെ 139 അംഗങ്ങളും ഏകസ്വരത്തിൽ പറയുമ്പോൾ അതുതന്നെയല്ലേ ഇപ്പോൾ ശ്രീ. പിണറായി വിജയനും ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇത് വളരെ ദൗർഭാഗ്യകരമാണ്. അങ്ങ് സഭയുടെ നാഥനെന്ന നിലയിൽ, സഭയുള്ള ദിവസം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും സഭയിലുണ്ടാകണമെന്ന നിർദ്ദേശം കൊടുക്കണം. സഭയാണ് ഏറ്റവും വലുത്. നമ്മളെ തെരഞ്ഞെടുത്തത് ജനങ്ങളാണ്. ആ ജനങ്ങളോടാണ് നമുക്ക് ഉത്തരവാദിത്വമുള്ളത്. ഞങ്ങൾക്ക് പരാതി പറയേണ്ടത് ഈ സഭയിലെ നായകനായ മുഖ്യമന്ത്രിയോടാണ്. അതുകൊണ്ട് തീർച്ചയായും ഇക്കാര്യത്തിൽ അങ്ങ് മുഖ്യമന്ത്രിക്ക് നിർദ്ദേശം കൊടുക്കണം. ഈ സഭാസമ്മേളനം അടുത്ത മാസം 4-ാം തീയതി കഴിയുകയാണ്. സി.ഐ.ടി.യു. സമ്മേളനവും സി.സി.യുമൊക്കെ അതിനുശേഷവും ആകാമല്ലോ. അല്ലെങ്കിൽ അതിലേയ്ക്ക് പോവുക. രണ്ടുംകൂടി ഒരുമിച്ച് നടക്കില്ല. പോലീസിന്റെ അതിക്രമം നിയന്ത്രിക്കണം. ഇപ്പോൾ ഡി.ജി.പി. പറയുന്നത് ട്യൂഷനെടുക്കുന്നുവെന്നാണ്. ട്യൂഷനെടുത്തെടുത്ത് കുട്ടിക്ക് ഉള്ള വിവരവുംകൂടി പോയി എന്നുപറഞ്ഞതുപോലെയാണ് ഇപ്പോഴത്തെ അവസ്ഥ. കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടിയില്ലാതായി എന്നുപറയുന്നതുപോലെ ഡി.ജി.പി. ട്യൂഷനെടുത്ത് ട്യൂഷനെടുത്ത് പോലീസിനുണ്ടായിരുന്ന മാഹാത്മ്യംപോലും കളഞ്ഞ് അവരെ ഒന്നാന്തരം ക്രിമിനലുകളാക്കി. ഓരോ ദിവസവും ട്യൂഷനെടുക്കുന്തോറും ഓരോ അക്രമം കൂടിവരികയാണ്. കഴിഞ്ഞ ദിവസത്തെ ട്യൂഷൻ കഴിഞ്ഞപ്പോഴാണ് പോലീസ് ഒരു കല്യാണം മുടക്കിയത്. അതുകൊണ്ട് ഇങ്ങനെയുള്ള ട്യൂഷനൊക്കെ നിർത്തി കുറ്റം ചെയ്യുന്നവനെ ശിക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണം. ഓരോ ദിവസവും വർദ്ധിച്ചുവരുന്ന വിഷയങ്ങൾ ഭാവിയിൽ

ആവർത്തിക്കാതിരിക്കാൻ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. വി. ജോയിയുടെ മണ്ഡലത്തിലാണ് ദാരുണമായ ഈ സംഭവമുണ്ടായത്. അതുസംബന്ധിച്ച് അദ്ദേഹമൊരു സബ്മിഷൻ ഉന്നയിച്ചിരുന്നു. സബ്മിഷൻ അനുവദിക്കാൻ നിർവ്വാഹമില്ല. ഇപ്പോൾ അങ്ങേയ്ക്ക് ആ വിഷയം സംബന്ധിച്ച് സംസാരിക്കാം.

ശ്രീ. വി. ജോയി: സർ, എന്റെ നിയോജക മണ്ഡലത്തിലെ മടവൂരിലാണ് വളരെ ദാരുണവും ക്രൂരവുമായ ഈ സംഭവം നടന്നിട്ടുള്ളത്. ആരോടും ഒരു വിരോധവുമുള്ള ആളായിരുന്നില്ല രാജേഷ്. പക്ഷേ പുറത്തുനിന്നുള്ള ചില പ്രശ്നങ്ങളാണ് ഇതിന് പിന്നിലുള്ളതെന്നാണ് പോലീസിന്റെ ഭാഗത്തുനിന്നും മനസ്സിലായത്. ഇപ്പോൾ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ പോലീസ് ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. അതുമാത്രം പോര. കുറച്ചുകൂടി ശക്തമായിട്ടുള്ള പോലീസ് ടീമിനെ നിയോഗിക്കണം. കാരണം, ഇന്ത്യക്ക് പുറത്തുനിന്നാണ് ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ വരുന്നത്. അതുകൊണ്ട് ശക്തമായ പോലീസ് ടീമിനെ ഇക്കാര്യത്തിൽ നിയോഗിക്കണം. കൊല്ലപ്പെട്ട രാജേഷിന്റെ ഭാര്യ ഇപ്പോൾ 8 മാസം ഗർഭിണിയാണ്. വളരെ പാവപ്പെട്ട കുടുംബമാണ് അവരുടേത്. അവരെ സഹായിക്കാനുള്ള നടപടിയും സ്വീകരിക്കേണ്ടതുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അടിയന്തര സ്വഭാവമില്ലാത്ത വിഷയമാണ് ശ്രീ. കെ. മുരളീധരൻ ഇവിടെ ഉന്നയിച്ചത്. ഗുണ്ടാ ആക്രമണം ഇനി ഉണ്ടാകാൻ പാടില്ലെന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. സമചിത്തതയോടെ ഗവൺമെന്റും സഭയും ജനങ്ങളും ചേർന്ന് കൈകാര്യം ചെയ്യേണ്ട വിഷയമാണ്; അത് കൈകാര്യം ചെയ്തുവരികയുമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഭിമാനകരമായ മുന്നേറ്റമാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്. ദേശീയ തലത്തിൽ മറ്റ് സംസ്ഥാന ഗവൺമെന്റുകളുമായി താരതമ്യപ്പെടുത്തിയാൽ ഇത് സമ്പൂർണ്ണമല്ല. ക്രിമിനലൈസ് ചെയ്യപ്പെടുന്ന ഒരു ഭരണ വ്യവസ്ഥയാണ് ഇന്ത്യയിലുള്ളത്. ഒരു സംസ്ഥാനത്തിന് കുറെയൊക്കെ കാര്യങ്ങളിലെ സംരക്ഷണം ലഭിക്കുകയുള്ളൂ. ഭരണഘടനയും സ്റ്റേറ്റിന്റെ പവറുമൊക്കെ നാഷണൽ ലെവലിലാണ്. കേന്ദ്ര മന്ത്രിമാരും എം.പി.മാരും വരെ ക്രിമിനലുകളാകുന്ന കാലമാണ്. അങ്ങനെയൊരു അന്തരീക്ഷമുണ്ടെന്ന് മനസ്സിലാക്കണം. ഇത്തരം സംഭവങ്ങളുണ്ടാകുന്നത് ഇത്തരം സംസ്കാരം നാട്ടിലുണ്ടായിരിക്കുന്നതുകൊണ്ടാണ്. അത് സ്റ്റേറ്റ് ഗവൺമെന്റോ പ്രമേയവതാരകനോ മുഖ്യമന്ത്രിക്കുവേണ്ടി സംസാരിക്കുന്ന ഞാനോ ഈ

സഭയിലുള്ളവരോ ഉണ്ടാക്കുന്നതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഇല്ല എന്നുള്ള കാര്യം പ്രതിപക്ഷനേതാവ് ഉന്നയിച്ച് സംസാരിക്കുകയുണ്ടായി. അത് ശരിയായ സമീപനമാണോയെന്ന് പ്രതിപക്ഷനേതാവ് പരിശോധിക്കണം. നിങ്ങളുടെ എ.ഐ.സി.സി. പ്ലീനറി യോഗം ചേരുന്ന ദിവസം നിയമസഭയ്ക്ക് അവധിയായിരുന്നില്ലേ; സ്പീക്കർ പറഞ്ഞപ്പോൾ ഞങ്ങളെല്ലാവരും അവധിയെടുത്തല്ലോ. നിയമസഭയിലുള്ള ഏതൊരു കക്ഷിയുടെ സമ്മേളനമുണ്ടായാലും സ്വാഭാവികമായും അങ്ങനെ ചെയ്യാറുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ മുഖ്യമന്ത്രി സ്ഥാനത്തേയ്ക്ക് കെട്ടിയിറങ്ങി വന്ന ആളല്ല. സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റി, പോളിറ്റ് ബ്യൂറോ അംഗങ്ങൾ എന്നിവരടങ്ങുന്ന സംഘടനയാണ് തീരുമാനിച്ചത്. ആ സംഘടനയെ കൈവിട്ടുള്ള കളിക്കൊന്നും ഞങ്ങളില്ല. കോൺഗ്രസ്സുകാരിൽ ചിലർക്ക് ചിലപ്പോൾ കഴിയുമായിരിക്കും. ഇത് ശരിയല്ല. പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി യോഗം ചേരുകയാണ്. അദ്ദേഹം കിളികളെ ഓടിക്കാൻ പോയതല്ല, ചർച്ച ചെയ്യാൻ പോയതാണ്. അതൊക്കെ ഇന്നലെ പറഞ്ഞുകഴിഞ്ഞ കാര്യമാണ്. സെൻട്രൽ കമ്മിറ്റിക്ക് പോകേണ്ട പ്രാധാന്യമുള്ളതുകൊണ്ടാണ് അദ്ദേഹം പോയത്. ഏപ്രിൽ 18 മുതൽ പാർട്ടി കോൺഗ്രസ്സ് വരികയാണ്. ആ പാർട്ടി കോൺഗ്രസ്സിൽ അവതരിപ്പിക്കേണ്ട സംഘടനാപരവും ആശയപരവും രാഷ്ട്രീയപരവുമായ സുപ്രധാനമായ പല രേഖകളും അവിടെ തയ്യാറാക്കുകയാണ്. കേരളത്തിലെ മുഖ്യമന്ത്രി പോയില്ലെങ്കിൽ നിങ്ങൾ തന്നെ പറയും അദ്ദേഹം സുഖിച്ച് ഇവിടെ ഇരിക്കുകയാണെന്ന്. നിങ്ങൾ അങ്ങനെ പറയുമെന്ന കാര്യം ഉറപ്പാണ്. പോയാൽ തെറ്റാണെന്ന് പറയും. ഇതൊക്കെ ശരിയാണോ? ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 22 മാസമായി. സ്പീക്കർ നിശ്ചയിക്കുന്ന ദിവസങ്ങളിലാണ് സഭ ചേരുന്നത്. ഈ സഭയിൽ ഏറ്റവും കൂടുതൽ സമയം ഇരുന്ന് നിയമസഭാ നടപടികൾ വീക്ഷിക്കുന്നത് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണെന്ന് രേഖാമൂലം ഞാൻ പറയുന്നു. ഞാൻ പോലും ഇരുന്നിട്ടില്ല. അങ്ങും ഇരുന്നിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇരിക്കണമല്ലോ.

ശ്രീ. കെ. മുരളീധരൻ: സർ, കഴിഞ്ഞ 7 വർഷത്തിനിടയിൽ ഒരു ദിവസംപോലും ഞാൻ സഭയിൽ വരാതിരുന്നിട്ടില്ല.

ശ്രീ. ജി. സുധാകരൻ: സർ, ഇന്നലെ അദ്ദേഹം ഇവിടെയുണ്ടായിരുന്നു. ഒരു ദിവസം ഇല്ലായിരുന്നു. കാരണം ഇൻവെസ്റ്റേഴ്സുമായി ബന്ധപ്പെട്ട ടെക്നോളജിക്കൽ ലെവൽ കോൺഫറൻസ് എറണാകുളത്ത് നടന്നു. അത് നാടിന്റെ ആവശ്യമല്ലേ? ഒരു ദിവസമോ രണ്ട് ദിവസമോ അദ്ദേഹം സഭയിൽ ഇല്ലെങ്കിലെന്താ? അങ്ങ് വളരെ പക്വതയും പാകതയുമുള്ളൊരു നേതാവായിട്ടാണ് പൊതുവിൽ

കാണപ്പെടുന്നത്. ചില സമയത്ത് ഞങ്ങളെ ആക്ഷേപിക്കും. അത് ഞങ്ങൾക്ക് പ്രശ്നമല്ല. വെറുതെ എല്ലാ വിഷയങ്ങളിലും കയറിപ്പിടിക്കുന്ന ആളല്ല. ശ്രീ. പിണറായി വിജയൻ ഈ സഭയിൽ ഏറ്റവും കൂടുതൽ സമയം ഉണ്ടായിരുന്ന ആളാണ്. വേണമെങ്കിൽ അതുസംബന്ധിച്ച ഡീറ്റെയിൽസ് എല്ലാ മെമ്പർമാർക്കും സ്പീക്കറുടെ ഓഫീസിൽനിന്ന് എടുത്തുതരാം. അദ്ദേഹം പലപ്പോഴും സഭ പിരിയുന്നതുവരെ ഇവിടെ ഇരിക്കാറുണ്ട്. ഇന്നലെയും ഇവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തിന് മുഖ്യമന്ത്രി എന്ന നിലയിൽ സഭയ്ക്ക് പുറത്തും ഭരണഘടനാപരമായി ചില ജോലികൾ ചെയ്യേണ്ടിവരും. അതൊരു ശീലമല്ലല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയാവതാരകനൊപ്പവും പ്രതിപക്ഷനേതാവിനോടൊപ്പവും എപ്പോഴും സഭയിൽ ഉണ്ടായിരിക്കണമെന്ന നിങ്ങളുടെ ആഗ്രഹത്തിന് ഞാൻ നന്ദി പറയുകയാണ്. മുഖ്യമന്ത്രി എപ്പോഴും കൂടെയുണ്ടാകണമെന്നത് നല്ലൊരു ആഗ്രഹമാണ്. മുഖ്യമന്ത്രിയെ എപ്പോഴും കാണണമെന്നും സംസാരിക്കണമെന്നും തോന്നുന്നത് അദ്ദേഹം നല്ലൊരു മുഖ്യമന്ത്രി ആയതുകൊണ്ടാണല്ലോ. അത് ഞാൻ അംഗീകരിക്കുന്നു. എത്ര ഇഷ്ടപ്പെട്ട ആളാണെങ്കിലും ചിലപ്പോൾ ഇരിക്കാൻ കഴിയാതെ വരും. അത് ഞാൻ ആമുഖമായി പറഞ്ഞെന്നു മാത്രമേയുള്ളൂ. മാത്രമല്ല, ഇന്നലത്തെ ബി.എ.സി. യോഗത്തിൽ അദ്ദേഹം പറഞ്ഞത് നിങ്ങളും കൂടി കേട്ടതല്ലേ? അപ്പോൾ നിങ്ങൾ പറഞ്ഞില്ലല്ലോ, സഭയിൽ ഇരുന്നേ പറ്റൂ ഇല്ലെങ്കിൽ ഞങ്ങൾ ബഹിഷ്കരിക്കുമെന്ന്.

<u>മി. സ്പീക്കർ</u>: ഇതുസംബന്ധിച്ച് ബി.എ.സി.യിൽ നമ്മൾ ഒരുമിച്ചാണ് തീരുമാനമെടുത്തത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മീറ്റിംഗിൽ പോകേണ്ടെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തോട് അക്കാര്യം ആവശ്യപ്പെടുകയും അദ്ദേഹം ഇവിടെ നിൽക്കുകയും ചെയ്തു.

[10.00 AM]

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ഇന്നലത്തെ ബി.എ.സി.യിൽ ഇന്നത്തെ സഭാ സമ്മേളനം മാറ്റിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അഭിപ്രായമുണ്ടായിരുന്നു. അതിനുശേഷം വരാൻ പോകുന്ന ദിവസം സർവ്വകക്ഷി യോഗം നടക്കുന്നതുകൊണ്ട് അജണ്ട എല്ലാംകൂടി വച്ചാൽ സർവ്വകക്ഷി യോഗം നടക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുമെന്ന് എല്ലാവരും പറഞ്ഞതുകൊണ്ട് മാത്രമാണ് ഇന്നത്തെ സമ്മേളനം മാറ്റിവയ്ക്കാതിരുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അതുകൊണ്ടല്ല. ബിൽ പാസ്സാക്കേണ്ടതുള്ളതുകൊണ്ട് കൂടിയാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അതും നമ്മളെല്ലാവരും ചർച്ച ചെയ്ത വിഷയമാണ്.

<u>മി. സ്പീക്കർ</u>: ധനകാര്യ വകുപ്പുമന്ത്രി ഡൽഹിയിൽ പോകാതെ ഇവിടെ സ്റ്റേ ചെയ്യണമെന്ന പ്രതിപക്ഷത്തിന്റേതുകൂടി ആവശ്യം ഉൾക്കൊണ്ടുകൊണ്ടാണ് അദ്ദേഹം പോകാതിരുന്നത്. പ്രതിപക്ഷത്തിന്റെ ആവശ്യം അദ്ദേഹം അംഗീകരിച്ചിരുന്നു.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അദ്ദേഹം ഇന്നലെ ഇവിടെ പറഞ്ഞ കാര്യങ്ങൾ പറഞ്ഞുവെന്നേയുള്ളു. മറ്റ് കാര്യങ്ങൾ എന്തുകൊണ്ട് മാറ്റിയില്ല എന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറാണ് പറയേണ്ടത്. അത് നമ്മുടെ അധികാര പരിധിയിൽ വരുന്ന കാര്യമല്ല. ബി.എ.സി.യിൽ അഭിപ്രായം വന്നാൽ ചിലത് സ്വീകരിക്കും ചിലത് ഉപേക്ഷിക്കപ്പെടും. ശ്രീ. പിണറായി വിജയൻ ഒരേസമയം കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയും അതേസമയം ജനങ്ങളുടെ നേതാവുമാണ്. നിങ്ങൾ എല്ലാവരും അങ്ങനെ തന്നെയാണ്. ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്നപ്പോഴും ശ്രീ. ഉമ്മൻചാണ്ടിയും അങ്ങനെ തന്നെയായിരുന്നു. അതൊന്നും ചർച്ചാ വിഷയമല്ല.

ഇവിടെ വിവാഹം മുടക്കിയെന്ന് പരാമർശിച്ചിരുന്നു. വിവാഹമല്ല, വിവാഹ നിശ്ചയമായിരുന്നു. വിവാഹനിശ്ചയം കഴിഞ്ഞാലേ വിവാഹം നടക്കുകയുള്ളു. ഹക്കിമും കുടുംബവും വിവാഹനിശ്ചയത്തിന് പോകുകയായിരുന്നു. ഹക്കിമും നാലുപേരും ചേർന്ന് ഡ്രൈവറെ മർദ്ദിച്ചു. അതുകൊണ്ട് പോലീസ് തല്ലണമെന്നല്ല, തല്ലിയിട്ടുണ്ടെങ്കിൽ അത് തെറ്റാണ്. അക്കാര്യം വേറെ നോക്കാം. നിശ്ചയത്തിന് പോകുന്ന ആളുകൾ എന്ത് പ്രകോപനമുണ്ടായാലും ഒഴിഞ്ഞുനിൽക്കും. അദ്ദേഹത്തിന്റെ മാനസികാവസ്ഥ കൊണ്ട് അങ്ങനെ സംഭവിച്ചിരിക്കും. സ്റ്റേഷനിൽ നിന്ന് അദ്ദേഹത്തോട് പോകാനും പറഞ്ഞു. ഹക്കിമിന്റെ ഭാഗത്തുനിന്നും ചെറിയ നോട്ടക്കുറവ് ഉണ്ടായിട്ടുണ്ട്. അതൊരു വലിയ ക്രമസമാധാന പ്രശ്നമായൊന്നും ഉന്നയിക്കേണ്ട കാര്യമില്ല. ഇവിടെ സർവ്വത്ര കുഴപ്പമാണെന്നാണ് പറയുന്നത്. ശ്രീ. രമേശ് ചെന്നിത്തലയുടെ 'പടയൊരുക്കം' ഉണ്ടായിരുന്നു. വലിയ പ്രതീക്ഷയോടെയാണ് ഞങ്ങൾ അതിനെ കണ്ടത്. അവസാനം ഇവിടെ വന്നപ്പോൾ അത് നടക്കാതിരിക്കുകയും പിന്നീട് നടത്തുകയും ചെയ്തു. പടയൊരുക്കത്തിന്റെ ഗാംഭീര്യം പോയി. അവിടെയൊരു അടിപിടി നടന്നിരുന്നു. കെ.എസ്.യു. സംസ്ഥാന സെക്രട്ടറിയുടെ തല നിങ്ങളുടെ ആളുകൾതന്നെ വെട്ടിപ്പൊളിച്ചു. അത് ക്രമസമാധാന തകർച്ചയായി പറയാൻ കഴിയുമോ? ക്രമസമാധാന തകർച്ച ഉണ്ടെങ്കിൽ അത് ആ പ്രദേശത്തെ കോൺഗ്രസ് സംഘടനയ്ക്കകത്തുണ്ടായ ക്രമസമാധാന തകർച്ച മാത്രമാണ്. ആ

അക്രമം കോൺഗ്രസ്സിന്റെ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചതാണോ? അനുയായികൾ തമ്മിലടിച്ചാൽ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് എന്ത് ചെയ്യാൻ സാധിക്കും? ഒന്നും ചെയ്യാൻ പറ്റില്ല. നടപടി സ്വീകരിക്കാൻ മാത്രമേ കഴിയുകയുള്ളൂ. യഥാർത്ഥത്തിൽ ഇവിടെ ക്രമസമാധാന നിലയൊന്നും തകർന്നിട്ടില്ലെന്ന് നിങ്ങൾക്ക് അറിയാവുന്നതുകൊണ്ട് നിങ്ങൾ മറ്റ് കാര്യങ്ങൾ പറയുന്നതാണ്. 25-5-2016-ലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. 31-12-2017 (മൂന്ന് മാസം മുമ്പ്) വരെ 427 കേസ്സുകളിലായി 'കാപ്പ' നിയമപ്രകാരം 160 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. ഒരു വിട്ടുവീഴ്ചയും കാണിച്ചിട്ടില്ല. 81 പേരെ ജയിലിലടക്കുകയും ചെയ്തു. 'കാപ്പ' കേസ് നന്നായി ഫ്രെയിം ചെയ്തതുകൊണ്ടല്ലേ അങ്ങനെ ജയിലിലടയ്ക്കാൻ കഴിഞ്ഞത്. ഗുണ്ടകൾ പലരും ജയിലിലായതുകൊണ്ടാണ് സംസ്ഥാനത്ത് ഗുണ്ടാവിളയാട്ടം നടക്കാത്തത്. ഗുണ്ടകൾ ഇന്നും ഇന്നലെയും ഉണ്ടായതല്ല. അങ്ങ് ആഭ്യന്തര വകുപ്പമന്ത്രി ആയിരുന്നപ്പോഴാണോ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സമയത്താണോ എന്നറിയില്ല, പോലീസിൽ ഐ.ജി. ലെവലിൽ ഉൾപ്പെടെ 400 ഗുണ്ടകൾ ഉണ്ടെന്ന് റിപ്പോർട്ട് വന്നിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇന്ന് റിട്ടയർ ചെയ്യുന്ന ഒരു എസ്.പി.യുടെ സ്റ്റേറ്റ്മെന്റ് ഇന്നത്തെ പത്ര മാധ്യമങ്ങളിലെല്ലാമുണ്ട്. അദ്ദേഹത്തെ ഇതിൽ കുടുക്കുന്നതിന് ഒരു ഐ.ജി. ശ്രമിച്ചുവെന്നാണ് ആക്ഷേപം. കേരള പോലീസിൽ നടക്കുന്ന കാര്യമാണിത്. ഒരു ഐ.ജി. ശ്രമിച്ചുവെന്നത് ഒരു ഡിവൈ.എസ്.പി.യുടെ മൊഴിയാണ്. അങ്ങനെയായാൽ ആ പോലീസിന് എന്ത് നിയന്ത്രണമാണുള്ളത്?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അത്തരത്തിൽ സഹപ്രവർത്തകനെ കുടുക്കാൻ ഏതെങ്കിലും ഐ.ജി. ശ്രമിച്ചിട്ടുണ്ടോയെന്നുള്ളത് സംബന്ധിച്ച് എന്റെ മുന്നിൽ ഫയൽ ഇല്ല. അത് സത്യമാണെങ്കിൽ ഐ.ജി.യും കുടുങ്ങും. ഐ.ജി.യെ ആർക്കും പേടിയില്ല. നിയമപരമായി പ്രവർത്തിക്കുമ്പോൾ മാത്രമേ ബഹുമാനവും പേടിയും ഉണ്ടാകുകയുള്ളൂ. ഐ.ജി. അടക്കം 400-ഓളം ക്രിമിനലുകൾ പോലീസിലുണ്ടെന്ന് റിപ്പോർട്ട് വന്നത് നിങ്ങളുടെ കാലത്താണെന്ന് പറയുകയായിരുന്നു. ആ 400 പേരും ഇപ്പോൾ സർവ്വീസിൽ നിന്ന് പോയിട്ടില്ല. പോലീസിലും ക്രിമിനലൈസേഷനുണ്ട്. ഞങ്ങൾ അത് കുറയ്ക്കുകയാണ്. നിങ്ങളുടെ കാലത്ത് അത് കുറയ്ക്കാനുള്ള നടപടികളൊന്നും സ്വീകരിച്ചില്ലെന്ന് മറ്റ് ആരോപണമല്ല, ഇപ്പോഴത്തെ ഗവൺമെന്റിന്റെ ഒരു ഫൈൻഡിംഗ് പറയുകയാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ചന്ദ്രബോസ് വധക്കേസ്സിലെ ഒരു ഐ.ജി., തന്നെ കേസ്സിൽ കുടുക്കാൻ ശ്രമിച്ചുവെന്ന് എസ്.പി. പറഞ്ഞത് യു.ഡി.എഫ്. ഭരണ

കാലത്താണെന്ന കാര്യം മറച്ചുവച്ചുകൊണ്ടാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇത് പറഞ്ഞത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതുപറയാൻ യു.ഡി.എഫ്. ഭരണം പോകാൻവേണ്ടി കാത്തിരിക്കുകയായിരുന്നോ?

ശ്രീ. ജി. സുധാകരൻ: സർ, പൊതുവെ ഇടതുപക്ഷക്കാർക്ക് തങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളെപ്പറ്റിയുള്ള വിമർശനമാണത്. നിങ്ങൾ പല കാര്യങ്ങളും മറച്ചുവയ്ക്കും. അങ്ങനെ മറച്ചുവയ്ക്കുന്നതുകൊണ്ടാണ് മാന്യന്മാരായി നടക്കുന്നത്. ജനങ്ങൾ അതെല്ലാം അറിഞ്ഞിരുന്നെങ്കിൽ പ്രശ്നമാകുമായിരുന്നു. കുറച്ചൊക്കെ മറച്ചുവയ്ക്കുന്നത് നിലനിൽപ്പിനുവേണ്ടി കൂടിയാണ്. ഇന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കൂടുതൽ ഇടപെടേണ്ട. കാരണം ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരായി ഒന്നും പറയുന്നില്ല. മെമ്പർമാർ എന്നുള്ള നിലയിൽ നമ്മൾ തമ്മിൽ വ്യക്തിപരമായ ചില ധാരണകളുണ്ട്. അതുകൊണ്ട് നമ്മുടെ നയങ്ങളിൽ ആരെങ്കിലും വിട്ടുവീഴ്ച ചെയ്യുമോ? ഞാൻ എസ്.എഫ്.ഐ.-യുടെ സ്റ്റേറ്റ് സെക്രട്ടറിയും ശ്രീ. രമേശ് ചെന്നിത്തല കെ.എസ്.യു.-വിന്റെ പ്രസിഡന്റുമായിരുപ്പോൾ ഞങ്ങൾ ഒരേ ബസ്സിലാണ് ചന്ദനത്തോപ്പ് ഐ.ടി.ഐ.യിൽ പ്രസംഗിക്കാൻ പോയത്. അന്ന് എന്നോട് എന്തെങ്കിലും വിട്ടുവീഴ്ച കാണിച്ചിരുന്നോ? ഞാൻ അതിന്റെ നാലിരട്ടി കയറ്റി പറയും. രാഷ്ട്രീയം അങ്ങനെയാണ്. ഞങ്ങൾ രണ്ടുപേരും ഒരേ ജില്ലക്കാരാണ്. 'ഓപ്പറേഷൻ കുബേര' അങ്ങയുടെ കാലത്ത് തുടങ്ങിയതാണ്. എത്ര കുബേരന്മാരെ പിടിച്ചുവെന്ന് പരിശോധിക്കണം. ചോട്ടുകളെയാണ് പിടിച്ചത്. ഒരു കുബേരനെയും പിടിച്ചിട്ടില്ല. കണക്കുകളുണ്ട്. ബ്ലേഡ് കൊള്ളപ്പലിശക്കാരുടെ അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടിയായിരുന്നു അത്. 2017-ൽ ഞങ്ങൾ 203 കേസ് രജിസ്റ്റർ ചെയ്തു. അത് ഉപേക്ഷിച്ചിട്ടില്ല. ബ്ലേഡ് പലിശയ്ക്ക് പണം കൊടുക്കുന്ന ആളുകൾ പണം തിരിച്ച് വാങ്ങുന്നതിന് നടത്തുന്ന അക്രമശ്രമങ്ങളും നിലവിൽ കുറഞ്ഞിട്ടുണ്ട്. അങ്ങ് തുടങ്ങിയ ഒരു നല്ല കാര്യത്തെപ്പറ്റി ഞാൻ പറയുകയാണ്. അടിയന്തരപ്രമേയത്തിന്റെ ഒരാവശ്യവുമില്ല. 11-5-2014-ന് രാവിലെ 6.00 മണി മുതൽ 28-3-2018-ന് രാവിലെ 6.00 മണി വരെ (യു.ഡി.എഫ്.-ന്റെ രണ്ട് വർഷവും എൽ.ഡി.എഫ്.-ന്റെ രണ്ട് വർഷവും ചേർത്ത് നാല് വർഷം) 14812 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. നിങ്ങളുടെ കാലത്തെക്കാളും ഒട്ടും മോശമല്ലാതെ നടക്കുകയാണ്. 3378 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 2198 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 14812 റെയ്ഡുകൾ നടത്തിയിട്ടും കിട്ടിയത് 5,97,54,016 രൂപ മാത്രമാണ്. ഒരു പ്രമാണിയെയും ആ റെയ്ഡിൽ പിടിച്ചിട്ടില്ല. ചെറിയ ബ്ലേഡ് കമ്പനി ആയാലും ആളുകളെ ഉപദ്രവിക്കുന്നതാണ്. 'ഓപ്പറേഷൻ കുബേര'

തുടരുകയാണെന്ന് മനസ്സിലാക്കുമ്പോൾ അടിയന്തരപ്രമേയത്തിൽ അത് തുടരുന്നതിനെതിരായിട്ടാണോ ഇറങ്ങിപ്പോകാൻ പോകുന്നത്? അങ്ങ് ഇതിവിടെ ഉന്നയിച്ചത് 'ഓപ്പറേഷൻ കുബേര' തുടരുന്നുണ്ടോ എന്നറിയാൻ വേണ്ടിയാണ്. ശക്തമായിത്തന്നെ തുടരുന്നുണ്ട്. ഇത്തരം ഇടപെടലുകളുടെ ഭാഗമായി ക്രമസമാധാന രംഗത്ത് നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാരിന് കിട്ടുന്ന അവാർഡുകൾ ഒരു പ്രതീകം മാത്രമാണ്. അതിൽ നമ്മളെല്ലാവരും അഭിമാനിക്കുന്നു. ഇന്ത്യാ ടുഡേ, ന്യൂസ് ഏജന്റ് തുടങ്ങിയവയുടെ അവാർഡുകൾ സംസ്ഥാനത്തിന് കിട്ടി. ഇന്ത്യയിലെ മികച്ച സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തിന് ഈ ആഴ്ച അവാർഡ് കിട്ടി. ഇവിടെ ക്രമസമാധാനം മോശമാണെങ്കിൽ അങ്ങനെ അവാർഡ് കിട്ടില്ല. അതൊക്കെ ഒരു അലങ്കാരമാണ്. ഭരണമാകുന്ന സുന്ദരിയുടെ തലയിൽ ചൂടാനുള്ള പുഷ്പമായി കരുതിയാൽ മതി. കുറച്ച് കഴിയുമ്പോൾ അതെടുത്ത് മാറ്റും. അവാർഡിന് അത്രയേ അർത്ഥമുള്ളൂ. പക്ഷേ അത് കിട്ടിയിട്ടുണ്ടെന്ന് പറയുകയായിരുന്നു. നിരവധി പദ്ധതികൾക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജനമൈത്രി പോലീസ് കേരളം മൊത്തം വ്യാപിക്കുകയാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം തങ്ങളുടെ സ്കൂളുകളിൽ നടപ്പിലാക്കണമെന്ന് ഓരോ സ്കൂളും ആവശ്യപ്പെടുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പ് മന്ത്രിയായിരുന്നപ്പോൾ തുടങ്ങിയ സംവിധാനമാണിത്. അമ്പലപ്പുഴ മോഡൽ സ്കൂളിലാണ് ഇത് ആദ്യമായി തുടങ്ങിയത്. പിന്നീട് അത് കോഴിക്കോട് ജില്ലയിലെ സ്കൂളുകളിലേയ്ക്ക് വ്യാപിച്ചു. ഈ വർഷം 100 സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. എം.എൽ.എ.-മാർക്ക് അവരുടെ ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ വരെ കൊടുക്കാം. സ്റ്റുഡന്റ് പോലീസ് കേഡറ്റായ വിദ്യാർത്ഥികളുടെ അഭിമാനം കാണേണ്ടതാണ്. അച്ചടക്കം വരുന്നു, സ്കൂൾ നന്നാവുന്നു. പോലീസുകാർ എന്നാൽ കുഴപ്പക്കാരാണ് എന്ന ആദ്യകാല സങ്കൽപ്പം മാറി ഒരു പോലീസ് കോൺസ്റ്റബിൾ ആകുന്നത് അഭിമാനകരമായ കാര്യമാണ് എന്ന സ്ഥിതിയിലേയ്ക്ക് മാറ്റിയതിൽ ജനമൈത്രി പോലീസിനോടൊപ്പം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിനും വലിയൊരു സ്ഥാനമുണ്ട്. ഇൻഡ്യയിലെ മറ്റ് സ്റ്റേറ്റുകൾ ഇത് അനുകരിക്കാൻ ശ്രമിക്കുന്നുവെന്നുള്ളതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. നിങ്ങളുടെ കാലത്തും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം മുന്നോട്ടുകൊണ്ടുപോയി. ഇതെല്ലാം ഈ രംഗത്ത് സർക്കാർ നടത്തുന്ന ഇടപെടലിന്റെ ശാസ്ത്രീയതയെയും ജനകീയ സ്വഭാവത്തെയുമാണ് കാണിക്കുന്നത്. സ്വൈര്യജീവിതമാണ് പ്രധാനം. അക്കാര്യത്തിൽ ഒരുവിധ അനാസ്ഥയും ഇവിടെ അനുവദിക്കപ്പെടുന്നതല്ല. കുറ്റവാളികളെ പിടിക്കുകയെന്നതും കുറ്റകൃത്യങ്ങൾ തെളിയിക്കുക എന്നതും വളരെ

പ്രധാനമാണ്. കഴിയുന്നത്ര വേഗം അത് ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ കുറ്റവാളികളാകാൻ ഇടയുള്ളവരെ മുൻകൂട്ടി കണ്ടെത്താൻ കഴിയുക, കുറ്റകൃത്യങ്ങൾ ഒഴിവാക്കുക എന്നതാണ് അതിനേക്കാൾ പ്രധാനം. അതിന് സാമൂഹികമായ വലിയ പഠനവും സംവിധാനവും വേണം. പഞ്ചായത്തുകളുടെയും നഗരസഭയുടെയും കലാകാരന്മാരുടെയും രാഷ്ട്രീയ നേതാക്കളുടെയും ട്രേഡ് യൂണിയനുകളുടെയും നിയമസഭയുടെ മൊത്തത്തിലുമുള്ള സഹകരണം വേണം. ഈ സംസ്ഥാനമാകെ ഒറ്റ മനുഷ്യനെപ്പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ വളരെയധികം കുഴപ്പങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയും. ഒമ്പത് സംഭവങ്ങളാണ് അങ്ങ് ഉന്നയിച്ചത്. ഒമ്പത് സംഭവങ്ങളല്ല ഈ ഗവൺമെന്റിന്റെ കാലത്ത് നടന്നത്. മുൻകാലങ്ങളെക്കാൾ കുറവാണ് എന്നേയുള്ളൂ. അതിൽ മടവൂരിലെ കാര്യമാണ് പ്രധാനം. ഒരു അടിയന്തരപ്രമേയം കൊണ്ടുവന്ന് വളരെ അടിയന്തര സ്വഭാവമുള്ള ഒരു പ്രശ്നം എസ്റ്റാബ്ലിഷ് ചെയ്ത്, അതിൽ ഗവൺമെന്റ് ന്യായമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ തുടങ്ങിയുള്ള പ്രതികരണത്തേക്കാളുപരി പിണറായി ഗവൺമെന്റിനെതിരെ പലതരത്തിലുള്ള ഗൂഢാലോചനകളും പരസ്യമായ പ്രവർത്തനവും നടന്നുവരികയാണ്. വിമോചന സമരം എന്നുപറയുന്നില്ല; കാരണം ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി അതൊരിക്കൽ തെറ്റായിപ്പോയെന്ന് പറഞ്ഞു. അതുകൊണ്ട് അതേപ്പറ്റി ഇപ്പോൾ പറയാൻ പറ്റില്ല. എങ്കിലും ഉള്ളിന്റെ ഉള്ളിൽ ഈ കമ്മ്യൂണിസ്റ്റുകാർ ഒന്ന് മാറിക്കിട്ടണം. കാരണം, ഇവിടെ മാത്രമല്ലേ ഉള്ളത്. ചൈന, വിയറ്റ്നാം, ക്യൂബ എന്നിവിടങ്ങളിലും ജനാധിപത്യ റിപ്പബ്ലിക്കായ വടക്കൻ കൊറിയ, ലാവോസ് എന്നീ സ്ഥലങ്ങളും കഴിഞ്ഞാൽ സോഷ്യലിസ്റ്റ് രാജ്യം ലോകത്തെങ്ങുമില്ല. സോഷ്യലിസ്റ്റ് രാജ്യത്തെപ്പറ്റി ഞാൻ പറയേണ്ട കാര്യമില്ല. വേറെ സംവിധാനമാണ്. ബാക്കി 200-ഓളം വരുന്ന ലോക മുതലാളിത്ത രാജ്യങ്ങളിൽ വികസിതം, അവികസിതം, വികസ്വരം എന്നീ രാജ്യങ്ങളിൽ ഈ കേരളത്തിൽ മാത്രമേ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുള്ളൂ. ത്രിപുരയിൽ തൽക്കാലമില്ല. ഇതിനെക്കൂടി ഇല്ലാതാക്കിയാൽ കമ്മ്യൂണിസം ഇല്ലാതാകുമെന്നാണ് കരുതുന്നത്. കമ്മ്യൂണിസം അങ്ങനെ ഇല്ലാതാകില്ലെന്ന് ഒരു മുദ്രാവാക്യംതന്നെ വിളിച്ചുകൊണ്ട് ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ പറയുകയുണ്ടായി.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി കമ്മ്യൂണിസ്റ്റുകാർ പോയിക്കിട്ടണമെന്ന് നമ്മൾ ആഗ്രഹിക്കുന്നുവെന്ന അർത്ഥം വച്ചാണ് പറഞ്ഞത്. ബഹുമാനപ്പെട്ട സീതാറാം യെച്ചൂരിയെ കോൺഗ്രസ്സിന്റെ ചെലവിൽ പാർലമെന്റിൽ എം.പി.-യാക്കാമെന്ന് പറഞ്ഞിട്ട് നിങ്ങൾ സമ്മതിക്കാത്തതിന് ഞങ്ങളാണോ ഉത്തരവാദി ?

മി. സ്പീക്കർ: കിളിമാന്നൂരിലെ മടവൂരിൽ നടന്ന സംഭവമാണ് അടിയന്തരപ്രമേയം. ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് അതിലേയ്ക്ക് വരൂ. പ്ലീസ്... കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കെ. മുരളീധരൻ: സർ, കമ്മ്യൂണിസ്റ്റുകാർ പോയിക്കിട്ടണമെന്ന് കോൺഗ്രസ്സുകാർ ആഗ്രഹിക്കുന്നില്ല. എന്റെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന തിരുവനന്തപുരം കോർപ്പറേഷനിൽ ഇന്നലെ അവതരിപ്പിച്ച ബജറ്റിനോട് ഞങ്ങൾക്ക് ശക്തമായ എതിർപ്പുണ്ടായിരുന്നു. പക്ഷെ ബി.ജെ.പി. മുതലെടുക്കാതിരിക്കാൻ ഞങ്ങൾ വാക്കൗട്ട് ചെയ്ത് അങ്ങയുടെ പാർട്ടിക്ക് കോർപ്പറേഷനിൽ ബജറ്റ് പാസ്സാക്കാനുള്ള അവസരം തന്നുവെന്നുള്ള യാഥാർത്ഥ്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ജി. സുധാകരൻ: സർ, ആ സമീപനം തുടരണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തെളിയിക്കപ്പെടാതിരുന്ന പ്രധാനപ്പെട്ട ചില കേസുകൾ, ജലജാ സുരേന്ദ്രൻ വധക്കേസ് അങ്ങയുടെ നാട്ടിലാണ്. അങ്ങയുടെ കാലത്ത് അത് കണ്ടുപിടിച്ചില്ല. സി.ബി.ഐ.യെ കേസ് ഏൽപ്പിച്ചുവെങ്കിലും സി.ബി.ഐ. ഒന്നും ചെയ്തില്ല. ഇപ്പോൾ അത് കണ്ടുപിടിച്ച് പ്രതികളെ ശിക്ഷിച്ചു. കൊല്ലം കൃഷ്ണകുമാർ കേസ്, വാളകം മോഹൻ കേസ്, അഗളിയിൽ അമ്മയേയും മകനേയും കൊലപ്പെടുത്തിയ കേസ്, ജിഷാ വധക്കേസ് എന്നിവയെല്ലാം തെളിയിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് സി.ബി.ഐ. അന്വേഷണത്തിനുവിട്ട ജലജാ കേസ് തെളിയിക്കാൻ സി.ബി.ഐ. എന്ത് ചെയ്തു? കേസ്സുകെട്ടും മടക്കി പോക്കറ്റിൽ വച്ചുകൊണ്ട് നടക്കുകയായിരുന്നു. ഗുണ്ടാ മാഫിയകളെ നിശ്ശേഷം നീക്കം ചെയ്യാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ജനസൗഹൃദമാക്കാൻ ക്രൈം വിരുദ്ധ നടപടികളാണ് ഗവൺമെന്റ് എടുക്കുന്നത്. അങ്ങ് ഇപ്പോൾ കൂടുതലും പറഞ്ഞത് തിരുവനന്തപുരത്തെ സംബന്ധിച്ചാണ്. 24-2-2016-ന് നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല പറഞ്ഞ മറുപടിയിൽ തിരുവനന്തപുരം ജില്ലയിൽ നടന്ന കൊലപാതകങ്ങൾ 246 ആണ്. ഒരു വർഷം ശരാശരി 50. അത് നിങ്ങളുടെ ഭരണകാലത്താണ്. മറുപടി എന്റെ കൈവശമുണ്ട്. എന്നാൽ 2017-ൽ തിരുവനന്തപുരം ജില്ലയിൽ നടന്ന കൊലപാതകങ്ങൾ 10 എണ്ണമാണ്. കൊലപാതകം ഒന്ന് നടന്നാലും അത് നികൃഷ്ടവും മ്ലേച്ഛവും ഭീകരവുമാണ്. പക്ഷെ ശരാശരി 50-ഉം ഈ 21 മാസത്തിൽ ശരാശരി 5-ഉം കൊലപാതകങ്ങളാണ് നടന്നിട്ടുള്ളത്. അതുകൊണ്ട് ശ്രീ. രമേശ് ചെന്നിത്തല

കൊല്ലിച്ചതാണ് എന്നാണോ അർത്ഥം? അപ്പോൾ ഈ പ്രശ്നങ്ങൾ മുമ്പത്തെക്കാൾ കുറവാണ്, തിരുവനന്തപുരത്ത് കുറച്ചുകൊണ്ടുവരികയാണ് എന്നുള്ളതും അങ്ങ് മനസ്സമാധാനത്തോടുകൂടി കേൾക്കണം. അങ്ങേയ്ക്കും ഇത് ആവശ്യമായ കാര്യമാണ്. അതുപോലെ 24-2-2016-ൽ തന്നെ 3276-ാം നമ്പർ ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത് ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണത്തിൽ 6 പേരും ഇതര സംസ്ഥാനത്തൊഴിലാളികളുടെ ആക്രമണത്തിൽ 54 പേരും കൊല്ലപ്പെട്ടിട്ടുണ്ട് എന്നാണ്. 16-2-2016-ൽ 1921-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയായി തിരുവനന്തപുരം ജില്ലയിൽ മാത്രം ഗുണ്ടാ ആക്രമണത്തിൽ 37 പേർ കൊല്ലപ്പെട്ടുവെന്ന് പറയുകയുണ്ടായി. ഈ ഗവൺമെന്റിന്റെ കാലത്ത് ഈ രണ്ട് വർഷത്തിൽ 302 പേർ കൊല്ലപ്പെട്ടപ്പോൾ നിങ്ങളുടെ 5 വർഷത്തിൽ 1722 പേർ കൊല്ലപ്പെട്ടെന്ന് അങ്ങ് ചോദ്യത്തിനുള്ള മറുപടിയായി പറഞ്ഞിട്ടുണ്ട്. ശരാശരി നിങ്ങളുടെ കാലത്ത് 302 പേരാണ് മരിച്ചുകൊണ്ടിരുന്നത്. ഞങ്ങൾ വന്നശേഷം അത് വളരെ കുറഞ്ഞു. ഇപ്പോൾ ശരാശരി 83 ആയി. നിങ്ങളുടെ കാലത്ത് കണ്ണൂരിൽ 119 പേർ മരിച്ചു. ഞങ്ങളുടെ കാലത്ത് 19 പേർ മാത്രമേ മരിച്ചുള്ളൂ. എല്ലാം രാഷ്ട്രീയ കൊലപാതകമല്ല. ഇഷ്ടംപോലെ സ്റ്റാറ്റിസ്റ്റിക്സുണ്ട്. നിങ്ങൾക്കൊക്കെ സംസാരിക്കാനുള്ളതുകൊണ്ട് ഞാൻ കൂടുതലായി പറയുന്നില്ല. അതുപോലെ ഭരണഘടനാപരമായി ജയിലിലെ അന്തേവാസികൾക്ക് നല്ല ഭക്ഷണം നൽകേണ്ടതുണ്ട്. അങ്ങ് പറഞ്ഞിരിക്കുന്നത് നാലുനേരം ഭക്ഷണം നൽകരുതെന്നാണ്. രാവിലെ ഒരു കാപ്പിയും ഭക്ഷണവുമാണ്, ഉച്ചയ്ക്ക് ഊണ്, രാത്രി ചപ്പാത്തി. അപ്പോൾ രണ്ടു നേരമാണ്. നാലുനേരം കൊടുക്കണ്ടേ? അവരുടെ ആരോഗ്യം കുറഞ്ഞാൽ അല്ലെങ്കിൽ ജയിലിൽ കിടന്ന് മരിച്ചാൽ എന്തായിരിക്കും സ്ഥിതി? നല്ല ഭക്ഷണം നൽകണം. അത് ഓരോ കാലത്തും ഗവൺമെന്റ് നൽകുന്നതാണ്. ജയിൽ പരിഷ്കാര കമ്മിറ്റികളുണ്ട്. കുറ്റവാളികളായാലും മാനുഷികമായ എല്ലാ പരിഗണനയും നൽകണം. നല്ല ഭക്ഷണവും ആരോഗ്യപരമായ സംവിധാനവും നൽകി അവരെ ഈ സമൂഹത്തിൽ നല്ല പൗരന്മാരായി തിരിച്ചുകൊണ്ടുവരാനുള്ള ഭരണഘടനാപരമായ ലക്ഷ്യമാണ് നമുക്കുള്ളത്. അതങ്ങ് ചോദ്യം ചെയ്യുതല്ലെങ്കിലും വാരിക്കോരി കൊടുത്ത് ക്രിമിനലുകളെ ശക്തിപ്പെടുത്തുന്നുവെന്ന് പറയുന്നത് ശരിയല്ല. ഒരാൾ ആവശ്യമുള്ളത് മാത്രമേ കഴിക്കുകയുള്ളൂ. ആവശ്യത്തിൽ കൂടുതൽ ആരും കഴിക്കുകയില്ല. കൊടുത്താലും കഴിക്കുകയില്ല. അധികമായാൽ അമൃതും വിഷമാണെന്നറിയാം.

ഇൻഡ്യാ ടുഡെയുടെ പബ്ലിക് അഫയേഴ്സ് ഇൻഡെക്സ് അംഗീകാരം, സ്ത്രീ സുരക്ഷയെ സംബന്ധിച്ച അംഗീകാരം, ജനമൈത്രി പോലീസിനുള്ള പോലീസ്

എക്സലൻസി അവാർഡ്, സേവ് അവർ ഫെലോ ട്രാവലർ പദ്ധതിക്കുള്ള അവാർഡ്, നഗരകാര്യ വകുപ്പിന്റെ അംഗീകാരം, സൈബർ ഡോമിന് ലഭിച്ച ഐ.എസ്.ഒ. അംഗീകാരം, രാജ്യത്തുതന്നെ പത്ത് മികച്ച പോലീസ് സ്റ്റേഷനുകളിലൊന്നായി വളപട്ടണം പോലീസ് സ്റ്റേഷനെ തെരഞ്ഞെടുത്തത്, കൊല്ലം സിറ്റി പോലീസ് ഓഫീസിന് ഐ.എസ്.ഒ. അംഗീകാരം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, മൈത്രി പോലീസ് പദ്ധതികൾ, നാസ്കോം ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ അവാർഡ് എന്നിവയെല്ലാം കേരളാ പോലീസിന്റെ സമഗ്രമായ സ്വീകാര്യതയുടെയും മുന്നേറ്റത്തിന്റെയും ഭാഗമാണ്. പോലീസ് അതിന്റെ ദൂഷ്യവശങ്ങൾ പരമാവധി ഉപേക്ഷിച്ച് നന്മയിലേയ്ക്ക് നീങ്ങുകയും ജനങ്ങളെ സഹായിക്കുകയും ചെയ്യുന്നു. ഒറ്റ വാചകംകൂടി പറയാം. ഞങ്ങൾ പ്രവർത്തിക്കുന്നത്, പോലീസിന്റെ ഒരു motto-യുണ്ട്. 'A policeman is a citizen in uniform and a citizen is a policeman without uniform'. ഇതാണ് ഞങ്ങളുടെ ലക്ഷ്യം. ആ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളും ഭദ്രമാണ്; പ്രതിപക്ഷ-ഭരണകക്ഷി വ്യത്യാസമില്ലാതെ ഭദ്രമാണ്. രാഷ്ട്രീയമില്ലാത്തവരും ഭദ്രമാണ്. എന്നാൽ ക്രിമിനലൈസേഷൻ ഉണ്ട്. അത് കുറച്ചുകൊണ്ടുവരണം. അതിന് സഹായകരമായ തരത്തിൽ നമ്മൾ ചർച്ച നടത്തണം എന്നുപറഞ്ഞുകൊണ്ട് ഈ വിഷയത്തിന് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഗൗരവമൊന്നുമില്ല; അതിന്റെ ആവശ്യമില്ലെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം കേട്ടാൽ കേരളത്തിൽ എല്ലാം ഭദ്രമാണ്, ഒരു കുഴപ്പവുമില്ല, ഇവിടെ തേനും പാലും ഒഴുകുകയാണ്, ഇനി ജനങ്ങൾക്കൊന്നും യാതൊരു പ്രശ്നവുമില്ല എന്ന് തോന്നും. എന്നാൽ ശ്രീ. പിണറായി വിജയൻപോലും ഇങ്ങനെ പറയില്ലായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞ ശ്രീ. ജി. സുധാകരൻ ഗവൺമെന്റിനെ ആലങ്കാരികമായിത്തന്നെ ഇത്രയും പുകഴ്ത്തണമായിരുന്നോ എന്ന് ആലോചിക്കണം. കാരണം കേരളത്തിൽ ഇന്ന് ഗുണ്ടകൾ വിളയാടുകയാണ്. ഏത് കാലത്തും ഇതുണ്ടാകും. ആര് ഭരിച്ചാലും ഗുണ്ടകളും സാമൂഹ്യവിരുദ്ധരും കൊലയാളികളും അരങ്ങ് തകർക്കും. അവരെ എങ്ങനെ നേരിടുന്നു എന്നതാണ് പ്രശ്നം. അങ്ങ് ഇവിടെ പറഞ്ഞതുപോലെ വ്യവസ്ഥിതിയുടെ കുറ്റം കൊണ്ടാണെന്നൊന്നും ഞാൻ പറയുന്നില്ല.

വ്യവസ്ഥിതിയുടെ കുറ്റംകൊണ്ടല്ല, സമൂഹത്തിൽ ക്രിമിനലുകളുണ്ടാകുകയും കുറ്റകൃത്യങ്ങളുണ്ടാകുകയും ചെയ്യുന്നതൊക്കെ സ്വാഭാവികമാണ്. പിന്നെ പോലീസ് എന്തിനാണ്? പോലീസ് അതിൽ deterrent ആണ്. ഇത്തരം പ്രവർത്തനങ്ങളെ തടയാനുള്ള ഉത്തരവാദിത്വമാണ് പോലീസിനുള്ളത്. പോലീസ് കാര്യക്ഷമമായി പ്രവർത്തിച്ചാൽ ഇത്തരം പ്രവർത്തനങ്ങളെ കുറച്ചുകൊണ്ടുവരാനും ഇല്ലാതാക്കാനും കഴിയും. ഇവിടെയുള്ള പ്രശ്നമെന്താണ്; ഞങ്ങളുടെ കാലത്ത് കൂടി, നിങ്ങളുടെ കാലത്ത് കുറഞ്ഞു എന്നുള്ളതായിരുന്നില്ല പറയേണ്ടത്. എണ്ണത്തിന്റെ കണക്കനുസരിച്ചല്ല പറയേണ്ടത്. സംസ്ഥാനത്ത് ഞങ്ങളെക്കാൾ മെച്ചപ്പെട്ട ഭരണം നടത്താനാണല്ലോ നിങ്ങൾ വന്നത്. നിങ്ങൾ ഇതെല്ലാം ഇല്ലാതാക്കാൻവേണ്ടി വന്ന ആളുകളല്ലേ! ഞങ്ങളുടെ ഭരണകാലത്തെ കുറ്റവും കുറവും പറഞ്ഞാണല്ലോ നിങ്ങൾ അധികാരത്തിൽ വന്നത്. അപ്പോൾ നിങ്ങളുടെ കാലത്ത് ഇത്ര കൂടി, ഞങ്ങളുടെ കാലത്ത് ഇത്ര കുറഞ്ഞു എന്നുള്ളതല്ല ഇവിടത്തെ ചോദ്യം. ഞങ്ങളെക്കാൾ മെച്ചപ്പെട്ടൊരു ഭരണം പ്രദാനം ചെയ്യാൻ അധികാരത്തിൽ വന്ന നിങ്ങൾ ഈ കണക്കുകളല്ല ഉദ്ധരിക്കേണ്ടത്. ഞാനൊരു കാര്യം ചോദിക്കട്ടെ, കേരളത്തിലെ പോലീസിന്റെ പ്രവർത്തനങ്ങളിൽ ഇന്ന് ആർക്കാണ് തൃപ്തിയുള്ളത്; മുഖ്യമന്ത്രിക്ക് തൃപ്തിയുണ്ടോ; ഡി.ജി.പി.-ക്ക് തൃപ്തിയുണ്ടോ? എന്തിനാണ് ഡി.ജി.പി. കഴിഞ്ഞ ദിവസം എല്ലാവർക്കും ക്ലാസ്സുകൊടുക്കാൻ തീരുമാനിച്ചത്? ക്ലാസ്സ് തീരുന്നതിന് മുമ്പാണ് കുത്താട്ടുകുളത്ത് മോട്ടോർ സൈക്കിളിൽ പോയ ഒരു പാവപ്പെട്ട ചെറുപ്പക്കാരനെ പോലീസ് ഭീകരമായി മർദ്ദിച്ചത്. കേരള പോലീസിനുണ്ടായിരിക്കുന്ന ഇപ്പോഴത്തെ പ്രശ്നമാണ് ഇവിടത്തെ ചർച്ചാ വിഷയം. ആ പോലീസിനെ എങ്ങനെ നിയന്ത്രിക്കാൻ കഴിയുമെന്നാണ് ശ്രദ്ധിക്കേണ്ടത്. പോലീസിന്റെ പ്രവർത്തനങ്ങളിൽ ഇന്ന് ജനങ്ങൾക്ക് അസംതൃപ്തി വർദ്ധിച്ചുവരുന്നു. ഈ മന്ത്രിസഭയിലെ ഒരു മന്ത്രിതന്നെ കഴിഞ്ഞ ദിവസം പറഞ്ഞു, കേരള പോലീസിന്റെ നിയന്ത്രണം മുഖ്യമന്ത്രിക്കും ഗവൺമെന്റിനും നഷ്ടപ്പെട്ടിരിക്കുന്നു, പോലീസിനെ നിയന്ത്രിക്കാൻ കഴിയാത്തതുകൊണ്ട് കുറ്റകൃത്യങ്ങൾ പെരുകുന്നുവെന്ന്. ഇന്നലെ തിരുവനന്തപുരം ജില്ലയിൽ നാല് സംഭവങ്ങളുണ്ടായി. ഒന്ന്, മടവൂരിലുണ്ടായ ദാരുണമായ കൊലപാതകം, രണ്ട്, ആറ്റിങ്ങലിൽ ഫോൺ ചെയ്തുകൊണ്ടിരുന്ന വീട്ടമ്മയെ ഒരു സാമൂഹ്യവിരുദ്ധൻ വീട്ടിനകത്തുകയറി പിടിക്കുകയും ബഹളമുണ്ടാക്കിയതിന്റെ പേരിൽ അയാളെ അറസ്റ്റു ചെയ്ത സംഭവം. മൂന്ന്, വെങ്ങാനൂരിൽ പട്ടാപ്പകൽ ഒരു സ്ത്രീയുടെ മാല പൊട്ടിച്ചുകൊണ്ടോടിയ സംഭവം. ഇതെല്ലാം നമുക്ക് കിട്ടുന്ന പത്രത്തിലെ തിരുവനന്തപുരം എഡിഷനിൽ മാത്രം വന്ന സംഭവങ്ങളാണ്. പരിശോധിച്ചുനോക്കിയാൽ കേരളത്തിൽ വ്യാപകമായി ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനം കാരണം ജനങ്ങൾ ബുദ്ധിമുട്ടുന്നതായി കാണാം. പണം കൊടുത്താൽ ആരെയും കൊല്ലാൻ കഴിയുമെന്ന

നിലയിൽ ക്വട്ടേഷൻ സംഘങ്ങൾ വളരുന്നു. ഇവിടെ മയക്കുമരുന്ന് വ്യാപകമാകുന്നു. ഗുണ്ടാപ്രവർത്തനങ്ങളുടെ ഒരു ഭാഗമെന്ന് പറയുന്നത് മയക്കുമരുന്നാണ്. വ്യാപകമായ മയക്കുമരുന്നിന്റെ ഉപയോഗം, മയക്കുമരുന്ന് മാഫിയ സജീവമാകുന്നു. മയക്കുമരുന്ന് മാഫിയയെ നിയന്ത്രിക്കാൻ ഈ ഗവൺമെന്റ് എന്ത് ചെയ്യുന്നു? സ്കൂളുകളുടെയും കോളേജുകളുടെയും പടിക്കൽ വ്യാപകമായ മയക്കുമരുന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്നൊരു പരിപാടിയുണ്ടായിരുന്നു. ആ പരിപാടി നിങ്ങൾ നിർത്തി. അതിപ്പോൾ പ്രവർത്തിക്കുന്നില്ല. ഞങ്ങൾ 'ഓപ്പറേഷൻ സുരക്ഷ' നടപ്പാക്കിയത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യാനായിരുന്നു. നിങ്ങൾ അതും നിർത്തി. ഇന്ന് ഗുണ്ടകളും സാമൂഹ്യവിരുദ്ധരും യഥേഷ്ടം സംസ്ഥാനത്ത് വിഹരിക്കുകയാണ്. ഗുണ്ടകൾ, സാമൂഹ്യവിരുദ്ധർ, history sheeters എന്നിവരുടെ പേരുവിവരം പ്രസിദ്ധീകരിക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഇതുവരെ ആരുടെയും പേരുവിവരം പ്രസിദ്ധീകരിച്ചതായി കണ്ടില്ല. വ്യാപകമായ തോതിൽ ഗുണ്ടകളും ക്വട്ടേഷൻ സംഘങ്ങളും സാമൂഹ്യവിരുദ്ധരും അഴിഞ്ഞാട്ടം നടത്തുന്നതിനെ നിയന്ത്രിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ലെന്നുള്ളതുകൊണ്ടാണ് ശ്രീ. കെ. മുരളീധരൻ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചത്. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കേണ്ട പോലീസുതന്നെ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു കൊണ്ടിരിക്കുകയാണ്.

ബഹുമാന്യനായ മന്ത്രി ഇവിടെ ഓപ്പറേഷൻ കുബേരയെക്കുറിച്ച് പറഞ്ഞു. ഓപ്പറേഷൻ കുബേര കേരളത്തിലെ എല്ലാ ജനങ്ങളും അഭിനന്ദിച്ച ഒരു പദ്ധതിയായിരുന്നു. ഞാൻ കൊണ്ടുവന്നതുകൊണ്ടൊന്നുമല്ല, ആ പദ്ധതി തുടരേണ്ടതുതന്നെയാണ്. കൊള്ളപ്പലിശക്കാരുടെ കയ്യിൽനിന്ന് ജനങ്ങളെ രക്ഷിക്കേണ്ടത് ആവശ്യമാണ്. എത്രയോ പാവപ്പെട്ട ആളുകൾ ആത്മഹത്യയിലേയ്ക്ക് പോകേണ്ടിവരുന്നു. അത് തടേയണ്ടത് ആവശ്യമായിരുന്നുവെന്ന് കണ്ടുകൊണ്ടാണ് ആ കാലഘട്ടത്തിൽ ഓപ്പറേഷൻ കുബേര കൊണ്ടുവന്നത്. അങ്ങ് പറഞ്ഞു, കൊട്ടും കുരവയുമൊന്നുമില്ലെന്ന്. ഞങ്ങളുടെ കാലത്തും കൊട്ടും കുരവയുമൊന്നുമില്ലായിരുന്നു. അത് നടപ്പാക്കുകയാണ് ചെയ്തത്. ഇന്ന് ആ പ്രവർത്തനങ്ങൾ നടക്കുന്നില്ല. അങ്ങ് അക്കാര്യം പരിശോധിക്കണം. ഇപ്പോൾ വീണ്ടും ഈ ക്വട്ടേഷൻ സംഘങ്ങളുടെ കൂടെത്തന്നെ money laundering ഒരു വലിയ പ്രശ്നമായി മാറി കൊണ്ടിരിക്കുകയാണ്. കൊള്ളപ്പലിശക്കാർ വ്യാപകമാകുന്നു. സംസ്ഥാനത്ത് പലയിടത്തും പരാതികളുണ്ട്. എറണാകുളത്താണ് ഈ അടുത്തസമയത്ത് ഏറ്റവും വലിയ പരാതിയുണ്ടായത്. അവരെ പിടിക്കാൻപോയ ഐ.ജി.ക്കുണ്ടായ

അനുഭവമെന്താണ്; ഐ.ജി.-യെ അന്നുതന്നെ മാറ്റി. ഇതിന് നേതൃത്വം കൊടുക്കുന്ന പോലീസുദ്യോഗസ്ഥർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത അന്തരീക്ഷമുണ്ടാകുന്നു. കണ്ണൂരിൽ ഷുഹൈബിന്റെ കൊലപാതകം ഉണ്ടായപ്പോൾ അവിടത്തെ എസ്.പി.-ക്ക് ലീവിൽ പോകേണ്ടിവന്നു. അദ്ദേഹത്തിന്റെ സ്വകാര്യ ആവശ്യത്തിന് പോയതാണെന്നാണ് ഇവിടെ പറഞ്ഞത്. അങ്ങനെയല്ല. അന്വേഷണ വിവരങ്ങൾ ചോരുന്നുവെന്ന് ഡി.ജി.പി.-ക്ക് പരാതി കൊടുത്തിട്ടാണ് എസ്.പി. പോയത്. അവിടെയാണ് പ്രശ്നം. പോലീസിനകത്തുനിന്ന് വിവരങ്ങൾ ചോർന്നുപോകുന്നു. കുറ്റവാളികളെ പിടിക്കാൻ കഴിയുന്നില്ല. കുറ്റവാളികൾക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. ഇടതുമുന്നണി ഗവൺമെന്റ് പോലീസിനെ രാഷ്ട്രീയവൽക്കരിക്കുകയാണ്. അതിന്റെ ഫലമായി പോലീസിനെ നിയന്ത്രിക്കാൻ ഉന്നത തലത്തിലുള്ള പോലീസുദ്യോഗസ്ഥർക്ക് കഴിയുന്നില്ല. അവർ നടത്തുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ കഴിയുന്നില്ല. ഡി.ജി.പി.യും എസ്.പി.മാരും വിചാരിച്ചാൽ നിയന്ത്രിക്കാൻ കഴിയുന്നില്ല. അതിന്റെ ഫലമായി പ്രാദേശിക തലങ്ങളിൽ അക്രമങ്ങളും കൊലപാതകങ്ങളും വർദ്ധിച്ചുവരുന്നു.

കിളിമാനൂരിനടുത്ത് മടവൂരിൽ ഗായകനായ രാജേഷിനെ മൃഗീയമായി വെട്ടിക്കൊല്ലുകയാണുണ്ടായത്. അയാളുടെ സുഹൃത്തായ കുട്ടനെ മാരകമായി പരിക്കേൽപ്പിച്ചതും ഒടുവിലത്തെ ഉദാഹരണമാണ്. മുഖംമൂടിയണിഞ്ഞ ഒരു സംഘമാണ് വെട്ടിക്കൊന്നത്. നിരപരാധികളായ ആളുകളെ മുഖംമൂടി സംഘങ്ങൾ ആക്രമിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ ഗുണ്ടാ ക്വട്ടേഷൻ സംഘങ്ങൾ അഴിഞ്ഞാടുകയാണ്. ആർക്കും രക്ഷയില്ലാത്ത സ്ഥിതിയാണ്. ഈ മാസം 16-ന് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ സിവിൽ പോലീസ് ഓഫീസർ രതീഷിന്റെ കയ്യും കാലും ഗുണ്ടകൾ അടിച്ചൊടിച്ചു. ആറ് ക്രിമിനൽ കേസ്സുകളിൽ പ്രതിയായ വിഷ്ണുവെന്ന ക്രിമിനലാണ് അക്രമത്തിന് നേതൃത്വം നൽകിയത്. നെയ്യാറ്റിൻകര സെന്റ് ആന്റണീസ് ദേവാലയത്തിലെ പെരുന്നാൾ ആഘോഷത്തിനിടയിലാണ് ഈ അക്രമം നടന്നത്. എന്ത് നടപടിയുണ്ടായി?

കഴക്കൂട്ടത്തെ ഫ്രൂട്ട് സ്റ്റാളിൽ നടന്ന ഗുണ്ടാ ആക്രമണത്തിൽ ഒരു ജീവനക്കാരൻ കൊല്ലപ്പെട്ടു. കട ഉടമയ്ക്ക് ഗുരുതരമായി പരിക്കേറ്റു. എന്ത് നടപടിയുണ്ടായി? പോലീസിനെ ചട്ടം പഠിപ്പിക്കാൻ മുഖ്യമന്ത്രിയും ഡി.ജി.പി.യും പലതവണയായി ശ്രമിക്കുകയാണ്. എല്ലാ നിയന്ത്രണവുംവിട്ട അവസ്ഥയിലാണ് പോലീസ്. ഡി.ജി.പി. പലതവണ സർക്കുലർ ഇറക്കി, മുഖ്യമന്ത്രി ഉപദേശിച്ചു, ഫലമുണ്ടാകുന്നില്ല.

ഇന്നലെ തിരുവനന്തപുരത്തെ പാങ്ങോട് ഒരു സംഭവമുണ്ടായി. ഒരു പെൺകുട്ടിയുടെ വിവാഹനിശ്ചയംപോലും മുടക്കിക്കൊണ്ട് പിതാവിനെ പിടികൂടി ലോക്കപ്പിലടയ്ക്കേണ്ട എന്ത് സാഹചര്യമാണ് അവിടെ ഉണ്ടായത്? വിവാഹനിശ്ചയത്തിന് വധുവിന്റെ പിതാവും കൂട്ടരും സഞ്ചരിച്ചിരുന്ന വാൻ ഒരു കെ.എസ്.ആർ.ടി.സി. ബസ്സിൽ ഉരസിയെന്ന നിസ്സാര കാരണത്താലാണ് വാനിലുണ്ടായിരുന്ന വധുവിന്റെ അമ്മയുൾപ്പെടെയുള്ള 24 പേരെ അർദ്ധരാത്രിവരെ പോലീസ് അവിടെ തടഞ്ഞുവച്ചത്. വിവാഹം മുടങ്ങുമെന്ന് കരഞ്ഞ് പറഞ്ഞപ്പോൾ "നിന്റെ മകളുടെ വിവാഹം മുടങ്ങുന്നതിന് ഞാൻ എന്തിനാടാ വേദനിക്കുന്നത് " എന്നാണ് ഗ്രേഡ് എസ്.ഐ. ചോദിച്ചത്. ഇത്ര നികൃഷ്ടമായ പ്രവർത്തനം നടത്തിയ ആ എസ്.ഐ.യെ സർവ്വീസിലിരുത്താൻ കഴിയുമോ?

അങ്ങയുടെ സ്ഥലംകൂടിയായ ആലപ്പുഴയിൽ ഇന്നലെ ഭിന്നലിംഗക്കാരനെ പോലീസ് പിടികൂടി സ്റ്റേഷനിൽവച്ച് വസ്ത്രമഴിച്ച് കളഞ്ഞതിനുശേഷം ഫോട്ടോയെടുത്തു. ആ ഫോട്ടോ സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നു. അതിന്റെ പേരിൽ വനിത എസ്.ഐ.-യെ സസ്പെന്റ് ചെയ്യേണ്ടിവന്നില്ലേ? ഇതൊക്കെ നമ്മുടെ നാട്ടിലാണ് നടക്കുന്നത്. കുത്താട്ടുകുളത്ത് ഇന്നലെ ബൈക്കിൽ പോകുകയായിരുന്ന പാലപ്പുഴ സ്വദേശി വിനോദിനെ ഹൈവേ പോലീസ് വലിച്ച് താഴെയിട്ടു. പോലീസിന്റെ പരിശീലന പരിപാടി കഴിഞ്ഞിറങ്ങിയപ്പോഴാണ് ഈ സംഭവമുണ്ടായത്. നിയമപാലകർക്കുപോലും രക്ഷയില്ലാത്ത നിലയിൽ ഗുണ്ടാ മാഫിയാ സംഘങ്ങൾ വളർന്നുകൊണ്ടിരിക്കുന്നു. ഇതിനെ നിയന്ത്രിക്കാനുള്ള നടപടികളുണ്ടാകുന്നില്ല. Habitual offenders-നെ പ്രത്യേകമായി നിരീക്ഷിക്കേണ്ടത് പോലീസിന്റെ കടമയാണ്. ഒരു സ്റ്റേഷൻ അതിർത്തിയിലുള്ള habitual offenders ആരാണ്, ഗുണ്ടകളാരാണ്, history sheeters ആരാണ്, അവരെ പ്രത്യേകമായി നിരീക്ഷിക്കുന്നത് പോലീസിന്റെ പ്രവർത്തനത്തിന്റെ ഭാഗമാണ്. ഇന്നത് നടക്കുന്നില്ല. നൈറ്റ് പട്രോളിംഗ് നടക്കുന്നില്ല. വാഹനങ്ങളുപയോഗിച്ചുകൊണ്ടുള്ള അക്രമങ്ങൾ നിയന്ത്രിക്കാൻ കഴിയുന്നില്ല. മാത്രമല്ല, ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലുമുണ്ടാകുന്ന കുറ്റകൃത്യങ്ങളെക്കുറിച്ച് പരിശോധിച്ച് അത്തരം ആളുകൾക്കെതിരെ മുൻകൂറായി എടുക്കേണ്ട ചില നിയമ നടപടികളുണ്ട്. അതെടുക്കാൻ തയ്യാറാകുന്നില്ല. ഗുണ്ടകൾക്ക് ആരേയും ഭയക്കാതെ നാട്ടിൽ ആളുകളെ കൊല്ലാം, ആക്രമിക്കാം, ആളുകളുടെ മുതൽ തട്ടിപ്പറിക്കാം എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറുന്നത് ഇതിന്റെയെല്ലാം ഫലമായിട്ടാണ്.

കേരളത്തിൽ പല സ്ഥലങ്ങളിലും ബോംബ് നിർമ്മാണം നടക്കുന്നു. എന്തുകൊണ്ടാണ് കേരള പോലീസ് വിജിലന്റായ പ്രവർത്തനം നടത്താത്തത്; എന്തുകൊണ്ടാണ് ജാഗ്രത കാണിക്കാത്തത്; ഇന്റലിജൻസ് എന്ത് പ്രവർത്തനമാണ് നടത്തുന്നത്; എവിടെയെല്ലാം ബോംബ് നിർമ്മാണം നടക്കുന്നു? പണ്ട് ആയുധ ശേഖരങ്ങൾ പിടിച്ചെടുക്കാനുള്ള നടപടികളുണ്ടായിരുന്നു. 24 മണിക്കൂറും അതിനുവേണ്ടിയുള്ള പട്രോളിംഗ് സംവിധാനമുണ്ടായിരുന്നു. ജാഗരൂകമായി പ്രവർത്തിക്കാൻ പോലീസ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. ഇന്ന് ആയുധങ്ങൾ പരിശോധിക്കാനുള്ള സംവിധാനമില്ല, റെയ്ഡുകൾ നടക്കുന്നില്ല. സാമൂഹ്യവിരുദ്ധർക്കും ക്വട്ടേഷൻ സംഘങ്ങൾക്കും ആരെയും കൊല്ലാൻ കഴിയുന്ന തരത്തിലേയ്ക്ക് കേരളം മാറുന്നുവെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. ഇന്ന് ഏത് ഗുണ്ടയ്ക്കും ക്വട്ടേഷൻ സംഘത്തിനും രാഷ്ട്രീയ സംരക്ഷണം കിട്ടുന്നു. പല തരത്തിലുള്ള ഉദ്യോഗസ്ഥർ പോലീസിലുണ്ട്. ക്രമസമാധാനത്തിന്റെ ചുമതല നൽകേണ്ട ഉദ്യോഗസ്ഥർ ആരാണെന്ന് ഇവിടത്തെ ഡി.ജി.പി.-ക്കും മുഖ്യമന്ത്രിക്കും ഹോം സെക്രട്ടറിക്കും അറിയില്ലേ? കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് ക്രമസമാധാനത്തിന്റെ ചുമതല നൽകാത്തതുകൊണ്ടാണ് ഇത്തരം പ്രശ്നങ്ങൾ കേരളത്തിൽ വ്യാപകമാകുന്നത്. ജനങ്ങളോട് പോലീസ് എങ്ങനെ പെരുമാറണം; ജനങ്ങളോടുള്ള പോലീസിന്റെ പെരുമാറ്റം എന്താകണം; ജനങ്ങൾക്കുനേരെ കുതിരകയറുന്ന പോലീസുദ്യോഗസ്ഥരും ജനങ്ങളോട് മോശമായി പെരുമാറുന്ന ഉദ്യോഗസ്ഥരും സംസ്ഥാനത്തുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അവരെ നിയന്ത്രിക്കാനുള്ള നടപടിയുണ്ടാകണം. ഇത്തരം നടപടികളുണ്ടാകാതെ ഭരണത്തിന് അവാർഡ് കിട്ടിയെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി ഊറ്റംകൊള്ളുകയാണ്. ഈ അവാർഡുകളിൽ ഭൂരിപക്ഷവും കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനത്തിന് കിട്ടിയവയാണ്. സൈബർ ഡോം കൊണ്ടുവന്നത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് അത് തുടങ്ങിയത്. അതിന് കിട്ടിയ അവാർഡ് ഈ ഗവൺമെന്റിന് കിട്ടിയ അവാർഡാണെന്നാണ് പറയുന്നത്. ഇന്ത്യാ ടുഡേ അവാർഡ് കൊടുക്കുന്നത് ഒരു ദിവസത്തെ പ്രവർത്തനം വിലയിരുത്തിയല്ല. കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനം വിലയിരുത്തിയാണ് അവാർഡ് കൊടുക്കുന്നത്. അങ്ങനെയാണെങ്കിൽ ആ അവാർഡ് ഞങ്ങൾക്ക് തരേണ്ടതാണ്. ശ്രീ. ജി. സുധാകരന് അതറിയില്ല. കേരളാ പോലീസിന് അവാർഡ് കിട്ടുന്നത് സന്തോഷമുള്ള കാര്യമാണ്. ഇന്ത്യയിലെ മികച്ച പോലീസ് സംവിധാനമാണ്

കേരളത്തിലുള്ളത്. പക്ഷെ നിങ്ങൾ ആ പോലീസ് സംവിധാനത്തെ ദുരുപയോഗപ്പെടുത്തുകയും കാര്യക്ഷമമല്ലാതാക്കുകയും ദുർബലപ്പെടുത്തുകയും ചെയ്യുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും കൊടുക്കുന്ന നിർദ്ദേശങ്ങൾ മാത്രം അനുസരിക്കണമെന്ന് പറയുന്ന ഒരു പോലീസ് സേന കേരളത്തിലുണ്ടാകുന്നത് ശരിയാണോ? ഞാൻ ആരുടെയും പേര് പറയുന്നില്ല. ചെറുതും വലുതുമായ കേസ്സുകളിൽ ഇത്തരം ഇടപെടലുകൾ നടത്തുന്നതിനാൽ ക്രമസമാധാന നില ഭദ്രമാക്കി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല എന്നുള്ളതാണ് പ്രശ്നം. ഏത് ഭരണത്തിലും ഇതെല്ലാമുണ്ടാകും. പക്ഷെ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ എങ്ങനെ ഇടപെടലുകൾ നടത്തുന്നു, ജനങ്ങളുടെ സ്വൈര്യജീവിതം എങ്ങനെ ഉറപ്പുവരുത്താൻ കഴിയും, ജനങ്ങളുടെ ജീവനും സ്വത്തിനും എങ്ങനെ സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും എന്നുള്ളതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. മടവൂരിലുണ്ടായ സംഭവം വേദനാജനകമാണ്. കുറ്റവാളികളെ അടിയന്തരമായി കണ്ടെത്തി ന്യായമായ ശിക്ഷ വാങ്ങിക്കൊടുക്കണം. കേരളത്തിലെ എല്ലാ നഗരങ്ങളിലും ഈ പ്രശ്നമുണ്ട്. എറണാകുളത്ത് ഒരു ഇന്നോവ കാർ മോഷ്ടിച്ചുകൊണ്ടുപോയിട്ട് കേസ്സെടുക്കണമെന്ന് കോടതി പറഞ്ഞിട്ടും ഇതുവരെ കേസ്സെടുത്തിട്ടില്ല. ഇങ്ങനെ ധാരാളം സംഭവങ്ങൾ എന്റെ കൈവശമുണ്ട്. സമയച്ചുരുക്കം കാരണം ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി കുറേക്കൂടി കാര്യമായി ഇതിന് മറുപടി പറയുമെന്നാണ് ഞാൻ കരുതിയത്. പക്ഷേ വ്യവസ്ഥിതിയെ പഴിച്ചും സർക്കാരിനെ പുകഴ്ത്തിയും മുഖ്യമന്ത്രിക്കുള്ള പ്രശംസയുമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഭൂരിഭാഗവും. ആഭ്യന്തര വകുപ്പിനെപ്പറ്റിയുള്ള കൂടുതൽ കാര്യങ്ങൾ ഒറ്റ ദിവസംകൊണ്ട് അദ്ദേഹത്തിന് പറയാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്നാലും ഈ സംഭവങ്ങളെ ഗൗരവമായി ഗവൺമെന്റ് കണക്കിലെടുക്കണം. ജനങ്ങളുടെ പ്രശ്നമാണ്. സംസ്ഥാനത്ത് നടക്കുന്ന ക്രമസമാധാന പ്രശ്നങ്ങളും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പോലീസിന്റെ അതിക്രമങ്ങളും ചൂണ്ടിക്കാണിക്കുകയെന്നത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമാണ്. അത് ഞങ്ങൾ ചൂണ്ടിക്കാണിക്കും. കേരളത്തിലെ ജനങ്ങളുടെ സ്വൈര്യജീവിതം ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുന്നില്ല എന്നുള്ളതാണ് ഞങ്ങളുടെ പരാതി. അതാണ് സഭയുടെ അദ്ധ്യക്ഷനായ അങ്ങയിലൂടെ സർക്കാരിനെ ഞങ്ങൾക്ക് ബോധ്യപ്പെടുത്താനുള്ളത്. പക്ഷെ സർക്കാരിന് അത് ബോധ്യപ്പെടുന്നില്ല, ഈ കാര്യങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഈ സർക്കാരിന്റെ മുടിയിലെ മനോഹരമായ ഒരു പനിനീർ പുഷ്പമാണ് പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നുപറഞ്ഞാൽ നമുക്കത് വിശ്വസിക്കാം. പക്ഷെ ആഭ്യന്തര വകുപ്പിന്റെ തലയിൽ ചൂടിയിരിക്കുന്ന പുഷ്പം ശവം നാറിപ്പൂക്കളാണെന്ന് തോന്നിപ്പിക്കുന്ന രീതിയിലാണ് ഓരോ ദിവസത്തെയും സംഭവങ്ങൾ. ഞാൻ വായിക്കുന്നത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഹ്യൂമനിസ്റ്റ് സോഷ്യൽ സയൻസ് വിഭാഗം ഗവേഷകൻ രാഘവ് പാണ്ഡെ പറഞ്ഞ വാക്കുകളാണ് - 'ഇന്ത്യൻ ഭരണഘടനയുടെ കീഴിൽ ക്രമസമാധാന പാലനം സംസ്ഥാനത്തിന്റെ ചുമതലയാണ്. സമാധാനം നിലനിർത്തേണ്ട ഉത്തരവാദിത്വം സംസ്ഥാനത്തിനുള്ളതാണ്. എന്നാൽ കേരള സംസ്ഥാന ഭരണകൂടം ഈ കാര്യങ്ങൾ മനഃപ്പൂർവ്വം അവഗണിക്കുന്നതായി തോന്നുന്നു.' ഇങ്ങനെ രാഘവ് പാണ്ഡെയെക്കൊണ്ട് പറയിപ്പിച്ചത് ഇവിടെ ഓരോ ദിവസവും നടന്നുകൊണ്ടിരിക്കുന്ന ഗുണ്ടാ സംഘങ്ങളുടെയും മാഫിയാ സംഘങ്ങളുടെയും സാമൂഹ്യ വിരുദ്ധരുടെയും അഴിഞ്ഞാട്ടമാണ്. രാജേഷിന്റെ കൊലപാതകം - ഒരു കാറിൽ നാല് ഗുണ്ടകൾ മുഖംമൂടി ധരിച്ചുവന്ന് അദ്ദേഹത്തെ ആക്രമിച്ച് കൊലപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സുഹൃത്ത് കുട്ടൻ ഓടിനടന്ന് പല വീടുകളിലും ചെന്ന് മുട്ടിവിളിച്ചെങ്കിലും അവരൊന്നും ഭയപ്പെട്ട് പുറത്തിറങ്ങിയില്ല. വീട്ടിലുള്ള ആളുകളൊന്നും പുറത്തിറങ്ങി സഹായിക്കാൻ ഒരുങ്ങാത്തവിധം ഭയവിഹ്വലരാണെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? ഞാൻ ഇറങ്ങിക്കഴിഞ്ഞാൽ ഞാനും കുടുങ്ങും, ഞാനാകും പ്രതി എന്നുള്ള രീതിയിൽ പോലീസ് പെരുമാറുന്നതുകൊണ്ടാണ്. പലപ്പോഴും വാദി പ്രതിയാകുന്ന സ്ഥിതിവിശേഷം കേരളത്തിലുള്ളതുകൊണ്ട് ധൈര്യസമേതം ആരും സഹായിക്കാൻപോലും ഇറങ്ങാത്ത സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്. അവസാനം നാടൻപാട്ട് സംഘവുമായി ബന്ധപ്പെട്ട ഒരാളാണ് സഹായത്തിനെത്തുന്നത്. മരിച്ച രാജേഷിനെ എല്ലാവരും രസികൻ രാജേഷ് എന്നാണ് വിളിക്കുന്നത്. എല്ലാവരെയും രസിപ്പിച്ചും സന്തോഷിപ്പിച്ചും എല്ലാവർക്കിടയിലും സൗഹൃദം കാത്തുസൂക്ഷിച്ച രാജേഷിനെ കൊലപ്പെടുത്താൻ വേറൊരു കാരണവും കാണുന്നില്ല. അവിടെ നാലുപേർ ചുവന്ന സ്വിഫ്റ്റ് കാറിൽ വന്ന് ഈ കൊലപാതകം നടത്താൻ ധൈര്യം കാണിച്ചെങ്കിൽ അവരെ സംരക്ഷിക്കാനും ചില ആളുകളുണ്ടെന്ന ധൈര്യമല്ലേ അതിന്റെ പിന്നിലുള്ളത്. ഓരോ ദിവസത്തെയും കാര്യങ്ങൾ - കള്ളൻമാരുടെ കത്തിമുനയിൽ പേടിച്ചുവിറച്ച് കൊച്ചി; സിനിമയിൽ പിടിമുറുക്കി ഗുണ്ടാ, മയക്കുമരുന്ന് മാഫിയ; ഫ്രൂട്ട്സ് കട

ഉടമയെയും ജീവനക്കാരെയും ഗുണ്ടാ സംഘം ആക്രമിക്കുന്നതിന്റെ സിസിടിവി ദൃശ്യം; ക്രിമിനലുകൾ അഴിഞ്ഞാടുന്നു. ഐ.ടി. നഗരം ഭീതിയിൽ; മെഡിക്കൽ വിദ്യാർത്ഥികളെ സദാചാര ഗുണ്ടകൾ ആക്രമിച്ചു; ഇങ്ങനെ ഓരോ ദിവസവും വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ സൂചിപ്പിക്കുന്നത് നാട്ടിൽ ഗുണ്ടകൾ പെരുകുന്നുവെന്നുള്ളതാണ്. നാട്ടിലുള്ള ഗുണ്ടകൾ പോരെങ്കിൽ ബാക്കിയുള്ളവരെ ഞങ്ങൾ പരോളിന് വിട്ടുതരാമെന്ന് പറഞ്ഞുകൊണ്ട് ജയിലിൽ അടച്ചിട്ടിരിക്കുന്ന ഗുണ്ടകളെക്കൂടി നിയമപരമായ കാര്യങ്ങളൊന്നും നോക്കാതെ ഓരോ ദിവസവും ഇറക്കിവിട്ടുകൊണ്ടിരിക്കുകയാണ്. യാതൊരു മാനദണ്ഡവുമില്ലാതെ ഇപ്പോൾ പരോളിൽ ആൾക്കാർ ഇറങ്ങിക്കൊണ്ടിരിക്കുന്നു. ഞങ്ങൾ വിദേശത്തുള്ളവർക്ക് വോട്ടവകാശം നൽകുന്നതിനെക്കുറിച്ച് ചർച്ച നടത്തുകയുണ്ടായി. അന്ന് ശ്രീ. എ. കെ. ബാലൻ ആ യോഗത്തിലുണ്ടായിരുന്നു. അദ്ദേഹം അന്ന് പറഞ്ഞത് വിദേശത്ത് നിന്നെത്തുന്നവരുടെ വോട്ടവകാശത്തെക്കാൾ ജയിലിൽ കിടക്കുന്നവരുടെ വോട്ടവകാശത്തെക്കുറിച്ചാണ് നമ്മൾ ആലോചിക്കേണ്ടത് എന്നാണ്. ജയിലിൽ കിടക്കുന്ന ആളുകളോട് ഇങ്ങനെയൊരു സമീപനം സ്വീകരിച്ച് ഗവൺമെന്റ് മുന്നോട്ട് പോകുകയാണെങ്കിൽ ഗുണ്ടകൾ ഇനിയും നാട്ടിൽ പെരുകാനുള്ള സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കേണ്ട പോലീസിന് ക്ലാസ്സെടുക്കേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയിട്ടുണ്ടെങ്കിൽ പോലീസിന്റെ നിഷ്ക്രിയത്വം ഒരർത്ഥത്തിൽ അങ്ങ് തന്നെ സമ്മതിക്കുന്നുവെന്നുള്ളതാണ്. ഇതുസംബന്ധിച്ച് ഞങ്ങൾക്ക് കൂടുതൽ കാര്യങ്ങൾ മുഖ്യമന്ത്രിയിൽ നിന്നാണ് അറിയേണ്ടത്. ഇതൊരു ചർച്ചയ്ക്ക് വഴിയൊരുക്കേണ്ട കാര്യമാണ്. കാരണം, ഇത് ചർച്ച ചെയ്യപ്പെടേണ്ട ഒരു കാര്യമാണെന്ന് തോന്നിപ്പിക്കുന്ന രീതിയിലാണ് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചിട്ടുള്ളത്. എന്നിട്ടും അത് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഗുണ്ടാസംഘങ്ങളുടെയും ക്വട്ടേഷൻ സംഘങ്ങളുടെയും പിടിയിൽ നമ്മുടെ സംസ്ഥാനം അമർന്നിരിക്കുന്നുവെന്നാണ് രാജേഷിന്റെ കൊലപാതകം വിരൽചൂണ്ടുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതിനെ ലളിതവത്കരിച്ചത് ശരിയായില്ല. ഇത് ഒറ്റപ്പെട്ട സംഭവമല്ല. പ്രമേയാവതാരകൻ ചൂണ്ടിക്കാട്ടിയ ഒരുപാട് കാര്യങ്ങൾ അങ്ങേയ്ക്ക് ക്രമമായി കാണാൻ കഴിയും. ഇത്തരം വിഷയങ്ങൾ ആവർത്തിച്ചുവരികയാണ്. ഇത് വളരെ ഗുരുതരമായ പ്രശ്നമായി കേരളത്തിൽ ഉടലെടുത്തിരിക്കുകയാണ്. ജനങ്ങളുടെ ജീവനും

സ്വത്തിനും സംരക്ഷണം നൽകേണ്ട ഗവൺമെന്റ് തികച്ചും പരാജയമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. നമ്മുടെ പോലീസ് കല്ല്യാണം മുടക്കികളായി മാറിയിരിക്കുകയാണ്. രണ്ടുദിവസം മുമ്പ് നടന്ന അടിയന്തരപ്രമേയ ചർച്ചയിലുണ്ടായിരുന്ന വിഷയം പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾ, പോലീസിന്റെ ഗുണ്ടായിസം എന്നിവയായിരുന്നു. അതിന് നിയമ വകുപ്പുമന്ത്രി നൽകിയ മറുപടി ഇത്തരത്തിലുള്ള പോലീസുകാർക്ക് ട്രെയിനിംഗ് നൽകും, ക്ലാസ് കൊടുക്കും, ഡി.ജി.പി. ട്യൂഷൻ നൽകാൻ ഏർപ്പാടുണ്ടാക്കിയിട്ടുണ്ട് എന്നെല്ലാമായിരുന്നു. അതെല്ലാം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചു. പോലീസിന്റെ ഇത്തരത്തിലുള്ള തെറ്റുകൾക്കെതിരെ നടപടി സ്വീകരിക്കുമെന്നും വാഹന പരിശോധന എങ്ങനെ നടത്തണമെന്നത് സംബന്ധിച്ച് സർക്കുലർ കൊടുത്തിട്ടുണ്ടെന്നും ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി സഭയിൽ ആഭ്യന്തര വകുപ്പിനുവേണ്ടി മറുപടിപറഞ്ഞ് 48 മണിക്കൂർ തികയുന്നതിനുമുമ്പ് എന്റെ നിയോജകമണ്ഡലത്തിലെ കുത്താട്ടുകുളത്ത് വാഹന പരിശോധനയുടെ പേരിൽ പോലീസ് ഇന്നലെ വൈകിട്ട് 6.00 മണിക്ക് ഒരു ചെറുപ്പക്കാരനെ കയ്യിൽ പിടിച്ച് ബൈക്കിൽ നിന്ന് വലിച്ചു താഴെയിട്ടു. എന്താണ് ഇവിടെ നടക്കുന്നത്; ഗവൺമെന്റോ മന്ത്രിമാരോ പറയുന്നതിന് കടലാസ്സിന്റെ വില ഇവിടത്തെ പോലീസുദ്യോഗസ്ഥർ നൽകുന്നുണ്ടോ? അങ്ങ് പരിശോധന നടത്തണം. ഇത്തരത്തിലുള്ള പോലീസുകാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരണം. 850 പോലീസുകാർ ക്രിമിനൽ കേസ്സുകളിൽ പ്രതികളാണ്. അവരുടെ ചുമതലകളെന്താണെന്ന് ഗവൺമെന്റ് പരിശോധിക്കണം. പോലീസ് സ്റ്റേഷനിൽ അവർക്ക് എന്ത് ചുമതലയാണ് നൽകിയിരിക്കുന്നത്; ട്രാഫിക് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ടോ; ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുന്ന ലാ ആന്റ് ഓർഡറിലൊക്കെ ഇവർക്ക് ചുമതല നൽകിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കണം. അങ്ങനെയുണ്ടെങ്കിൽ അവരെ മാറ്റിനിർത്താൻ ഗവൺമെന്റ് ശ്രദ്ധിക്കാത്തത് എന്തുകൊണ്ടാണ്? ഹാബിച്വൽ ഒഫൻഡേഴ്സ് പുറത്തുണ്ടെന്ന് പറയുന്നതുപോലെ തന്നെ അത്തരം ഒഫൻഡേഴ്സ് പോലീസ് വകുപ്പിലുമുണ്ടെന്നാണ് ഓരോ കാര്യങ്ങളും ചൂണ്ടിക്കാട്ടുന്നത്. ഗവൺമെന്റ് പറയുന്നത് ഒന്ന്, പോലീസ് കേൾക്കുന്നത് മറ്റൊന്ന്, അവർ പ്രവർത്തിക്കുന്നത് വേറൊന്ന്. അതാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കുട്ടുത്തരവാദിത്വമില്ലാത്ത നിലയിൽ ഈ ഗവൺമെന്റ് മാറിയിരിക്കുന്നു. ഇതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ കുത്താട്ടുകുളത്ത് ഇന്നലെയുണ്ടായ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. ഹൈവേ പോലീസിന്റെ തോന്ന്യാസവും തെമ്മാടിത്തരവുമാണ് ഇന്നലെ അവിടെ നടന്നത്.

ഇത്തരത്തിലുള്ള കാര്യങ്ങളിലുള്ള ഗവൺമെന്റിന്റെ മൃദുസമീപനം അവസാനിപ്പിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. അത്തരത്തിലുള്ളവർക്ക് എതിരെ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെടുന്നു. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, രാജേഷിന്റെ കൊലപാതകം കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിച്ച ഏറ്റവും നിർഭാഗ്യകരമായ സംഭവമായാണ് നമ്മളെല്ലാവരും കരുതുന്നത്. എല്ലാ കൊലപാതകങ്ങളും മനഃസാക്ഷിയെ മരവിപ്പിക്കുന്നതാണ്. രാജേഷിന്റെ കൊലപാതകത്തിന് ഇടയാക്കിയ ക്വട്ടേഷൻ സംഘം കേരളത്തിൽ നിയമം കയ്യിലെടുക്കുന്ന വിധത്തിൽ ഏത് സമയത്തും ആളുകളെ ഉപദ്രവിക്കാനിടയാകുന്ന സാഹചര്യം നിസ്സാരവൽക്കരിക്കാതെ ഗവൺമെന്റ് ഗൗരവമായി കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലുള്ള അന്വേഷണമാണ് ഇപ്പോൾ നടക്കുന്നത്. അതിന് മുകളിലുള്ള അന്വേഷണം വേണമെന്ന് ഭരണകക്ഷി അംഗം കൂടിയായ സ്ഥലം എം.എൽ.എ. ശ്രീ. വി. ജോയി ഉൾപ്പെടെ ഇവിടെ ആവശ്യപ്പെട്ടു. പക്ഷെ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അത്തരം കാര്യങ്ങളൊന്നും പരാമർശിച്ചു കണ്ടില്ല. ഇക്കാര്യത്തിൽ ഉന്നതതല അന്വേഷണം നടത്താൻ ഗവൺമെന്റ് മുന്നോട്ടുവരണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ച് ഉന്നതതല അന്വേഷണം നടത്താനും കുറ്റവാളികളെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യാനും കഴിയുന്ന സാഹചര്യമുണ്ടാകണം. രാജേഷ് കൊലചെയ്യപ്പെടുകയും അദ്ദേഹത്തിന്റെ സുഹൃത്തിന് വെട്ടേറ്റിരിക്കുകയുമാണ്. ഇതുപോലുള്ള ആശങ്കാവഹമായ സംഭവങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരുന്ന സാഹചര്യം ഗവൺമെന്റ് ഗൗരവത്തോടെ കാണണമെന്ന് അഭ്യർത്ഥിക്കുന്നു.എട്ടുമാസം ഗർഭിണിയായ സഹധർമ്മിണിയെയും നിരാലംബമായ കുടുംബത്തെക്കുറിച്ചും പറഞ്ഞു. ആ കുടുംബത്തെ സഹായിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി ഗവൺമെന്റ് ഒന്നും പറഞ്ഞിട്ടില്ല. ഇത്തരം കാര്യങ്ങളിൽ മാനുഷിക പരിഗണന നൽകിക്കൊണ്ട് ആ കുടുംബത്തെ സഹായിക്കുന്നതടക്കമുള്ള കാര്യങ്ങൾ ചെയ്യണം. കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിന് കാര്യക്ഷമമായ നടപടിയുണ്ടാകാത്ത സാഹചര്യത്തിലും ഇക്കാര്യം ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങൾ ഇന്ന് അനുഭവിക്കുന്ന പ്രയാസങ്ങൾ നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ പ്രമേയം അവതരിപ്പിക്കുന്നത്. 1991-ൽ പ്രവർത്തനം ആരംഭിച്ച ഈ ബോർഡ് ഇപ്പോൾ വല്ലാത്ത പ്രതിസന്ധിയിലാണ്. ഇരുപത്തിമൂന്നര ലക്ഷത്തോളം അംഗങ്ങൾ രജിസ്റ്റർ ചെയ്തിരുന്ന ഈ ക്ഷേമനിധി ബോർഡിൽനിന്നും വിവിധങ്ങളായ കാരണങ്ങളാൽ ആറേമുക്കാൽ ലക്ഷത്തോളം പേർ പിരിഞ്ഞുപോയിട്ടുണ്ട്. നിലവിൽ 16,64,641 അംഗങ്ങളാണുള്ളത്. തൊഴിലാളികളിൽനിന്നും പ്രതിമാസം 5 രൂപ നിരക്കിൽ പിരിച്ചെടുക്കുന്ന വാർഷിക അംശദായം 60 രൂപയാണ്. ഭൂവുടമാ വിഹിതവും സർക്കാർ നൽകുന്ന മാച്ചിംഗ് ഗ്രാന്റുമുൾപ്പെടെ നിലവിൽ ബോർഡിന് ലഭിക്കുന്ന പ്രതിവർഷ വരുമാനം 12 കോടി രൂപയാണ്. എന്നാൽ ഭരണച്ചെലവും തൊഴിലാളികളുടെ ആനുകൂല്യങ്ങളും കൊടുത്തുതീർക്കുന്നതിന് 36 കോടി രൂപ വേണ്ടി വരും. ഫലത്തിൽ പ്രതിവർഷം 24 കോടി രൂപയുടെ അധിക ബാധ്യത ബോർഡിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് മിനിമം 30 കോടി രൂപയെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നും പ്രതിവർഷ ഗ്രാന്റായി കിട്ടിയെങ്കിൽ മാത്രമേ ഈ വിഷയത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയൂ.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി യൂണിയനുകളും ബോർഡും നിരവധി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ട് വർഷങ്ങളായി. തുടർ നടപടിയില്ലാതെ ഫയലുകൾ ഇഴയുകയാണ്. പാവപ്പെട്ട തൊഴിലാളികളുടെ പെൻഷൻ, പെൺമക്കൾക്ക് നൽകിവരുന്ന വിവാഹ ധനസഹായം, മരണപ്പെട്ട അംഗത്തിന്റെ കുടുംബത്തിന് ലഭിക്കേണ്ട മരണാനന്തര സഹായം, തൊഴിലാളികളുടെ ചികിത്സാ സഹായം എന്നിവ 2011 മുതൽ കുടിശ്ശികയാണ്;

അതായത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്തുള്ളതാണ്. 60 വയസ്സ് പൂർത്തീകരിച്ച് ക്ഷേമനിധിയിൽനിന്നും വിരമിക്കേണ്ട തൊഴിലാളിക്ക് അംഗത്വ കാലത്തിനനുസൃതമായി പ്രതിവർഷം 625 രൂപ നിരക്കിൽ റിട്ടയർമെന്റ് ആനുകൂല്യം നൽകേണ്ടതുണ്ട്. എന്നാൽ ഒരു തൊഴിലാളി 5 രൂപ നിരക്കിൽ കേവലം 60 രൂപ മാത്രമാണ് ഇപ്പോഴും വർഷത്തിൽ അടയ്ക്കുന്നത്. ഇതുകൂടാതെ തൊഴിലാളിക്ക് അംഗത്വ കാലയളവിൽ അർഹതയുള്ള മറ്റാനുകൂല്യങ്ങളും നൽകേണ്ട സാഹചര്യമുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ഈ ക്ഷേമനിധി ബോർഡിന് കാര്യമായ സഹായം ലഭിച്ചത്. ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് അതിനുമുമ്പുണ്ടായിരുന്ന യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചത്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതേ വിഷയം ഉന്നയിച്ചുകൊണ്ട് ശ്രദ്ധ ക്ഷണിക്കൽ പ്രമേയം ഞാൻ കൊണ്ടുവന്നു. എന്നാൽ അഞ്ചുവർഷവും യാതൊരു സഹായവും യു.ഡി.എഫ്. ഗവൺമെന്റ് നൽകിയില്ല. അഞ്ചുവർഷത്തെ കുടിശ്ശികയടക്കമാണ് ഇപ്പോൾ കൊടുക്കാനുള്ളത്. 2017-18 സാമ്പത്തിക വർഷം ബോർഡിന് സപ്ലിമെന്ററി ഡിമാന്റായി ഈ ഗവൺമെന്റ് 30 കോടി രൂപ അനുവദിച്ചു. എന്നാൽ കഴിഞ്ഞ കോൺഗ്രസ് സർക്കാരിന്റെ കാലത്ത് ബോർഡിന് മറ്റാനുകൂല്യങ്ങൾ നൽകാതിരുന്നതുകൊണ്ട് ആ കുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർക്കാൻ ഈ പണംകൊണ്ട് കഴിഞ്ഞില്ല. ഈ അവസരത്തിൽ കേരളത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന തൊഴിലാളി വിഭാഗമെന്ന നിലയിൽ പാവപ്പെട്ട തൊഴിലാളികളുടെ പ്രശ്നങ്ങൾ ബോധ്യപ്പെടാനും പരിഹരിക്കാനും കഴിയുന്ന തരത്തിലേയ്ക്ക് ഗവൺമെന്റ് തീരുമാന മെടുക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. തൊഴിലാളികളിൽനിന്നും നിലവിൽ പിരിക്കുന്ന പ്രതിമാസ അംശദായം 5 രൂപയിൽനിന്നും 20 രൂപയായി വർദ്ധിപ്പിക്കുകയും അതിന് തുല്യമായി സർക്കാരിൽനിന്ന് ഗ്രാന്റ് ലഭ്യമാക്കുകയും വേണം. ഭൂവുടമാ വിഹിതം കാലാനുസൃതമായി വർദ്ധിപ്പിക്കണം. നിലവിൽ ഒരു ആർ-ന് അതായത് 2.5 സെന്റിന് കേവലം 25 പൈസയാണ് ഭൂവുടമയിൽനിന്നും ഈടാക്കിവരുന്നത്. അതുതന്നെ കൃത്യമായി വില്ലേജാഫീസ് പിരിച്ച് ക്ഷേമനിധി ബോർഡിൽ അടയ്ക്കുന്നില്ല. വില്ലേജ് ആഫീസുകളിൽ ഇതിനാവശ്യമായ രേഖകളില്ല. എത്ര ഭൂവുടമകൾ പണം കൃത്യമായി അടയ്ക്കുന്നുണ്ടെന്നോ പിരിച്ചെടുക്കുന്നുണ്ടെന്നോ ഉള്ള കണക്കുകൾ വില്ലേജ് ആഫീസിൽ ഇല്ല. അതുകൊണ്ടു കർശനമായി വില്ലേജ് ആഫീസർമാർ മുഖാന്തരം ഭൂവുടമാ വിഹിതം കൃത്യമായി പിരിച്ചെടുക്കുന്നതിനും ക്ഷേമനിധി ബോർഡുകളിൽ

തുക അടയ്ക്കുന്നതിനുമുള്ള നടപടി ഊർജ്ജിതപ്പെടുത്തണം. അതുപോലെ 50 സെന്റിന് മുകളിലുള്ള ഭൂവുടമകളെ ഈ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്. അതോടൊപ്പം ഭൂമി ക്രയവിക്രയം നടത്തുമ്പോൾ ലഭിക്കുന്ന സെസ് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭ്യമാക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമുണ്ടാകണം. അതുപോലെ തന്നെ ആനുകൂല്യങ്ങളുടെ വർദ്ധനവ്; മരണാനന്തര ധനസഹായത്തിനും വിവാഹ ധനസഹായത്തിനും ഇപ്പോൾ നൽകുന്നത് കേവലം രണ്ടായിരം രൂപയാണ്. അംഗത്വ കാലത്തിനനുസൃതമായി പ്രതിവർഷം 625 രൂപ നിരക്കിലാണ് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നത്. ഈ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായിരിക്കുന്നയാൾ കുടുംബനാഥനോ കുടുംബനാഥയോ അല്ലെങ്കിൽ മക്കളോ ആയിരിക്കാം കുടുംബത്തിന്റെ സാമ്പത്തിക സ്രോതസ്. അങ്ങനെയുള്ള ആൾ മരണപ്പെട്ടാൽ നിലവിൽ അവർക്ക് ലഭിക്കുന്ന ആനുകൂല്യം വളരെ കുറവാണ്. കൂടുതൽ ആനുകൂല്യം ലഭിക്കത്തക്ക നിലയിൽ അത് വർദ്ധിപ്പിക്കണം. മറ്റ് ക്ഷേമനിധി ബോർഡുമായി താരതമ്യപ്പെടുത്തിക്കൊണ്ട് തൊഴിലാളിയുടെ അംശദായം വർദ്ധിപ്പിക്കുകയും അതിനനുസൃതമായി ഗവൺമെന്റ് ഗ്രാന്റ് നൽകുകയും ഭൂവുടമാ വിഹിതം വർദ്ധിപ്പിക്കുകയും സർക്കാർ മാച്ചിംഗ് ഗ്രാന്റ് നൽകുന്നതോടൊപ്പം വിവാഹ ധനസഹായം 50,000 രൂപയായി വർദ്ധിപ്പിക്കാനും നടപടിയുണ്ടാകണം. ചികിത്സാ സഹായം ഇപ്പോൾ അഞ്ചുവർഷത്തിലൊരിക്കൽ 2,500 രൂപയാണ് ലഭിക്കുന്നത്. അത് 5,000 രൂപയായി വർദ്ധിപ്പിക്കണം. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ക്ഷേമനിധി ബോർഡിന് ഏതാണ്ട് 300 കോടി രൂപ കുടിശ്ശികയാണ്. ഇത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നത് കൊടുക്കാനുള്ളതാണ്. ഈ വിഷയത്തിൽ അനുഭാവപൂർവ്വമായ പരിഗണന ഗവൺമെന്റിൽ നിന്നുണ്ടാകണം. 300 കോടി രൂപ കുടിശ്ശിക കൊടുത്തുതീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും മറ്റ് ക്ഷേമനിധിക്ക് തുല്യമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്ത് ഈ വിഷയത്തിന് ശാശ്വത പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ശ്രീ. സി. കെ. ശശീന്ദ്രൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ചിറയം ഗോപകുമാർ പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. 296,99,61,578 രൂപയാണ് കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ കുടിശ്ശികയായി കൊടുക്കാനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നയാപൈസപോലും നൽകിയിരുന്നില്ല. 30 കോടി രൂപയാണ് ഈ

ഗവൺമെന്റ് നൽകിയിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ അംശദായം വർദ്ധിപ്പിച്ചും തത്തുല്യമായ മാച്ചിംഗ് ഗ്രാന്റ് നൽകിയും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുമൊക്കെ സർക്കാർ നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ച് കർഷകത്തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് കർഷകത്തൊഴിലാളി ക്ഷേമനിധി ഭേദഗതി നിയമം കൊണ്ടുവന്ന് സാമ്പത്തിക ഭദ്രതയോടെ നടപ്പിലാക്കാൻ സർക്കാർ മുൻകയ്യെടുക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ തൊഴിലാളികളിൽ നിന്നുള്ള അംശദായവും ഭൂവുടമകളിൽ നിന്നുള്ള വിഹിതവുമാണ്. 2010 ജനുവരി മുതൽ തൊഴിലാളികളിൽ നിന്നുള്ള അംശദായത്തിന് തുല്യമായ തുക ബോർഡിന് മാച്ചിംഗ് ഗ്രാന്റായി അനുവദിച്ചുകൊണ്ട് സർക്കാർ നിയമഭേദഗതി വരുത്തിയിട്ടുണ്ട്. തൊഴിലാളികളിൽ നിന്നുള്ള അംശദായം നിലവിൽ പ്രതിമാസം 5 രൂപയും ഭൂവുടമാ വിഹിതം 40 ആർ-ന് മുകളിൽ വരുന്ന ഭൂമിക്ക് ഒരു ആർ-ന് 25 പൈസ നിരക്കിലുമാണ് പിരിക്കുന്നത്. തൊഴിലാളി വിഹിതം ഇനത്തിലും ഭൂവുടമാ വിഹിതം ഇനത്തിലുമായി ബോർഡിന്റെ പരമാവധി പ്രതിവർഷ വരുമാനം 9 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. 2010 ജനുവരി മുതൽ ബോർഡിന് മാച്ചിംഗ് ഗ്രാന്റ് അനുവദിച്ചതിലൂടെ 2018 ഫെബ്രുവരി 28-ലെ കണക്കനുസരിച്ച് ഈ ഇനത്തിൽ സർക്കാരിൽ നിന്ന് 41.02 കോടി രൂപ ബോർഡിന് ലഭിക്കേണ്ടതായിട്ടുണ്ട്. ബോർഡ് തൊഴിലാളികൾക്ക് നൽകിവരുന്ന റിട്ടയർമെന്റ് ആനുകൂല്യം ഇനത്തിൽ 273704 അപേക്ഷകളിലായി 259.26 കോടി രൂപയും തൊഴിലാളികളുടെ പെൺമക്കൾക്ക് നൽകിവരുന്ന വിവാഹ ധനസഹായ ഇനത്തിൽ 68954 അപേക്ഷകളിലായി 13.79 കോടി രൂപയും പ്രസവാനുകൂല്യം, മരണാനന്തര സഹായം, ചികിത്സാസഹായം എന്നീ ഇനങ്ങളിലായി 10.88 കോടി രൂപയും ഉൾപ്പെടെ ആകെ 283.93 കോടി രൂപ വിതരണം ചെയ്യേണ്ടതായിട്ടുണ്ട്. 2010-11 മുതലുള്ള ആനുകൂല്യങ്ങളാണ് ഇത്തരത്തിൽ കുടിശ്ശികയായിട്ടുള്ളത്. നിലവിലെ അംശദായ നിരക്ക് പ്രകാരം പ്രതിവർഷം 60 രൂപ ക്ഷേമനിധി വിഹിതമടയ്ക്കുന്ന തൊഴിലാളിക്ക്60 വയസ്സ് പൂർത്തിയാക്കി ക്ഷേമനിധിയിൽനിന്നും വിരമിക്കുന്ന ഘട്ടത്തിൽ അംഗത്വ കാലത്തിനനുസൃതമായി പ്രതിവർഷം 625 രൂപ നിരക്കിൽ ആനുകൂല്യം ലഭിച്ചുവരുന്നു. കൂടാതെ ടി തൊഴിലാളികൾക്ക് അംഗത്വ കാലയളവിൽ മറ്റ് ക്ഷേമാനുകൂല്യങ്ങൾക്കും അർഹതയുണ്ട്. ഏകദേശം 9 കോടിയോളം രൂപ പ്രതിവർഷ വരുമാനം ലഭിക്കുന്ന ബോർഡിന് വിവിധ ക്ഷേമാനുകൂല്യമിനത്തിൽ

വിതരണം ചെയ്യുന്നതിന് പ്രതിവർഷം 40 കോടിയോളം രൂപ ആവശ്യമാണ്. വരുമാനത്തിലെയും ചെലവിലെയും ഈ അന്തരമാണ് ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. 2017-18 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരുന്ന 85 ലക്ഷം രൂപയും സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റായി അനുവദിച്ച 30 കോടി രൂപയും 2017-18 സാമ്പത്തിക വർഷം ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. തൊഴിലാളികളിൽ നിന്നുള്ള അംശദായവും ഭൂവുടമാ വിഹിതവും കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ബോർഡ് സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഇപ്പോൾ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തൊഴിലാളികൾക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും കുടിശ്ശിക സഹിതം അനുവദിച്ചുനൽകുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, തൊഴിലാളികളുടെ അംശദായത്തിന് തുല്യമായി തന്നെ ഗവൺമെന്റ് മാച്ചിംഗ് ഗ്രാന്റ് നൽകണമെന്നാണ് 1991-ൽ ഈ ബോർഡ് രൂപീകരിച്ചപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതുകൊണ്ട് തൊഴിലാളികളുടെ അംശദായം 5 രൂപയെന്നത് 20 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, തൊഴിലാളികളിൽ നിന്നുള്ള അംശദായം വർദ്ധിപ്പിക്കലും നേരത്തെ സൂചിപ്പിച്ച ഭൂവുടമാ വിഹിതം കൃത്യമായി പിരിച്ചെടുക്കലും സർക്കാർ സജീവമായി പരിഗണിക്കുന്നതാണ്. തൊഴിലാളി സംഘടനകളുമായി ആലോചന നടത്തി ഇക്കാര്യത്തിൽ ഒരു അഭിപ്രായ സമന്വയമുണ്ടാക്കിയതിന് ശേഷം സർക്കാർ അക്കാര്യം പരിശോധിക്കുന്നതാണ്. ഭൂനികുതി വർദ്ധനവ് വഴി ലഭ്യമാകുന്ന സംഖ്യ കർഷക പെൻഷനും കർഷകത്തൊഴിലാളി ക്ഷേമനിധിക്കുമായി നൽകാമെന്ന് കഴിഞ്ഞ ദിവസം ബജറ്റ് പാസ്സാക്കിയപ്പോൾ ധനകാര്യ വകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട്. അതുവഴി ബോർഡിന്റെ സാമ്പത്തികസ്ഥിതി കുറേക്കൂടി മെച്ചപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (2) കൂട്ടുപുഴ പാലം

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, തലശ്ശേരി-മൈസൂർ അന്തർസംസ്ഥാന പാതയിലെ കേരള അതിർത്തിയിലുള്ള പ്രദേശമാണ് തലശ്ശേരി മുതൽ കൂട്ടുപുഴ (തലശ്ശേരി - കൂത്തുപറമ്പ്- മട്ടന്നൂർ - ഇരിട്ടി - കൂട്ടുപുഴ) വരെയുള്ളത്. ആ റോഡ് നിർമ്മാണം കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിലുൾപ്പെടുത്തി രണ്ട്

റീച്ചുകളിലായി ഏതാണ്ട് 350 കോടിയിലധികം രൂപ ചെലവിൽ നവീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ റോഡിന് പ്രാധാന്യം വരുന്നത് തലശ്ശേരി - മൈസൂർ റെയിൽവേ എന്ന നമ്മുടെ ആവശ്യത്തിന് ഇപ്പോൾ തടസ്സം നേരിട്ട സാഹചര്യത്തിലാണ്. കണ്ണൂർ വിമാനത്താവളം വരുമ്പോൾ ഈ റോഡിനെ നാലുവരി പാതയായി വികസിപ്പിക്കാൻ കേരള ഗവൺമെന്റ് തീരുമാനിച്ചിരുന്നു. അതുപോലെ എൻ.എച്ച്.ന്റെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിരിക്കുകയാണ്. കോഴിക്കോട്-മൈസൂർ പാതയിൽ രാത്രികാല ഗതാഗതം നിരോധിക്കപ്പെട്ടതിനെത്തുടർന്ന് ഇന്ന് തലശ്ശേരി-മൈസൂർ റോഡിൽ പകലും രാത്രിയുമില്ലാതെ നിരവധി ചരക്കുവാഹനങ്ങളും യാത്രക്കാരുടെ വാഹനങ്ങളും കടന്നുപോകുകയാണ്. അങ്ങനെയുള്ള ഈ റോഡിന്റെ പകുതി ഭാഗം കളറോഡ്-കൂട്ടുപുഴ പൂർണ്ണമായും എന്റെ നിയോജകമണ്ഡലത്തിൽ വരുന്നതാണ്. തലശ്ശേരി മുതൽ 7 പാലങ്ങൾ പുതുതായി നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിലൊരു പാലമാണ് 90 വർഷം പഴക്കമുള്ള കൂട്ടുപുഴ പാലം. 1928-ൽ ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ചതാണ്. അന്നത്തെ വീതി മാത്രമേയുള്ളൂ. ധാരാളം കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇതുവഴി പോകുന്നുണ്ട്. നീളമുള്ള ഒരു ബസ്സിനോ ലോറിക്കോ തിരിയണമെങ്കിൽ പുറകോട്ടെടുക്കണം. രണ്ട് സൈഡിലും വളവാണ്. 90 വർഷത്തെ പഴക്കമുള്ള ഈ പാലത്തിനുപകരം പാലം നിർമ്മിക്കാൻവേണ്ടി പദ്ധതിയിൽ പണം നീക്കിവച്ചു. പാലത്തിന്റെ നിർമ്മാണം ആരംഭിച്ച് മുന്നോട്ടുപോകുന്ന ഘട്ടത്തിൽ പാലം അങ്ങേയറ്റം മുട്ടേണ്ട സ്ഥലത്ത് കർണ്ണാടക ഫോറസ്റ്റ് അധികാരികൾ ഒരു അതിർത്തിക്കല്ല് സ്ഥാപിച്ച് ഇത് ഞങ്ങളുടെ സ്ഥലമാണ്, ഇവിടെ പാലം നിർമ്മിക്കാൻ പാടില്ലെന്നാണ് പറഞ്ഞത്. കേരള അതിർത്തി ഭാഗത്ത് പാലം നിർമ്മിച്ച് പണി പുരോഗമിച്ചുവരുന്നു. അങ്ങേ ഭാഗത്ത് പകുതി നിർമ്മാണത്തിലെത്തി. ആ സമയത്താണ് കർണ്ണാടക ഫോറസ്റ്റ് ഉദ്യോഗസ്ഥർ പോലീസ് സഹിതം വന്ന് പണി തടസ്സപ്പെടുത്തിയത്. ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ നിരവധി ചർച്ചകൾ നടത്തി. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മരാമത്ത് വകുപ്പുമന്ത്രിക്കും നൽകിയ പെറ്റീഷൻ മുഖ്യമന്ത്രി ഫോർവേഡ് ചെയ്തു. മരാമത്ത് സെക്രട്ടറിയും റവന്യൂ സെക്രട്ടറിയും ചീഫ് സെക്രട്ടറിയുമായും സംസാരിച്ചു. എം.പി.-മാരുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കർണ്ണാടക വനം വകുപ്പുമന്ത്രിയെ നേരിട്ടുപോയിക്കണ്ട് സംസാരിച്ചു. എങ്കിൽപ്പോലും കർണ്ണാടക ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഈ പാലത്തിന്റെ നിർമ്മാണപ്രവൃത്തി മുടക്കിയിരിക്കുകയാണ്. കണ്ണൂർ വിമാനത്താവളം കൂടി വരുമ്പോൾ കർണ്ണാടക പ്രദേശത്തുനിന്നും വിരാജ്പേട്ട, മർക്കര, കൂർഗ് ജില്ലകളിൽനിന്നും നിരവധി ആളുകൾ കണ്ണൂർ വിമാനത്താവള ഭാഗത്തേയ്ക്ക് യാത്ര ചെയ്യേണ്ടത് ഈ റോഡിൽക്കൂടിയാണ്. ഈ പാലത്തിന്റെ നിർമ്മാണ തടസ്സം മാറ്റാൻ കഴിഞ്ഞില്ലെങ്കിൽ മഴക്കാലമാകുമ്പോൾ നിർമ്മാണം നിലയ്ക്കുന്ന സാഹചര്യമുണ്ടാകും. കൂട്ടുപുഴയെ സംബന്ധിച്ച് കർണ്ണാടകം ഉയർത്തുന്ന

അവകാശവാദത്തിന് യാതൊരു അടിസ്ഥാനവുമില്ല. കാരണം ഈ പുഴയുടെ മുകൾഭാഗത്താണ് ബാരാപോൾ ജലവൈദ്യുത പദ്ധതി. അത് പൂർണ്ണമായും കേരളത്തിന്റെ ഉടമസ്ഥതയിലാണ്. അതുപോലെ പുഴയുടെ അങ്ങേ സൈഡിലായിരുന്ന ജണ്ടകൾ കർണ്ണാടകത്തിന്റെ ഫോറസ്റ്റ് അധികൃതർ കുറേക്കൂടി ഇങ്ങോട്ട് മാറ്റി. കഴിഞ്ഞ കാലത്തുതന്നെ ആ ജണ്ട സ്ഥാപിക്കാൻ ശ്രമങ്ങളുണ്ടായിരുന്നു. ഞങ്ങൾ പോയി അവരെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് ട്രെഞ്ച് കീറിയത് അവർ തന്നെ മാറ്റി. അക്കരെയാണ് ഇതിന്റെ അതിർത്തിയെന്ന് അവർ തന്നെ പറയുന്നു. പാലം അക്കരെ മുട്ടിക്കേണ്ട പ്രശ്നമേയുള്ളൂ. റോഡ് മാർജിനിൽ കൊണ്ടുവന്ന് ഒരു കമ്പിയടിച്ച് താഴ്ത്തി തടസ്സപ്പെടുത്തിയിരിക്കുകയാണ്. ഞാൻ എല്ലാ ശ്രമങ്ങളും നടത്തി. കർണ്ണാടക മന്ത്രിയെ ഞാൻ പോയി കണ്ടു. നമ്മുടെ ഉദ്യോഗസ്ഥന്മാർ, ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ളവരെ പോയി കണ്ടു. നമ്മുടെ എഞ്ചിനീയർമാർ അവരോട് അഭ്യർത്ഥനയും നടത്തി. തീർത്തും അന്യായമായ തടസ്സവാദം ഉന്നയിച്ച് വളരെ പ്രധാനപ്പെട്ട ഒരു അന്തർ സംസ്ഥാനപാതയിലെ പാലം നിർമ്മാണം പകുതിവഴിയിൽ നിർത്തിവച്ചിരിക്കുകയാണ്. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. ചർച്ചയിലൂടെ പരിഹരിക്കാൻ നടത്തിയിട്ടുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ട സാഹചര്യത്തിലാണ് ഇങ്ങനെയൊരു ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഇനി ഔദ്യോഗികമായ ഇടപെടലല്ലാതെ മറ്റു മാർഗ്ഗങ്ങളില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് ഈ ശ്രദ്ധ ക്ഷണിക്കൽ നൽകിയത്. അദ്ദേഹം കൂടുതൽ അറിയുന്ന സ്ഥലമാണ്. ഇതിന് പരിഹാരമുണ്ടാക്കാൻ രണ്ട് സംസ്ഥാന സർക്കാരുകളുമായി ബന്ധപ്പെടേണ്ടിവരും. മരാമത്ത് വകുപ്പിന്റെ കീഴിലാണ് ഇതിന്റെ പ്രവൃത്തി. ബഹുമാനപ്പെട്ട മന്ത്രി കൂട്ടുപുഴ പാലത്തിന്റെ തൊട്ടടുത്തുള്ള കച്ചേരിക്കടവ് പാലത്തിന്റെ തറക്കല്ലിടാൻ വന്നപ്പോൾ ഈ സ്പോട്ട് കണ്ടിട്ടുള്ളതാണ്. അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഈ അന്തർ സംസ്ഥാന പാതയിലെ പാലം നിർമ്മാണത്തിന്റെ തടസ്സങ്ങൾ നീക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

11.00 AM]

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് ഉന്നയിച്ച പ്രശ്നത്തിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ച് അദ്ദേഹം തന്നെ ഇവിടെ വിശദമായി പറഞ്ഞ സ്ഥിതിക്ക് സഭയ്ക്ക് അക്കാര്യം നല്ല രീതിയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കർണ്ണാടക ഗവൺമെന്റിന്റെയും അവിടത്തെ വനം വകുപ്പിന്റെയും താൽപ്പര്യക്കുറവ് അല്ലെങ്കിൽ എതിർ മനോഭാവം കൊണ്ടാണ് നടക്കാത്തത്. തലശ്ശേരി - വളവുപാറ റോഡിലെ കൂട്ടുപുഴ പാലത്തിന്റെ നിർമ്മാണം രണ്ടാമത്തെ റീച്ചായ കള റോഡ് - വളവുപാറ റോഡിലാണ് വരുന്നത്. ഇത് കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കർണ്ണാടക വനം വകുപ്പിന്റെ ഭൂമി കയ്യേറിയാണ്

നിർമ്മാണം നടത്തുന്നതെന്ന് പറഞ്ഞാണ് അതിന്റെ നിർമ്മാണം നിർത്തിവയ്ക്കാൻ അവർ ആവശ്യപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ആ ഭാഗത്തെ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.യും കണ്ണൂർ ജില്ലാ കളക്ടറും ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി പ്രശ്നത്തിൽ ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ കളക്ടർ കൊടക് ജില്ലാ കളക്ടറുമായി ബന്ധപ്പെടുകയും 18-3-2018 ജനുവരി 3-ന് കെ.എസ്.ടി.പി., റവന്യൂ ഉദ്യോഗസ്ഥരും കർണ്ണാടക വനം വകുപ്പ് ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തുകയുമുണ്ടായി. അതിനുശേഷവും കർണ്ണാടക വനം വകുപ്പ് അവരുടെ വാദഗതികളിൽ ഉറച്ചുനിൽക്കുകയാണ്. അന്നേദിവസം തന്നെ കെ.എസ്.ടി.പി. അധികൃതർ വിരാജ്പേട്ട താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ടെങ്കിലും അതിർത്തി സംബന്ധിച്ച കൃത്യമായ രേഖയൊന്നും കണ്ടെത്താൻ താലൂക്ക് ഓഫീസിന് കഴിഞ്ഞില്ല. ഈ അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ആവശ്യപ്പെട്ട പ്രകാരം പേരാവൂർ എം.എൽ.എ., ശ്രീ. സണ്ണി ജോസഫിന്റെ നേതൃത്വത്തിൽ കർണ്ണാടക വനം വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയുണ്ടായി. പാലം നിർമ്മാണത്തിന് വാക്കാൽ അനുവാദം കിട്ടിയെങ്കിലും അവരുടെ തടസ്സവാദം തുടർന്നുകൊണ്ടിരിക്കുകയാണ്. ഒരു സംയുക്ത സർവ്വേയ്ക്കുപോലും അവർ തയ്യാറല്ല. കണ്ണൂർ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടപ്പോൾ അതിർത്തി നിർണ്ണയിച്ച് തരാൻ കർണ്ണാടക വനം വകുപ്പ് കർണ്ണാടക റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടതായി ഇപ്പോൾ അറിയാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ഭാഗത്തുനിന്നുള്ള നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടെങ്കിലും സംസ്ഥാനാതിർത്തി തിട്ടപ്പെടുത്തിയെങ്കിൽ മാത്രമേ കൂട്ടുപുഴ പാലത്തിന്റെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. അതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ കാര്യത്തിൽ മാത്രമല്ല കേരളത്തിന്റെ സുപ്രധാനമായ തലശ്ശേരി - മൈസൂർ റെയിൽവേ പാതയുടെ വികസനത്തിന്റെ കാര്യവും അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആദ്യം സമ്മതിച്ചശേഷം പിന്നീടത് തടഞ്ഞിരിക്കുകയാണ്. അതുപോലെ നിലമ്പൂർ - നഞ്ചൻകോട് പാതയ്ക്ക് കേന്ദ്ര വനം വകുപ്പും കർണ്ണാടക വനം വകുപ്പും തടസ്സം പറയുന്നുണ്ട്. കേരള സർക്കാർ ബദൽ മാർഗ്ഗം ചോദിച്ചിട്ടുണ്ട്. അതും അവർ സമ്മതിക്കുന്നില്ല. രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ പ്രശ്നങ്ങളൊക്കെ മാറ്റിവച്ചുകൊണ്ട് ഇത്തരത്തിലുള്ള നിലപാടുകൾ അവർ സ്വീകരിക്കുകയാണ്. കർണ്ണാടകവും തമിഴ്നാടും തമ്മിലുള്ള വഴക്കൊക്കെ നമുക്കറിയാം. ഇത് അവരുടെ സ്ഥിരം പരിപാടിയാണ്. എന്തായാലും കേരളത്തിന്റെ ഭാഗത്ത് നിർമ്മാണം നല്ലതുപോലെ നടക്കുകയാണ്. തുടർച്ചയായ സമ്മർദ്ദങ്ങളും നടപടികളും ഇനി ആവശ്യമാണ്. അങ്ങ് പറഞ്ഞതുതന്നെയാണ് പ്രശ്നം. പക്ഷേ സംസ്ഥാന ഗവൺമെന്റും പൊതുമരാമത്ത് വകുപ്പും ഇക്കാര്യത്തിൽ മുന്നോട്ടുപോകാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനൊരു വഴി എങ്ങനെ കണ്ടെത്തുമെന്നുള്ളത് സംബന്ധിച്ച് കൂട്ടായി ആലോചിക്കേണ്ടതുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, ഇലക്ഷൻ വരുന്നതിനുമുമ്പ് സെക്രട്ടറി തലത്തിലോ മന്ത്രിതലത്തിലോ ഒരു ഉന്നതതല സംഘം കർണ്ണാടക മന്ത്രിമാരെ ബാംഗ്ലൂരിൽ ചെന്നുകണ്ട് ഈ വിഷയത്തിന് പരിഹാരം കാണാൻ ശ്രമിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇലക്ഷനുമുമ്പ് പരിഹാരമുണ്ടാക്കാമെന്ന് പറയാൻ കഴിയില്ല. കാരണം അവരും കൂടി സമ്മതിക്കണം. സംസ്ഥാന ഗവൺമെന്റ് അതിനുവേണ്ടി പരിശ്രമിക്കാം. ഇവിടത്തെ ഉന്നതല സംഘം കർണ്ണാടക ഗവൺമെന്റുമായി ബന്ധപ്പെടുന്ന കാര്യം തീർച്ചയായും ആലോചിക്കാം. ഇപ്പോൾ ഇലക്ഷൻ പ്രഖ്യാപിച്ചുകഴിഞ്ഞു. അതുകൊണ്ട് ഇനി ചർച്ച ചെയ്യാൻ ഇലക്ഷൻ കമ്മീഷൻ സമ്മതിക്കില്ല.

## IV സബ്മിഷൻ

### (1) കുട്ടിക്കാനം കൊട്ടാരം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 'കൊട്ടാരം വിൽക്കാനുണ്ട് എന്നൊരു സിനിമ പണ്ട് കേരളത്തിലുണ്ടായിരുന്നു. ഇവിടെ എല്ലാ കൊട്ടാരങ്ങളും വിൽക്കപ്പെടുകയാണ്. കോവളം കൊട്ടാരം, കുറ്റാലം കൊട്ടാരം, ഇപ്പോൾ കുട്ടിക്കാനം കൊട്ടാരവും വിൽക്കാൻ പോകുകയാണ്; വിറ്റു എന്നാണ് അറിയുന്നത്. തിരുവിതാംകൂർ രാജവംശത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതും സ്വാതന്ത്ര്യത്തിനുശേഷം കേരള സർക്കാരിന് ലഭിക്കേണ്ടതുമായ ഇടുക്കി - പീരുമേട് വില്ലേജിലുള്ള കുട്ടിക്കാനം കൊട്ടാരം ഇപ്പോൾ സ്വകാര്യ വ്യക്തിയുടെ കൈവശമാണ്. കൊട്ടാരം സ്വകാര്യ വ്യക്തിയുടെ കൈവശം എത്തിയതിനെക്കുറിച്ച് റവന്യൂ വകുപ്പിൽ വിവരങ്ങളൊന്നുമില്ലെന്നാണ് വാർത്തകൾ കണ്ടത്. ഇതുസംബന്ധിച്ച പരാതിയെക്കുറിച്ച് ജില്ലാ കളക്ടർ നടത്തിയ അന്വേഷണത്തിലും രേഖകൾ കണ്ടെത്താനായില്ല. വില്ലേജ് ഓഫീസിലെ അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം തരിശ്ശായി 38.6 ഹെക്ടർ സ്ഥലവും സർക്കാർ പുറമ്പോക്കായി 34.50 ഏക്കറും ഉൾപ്പെടെ കൊട്ടാരത്തിന് 73.10 ഹെക്ടർ സ്ഥലമായിരുന്നു. എന്നാൽ പീരുമേട് വില്ലേജ് രേഖകൾ പ്രകാരം വിവിധ തണ്ടപ്പേരുകളിലായി 9.71 ഹെക്ടർ ഭൂമി സ്വകാര്യ വ്യക്തിയുടെ കൈവശമാണ്. അഞ്ച് വ്യക്തികളാണ് ഇത്തരത്തിൽ കൈവശം വച്ചിരിക്കുന്നത്. ചങ്ങനാശ്ശേരി കുറിച്ചി വില്ലേജിൽ വിദ്യാധിരാജ ബ്രഹ്മാശ്രമം മാനേജിംഗ് ട്രസ്റ്റിയും മഠാധിപതിയുമായ സ്വാമി ആതുരദാസിന്റെ പേരിലുണ്ടായിരുന്ന കൊട്ടാരം അടങ്ങുന്ന ഭൂമിയാണ് ബോംബെ ആസ്ഥാനമായ സ്വകാര്യ ഐ.ടി. കമ്പനിക്ക് വിറ്റത്. ഈ കൊട്ടാരവും ഭൂമിയും 1947-നുശേഷം സംസ്ഥാന സർക്കാരിന് വരേണ്ടതായിരുന്നു. എങ്ങനെ സ്വകാര്യ വ്യക്തിയുടെ കയ്യിലെത്തിയെന്ന് അറിയില്ല. 1800-ന്റെ ആദ്യവർഷങ്ങളിൽ പണിത ഈ

കൊട്ടാരത്തിന് 'അമ്മച്ചി കൊട്ടാരം' എന്നാണ് പേര്. ഇത് പുതുക്കിപ്പണിത് മോടികൂട്ടിയത് തിരുവിതാംകൂർ കിഴക്കൻ മലയിൽ തോട്ടം വ്യവസായത്തിന് തുടക്കം കുറിച്ച ജോൺ ഡാനിയേൽ മൺട്രോ എന്ന ജെ. ഡി. മൺട്രോ ആയിരുന്നു. 'The High Ranges of Travancore' എന്ന പ്രശസ്തമായ പുസ്തകം മൺട്രോ സായിപ്പ് രചിച്ചത് ഈ കൊട്ടാരത്തിൽ വച്ചാണ്. 1924 മുതൽ 1931 വരെ റീജന്റ് ആയിരുന്ന റാണി സേതുലക്ഷ്മീഭായി തിരുവിതാംകൂറിൽ വേനൽക്കാല ആസ്ഥാനമായി ഈ കൊട്ടാരത്തെ ഉപയോഗിച്ചു. ചരിത്ര പ്രാധാന്യമുള്ളതും കേരളത്തിന്റെ പൈതൃക സ്വത്തുമായ ഈ കൊട്ടാരം കേരളത്തിന് നഷ്ടപ്പെടാതിരിക്കാൻ ശ്രമിക്കണം. തമിഴ്നാട്ടിലെ കുറ്റാലം കൊട്ടാരവും ഇതുപോലെ അന്യാധീനപ്പെട്ടിരിക്കുന്നു എന്നാണ് വാർത്തകളിലൂടെ വായിച്ചിട്ടുള്ളത്. അതുകൊണ്ട് കൊട്ടാരം വിൽക്കാനുള്ള സാഹചര്യം ഒഴിവാക്കണമെന്നാണ് റവന്യൂ വകുപ്പുമന്ത്രിയോട് എനിക്ക് ആവശ്യപ്പെടാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച സബ്മിഷനിൽ ചൂണ്ടിക്കാണിച്ച കൊട്ടാരങ്ങളുടെ വിൽപ്പന നടന്നിട്ടുണ്ടെങ്കിൽ അത് ഏതൊക്കെ കാലത്താണ് നടന്നതെന്ന് സൂക്ഷ്മമായി പരിശോധിക്കാവുന്നതാണ്.

കുട്ടിക്കാനം കൊട്ടാരം സംബന്ധിച്ച് വില്ലേജ് ബി.റ്റി.ആർ. പ്രകാരം സർക്കാർ തരിശായി 38.6078 ഹെക്ടർ സ്ഥലവും സർക്കാർ പുറമ്പോക്കായി 34.5002 ഹെക്ടർ സ്ഥലവും ചേർത്ത് 73.1080 ഹെക്ടർ സ്ഥലം കൊട്ടാരം വകയെന്ന് രേഖപ്പെടുത്തി സർക്കാർ ഭൂമി ഇനത്തിൽ ചേർത്തിട്ടുള്ളതാണ്. നിലവിൽ വിവിധ തണ്ടപ്പേരുകളിലായി 9.7165 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളുടെ പേരിൽ വില്ലേജ് റിക്കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട്. 2.7327 ഹെക്ടർ സ്ഥലം ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ ആതുരാശ്രമത്തിൽ താമസം വിദ്യാധിരാജ ബ്രഹ്മാശ്രമം മാനേജിംഗ് ട്രസ്റ്റിയും മഠാധിപതിയുമായ സ്വാമി ആതുരദാസിന്റെ തണ്ടപ്പേരിലും (നമ്പർ 2826) 6.8825 ഹെക്ടർ സ്ഥലം റീഗൽ റിസോർട്ട് ലിമിറ്റഡിന്റെ തണ്ടപ്പേരിലും (നമ്പർ 5054) 4.05 ആർ സ്ഥലം തൊടുപുഴ വില്ലേജ് നടയ്ക്കൽ വീട്ടിൽ സക്കീർ മുഹമ്മദ് മകൻ പി. കാസിമിന്റെ തണ്ടപ്പേരിലും (നമ്പർ 8448) 3.3 ആർ സ്ഥലം തൊടുപുഴ വില്ലേജ് കുറ്റത്തോട്ടത്തിൽ പരമേശ്വരൻ മകൻ ബാബു പരമേശ്വരന്റെ തണ്ടപ്പേരിലും (നമ്പർ 8449) 3.3 ആർ സ്ഥലം തൊടുപുഴ വില്ലേജ് പുളിമൂട്ടിൽ ജോസഫ് സ്റ്റീഫൻ മകൻ ലൂക്കാ സ്റ്റീഫന്റെ തണ്ടപ്പേരിലും (നമ്പർ 8450) ആണ് കിടക്കുന്നത്. കൊട്ടാരം വസ്തു സ്വകാര്യ വ്യക്തികളുടെ പേരിൽ വില്ലേജ് റിക്കാർഡുകളിൽ ഉൾപ്പെടുകയും അവർക്ക് കൈവശം

ലഭിക്കുകയും ചെയ്തത് സംബന്ധിച്ച് വിശദമായി പരിശോധിച്ചാൽ മാത്രമേ വസ്തുതകൾ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട അന്വേഷണ നടപടി ആരംഭിച്ചിട്ടുണ്ട്. കൃത്യമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അന്വേഷണത്തിന് റവന്യൂ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, റവന്യൂ കമ്മീഷണർ മുഖാന്തിരം അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## (2) റീസർവ്വേ നടപടികളിലെ അപാകത

ശ്രീ. ബി. സത്യൻ: സർ, ഈ വിഷയം സംബന്ധിച്ച് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. തലമുറകളായി പട്ടികജാതി/ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ, ലക്ഷംവീട് കോളനികളിലുള്ളവർ തുടങ്ങി വലിയൊരു വിഭാഗം ജനങ്ങൾ താമസിച്ചുവരുന്നതും ആറ്റിങ്ങൽ മണ്ഡലത്തിലെ വർക്കല താലൂക്കിൽ മണമ്പൂർ വില്ലേജിൽ തൊപ്പിച്ചന്ത, തൊട്ടിക്കല്ല് തുടങ്ങി തൈവിളാകം പ്രദേശം കേന്ദ്രീകരിച്ചുവരുന്നതും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറിന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് വരുന്നതുമായ പ്രദേശം 2007-ൽ നടന്ന റീസർവ്വേയുടെ ഭാഗമായി സർക്കാർ മിച്ചഭൂമിയാണെന്ന് റെക്കോർഡ് ചെയ്യപ്പെട്ടതിനെത്തുടർന്ന് ഇവിടെയുള്ള ആളുകൾക്ക് അവരുടെ സ്ഥലം പോക്കുവരവ് ചെയ്യാനോ ക്രയവിക്രയം നടത്താനോ കഴിയാത്ത അവസ്ഥയാണുള്ളത്. താലൂക്കിലും കളക്ടറേറ്റിലും പല സന്ദർഭങ്ങളിലും നടന്നിട്ടുള്ള അദാലത്തുകളിലുമെല്ലാം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടും പരിഹാര മുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതിപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. നൂറ്റാണ്ടുകളായി ക്രയവിക്രയം നടന്നുവന്നിരുന്ന ഭൂമി 2007-ലെ റീസർവ്വേയിൽ സർക്കാർ ഭൂമിയെന്ന് രേഖപ്പെടുത്തിയതുമൂലം ഉളവായിട്ടുള്ള പ്രയാസം മാറിക്കിട്ടാൻ ഒരു വലിയ നടപടിക്രമംതന്നെ ഇതിനകം നടന്നുകഴിഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. ഈ പാവപ്പെട്ട ആളുകൾക്ക് വസ്തു വിൽക്കാനോ കുടുംബാംഗങ്ങൾക്ക് കൊടുക്കാനോ ഒന്നും കഴിയാത്ത അവസ്ഥയാണുള്ളത്. ഇതുവരെ അവരുടെ കൈവശംവച്ച് അനുഭവിച്ച് തണ്ടപ്പേര് പിടിച്ച് ക്രയവിക്രയം നടത്തിവന്ന ഭൂമി പോക്കുവരവ് ചെയ്ത് കരം തീർക്കാനും അവരുടെ മക്കൾക്കും കുടുംബങ്ങൾക്കുമെല്ലാം കൈമാറ്റം ചെയ്യാനും കഴിയത്തക്ക നിലയിലുള്ള അവകാശം നൽകാൻ അങ്ങ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ബി. സത്യൻ ഉന്നയിച്ച സബ്മിഷൻ ചിറയിൻകീഴ്

താലൂക്ക് ലാൻഡ് ബോർഡിന്റെ 18-1-2000-ലെ വി.ആർ.-7616033/76-ാം നമ്പർ ഉത്തരവുപ്രകാരം മണന്നൂർ വില്ലേജിൽ മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട ഭൂമി അന്യ കൈവശങ്ങളായതിനാലും 1-1-1976 മുതൽ 24-9-2008 വരെ 406 കൈമാറ്റങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളതിനാലും റീ സർവ്വെ റെക്കോർഡുകൾ പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയിട്ടില്ലാത്തതിനാലും മിച്ചഭൂമിയിലുൾപ്പെട്ട് വരാൻ സാധ്യതയുള്ള പട്ടയം ലഭിക്കാത്ത, കക്ഷികൾ കൈവശം വച്ചുവരുന്ന ഭൂമിക്ക് നിലവിൽ കരം സ്വീകരിക്കുന്നില്ല. എന്നാൽ പട്ടയം ലഭിച്ചിട്ടുള്ള കക്ഷികളിൽ നിന്നും കരം സ്വീകരിച്ചുവരുന്നുണ്ട്. അതുപോലെ പട്ടയ വ്യവസ്ഥ ലംഘിച്ച് കൈമാറ്റം ചെയ്ത് ലഭിച്ചിട്ടുള്ളവരിൽ നിന്നും കരം സ്വീകരിക്കുന്നില്ല. മണന്നൂർ വില്ലേജിലെ ഭൂമി കൈമാറ്റങ്ങൾ നടന്ന വർഷങ്ങൾ, കൈവശക്കാർക്ക് ഭൂമി ലഭ്യമായതിന്റെ വിശദാംശങ്ങൾ, പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് രൂപീകരിച്ച സർവ്വെ ടീമിന്റെ അന്തിമ റിപ്പോർട്ട് എന്നിവ പരിശോധിച്ച് നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## (3) മഞ്ചേരി ഫയർ സ്റ്റേഷൻ

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരി ഫയർ സ്റ്റേഷൻ ഇപ്പോൾ താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന ഏറനാട് താലൂക്ക് നറുകര വില്ലേജിൽ സർവ്വേ നമ്പർ 120/1(എ)-യിൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം 4-6-2015-ലെ ജി.ഒ.(എം.എസ്./2) 235/2015 ഹയർ എഡ്യൂക്കേഷന്റെ ഉത്തരവുപ്രകാരം അനുവദിക്കുകയുണ്ടായി. പെർമിസീവ് സാംഗ്ഷൻ പ്രകാരമാണ് പ്രസ്തുത സ്ഥലം വിദ്യാഭ്യാസ വകുപ്പ് നൽകിയത്. ആയതിനാൽ സ്ഥലം ഏറ്റെടുത്ത് ആഭ്യന്തര വകുപ്പിന് നൽകുന്നതിനായി റവന്യൂ വകുപ്പിന്റെ നടപടികൾ പാലിക്കേണ്ടതുണ്ട്. പ്രസ്തുത സ്ഥലം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ആഭ്യന്തര വകുപ്പിന് നൽകുന്നതിനുവേണ്ടിയുള്ള റവന്യൂ വകുപ്പിന്റെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണമെന്നും സ്ഥലമെടുപ്പ് നടപടികൾ എത്രയും വേഗം പൂർത്തിയാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 4-6-2015-ലെ 235/2015 സർക്കാർ ഉത്തരവുപ്രകാരം മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂളിന്റെ 50 സെന്റ് സ്ഥലം മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഉപയോഗാനുമതി നൽകിക്കൊണ്ട് ഉത്തരവായതിനെത്തുടർന്ന് ഭൂമി അനുവദിക്കുന്നതിന് ആഭ്യന്തര വകുപ്പ് അഭ്യർത്ഥിച്ചു. മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ നറുകര വില്ലേജിൽ ബ്ലോക്ക് നം.50 റീ സർവ്വെ 144(1) പട്ടയം 20.23 ആർ. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ ഫയർ സ്റ്റേഷൻ

നിർമ്മിക്കുന്നതിനായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീണർ 9-12-2015-ലെ എൽ.ആർ.കെ.2/45102/2015 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഭൂമി റവന്യൂ രേഖകൾ പ്രകാരം സർക്കാർ പുറമ്പോക്ക് ഭൂമിയിൽപ്പെട്ടതും മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശത്തി ലിരിക്കുന്നതുമാണ്. പ്രസ്തുത വിഷയം പരിശോധിച്ചാൽ ഭൂമി സംബന്ധമായ ഉത്തരവുകൾ പുറപ്പെടുവിക്കുവാനുള്ള അധികാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിരിക്കെ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള കാരണം വ്യക്തമാക്കി പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തതിനുശേഷം ടി വിഷയത്തിൽ ഭൂമി കൈമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഫയൽ തിരികെ നൽകുവാൻ ആഭ്യന്തര വകുപ്പിനോട് 29-2-2016-ൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ വിഷയം ചൂണ്ടിക്കാണിച്ച സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട ഫയലുകൾ വിളിച്ചുവരുത്തി പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## (4) കർഷകർക്ക് പട്ടയം

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കിയിൽ പട്ടയ നടപടികൾ സ്വീകരിച്ചുവരുന്ന സന്ദർഭമാണ്. ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് പട്ടയം കൊടുക്കുന്നതിനുള്ള നടപടികളും ദ്രുതഗതിയിൽ നടക്കുന്നുണ്ട്. പെരിഞ്ചാംകുട്ടി പദ്ധതി പ്രദേശത്തിന്റെ ഭാഗമായി ഒട്ടേറെ സ്ഥലങ്ങളിൽ പ്രത്യേകിച്ച് വാത്തിക്കുടി പഞ്ചായത്തിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുകയും കുറെപ്പേർക്ക് പട്ടയം നൽകാൻ സാധിക്കുകയും ചെയ്തു. അതേ പ്രദേശത്തോട് അനുകൂലമായിട്ടുള്ള കൊന്നത്തടി പഞ്ചായത്ത് പെരിഞ്ചാംകുട്ടി പദ്ധതിയുടെ ഭാഗമാണെങ്കിലും അവിടെ സർവ്വെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നാമമാത്രമായ പട്ടയങ്ങളാണ് കൊടുക്കാൻ സാധിച്ചിട്ടുള്ളത്. പല പട്ടയമേളകൾ വരുമ്പോഴും ആ വില്ലേജും പഞ്ചായത്തും ഉപേക്ഷിക്കപ്പെടുന്ന എന്നൊരു ധാരണ ജനങ്ങളിൽ വലിയ ആശങ്ക ഉളവാക്കിയിട്ടുണ്ട്. കൊന്നത്തടി പഞ്ചായത്തിലെ മുള്ളരിക്കുടി, പെരിഞ്ചാംകുട്ടി, മുനിയറ, കൈലാസം, അഞ്ചുമുക്ക്, ഇരുമലക്കപ്പ്, അടിക്കനെട്ടി മുതൽ ചിന്നാർ വരെയുള്ള പ്രദേശങ്ങൾ പദ്ധതി പ്രദേശത്തിന്റെ ഭാഗമായതുകൊണ്ട് അവിടെ പട്ടയം കൊടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം. സർവ്വെ ജീവനക്കാരുടെ അഭാവവും ആവശ്യമായ ഇക്വിപ്മെന്റ്സ് ഇല്ലാത്തതുമാണ് പ്രശ്നമായി കണക്കാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണം. കഴിഞ്ഞ പട്ടയമേളയുടെ സമയത്തും ഇടുക്കിയിൽ ഇത്തരം പ്രദേശങ്ങളിൽ പട്ടയം കൊടുക്കാൻ സാധിച്ചില്ല. ആ പ്രദേശത്ത് ഒരു പട്ടയമേള സംഘടിപ്പിക്കാമെന്ന് മന്ത്രി അവിടെവച്ച് ഉറപ്പ് നൽകിയിട്ടുള്ളതാണ്.

കൊന്നത്തടി പഞ്ചായത്തിലേയ്ക്ക് ആവശ്യമായ സർവ്വെ ജീവനക്കാരെ നൽകി അവിടത്തെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുകയും പട്ടയം കൊടുക്കുന്നതിനായി താമസംവിനാ ഒരു പട്ടയമേള സംഘടിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാന്യനായ അംഗം ശ്രീ. റോഷി അഗസ്റ്റിൻ ചൂണ്ടിക്കാണിച്ചിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് പരിശോധിച്ചുവരികയാണ്. 24.12.2013-ലെ സർക്കാർ ഉത്തരവുപ്രകാരം പെരിഞ്ചാംകുട്ടി പദ്ധതിക്കായി ഏറ്റെടുത്ത് ഉപേക്ഷിക്കപ്പെട്ട പ്രദേശങ്ങളിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം നൽകുന്നതിന് രാജകുമാരി, നെടുങ്കണ്ടം, മുരിക്കാശ്ശേരി എന്നിവിടങ്ങളിൽ ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാർക്ക് അധികാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻപ്രകാരം പെരിഞ്ചാംകുട്ടി പദ്ധതി ഉപേക്ഷിക്കപ്പെട്ട പ്രദേശത്ത് നാളിതുവരെ 5,688 പട്ടയങ്ങൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇടുക്കി താലൂക്കിൽ കൊന്നത്തടി വില്ലേജിൽ ഉപേക്ഷിക്കപ്പെട്ട പെരിഞ്ചാംകുട്ടി പദ്ധതി പ്രദേശത്ത് ലഭിച്ച 1,593 അപേക്ഷകളിൽ 80 പട്ടയങ്ങൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. 66 കേസുകളിൽ ഭൂമിപതിവ് നടപടി പൂർത്തിയായിട്ടുണ്ട്. ഇനിയും ബാക്കിയുള്ള അപേക്ഷകളിൽ സർവ്വേ ജോലികൾ ആരംഭിച്ചിട്ടുള്ളതും അനുബന്ധ നടപടികൾ പൂർത്തീകരിച്ച് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. സർവ്വേ ജീവനക്കാരുടെയും സർവ്വേ ഉപകരണങ്ങളുടെയും അപര്യാപ്തതയുള്ളതിനാലാണ് വിവിധ മേഖലകളിൽ ഒരേ സമയം സർവ്വേ ജോലികൾ പൂർത്തീകരിക്കാൻ സാധിക്കാത്തത്. ഇത് പരിഹരിക്കാനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്. ഇടുക്കിയിൽ ഈ പട്ടയങ്ങളെല്ലാം നൽകുന്ന സാഹചര്യത്തിൽ ഒരു പട്ടയമേള നടത്തുവാനുള്ള നടപടികൂടി സ്വീകരിക്കുന്നതാണ്.

## (5) ജലസേചന പദ്ധതികൾ

ശ്രീ. ഒ. ആർ. കേളു: സർ, വയനാട് ജില്ലയിൽ ഓരോ വർഷം കഴിയുന്തോറും വരൾച്ച അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. വെള്ളത്തിന്റെ കുറവുകാരണം ഒരു കൃഷിയും ചെയ്യാൻ സാധിക്കുന്നില്ല. മുൻകാലങ്ങളിലൊക്കെ നഞ്ചയും പുഞ്ചയും കൃഷി ചെയ്യുന്ന രീതിയാണുണ്ടായിരുന്നത്. പക്ഷെ ഇപ്പോൾ മഞ്ച കൃഷിപോലും ചെയ്യാൻ സാധിക്കുന്നില്ല. വയനാട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട നദിയായ കബനിയിലെ ജലം ഇപ്പോൾ കർണ്ണാടകയിലേയ്ക്കും തമിഴ്നാട്ടിലേയ്ക്കും വെറുതെ ഒഴുകിക്കൊണ്ടിരിക്കുകയാണ്. നമുക്ക് അവകാശപ്പെട്ട 21 ടി.എം.സി. ജലംപോലും

ഇതുവരെ നമ്മൾ ഉപയോഗിക്കുന്നില്ല. വെറുതെ പോകുന്ന ഇത്രയും ജലം നമുക്ക് ഉപയോഗിക്കാൻ കഴിയേണ്ടതുണ്ട്. വയനാട് ജില്ലയിലെ നെൽപ്പാടങ്ങൾ കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. അത്തരം തരിശു ഭൂമികൾ കൃഷിയിടങ്ങളായി തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി കബനി നദിയിലെ ജലം നമുക്ക് പരമാവധി ഉപയോഗപ്പെടുത്താൻ കഴിയണം. അതിനുവേണ്ടി വിപുലമായ ജലസേചന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. നിലവിലുള്ള ജലസേചന പദ്ധതികൾ പലതും പ്രവർത്തിക്കാത്ത അവസ്ഥയാണ്. ഇത്തരം ജലസേചന പദ്ധതികൾ ക്രമീകരിക്കുന്നതിനും വയനാട് ജില്ലയിലെ നെൽകൃഷി സംരക്ഷിക്കുന്നതിനുമായി പുതിയ ജലസേചന പദ്ധതികൾ ആരംഭിച്ചിട്ട് ജലസേചന സൗകര്യം മെച്ചപ്പെടുത്തണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് സൂചിപ്പിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കാവേരി നദിയിലെ നദീജല ട്രൈബ്യൂണൽ കേരളത്തിന് അനുവദിച്ചത് ആകെ 30 ടി.എം.സി. ജലമാണ്. കാവേരി ഉപ നദിയായ കബനിയിൽ നിന്നും 21 ടി.എം.സി. ജലമാണ് കേരളത്തിന് ഉപയോഗിക്കാൻ അവകാശമുള്ളത്. കബനി നദീതടത്തിൽ കുടിവെള്ളം, ജലസേചനം, കൃഷി, വൈദ്യുതി ഉൽപ്പാദനം എന്നിവയ്ക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചാൽ മാത്രമേ അത് ഉപയോഗിക്കാൻ കഴിയുകയുള്ളൂ. പാരിസ്ഥിതിക ആഘാത പഠനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അനുമതി നേടി അക്കാര്യങ്ങളിലേയ്ക്ക് നീങ്ങാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കാരാപ്പുഴ പദ്ധതിയിൽ ആകെ അനുവദിച്ച 2.8 ടി.എം.സി.യിൽ 1.25 ടി.എം.സി. നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. 60 ഹെക്ടർ സ്ഥലത്ത് ജലസേചനവും നടത്തിവരുന്നു. 0.84 ടി.എം.സി. ജലം ഉപയോഗിക്കാവുന്ന ബാണാസുര സാഗർ പദ്ധതി ഭാഗികമായി പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നും കെ.എസ്.ഇ.ബി. കുറ്റ്യാടിയിൽ വൈദ്യുത ഉൽപ്പാദനം നടത്തിയതിനുശേഷമുള്ള ജലം സംഭരിച്ച് കുറ്റ്യാടി ജലസേചനത്തിനും ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷന്റെ കുടിവെള്ള പദ്ധതിക്കും ഉപയോഗിക്കുന്നുണ്ട്. ഇതിനു പുറമെ കടമാൻ തോട് 1.53 ടി.എം.സി., ചൂണ്ടാലിപ്പുഴ 1.31 ടി.എം.സി., നൂൽപ്പുഴ 1.25 ടി.എം.സി., കല്ല്യാമ്പതി 2.49 ടി.എം.സി, തിരുനെല്ലി 1.8 ടി.എം.സി., തൊണ്ടാൽ 1.75 ടി.എം.സി., പെരിങ്ങോട്ടുപുഴ 1.37 ടി.എം.സി. എന്നീ പദ്ധതികളും നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വയനാട് ജില്ലയിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ കൃഷിക്കും കുടിവെള്ളത്തിനും മറ്റാവശ്യങ്ങൾക്കും ഉപയോഗപ്രദമായി മുൻഗണനാ ക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## (6) കുടിവെള്ള പദ്ധതി

ശ്രീ. ഇ. കെ. വിജയൻ: സർ, കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാത്തത് സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും ഒട്ടേറെ സബ്മിഷനുകൾ ഉന്നയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് കഴിഞ്ഞ ഒക്ടോബർ മാസത്തിലും തുടർന്ന് ഈ മാർച്ച് മാസത്തോടെയും അത് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന ധാരണയിൽ എത്തുകയും നിയമസഭയിൽ അത് സംബന്ധിച്ച് ഉറപ്പും നൽകുകയും ചെയ്തിരുന്നു. പക്ഷെ ഇപ്പോഴും അതിന്റെ പ്രവർത്തനത്തിൽ പുരോഗതിയില്ലെന്ന സത്യാവസ്ഥ നിലനിൽക്കുകയാണ്. ഈ കുടിവെള്ള പദ്ധതികൾ ഉള്ളതുകൊണ്ടുതന്നെ പ്രാദേശിക കുടിവെള്ള പദ്ധതികൾക്കൊന്നും രൂപം നൽകാൻ ശ്രമിക്കാറില്ല; അല്ലെങ്കിൽ ഈ പദ്ധതി വരുമെന്ന ധാരണയിൽ അതിന് ശ്രമിക്കുന്നില്ല. പഴയ പൈപ്പുകളിൽ ഇപ്പോൾ പരീക്ഷണാർത്ഥം വെള്ളം കൊണ്ടുപോയ സ്ഥലങ്ങളിലെല്ലാം ലീക്കായി പൊട്ടിയ അനുഭവങ്ങളുണ്ട്. പി.ഡബ്ല്യു.ഡിയും വാട്ടർ അതോറിറ്റിയും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ പല തവണ എം.എൽ.എ. എന്ന നിലയ്ക്ക് ഞാൻ ഇടപെടുകയും ചെയ്തു. പക്ഷെ അടുത്ത ദിവസം ടെസ്റ്റ് നടത്തിയപ്പോൾ തന്നെ മോട്ടോർ അടിച്ചുപോയി എന്ന വിവരമാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. യഥാർത്ഥത്തിൽ അതിന്റെ പ്രവർത്തനത്തിൽ യാതൊരു പുരോഗതിയുമില്ലെന്നത് വസ്തുതയാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് സമയബന്ധിതമായി അതിരൂക്ഷമായ വരൾച്ചയെ നേരിടാനും അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കുന്നമ്മൽ അനുബന്ധ വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതിയുടെ 19 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല പൂർത്തീകരിച്ചുകഴിഞ്ഞു. നാദാപുരം, കുറ്റ്യാടി, വാണിമേൽ, തുവക്കുന്ന്, വളയം, നരിപ്പറ്റ എന്നിവിടങ്ങളിലെ ജലസംഭരണികൾ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, ട്രാൻസ്ഫോർമർ, പമ്പുസെറ്റുകൾ എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ ചാർജ്ജിംഗും ട്രയൽ റണ്ണും നടന്നുവരികയാണ്. ഈ പദ്ധതിയിലുൾപ്പെട്ട വളയം, വാണിമേൽ, നരിപ്പറ്റ, കായക്കൊടി എന്നിവിടങ്ങളിലെ ജലസംഭരണികളിൽ വെള്ളമെത്തിച്ചുകഴിഞ്ഞു. കായക്കൊടി വില്ലേജിൽ വിതരണ ശൃംഖലയിലെ 90 ശതമാനവും ചാർജ്ജ് ചെയ്ത് കണക്ഷൻ നൽകിത്തുടങ്ങിയിട്ടുണ്ട്. നരിപ്പറ്റ വില്ലേജിൽ വിതരണ ശൃംഖലയിലെ 65 ശതമാനവും ചാർജ്ജ് ചെയ്ത് കണക്ഷൻ നൽകാൻ സജ്ജമായിട്ടുണ്ട്. വളയം-

വാണിമേൽ വില്ലേജുകളിൽ കുടിവെള്ള വിതരണ ശൃംഖലകൾ യഥാക്രമം 25 ശതമാനവും 30 ശതമാനവും ചാർജ്ജ് ചെയ്തു. ബാക്കി വിതരണ ശൃംഖലകളുടെ ചാർജ്ജിംഗ് നടപടികൾ നടന്നുവരികയാണ്. വിതരണ ശൃംഖലയുടെ ചാർജ്ജിംഗിനിടയിൽ പി.ഡബ്ല്യു.ഡി. റോഡുകളിലുണ്ടാകുന്ന ലീക്കുകൾ പരിഹരിക്കുന്നതിന് റോഡ് കട്ടിംഗ് സംബന്ധമായ നടപടികൾക്ക് സമയം വേണ്ടിവരുന്നതിനാൽ ചാർജ്ജിംഗിന് കാലതാമസം നേരിടുന്നുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ വരൾച്ചയ്ക്ക് ഉപയോഗിക്കാവുന്ന രൂപത്തിൽത്തന്നെ പദ്ധതി പൂർത്തിയാക്കി കമ്മിഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

## (7) തൃത്താല സിവിൽ സ്റ്റേഷൻ

ശ്രീ. വി. ടി. ബൽറാം: സർ, തൃത്താല നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ടൗണായ തൃത്താലയിലെ നിരവധി ഗവൺമെന്റ് ഓഫീസുകൾക്ക് കെട്ടിടമില്ല. കെട്ടിടങ്ങളുള്ളവ നാശോന്മുഖവുമാണ്. പല ഗവൺമെന്റ് ഓഫീസുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പി.ഡബ്ല്യു.ഡി. എ.എക്സ്.ഇ.യുടെ ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, എ.ഇ.ഒ.യുടെ ഓഫീസ്, കെ.എസ്.ഇ.ബി. എഞ്ചിനീയറുടെ ഓഫീസ്, വില്ലേജ് ഓഫീസ്, പഞ്ചായത്തിന്റെ കീഴിലുള്ള കൃഷി ഭവൻ, സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട ഓഫീസ് (എക്സൈസ് വകുപ്പിന് ഓഫീസ് ഇല്ല) തുടങ്ങിയ നിരവധി സർക്കാർ ഓഫീസുകൾക്ക് മതിയായ പ്രവർത്തന സൗകര്യം നിലവിലില്ല. ഇതിനെ മുഴുവൻ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി തൃത്താലയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കണമെന്നത് വർഷങ്ങളായുള്ള ആവശ്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പരിശ്രമിച്ചതിന്റെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തെ ഇടക്കാല ബജറ്റിൽ ഇത് സംബന്ധിച്ച് പ്രഖ്യാപിച്ചിരുന്നു. 332-ാം പാരഗ്രാഫിൽ "In Trithala public offices are functioning in different places. It create a lot of hardship to the common public. To avoid this a Mini Civil Station will be constructed. An amount of Rs. 5 crore is set apart for this.," 5 കോടി രൂപ ഇതിനുവേണ്ടി നീക്കിവച്ചിരുന്നതായി പറഞ്ഞിരുന്നു. അതിന് പിന്നീട് തുടർച്ചയുണ്ടായിട്ടില്ല. അത് വലിയ ബുദ്ധിമുട്ടായിത്തന്നെ ഇപ്പോഴും നിൽക്കുകയാണ്. ഞാൻ അങ്ങ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 50 പ്രധാനപ്പെട്ട വർക്കുകൾ ബജറ്റിൽ ഉൾപ്പെടുത്താൻവേണ്ടി നിർദ്ദേശിച്ച കൂട്ടത്തിൽ പ്രധാന പരിഗണന നൽകി ഈ വർക്ക് നിർദ്ദേശിച്ചിട്ടുണ്ട്. തൃത്താലയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ഫണ്ട് അനുവദിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. പി.ഡബ്ല്യു.ഡി. എ.ഇ.യുടെ ഓഫീസ് ഇപ്പോൾ താൽക്കാലികമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം നാശോന്മുഖമാണ്. അവിടെ സ്ഥലമുണ്ട്. അതല്ലെങ്കിൽ തൊട്ടപ്പുറത്ത് സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.രജിസ്ട്രേഷൻ വകുപ്പിന്റെയും അനുമതിയുണ്ട്. സ്വാതന്ത്ര്യത്തിന്

മുമ്പുള്ള പഴയ കെട്ടിടമാണ്. ആ കെട്ടിടം പൊളിച്ചുകളഞ്ഞിട്ടായാലും മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാവുന്നതാണ്. അപ്രകാരം നിർമ്മിച്ചാൽ വലിയ ഉപകാരമായിരിക്കും. അതിനുവേണ്ടി ഫണ്ട് അനുവദിക്കാൻ അങ്ങ് തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ തൃത്താല മിനി സിവിൽ സ്റ്റേഷന് ഫണ്ട് അനുവദിക്കുന്ന കാര്യം പരാമർശിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ടിൽ പണമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് പുതുക്കിയ ബജറ്റ് വന്നപ്പോൾ അനുവദിക്കാതിരുന്നത്. അക്കൗണ്ടിൽ പണം നീക്കിവച്ചിരുന്ന ഒരു പ്രോജക്ടും നീക്കം ചെയ്തിട്ടില്ല. അല്ലാതുള്ള പ്രഖ്യാപനങ്ങളാണ് തുടരാതെയിരുന്നത്. എന്നാൽ ഇത്തവണത്തെ വർക്സ് ബജറ്റിൽ വാല്യം രണ്ടിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുണ്ട്. ഇതുവരെ ഭരണ വകുപ്പിൽ നിന്നും വേറൊരു പ്രൊപ്പോസലും വന്നിട്ടില്ല. വരുമ്പോൾ നമുക്ക് പരിഗണിക്കാം.

## (8) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി

ശ്രീ. എ. എൻ. ഷംസീർ: സർ, കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനവും ജി.എസ്.ടി.യും നമ്മുടെ സമ്പദ്ഘടനയ്ക്ക് വലിയ ആഘാതം ഏൽപ്പിക്കുകയും അതിന്റെ ഭാഗമായുണ്ടായ recession ഇപ്പോഴും നമ്മുടെ രാജ്യത്തും സംസ്ഥാനത്തും തുടരുകയുമാണ്. അതിന്റെ ദുരിതത്തിൽ നിന്നും ജനങ്ങൾക്ക് ഇപ്പോഴും രക്ഷപ്പെടാൻ സാധിച്ചിട്ടില്ല. കേരളത്തിനകത്ത് നമ്മുടെ സഹകരണ പ്രസ്ഥാനം ജനങ്ങളെ നല്ലതുപോലെ സഹായിക്കുകയും സഹകാരികൾക്ക് നല്ല പിന്തുണ നൽകുകയും ചെയ്തതിന്റെ ഫലമായി പതിനായിരക്കണക്കിന് സഹകാരികളുടെ വായ്പാ തിരിച്ചടവിന്റെ അധിക ബാധ്യതകൾ ഒഴിവാക്കുകയും ഇളവ് അനുവദിക്കുകയും ചെയ്തു. സഹകരണ വകുപ്പ് നടപ്പിലാക്കിയ വൺ ടൈം സെറ്റിൽമെന്റിന്റെ ഭാഗമായാണ് ഇത്തരമൊരു സഹായം ജനങ്ങൾക്ക് ലഭിച്ചത്. ഇപ്പോൾ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ഒറ്റത്തവണ തീർപ്പാക്കലിന്റെ കാലാവധി മാർച്ച് 31-ന് അവസാനിക്കുകയാണ്. അത് മൂന്ന് മാസത്തേയ്ക്ക് കൂടി നീട്ടി നൽകിയാൽ കേരളത്തിന്റെ സമ്പദ്ഘടനയ്ക്കും സഹകാരികൾക്കും സാധാരണ ജനങ്ങൾക്കും വലിയ ആശ്വാസമായിരിക്കും. അതിന് എന്തെങ്കിലും തരത്തിലുള്ള സഹായം സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്യാൻ സാധിക്കുമോ എന്നാണ് അറിയേണ്ടത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ

നിന്നും വായ്പയെടുത്ത സഹകാരികൾക്ക് പല കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ കുടിശ്ശിക വർദ്ധിച്ചുവരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. നോട്ട് അസാധുവാക്കലിനെത്തുടർന്ന് സഹകരണ സ്ഥാപനങ്ങളിലെ വായ്പാ തിരിച്ചടവ് ഗണ്യമായ തോതിൽ കുറയുകയും ഇതിന്റെ ഭാഗമായി ബാങ്കുകളുടെ നഷ്ടം കൂടുകയും ആയത് ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുകയാണ്. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും കൃത്യമായി വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് അവ പരമാവധി കുടിശ്ശികരഹിത ബാങ്കുകളാക്കി മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ആശ്വാസം നൽകുന്നതിന് അവസരം ഒരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സഹകരണമേഖലയിൽ നവകേരളീയം കുടിശ്ശിക നിവാരണം 2018 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. ഇതിന്റെ കാലാവധി ഫെബ്രുവരി 15 മുതൽ മാർച്ച് 25 വരെയായിരുന്നു. സഹകാരികളുടെയും സംഘങ്ങളുടെയും നിവേദനത്തെത്തുടർന്ന് പദ്ധതിയുടെ കാലാവധി 31-3-2018 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെയും മാരകരോഗങ്ങൾ ബാധിച്ചവരുടെയും ഉൾപ്പെടെ വായ്പാക്കാരന്റെ നിലവിലെ സാഹചര്യം, സാമ്പത്തിക സ്ഥിതി, തിരിച്ചടവുശേഷി എന്നിവ കണക്കിലെടുത്ത് വിവിധ ഇളവുകൾ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടാം തവണയാണ് ഇത്തരത്തിൽ സഹകാരികൾക്ക് ആശ്വാസകരമായ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2017-ൽ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ വിജയകരമായി നടപ്പിലാക്കിയിരുന്നു. 2018-ൽ നടന്നുവരുന്ന പദ്ധതിയുടെ 28-2-2018-ലെ പുരോഗതി അനുസരിച്ച് 29,758 പേർക്ക് 11,71,00,000 രൂപയുടെ ആനുകൂല്യം നൽകുകയും 31,26,00,000 രൂപയുടെ വായ്പാ തിരിച്ചടവ് വരികയും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങൾ വായ്പക്കാരുടെ കടബാധ്യത ഒഴിവാക്കുന്നതിനാൽ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന കുടിശ്ശിക നിവാരണം പദ്ധതിയിൽ സർക്കാരിന് അധിക ബാധ്യതയൊന്നും നേരിടേണ്ടി വരുന്നില്ല. ഇങ്ങനെയാണ് കാര്യങ്ങളെങ്കിലും സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച കുടിശ്ശിക നിവാരണ പദ്ധതിയിൽ ബഹുമാനപ്പെട്ട എ.എൻ. ഷംസീർ സൂചിപ്പിച്ച കാര്യങ്ങളും 31.3.2018-ലെ സ്ഥിതിവിവരങ്ങളും കൂടി പരിശോധിച്ച് ടി പദ്ധതി ദീർഘിപ്പിക്കേണ്ട സാഹചര്യമുണ്ടെന്ന് ബോധ്യപ്പെട്ടാൽ ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (9) സ്കൂളുകളുടെ ഭൗതിക വികസനം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, 2017-18-ലെ ബജറ്റിൽ കിഫ്ബിയുടെ സഹായത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ തീരുമാനിക്കുകയും 229 സ്കൂളുകളുടെ ഭൗതിക വികസനത്തിനുവേണ്ടി കിഫ്ബിയിലുൾപ്പെടുത്തി അഞ്ച് കോടി രൂപ, മൂന്ന് കോടി രൂപ എന്നിങ്ങനെ അനുവദിക്കുകയും ചെയ്തു. ഇത് എം.എൽ.എ.മാർക്കെല്ലാം അഭിമാനവും സന്തോഷവുമുള്ള കാര്യമാണ്. കിഫ്ബി വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ എല്ലാ എം.എൽ.എ.മാരുടെയും മണ്ഡലത്തിൽ ഓരോ സ്കൂൾ ലഭിക്കും. അഞ്ച് കോടി രൂപ സർക്കാരിൽ നിന്നും ലഭിക്കും. ഇത് നടപ്പിലാക്കാൻ ഏൽപ്പിച്ചിരിക്കുന്നത് 'കിറ്റ്കോ' എന്ന ഏജൻസിയെയാണ്. ഈ ഏജൻസിയുടെ കാര്യങ്ങളെല്ലാം തട്ടിപ്പാണ്. എം.എൽ.എ.ആയ എന്നോടോ സ്കൂളിന്റെ പി.ടി.എ.യോടോ ചർച്ച ചെയ്യാതെ അവർ പ്രോജക്ട് തയ്യാറാക്കുകയും ഡിസൈൻ വരയ്ക്കുകയും ചെയ്തു. അവർ വരച്ചിരിക്കുന്ന ഡിസൈൻ മന്ത്രി ഉൾപ്പെടെയുള്ള എല്ലാ അംഗങ്ങൾക്കും ഞാൻ കാണിച്ചുതരാം. ഒരു സ്കൂളിന് ആവശ്യമുള്ളതെന്താണ്? നല്ല ക്ലാസ് മുറികൾ, നല്ല ഫർണിച്ചറുകൾ, നല്ല ടോയ്‌ലെറ്റുകൾ, കുട്ടികൾക്ക് കഴിക്കാൻ നല്ല ഭക്ഷണശാല, ലൈബ്രറി, ലാബോറട്ടറി സൗകര്യം, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിശ്രമിക്കാനുള്ള സൗകര്യങ്ങൾ എന്നിവയാണ്. ഇവർ അതൊന്നും ഡിസൈനിൽ വരച്ചിട്ടില്ല. നല്ല കോൺക്രീറ്റ് ചെയ്ത കെട്ടിടം വരച്ച് അതിൽ ഭക്ഷണശാലകൾ ഷീറ്റിട്ട് ഹാൾ സീൽ ചെയ്ത് നിർമ്മിക്കുകയാണ്. ഈ ഭക്ഷണശാല ഉച്ചയ്ക്ക് ഒരു നേരം മാത്രമേ ഉപയോഗിക്കുകയുള്ളൂ. ക്ലാസ് മുറികൾ പെർമനന്റായ രീതിയിൽ പണിയുകയാണ്. ഇതിനെക്കുറിച്ച് സംസാരിക്കാൻ ഇവർ വരുന്നില്ല. കൊട്ടാരക്കര എം.എൽ.എ.യും ശ്രീ.എം.മുകേഷ് ഉൾപ്പെടെയുള്ള എല്ലാ എം.എൽ.എ.-മാരും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അടക്കമുള്ളവർ ഹാബിറ്റാറ്റിനെക്കൊണ്ടാണ് മണ്ഡലത്തിലെ ഡിസൈൻ വരപ്പിക്കുന്നത്. ഹാബിറ്റാറ്റിനും അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ഊരാളുങ്കൽ സർവ്വീസ് സൊസൈറ്റിക്കുമാണ് ഇത് കൊടുത്തിരിക്കുന്നത്. ഭൂരിപക്ഷം എം.എൽ.എ.-മാരും ഈ രണ്ട് ഏജൻസികളെക്കൊണ്ടാണ് ഇത് ചെയ്യിക്കുന്നത്. നമുക്ക് കടലാസ് കൊണ്ടുവരുന്നത് കിറ്റ്കോയാണ്. കഴിഞ്ഞ ദിവസം എനിക്ക് അറിയാൻ സാധിച്ചത് കിറ്റ്കോയുടെ പേമെന്റ് മാറിയെന്നാണ്. ഇത് കിഫ്ബിയിൽ നിന്നുള്ള പണമാണ്. ഇത് ശേഖരിക്കുന്നത് വളരെ ബുദ്ധിമുട്ടിയാണെന്നുള്ള കാര്യം ബഹുമാന്യരായ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും അറിയാം. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസിൽ നല്ല സെൻസിബിളായ സ്റ്റാഫുണ്ട്. അവർ നല്ല കഴിവുള്ളവരാണ്. മണിറാമിനെക്കുറിച്ചൊക്കെ നല്ല അഭിപ്രായമാണ്.

അവരെ ആരെയെങ്കിലും ചുമതലപ്പെടുത്തി ഇതിലെ കള്ളത്തരം കണ്ടുപിടിക്കണം. ഇതിൽ വലിയ കള്ളത്തരമുണ്ട്. നമുക്ക് സ്കൂൾ കിട്ടി എന്നുള്ളതുകൊണ്ട് എം.എൽ.എ.-മാർക്കും മന്ത്രിമാർക്കുമെല്ലാം സന്തോഷിക്കാം. പക്ഷേ ഇതിന്റെ പേരിൽ ക്രമക്കേടും അഴിമതിയും നാട്ടിൽ ആരോപിക്കപ്പെടുമ്പോൾ എം.എൽ.എ.-മാരും മന്ത്രിമാരും പ്രതിക്കൂട്ടിൽ നിൽക്കും. അത്തരം നാണംകെട്ട അവസ്ഥയുണ്ടാകാൻ പാടില്ല. ഇത്തരം മധ്യസ്ഥരെ നമുക്ക് ആവശ്യമുണ്ടോയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആലോചിക്കണം. കിഫ്ബിയുടെ പണം വളരെ വിലപ്പെട്ടതാണ്. അത് ധാരാളമുണ്ടെന്ന് കരുതി ഇത്തരത്തിൽ ചോർന്നുപോകാൻ അനുവദിക്കരുത്. ഇടനിലക്കാർ പെർസന്റേജ് കൊണ്ടു പോകുകയാണ്. പെർസന്റേജ് പരിപാടി നിർത്തണം. ഒരു ചർച്ചയ്ക്ക് വിളിച്ചാൽ അവർ വരില്ല. നമ്മളോട് കാര്യങ്ങൾ ആലോചിക്കില്ല. ഒരു ഹയർ സെക്കണ്ടറി സ്കൂളിന് മൂന്ന് കോടി രൂപ അനുവദിച്ചു. അവർ പ്രോജക്ട് തയ്യാറാക്കുന്നില്ല. പി.ടി.എ.യോട് ചോദിക്കുന്നുമില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ......പ്ലീസ്........

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, അങ്ങയേയും ബാധിക്കുന്ന വിഷയമാണിത്. ഇത് ഈ നാട്ടിൽ അഴിമതിയായി വരുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്കും മറ്റുള്ളവർക്കും തലവേദനയാകും. ഒരപകടം കാണുമ്പോൾ സഹപ്രവർത്തകൻ എന്ന നിലയിൽ നേരത്തെ ചൂണ്ടിക്കാണിക്കുകയാണ്. കഴിഞ്ഞ 18 വർഷത്തിനുള്ളിൽ ഇതുപോലുള്ള പല അപകടങ്ങളും കണ്ടിട്ടുള്ള ആളാണ് ഞാൻ. അത് നേരത്തെ ചൂണ്ടിക്കാണിക്കുമ്പോൾ പിണങ്ങിയിട്ട് കാര്യമില്ല. ഇത് തെറ്റാണ്, പരിഹരിക്കണം. ഇത് ഗവൺമെന്റിന് ചീത്തപ്പേരുണ്ടാക്കുമെന്നതിൽ സംശയമില്ല. ഇടനിലക്കാരെ ഒഴിവാക്കണം. ഹാബിറ്റാറ്റ് ഒരുപാട് സ്ഥലത്ത് വർക്കുകൾ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും എക്സൈസ് വകുപ്പുമന്ത്രിയുടെയും മണ്ഡലങ്ങളിൽ ഹാബിറ്റാറ്റാണ് വർക്കുകൾ ചെയ്യുന്നത്. പക്ഷേ ഹാബിറ്റാറ്റിനും ഊരാളുങ്കൽ സർവ്വീസ് സൊസൈറ്റിക്കും ഒരു രൂപയും കൊടുത്തിട്ടില്ല. അവർ പിക്ചറിലില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ ഒരു കത്ത് തന്നിട്ടുണ്ട്.

എന്റെ മണ്ഡലത്തിലെ വെട്ടിക്കവല സ്കൂൾ ടെണ്ടർ ചെയ്യാൻ പോകുകയാണ്. ആ വർക്ക് അഞ്ച് കോടി രൂപയ്ക്കുള്ളിൽ തീരും. പക്ഷേ ഏഴരക്കോടി രൂപയാണ് വച്ചിരിക്കുന്നത്. ഏഴരക്കോടി രൂപയിൽ രണ്ടരക്കോടി രൂപ ആ ഗ്രാമത്തിൽ നിന്നും പിരിക്കാൻ സാധിക്കില്ല. എം.എൽ.എ.ഫണ്ട് കൊടുക്കണമെന്നാണ് പറയുന്നത്. പക്ഷേ ഏഴരക്കോടി രൂപയുടെ വർക്കില്ല. വലിയ കനോപ്പികളും

ആഡിറ്റോറിയങ്ങളും പണിതു. അതിന്റെയൊന്നും ആവശ്യമില്ല. ഒരു സ്കൂളിൽ ഒരു ദിവസമാണ് ആനിവേഴ്സറിയുള്ളത്. അതിന് വലിയ കനോപ്പി (ഓപ്പൺ എയർ തിയേറ്റർ)-യുടെ ആവശ്യമില്ല. ആദ്യം കുട്ടികൾക്ക് ഇരുന്ന് പഠിക്കാനുള്ള സൗകര്യം ഒരുക്കണം. നല്ല ക്ലാസ് മുറികളും നല്ല സൗകര്യങ്ങളും വേണം. അവിടെ എന്താണ് ചെയ്തിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ധനകാര്യ വകുപ്പിന്റെ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണം. വിദ്യാഭ്യാസ വകുപ്പും അന്വേഷിക്കണം. എനിക്ക് 5-2-2018-ൽ ശ്രീമതി ഉഷാ ടൈറ്റസിന്റെ ഒരു കത്ത് ലഭിച്ചു. അതിന് മറുപടിയും കൊടുത്തു. എന്റെ മണ്ഡലത്തിലെ ഈ കാര്യം എന്നോട് ചർച്ച ചെയ്യാത്തതിനാൽ ടെണ്ടർ ചെയ്യരുത്, ഇതിന്മേൽ നടപടിയെടുക്കരുത്, ഇത് ചർച്ച ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് 12-2-2018-ൽ മന്ത്രിക്കും ഒരു കത്ത് കൊടുത്തു. ഇന്നേ ദിവസം വരെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു മറുപടിയും എനിക്ക് ലഭിച്ചിട്ടില്ല. ഇത് ശരിയല്ല. ഇതിൽ വലിയ അപകടമുണ്ട്. നമ്മുടെ മണ്ഡലത്തിൽ വന്ന സ്കൂളിന്റെ പണി പെട്ടെന്ന് തീർന്നോട്ടെ എന്ന് നമ്മൾ തീരുമാനിക്കും. പക്ഷെ ഇതിന്റെ വരുംവരായ്കകൾ വളരെ ദോഷം ചെയ്യുന്നതാണ്. അതുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി നേരിട്ട് ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കണം. ഒന്നുകിൽ ഹാബിറ്റാറ്റ് അല്ലെങ്കിൽ ഊരാളുങ്കൽ സർവ്വീസ് സൊസൈറ്റിക്ക് വർക്ക് നൽകണം. അല്ലാതെ ഇടയ്ക്ക് ഒരു മീഡിയേറ്റർ എന്തിനാണ്? 141 മണ്ഡലങ്ങളിലും അനുവദിച്ച ഈ പദ്ധതി എം.എൽ.എ.-മാരോട് ചർച്ച ചെയ്യാതെ കൊണ്ടുവരാൻ കിറ്റ്കോക്ക് ആര് അധികാരം കൊടുത്തു? ഇതിനെല്ലാം സർക്കാരിന്റെ ഖജനാവിലെ പണമാണ് ചോരുന്നത്. അത് നമ്മൾ കണ്ടെത്തണം.

എം.എൽ.എ.മാരുടെ ശമ്പളം വർദ്ധിപ്പിച്ചതുകൊണ്ട് ഒരു കുഴപ്പവുമില്ല. എം.എൽ.എ.മാർക്ക് മറ്റുള്ളവരുടെ ചെലവിൽ ജീവിക്കാൻ സാധിക്കില്ല. എം.എൽ.എ.മാർക്ക് വല്ലവരുടെയും ചെലവിൽ അഴിമതിക്കാരായി ജീവിക്കാനും സാധിക്കില്ല. എം.എൽ.എ.-മാരുടെ ശമ്പളം വർദ്ധിപ്പിക്കണം. ജനങ്ങൾക്കുവേണ്ടി എല്ലാ ദിവസവും ഇറങ്ങി നടക്കുന്ന പൊതുപ്രവർത്തകന് ശമ്പളം കൊടുക്കണം. പഞ്ചായത്ത് മെമ്പർമാർക്കുവരെ ശമ്പളവും പെൻഷനും വർദ്ധിപ്പിച്ച് കൊടുക്കണമെന്ന് പറയുന്ന ആളാണ് ഞാൻ. രാവിലെ മുതൽ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നവരാണ് ജനപ്രതിനിധികൾ. എം.എൽ.എ.മാരുടെ ശമ്പളം വർദ്ധിപ്പിച്ചത് അക്കൗണ്ടബിലിറ്റിയോടുകൂടിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഇടപെടുകയും മറുപടി ലഭ്യമാക്കുകയും വേണം. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും ഞാൻ അഭ്യർത്ഥിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഇതേ കാര്യം ഉന്നയിച്ചുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് കൊടുത്തിരുന്നു. ഇവിടെ മൗനമായിരിക്കുന്ന എല്ലാ ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാരുടെയും വികാരമാണിത്. ആ വികാരം മാനിച്ചുകൊണ്ടായിരിക്കണം അങ്ങ് മറുപടി നൽകേണ്ടത്. ഇവിടെ സൗജന്യമായി വർക്ക് ചെയ്തുതരാൻ ആളുകളുണ്ട്. ഒരു കാര്യവും ഞങ്ങളോട് അന്വേഷിക്കാതെ വീട്ടിലിരുന്ന് പ്ലാൻ തയ്യാറാക്കുകയാണ്. അതുതന്നെയാണ് ഞാൻ എഴുതിയത്. അവിടത്തെ പി.ടി.എ.യുടെയോ എം.എൽ.എ.യുടെയോ മറ്റാരുടെയും വികാരം മാനിക്കാതെ ഇങ്ങനെ ചെയ്യുന്നത് ശരിയല്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഡോ. എം. കെ. മുനീറിന്റെ കത്തിന് ഞാൻ മറുപടി തന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 8-12-2016-ലെ ഉത്തരവ് പ്രകാരം മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന സ്കൂളുകൾക്ക് പ്രാദേശിക തലത്തിൽ മാസ്റ്റർ പ്ലാനുണ്ടാക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ പരിശോധിച്ച് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോയെ 31.3.2017-ലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവുപ്രകാരം ചുമതലപ്പെടുത്തിയിരുന്നു. പ്രാദേശികതലത്തിൽ ജനപ്രതിനിധികളും സ്കൂൾ അധികൃതരും പി.ടി.എ.-യും സംയുക്തമായി തയ്യാറാക്കിയിരുന്ന മാസ്റ്റർപ്ലാനിനെയോ നിർദ്ദേശങ്ങളെയോ അവലംബിച്ചാണ് കിറ്റ്കോ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. മാത്രവുമല്ല, പലപ്പോഴും പലരും രൂപരേഖ തയ്യാറാക്കിയിരുന്നത് കെ.ഇ.ആർ. ചട്ടപ്രകാരമുള്ള ക്ലാസ് മുറികൾക്കുവേണ്ടിയല്ല. അതായത് കെട്ടിടം നിർമ്മിച്ച് കഴിയുമ്പോൾ അതിന് നമ്പർ കിട്ടാത്ത പ്രശ്നമൊക്കെ വരാം. അതടക്കം പരിശോധിച്ചാണ് കിറ്റ്കോ എന്ന സ്ഥാപനത്തെ ഏൽപ്പിച്ച് കെ.ഇ.ആർ ചട്ടപ്രകാരം മാത്രമേ ക്ലാസ് മുറികൾ രൂപകൽപ്പന ചെയ്യാവൂ എന്ന് പ്രധാനമായി നിർദ്ദേശിച്ചിരുന്നത്. ആ കെട്ടിടം നിർമ്മിക്കുമ്പോൾ സ്കൂൾ എന്ന നിലയിൽ സാംഗ്ഷൻ കിട്ടില്ല. ഇതെല്ലാം കെ.ഇ.ആർ. ചട്ടപ്രകാരവും കിഫ്ബിയുടെ നിയമപ്രകാരവും നോക്കുക. ഇതൊന്നും അറിയാത്ത അക്രഡിറ്റഡ് ഏജൻസീസ് ഇത് ചെയ്തുവെന്ന് വരില്ല. അതുകൊണ്ട് അക്രഡിറ്റഡ് ഏജൻസി തയ്യാറാക്കിയ പ്ലാൻ ഇത്തരത്തിൽ വെറ്റ് ചെയ്തുകൊണ്ട് കിഫ്ബിക്ക് സബ്മിറ്റ് ചെയ്യാവുന്ന രീതിയിൽ മാറ്റാനാണ് കിഫ്ബിയെ ഏൽപ്പിച്ചത്. അത് അതാത് പ്രദേശത്തെ എം.എൽ.എ.-മാരോടും പി.ടി.എ.യോടും ചർച്ച ചെയ്തിട്ട് വേണം എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതാണ് ഞാൻ നേരത്തേ അദ്ദേഹത്തോട് പറഞ്ഞത്....(ബഹളം).......

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, എം.എൽ.എ.മാരുമായി ആലോചിക്കാറില്ല. എം.എൽ.എ.മാരെ നോക്കുകുത്തികളാക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ..... (ബഹളം).......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്...പ്ലീസ്..പ്ലീസ്...

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, അങ്ങനെയാണ് അവരോട് നിർദ്ദേശിച്ചിരിക്കുന്നത്. അത്തരത്തിൽ അവരോട് ചർച്ച ചെയ്യാനാണ് പറഞ്ഞിട്ടുള്ളത്. ചർച്ച ചെയ്ത് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ടെണ്ടറിന്റെ ഫൈനൽ സ്റ്റേജിലാണ്. കെട്ടിടം നിർമ്മിച്ച് കഴിഞ്ഞിട്ടൊന്നുമില്ല. അങ്ങ് പറഞ്ഞതുപോലെ ഇപ്പോൾ ചെയ്തിട്ടുള്ള ഡിസൈൻ ടെണ്ടർ ചെയ്ത് ആരെങ്കിലും എടുത്താൽത്തന്നെ അത് പരിശോധിക്കാനും വീണ്ടും നമുക്ക് ചെയ്യാനും സാധിക്കും. ഒരു പ്രശ്നവുമില്ല. ഇത് വീണ്ടും ചർച്ച ചെയ്യാവുന്നതാണ്. ....(ബഹളം)...... എം.എൽ.എ.മാരോട് ചോദിച്ചുമാത്രമേ ചെയ്യുകയുള്ളൂ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇത് ചർച്ചയാക്കി മാറ്ററുത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ രണ്ടുമൂന്ന് മാസം മുമ്പ് ഈ സഭയിൽ ഉന്നയിച്ച വളരെ ഗൗരവകരമായ പ്രശ്നമാണ്. 140 നിയോജകമണ്ഡലങ്ങളിലും ഈ പദ്ധതി നടത്താൻവേണ്ടി ഒരു ഇൻഫ്രാസ്ട്രക്ചർ കിറ്റ്കോയ്ക്ക് ഇല്ല. അവരെക്കൊണ്ട് അത് ചെയ്യാൻ പറ്റില്ല. അവർ അവരുടെ ട്രെയിനിയെയാണ് അയയ്ക്കുന്നത്. അവരുടെ കാൽക്കുലേഷൻസ്, എസ്റ്റിമേറ്റ് എന്നിവ ഒരു ബന്ധവുമില്ലാത്തതാണ്. പേടിക്കണ്ട എന്നാണ് അങ്ങ് പറഞ്ഞത്. ഇതൊക്കെ ടെണ്ടർ ചെയ്തുകഴിഞ്ഞു. നമ്മൾ പറയുന്നതൊന്നുമല്ല ചെയ്തിരിക്കുന്നത്. ഒരു മാസ്റ്റർ പ്ലാനുമില്ല. മന്ത്രി പറയുന്നതിനെ ഞാൻ ഡിസ്പ്യൂട്ട് ചെയ്യുന്നില്ല. ചില സ്ഥലത്ത് ശരിയായിക്കാണും. പക്ഷേ മെജോറിറ്റി സ്ഥലങ്ങളിലും എം.എൽ.എ.മാർ ശ്രദ്ധിച്ചുനോക്കിയാൽ അറിയാം അത് നടന്നിരിക്കുന്നത് ശരിയായ രീതിയിലല്ല. സർക്കാർ ആഗ്രഹിച്ച രീതിയിലല്ല നടപ്പിലാക്കിയിരിക്കുന്നത്. സർക്കാരിന് ഒരു പർപ്പസുണ്ട്. ഒരു മാസ്റ്റർ പ്ലാൻ വേണം, വളരെ നന്നായി നടക്കണം, 5 കോടി രൂപ ചെലവഴിക്കുകയാണ്. സർക്കാരിന് നല്ല ഇന്റൻഷനുണ്ട്. സദുദ്ദേശവുമുണ്ട്. ആ സദുദ്ദേശം നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ ഇംപ്ലിമെന്റ് ചെയ്യാൻ this agency is not competent. ഞാൻ ഇക്കാര്യം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അങ്ങ് ഡൽഹിയിൽ പോകാതിരുന്നത് നന്നായി. ഇക്കാര്യം അങ്ങ് കൂടി ശ്രദ്ധിക്കണം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, നേരത്തേ സൂചിപ്പിച്ചതുപോലെ കിറ്റ്കോ എസ്റ്റിമേറ്റ് തയ്യാറാക്കി അത് വെറ്റ് ചെയ്യുക മാത്രമേ ചെയ്യുന്നുള്ളൂ. കിറ്റ്കോ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മതി എന്നുപറഞ്ഞ സ്കൂളുകളുണ്ട്. എന്റെ മണ്ഡലത്തിലടക്കം കിറ്റ്കോ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കിറ്റ്കോ അല്ലാതെ

എസ്റ്റിമേറ്റ് തയ്യാറാക്കിയത് കെ.ഇ.ആർ. പ്രൊവിഷൻസും കിഫ്ബിയുടെ പ്രൊവിഷൻസും അതിലുൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് വെറ്റ് ചെയ്ത് കിഫ്ബിക്ക് ആവുന്ന രീതിയിൽ മാറ്റുക എന്നുള്ളത് മാത്രമേ കിഫ്ബി ചെയ്തിട്ടുള്ളൂ. അല്ലെങ്കിൽ കിറ്റ്കോ ചെയ്തോളൂ എന്ന് ചിലർ പറഞ്ഞിട്ടുണ്ട്. അത് കിറ്റ്കോ ചെയ്തിട്ടുണ്ട്. അവർ ചർച്ച ചെയ്തിട്ടില്ലെങ്കിൽ വീണ്ടും ചർച്ച ചെയ്യാം. കിറ്റ്കോയെ ഏൽപ്പിച്ചിട്ടുള്ളത് കെ.ഇ.ആർ. പ്രൊവിഷൻസും കിഫ്ബി പ്രൊവിഷൻസും അനുസരിച്ചാണ്. അതാത് സ്ഥലത്ത് ചർച്ച ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. ചർച്ച ചെയ്യാത്ത സ്ഥലത്ത് ടെണ്ടർ ചെയ്താലും ടെണ്ടർ ചെയ്യുന്നതിനുമുമ്പ് ചർച്ച ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതുവരെ പ്രശ്നങ്ങളൊന്നുമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എം.എൽ.എ.-മാരുമായി ചർച്ച ചെയ്യണമെന്ന് സ്പെസിഫിക്കായിട്ടുള്ള നിർദ്ദേശം അങ്ങ് കൊടുക്കണം. എല്ലാവരുമായിട്ടല്ല ചർച്ച ചെയ്യേണ്ടത്. കാരണം ഒരു നിയോജകമണ്ഡലത്തിലെ എം.എൽ.എ.യ്ക്ക് അവിടെ നടക്കുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിയാനുള്ള ഉത്തരവാദിത്വമുണ്ടല്ലോ; എം.എൽ.എ.മാരുമായി ചർച്ച ചെയ്ത് ഇതിന് അന്തിമ തീരുമാനം എടുക്കണമെന്ന് കിറ്റ്കോയ്ക്ക് അങ്ങ് നിർദ്ദേശം നൽകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇനി എല്ലാവരുമായി ചർച്ച നടത്തേണ്ടതില്ല. എന്റെ മണ്ഡലത്തിലടക്കം ചർച്ച ചെയ്തിട്ടുണ്ട്. ചർച്ച ചെയ്യാത്ത ആരെങ്കിലുമുണ്ടെങ്കിൽ ചർച്ച ചെയ്യാം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ചർച്ചയ്ക്ക് വിളിച്ചാൽ അവർ വരില്ല.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അങ്ങ് പറഞ്ഞാൽ മതി. ഞാൻ ചർച്ചയ്ക്ക് വിളിക്കാം. എന്റെ മുമ്പിൽ വച്ച് ചർച്ച ചെയ്യാം. അതിന് യാതൊരു പ്രശ്നവുമില്ല.

## (10) ശനിയാഴ്ച അവധി ദിനമാക്കുന്നത് സംബന്ധിച്ച്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ശനിയാഴ്ച പ്രവൃത്തി ദിവസം ഒഴിവാക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. സംസ്ഥാനത്ത് 1980-കളിൽ ആരംഭിച്ച വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി സമയം രാവിലെ 8.30 മുതൽ വൈകുന്നേരം 4.30 വരെയാണ്. തിങ്കൾ മുതൽ ശനി വരെയാണ് പ്രവൃത്തി ദിവസങ്ങൾ. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ - സ്കൂളുകളും കോളേജുകളും അടക്കമുള്ള മറ്റ് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവൃത്തി ദിവസം എന്നുപറയുന്നത് തിങ്കൾ മുതൽ വെള്ളി വരെയാണ്. പക്ഷേ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ മാത്രം ശനിയാഴ്ച കൂടി പ്രവൃത്തി ദിവസമാണ്. നമുക്കറിയാം, കുട്ടികൾക്ക് ശനിയാഴ്ച ദിവസങ്ങളിലാണ് എൻട്രൻസ്

കോച്ചിംഗ് അടക്കമുള്ള കാര്യങ്ങൾക്കൊക്കെ പോകേണ്ടത്. പല വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും അറ്റൻഡൻസ് പരിശോധിച്ചുകഴിഞ്ഞാൽ ശനിയാഴ്ച ദിവസങ്ങളിൽ അറ്റൻഡൻസ് വളരെ കുറവാണ്. ഞായറാഴ്ച മാത്രമാണ് അവർക്ക് അവധിയുള്ളത്. അങ്ങനെ പല പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ട്. ശനിയാഴ്ച ഒഴിവാക്കി കൊടുക്കണമെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പല നിവേദനങ്ങളും ഗവൺമെന്റിന് ലഭ്യമായിട്ടുണ്ട്. പക്ഷേ ഇതുവരെ അത് പരിഗണിച്ചിട്ടില്ല. ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി ദിവസങ്ങൾ തിങ്കൾ മുതൽ വെള്ളി വരെയാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ മാത്രമാണ് ശനിയാഴ്ചകൂടി അധിക ക്ലാസ്സുള്ളത്. അധികമായി വരുന്ന ഒരു ദിവസത്തെ ക്ലാസ് മാറ്റി ശനിയാഴ്ച ദിവസം അവധി ദിവസമാക്കാനുള്ള പ്രഖ്യാപനമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ പ്രവൃത്തി ദിവസം നിലവിൽ തിങ്കൾ മുതൽ ശനി വരെയുള്ള ആറ് ദിവസങ്ങളാണ്. ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്ന് വ്യത്യസ്തമായി പ്രവൃത്തി പരിചയത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള പഠനപദ്ധതി ആയതിനാലാണ് ശനിയാഴ്ചകൾ കൂടി പ്രവൃത്തി ദിനമായി നിശ്ചയിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള ക്രമീകരണത്തിലൂടെ മാത്രമേ പാഠ്യപദ്ധതിയുടെ ബോധനം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കുമ്പോൾ മാറ്റത്തിനനുസരിച്ച് ഇക്കാര്യവും പരിശോധിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 33, പതിനാലാം സമ്മേളനത്തിലെ 2827, പതിനാറാം സമ്മേളനത്തിലെ 181, പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 123, ഒൻപതാം സമ്മേളനത്തിലെ 1, 18, 111, 146, 238, 1881, 1896, 1920, 1927, 1944, 1972, 1973, 1983 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 5234, പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 3111 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3238 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 2409, പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 458, 2200, 2221, 2232, 2249 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 629, ആറാം സമ്മേളനത്തിലെ 747, പതിനൊന്നാം സമ്മേളനത്തിലെ 731 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 3869 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 3217 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 5021, ഏഴാം സമ്മേളനത്തിലെ 1115, ഒൻപതാം സമ്മേളനത്തിലെ 1334 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

## VII റിപ്പോർട്ട് പരിഗണന

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ..... ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് ചട്ടം 300 അനുസരിച്ചുള്ള ഒരു പ്രസ്താവന നടത്താൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി കത്ത് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന ഇപ്പോൾ നടത്താവുന്നതാണ്.

## VIII. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, 17-11-2014-ലെ സ.ഉ.(എം.എസ്.) നമ്പർ 96/2014/വനം ഉത്തരവുപ്രകാരം വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 5 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ നിയമപരമായ അവകാശികൾക്ക് ഒരു ലക്ഷം രൂപയും നൽകിവരുന്നു. 22-3-2013-ലെ സ.ഉ.(എം.എസ്.)നമ്പർ 32/2013/വനം ഉത്തരവു പ്രകാരം വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും കന്നുകാലികൾക്കും മറ്റ് വസ്തുക്കൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും 75,000 രൂപയും നൽകിവരുന്നു. കേരള നിയമസഭയുടെ വിഷയ നിർണ്ണയ സമിതി X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പത്താമത് ശിപാർശ പ്രകാരം വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിച്ച വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നൽകിവരുന്ന നിലവിലുള്ള നഷ്ടപരിഹാരത്തുക 5 ലക്ഷം രൂപയിൽനിന്നും
10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു നൽകാൻ ശിപാർശ ചെയ്തിരുന്നു.

1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക് ബൈ വൈൽഡ് അനിമൽസ് എന്ന ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന 5 ലക്ഷം രൂപ 10 ലക്ഷം രൂപയായും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നിലവിൽ അവകാശികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ഒരു ലക്ഷം രൂപ 2 ലക്ഷം രൂപയായും സ്ഥായിയായ അംഗവൈകല്യ മുണ്ടാകുന്നവർക്ക് നിലവിൽ നൽകിവരുന്ന 75,000 രൂപ പരമാവധി 2 ലക്ഷം രൂപയായും വീടുകൾ/കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നിലവിൽ നൽകിവരുന്ന 75,000 രൂപയെന്നത് കണക്കാക്കപ്പെടുന്ന തുകയുടെ 100 ശതമാനം, അതായത് പരമാവധി ഒരു ലക്ഷം രൂപയെന്ന നിരക്കിലും വ്യക്തികൾക്കുണ്ടാകുന്ന പരിക്കുമൂലം ചികിത്സയ്ക്ക് ചെലവാകുന്ന തുക നിലവിൽ 75,000 രൂപയെന്നത് പരമാവധി ഒരു ലക്ഷം രൂപയെന്ന നിരക്കിലും വർദ്ധിപ്പിക്കുന്നതിനും പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതിനും 27-3-2018-ലെ മന്ത്രിസഭായോഗം തീരുമാനിച്ചു.

വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തി വന കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ട പരിഹാരത്തിന് അർഹതയില്ലായെങ്കിലും സ്ഥിരം കുറ്റവാളികളല്ലാത്ത വനം കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ വനം കുറ്റകൃത്യത്തിന് ഇടയിലല്ലാതെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് പരിശോധിച്ച് അർഹതയുള്ള കേസിൽ നഷ്ടപരിഹാരം നൽകുന്നതിനും തീരുമാനിച്ചു. മനുഷ്യജീവഹാനി ഉണ്ടായാൽ റെയ്ഞ്ച് ഓഫീസറുടെ ശിപാർശ ലഭിച്ചാൽ 15 ദിവസത്തിനകം ബന്ധപ്പെട്ട ഡി.എഫ്.ഒ./വൈൽഡ് ലൈഫ് വാർഡൻ തുടരന്വേഷണം നടത്തുകയും 15 ദിവസത്തിനകം ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും വില്ലേജ് ഓഫീസറുടെ പക്കൽനിന്നും ബന്ധുത്വം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തിന്റെ ആകെ തുകയുടെ 50 ശതമാനം മരണപ്പെട്ടയാളുടെ നിയമപരമായ അവകാശികൾക്ക് നൽകണമെന്നും ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം നൽകണമെന്നും തീരുമാനിച്ചു.

## IX നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെ ടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇതുസംബന്ധിച്ച് വളരെ കുറച്ചു മാത്രമേ സംസാരിക്കാനുള്ളു. ഇതൊരു ചെറിയ ഭേദഗതിയാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ യൂണിയനുകളിൽ താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനെ സർക്കിൾ യൂണിയൻ എന്നും സംസ്ഥാന അടിസ്ഥാനത്തിലുള്ളതിനെ സംസ്ഥാന സഹകരണ യൂണിയൻ എന്നും വിളിക്കാറുണ്ട്. അതിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചിത മണ്ഡലങ്ങളിൽ

നിന്ന് പ്രതിനിധികളെ നിശ്ചയിക്കുകയാണ് ചെയ്യുന്നത്. ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത് വ്യത്യസ്ത മണ്ഡലങ്ങളിൽനിന്നും മത്സരിക്കുന്ന പ്രതിനിധികളെ എല്ലാ സഹകരണ സംഘങ്ങളുടെയും ഭരണസമിതി അംഗങ്ങൾ ചേർന്ന് തെരഞ്ഞെടുക്കപ്പെടുന്ന രീതിയാണ്. ഈ രീതിയിലെ അനൗചിത്യം പല സഹകാരികളും നിരന്തരമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. വിവിധ മണ്ഡലങ്ങളിൽനിന്ന് മത്സരിക്കുന്ന പ്രതിനിധികളെ എല്ലാ സംഘം ഭരണസമിതി അംഗങ്ങളും ചേർന്ന് തെരഞ്ഞെടുക്കുന്ന സ്ഥിതി ഉണ്ടാകുമ്പോൾ പലപ്പോഴും നാമമാത്രമായി പ്രവർത്തിക്കുന്ന കടലാസ് സംഘങ്ങൾ എന്ന് വിളിക്കാൻ കഴിയുന്ന സംഘങ്ങൾ, പ്രവർത്തനരഹിതമായി നിൽക്കുന്ന സംഘങ്ങൾ, അടച്ചുപൂട്ടലിന്റെ വക്കത്ത് എത്തിനിൽക്കുന്ന സംഘങ്ങൾ ഇവയുടെയെല്ലാം ഭരണസമിതി അംഗങ്ങൾ വിശാലമായ സഹകരണ താൽപ്പര്യത്തിനുപരി അവരുടെ നിക്ഷിപ്ത താൽപ്പര്യങ്ങൾ മുൻനിർത്തി വോട്ട് രേഖപ്പെടുത്തി ഫലത്തിൽ യഥാർത്ഥ അവകാശികൾക്ക് സഹകരണ യൂണിയനിലേയ്ക്ക് മത്സരിച്ച് വരാനുള്ള അവസരം ഇല്ലാതാക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യം വളരെ വിശദമായി പരിശോധിച്ചതിന് ശേഷമാണ് ഒരു ചെറിയ ഭേദഗതി ഇക്കാര്യത്തിൽ കൊണ്ടുവരുന്നത് നന്നായിരിക്കുമെന്ന് കരുതിയത്. കൂടുതൽ നീതിപൂർവ്വവും ജനാധിപത്യപരവും യുക്തിസഹവുമായുള്ള തീരുമാനം എടുക്കുകയെന്നുള്ള നിലയിലാണ് തെരഞ്ഞെടുക്കപ്പെടേണ്ടവരും തെരഞ്ഞെടുപ്പിന് വോട്ട് ചെയ്യേണ്ടവരും അതാത് വിഭാഗത്തിൽപ്പെടുന്നവർ ആയാലായിരിക്കും നന്നാവുകയെന്ന നിലയിലുള്ള ഒരു ചെറിയ ഭേദഗതി നിർദ്ദേശിക്കുന്നത്. ഇത്തരം നിയമ ഭേദഗതിയിലൂടെ യഥാർത്ഥ അവകാശികൾക്ക് സർക്കിൾ സഹകരണ യൂണിയന്റെ പ്രാതിനിധ്യം ഉറപ്പാക്കാൻ കഴിയും. ഇതാണ് പൊതുവെ ഇത്തരം ഭേദഗതി കൊണ്ടുവരുന്നതിന് കാരണമായിട്ടുള്ളത്.

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1969 വരെ നമ്മുടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നത് 1951-ലെ തിരുവിതാംകൂർ-കൊച്ചി സഹകരണ സംഘം ആക്ടും 1932-ലെ മദ്രാസ് സഹകരണ സംഘം ആക്ടും അനുസരിച്ചായിരുന്നു. ഈ രണ്ട് തരം സഹകരണ നിയമങ്ങൾക്കുപകരം സംസ്ഥാനത്തിന് മുഴുവൻ ബാധകമായ ഒരു ഏകീകൃത നിയമം കൊണ്ടുവരേണ്ടത് ആവശ്യമായതിനാലും സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയിലുണ്ടാകുന്ന വളർച്ച ഉൾക്കൊള്ളിക്കുന്നതിനും സഹകരണ സംഘങ്ങളുടെ രൂപീകരണം, നിയന്ത്രണം എന്നിവയോടൊപ്പംതന്നെ സഹകരണ സംഘങ്ങളുടെ ഭരണ നിർവ്വഹണത്തിൽ

സർക്കാരിനുള്ള പങ്കാളിത്തത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും അപ്പീൽ, റിവിഷൻ, റിവ്യൂ എന്നിവയുടെ നടത്തിപ്പിനായി ട്രിബ്യൂണലുകൾ രൂപീകരിക്കുന്നതിനുമായാണ് 1969-ൽ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് നിലവിൽ വന്നത്. 1969-ലെ കേരള സഹകരണ സംഘം ആക്ടിലെ 88-ാം വകുപ്പിൽ നിലവിലുണ്ടായിരുന്ന സ്റ്റേറ്റ് യൂണിയനിലേക്കും സർക്കിൾ യൂണിയനിലേക്കും കമ്മിറ്റി അംഗങ്ങൾക്കിടയിൽനിന്നും തെരഞ്ഞെടുക്കുന്ന 9 അംഗങ്ങൾ എന്നാണ് ഉണ്ടായിരുന്നത്. ആയത് 1979-ൽ 15-ാം ആക്ടിലൂടെ 7 അംഗങ്ങളായി കുറച്ചു. ഇപ്പോഴും 7 അംഗങ്ങൾ തന്നെയാണ് തുടരുന്നത്. പ്രസ്തുത ആക്ടിലെ 88-ാം വകുപ്പിന്റെ (എ) ഖണ്ഡപ്രകാരം സർക്കിളിനുള്ളിലെ അഫിലിയേറ്റ് ചെയ്ത സംഘങ്ങളുടെ കമ്മിറ്റി അംഗങ്ങളിൽനിന്നും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന 7 അംഗങ്ങൾ എന്നാണുള്ളത്. 88-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ നിലവിലുള്ള (എ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുവാനാണ് ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. ആയത് ഇപ്രകാരമാണ്,"നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സർക്കിളിനകത്തുള്ള വിവിധ വിഭാഗങ്ങൾ, അഫിലിയേറ്റഡ് സംഘങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് അങ്ങനെയുള്ള ഓരോ വിഭാഗം സംഘങ്ങളിലെയും കമ്മിറ്റി അംഗങ്ങൾ അവർക്കിടയിൽനിന്ന് തെരഞ്ഞെടുക്കുന്ന 7 അംഗങ്ങൾ" എന്നാണ്. ഇവിടത്തെ സംശയം, ഒരു സംഘം രജിസ്റ്റർ ചെയ്യുമ്പോൾ അതിന് എവിടെയാണോ അഫിലിയേഷൻ നൽകേണ്ടത് അവിടെ അഫിലേയഷൻ നൽകണമെന്നാണ്. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് സർക്കാരിന് താൽപ്പര്യമില്ലാത്തവർ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ ചെന്നാൽ അഫിലിയേഷൻ നൽകുന്നില്ലായെന്നുള്ളത് വാസ്തവമാണ്. അഫിലിയേഷൻ എന്ന് പറയുന്നത് സ്റ്റാറ്റ്യൂട്ടറിയാണ്. ഈ സാഹചര്യത്തിൽ അഫിലിയേഷൻ എന്ന് പ്രത്യേകം പറയേണ്ടതുണ്ടോ എന്നുള്ളത് സംശയമുള്ള കാര്യമാണ്.

12.00 Noon]

ഈ ഭേദഗതി വരുന്നതിലൂടെ സഹകരണ സംഘത്തിലെ ഓരോ വിഭാഗത്തിന്റേയും ആനുപാതിക പ്രാതിനിധ്യം ഉറപ്പുവരുത്തുന്നുണ്ട് എന്നത് വസ്തുതയാണ്. ഇതിലേക്കാണ് അഫിലിയേറ്റ് ചെയ്ത വിവിധ വിഭാഗം സംഘങ്ങൾക്കിടയിൽ നിന്നും പ്രസ്തുത വ്യവസ്ഥ പ്രകാരമുള്ള ഏഴ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നു എന്ന് ഈ ബില്ലിൽ പറയുന്നത്. എണ്ണത്തിൽ കുറവുള്ള സംഘങ്ങളെ പൊതു സഹകരണ സംഘങ്ങളായി കൂട്ടിച്ചേർക്കുന്നത് കാരണം പല ഘട്ടങ്ങളിലും ഇത്തരം സംഘങ്ങൾക്ക് സ്റ്റേറ്റ് യൂണിയനിലേക്കും സർക്കിൾ യൂണിയനുകളിലേക്കും തെരഞ്ഞെടുപ്പിൽ മതിയായ പ്രാതിനിധ്യം

ലഭിക്കുന്നില്ലെന്നുള്ളത് വസ്തുതയാണ്. സഹകരണ മേഖലയെ എങ്ങനെ പരിഗണിക്കണമെന്ന ആശയക്കുഴപ്പമാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധി. സംഘം രൂപവൽക്കരണം മൗലിക അവകാശമായി ഭരണഘടന ഉറപ്പുനൽകുമ്പോൾ തന്നെ നിയന്ത്രണങ്ങൾ ഏറെയുണ്ട്. സ്ഥാപനമെന്ന പരിഗണന നൽകുമ്പോൾത്തന്നെ സർക്കാർ അധികാരം പ്രയോഗിക്കലും ഭരണസമിതി പിരിച്ചുവിടലും തുടരുകയാണ്. 14 ജില്ലാ സഹകരണ ബാങ്കുകളിലെയും ജീവനക്കാരേയും അംഗങ്ങളേയും ഇടപാടുകാരേയും സംശയത്തിന്റേയും ആശങ്കയുടേയും മുൾമുനയിൽ നിർത്തിയിട്ടുള്ള ഒരു സമീപനമാണ് കേരള ബാങ്ക് രൂപീകരണമെന്ന് പറയുന്നത്. ഇന്ന് സഹകരണ മേഖലയ്ക്ക് നമ്മുടെ രാജ്യത്ത് ഒരു വിശ്വാസ്യത പിടിച്ചുപറ്റാൻ കഴിഞ്ഞിട്ടുണ്ട്. ആ വിശ്വാസ്യത പിടിച്ചുപറ്റാൻ കഴിഞ്ഞിട്ടുള്ള സഹകരണ മേഖലയുടെ ചരിത്രം പരിശോധിച്ചാൽ എത്രയോ വർഷക്കാലത്തെ ചരിത്രം അതിന്റെ പിന്നിലുണ്ട്. അതിന്റ അദ്ധ്വാനവും എത്രയോ വർഷക്കാലം മുതലുള്ളതാണെന്നത് നാം നോക്കിക്കാണണം. ഇന്ന് ഓരോ സഹകരണ സംഘങ്ങളും അതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നത് തീർച്ചയായും അതിന് നേതൃത്വം കൊടുക്കുന്നവരുടെ വിശ്വാസ്യത കണക്കിലെടുത്തുകൊണ്ടാണ്. നമ്മുടെ രാജ്യത്ത് പണ്ട് ബാങ്കിംഗ് ഏർപ്പാടുകൾ, സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങൾ, ഒരുപക്ഷേ അവരുടെ മുമ്പിൽ പോയി നമ്മൾ പണം നിക്ഷേപിച്ചതിനുശേഷം അതു വാങ്ങിയെടുക്കാൻവേണ്ടി ചെക്ക് കൊടുത്താൽ ടോക്കൺ കൊടുക്കും, ആ ടോക്കൺ വാങ്ങിയിട്ട് ആളുകൾ അവിടെ ക്യൂ നിൽക്കണം. ക്യൂ നിന്നതിനുശേഷം അവരുടെ സമയം വരുമ്പോൾ അവർ വിളിക്കും. അവിടെ മറ്റ് നിയന്ത്രണങ്ങളൊന്നുമില്ല. അത്തരത്തിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനം എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ബാങ്കിംഗ് സ്ഥാപനങ്ങളൊക്കെത്തന്നെ ഇന്ന് മാറ്റങ്ങൾക്ക് വിധേയ മായിരിക്കുകയാണ്. അങ്ങനെയൊരു മാറ്റത്തിന് വിധേയമാകാനുള്ള അടിസ്ഥാന കാരണം സഹകരണ പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള വരവാണ്. സഹകരണ പ്രസ്ഥാനം സാധാരണ ജനങ്ങളുടേതാണ്. ആ സാധാരണ ജനങ്ങൾ സഹകരണ പ്രസ്ഥാനത്തിന് രൂപം കൊടുത്ത് അതിൽ വിശ്വാസമർപ്പിച്ച്, അവരുടെ കയ്യിലുള്ള സമ്പത്ത് അവിടെ വിനിയോഗിച്ച് അങ്ങനെ നടത്തപ്പെട്ടുകൊണ്ടുപോകുന്ന ഒരു സ്ഥാപനമെന്ന നിലയിലാണ് നമ്മുടെ കേരളത്തിലും കാലാകാലങ്ങളിൽ സഹകരണ പ്രസ്ഥാനത്തെ വളർത്തി വലുതാക്കി കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളത്. ഇന്ന് പലപ്പോഴും പല നിയമങ്ങളുടെ അടിസ്ഥാനത്തിൽ പല അവസരങ്ങളിലും ഗവൺമെന്റുകൾ മാറിമാറി വരുന്ന അവസരത്തിലൊക്കെത്തന്നെ ഗവൺമെന്റിന് വിധേയത്വമുള്ള ആളുകളെ കൊണ്ടുവരുക എന്നതാണ് നിങ്ങളുടെ ലക്ഷ്യം. ആ വിധേയത്വമുള്ള ആളുകളെ കൊണ്ടുവരുന്നതിനുവേണ്ടിയാണ് നിങ്ങൾ ഇപ്പോൾ ഇവിടെ ഈ മാറ്റം കൊണ്ടുവരാൻ ശ്രമം നടത്തുന്നതെന്നുള്ളതാണ് എനിക്ക് ഈ കാര്യത്തിൽ പറയാനുള്ളത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നിലവിലുള്ള രീതിയിൽ അംഗങ്ങളെ തെരഞ്ഞെടുത്തതുകൊണ്ട് സഹകരണ യൂണിയന്റെ പ്രവർത്തനത്തിനോ സഹകരണ മേഖലയ്ക്കോ യാതൊരു തരത്തിലുള്ള ദോഷവും ഉണ്ടായതായി ഇതുവരെ അറിഞ്ഞിട്ടില്ല. പിന്നെ എന്തിനാണ് ഇങ്ങനെയൊരു പുതിയ ഭേദഗതി കൊണ്ടുവന്നതെന്ന് മനസ്സിലാകുന്നില്ല. ഇവിടെ അതിലേറെ പ്രധാനപ്പെട്ട പ്രശ്നം നിലനിൽക്കുകയാണ്. കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളുടേയും ഭരണസമിതി പിരിച്ചുവിട്ടിട്ട് ഒരു വർഷം കഴിയാൻ പോകുകയാണ്. കേരള ചരിത്രത്തിൽ ഒരു വർഷത്തിലേറെ ഇന്നുവരെ അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണം ഉണ്ടായിട്ടില്ല. ഈ ഏപ്രിൽ 9-ന് അഡ്മിനിസ്ട്രേറ്റർ ഭരണം വന്നിട്ട് ഒരു വർഷം തികയാൻ പോകുകയാണ്. അതിനുമുമ്പ് തെരഞ്ഞെടുപ്പ് നടത്തണമെങ്കിൽ ഒരു മാസം മുമ്പ് തെരഞ്ഞെടുപ്പ് തീയതി നിശ്ചയിച്ച് ഇലക്ഷൻ കമ്മീഷനെ അറിയിക്കണം. തെരഞ്ഞെടുപ്പ് നടത്താനുള്ള യാതൊരു നീക്കവും നടത്തുന്നില്ല, ഇപ്പോഴും ഉദ്യോഗസ്ഥ ഭരണം വീണ്ടും നീട്ടിക്കൊടുക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഒരുപക്ഷേ ഈ സഭാ സമ്മേളനത്തിനുശേഷം വീണ്ടും ഓർഡിനൻസിലൂടെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കാനാണോ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത് ജനാധിപത്യ ധ്വംസനമാണ്. അതുമാത്രമല്ല, ഉദ്യോഗസ്ഥ ഭരണംകൊണ്ട് ജില്ലാ ബാങ്കുകളിൽ നേരത്തെ നൽകിയിരുന്ന വായ്പയുടെ തുക കുറയ്ക്കുകയും വായ്പ ലഭിക്കാൻ വലിയ കാലതാമസം നേരിടുകയും ചെയ്യുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, അതുതന്നെയാണ് ഞാനും പറഞ്ഞുവരുന്നത്. 14 ജില്ലാ ബാങ്കുകളും പിരിച്ചുവിടപ്പെട്ടു. ഇപ്പോൾ അതിന്റെ വാർഷികം ആഘോഷിക്കാനുള്ള സമയമാണ്. വാർഷികാഘോഷം നടത്തുമ്പോഴും ഇത് പിരിച്ചുവിട്ടതിൽ നിന്നുണ്ടാകുന്ന ഭവിഷ്യത്തുകൾ എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അറിഞ്ഞിരിക്കണം. കേരള ബാങ്ക് രൂപീകരിക്കാൻ പോകുന്നുവെന്നതിന്റെ പേരിൽ 50,000 രൂപ, 30,000 രൂപ ലോൺ എടുത്തിട്ടുള്ള ആളുകളുടെ വീടുകളിലേയ്ക്ക് അഡ്മിനിസ്ട്രേറ്റർമാരുടെ നേതൃത്വത്തിൽ ഇപ്പോൾ നടപടിയെടുക്കാൻ ചെല്ലുകയാണ്. ഇന്ന് എല്ലാ ജില്ലകളിലും നടക്കുന്ന കാര്യമാണിത്. എന്റെ ജില്ലയിൽ നിരവധി ആളുകൾ എന്നോട് പരാതി പറഞ്ഞിട്ടുണ്ട്. അവരോട് നിങ്ങൾക്ക് എത്ര രൂപ കുടിശ്ശികയുണ്ടെന്ന് ചോദിക്കുമ്പോൾ അവർ പറയുന്ന മറുപടി ഞങ്ങൾ അടച്ചുകൊണ്ടിരുന്നതാണ് എന്നതാണ്. അടച്ചുകൊണ്ടിരുന്ന തവണ ഒരു മാസം അല്ലെങ്കിൽ രണ്ട് മാസം കുടിശ്ശിക വന്നപ്പോൾ അഡ്മിനിസ്ട്രേറ്ററുടെ നേതൃത്വത്തിൽ അതിന്റെ നടപടികളുമായി മുന്നോട്ടുപോകുന്നുവെന്ന് മാത്രമല്ല ഈ പാവപ്പെട്ട ആളുകൾക്ക് നിലനിൽപ്പില്ലാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുന്ന സ്ഥിതിവിശേഷം ഇന്ന് സംജാതമായിരിക്കുകയാണ്. ഗവൺമെൻറ് മാറിമാറി വരുന്നു എന്നുള്ളതുകൊണ്ട് ആ ഗവൺമെന്റിന് നിങ്ങളുടെ ഇംഗിതത്തിനനുസരിച്ച്

പ്രവർത്തിക്കണമെങ്കിൽ ഇത്തരത്തിലുള്ള ചില മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടതായി വരുമെന്നുള്ളതുകൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. തീർച്ചയായും ഇപ്പോൾ നിങ്ങൾ മാറ്റം വരുത്താൻ പോകുന്ന ഈ വകുപ്പിൽ പറഞ്ഞിട്ടുള്ളത് 7 അംഗങ്ങളാണ്; നേരത്തെയുള്ളതും 7 അംഗങ്ങൾ തന്നെയാണ്. ബഹുമാന്യനായ അംഗം ശ്രീ. ഉബൈദുള്ള ചോദിച്ചതുപോലെ ഈ കാര്യത്തിൽ എന്തിനാണ് ഇത്ര തിടുക്കം കാണിക്കുന്നത്? എവിടെയെങ്കിലും ഒരു പരാതിയുണ്ടായിരുന്നോ; ഒരു പരാതിയുമില്ലാതെ പരാതിയുണ്ടെന്ന് ഇവിടെ സ്ഥാപിച്ചെടുക്കാൻ വേണ്ടി, സഹകാരികൾ എന്ന നിലയിൽ അവർ ഇതൊക്കെ മാറ്റിവയ്ക്കണമെന്ന് പറഞ്ഞിരിക്കുന്നു എന്ന വ്യാജേനയാണ് ഈ പുതിയ നിയമം ഇവിടെ കൊണ്ടുവന്ന് അടിച്ചേൽപ്പിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുള്ളതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബാങ്കുകളുടെ മുമ്പിൽ സാമ്പത്തിക ഇടപാട് നടത്താൻവേണ്ടി ചെന്നു നിൽക്കുന്ന ആളുകളെ തിരിഞ്ഞുപോലും നോക്കാത്ത ഒരു കാലഘട്ടമുണ്ടായിരുന്നു. അതിനൊരു മാറ്റമുണ്ടാക്കാൻ കഴിഞ്ഞത് സഹകരണ മേഖലയുടെ മുന്നോട്ടുള്ള വളർച്ചയും അതിന്റെ പ്രവർത്തനത്തിലൂടെ ജനങ്ങൾ കൂടുതൽ വിശ്വാസം അവരിൽ അർപ്പിച്ചിരിക്കുന്നു എന്നുള്ളതുകൊണ്ടാണ്. അതുകൊണ്ട് എന്തുപറ്റി? മറ്റ് ഷെഡ്യൂൾഡ് ബാങ്കുകൾ അവരുടെ പ്രവർത്തന രീതിയിൽ മാറ്റങ്ങളുണ്ടാക്കി. അവരും ഇന്ന് സാധാരണ ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് ആവശ്യപ്പെടുന്ന കാര്യങ്ങൾ ചെയ്തുകൊടുക്കാൻ തയ്യാറാകുന്ന സ്ഥിതി സംസ്ഥാനത്ത് നിലനിൽക്കുകയാണ്. സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് ഒരു ഉത്തരവാദിത്വമില്ലേ? ക്ഷേമ പെൻഷനുകൾ കൊടുക്കുന്നതിന് തീരുമാനമെടുക്കുമ്പോൾ സഹകരണ മേഖലയെയാണ് ഏൽപ്പിക്കുന്നത്. നിങ്ങൾ തന്നെ ഇപ്പോൾ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുവേണ്ടി സഹകരണമേഖലയെ ഏൽപ്പിച്ചു. കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ കൊടുത്തത് ആരാണ്? സഹകരണ മേഖല. ഇന്നലെ ബഹുമാന്യനായ ശ്രീ. വി.ഡി. സതീശൻ കിഫ്ബിയുമായി ബന്ധപ്പെട്ട് പണം നിക്ഷേപിച്ചതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു.

ബഹുമാന്യനായ അൻവർ സാദത്ത് എം.എൽ.എ.യുടെ ചോദ്യം നമ്പർ 1911-ൽ കിഫ്ബിയുടെ അക്കൗണ്ടിൽ എത്ര രൂപയുണ്ടെന്നതിന് 2018 ജനുവരി 31-ന് കിഫ്ബിയുടെ അക്കൗണ്ടിൽ 4062.23 കോടി രൂപ നീക്കിയിരിപ്പുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽ വിവിധ ബാങ്കുകളിലുള്ള നിക്ഷേപം എത്രയാണ്, ഓരോ ബാങ്കിലുമുള്ള നിക്ഷേപം തരം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത നിക്ഷേപത്തിന് എത്ര ശതമാനം പലിശയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ എന്ന ചോദ്യത്തിന് മറുപടിയായി കൊടുത്തിരിക്കുകയാണ്, വിവിധ ബാങ്കുകളിലുള്ള കിഫ്ബിയുടെ നിക്ഷേപം വിശദവിവരം അനുബന്ധമായി ചേർക്കുന്നു. അതിൽ കൊടുത്തിട്ടുള്ളത് 8-11-2017-ൽ ഇൻഡസ് ബാങ്ക്- 102,85,13,699 -6.4% പലിശ

22-11-2017-ൽ ഐ.സി.ഐ.സി.ഐ. ബാങ്ക് - 104,47,69,455.95 -6.4% പലിശ 12-12-2017-ൽ ഐ.സി.ഐ.സി.ഐ. ബാങ്ക് - 261,54,10,955- 6.45% പലിശ 29-1-2018-ൽ ഇൻഡസ് ബാങ്ക് - 108,18,08,932 - 7.16% പലിശ, 29-1-2018-ൽ യെസ് ബാങ്ക് - 150,00,00,000 - 7.40% പലിശ 22-1-2018-ൽ കൊടക് മഹീന്ദ്ര- 500,00,00,000 - 5.7% പലിശ. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏതവസരത്തിലും പറയുന്നതെന്താണ്; നമ്മുടെ സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തണം എന്നാണ്. അങ്ങേയ്ക്ക് ഈ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ; നിങ്ങൾ എന്തിനാണ് ഈ പണം മറ്റ് ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിക്കുന്നത്? സഹകരണ ബാങ്കുകളിലേയ്ക്ക് നിക്ഷേപിക്കുവാൻ എന്തുകൊണ്ടാണ് കിഫ്ബിക്ക് കഴിയാത്തതെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കണം. അതിന് എന്തുകൊണ്ട് അവസരമൊരുക്കാൻ കഴിയുന്നില്ല?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഗവൺമെന്റിന്റെ ഇതുപോലുള്ള പണം ഒന്നുകിൽ ട്രഷറിയിൽ നിക്ഷേപിക്കണം അല്ലെങ്കിൽ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കണം എന്ന് ഗവൺമെന്റിന്റെ ഒരു തീരുമാനമുണ്ട്. ഇങ്ങനെ സ്വകാര്യ ബാങ്കുകളിലേയ്ക്ക് പോകുന്ന നടപടി ശരിയല്ലെന്ന് ഗവൺമെന്റ് തന്നെ മുമ്പ് കൊടുത്ത ഡയറക്ഷൻ അങ്ങ് ഓർക്കുന്നില്ലേ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഗവൺമെന്റ് കാലാകാലങ്ങളിൽ ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ കൊടുക്കാറുണ്ട്. അതുകൊണ്ടുതന്നെയാണ് ഞാൻ ഇത് സൂചിപ്പിച്ചത്. ഇന്ന് കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ കൊടുക്കുന്നത് സഹകരണ പ്രസ്ഥാനമാണ്. അതു മാത്രമാണോ, നെല്ല് സംഭരണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത് സഹകരണ ബാങ്കിനെയാണ്, 'പാലക്കാട്ടെ നെല്ല് സംഭരണം സഹകരണ സംഘങ്ങൾക്ക് എന്നു തീരുമാനിച്ചിരിക്കുന്നു. അതുപോലെ ആർ.ബി.ഐ. പറയുന്നത് കേരള ബാങ്കിനെക്കുറിച്ച് അവർക്കൊന്നും അറിയില്ല എന്നാണ്. കിഫ്ബിയിൽ വന്നിട്ടുള്ള തുക ന്യൂ ജനറേഷൻ ബാങ്കിൽ നിങ്ങൾ നിക്ഷേപിച്ചു. ആ തുക എന്തുകൊണ്ട് സഹകരണ ബാങ്കിൽ നിക്ഷേപിക്കാൻ കഴിയുന്നില്ല അല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുന്നില്ല എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, വട്ടിപ്പലിശക്കാരെപ്പോലെ മോശപ്പെട്ട ഇടപാട് നടത്തുന്ന സ്ഥാപനങ്ങളാണ് കൊടക് മഹീന്ദ്ര അടക്കമുള്ള ബാങ്കുകൾ. വാഹനം ഭീമമായ വിലയ്ക്ക് കൊടുത്ത് അതിന്റെ പലിശ ഗുണ്ടകളെ വച്ച് വാങ്ങുന്ന സ്ഥാപനങ്ങളാണ് ഇതിൽ പലതും. അങ്ങനെയുള്ള സ്ഥാപനത്തിലാണ് വലിയ പുരോഗമനം പറയുന്ന ഗവൺമെന്റ് പണമെല്ലാം നിക്ഷേപിച്ചിരിക്കുന്നത് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, അതുതന്നെയാണ് ഞാനും പറഞ്ഞുവന്നത്. ന്യൂ ജനറേഷൻ ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നതിനെ സംബന്ധിച്ച് നിങ്ങൾ എന്തൊക്കെ ആക്ഷേപങ്ങളാണ് പറഞ്ഞത്. പറഞ്ഞുകൂടാൻ പാടില്ലാത്ത പല കാര്യങ്ങളും നിങ്ങൾ പറഞ്ഞു; ചെയ്തുകൂടാൻ പാടില്ലാത്ത പല കാര്യങ്ങളും ചെയ്യിപ്പിച്ചു; സമരങ്ങൾ സംഘടിപ്പിച്ചു; എന്തിന് കൂടുതൽ പറയുന്നു കൊച്ചി മെട്രോയുടെ പണം ആക്സിസ് ബാങ്കിൽ വരെ നിക്ഷേപിച്ചു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കൊച്ചി മെട്രോയുടെ 50 ലക്ഷം രൂപ ആക്സിസ് ബാങ്കിൽ നിക്ഷേപിച്ചു എന്നുപറഞ്ഞ് അഴിമതി ആക്ഷേപം നിയമസഭയിൽ എഴുതി ഉന്നയിച്ചിട്ടുള്ള ആളുകളാണ് ഈ പണികളൊക്കെ ചെയ്യുന്നത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഇപ്പുറത്ത് വന്നിരിക്കുമ്പോൾ അപ്പുറത്തിരിക്കുന്നവരെ ആക്ഷേപിക്കാം, എന്തുംപറയാം. അങ്ങനെ പറയുന്നതിന്റെ ഭാഗമായാണ് നിങ്ങൾ കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട ആക്ഷേപം ഉന്നയിച്ചത്. ഇപ്പോൾ നിങ്ങൾ നടത്തിയിരിക്കുന്ന ഇടപാട് സംബന്ധിച്ച് ആരാണ് ആക്ഷേപം ഉന്നയിക്കേണ്ടത്? ആ ആക്ഷേപം ഞങ്ങൾ പറഞ്ഞാൽ നിങ്ങൾ ആരെങ്കിലും അതിനെ എതിർക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം? സഹകരണ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന അല്ലെങ്കിൽ അതിന് നേതൃത്വമുള്ള സഹകരണ വകുപ്പുമന്ത്രി എന്ന നിലയിൽ മൂന്ന് മാസത്തേയ്ക്ക് പണം നിക്ഷേപിക്കുന്ന ഫിക്സഡ് ഡെപ്പോസിറ്റിന് എത്ര ശതമാനം പലിശ കൊടുക്കാൻ കഴിയുമെന്ന് നിങ്ങൾക്കറിയാം. പക്ഷേ അതിനെക്കുറിച്ച് പറയുവാൻ നിങ്ങൾ തയ്യാറാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്? ഇതുപോലെ ഗവൺമെന്റിനുവേണ്ടി പല കാര്യങ്ങളും നിറവേറ്റുമ്പോൾ ഇക്കാര്യങ്ങളെ സംബന്ധിച്ച് വിലയിരുത്തി അതിന് പരിഹാര മാർഗ്ഗങ്ങളുണ്ടാക്കുവാൻ വേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. സമൂഹത്തിലെ പട്ടിണി മാറ്റുവാനും അതിന് പരിവർത്തനമുണ്ടാക്കുവാനും മറ്റ് ഏത് സംവിധാനത്തേക്കാളും മെച്ചം സഹകരണ മേഖല തന്നെയാണ്. സഹകരണ വകുപ്പിന് പുറമെ വ്യവസായം, കയർ, കൈത്തറി, ഫിഷറീസ് എന്നീ വകുപ്പുകളിലായാണ് സഹകരണ സംഘങ്ങൾ നിലവിലുള്ളത്. ഈ ചിതറിയ രീതി മാറ്റി ഏകീകൃത പദ്ധതി നടപ്പിലാക്കാമോ എന്ന് പരിശോധിക്കേണ്ടതാണ്. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് ശക്തവും ഊർജ്ജസ്വലവും സുസ്ഥിരവുമായി കെട്ടിപ്പടുക്കുകയും തുല്യതയാർന്ന സാമൂഹ്യ, സാമ്പത്തിക വികസനം നൽകുകയും വേണം. സംഘങ്ങൾക്കുവേണ്ടി ബജറ്റിൽ വെറും 155 കോടി രൂപ മാത്രമാണ് മാറ്റിവച്ചിട്ടുള്ളത്. ബജറ്റിന്റെ തോതനുസരിച്ച്

സഹകരണമെന്ന് പറയുന്നത് വളരെ ചെറിയ വകുപ്പാണ്. എന്നാൽ ശക്തിയുടെയും സ്വാധീനത്തിന്റെയും അടിസ്ഥാനത്തിൽ ഏറ്റവും വലിയ വകുപ്പ് സഹകരണമാണെന്ന കാര്യം അങ്ങ് മനസ്സിലൊന്ന് കുറിച്ചുവയ്ക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശോചനീയാവസ്ഥ നേരിടുന്ന മേഖലയാണ് കയർ മേഖല. കയർ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെയില്ലെങ്കിലും അങ്ങേയ്ക്ക് ഈ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് സൂചിപ്പിക്കുന്നത്. ഈ മേഖലയിൽ ശോചനീയാവസ്ഥ വരാനുള്ള പ്രധാന കാരണം ചകിരി കിട്ടാത്തതാണ്. ഇത് പരിഹരിക്കാൻ സർക്കാർ ശ്രദ്ധിക്കണം. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ ചെറിയൊരു ശതമാനം തൊണ്ടെങ്കിലും ശേഖരിക്കാൻ കഴിഞ്ഞാൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കയർ ഉൽപ്പന്നങ്ങളും കയർ സൊസൈറ്റികളും ഒന്നാമതായി എത്തിക്കാൻ നമുക്ക് കഴിയും. ഇപ്പോൾ ചകിരിക്കുവേണ്ടി തമിഴ്നാടിനെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. തമിഴ്നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന ചകിരിനാര് അവർ പറയുന്ന വിലയ്ക്ക് ഇവിടെ എടുക്കുകയാണ്. അവർ പറയുന്ന വിലയ്ക്ക് ചകിരിനാര് എടുത്തുകൊണ്ട് തൊഴിൽ കൊടുക്കുവാനുള്ള അവസരം ഇവിടെ ഒരുക്കുകയാണ്. ഇതിന് മാറ്റമുണ്ടാകണം. അങ്ങുകൂടി ഇക്കാര്യം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. യശഃശരീരനായ എം. വി. രാഘവൻ സഹകരണ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ചത്. 1160 വനിതാ സഹകരണ സംഘങ്ങളാണ് കേരളത്തിലുള്ളത്. ഇവയിൽ കൂടുതൽ സംഘങ്ങളും ചെയ്യുന്നത് ക്രെഡിറ്റ് ബിസിനസ്സാണ്. സ്ത്രീകളുടെ ഉന്നമനത്തിനും ക്ഷേമത്തിനുംവേണ്ടി രൂപവൽക്കരിക്കപ്പെട്ട വനിതാ സഹകരണ സംഘങ്ങൾ എന്ത് ചെയ്യണമെന്ന് അറിയാത്ത സ്ഥിതിയിലാണ് നിലനിൽക്കുന്നത്.

അതുപോലെ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ഇപ്പോഴും ബാലാരിഷ്ടതകൾ മാറാത്തവയായി നിലനിൽക്കുകയാണ്. പട്ടിക വിഭാഗക്കാർക്ക് ഏറെ ക്ഷേമ പദ്ധതികളുണ്ട്. എന്നാൽ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ സഹകരണ സംഘങ്ങൾക്ക് പദ്ധതികൾ ഏറ്റെടുത്ത് നടത്താനുള്ള സാമ്പത്തികശേഷി ഇല്ല. കൂടാതെ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പ്രത്യേകം പ്രത്യേകമായാണ് പദ്ധതികൾ നടപ്പാക്കുന്നത്. അതിനാൽ ഈ രണ്ടു വിഭാഗങ്ങളും ചേർന്നുള്ള സംഘത്തിന് അത്തരം ഫണ്ടുപയോഗിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. രണ്ടു വിഭാഗം സംഘങ്ങൾക്കുമായി ഒരു ഫെഡറേഷനാണ് നിലവിലുള്ളത്. ഇത് സംബന്ധിച്ച്

സർക്കാർ പ്രത്യേകം ശ്രദ്ധിക്കണം. മാറ്റങ്ങൾ കൊണ്ടുവരാൻവേണ്ടി അങ്ങ് ആലോചിക്കുന്ന ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഒരു കോടതി നിർദ്ദേശം പണ്ടുണ്ടായിരുന്നു എന്നായിരിക്കും അങ്ങ് പറയുന്നത്. ആ നിർദ്ദേശം വന്നിട്ടുള്ളത് 50 വർഷങ്ങൾക്ക് മുമ്പാണ്. ഈ നിർദ്ദേശത്തിൽ മാറ്റം വരുത്താൻവേണ്ടി 88-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് (എ) എന്ന ഭേദഗതി കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികളുമായാണ് അങ്ങ് മുന്നോട്ടുപോകുന്നത്. ഇതിനെക്കുറിച്ച് ആലോചിക്കുകയും നിലവിലുള്ള കാര്യങ്ങൾ അതേപോലെ പോകുന്നതിനുള്ള നടപടികളുമാണ് ഉണ്ടാകേണ്ടത്. അതുകൊണ്ടാണ് ഈ ഭേദഗതി നിർദ്ദേശത്തോട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നത്.

ശ്രീ. ഡി. കെ. മുരളി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഞാൻ ഈ ഭേദഗതി ബില്ലിനോട് യോജിക്കുകയാണ്. സഹകരണ രംഗത്ത് കേരളം ഇന്ത്യക്കുതന്നെ മാതൃകയാണ്. കേരള രൂപീകരണത്തിനുമുമ്പ് തുടങ്ങിയ ചെറിയ കൂട്ടായ്മകളും പരസ്പര സഹായ സംഘങ്ങളുമാണ് പിൽക്കാലത്ത് നിയമ വിധേയമാകുകയും സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളുമായി പരിവർത്തനം വന്ന് ഈ രൂപത്തിലെത്തിച്ചേർന്നത്. ഇവിടെ പറഞ്ഞതുപോലെ 1969-ലാണ് സമഗ്രമായ ഒരു സഹകരണ സംഘ നിയമം കൊണ്ടുവന്നത്. ഇന്ത്യയിലാകെയുള്ള സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ കണക്കാക്കിയാൽ 70 ശതമാനവും കേരളത്തിലാണ്. 1600-ഓളം പ്രാഥമിക സഹകരണ ബാങ്കുകളും 4500-ഓളം ശാഖകളുമുണ്ട്. ഇന്ന് സഹകരണ പ്രസ്ഥാനം ഇടപെടാത്ത, കടന്നുചെല്ലാത്ത ഏത് മേഖലയാണ് കേരളത്തിലുള്ളത്? സാമ്പത്തിക മാന്ദ്യത്തിന്റെ കാലത്തും നോട്ട് നിരോധനത്തിലൂടെ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുന്നതിനുവേണ്ടി വലിയ പരിശ്രമമാണ് കേന്ദ്രത്തിൽ നിന്നുവന്നത്. അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് സഹകരണ സംഘങ്ങൾ മുന്നോട്ടുപോകുന്നത്. കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി 21 മാസക്കാലത്തെ അനുഭവങ്ങൾ എടുത്ത് പരിശോധിച്ചാൽ കേരളത്തിലെ സഹകരണ പ്രസ്ഥാനം അതിശക്തമായി മുന്നോട്ട് പോകുകയാണെന്നുള്ള കാര്യം മനസ്സിലാകും. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. അടൂർ പ്രകാശ് സൂചിപ്പിച്ചതുപോലെ സാമൂഹ്യ ക്ഷേമരംഗത്ത് നന്നായി ഇടപെടാൻ കഴിയുന്ന ഒന്നായി സഹകരണ സ്ഥാപനങ്ങൾ മാറുകയാണ്. കേരളത്തിൽ സാമൂഹ്യക്ഷേമ പെൻഷനുകളെല്ലാം സാധാരണക്കാരുടെ വീടുകളിൽ കൊണ്ടുചെന്നെത്തിക്കുന്നത് സഹകരണ സ്ഥാപനങ്ങളാണ്. സഹകരണ

പ്രസ്ഥാനം സാമൂഹ്യ പ്രതിബദ്ധതയോടുകൂടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നു എന്നുതന്നെയാണ് ഇത് സൂചിപ്പിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ പെൻഷൻ ഗുരുതരമായ പ്രതിസന്ധിയിലാണ്. വലിയൊരു വിഭാഗം തൊഴിലാളികളാണ് അതുമൂലം കഷ്ടപ്പെട്ടിട്ടുള്ളത്. ഇതിനെക്കുറിച്ച് സജീവമായി ചർച്ച ചെയ്തതാണ്. ആ രംഗത്തും സഹകരണ സ്ഥാപനം ഇടപെട്ട് കെ.എസ്.ആർ.ടിസി.ക്കാരുടെ പെൻഷൻ വിജയകരമായി വിതരണം ചെയ്യാൻ കഴിഞ്ഞു. അങ്ങനെ ഓരോ കാര്യവും പരിശോധിച്ചാൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനങ്ങൾ ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

എട്ടാം സഹകരണ കോൺഗ്രസ് വിജയകരമായി കണ്ണൂരിൽ വച്ച് നടത്തുകയുണ്ടായി. അതിലെടുത്ത സുപ്രധാന തീരുമാനങ്ങൾ, ആ തീരുമാനമെടുക്കാൻ നേതൃത്വം കൊടുത്ത മന്ത്രിയെയും സഹകരണ വകുപ്പിനെയും അഭിനന്ദിക്കുകയാണ്. ഒന്ന്, ഇന്ത്യയിൽ തന്നെ അപൂർവ്വം സംസ്ഥാനങ്ങൾക്ക് മാത്രമുള്ള കേരള സഹകരണ നയത്തിന് രൂപം കൊടുക്കാൻ എട്ടാം സഹകരണ കോൺഗ്രസ്സിലൂടെ കഴിഞ്ഞിരിക്കുന്നു. മന്ത്രിയോടുള്ള ചില ചോദ്യങ്ങൾക്കുള്ള മറുപടിയിലും പത്രങ്ങളിലും വന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ് ഈ സഹകരണ നയം. സഹകരണ നയം പ്രഖ്യാപിക്കുന്നതിലൂടെ ഒട്ടേറെ മേഖലകളിലേയ്ക്ക് പുതുതായി ഈ സഹകരണ പ്രസ്ഥാനത്തിന് കടന്നുവരാനാകും. സാമ്പത്തിക നയത്തെ സംബന്ധിച്ചുള്ള കാര്യമായ ചർച്ച കഴിഞ്ഞ രണ്ട് മൂന്ന് സഭാ സമ്മേളനങ്ങളിലായി നടക്കുകയാണ്. ബഹുമാന്യനായ അംഗം ശ്രീ. വി. ഡി. സതീശൻ പറയുന്നത് ബി.ജെ.പിയിൽ നിന്നും വ്യത്യസ്തമായ ഒരു സാമ്പത്തിക നയമാണ് തങ്ങൾക്കുള്ളത് എന്നാണ്. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ആ സാമ്പത്തിക നയത്തിന്റെ ഭാഗമായി കാർഷിക മേഖലയിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വലിയ പങ്കുവഹിച്ചിട്ടുണ്ട്. അത് ബി.ജെ.പിയിൽ നിന്നും വ്യത്യസ്തമാണെന്നാണ് പറയുന്നത്. അതിന്റെ ഡിബേറ്റ് തുടരാനിരിക്കുകയാണ്. അതെല്ലാം സന്തോഷകരമാണ്. ഞങ്ങളും കൗതുകപൂർവ്വം കാത്തിരിക്കുകയാണ്. നമ്മുടെ നേരിട്ടുള്ള അനുഭവം എന്താണ്? കാർഷിക രംഗത്ത് മാറ്റംവരുത്തി എന്ന് നിങ്ങൾ അവകാശപ്പെടുമ്പോൾ നിങ്ങളുടെ കാലത്തല്ലേ വിദർഭയുണ്ടായത്. മാത്രമല്ല കർഷകരുടെ ആത്മഹത്യ വർദ്ധിച്ചതും വലിയ കർഷക പ്രക്ഷോഭങ്ങൾ വളർന്നു വന്നതും നിങ്ങളുടെ ഭരണസമയത്താണ്. എന്ത് വ്യത്യസ്തതയാണ് വന്നത്? കാർഷിക മേഖലയിൽ കാർഷികോത്പന്നങ്ങളുടെ വിലയിടിഞ്ഞ് തുടങ്ങിയത് എന്നാണ്? ആസിയാൻ കരാർ ഒപ്പുവച്ചത് ഏത് കാലത്താണ്; കാർഷികോല്പന്നങ്ങളുടെ ആഭ്യന്തര കമ്പോളമാകെ തകർന്നില്ലേ;

ഈ നേരനുഭവങ്ങളെ ബഹുമാനപ്പെട്ട ശ്രീ. വി.ഡി. സതീശന്റെ വാക് വിലാസംകൊണ്ട് മറച്ചുവയ്ക്കാൻ കഴിയുന്നതാണോ? അതുകൊണ്ടാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾ തോറ്റത്. പുത്തൻ സാമ്പത്തിക നയങ്ങളുടെ മേഖലയിൽ നിങ്ങൾക്ക് കിട്ടിയ അവസരം കുംഭകോണങ്ങളിൽ അഭിരമിക്കുകയെന്നതാണ്. ആ കുംഭകോണങ്ങളുടെ കഥയൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ഇതിലെല്ലാം കഷ്ടപ്പെടുന്ന ജനവിഭാഗമാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.പി.എ. ഗവൺമെന്റിനെ തോൽപ്പിച്ചത്. നിർഭാഗ്യവശാൽ ജയിച്ചത് ബി.ജെ.പി.യാണ്. നിങ്ങളുടെ സാമ്പത്തിക നയം വളരെ ശക്തമായി, ബി.ജെ.പി. കുറച്ചുകൂടി ശക്തിയായി തുടരുന്നു എന്നൊക്കെ പറഞ്ഞാൽ വിശ്വസിക്കാം. ഞാൻ ദീർഘിപ്പിച്ച് പോകുന്നില്ല. ഇത്തരം സാമ്പത്തിക നയങ്ങൾക്ക് ഒരു ബദൽ സൃഷ്ടിക്കുവാനുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമാണ് ഇന്ന് സഹകരണ രംഗത്ത് നടത്തുന്ന ഒട്ടുമിക്ക പ്രവർത്തനങ്ങളും. നേരത്തെ സൂചിപ്പിച്ചതുപോലെ സമഗ്രമായ സഹകരണ നിയമം നടപ്പിലാക്കുക മാത്രമല്ല ഏതെല്ലാം മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ ആശുപത്രികൾ നടത്തുന്നുണ്ട്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്.

## X അറിയിപ്പ്

### ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ...ഓർഡർ...ഇന്നത്തെ കാര്യവിവരപ്പട്ടിക അനുസരിച്ച് ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന്റെ അവതരണവും അനന്തരഘട്ടങ്ങളുമാണ്. എന്നാൽ പ്രമേയ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ കാര്യവിവരപ്പട്ടികയിൽ ചേർത്തിരിക്കുന്ന ക്രമത്തിൽതന്നെ സഭയുടെ അനുമതിയോടുകൂടി ബില്ലുകൾ പരിഗണിക്കുവാൻ തീരുമാനിച്ചുകൊണ്ട് ചർച്ച തുടരുകയാണ്.

### നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. ഡി. കെ. മുരളി: സർ, കിഫ്ബിയുടെ ഫണ്ട് എന്തുകൊണ്ട് സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കാൻ പറയുന്നില്ല എന്നൊരു ചോദ്യം ചോദിച്ചു. എന്തിനാണ് സഹകരണ മേഖലയ്ക്ക് ഇനി കൂടുതൽ നിക്ഷേപം? പ്രാഥമിക സഹകരണ സംഘങ്ങൾ മുതൽ സംസ്ഥാന സഹകരണ സംഘങ്ങൾ വരെയുള്ളതിന്റെ കണക്കെടുത്താൽ നിക്ഷേപങ്ങൾക്ക് കുറവുണ്ടോ? കിഫ്ബി ഏത് ബാങ്കിൽ നിക്ഷേപിക്കണമെന്നുള്ളത് വേറെ വിഷയം. ഞാൻ അതിലേയ്ക്ക്

കടക്കുന്നില്ല. പക്ഷെ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിക്ഷേപത്തിൽ കുറവില്ലല്ലോ. വായ്പയും നിക്ഷേപവും തമ്മിൽ താരതമ്യം ചെയ്ത് നോക്കിയാൽ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ രംഗത്ത് ഇപ്പോഴും സർപ്ലസ് ഫണ്ടില്ലേ? കൂടുതൽ പലിശ കൊടുത്ത് വായ്പക്കുവേണ്ടി മറ്റ് മേഖലകൾ തേടി പോകേണ്ട സ്ഥിതിയൊന്നും ഇന്ന് സഹകരണ മേഖലയിലില്ല. വളരെ സുസ്ഥിരമായിത്തന്നെ സഹകരണ മേഖല മുന്നോട്ടുപോകുന്നുണ്ട് എന്നുള്ളത് കാണാതെ പോകരുത്.

ഞാൻ നേരത്തെ സൂചിപ്പിച്ച സാമൂഹ്യ സുരക്ഷ പെൻഷൻ, സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കൾക്ക് എത്തിക്കാൻ കഴിയുന്ന തരത്തിൽ അത് ശക്തമാകുന്നുണ്ട്. മറ്റൊന്ന്, കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് ഹരിത സഹകരണം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുകയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ സഹകരണ പ്രസ്ഥാനം ഇടപെടുകയാണ്. അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിൽ വില്പനവില പിടിച്ചുനിർത്തുന്നതിനും കൺസ്യൂമർ ഫെഡ്ഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ഫലപ്രദമായി മാർക്കറ്റിലിടപെടുന്നുണ്ട്. ഇതുവഴി 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസൂരി അരി കിലോഗ്രാമിന് 25 രൂപ നിരക്കിൽ പൊതുവിപണിയിൽ വിൽപ്പന നടത്താൻ സാധിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ്. മാത്രമല്ല, കൺസ്യൂമർഫെഡ്ഡിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളിൽനിന്നും വ്യത്യസ്തമായി പ്രവർത്തന ലാഭമുണ്ടാക്കി മുന്നോട്ടുപോകുകയാണ്. സഞ്ചിത നഷ്ടമുണ്ട്; ഇക്കഴിഞ്ഞ കണക്കുകൾ പരിശോധിക്കുമ്പോൾ പ്രവർത്തന ലാഭം വർദ്ധിച്ചുവരികയാണ്. നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്നുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങളെയും വനിതാ ഫെഡറേഷനെയും ആധുനികവൽക്കരിക്കുന്നതിനും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും സഹായം നൽകി അതിന്റെ പ്രവർത്തനം സുസജ്ജമാക്കിയിരിക്കുകയാണ്. കേരളത്തിലെ എസ്.സി./എസ്.ടി ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉല്പാദന യൂണിറ്റിൽ പേറ്റന്റുകൾ ലഭിച്ച ആയുർവ്വേദ മരുന്നുകളുടെ ഉൽപ്പാദനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമാക്കിയുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഇപ്പോൾ സർക്കിൾ സഹകരണ യൂണിയന്റെ കാര്യമാണ് ഭേദഗതിയിലൂടെ കൊണ്ടുവന്നത്. ഇക്കാര്യത്തിൽത്തന്നെ ജനാധിപത്യവൽക്കരണം നടത്തുകയല്ലേ? എല്ലാവരും ചേർന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ സ്വാഭാവികമായും ചെറിയ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രാതിനിധ്യം

ഇല്ലാതാകുകയാണ്. കോടതി വിധിയുടെ പിൻബലത്തിലാണ് ഓർഡിനൻസ് നിലവിലുള്ളത്. അത് നിയമമാക്കി മാറ്റുകയാണ്. അത് ഈ രംഗത്ത് കൂടുതൽ ജനാധിപത്യവൽക്കരണം, എല്ലാ വിഭാഗം ആളുകൾക്കും പ്രാതിനിധ്യം ഉറപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് കാണേണ്ടത്. സർക്കിൾ സഹകരണ യൂണിയൻ മുഖാന്തരമാണ് സഹകരണ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കപ്പെടുന്നത്. CAPE-ന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും ധനസഹായം നൽകി ആയതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിവരികയാണ്. കർഷക സേവന കേന്ദ്രങ്ങൾക്ക് സഹായം പ്രഖ്യാപിക്കുകയും അതിന്റെ പ്രവർത്തനം വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കശുവണ്ടി വികസന കോർപ്പറേഷന്റെ അഭ്യർത്ഥനയനുസരിച്ച് വിവിധ ജില്ലകളിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

കുറഞ്ഞ വിലയ്ക്ക് മലബാർ സിമന്റ് പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനും അതുവഴി പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉൽപ്പന്നമായ മലബാർ സിമന്റിന്റെ വിപണനം വിപുലമാക്കുന്നതിനും ടി സ്ഥാപനത്തിന്റെ അഭ്യർത്ഥന പ്രകാരം സഹകരണ സംഘങ്ങളെ മലബാർ സിമന്റ്സിന്റെ ഡീലർമാരായും സ്റ്റോക്കിസ്റ്റുകളായും ഏർപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു മേഖലയും സഹകരണ പ്രസ്ഥാനങ്ങൾക്ക് അന്യമാകുന്നില്ല. ആ നിലയിൽ കഴിഞ്ഞ 21 മാസക്കാലത്തെ പ്രവർത്തനം, കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി വളരെ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നുണ്ട്. എന്നാൽ സഹകരണ സ്ഥാപനങ്ങളിൽ അപൂർവ്വം ചിലയിടങ്ങളിലെങ്കിലും ചില പുഴുക്കുത്തുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. അത് വളരെ ജാഗ്രതയോടുകൂടി ഗവൺമെന്റ് പരിശോധിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.

മുക്കുപണ്ടം പണയം വയ്ക്കുന്നതായുള്ള ചില വാർത്തകൾ പുറത്തുവന്നിരുന്നു. അതിന്റെ ഭാഗമായി എല്ലാ സഹകരണ സ്ഥാപനങ്ങളിലും പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തി യിരിക്കുകയാണ്. കഴിഞ്ഞ നിയമസഭയിൽ മന്ത്രിതന്നെ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞിരുന്നു. ഭരണസമിതി പ്രസിഡന്റ്, ബോർഡിൽ നിന്ന് ഒരാൾ, ചീഫ് എക്സിക്യൂട്ടീവ് ഉൾപ്പെടെയുള്ളവർ ശാസ്ത്രീയമായ പരിശോധന നടത്തുകയാണ്. അതിന്റെ ഭാഗമായി പരിശോധിച്ചിടത്തോളമുള്ള എല്ലാ

ബാങ്കുകളിലും സുരക്ഷിതമാണ്. അത് സഹകരണ പ്രസ്ഥാനത്തിന്റെ ശക്തി വെളിപ്പെടുത്തുന്നതാണ്.

സഹകരണ കോൺഗ്രസ്സിലെടുത്ത മറ്റൊരു പ്രധാന തീരുമാനമാണ് അഴിമതി വിമുക്തമായ സഹകരണ പ്രസ്ഥാനം. അതിന്റെ ഭാഗമായി ഈ നടപടിയെ കാണാവുന്നതാണ്. കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായ സമീപനമാണ് ഇപ്പോൾ സഹകരണ മേഖലയിലുള്ളത്. കൂടുതൽ ജനാധിപത്യപരമാക്കുക, സുതാര്യമാക്കുക, സുസ്ഥിരമായ നില സഹകരണ പ്രസ്ഥാനത്തിന് ഉണ്ടാക്കിയെടുക്കുക എന്നീ ലക്ഷ്യംവച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

കേരള ബാങ്കിനെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്തതാണ്. ഇന്നത്തെ കാലത്ത് നാഷണലൈസ്ഡ് ബാങ്കുകൾപോലും സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി ജനങ്ങളിൽനിന്നും അകന്നുപോകുകയാണ്. എസ്.ബി.ടി.-യും എസ്.ബി.ഐ.-യും കൂടി ലയിപ്പിച്ചതിന്റെ ദുരന്തം ഇന്ന് കേരളത്തിലെ സാധാരണ ജനവിഭാഗം അനുഭവിച്ചുവരികയാണ്. ട്രാൻസാക്ഷൻ ഇല്ല എന്നതിന്റെ പേരിൽ എത്ര കോടി രൂപയാണ് ജനങ്ങളിൽനിന്ന് കൊള്ളയടിച്ച് മാറ്റിയത്. അക്കൗണ്ടുകൾ മരവിപ്പിച്ചുകൊണ്ടും മിനിമം ബാലൻസ് ഇല്ല എന്നതിന്റെ പേരിലും കോടിക്കണക്കിന് രൂപയാണ് ജനങ്ങളിൽനിന്ന് കൊള്ളയടിച്ചത്. നാഷണലൈസ്ഡ് ബാങ്കുകളും ന്യൂ ജനറേഷൻ ബാങ്കുകളും സാധാരണക്കാർക്ക് ആശ്രയിക്കാൻ കഴിയാത്ത രൂപത്തിൽ അപ്രാപ്യമായിക്കൊണ്ടിരിക്കുകയാണ്. ഈ രംഗത്തേയ്ക്കാണ് ഒരു ബദൽ സംവിധാനമെന്ന നിലയിൽ എല്ലാ സംവിധാനങ്ങളുമുള്ള, നിക്ഷേപവും വായ്പ സൗകര്യങ്ങളുമൊക്കെയുള്ള ഒരു കേരള ബാങ്ക് കൊണ്ടുവരാൻ ഗവൺമെന്റ് മുന്നോട്ടുവന്നത്. അതിനെ അഭിനന്ദിക്കുകയല്ലേ വേണ്ടത്? കേരളത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾ, ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ആഗോളതലത്തിലുള്ള എല്ലാ സമ്മർദ്ദങ്ങളെയും അതിജീവിക്കാൻ കെൽപ്പുള്ള ഒരു ബാങ്ക് കേരളത്തിൽ വളർന്നുവരേണ്ടത് ആവശ്യമല്ലേ? അതിനെ അംഗീകരിക്കുന്നതിനുപകരം എല്ലാത്തിനുമൊരു ദോഷൈകദൃക്കായ സമീപനമാണ് കാണുന്നത്. പലപ്പോഴും യു.ഡി.എഫ്. സ്വീകരിക്കുന്ന ഇരട്ടത്താപ്പ് നയം അവസാനിപ്പിക്കേണ്ടതാണ്. ക്രമസമാധാന പ്രശ്നത്തെക്കുറിച്ച് എത്രയോ കാലമായി ചർച്ച ചെയ്യുന്നതാണ്. ഇന്നിവിടെ പറഞ്ഞ കൂട്ടത്തിൽ ക്രമസമാധാനപ്രശ്നങ്ങൾ വഷളാകുന്നു എന്ന് സ്ഥാപിക്കാൻവേണ്ടി എന്റെ നിയോജകമണ്ഡലത്തിലെ ഒരു സംഭവവും പരാമർശിച്ചിട്ടുണ്ട്. ഒരു വിവാഹ നിശ്ചയത്തിനുപോയ അച്ഛനെയും അമ്മയെയും

മകളെയുമൊക്കെ സ്റ്റേഷനിൽ തടഞ്ഞുനിർത്തിയെന്നുള്ളതാണ്. എന്ത് അവാസ്തവമായ പ്രസ്താവനയാണ് അതുമായി ബന്ധപ്പെട്ട് നടത്തിയത്. പ്രതിപക്ഷനേതാവുപോലും ആ പ്രചരണത്തിൽ വീണുപോകുകയാണ്. യഥാർത്ഥത്തിൽ സംഭവിച്ചത് ഒരു ബസ്സും കാറും തമ്മിൽ ഉരസി, കാറിൽ വിവാഹ നിശ്ചയത്തിനുപോയ ആളുകൾ എണ്ണത്തിൽ കൂടുതലുണ്ടായിരുന്നു. അവർ കെ.എസ്.ആർ.ടി.സി. ബസ്സിന്റെ ഡ്രൈവറെ നന്നായി തല്ലി. ഡ്രൈവർ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിട്ട് ആശുപത്രിയിൽ പോയി. പോലീസ് കേസ് എടുക്കണ്ടേ; നിയമസമാധാനം നിലനിൽക്കുന്ന ഒരു സംസ്ഥാനത്ത് പോലീസിന് കേസ്സെടുക്കാതെ മാറി നിൽക്കാനാകുമോ? വാഹനങ്ങൾ തമ്മിൽ ഉരസുന്നതിന് ഗവൺമെന്റ് ഉത്തരവാദിയല്ലല്ലോ. അവിടെ കെ.എസ്.ആർ.ടി.സി. ഡ്രൈവറെ പിടിച്ചിറക്കി മർദ്ദിക്കുകയാണ് ചെയ്തത്. പോലീസ് സ്റ്റേഷനിൽ പോയി പരാതി കൊടുത്തിട്ട് അയാളെ ഹോസ്പിറ്റലൈസ് ചെയ്യുകയാണ് ചെയ്തത്. ഞങ്ങളെല്ലാം അക്കാര്യത്തിൽ ഇടപെട്ടിരുന്നു. വിവാഹ നിശ്ചയത്തിന് പോകുകയാണ്, കെ.എസ്.ആർ.ടി.സി. ഡ്രൈവർക്ക് പരാതിയില്ലെങ്കിൽ ഒത്തുതീർപ്പാക്കി വിടാമെന്ന് പോലീസ് സബ് ഇൻസ്പെക്ടർ പറഞ്ഞു. പക്ഷെ കെ.എസ്.ആർ.ടി.സി. ജീവനക്കാരൻ തല്ലുകൊണ്ട ആളാണ്, അയാൾ വിക്ടിമാണ്, അയാൾക്ക് പരാതിയുണ്ട്. അയാൾ പരാതിയിൽ ഉറച്ചുനിന്നാൽ പോലീസിന് കേസ്സെടുക്കാതെ എന്ത് മാർഗ്ഗമാണുള്ളത്. അയാളുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയെന്നതിന്റെ പേരിൽ സെക്ഷൻ 332 IPC അനുസരിച്ച് കേസ്സെടുത്തു, ജാമ്യം കിട്ടാത്ത വകുപ്പാണ്. സ്വാഭാവികമായും കോടതിയിൽ ഹാജരാക്കുമ്പോൾ പ്രതിയെ റിമാൻഡ് ചെയ്യും. അവിടെ സ്ത്രീകളെ ആരും പിടിച്ചുവച്ചില്ല. പ്രതി സ്ത്രീകളുടെ ബന്ധുവാണ്. സ്വാഭാവികമായും അദ്ദേഹം സ്റ്റേഷനിലിരിക്കുമ്പോൾ സ്ത്രീകളും സ്റ്റേഷനിൽനിന്ന് പോകില്ല, അവരും സ്റ്റേഷനിലിരുന്നു. ഇതാണ് സംഭവിച്ചത്. സാധാരണഗതിയിൽ നമ്മുടെ നാട്ടിൽ നടക്കുന്ന ഒരു സംഭവമാണ്. ഒരു ആക്സിഡന്റ് കേസ്സുമായി ബന്ധപ്പെട്ട് പോലീസ് സ്വീകരിക്കേണ്ട സമീപനമേ ഇവിടെയും സ്വീകരിച്ചിട്ടുള്ളൂ. അതിനെപ്പോലും പത്രവാർത്തകളെ ആശ്രയിച്ചുകൊണ്ട് ക്രമസമാധാന ലംഘനമായി ചിത്രീകരിച്ച് കൊണ്ടുവരികയാണ്. അത് ശരിയായ സമീപനമാണോ? ഏത് കാലത്തും ഇതൊക്കെ നടക്കുന്നതല്ലേ? ഇത്തരത്തിലുള്ള ഇരട്ടത്താപ്പുകളാണ് യു.ഡി.എഫ്.ന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് എന്നത് നിർഭാഗ്യകരമാണ്. ഏത് കാര്യമെടുത്താലും ആ സമീപനം മനസ്സിലാക്കാൻ കഴിയും. ഉയർത്തുന്ന ഓരോ ആരോപണങ്ങളും ബൂമറാങ്ങുകളായി വരികയാണെന്നുള്ളത് പ്രതിപക്ഷം മറക്കരുത്.

മുസ്ലീംലീഗ് വളരെ ഉത്സാഹപൂർവ്വം കൊലപാതകത്തെക്കുറിച്ച് പറഞ്ഞു. തിരിച്ച് അവരുടെ കാര്യങ്ങൾ പറഞ്ഞപ്പോൾ ബഹളവും അസ്വസ്ഥതയും അസഹിഷ്ണുതയുമായി. ഇതല്ലേ പ്രതിപക്ഷത്തിന്റെ സമീപനം. ഇത്തരം സമീപനങ്ങളല്ല വേണ്ടത്. ഈ നാടിന്റെ മുന്നോട്ടുള്ള പോക്കിന് യോജിച്ച് നിൽക്കേണ്ട ഒട്ടേറെ മേഖലകളും നിലപാടുകളുമുണ്ട്. അക്കാര്യത്തിൽ കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ പേരിൽ പിന്നോക്കം പോകുന്ന അവസ്ഥ, ഈ ഗവൺമെന്റിനെ അട്ടിമറിക്കണമെന്നുള്ള വ്യാമോഹത്തിന്റെ അടിസ്ഥാനത്തിൽ അത്തരത്തിലുള്ള നിലപാടുകൾ സ്ഥിരമായെടുക്കുന്നതിൽനിന്നും പിന്തിരിയുകതന്നെ വേണം. നമ്മളെല്ലാവരും അനുഭവങ്ങളിൽനിന്ന് പഠിക്കേണ്ടവരാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ അത് കോൺഗ്രസ് മാത്രം പഠിക്കാതെ പോയാൽ, ഇന്ന് ഇന്ത്യയിലുള്ള സ്ഥിതി കേരളത്തിലും കോൺഗ്രസ്സിന് വന്നുപോകുമെന്നുള്ളത് ശ്രദ്ധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ സ്ഥിരമായി കോൺഗ്രസ് പ്രതിപക്ഷമായി ഉണ്ടാകണമെന്നുള്ള ഞങ്ങളുടെ ആഗ്രഹംകൊണ്ട് പറഞ്ഞുപോകുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ബിൽ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും ഭേദഗതി സഹകരണ വിദ്യാഭ്യാസത്തെയും സഹകരണ സർക്കിൾ യൂണിയനെയും കൂടുതൽ ജനാധിപത്യവൽക്കരിക്കാനും ഉതകുന്നതാണെന്നുള്ളതുകൊണ്ട് ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഇവിടെ ശ്രീ. അടൂർ പ്രകാശ്, ഭേദഗതി എന്തുകൊണ്ട് കൊണ്ടുവരുന്നു എന്ന ചോദ്യമാണ് മുഖ്യമായും ഉന്നയിച്ചത്. ചെറിയൊരു ഭേദഗതിയാണ് കൊണ്ടുവരുന്നത്. നമ്പറിലൊന്നും വ്യത്യാസം വരുത്തുന്നില്ല. നമ്മുടെ സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളാണ് സർക്കിൾ സഹകരണ യൂണിയനുകളും സഹകരണ യൂണിയനുകളും. ഇവർ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുണ്ട്. സഹകരണ വിദ്യാഭ്യാസം, നയരൂപീകരണം തുടങ്ങിയവയിലെല്ലാം നല്ല പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളാണിവ. എല്ലാ വിഭാഗം സംഘങ്ങളുടെയും ഭരണസമിതി അംഗങ്ങൾ എല്ലാ മണ്ഡലങ്ങളിലും വോട്ട് ചെയ്ത് ഭരണ സമിതിയെ തെരഞ്ഞെടുക്കുന്ന രീതിയാണ് നിലവിലുള്ളത്. എല്ലാവരും കൂടി ചേർന്ന് എല്ലാവരെയും തെരഞ്ഞെടുക്കുന്ന രീതിയാണ്. ഇതിന്റെ ഭാഗമായി ചില മേഖലകളുടെ പ്രാതിനിധ്യം ഒട്ടും ഉണ്ടാകുന്നില്ല. സഹകരണ യൂണിയന്റെ സ്ഥിതി പരിശോധിച്ചാൽ, വിദ്യാഭ്യാസ ഫണ്ട് പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണ്. അത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ളതാണ്. അതിൽ പ്രാഥമിക

കാർഷിക വായ്പാ സംഘങ്ങളുടെ വരുമാനം 56.18 ശതമാനമാണ്. കയറിന് 0.08 ശതമാനവും കോളേജ്/സ്കൂൾ സംഘങ്ങൾക്ക് 2.05 ശതമാനവും കൺസ്യൂമർ സംഘങ്ങൾക്ക് 0.13 ശതമാനവും ഡയറിക്ക് 6.30 ശതമാനവും ഫാമിംഗിന് 0.46 ശതമാനവും ഹാന്റ്ലൂമിന് 0.04 ശതമാനവുമാണ്. ഞാൻ മുഴുവനും വായിക്കുന്നില്ല. ഏറ്റവും പ്രധാനപ്പെട്ടത് PACS (Primary Agricultural Credit Society) തന്നെയാണ്. അവരുടെ മേഖലയിലാണ് ഇക്കാര്യം സംബന്ധിച്ച് വലിയ ഗൗരവതരമായ വിമർശനങ്ങൾ വരുന്നത്. അവരാണ് കോടതിയെ സമീപിച്ചതും കോടതിയുടെ നിർദ്ദേശമുണ്ടായതും. PACS ആണ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്നത്. അവർക്ക് വേണ്ട പ്രാതിനിധ്യം ഇതിനകത്ത് വരുന്നില്ല. അത്തരത്തിൽ ചെറിയ പ്രാതിനിധ്യ വർദ്ധനവ് മാത്രമാണ് ഇതിൽ ഉദ്ദേശിക്കുന്നത്. അല്ലാതെ അടിസ്ഥാനപരമായ വലിയ മാറ്റങ്ങളൊന്നും ഈ ഭേദഗതിയിൽ വരുത്തിയിട്ടില്ല. സഹകാരി സമൂഹത്തിന്റെ പൊതുവായ താല്പര്യം ഉയർത്തിപ്പിടിക്കുന്നതിനുള്ള പരിശ്രമം നടത്തിയെന്ന് മാത്രമേയുള്ളൂ. നമ്മുടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. നിശ്ചയമായും അംഗങ്ങൾ പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ കോടതിയുടെ ഒരു നിർദ്ദേശത്തെക്കുറിച്ച് പരാമർശിച്ചു. ഇത് എന്നുള്ള കേസ്സാണ്; എത്ര നാൾ പഴക്കമുള്ള കേസ്സാണ്; ആ കേസ്സിന്റെ അവസാന വിധി വന്നതാണോ എന്നുള്ള സംശയം ദൂരീകരിച്ചാൽ നന്നായിരുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഭേദഗതി കൊണ്ടുവരാൻ കാരണം കോടതി നിർദ്ദേശമാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. താങ്കൾ പറഞ്ഞ കാര്യം ഞാൻ എടുത്തുപറഞ്ഞുവെന്നേയുള്ളൂ. ഇവിടെ സഹകാരികളുടെ താല്പര്യമാണ് മുഖ്യമായിട്ടുള്ളത്. ഞാൻ സൂചിപ്പിച്ച പ്രധാനപ്പെട്ട പോയിന്റ് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകും. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് സഹകരണ യൂണിയനിലുള്ള സ്ഥാനം വളരെ ചെറുതാണ്. സഹകരണ മേഖലയിൽ സഹകരണ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾക്കുള്ള ഫണ്ട് മൊബിലൈസ് ചെയ്ത് കൊടുക്കുന്നത് അവരാണ്. അവർക്കാണ് അതിൽ കൂടുതൽ പ്രാതിനിധ്യം വരേണ്ടത്. അത് വരുന്നില്ല. സഹകരണ പ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം നിരന്തരമായ ചർച്ചയ്ക്ക് വിധേയമാകുന്ന വിഷയമാണ്. പലപ്പോഴും അത് പരിഗണിക്കപ്പെട്ടിട്ടില്ല എന്നുള്ളതാണ് കഴിഞ്ഞ കുറച്ച് കാലമായുള്ള പ്രശ്നം. അത് പരിഗണിച്ചുവെന്നല്ലാതെ അടിസ്ഥാനപരമായ കാര്യങ്ങളിലൊന്നും മാറ്റം വരുത്തുന്നില്ലെന്നുള്ളതാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. അങ്ങ് അതുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. എല്ലാ

കാര്യങ്ങളെ സംബന്ധിച്ചും ഞാൻ സൂചിപ്പിക്കുന്നില്ല. ജില്ലാ ബാങ്കുകൾ പിരിച്ചുവിട്ടതിനെ സംബന്ധിച്ച്, അതിന്റെ ഭരണ സമിതി, കേരള ബാങ്ക് തുടങ്ങിയ കാര്യങ്ങൾ പറയുകയുണ്ടായി. കേരള ബാങ്ക് ഇന്നത്തെ കാലത്തിന്റെ ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ആധുനികവൽക്കരണത്തിലേയ്ക്ക് പോകേണ്ടതുണ്ടെന്ന് അങ്ങ് തന്നെ സൂചിപ്പിക്കുകയുണ്ടായി. പത്ത്, ഇരുപത് വർഷങ്ങൾക്ക് മുമ്പ് കേരളത്തിലെ സഹകരണ ബാങ്കുകൾ പ്രവർത്തിച്ചതുപോലെ ഇന്ന് പ്രവർത്തിക്കാൻ സാധിക്കില്ല. സഹകരണ ബാങ്കുകളിലെ മെമ്പർഷിപ്പിന്റെ ഘടന പരിശോധിച്ചു. 20-നും 40-നും മദ്ധ്യേ പ്രായമുള്ള ആളുകൾ സഹകരണ ബാങ്കുകളിൽ ഇടപാടുകാരായിട്ടുള്ളത് കേവലം 23 ശതമാനം മാത്രമാണ്. ബാക്കി മുഴുവൻ 50 വയസ്സിന് മുകളിൽ പ്രായമുള്ളവരാണ്. ചെറുപ്പക്കാരാരും സഹകരണ ബാങ്കുകളിൽ ഇടപാടുകാരായി വരുന്നില്ല. ചിലർ പറയുന്നത് ചെറുപ്പക്കാരായ ആളുകൾ ബാങ്കിംഗ് ഇടപാടുകൾ നടത്തുന്നില്ലെന്നാണ്. അത് ശരിയല്ല. പരിശോധിച്ചപ്പോൾ യുവാക്കൾ ധാരാളമായി ബാങ്കിംഗ് ഇടപാടുകൾ നടത്തുന്നുണ്ട്. സഹകരണ ബാങ്കുകളിൽ വന്ന് കാത്ത് നിൽക്കാനും ലെഡ്ജർ പരിശോധിച്ചുകൊണ്ടിരിക്കുന്നവരുടെ മുന്നിൽ പോയി നിൽക്കാനും അവർക്ക് സാധിക്കില്ല. അവർക്ക് ഏറ്റവും ആധുനികമായ ഉല്പന്നങ്ങളാണ് ആവശ്യം. അത് എവിടെയാണോ ലഭിക്കുന്നത് അവിടെയാണ് ചെറുപ്പാക്കാരുടെ ഇടപാടുകൾ നടക്കുന്നത്. ആധുനിക പുത്തൻ തലമുറ ബാങ്കുകളും ദേശസാൽകൃത ബാങ്കുകളും ആധുനിക സംവിധാനങ്ങൾ കൊടുക്കുന്നുണ്ട്. ആധുനിക സംവിധാനങ്ങൾ കൊടുക്കാൻ ഇന്ന് കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് സാധിക്കണമെങ്കിൽ ഒരു മാറ്റം അനിവാര്യമാണ്. ആ മാറ്റമാണ് കേരള ബാങ്ക് എന്ന ആശയത്തിലേയ്ക്ക് എത്തിച്ചേരുന്നതും അതിന്റെ രൂപീകരണത്തിലേയ്ക്ക് നയിക്കുന്നതും. വിദേശ മലയാളികളുടെ നിക്ഷേപം കേരളത്തെ സംബന്ധിച്ചിടത്തോളം ചെറിയ നിക്ഷേപമല്ല. ഏതാണ്ട് 1.5 ലക്ഷം കോടി രൂപയിലധികം നിക്ഷേപം കേരളത്തിലെ വിവിധ ബാങ്കുകളിൽ വിദേശ മലയാളികളുടേതായുണ്ട്. ആ നിക്ഷേപത്തിന്റെ ചെറിയ ഭാഗംപോലും നമുക്ക് സ്വീകരിക്കാൻ സാധിക്കുന്നില്ല. ആ നിക്ഷേപത്തിന്റെ 50 ശതമാനമോ 20 ശതമാനമോ നമ്മുടെ സംസ്ഥാനത്തെ സഹകരണ മേഖലയിലേയ്ക്ക് വന്നാൽ കേരളത്തിൽ അതുപയോഗിച്ച് ഉണ്ടാക്കാൻ കഴിയുന്നത് വമ്പിച്ച വളർച്ചയാണ്. ഇതെല്ലാം കണക്കിലെടുത്തും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുക, അവർക്ക് ആധുനികമായ സംവിധാനങ്ങൾ ഒരുക്കിക്കൊടുക്കുക തുടങ്ങിയ കാര്യങ്ങൾ ലക്ഷ്യം വച്ചുകൊണ്ടുമാണ് സംസ്ഥാനത്ത് കേരള ബാങ്കിന്റെ രൂപീകരണത്തെ സംബന്ധിക്കുന്ന തീവ്രമായ പ്രവർത്തനങ്ങളിലേയ്ക്ക് ഗവൺമെന്റ്

പോയത്. കണ്ണൂരിൽ നടന്ന 8-ാം സഹകരണ കോൺഗ്രസ് ഇതുസംബന്ധിച്ച് വളരെ വിശദമായി ചർച്ച ചെയ്തു. ആ ചർച്ചയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ ഒട്ടുമുണ്ടായില്ലെന്ന് ഞാൻ പറയുന്നില്ല, മഹാഭൂരിപക്ഷം വരുന്ന സഹകാരികളും പൊതുവെ അതിനോട് യോജിക്കുകയാണുണ്ടായത്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട മന്ത്രി വിദേശ നിക്ഷേപം സമാഹരിക്കുകയെന്നുള്ള ലക്ഷ്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. വിദേശ നിക്ഷേപം വരുന്നതോടൊപ്പം കിഫ്ബിയുമായി ബന്ധപ്പെട്ട ന്യൂ ജനറേഷൻ ബാങ്കുകളിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യാൻ തയ്യാറായതിനെക്കുറിച്ചാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ആ തുക എന്തുകൊണ്ട് സഹകരണ ബാങ്കുകളിൽ എത്തുന്നില്ല; എത്താതെ പോയതിന്റെ കാരണമെന്താണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേരള ബാങ്ക് വരുമ്പോൾ കിഫ്ബി അടക്കമുള്ള നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള മത്സരത്തിൽ പങ്കെടുക്കാം. ഇവർ ഫ്ലോട്ട് ചെയ്യുകയാണ്. അങ്ങനെ ചെയ്യുമ്പോൾ ആരാണോ കൂടുതൽ പലിശ കൊടുക്കാൻ തയ്യാറാകുന്നത് അവിടെ നിക്ഷേപിക്കും. അതുസംബന്ധിച്ച വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി തന്നെ അക്കാര്യങ്ങളെക്കുറിച്ച് കൂടുതൽ സംസാരിക്കും.

ശ്രീ. പി. ടി. തോമസ്: സർ, കേരള ഗവൺമെന്റ് കിഫ്ബി ഫണ്ട് ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുപകരം നമ്മുടെ നാട്ടിലെ ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കുകളിലും പ്രാഥമിക സഹകരണ മേഖലയിലും എന്തുകൊണ്ട് നിക്ഷേപിച്ചുകൂടാ; നിങ്ങൾ സഹകരണ പ്രസ്ഥാനത്തെ സ്നേഹിക്കുകയും പ്രേമിക്കുകയും ചെയ്യുന്നവരല്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കിഫ്ബിയുടെ ഫണ്ട് എവിടെയൊക്കെയാണ് വിനിയോഗിക്കേണ്ടത് എന്നത് സംബന്ധിക്കുന്ന ചട്ടവും നിയമവുമൊക്കെയുണ്ടല്ലോ. അതിനെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കുമ്പോൾ കൂടുതൽ ബോധ്യമായിക്കൊള്ളും.

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങ് ഇത് ക്വാട്ട് ചെയ്യുന്ന കാര്യമൊക്കെ സൂചിപ്പിച്ചല്ലോ; ജില്ലാ ബാങ്കിൽനിന്നോ സംസ്ഥാന സഹകരണ ബാങ്കിൽനിന്നോ അങ്ങനെയൊരു ആവശ്യം നിങ്ങൾ ഉന്നയിച്ചിരുന്നോ; ഉന്നയിച്ചിട്ട് കിട്ടാതിരുന്നതാണോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങനെയൊരു ആവശ്യം ഉന്നയിച്ചിട്ടില്ല. ഉന്നയിച്ചിട്ട് കിട്ടാത്തതല്ല. അത്തരമൊരു മത്സരത്തിൽ നമ്മൾ പങ്കെടുത്തിട്ടില്ല. 1,75,000 കോടി രൂപ കേരളത്തിൽ സഹകരണ നിക്ഷേപമുണ്ട്.

അത് ഇൻഡ്യയിലെ സഹകരണ നിക്ഷേപത്തിന്റെ ഏതാണ്ട് 50 ശതമാനത്തിന് മുകളിലാണ്. അത്രയേറെ നിക്ഷേപം നമ്മുടെ സംസ്ഥാനത്തുള്ള പ്രസ്ഥാനം തന്നെയാണ് സഹകരണ പ്രസ്ഥാനം. നിക്ഷേപത്തിനുവേണ്ടി നമ്മൾ അങ്ങനെ വിഷമിച്ച് നടക്കേണ്ട കാര്യമോ മത്സരിക്കേണ്ട കാര്യമോ ഒന്നുമില്ല. കൂടുതൽ പലിശ കൊടുത്ത് നിക്ഷേപം വാങ്ങേണ്ട കാര്യമൊന്നും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ചില്ല. അതാവശ്യം വരുമ്പോൾ ചെയ്യാം.

സഹകരണ കോൺഗ്രസ് ഒരു സഹകരണ നയം അംഗീകരിച്ച സന്ദർഭത്തിൽത്തന്നെ നമ്മുടെ സംസ്ഥാനത്തുള്ള ഗ്രാമപഞ്ചായത്തുകളുടെ ഒരു ബാങ്കിംഗ് സ്ഥാപനമായി ആ ഗ്രാമത്തിലെ സഹകരണ സംഘത്തെ മാറ്റിത്തീർക്കണമെന്ന് നമ്മുടെ നയം ശിപാർശ ചെയ്യുകയാണ്. ആ രൂപത്തിലേയ്ക്ക് ഗ്രാമപഞ്ചായത്തിന്റേതായിട്ടുള്ള ഫണ്ടുകളെല്ലാം തന്നെ എത്തിച്ചേരുന്ന ഒരിടമായും അങ്ങനെ ഗ്രാമപഞ്ചായത്തും ആ ഗ്രാമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സഹകരണ ബാങ്കും തമ്മിൽ നല്ല ബന്ധത്തിലും കൊണ്ടുപോകണം. ഇപ്പോൾ അങ്ങനെയല്ല, ഇപ്പോൾ ദേശസാൽകൃത ബാങ്കുകളിലേയ്ക്കാണ് ഗ്രാമപഞ്ചായത്തിന്റെ തന്നെ പണം നിക്ഷേപിക്കുന്നത്. ആ ഒരു മാറ്റം യഥാർത്ഥത്തിൽ ആവശ്യമാണ്. ഇന്നത്തെ സംവിധാനത്തിൽ അത് എങ്ങനെയാണ് മാറ്റിയെടുക്കാൻ സാധിക്കുന്നതെന്ന് ആലോചിക്കേണ്ടതായിട്ടുണ്ട്. ആ രൂപത്തിലുള്ള സമീപനമാണ് ഉണ്ടാകേണ്ടത്.

കേരള ബാങ്കിനെ സംബന്ധിച്ചിടത്തോളം റിസർവ് ബാങ്കിന്റെ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. റിസർവ് ബാങ്കിനോട് നമ്മൾ ആവശ്യപ്പെട്ടിട്ടുള്ളത് മെർജർ ആണ്. 14 ജില്ലാ ബാങ്കുകളും കേരള ബാങ്കും തമ്മിൽ മെർജ് ചെയ്യുന്നതിനുള്ള അനുമതിയാണ് ചോദിച്ചിട്ടുള്ളത്. സംസ്ഥാന സഹകരണ ബാങ്കിന് ഇപ്പോൾത്തന്നെ റിസർവ് ബാങ്കിന്റെ ലൈസൻസുണ്ട് എന്നുള്ളതുകൊണ്ട് മെർജർ മാത്രമേ ചോദിച്ചിട്ടുള്ളൂ. മിക്കവാറും ഇന്നോ നാളെയോ അല്ലെങ്കിൽ വരുന്ന ദിവസങ്ങളിൽ അതുസംബന്ധിച്ച തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരുമാനം വന്നതിനുശേഷം അക്കാര്യത്തെക്കുറിച്ച് കൂടുതൽ സംസാരിക്കാം.

സംസ്ഥാനത്തെ പ്രധാനപ്പെട്ട പല പ്രോജക്റ്റുകളുടെയും ആരംഭത്തിന് കേരളത്തിലെ സഹകരണ പ്രസ്ഥാനം വളരെ സജീവമായി ഇടപെട്ടിട്ടുണ്ട്. കൊച്ചി മെട്രോയുടെ കാര്യം പറഞ്ഞു. ആക്സിസ് ബാങ്കിലെ നിക്ഷേപത്തെ സംബന്ധിച്ച് ഞാൻ പരിശോധിച്ചിട്ടില്ല. ആ നിക്ഷേപത്തെ സംബന്ധിച്ച് അന്നുവന്ന വിവാദത്തിന് അടിസ്ഥാനമുണ്ടോയെന്നുള്ള കാര്യം പരിശോധിച്ചില്ല. പക്ഷെ കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ

സഹകരണ പ്രസ്ഥാനങ്ങൾക്കാണ് സാധിച്ചത്. എറണാകുളം ഡി.സി.ബി.യാണ് അന്ന് അതിന്റെ തുടക്കത്തിനാവശ്യമായ ഫണ്ട് കൊടുക്കാൻ രംഗത്തുവന്നത്. കൊച്ചി മെട്രോ മാത്രമല്ല, സിയാലിന്റെ കാര്യത്തിലായിരുന്നാലും ഗോശ്രീ പാലത്തിന്റെ കാര്യത്തിലായിരുന്നാലും വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ വളരെ സജീവമായി മുന്നോട്ടുവരാൻ തയ്യാറായത് സഹകരണ പ്രസ്ഥാനം തന്നെയാണ്. ആ സഹകരണ പ്രസ്ഥാനത്തെ നമുക്ക് മുന്നോട്ട് നയിക്കുന്നതിന് സാധിക്കണം. അതിനാവശ്യമായ ശക്തി സമാഹരിക്കാൻ കഴിയണം എന്നുള്ള നിലയിൽത്തന്നെയാണ് കഴിഞ്ഞ 21 മാസക്കാലമായി പരിശ്രമിക്കുന്നത്.

ഇവിടെ വനിതാ സംഘങ്ങളുടെ കാര്യം പറഞ്ഞു. വനിതാ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. എസ്.സി./എസ്.ടി. ഫെഡറേഷൻ ഏതാണ്ട് പൂർണ്ണമായും തകർച്ചയുടെ വക്കിലായിരുന്നു. പക്ഷെ ഇപ്പോൾ എസ്.സി./എസ്.ടി. ഫെഡറേഷൻ 100 ശതമാനം വളർച്ച കൈവരിച്ചിട്ടുണ്ട് എന്ന് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് എനിക്ക് പറയാൻ സാധിക്കും. വളരെ സജീവമായ പ്രവർത്തനം എസ്.സി./എസ്.ടി. ഫെഡറേഷൻ നടത്തുകയാണ്. എസ്.സി.-യും എസ്.ടി.-യും രണ്ട് ഫെഡറേഷനാക്കണമെന്നുള്ള നിർദ്ദേശം കുറച്ചു നാളുകളായി ഉണ്ട്. പക്ഷെ ഇന്നത്തെ അവസ്ഥയിൽ എസ്.ടി.-ക്ക് മാത്രമായി ഒരു നിലനിൽപ്പ് കാണുന്നില്ല. അതിനെ പ്രത്യേകം ഫെഡറേഷനാക്കിയാൽ അതിന് സ്വതന്ത്രമായി നിലനിൽക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. അതുകൊണ്ടാണ് ഇത് രണ്ടിനെയുംകൂടി സംയോജിപ്പിച്ചുകൊണ്ടുതന്നെ ഇപ്പോഴും പോകുന്നത്. രണ്ടുംകൂടി സംയോജിപ്പിച്ച് പരമാവധി മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുപോകാനുള്ള പരിശ്രമം തന്നെയാണ് നടത്തുന്നത്.

കൺസ്യൂമർഫെഡിന്റെ കാര്യം നമുക്ക് അറിയാവുന്നത് തന്നെയാണ്. കൺസ്യൂമർഫെഡ് അതിന്റെ പ്രവർത്തനരംഗത്ത് മികവ് കാട്ടുന്നുണ്ട്. ഇക്കഴിഞ്ഞ രണ്ടുവർഷങ്ങളിലായി പ്രവർത്തന ലാഭമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷെ ഉണ്ടായിട്ടുള്ള സഞ്ചിത നഷ്ടം മൊത്തത്തിൽ പരിഹരിക്കാൻ സാധിച്ചിട്ടില്ല. സഞ്ചിത നഷ്ടം വളരെ വലുതാണ്. ഗവൺമെന്റിന്റെ കാര്യമായ പിന്തുണയുണ്ടെങ്കിൽ മാത്രമേ കൺസ്യൂമർഫെഡിനെ നിരന്തരം ലാഭകരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാക്കി കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. പൊതുവേ നല്ല നിലയിലുള്ള പ്രവർത്തനമാണ് നടത്തുന്നത്.

കെ.എസ്.ആർ.ടി.സി. പെൻഷന്റെ കാര്യം പറഞ്ഞു. മറ്റ് സാമൂഹിക ക്ഷേമ പെൻഷനുകൾ വളരെ കൃത്യമായി വീടുകളിൽ എത്തിക്കാൻ കഴിയുന്നുണ്ട്. കിടപ്പുരോഗികളായ പല ആളുകൾക്കും അത് വലിയ ആശ്വാസമാണ്. നമ്മുടെ

സംവിധാനം അത്ര മെച്ചമാണ്. നമ്മുടെ സഹകരണ മേഖല അത്ര വിശാലമായ ഒരു മേഖലയാണ്. അതിനകത്ത് കക്ഷി രാഷ്ട്രീയത്തിന്റേതായ കാര്യമൊന്നുമില്ല. എല്ലാവരും ഒരുമിച്ച് നിന്നാണ് പ്രവർത്തിക്കുന്നത്. തീരുമാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ വളരെ സജീവമായി എല്ലാവരും ഇടപെടുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഏതെങ്കിലുമൊരു പ്രത്യേക പാർട്ടി അല്ലെങ്കിൽ എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ വ്യത്യാസമില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം 14 ജില്ലാ ബാങ്കുകളുടെ കാര്യത്തിൽ കേരള ബാങ്ക് എന്നുപറയുന്ന ഒരു സങ്കൽപ്പത്തെ യാഥാർത്ഥ്യമാക്കുന്ന പരിശ്രമത്തിന്റെ ഭാഗമായി തെരഞ്ഞെടുപ്പ് നടത്തിയില്ല എന്നതൊഴിച്ചാൽ ജനാധിപത്യവിരുദ്ധമായ ഒരു കാര്യവും നടന്നിട്ടില്ല. കേരളത്തിൽ ഇപ്പോൾ ആയിരക്കണക്കിന് സംഘങ്ങളുണ്ട്. അതിൽ ഒരു സംഘവും ജനാധിപത്യ വിരുദ്ധമായി പിടിച്ചെടുക്കാൻ ശ്രമിച്ചിട്ടില്ല. അങ്ങനെയൊന്നും നടന്നിട്ടില്ല. ദയവുചെയ്ത് അങ്ങനെയൊന്നും പറയരുത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമ്മുടെ മുൻ മുഖ്യമന്ത്രിയുടെ നിയോജക മണ്ഡലമാണ് പുതുപ്പള്ളി. അവിടത്തെ അദ്ധ്യാപക സഹകരണ ബാങ്ക് അവരുടെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് ഹൈക്കോടതിയെ സമീപിച്ചു. ഞങ്ങളടക്കം അതിൽ ഇടപെട്ടുകൊണ്ട് ഇത് തെറ്റാണ്, അനീതിയും നിയമവിരുദ്ധവുമാണെന്ന് അവിടത്തെ ജോയിന്റ് രജിസ്ട്രാറെ അറിയിച്ചതിനെത്തുടർന്ന് നിവൃത്തിയില്ലാതെ അവർ ഹൈക്കോടതിയെ സമീപിക്കുകയും അവർക്ക് അനുകൂലമായ വിധി സമ്പാദിക്കുകയും ചെയ്തു. വിധി സമ്പാദിച്ചിട്ടും രണ്ടു ദിവസം താമസിച്ചാണ് അവരെ റീ-ഇൻസ്റ്റേറ്റ് ചെയ്തത്. അങ്ങ് അറിഞ്ഞിട്ടില്ലെങ്കിൽ ഇതുപോലുള്ള കാര്യങ്ങൾ അറിയണം. ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ഇതൊക്കെയാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങ് പറഞ്ഞ ഈ സംഘത്തിന്റെ കാര്യം എനിക്കറിയില്ല. അത് പരിശോധിച്ച് നോക്കേണ്ട കാര്യമാണ്. അഴിമതിയുമായി ബന്ധപ്പെട്ട് വിരലിലെണ്ണാവുന്ന ചില സംഘങ്ങളുടെ കാര്യത്തിൽ മാത്രമാണ് അങ്ങനെ വന്നിട്ടുള്ളത്. ഞാൻ പറഞ്ഞല്ലോ അതുസംബന്ധിച്ച് എനിക്കറിയില്ല. അങ്ങ് പറയുകയാണെങ്കിൽ അതുസംബന്ധിച്ച് പരിശോധിച്ച് പറയാം. പക്ഷെ പിരിച്ചുവിടപ്പെട്ട ചില സംഘങ്ങളെ സംബന്ധിച്ച കാര്യമാണ് ഞാൻ പറഞ്ഞത്. അതും വിരലിലെണ്ണാവുന്ന ചില സംഘങ്ങൾ. കനത്ത അഴിമതിയുടെ ഭാഗമായി വന്ന നടപടികളുടെ ഭാഗമായല്ലാതെ നിലവിലുള്ള ഏതെങ്കിലും സംഘത്തിന്റെ ഒരു ഘടനയെ അട്ടിമറിക്കാനോ രാഷ്ട്രീയമായ താൽപ്പര്യത്തോടുകൂടിയോ ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. കേരളത്തിലെ

സഹകാരി സമൂഹത്തിന് നന്നായിട്ടറിയാം. അത് നമ്മുടെ എട്ടാം സഹകരണ കോൺഗ്രസ്സിൽ പ്രതിഫലിച്ച കാര്യമാണ്. എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. സഹകരണ മേഖലയിൽ കൂട്ടായ്മ ഉറപ്പാക്കാൻ രാഷ്ട്രീയത്തിനതീതമായ ഒരു ശക്തിയാക്കി സഹകരണ മേഖലയെ കൊണ്ടുപോകാനുള്ള പരിശ്രമം ഗവൺമെന്റ് നടത്തുന്നുവെന്നുള്ള ചിന്ത തന്നെയാണ് പൊതുവെ കേരളത്തിന്റെ സഹകരണ മേഖലയെ സംബന്ധിച്ചുള്ളത്.

അങ്ങ് പറഞ്ഞതുപോലെ കയർ മേഖലയിലെ നവീകരണത്തിനും മെച്ചപ്പെടുത്തലിനുംവേണ്ടി ആത്മാർത്ഥമായ നീക്കം ആരംഭിച്ചിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇതൊക്കെ വരുന്ന നാളുകളിൽ കൂടുതൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നതാണ്. ആ നിലയിൽ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്താനും മുന്നോട്ട് നയിക്കാനുമെല്ലാം സഹായകരമാകുന്ന പ്രവർത്തനങ്ങൾക്കിടയിലാണ് സഹകരണം എന്നുപറയുന്ന ആ വാക്കിന്റെ അർത്ഥ വ്യാപ്തിക്കനുസൃതമായ ഒരു നിലപാടിന്റെ ഭാഗമായ ഈ ചെറിയ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നത്. അത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അടൂർ പ്രകാശ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പിൻവലിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. ജെയിംസ് മാത്യു
16. ശ്രീ. ജി. എസ്. ജയലാൽ
17. ശ്രീ. ജോൺ ഫെർണാണ്ടസ്
18. ശ്രീ. വി. ജോയി
19. ശ്രീ. ഒ. ആർ. കേളു

20. ശ്രീ. സി. കൃഷ്ണൻ
21. ശ്രീ. വി. കെ. സി. മമ്മത് കോയ
22. ശ്രീ. കെ. ജെ. മാക്സി
23. ശ്രീ. എ. സി. മൊയ്തീൻ
24. ശ്രീ. മുഹമ്മദ് മുഹസിൻ പി.
25. ശ്രീ. ഡി. കെ. മുരളി
26. ശ്രീ. സി. കെ. നാണു
27. ശ്രീ. യു. ആർ. പ്രദീപ്
28. ശ്രീ. കെ. ഡി. പ്രസേനൻ
29. ശ്രീമതി യു. പ്രതിഭ ഹരി
30. ശ്രീ. പുരുഷൻ കടലുണ്ടി
31. ശ്രീ. എം. രാജഗോപാലൻ
32. ശ്രീ. കെ. രാജൻ
33. ശ്രീ. ആർ. രാജേഷ്
34. ശ്രീ. റ്റി. വി. രാജേഷ്
35. ശ്രീ. രാജു എബ്രഹാം
36. ശ്രീ. ആർ. രാമചന്ദ്രൻ
37. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
38. ശ്രീ. എ. കെ. ശശീന്ദ്രൻ
39. ശ്രീ. സി. കെ. ശശീന്ദ്രൻ
40. ശ്രീ. പി. കെ. ശശി
41. ശ്രീ. എ. എൻ. ഷംസീർ
42. ശ്രീ. ജി. സുധാകരൻ
43. ശ്രീ. വി. ആർ. സുനിൽ കുമാർ
44. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
45. ശ്രീ. കെ. സുരേഷ് കുറുപ്പ്

46. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
47. ഡോ. ടി. എം. തോമസ് ഐസക്
48. ശ്രീ. പി. ഉണ്ണി
49. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. അടൂർ പ്രകാശ്
3. ശ്രീ. എ. പി. അനിൽ കുമാർ
4. ശ്രീ. വി. ടി. ബൽറാം
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ശ്രീ. ടി. വി. ഇബ്രാഹിം
7. ശ്രീ. സി. മമ്മൂട്ടി
8. ഡോ. എം. കെ. മുനീർ
9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
10. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
11. ശ്രീ. രമേശ് ചെന്നിത്തല
12. ശ്രീ. റോജി എം. ജോൺ
13. ശ്രീ. വി. പി. സജീന്ദ്രൻ
14. ശ്രീ. എൻ. ഷംസുദ്ദീൻ
15. ശ്രീ. വി. ഡി. സതീശൻ
16. ശ്രീ. ഷാഫി പറമ്പിൽ
17. ശ്രീ. പി. ടി. തോമസ്
18. ശ്രീ. പി. ഉബൈദുള്ള.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അനുകൂലിക്കുന്നവർ: 49

പ്രതികൂലിക്കുന്നവർ: 18

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

1.00 PM]

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ാം വകുപ്പ്</u>

<u>Shri V. P. Sajeendran</u>: Sir, I move the following amendments:

120. In Section 88(1)(a) proposed to be substituted in the principal Act by Clause 2, after the words " such category of" the word " affiliated" shall be inserted.

122. In Section 88(1)(a) proposed to be substituted in the principal Act by Clause 2, after the words " category of societies" the words " within the circle " shall be inserted.

124. Section 88(1)(a) proposed to be substituted in the principal Act by Clause 2, shall be recast as follows.

" (a) seven members, elected, in such manner as may be prescribed, from the various categories of affiliated societies within the circle, by the members of the committee of each such category of affiliated societies from among themselves.

<u>Shri C. Mammutty</u>: Sir, I move the following amendment:

116. In Section 88 (1) (a) proposed to be substituted in the principal

Act by Clause 2, after the words " seven members" insert the word " proportionally" .

Shri. T. V. Ibrahim: Sir, I move the following amendment:

117. In Section 88(1)(a) proposed to be substituted in the principal Act by Clause 2, after the word " various" shall be substituted with the word " different" .

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന കാരണങ്ങളാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

112, 113 എന്നീ നമ്പർ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമല്ല. 121- ാം നമ്പർ ഭേദഗതി 122-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ പ്രസ്തുത ഭേദഗതി അവതരിപ്പിക്കേണ്ടതില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 120, 122, 124 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാംവകുപ്പ്

(ഭേദഗതി ഇല്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

3-ാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

Shri. A. P. Anilkumar : Sir, I move the following amendment:

105. Clause 1 (2) shall be recast as follows:

" (2) It shall come into force at once"

Shri. P. Ubaidulla : Sir, I move the following amendment:

110. Clause 1 (2) shall be recast as follows:

" (2) It shall be deemed to have come into force from 26th day of December, 2017"

മി. ഡെപ്യൂട്ടി സ്പീക്കർ: 106, 107 എന്നീ നമ്പർ ഭേദഗതികൾ 105-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ പ്രസ്തുത ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.......

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. (സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം

14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. വി. ജോയി.
19. ശ്രീ. ഒ. ആർ. കേളു
20. ശ്രീ. സി. കൃഷ്ണൻ
21. ശ്രീ. വി. കെ. സി. മമ്മത് കോയ
22. ശ്രീ. കെ. ജെ. മാക്സി
23. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
24. ശ്രീ. എ. സി. മൊയ്തീൻ
25. ശ്രീ. മുഹമ്മദ് മുഹസിൻ പി.
26. ശ്രീ. ഡി. കെ. മുരളി
27. ശ്രീ. സി. കെ. നാണു
28. ശ്രീ. എം. നൗഷാദ്
29. ശ്രീ. യു. ആർ. പ്രദീപ്
30. ശ്രീ. എ. പ്രദീപ്കുമാർ
31. ശ്രീ. കെ. ഡി. പ്രസേനൻ
32. ശ്രീമതി യു. പ്രതിഭ ഹരി
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. എം. രാജഗോപാലൻ
35. ശ്രീ. കെ. രാജൻ
36. ശ്രീ. ആർ. രാജേഷ്
37. ശ്രീ. റ്റി. വി. രാജേഷ്

38. ശ്രീ. കെ. രാജു

39. ശ്രീ. രാജു എബ്രഹാം

40. ശ്രീ. ആർ. രാമചന്ദ്രൻ

41. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

42. ശ്രീ. മുല്ലക്കര രത്നാകരൻ

43. ശ്രീ. എ. കെ. ശശീന്ദ്രൻ

44. ശ്രീ. സി. കെ. ശശീന്ദ്രൻ

45. ശ്രീ. പി. കെ. ശശി

46. ശ്രീ. എ. എൻ. ഷംസീർ

47. ശ്രീ. ജി. സുധാകരൻ

48. ശ്രീ. വി. ആർ. സുനിൽ കുമാർ

49. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

50. ശ്രീ. കെ. സുരേഷ് കുറുപ്പ്

51. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

52. ഡോ. ടി. എം. തോമസ് ഐസക്

53. ശ്രീ. പി. ഉണ്ണി

54. ശ്രീ. ഇ. കെ. വിജയൻ

55. ശ്രീ. എൻ. വിജയൻ പിള്ള

56. ശ്രീ. ജോൺ ഫെർണാണ്ടസ് .

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പി. കെ. അബ്ദു റബ്ബ്

3. ശ്രീ. അടൂർ പ്രകാശ്

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. വി. ടി. ബൽറാം
6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
7. ശ്രീ. ടി. വി. ഇബ്രാഹിം
8. ഡോ. എം. കെ. മുനീർ
9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
10. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
11. ശ്രീ. രമേശ് ചെന്നിത്തല
12. ശ്രീ. റോജി എം. ജോൺ
13. ശ്രീ. വി. പി. സജീന്ദ്രൻ
14. ശ്രീ. എൻ. ഷംസുദ്ദീൻ
15. ശ്രീ. വി. ഡി. സതീശൻ
16. ശ്രീ. ഷാഫി പറമ്പിൽ
17. ശ്രീ. പി. ടി. തോമസ്
18. ശ്രീ. പി. ഉബൈദുള്ള.

മി. ഡെപ്യൂട്ടി സ്പീക്കർ : അനുകൂലിക്കുന്നവർ - 56

പ്രതികൂലിക്കുന്നവർ - 18

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കൂടുതലായൊന്നും സംസാരിക്കാനില്ല. കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് ഒരു സ്ഥിരം കമ്മീഷണർ ആവശ്യമാണെന്ന് സുപ്രീംകോടതി നിയോഗിച്ച കേന്ദ്ര സുരക്ഷാ അതോറിറ്റി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു റോഡ് സുരക്ഷാ കമ്മീഷണറെ നിയമിക്കണമെന്ന ഭേദഗതി ആക്ടിൽ കൊണ്ടുവരണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റിയിൽ ഈ ബില്ലിന്റെ ചർച്ച നടന്ന അവസരത്തിൽ അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള ഗവൺമെന്റ് സെക്രട്ടറിയുടേതോ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെയോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയോ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനെ മുഴുവൻ സമയ റോഡ് സുരക്ഷാ കമ്മീഷണറായി നിയമിക്കണമെന്ന തീരുമാനമുണ്ടായിരുന്നു. ആ മാറ്റത്തോടുകൂടിയാണ് ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങൾ നടപ്പിലാക്കുന്നതിനായി സുപ്രീം കോടതി നിയമിച്ച കമ്മിറ്റി എല്ലാ റോഡ് സുരക്ഷാ അതോറിറ്റി കൗൺസിലുകളിലും ഇത്തരത്തിലുള്ള ഒരു മുതിർന്ന ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മിടുക്കരായ ആളുകളെ കണ്ടെത്തുന്നതിനുവേണ്ടിയാണ് ഈ ഓപ്ഷനോടുകൂടിയ നിർദ്ദേശം അവതരിപ്പിച്ചിട്ടുള്ളത്. ഇത് അംഗീകരിച്ച് പാസ്സാക്കിത്തരണമെന്ന് ആമുഖമായി ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. രാജൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളാ റോഡ് സുരക്ഷാ അതോറിറ്റി ബിൽ 2007-ൽ കേരള നിയമസഭയ്ക്ക് മുന്നിൽ വച്ച ബില്ലാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ നേരത്തെ റോഡ് സേഫ്റ്റി കമ്മീഷണറായി ട്രാൻസ്പോർട്ട് കമ്മീഷണറായിരുന്നു നിലനിന്നിരുന്നതെങ്കിൽ ഇപ്പോൾ അത് അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള ഗവൺമെന്റ് സെക്രട്ടറിയുടെയോ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെയോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയോ പദവിയിൽ താഴെയല്ലാത്ത ഒരാളെ പ്രസ്തുത തസ്തികയിൽ നിയമിക്കാമെന്ന ഭേദഗതിയാണ് പ്രധാനമായും ഇതിൽ വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മുൻ നിയമസഭാ സ്പീക്കർ 2007-ലെ റോഡ് സുരക്ഷാ അതോറിറ്റി ബിൽ അവതരിപ്പിച്ചുകൊണ്ട് നടത്തിയ ചർച്ച ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അദ്ദേഹം പറഞ്ഞത്, ഒരുപാട് നിബന്ധനകളോടെ റോഡ് സേഫ്റ്റി അതോറിറ്റി ബിൽ പാസ്സാക്കിക്കഴിഞ്ഞാൽപ്പോലും കേരളത്തിന്റെ

പൊതുസ്വഭാവമനുസരിച്ച് ഇത് നടപ്പിലാക്കാൻ കഴിയാറില്ല. കാരണം നമ്മൾ തന്നെയാണ്. റോഡ് സേഫ്റ്റി അതോറിറ്റി ബിൽ കൊണ്ടുമാത്രം കേരളത്തിലെ പൊതുസമൂഹത്തിന്റെ ചില സമീപനങ്ങളും കാഴ്ചപ്പാടുകളും മാറുമോ എന്നുള്ളതാണ് പ്രശ്നം. അത് മാറ്റാൻ ബില്ലിന് കഴിയില്ലായിരിക്കും. പക്ഷെ അതിലേയ്ക്കുകൂടി കേരള സമൂഹത്തെ കൊണ്ടുപോകണം. ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. റോഡ് ഉപയോഗത്തിന് ഒരു പുതിയ സാംസ്കാരികാവബോധം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. റോഡിൽ വാഹനമോടിക്കുമ്പോൾ നിർത്താതെ ഹോണടിക്കും. മുമ്പിലോ പുറകിലോ ആളുണ്ടോയെന്ന് നോക്കിയിട്ടല്ല, വേഗത്തിൽ കടന്നുപോകേണ്ട ആവശ്യമുണ്ടായിട്ടുമല്ല. കിട്ടുന്ന വഴിയിലൂടെയെല്ലാം കുത്തിക്കയറ്റി വണ്ടി കൊണ്ടുപോകാൻ ശ്രമിക്കും. എല്ലാ ഡ്രൈവർമാരുടെയും മുഖം മുഴുവൻ അസംതൃപ്തമായിരിക്കും, ശാപ വാക്കുകൾ സ്ഥിരമായി പ്രയോഗിക്കും, ചിലപ്പോൾ പുലഭ്യവും പറയും. വാഹനം ഓടിക്കുന്നതിന്റെ ആനുകാലിക സംവിധാനമായി ഇത് സമൂഹത്തിൽ വരുമ്പോഴുണ്ടാകുന്ന പ്രശ്നം റോഡ് എപ്പോഴും സംഘർഷഭരിതമായിട്ടുള്ള മാനസികാവസ്ഥയിലായിരിക്കും എന്നുള്ളതാണ്. 17 വർഷത്തിനിടയിൽ 60,000 പേരുടെ ജീവൻ കേരളത്തിലെ റോഡുകളിൽ പൊലിഞ്ഞു എന്നുള്ളതാണ് ഏറ്റവും അവസാനമായി കിട്ടുന്ന കണക്ക്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം റോഡിൽ വണ്ടിയോടിക്കുന്ന കാര്യത്തിൽ യാതൊരു സദാചാരവും പാലിക്കാത്ത സ്ഥലമായി കേരളം മാറിക്കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ്. ബസ്സും ലോറിയും ഓടിക്കുന്നവർ മുതൽ കാൽനടക്കാർ വരെ റോഡ് തോന്നിയതുപോലെ ഉപയോഗിക്കുന്ന രീതിയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഗതാഗതക്കുരുക്കുകൾ ഒരു പ്രശ്നമല്ല, ആർക്കും എവിടെ വേണമെങ്കിലും വാഹനങ്ങൾ പാർക്ക് ചെയ്യാം. അതിന്റെ പേരിൽ ട്രാഫിക് തടസ്സമുണ്ടായാൽ അതൊരു പ്രശ്നമേയല്ലെന്ന് കരുതും. റോഡ് ഉപയോഗത്തിന്റെ കാര്യത്തിൽ സാമാന്യ മനുഷ്യൻ കാണിക്കേണ്ട സദാചാര മൂല്യങ്ങളൊന്നുപോലും കാണിക്കാത്തവരായി മലയാളി മാറിക്കഴിഞ്ഞിരിക്കുന്നു എന്നത് അപമാന ഭാരത്താൽ തല കുനിച്ചുകൊണ്ട് വേണം നോക്കിക്കാണേണ്ടത്. ഡ്രൈവർമാർ തമ്മിലുള്ള സംഘർഷം, റോഡിൽ ഓടിക്കൊണ്ടിരിക്കുന്ന വണ്ടിക്കാർ തമ്മിലുള്ള തർക്കം, വണ്ടിക്കാരും കാൽനടയാത്രക്കാരും തമ്മിലുള്ള തർക്കം എന്നിവമൂലം നമ്മുടെ സംസ്ഥാനത്തെ നിരത്തുകൾ സംഘർഷഭരിതമാണ്. ഈ മാനസിക സമ്മർദ്ദം ഡ്രൈവിംഗിനെ വല്ലാതെ ബാധിക്കുന്നുണ്ട്. ഒരാൾ വണ്ടിയോടിച്ച് മംഗലാപുരത്തുനിന്ന് തിരുവനന്തപുരത്തേയ്ക്ക് ലോഡുംകൊണ്ട് വരുമ്പോൾ അയാളുടെ മാനസിക സമ്മർദ്ദം പലതരത്തിലേയ്ക്ക് പോകുകയാണ്. ഇടതുവശത്തേയ്ക്കുള്ള ഫ്രീ ലെഫ്റ്റ് സിഗ്നലിന്റെ മുന്നിൽ കൊണ്ടുവന്ന് വണ്ടി

സ്ഥിരമായി നിർത്തും. പുറകിൽ നിന്നും വരുന്നവർക്ക് ഫ്രീ ലെഫ്റ്റ് സിഗ്നൽ ഉപയോഗിക്കാവുന്ന ഒരു സാധ്യതയും അനുവദിക്കാതിരിക്കുകയാണ്. ദേശീയപാത ലോറിക്കാരുടെ സ്ഥിരം പാർക്കിംഗ് പ്ലെയ്സായി മാറിക്കൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലമായ ഒല്ലൂരിലെ പ്രധാന ദേശീയപാത മണ്ണുത്തി മുതൽ പാലക്കാട് വരെയും പ്രത്യേകിച്ച് വടക്കാഞ്ചേരി വരെയും പോകുന്നതാണ്. ആ ഹൈവേ നന്നാക്കുന്നതിനുവേണ്ടി ഗതാഗത വകുപ്പുമന്ത്രി തന്നെ നേരിട്ട് ഇടപെടുകയും അവിടത്തെ പാർക്കിംഗ് ഒഴിവാക്കി വളരെ സുഗമമായ യാത്ര ഒരുക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. പക്ഷെ ഹൈവേയുടെ തീരങ്ങളെ പാർക്കിംഗ് പ്ലെയ്സായാണ് ആളുകൾ ഉപയോഗിക്കുന്നത്. വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കരുതെന്ന് എത്ര പറഞ്ഞാലും മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ടുതന്നെ വാഹനങ്ങളെ നിയന്ത്രിക്കാമെന്ന് ധരിക്കുന്ന ആളുകളാണ് മഹാഭൂരിപക്ഷവും. ആളുകളുടെ മുഴുവൻ പ്രശ്നവും പറയാൻ ഡ്രൈവിംഗ് സീറ്റിലിരിക്കുമ്പോഴാണ് ഫോൺ ലഭ്യമാകുന്നത്. ഫോണെടുത്ത് സംസാരിക്കുന്നുവെന്ന് മാത്രമല്ല, സ്പീക്കറിലിട്ട് ആളുകളോട് ആവശ്യംപോലെ സംസാരിച്ച് എങ്ങനെയും ഇത് കൈകാര്യം ചെയ്യാമെന്ന് വിചാരിക്കുന്ന തരത്തിലുള്ള ഡ്രൈവിംഗ് വളരെ അപകടകരമായ തരത്തിൽ നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവന്നിട്ടുണ്ട്. ഇവിടത്തെ സ്വകാര്യ ബസ്സുകൾ എവിടെ കൈ കാണിച്ചാലും അവിടെ നിർത്തി ആൾക്കാരെ കയറ്റുമെന്ന് നമുക്കറിയാം. പുറകിൽ വരുന്ന മൂന്നോ നാലോ വാഹനങ്ങൾ വളരെ പെട്ടെന്ന് ചവിട്ടിയില്ലെങ്കിൽ ബസ്സിന്റെ പുറകിൽ വന്നിടിക്കുമെന്ന ഒരു ധാരണയുമില്ലാതെ എവിടെ കൈ കാണിച്ചാലും ബസ് നിർത്തുമെന്ന പൊതുശീലമാണ് ഇവിടെയുള്ളത്. റോഡുകളിലെ കുണ്ടും കുഴിയും നേരത്തേ വളരെ സീരിയസ്സായിട്ടുള്ള പ്രശ്നമായിരുന്നു. അത് മാറ്റാൻവേണ്ടി വെട്ടിച്ചെടുക്കുമ്പോൾ ആക്സിഡന്റ് ഉണ്ടാകുകയാണ്. ഇപ്പോൾ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഞങ്ങൾക്കുള്ള തർക്കം എല്ലാ മണ്ഡലത്തിലും വർക്കുകൾ തുല്യമായി വീതിച്ചുകൊടുക്കുന്നുവെന്നതാണ്. അതിനാൽ പി.ഡബ്ല്യൂ.ഡി. റോഡുകളെല്ലാം സാമാന്യം മനോഹരമായി ഫിനിഷ് ചെയ്തുകഴിഞ്ഞു. വളരെ നന്നായി ടാർ ചെയ്ത റോഡുകളിൽ ഉപയോഗിക്കുന്ന വാഹനത്തിന്റെ സ്പീഡിൽ വർദ്ധനയുണ്ടാകും. അങ്ങനെ വളരെ സ്പീഡായി റോഡിൽ വാഹനങ്ങൾ കൊണ്ടുപോകുന്നതിന്റെ അടിസ്ഥാനത്തിലുള്ള ആക്സിഡന്റുകൂടി ഒരു പ്രധാനപ്പെട്ട പ്രശ്നമായി മാറിയിരിക്കുകയാണ്. വാഹനപ്പെരുപ്പം നമ്മുടെ സമൂഹത്തെ വല്ലാതെ ബാധിച്ചിട്ടുണ്ട്. വാഹനപ്പെരുപ്പം വർദ്ധിക്കുന്നതനുസരിച്ച് നമ്മുടെ റോഡുകളിൽ അപകട സാധ്യതകൾ വർദ്ധിക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, വാഹനാപകടങ്ങളെ സംബന്ധിച്ചും വാഹനങ്ങൾ ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് സംബന്ധിച്ചുമാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. കേരളത്തിൽ മൊബൈൽ ഫോണിന്റെ അതിപ്രസരം വന്നപ്പോൾ സ്വകാര്യ വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർ മാത്രമല്ല, പ്രൈവറ്റ്/കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവർമാർ അടക്കമുള്ളവർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത കാലത്ത് മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനമോടിച്ച ഒരാളുടെ ഫോട്ടോ നമ്മൾ പത്രത്തിൽ കണ്ടതാണ്. വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് അപകടകരമാണെന്ന് കരുതാൻ കഴിയത്തക്ക നിലയിൽ കൂടുതലായി ബോധവൽക്കരണം നടത്താനും ഇത്തരക്കാർക്കെതിരെ കർശന നടപടിയെടുക്കാനും കഴിയുന്ന സാഹചര്യമുണ്ടാകണം. ഇപ്പോൾ നമ്മുടെ റോഡുകൾ നല്ല വീതിയിലാണ് ടാർ ചെയ്തുകൊണ്ടിരിക്കുന്നത്. കഴക്കൂട്ടം-അടൂർ റോഡ് സേഫ് സോൺ പദ്ധതിയിലുൾപ്പെടുത്തി നല്ല വീതിയിൽ ടാർ ചെയ്തിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ഇപ്പോൾ റോഡിലുണ്ടായിരുന്ന ഹംപുകളെല്ലാം എടുത്തുമാറ്റി. അതിനെത്തുടർന്ന് പല സ്ഥലങ്ങളിലും അപകടങ്ങൾ വർദ്ധിച്ചിരിക്കുകയാണ്. എന്റെ മണ്ഡലമായ അടൂരിൽ നിരവധി അപകടങ്ങളുണ്ടായിട്ടുണ്ട്. റോഡ് വീതി കൂട്ടി നല്ലപോലെ ടാർ ചെയ്തുകഴിയുമ്പോൾ വാഹനങ്ങൾ അതിവേഗം വന്നുകൊണ്ടിരിക്കുകയാണ്. വിവിധ റോഡുകൾ സംഗമിക്കുന്ന സ്ഥലമുണ്ട്. സ്കൂളുകളും ക്ഷേത്രങ്ങളും സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുണ്ട്. ഇവിടെയെല്ലാം ആളുകൾക്ക് റോഡ് ക്രോസ് ചെയ്യാൻ സാധിക്കാത്ത രീതിയിൽ വാഹനങ്ങൾ അതിവേഗം വന്നുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ഒരു പരിശോധന നടത്താനും അത്തരം കേന്ദ്രങ്ങളിൽ അപകടം ഒഴിവാക്കാനും വാഹനങ്ങളുടെ സ്പീഡ് കുറയ്ക്കാനും കഴിയുന്ന സാഹചര്യം ഉണ്ടാകേണ്ടതുണ്ട്. അക്കാര്യത്തിൽ അങ്ങേയ്ക്ക് എന്താണ് അഭിപ്രായം?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ]

ശ്രീ. കെ. രാജൻ: സർ, വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് അങ്ങ് ഉന്നയിച്ചത്. ഫോണിൽ സംസാരിക്കുന്നവെന്ന് മാത്രമല്ല, മാതൃഭൂമി പത്രത്തിൽ വന്ന അപകടത്തിന്റെ വാർത്തയിൽ എല്ലാപേരും അപകടമുണ്ടായതിന്റെ മൊബൈൽ ചിത്രങ്ങൾ പകർത്തുന്നതിന്റെ ഭീകരമായ മാനസികാവസ്ഥ കൂടി കണ്ടു. ഇങ്ങനെ മനുഷ്യർക്ക് മാനസികാവസ്ഥയുണ്ടാകുമോ എന്നറിയില്ല. ഒരു അപകടംപറ്റി ദമ്പതിമാർ കിടക്കുമ്പോൾ അതിന്റെ ചിത്രം പകർത്താവുന്ന തരത്തിലേയ്ക്ക് അല്ലെങ്കിൽ അത് പകർത്തി വാട്ട്സ് ആപ്പിൽ അയയ്ക്കുന്ന നിലയിലേയ്ക്ക് മനുഷ്യന്റെ മാനസികാവസ്ഥ മാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട അടൂർ നിയോജക മണ്ഡലം അംഗം

പറഞ്ഞത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. നടപടിയെടുക്കാനും ബോധവത്കരണത്തിലൂടെ ഇത് ഒഴിവാക്കാനും വേണ്ട ശ്രമം നടത്തണം.

മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് പൊതുഗതാഗത സംവിധാനങ്ങളെ ശക്തിപ്പെടുത്തി സ്വകാര്യ വാഹനങ്ങളിൽ യാത്രചെയ്യുന്നവരുടെ എണ്ണം എങ്ങനെ കുറയ്ക്കാമെന്നതിനെ സംബന്ധിച്ച ഗൗരവമായ ഇടപെടൽ നടത്തേണ്ടതുണ്ട് എന്നതാണ്. അങ്ങും അങ്ങയുടെ ഗവൺമെന്റും നല്ല ഇടപെടൽ നടത്തുന്നുണ്ടെങ്കിലും കുറേക്കൂടി ശക്തമായി ഏറ്റവും താഴേ തലം വരെ ഗതാഗത സംവിധാനങ്ങളെ ശക്തിപ്പെടുത്തി പൊതുഗതാഗത സൗകര്യങ്ങളിലൂടെ സ്വകാര്യ വാഹനങ്ങളുടെ എണ്ണം കുറയ്ക്കാനും ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കാനും വേണ്ടിയുള്ള വലിയ ശ്രദ്ധയും നിരീക്ഷണവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സവിനയം അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, വളരെ ഗൗരവമേറിയ രീതിയിലാണ് നമ്മുടെ നാട്ടിലെ റോഡപകടങ്ങളുടെ ഭീതി ഇവിടെ കാണിച്ചത്. ഏതാനും വർഷങ്ങൾകൊണ്ട് 60,000 മനുഷ്യരാണ് റോഡിൽ മരിച്ചു വീണതെന്ന് സൂചിപ്പിക്കുകയുണ്ടായി. യുദ്ധത്തിൽപ്പോലും ഒരുപക്ഷേ അത്രയും മരണം സംഭവിക്കുന്നില്ല. യുദ്ധമുന്നണിയിലല്ലെങ്കിൽപ്പോലും ഭീകരവാദികളുടെ ആക്രമണത്തിലാണ് പല രീതികളിലായി മരണം അതിർത്തികളിലും ലോകത്തും സംഭവിക്കുന്നത്. ഓരോ നഗരങ്ങളിലും പോലീസിന്റെ അറിയിപ്പുണ്ട്, കഴിഞ്ഞ വർഷം റോഡപകടങ്ങളിൽ ഇത്രപേരാണ് മരിച്ചത്, നിങ്ങൾ ജാഗ്രത പുലർത്തണം എന്ന നിർദ്ദേശം വരുന്നത് നല്ല മുന്നറിയിപ്പാണ്. റോഡപകടങ്ങൾ തടയുക എന്ന സാമൂഹ്യാവബോധം ഉണ്ടാക്കിയെടുക്കാനുള്ള നല്ല പ്രവർത്തനം പോലീസിന്റെയും ഗതാഗത വകുപ്പിന്റെയും ഭാഗത്തുനിന്നുണ്ടാകണം. ചിക്കാഗോയിലെ ഒരു പോരാട്ടത്തെ തുടർന്നാണ് മെയ് ദിനം ആഘോഷിക്കുന്നത്. ഡ്രൈവർമാർ മദ്യപിക്കുന്നതുകൊണ്ട് വലിയ തോതിലുള്ള അപകടം സംഭവിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. മദ്യനയം എന്താണെന്നും മദ്യ സാക്ഷരത എന്താണെന്നും കേരളത്തിലെ ജനം അറിയണം. രാവിലെ എഴുന്നേറ്റ് മദ്യപിക്കുന്ന രീതിയിലേയ്ക്ക് പോകുന്നതുകൊണ്ടാണ് ഡ്രൈവർമാരായാലും വാഹനമോടിക്കുന്നവരായാലും അപകടമുണ്ടാകുന്നത്. തൊഴിൽ, വിശ്രമം, വിനോദം എന്നതിൽ മദ്യം ഏത് സമയത്ത് എങ്ങനെ ഉപയോഗിക്കണമെന്ന ധാരണ വരണം. മദ്യം കേരളത്തിൽ ധാരാളം പേർ ഉപയോഗിക്കുന്നുണ്ട്. അക്കാര്യം ശ്രദ്ധയിൽ വരേണ്ട വിഷയമല്ലേ എന്ന് ഞാൻ ചോദിക്കുകയാണ്. അതോടൊപ്പം മൊബൈൽ ഫോണിന്റെ ഉപയോഗം വലിയ തോതിൽ അപകടമുണ്ടാക്കുന്നുണ്ട്. ഒരു പ്രത്യേക ഇരുചക്ര വാഹനം ഇറക്കിയതിനെക്കാൾ കൂടുതൽ ആളുകൾ മരണപ്പെടുകയാണ് ചെയ്തതെന്ന റിപ്പോർട്ടുണ്ട്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ശ്രീ. ഇ. കെ. വിജയൻ ഇവിടെ മദ്യനയത്തെപ്പറ്റി പറഞ്ഞു. മദ്യം കുടിക്കുന്നതിന്റെ വ്യവസ്ഥ ആ നയത്തിലുണ്ടോ; സംസാരിച്ചപ്പോൾ അങ്ങനെയുണ്ടെന്ന സംശയം വന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ജലസാക്ഷരതപോലെ മദ്യനയത്തിലും അതുണ്ടാകേണ്ടതാണ്. മൊബൈൽ ഫോണുകൾ വിദ്യാർത്ഥികളും ചെറുപ്പക്കാരും പല രീതിയിൽ ഉപയോഗിക്കുന്നു. കൂടുതലും മരണപ്പെടുന്നത് ചെറുപ്പക്കാരാണ്, മക്കളാണ്. അതിൽ വിദ്യാർത്ഥികളും വിദ്യാർത്ഥിനികളുമുണ്ട്. ഇരുചക്ര വാഹനങ്ങളെ വലിയ വാഹനങ്ങൾ ശ്രദ്ധിക്കുന്നില്ല. അതിനെ കടന്നുപോകാൻ കഴിയാത്തതുകൊണ്ടുള്ള പ്രശ്നം വരുന്നുണ്ട്. വേഗതയാണ് പ്രധാന പ്രശ്നം. വേഗതയിൽ ഇടതും വലതും നോക്കാതെ വാഹനങ്ങളുടെ മുന്നിലേയ്ക്ക് കടന്നുപോവുകയും എതിരെ വരുന്ന വാഹനത്തിന്റെ ചക്രങ്ങൾക്കടിയിൽപ്പെട്ട് മരണമടയുന്ന സ്ഥിതിയുമുണ്ടാകുന്ന വല്ലാത്ത അവസ്ഥയാണ് കേരളത്തിലുള്ളത്. തീർച്ചയായും അത് പരിഹരിക്കാനുള്ള ശ്രമം അധികാരികളുടെ ഭാഗത്തുനിന്നുണ്ടാകണം. അതൊടൊപ്പം ഒരു വലിയ ബോധവത്കരണം കുടുംബങ്ങളിൽ നിന്ന് ആരംഭിക്കണം. ചെറുപ്പക്കാർക്ക് വാഹനം വാങ്ങി നൽകിയാൽ അത് ഓടിക്കാൻ അവർക്കറിയുമോ എന്ന് നോക്കണം. ദേശീയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈവിംഗ് ലൈസൻസില്ലാത്തവർ വാഹനം ഓടിച്ചാൽ രക്ഷിതാവിനെ ശിക്ഷിക്കുന്ന നില ശക്തമായി കേരളത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞാൽത്തന്നെ ഡ്രൈവിംഗ് ലൈസൻസില്ലാതെ ചെറിയ കുട്ടികൾ വാഹനം ഓടിക്കുന്നത് തടയാൻ കഴിയും. ഇത്തരം കാര്യങ്ങൾ ഈ ബില്ലുമായി ബന്ധപ്പെട്ട് അങ്ങയുടെ പരിഗണനയിലുള്ള കാര്യമല്ലേ?

ശ്രീ. കെ. രാജൻ: സർ, ഈ ബിൽ മുഖേന ഒരു ഉദ്യോഗസ്ഥനെ മാറ്റുന്ന പ്രശ്നം മാത്രമാണ് പറഞ്ഞതെങ്കിലും കേരള നിയമസഭയിൽ പൊതുവായി ഈ വിഷയങ്ങൾ ചർച്ച ചെയ്യാൻ കഴിയുന്ന അവസരമാണെന്നുള്ളതുകൊണ്ട് തീർച്ചയായും മദ്യപിച്ചുള്ള വാഹനമോടിക്കൽ, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ടുള്ള വാഹനമോടിക്കൽ എന്നീ കാര്യങ്ങൾ വരും. അതിൽ ശ്രീ. ഇ. കെ. വിജയൻ പറഞ്ഞത് വളരെ ക്ലിയറായ കാര്യമാണ്. ആർക്ക്, എത്ര വയസ്സുള്ള കുട്ടിക്ക്, ഏത് വാഹനം വാങ്ങി നൽകണമെന്ന കാര്യത്തിൽ ഒരു ധാരണയുണ്ടാകണം. സൈക്കിൾ ചവിട്ടേണ്ട സമയത്ത് ബൈക്ക് വാങ്ങി നൽകും. നേരത്തെ അങ്ങ് സൂചിപ്പിച്ചത് 'ആർ വൺ ഫൈവ്' എന്ന വാഹനത്തെക്കുറിച്ചായിരിക്കും. ഇറക്കിയ വാഹനത്തിന്റെ പത്ത് ശതമാനമൊഴിച്ച് ബാക്കിയെല്ലാവരും മരിച്ചുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിവേഗം വാഹനമോടിക്കാനുള്ള ചെറുപ്പക്കാരന്റെ മാനസികാവസ്ഥയ്ക്ക് തത്തുല്യമായ

തരത്തിലുള്ള യന്ത്രങ്ങൾ ഘടിപ്പിക്കുന്ന വാഹനങ്ങൾ വാങ്ങിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച് നല്ല ധാരണയുണ്ടാകണം. വളരെ വിശാലമായ വിഷയമായതുകൊണ്ട് അത്രയേറെ നീട്ടിപ്പറയാൻ ആഗ്രഹിക്കുന്നില്ല. ചുരുക്കി ഇക്കാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കാൻ ശ്രമിക്കാം. റോഡ് സുരക്ഷയിൽ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ക്യാമറ.

ശ്രീ. പി. ഉബൈദുള്ള: സർ, വളരെയേറെ പ്രാധാന്യമേറിയ, ജീവൽപ്രധാനമായ വിഷയമാണ് നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നത്. എത്രയോ ചെറുപ്പക്കാരുടെ ജീവനാണ് ദിവസേന അപഹരിക്കപ്പെടുന്നത്. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ മൂന്നിൽ ഒന്ന് ആളുകൾക്ക് ഒരു വാഹനം എന്ന കണക്കിന് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ പെരുകിവരുന്നു എന്നാൽ അതിനനുസരിച്ചുള്ള റോഡ് വികസനം നമ്മുടെ നാട്ടിൽ നടക്കുന്നില്ല. മദ്യപാനവും അശ്രദ്ധയും അതിന്റെ ഒരു ഭാഗമാണ്. വിദേശ രാഷ്ട്രങ്ങളിലൊക്കെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ട്രാൻസ്പോർട്ട് ഇന്റലിജൻസ് സിസ്റ്റത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ഒമാനിലൊക്കെ ഇത് ആരംഭിച്ചിട്ടുണ്ട്. അത്തരത്തിൽ ആധുനിക സാങ്കേതികവിദ്യ സംയോജിപ്പിച്ച് റോഡ് ഗതാഗതംനിയന്ത്രിക്കുന്നതിനാവശ്യമായ സംവിധാനം നമ്മുടെ സംസ്ഥാനത്തുണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കേണ്ടതുണ്ട്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. രാജൻ പറഞ്ഞു റോഡിന്റെ വശങ്ങളിൽ വാഹനം കൂട്ടിയിട്ട് അപകടമുണ്ടാകുന്നുവെന്ന്. സംസ്ഥാനത്തെ മിക്ക സർക്കാർ ഓഫീസുകൾക്ക് മുന്നിലും, പോലീസ് സ്റ്റേഷൻ, കളക്ട്രേറ്റ്, താലൂക്കാഫീസ്, വില്ലേജ് ആഫീസ് തുടങ്ങി പല ആഫീസുകൾക്ക് മുന്നിലും വാഹനം കൂട്ടിയിട്ടിരിക്കുകയാണ്. പല കേസിലും പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ വർഷങ്ങളായി കിടന്ന് തുരുമ്പ് പിടിച്ച് നശിച്ചുപോവുകയാണ്. ഇതുവഴി പൊതു നഷ്ടം സർക്കാർ ഖജനാവിനും വ്യക്തികൾക്കുമുണ്ടാകുന്നു. കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ ഒരു നിശ്ചിത സമയംവച്ച് ലേലം ചെയ്ത് വിൽക്കാനും സർക്കാരിന് കിട്ടേണ്ട പണം ഈടാക്കി ബാക്കിയുള്ള പണം വാഹന ഉടമയ്ക്ക് നൽകാനുമുള്ള സംവിധാനമുണ്ടാകണം. ഇങ്ങനെ തുരുമ്പ് പിടിച്ചുപോകുന്ന വാഹനങ്ങൾ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ഈ നിയമസഭയിൽത്തന്നെ സബ്മിഷനും ശ്രദ്ധക്ഷണിക്കലും വന്നതാണ്. മറുപടി പറയുമെന്നതല്ലാതെ ഇതുവരെ ഒരു നടപടിയുമുണ്ടായിട്ടില്ല. സമൂഹത്തിനുണ്ടാകുന്ന പൊതുനഷ്ടം നികത്തുന്നതിനും അപകടം കുറച്ചുകൊണ്ടുവരുന്നതിനും ഇത്തരം വാഹനങ്ങൾ നീക്കം ചെയ്യുന്നതിനുമുള്ള നടപടികൂടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാജൻ: സർ, തീർച്ചയായും. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ഗൗരവമായി എടുക്കാവുന്നതാണ്. അതുപോലെ പ്രധാനപ്പെട്ട പ്രശ്നമാണ് ദേശീയ പാതയുടെ ഇരുവശങ്ങളിലും പ്രവർത്തിക്കുന്ന മരക്കമ്പനിയും മരക്കച്ചവടങ്ങളും. ലോറിക്കാർക്കു വന്ന് ലേലം വിളിക്കാൻ സാധിക്കുന്ന സ്ഥലമായി ദേശീയ ഹൈവേയും സംസ്ഥാന റോഡുകളും മാറുന്നത് വളരെ അപകടകരമായ കാര്യമാണ്. അതുണ്ടാക്കുന്ന ഗതാഗതക്കുരുക്കും മറ്റു വിഷയങ്ങളും സജീവമാണ്. റോഡിൽ ക്യാമറ സ്ഥാപിക്കുകയെന്നത് അതോറിറ്റിയുടെ പരിഗണനയിൽ വരേണ്ട ഒരു വിഷയമാണ്. അതോറിറ്റി അക്കാര്യം നന്നായി ചെയ്യുന്നുമുണ്ട്. ഞാൻ ആ വിഷയത്തിലേയ്ക്ക് വരുമ്പോൾ അതുസംബന്ധിച്ച് പറയാം. അക്കാര്യത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം റോഡ് സേഫ്റ്റി അതോറിറ്റിയുടെ നല്ല ഇടപെടൽ അങ്ങയുടെ കൂടി ശ്രദ്ധയുള്ളതുകൊണ്ട് നടക്കുന്നുണ്ട്. ദേശീയ ഹൈവേയിലെങ്കിലും സമ്പൂർണ്ണമായി ക്യാമറ സ്ഥാപിക്കുന്നതിനുള്ള സമീപനമെടുക്കാൻ കഴിഞ്ഞാൽ വലിയ മാറ്റം അക്കാര്യത്തിലുണ്ടാക്കാൻ കഴിയും.

അതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചർച്ച ചെയ്ത വിഷയമാണ് ഹെൽമറ്റ് വേട്ട. ഹെൽമറ്റ് ഇല്ലാതെ വാഹനമോടിക്കുന്നത് ഗുരുതരമായ കുറ്റമാണ്. അത്തരം ആളുകളെ ശിക്ഷിക്കുകയും വേണം. പക്ഷെ ശിക്ഷിക്കുന്നതിന്റെ പേരിൽ പോലീസ് നടത്തിക്കൊണ്ടിരിക്കുന്ന ഹെൽമറ്റ് വേട്ടകളുടെ ഭാഗമായി നിരവധിപേർക്ക് പരിക്കേൽക്കുകയും മരണപ്പെടുന്ന തരത്തിൽ അസുഖ ബാധിതരാവുകയും ചെയ്ത സംഭവങ്ങളുണ്ടായിട്ടുണ്ട്. ഈ വിഷയം വളരെ ഗൗരവമായി കേരളീയ സമൂഹം ചർച്ച ചെയ്തിട്ടുണ്ട്. വ്യാപകമായി ക്യാമറകൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ കേരളത്തിലെ ഡ്രൈവർമാരുടെ ചില ശീലങ്ങളിൽ മാറ്റം വരുത്താൻ സാധിക്കും. നിയമ ലംഘനങ്ങൾക്ക് പെനാൽറ്റി പോയിന്റ് തീരുമാനിക്കുകയും അഞ്ചിലേറേ പെനാൽറ്റി പോയിന്റ് കിട്ടിയാൽ ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്ന ഡ്രൈവിംഗ് ശീലം ഇപ്പോൾ രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. ആ ശീലം കർശനമായി നടപ്പിലാക്കണമെങ്കിൽ ആക്രമണകരമായ തരത്തിൽ പോലീസോ അല്ലെങ്കിൽ റോഡ് സേഫ്റ്റി ഉദ്യോഗസ്ഥരോ ഇടപെടുന്നതിനുപകരം കൃത്യമായി ക്യാമറയിൽ സൂക്ഷിക്കുകയും കുറ്റക്കാരിൽനിന്നും പിഴ ചുമത്തുകയും വേണം.

ഐക്യരാഷ്ട്ര സഭ ജനറൽ അസംബ്ലിയുടെ ആശയമായ 'റോഡ് സുരക്ഷ ദശാബ്ദം' 2011 മുതൽ 2020 വരെ നടന്നുകൊണ്ടിരിക്കുകയാണെന്ന് അങ്ങേയ്ക്കും നമുക്കെല്ലാവർക്കും അറിയാം. ഐക്യരാഷ്ട്ര സഭയുടെ റോഡ് സുരക്ഷാ ദശാബ്ദത്തിന്റെ ഭാഗമായി രാജ്യത്ത് റോഡ് സുരക്ഷാ വീക്ഷണരേഖയ്ക്ക് രൂപം നൽകിയ ഒരു ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റ്. അക്കാര്യത്തിൽ ഈ

ഗവൺമെന്റിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. റോഡ് സുരക്ഷാ വീക്ഷണരേഖ എന്നൊരു ചിന്തയിലേയ്ക്ക് കേരളത്തിലെ ഗവൺമെന്റിനെ കൊണ്ടുവരാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെയും മന്ത്രിയുടെയും ചിന്തയുടെയും ഭാവനയുടെയും കൂടി പേരിലാണ് എന്നുള്ളത് ശ്രദ്ധേയമായി പറയാവുന്നതാണ്. പ്രതിപക്ഷം മൊത്തമായി കേരളത്തിലെ ഗതാഗത വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, റോഡ് സുരക്ഷയ്ക്കുവേണ്ട കുറേയധികം കാര്യങ്ങൾ ഇവിടെ ചർച്ചയുടെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പർ സഭ മുമ്പാകെ കൊണ്ടുവരികയാണ്. അതിൽ സംസ്കാര സമ്പന്നമായ ഡ്രൈവിംഗ്, ട്രാഫിക് നിയമലംഘനം നടത്തുന്ന ആളുകളെ സംസ്കാര സമ്പന്നമായ രീതിയിൽ നിയന്ത്രിക്കേണ്ടുന്ന പോലീസ് അധികാരികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പറയുന്നുണ്ട്. റോഡ് സുരക്ഷയ്ക്കായി പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കേണ്ട കാര്യവും അങ്ങ് സൂചിപ്പിക്കുകയുണ്ടായി. വികസിത നാടുകളിലെല്ലാം ഇപ്പോൾ ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ട്. ഇന്ത്യയിൽ വലിയ നഗരങ്ങളിലും ഈ ടെക്നോളജി ഉപയോഗിക്കുന്നുണ്ടെങ്കിലും നമ്മൾ അക്കാര്യത്തിൽ പുറകിലാണ്. ഒന്നും ചെയ്തില്ലെന്നല്ല, കുറച്ചൊക്കെ ചെയ്തിട്ടുണ്ട്. പക്ഷെ അതിന് പണം വേണം. റോഡ് സേഫ്റ്റിക്കായി പ്രത്യേക ഫണ്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ കീഴിലാണ്. ആ ഫണ്ടിന്റെ ഉപയോഗം നീതിപൂർവ്വമായിട്ടല്ല നടന്നിട്ടുള്ളത് വിശേഷിച്ചും കഴിഞ്ഞ സർക്കാരിന്റെ കാലത്ത്. അങ്ങ് ആ വിഷയം ഇവിടെ ഉന്നയിക്കുമെന്നാണ് കരുതുന്നത്. റോഡ് സേഫ്റ്റി ഫണ്ടിന്റെ ഇതുവരെയുള്ള വിനിയോഗത്തെ സംബന്ധിച്ച് ഒരു പരിശോധന നടത്താൻ ഗവൺമെന്റ് സന്നദ്ധമാകണമെന്ന അഭിപ്രായം എനിക്കുണ്ട്. അങ്ങ് അതിനോട് യോജിക്കുമോ എന്ന് എനിക്കറിയില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ഫണ്ട് ചില പ്രത്യേക ജില്ലകളിൽ അനുവദിച്ച് പലതരത്തിലുള്ള മോടിപിടിപ്പിക്കലിനും മറ്റുമായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഇത് കേരളത്തിലാകെ ഏറ്റവും ഗതാഗത തിരക്കുള്ള അപകട സാധ്യതയുള്ള നഗരങ്ങൾക്ക് മുൻഗണന നൽകി പിന്നീട് എല്ലായിടങ്ങളിലേയ്ക്കും വ്യാപിപ്പിക്കണം. അത്തരമൊരു സമീപനം ഈ ഗവൺമെന്റെങ്കിലും സ്വീകരിക്കുമോ എന്ന കാര്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. അങ്ങ് ആ കാര്യത്തോട് യോജിക്കുന്നുണ്ടെങ്കിൽ അത് പറയാം.

ശ്രീ. കെ. രാജൻ: സർ, അങ്ങ് പറഞ്ഞ കാര്യത്തിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഈ കാര്യത്തിൽ മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെ വകമാറ്റി ചെലവഴിക്കപ്പെട്ട ഫണ്ടുകളുടെ എണ്ണം ഭീകരമാണ്. ഞാൻ അതിലേയ്ക്ക് വരാം. റോഡ് സേഫ്റ്റി അതോറിറ്റിക്ക് ചെലവഴിക്കേണ്ട സംഖ്യയും

കളക്ട് ചെയ്യേണ്ട സംഖ്യയും മാത്രമല്ല, ശ്രീ. അടൂർ പ്രകാശ് ഇപ്പോൾ ഇവിടെയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പത്തനംതിട്ടയ്ക്ക് പ്രത്യേകമായ പദവിയുണ്ടാക്കാൻ വേണ്ടി റിവർ മാനേജ്മെന്റ് ഫണ്ട് വകമാറ്റി ചെലവഴിച്ചു. കേരളത്തിന് മുഴുവനുമുള്ള റിവർ മാനേജ്മെന്റ് ഫണ്ടിലെ തുക പത്തനംതിട്ടയിൽ ചെലവഴിച്ചു. ഞാൻ റവന്യൂവും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയിലെ അംഗമാണ്. ഞങ്ങൾ ഇക്കാര്യം കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും അത് തിരിച്ചുപിടിക്കാൻവേണ്ടി തീരുമാനിച്ചിരിക്കുകയുമാണ്. അപ്പോൾ അതാത് ജില്ലകളിൽ ചെലവഴിക്കേണ്ട ആർ.എം.എഫ്, മലപ്പുറം ജില്ലയിൽ ചെലവഴിക്കേണ്ട തുക മലപ്പുറത്ത് തന്നെ ചെലവഴിക്കണം. അത് പത്തനംതിട്ടയിൽ കൊണ്ടുപോകാൻ കഴിയില്ല. മന്ത്രി അവിടെയാണെന്നുള്ളതുകൊണ്ട് അങ്ങനെ കൊണ്ടുപോകാൻ കഴിയുമോ? റോഡ് സേഫ്റ്റി അതോറിറ്റിയുടെ കണക്കും ഇതുപോലെ തന്നെ കൊണ്ടുപോകുകയാണ്. ഞാൻ ആ കണക്കിലേയ്ക്ക് വരാം.

റോഡ് സുരക്ഷാ വീക്ഷണരേഖയ്ക്ക് കേരള ഗവൺമെന്റ് രൂപം നൽകുകയാണ്. 2020-ഓടെ റോഡപകടങ്ങൾ 50 ശതമാനം കുറയ്ക്കാനും അതിനുശേഷം റോഡപകടങ്ങളുടെ അവസ്ഥയിൽ വളർച്ചയുണ്ടാകാതിരിക്കാനും കഴിയുന്ന തരത്തിലുള്ള ഒരു രേഖയാണ് അങ്ങയുടെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നത് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്തായാലും 2011-2020 - 'റോഡ് സുരക്ഷാ ദശാബ്ദം' ഏറ്റവും ഗംഭീരമായി, അതിനുവേണ്ട മാർഗ്ഗരേഖകൾ തയ്യാറാക്കുന്ന ഒരു ഗവൺമെന്റായി കേരളത്തിലെ ഗവൺമെന്റ് മാറിയെന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഞങ്ങളുടെയൊക്കെ പ്രദേശത്ത് പ്രൈവറ്റ് ബസ്സുകൾക്ക് സമയം നിശ്ചയിച്ചുകൊടുത്തിരിക്കുന്നത് മിനിട്ടുകളുടെ വ്യത്യാസത്തിലാണ്. ആ പ്രദേശത്തുള്ള ഏറ്റവും വലിയ പ്രശ്നമെന്നുവച്ചാൽ നിരവധി റെയിൽവേ ക്രോസുകളുണ്ട്. റെയിൽവേ ക്രോസുകൾ മിക്കസമയവും അടഞ്ഞുകിടക്കുകയായിരിക്കും. റെയിൽവേ ക്രോസുകൾ പാസ് ചെയ്യുന്നതിന് എടുക്കേണ്ടിവരുന്ന അധികസമയവും കൂടി കണക്കാക്കി ബസ് ഡ്രൈവർമാർ മത്സര ഓട്ടമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായുണ്ടാകുന്ന അപകടങ്ങൾ വളരെ വലുതാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഷെഡ്യൂൾ നിശ്ചയിക്കുന്ന കാര്യത്തിൽ പുതിയ മാനദണ്ഡമെന്തെങ്കിലും തീരുമാനിക്കാനുള്ള സാധ്യതയുണ്ടോ എന്നുള്ളതാണ് ഒരു കാര്യം. രണ്ടാമത്തെ കാര്യം, റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് ദേശീയപാതയിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പല അപകടങ്ങളും കുറയ്ക്കുന്നതിന് സഹായകരമാകുന്ന സ്ഥിതി അതുമൂലമുണ്ടാകും. അക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണെന്ന് പറഞ്ഞാൽ കൊള്ളാം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ റിവർ മാനേജ്മെന്റ് ഫണ്ട് പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് മാത്രം മാറ്റിവയ്ക്കണമെന്നാണോ അഭിപ്രായം?

<u>ശ്രീ. കെ. രാജൻ</u>: സർ, പുഴ സംരക്ഷണം ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. പുഴയിലെ മണൽ വാരുന്നതിന്റെ ഭാഗമായി സർക്കാർ റവന്യൂവിലേയ്ക്ക് വരുന്ന സംഖ്യ പത്തനംതിട്ടയിൽ റോഡ് നിർമ്മിക്കാനും പാലം നിർമ്മിക്കാനും കൊണ്ടുപോകണമെന്ന് പറഞ്ഞാൽ കേരളം കേട്ടതിൽ വച്ച് ഏറ്റവും അപമാനകരവും അപകടകരവുമായ ഒരു തീരുമാനമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. അത് അംഗീകരിച്ച് മുന്നോട്ടുപോകാൻ കഴിയില്ല. ഇവിടെ ബഹുമാനപ്പെട്ട കരുനാഗപ്പള്ളി അംഗം സൂചിപ്പിച്ച കാര്യം വളരെ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടേണ്ടതുമായ പ്രശ്നമാണ്. സീറ്റ് ബെൽറ്റ്, ഹെൽമറ്റ് ഇത്തരം സംവിധാനങ്ങളെപ്പറ്റി റോഡ് സുരക്ഷാ വീക്ഷണ രേഖയിൽ ഊന്നിപ്പറയുന്നുണ്ട്. വളരെ ഗൗരവമായ ആ വിഷയം ഇവിടെ ഉന്നയിക്കാൻ കഴിയും. കേരളത്തിലെ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി നടത്തിയ ഏറ്റവും ശ്രദ്ധേയമായ ഇടപെടൽ, വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി കരിക്കുലത്തിൽ കൃഷി ഒരു പാഠ്യവിഷയമാക്കണ മെന്നുള്ളതാണ്. കേരളത്തിലെ സ്കൂൾ തലം മുതൽ റോഡ് സുരക്ഷാ അവബോധം പാഠ്യപദ്ധതിയുടെ ഭാഗമാക്കി ഉൾപ്പെടുത്തണമെന്നതാണ് എന്റെ ഒരു നിർദ്ദേശം. റോഡ് എങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്ന് ഒരു കുട്ടി വളർന്നുവരുന്ന സമയം മുതൽ ബോദ്ധ്യപ്പെടേണ്ടതുണ്ട്. സ്കൂളിലേയ്ക്ക് നടന്നുപോകുന്നവർ, സൈക്കിൾ ചവിട്ടി പോകുന്നവർ, ഇരുചക്ര വാഹനങ്ങൾ ഉപയോഗിക്കുന്നവർ, ഇരുചക്രവാഹനങ്ങളിൽ തന്നെ പെട്രോൾ വാഹനങ്ങൾ ഉപയോഗിക്കുന്നവർ, നാലുചക്രവാഹനങ്ങൾ ഉപയോഗിക്കുന്നവർ സമൂഹത്തിൽ എങ്ങനെയാണ് ഇടപെടൽ നടത്തേണ്ടത് എന്നതിനെ സംബന്ധിച്ച് പൊതുവായ സാധ്യത നമുക്ക് ആലോചിച്ച് രൂപപ്പെടുത്തേണ്ടതുണ്ട്. ഒരു കുടുംബത്തിനാകെ സഞ്ചരിക്കാവുന്ന വാഹനമായി സ്കൂട്ടർ എങ്ങനെയാണ് മാറുക? ഭാര്യയും ഭർത്താവും മൂന്ന് കുട്ടികളും ഒറ്റ സ്കൂട്ടറിൽ കയറി പോകാമെന്ന് കരുതുന്ന നിലവാരത്തിൽ ഇരുചക്രവാഹനങ്ങളുടെ ഓവർലോഡ് വളരെ പ്രധാനപ്പെട്ട പ്രശ്നമായി നമ്മുടെ സമൂഹത്തിൽ മാറുന്നുണ്ട്. ഓവർലോഡിനെ ഗൗരവമായ പ്രശ്നമായി കാണുകയും ഇതിന്റെ പൊതുവായ ബോധവത്കരണം കരിക്കുലത്തിൽ നിന്ന് ആരംഭിക്കുകയും വേണം. കരിക്കുലത്തിൽ റോഡ് സുരക്ഷയെക്കുറിച്ചും ട്രാഫിക് നിയമങ്ങളെക്കുറിച്ചുമുള്ള പാഠങ്ങൾ ഉൾപ്പെടുത്തി ഒരു ഗതാഗത സംസ്കാരം രൂപപ്പെടുത്തണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, വാഹന അപകടങ്ങളിൽ ഏറ്റവും കൂടുതലും ടൂ വീലറുമായി ബന്ധപ്പെട്ടാണുണ്ടാകുന്നത്. പ്രത്യേകിച്ച് ചെറുപ്പക്കാരാണ് ഏറ്റവും കൂടുതൽ മരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് പല കാരണങ്ങളുണ്ട്. എസ്.എസ്.എൽ.സി. അല്ലെങ്കിൽ പ്ലസ് ടു പാസ്സായിക്കഴിഞ്ഞാൽ ബൈക്ക് വാങ്ങിത്തരാമെന്ന് രക്ഷിതാക്കൾ മക്കളോട് പറയും. അത് വാങ്ങിക്കൊടുത്താൽ കുട്ടികൾ സാഹസികമായി പോകുമ്പോഴാണ് പലപ്പോഴും അപകടങ്ങളുണ്ടാകുന്നത്. 25 വയസ്സുവരെയുള്ള പ്രായത്തിലാണ് മോട്ടോർ സൈക്കിളുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ അപകടമുണ്ടാകുന്നത്. അവരിത് ഒരു സ്പോർട്സ് ഐറ്റം പോലെ ഉപയോഗിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ ചെറിയ കുട്ടികൾ മോട്ടോർ റൈസിംഗ്, ബൈക്ക് റൈഡിംഗ് എന്നിവ പ്രത്യേക സ്ഥലങ്ങളിലും വലിയ ഗ്രൗണ്ടുകളിലും സാഹസികമായി ചെയ്യുകയും അതിന് സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യും. നമുക്ക് അങ്ങനെയുള്ള സംവിധാനമില്ലാത്തതുകൊണ്ട് പലപ്പോഴും ഇതുകണ്ടിട്ട് റോഡുകളിലാണ് കുട്ടികളും ചെറുപ്പക്കാരും ഇത് ചെയ്യുന്നത്. ആ പ്രായത്തിൽ ഞാനും ടൂ വീലറുമായി ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്ത് നേപ്പാളടക്കം സഞ്ചരിച്ചിട്ടുള്ള ആളാണ്. അത് നമ്മുടെ പ്രായത്തിലുണ്ടാകുന്ന ഒരു ക്രെയ്സാണ്. നമുക്ക് അത്തരത്തിൽ യാത്ര പോകാനുള്ള സൗകര്യങ്ങളോ, സ്പോർട്സ് ഐറ്റങ്ങൾ പോലെ കാര്യങ്ങൾ ചെയ്യാനോ സെപ്പറേറ്റായിട്ടുള്ള ഗ്രൗണ്ടുകളും സംവിധാനങ്ങളും സേഫ്റ്റി മെഷേഴ്സും അനിവാര്യമല്ലേ? അങ്ങനെയാണെങ്കിൽ റോഡിൽ അപകടങ്ങൾ കുറയ്ക്കാൻ സാധിക്കില്ലേ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. കെ. രാജൻ: സർ, അങ്ങ് പറഞ്ഞത് ശരിയായ കാര്യമാണ്. ബഹുമാനപ്പെട്ട പട്ടാമ്പി അംഗം നന്നായി വായിക്കുന്ന ആളായതുകൊണ്ട് ഏഷ്യാനെറ്റിന്റെ ലേഖകനായിരുന്ന ശ്രീ. രാജു റാഫേലിന്റെ 'ആംസ്റ്റർഡാമിലെ സൈക്കിളുകൾ' എന്ന പുസ്തകം വായിച്ചുകാണുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു പുതിയ ബോധ ചിന്ത നമ്മുടെ മനസ്സിൽ വളർത്തുന്നതാണ് 'ആംസ്റ്റർഡാമിലെ സൈക്കിളുകൾ' എന്ന പുസ്തകം. യഥാർത്ഥത്തിൽ പൊല്യൂഷൻ ഒഴിവാക്കി, ആംസ്റ്റർഡാം എന്ന സ്ഥലത്തെ മഹാഭൂരിപക്ഷം ആളുകളും സൈക്കിളുകളാണ് ഉപയോഗിക്കുന്നതെന്ന് വെളിപ്പെടുത്തിക്കൊണ്ടുള്ള ആ പുസ്തകം വായനയുടെ ലോകത്തേയ്ക്ക് മാത്രമല്ല ചിന്തയുടെയും ഗതാഗത സംസ്കാരത്തിന്റെയും പുതിയ ലോകത്തേയ്ക്കാണ് നമ്മളെ കൊണ്ടുപോകുന്നത്.

മലയാളികളുടെ വായനാനുഭവങ്ങളിൽ വ്യഥകളും ചിന്തകളും നിറച്ച് നമ്മുടെ കൂട്ടത്തിൽനിന്ന് കടന്നുപോയ ഒരു കവിയാണ് എ. അയ്യപ്പൻ. അപകടത്തെക്കുറിച്ചുള്ള ഒരു കവിതയിൽ അദ്ദേഹം പറയുന്നത്,

'വാഹനാപകടത്തിൽ മരിച്ചവന്റെ രക്തത്തിൽ ചവിട്ടി നിൽക്കുമ്പോൾ അവന്റെ പോക്കറ്റിൽനിന്നും പറന്നുപോയ 5 രൂപ നോട്ടിലായിരുന്നു എന്റെ നോട്ടം' എന്നാണ്. വാഹനാപകടങ്ങൾ ആളുകളുടെ ചിന്തയിൽ വ്യത്യസ്ത തലങ്ങളിലുള്ള കൗതുക കാഴ്ചകളുണ്ടാക്കുന്ന അപകടകരമായ ഒരു കാലത്താണ് ജീവിക്കുന്നതെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. മധു എന്ന ചെറുപ്പക്കാരനെ തന്റേതല്ലാത്ത കുറ്റത്തിന് അവന്റെ ഗുഹ അന്വേഷിച്ചുപോയി കൊന്നുകളഞ്ഞ മലയാളിയുടെ അപകടകരമായ സംസ്കാരം വെളിപ്പെടുത്തുന്നതും വാഹനാപകടങ്ങളിൽപ്പോലും കൗതുകമുണ്ടാക്കുന്ന കാഴ്ചകളായി മാറുന്നതുമായ ഈ കാലത്ത് നാം വളരെ കൃത്യതയോടെ കരുതിയിരിക്കണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, റോഡ് സുരക്ഷയെക്കുറിച്ച് ശ്രീ. ബാലചന്ദ്ര മേനോൻ സംവിധാനം ചെയ്ത 'റോഡ് ഞങ്ങളുടെ തറവാട്' എന്ന ഗംഭീരമായ ഒരു ഡോക്യുമെന്ററി ആറേഴ് വർഷങ്ങൾക്കുമുമ്പ് നിയമസഭയിൽ പ്രദർശിപ്പിച്ചിരുന്നു. ആ ഡോക്യുമെന്ററി കേരളത്തിലാകെ പ്രദർശിപ്പിക്കാവുന്ന ഒന്നാണ്. മതസംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, മൃഗങ്ങൾപോലും റോഡ് കൈകാര്യം ചെയ്യുന്നതിന്റെ അശാസ്ത്രീയതയും അതിന്റെ യുക്തിയില്ലായ്മയും വളരെ ഭംഗിയായി അതിൽ ചിത്രീകരിക്കുന്നുണ്ട്. ആ ഡോക്യുമെന്ററി പ്രദർശിപ്പിക്കാനുള്ള നിർദ്ദേശംകൂടി അങ്ങ് മുന്നോട്ടുവയ്ക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, തീർച്ചയായും ആ ഡോക്യുമെന്ററി വീണ്ടും പ്രദർശിപ്പിക്കാനും അത് ആളുകൾക്കിടയിൽ കൂടുതൽ എത്തിക്കാനും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ പറഞ്ഞുവന്നത് എ. അയ്യപ്പന്റെ കവിത കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ വീണ്ടും പുതിയൊരു ചോദ്യം നമ്മളോട് ചോദിക്കുകയാണ്. വാഹനാപകടത്തിൽ മരിച്ചവന്റെ രക്തത്തിൽ ചവിട്ടി നിൽക്കുമ്പോൾ അവന്റെ പോക്കറ്റിൽനിന്ന് പറന്നുപോയ 5 രൂപ നോട്ടിലായിരുന്നു എന്റെ നോട്ടമെന്ന് അദ്ദേഹം എഴുതിയത്, അദ്ദേഹം അഞ്ച് രൂപ നോട്ടിലേയ്ക്ക് നോക്കിയതുകൊണ്ടല്ല, അദ്ദേഹം മലയാളിയുടെ ചില ചിന്തകളെക്കുറിച്ച് പറയുകയാണ്. കേരളത്തിലെ ഇടപതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ അഭിനന്ദിക്കുന്ന നിരവധി പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്, അപകടത്തിൽപ്പെട്ട് ഒരാൾ റോഡിൽ കിടന്നാൽ 48 മണിക്കൂർ അയാളുടെ സൗജന്യ ചികിത്സ നടത്താമെന്ന് പ്രഖ്യാപിച്ച ഗവൺമെന്റാണിത്. അപകടത്തിൽപ്പെട്ട ഒരാളെ ആശുപത്രിയിൽ കൊണ്ടു പോകാൻ പലരും മടിക്കും. കാരണം ആശുപത്രിയിൽ കൊണ്ടുപോയാൽ ഒരുപക്ഷേ അദ്ദേഹത്തിന്റെ മരണത്തിനുപോലും കൊണ്ടുപോയ ആൾ ഉത്തരം

പറയേണ്ടിവരുമെന്നും ഉത്തരവാദിത്തം ഏറ്റെടുക്കണമെന്നുമുള്ള സ്ഥിതിവിശേഷം കേരളത്തിലുണ്ടായിരുന്നു. അവരെ ആരെങ്കിലും വന്ന് ഏറ്റെടുത്താൽ മാത്രമേ നിങ്ങൾക്ക് പോകാൻ കഴിയൂ എന്ന് ആശുപത്രി ജീവനക്കാർ ഭീഷണിപ്പെടുത്തിയിരുന്ന കാലമുണ്ടായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്ന്, അപകടത്തിൽപ്പെട്ടവർക്ക് 48 മണിക്കൂർ സൗജന്യ ചികിത്സയെന്ന് പ്രഖ്യാപിച്ചതിനുശേഷം ആളുകൾക്ക് എന്തൊരു ധൈര്യമാണ്. അപകടത്തിൽപ്പെട്ട ആളെ ധൈര്യമായി എടുത്തുകൊണ്ടുപോയി ആശുപത്രിയിൽ കിടത്താം. നിങ്ങളാണോ ഇയാളെ വണ്ടിയിടിച്ച് വീഴ്ത്തിയതെന്ന് ഒരാളും ചോദിക്കുകയില്ല. പോലീസ് സ്റ്റേഷനിൽ ചെന്ന് മൊഴി കൊടുത്താൽ ഇയാളുടെ സർവ്വോപരി എല്ലാകുറ്റത്തിനും ഉത്തരവാദിത്തം പറയണമെന്ന് പ്രഖ്യാപിക്കുകയില്ല. അത് ഒരു ഗവൺമെന്റിന്റെ കാഴ്ചപ്പാടിന്റെ പ്രശ്നമാണ്.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് റോഡ് സുരക്ഷാ അതോറിറ്റിയെ ശാക്തീകരിക്കുമ്പോൾ ആദ്യം റോഡുകളെ ശാക്തീകരിച്ചു. പി.ഡബ്ല്യു.ഡി.-യുടെ കീഴിലുള്ള എല്ലാ റോഡുകളും സജീവമാക്കാനും പ്ലാസ്റ്റിക് മാലിന്യങ്ങൾപോലും റോഡ് ടാറിംഗിൽ മിക്സ് ചെയ്യാനും തീരുമാനിച്ചു. റോഡ് സുരക്ഷയുടെ ഭാഗമായി റോഡ് ഗംഭീരമാക്കാനും അപകടമുണ്ടായാൽ അവരെ സംരക്ഷിക്കാനുമുള്ള നടപടികളെടുത്തു. 2007-ൽ അവതരിപ്പിച്ച നിയമത്തിന് 2018-ൽ കേരള റോഡ് സുരക്ഷാ അതോറിറ്റി ഭേദഗതി നിർദ്ദേശിക്കുന്നത് എന്തിനാണെന്ന ചോദ്യമാണ് നമ്മുടെ മുമ്പിലുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ജസ്റ്റിസ് കെ. എസ്. രാധാകൃഷ്ണൻ ചെയർമാനായി 'സുപ്രീംകോടതി കമ്മിറ്റി ഓൺ റോഡ് സേഫ്റ്റി' എന്ന പേരിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റി വളരെ ഗൗരവതരമായ ഒരു നിരീക്ഷണം നേരത്തെ നടത്തിക്കഴിഞ്ഞു. " The Honourable Supreme Court in its order dated, 30th November, 2017 has directed " The States and Union Territories that have not done so should establish the Lead Agency on or before 31st January, 2018 in terms of the recommendations made by the Committee on Road Safety. It may be mentioned that the Lead Agency will act as the Secretariat of the State Road Safety Council and co-ordinate all activities such as licensing issues including issues of driving licenses, registration of vehicles, road safety and features of vehicles, along with other allied matters including emission norms and other activities as mentioned in the communication dated 23rd December, 2014." The Committee has therefore expressed its concern that

the appointment of the Road Safety Commissioner on full-time basis is still pending and directs that appointment should be made without further delay. ഇതാണ് സുപ്രീംകോടതി കമ്മിറ്റി ഓൺ റോഡ് സേഫ്റ്റി എന്ന പേരിൽ ജസ്റ്റിസ് കെ. എസ്. രാധാകൃഷ്ണൻ ചെയർമാനായ കമ്മിറ്റിയുടെ അവസാന നിരീക്ഷണം.

ശ്രീ. എം. വിൻസെന്റ്: സർ, പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ളതും ലോകസഭ പാസ്സാക്കിയതും രാജ്യസഭ പാസ്സാക്കാൻ പോകുന്നതുമായ റോഡ് സേഫ്റ്റി ബില്ലിൽ നിലവിലിരിക്കുന്ന ഡ്രൈവിംഗ് സ്കൂളുകളെയെല്ലാം അബോളിഷ് ചെയ്യാനും പകരം കോർപ്പറേറ്റ് കമ്പനികൾ വലിയ വിലയ്ക്ക് സ്ഥലം വാങ്ങി അതിനകത്തുതന്നെ ഡ്രൈവിംഗ് പരിശീലനം നൽകണമെന്നുമുള്ള നിബന്ധന ഉൾപ്പെടുത്തിയത് ഈ രംഗത്ത് പ്രവർത്തിക്കുന്ന പതിനായിരക്കണക്കിന് ഡ്രൈവിംഗ് സ്കൂൾ ജീവനക്കാരുടെയും ഉടമകളുടെയും ജീവിതം വഴിമുട്ടിക്കുന്ന ഒന്നാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ കേരള സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ഇന്ത്യയുടെ ചരിത്രമൊന്നും ഇവിടെ പറയേണ്ടതില്ല. കാരണം വളരെ അപമാനകരമായ ചരിത്രമാണ്. കോൺഗ്രസ്സും ബി.ജെ.പി.യും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട ഒരു നീക്കവും നടന്നിട്ടില്ല. അത് നടന്നിട്ടുള്ളത് കേരളത്തിലാണ്. 2007-ൽ കൊണ്ടുവന്ന നിയമത്തെത്തുടർന്ന് കേരളത്തിൽ ചില ഇടപെടലുകൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രശ്നം കേരളത്തിലെ ഗവൺമെന്റ് പരിശോധിച്ച് പരിഹരിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ഞാൻ സൂചിപ്പിച്ചത് ജസ്റ്റിസ് കെ. എസ്. രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള സുപ്രീംകോടതിയുടെ കമ്മിറ്റി ഓൺ റോഡ് സേഫ്റ്റി ഈ പ്രമേയം പാസ്സാക്കി കേരളത്തെ അറിയിക്കുന്നതിനുമുമ്പ് ഒരു ഫുൾ-ടൈം കമ്മീഷണർ വേണമെന്ന ധാരണയിലേയ്ക്ക് കേരളത്തിലെ ഗവൺമെന്റ് പോയി. അതുകൊണ്ടാണ് സുപ്രീംകോടതി കമ്മിറ്റി ഓൺ റോഡ് സേഫ്റ്റിയുടെ നിർദ്ദേശം വരുന്നതിന് മുമ്പുതന്നെ, എന്നാൽ വരുന്നതിന്റെകൂടി ഭാഗമായി അഖിലേന്ത്യാ സർവ്വീസിലുള്ള ഗവൺമെന്റ് സെക്രട്ടറിയുടെയോ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെയോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയോ പദവിയിൽ താഴെയല്ലാത്ത ഒരാളെ ഇവിടെ റോഡ് സേഫ്റ്റി കമ്മീഷണർ ആക്കണമെന്ന ഭേദഗതി ഇപ്പോൾ നിർദ്ദേശിക്കുന്നത്. ട്രാൻസ്പോർട്ട് കമ്മീഷണറായിരുന്നു ഇതിന്റെ കമ്മീഷണറായി നേരത്തെ നിലനിന്നിരുന്നത്. ആ ട്രാൻസ്പോർട്ട് കമ്മീഷണർ ഇതുമായി ബന്ധപ്പെട്ട് ഒരു വർക്കും നടത്തിയിട്ടില്ലെന്ന അഭിപ്രായമൊന്നും എനിക്കില്ല. ഇതുമായി ബന്ധപ്പെട്ട് ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷെ നിലവിലുള്ള ട്രാൻസ്പോർട്ട്

കമ്മീഷണർ റോഡ് സേഫ്റ്റി കമ്മിറ്റിയുടെ കൂടി കമ്മീഷണർ ആയാലുണ്ടാകാവുന്ന ജോലി ഭാരത്തിന്റെ ആധിക്യംമൂലം റോഡ് സേഫ്റ്റി കമ്മിറ്റിയെക്കൊണ്ട് 2007-ലെ ബില്ലിൽ ഉദ്ദേശിച്ച കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കാൻ കഴിയാതെ വരുമോ എന്നുള്ളതുകൊണ്ടാണ് ഇക്കാര്യത്തിൽ ഒരു ഫുൾ-ടൈം കമ്മീഷണർ ഉണ്ടാകണമെന്ന പൊതുവായ വികാരം സംസ്ഥാനം ഉയർത്തിപ്പിടിക്കുകയും അതിനുവേണ്ടി ഒരു ബിൽ രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തത്. ഇന്ത്യയിൽ ആദ്യമായി 2007-ൽ റോഡ് സേഫ്റ്റി ആക്ടും അതോറിറ്റിയും രൂപീകരിച്ചത് കേരളത്തിലാണ്. 2017 നവംബർ 21 മുതൽ ഓർഡിനൻസ് മുഖാന്തിരം കമ്മീഷണറെ നിയമിക്കുന്ന നടപടിയെടുത്തിട്ടുണ്ട്. അതിനെ ബില്ലായി കൊണ്ടുവരാനുള്ള നടപടിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ഇതിന്റെ സാമ്പത്തിക സമാഹരണം എങ്ങനെയാണെന്ന് ബഹുമാനപ്പെട്ട അംഗം എ. പ്രദീപ്കുമാർ നേരത്തെ ചോദിക്കുകയുണ്ടായി. ഒന്നാമത്തെ പ്രശ്നം, വൺ ടൈം സെസ് - രജിസ്റ്റർ ചെയ്ത വണ്ടികളും രജിസ്റ്റർ ചെയ്ത വണ്ടികളിൽ പുറം സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വണ്ടികളും ഈ സെസ് ഈടാക്കി അതിനെ റോഡ് സേഫ്റ്റി കമ്മിറ്റിയുടെ പണമായി കരുതാൻവേണ്ടി ഉപയോഗിക്കുകയാണ്. കേരളത്തിൽ രജിസ്റ്റർ ചെയ്ത വണ്ടികൾക്കും കേരളത്തിന് പുറത്തുനിന്ന് രജിസ്റ്റർ ചെയ്തുവരുന്ന വണ്ടികൾക്കും കിട്ടുന്ന സെസ് ഇതിന്റെ ഒന്നാമത്തെ വരുമാനമായി നമ്മൾ കരുതുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയും ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട പ്രശ്നം, കോമ്പൗണ്ടിംഗ് ഫീസിന്റെ 50 ശതമാനം ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത് ഈ ഫണ്ടിലേയ്ക്കാണ്. പുറത്തുനിന്ന് പിടിക്കുന്ന വാഹനങ്ങളിൽ നിന്ന് ഈടാക്കുന്ന തുക മാത്രമേ റോഡ് സേഫ്റ്റി കമ്മിറ്റിക്ക് കിട്ടുന്നുള്ളൂ. കോടതിയിൽ പോയാൽ അത് കോടതിയുടെ പണമായി മാറും. ഉദാഹരണത്തിന് എം.വി. ആക്ട് 184, 185 വകുപ്പുകൾ പ്രകാരം ഒരാളെ പിടിച്ചാൽ മൂവായിരം രൂപയാണ് കോടതിയിൽ ചാർജ് ചെയ്യാവുന്ന ഏറ്റവും കൂടിയ തുക. പുറത്തുനിന്ന് പിടിക്കുമ്പോൾ ആയിരം രൂപയിൽ അത് അവസാനിക്കും. പുറത്തുനിന്ന് പിടിക്കുമ്പോൾ ആയിരം രൂപ കിട്ടിയാൽ അതിന്റെ 50 ശതമാനം റോഡ് സേഫ്റ്റി കമ്മിറ്റിക്ക് ലഭ്യമാകും. നേരെമറിച്ച് അത് കോടതിയിൽ കൊണ്ടുപോയി കോമ്പൗണ്ട് ചെയ്യാൻ തീരുമാനിച്ചാൽ ആ പണം നമുക്ക് ലഭ്യമാകില്ല എന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം നമ്മുടെ മുന്നിലുണ്ട്.

ഇത് ഇവിടെ മാത്രമല്ല. 2007 മുതൽ കോമ്പൗണ്ട് ചെയ്ത് റോഡ് സുരക്ഷാ അതോറിറ്റിക്ക് സർക്കാർ ലഭ്യമാക്കേണ്ടത് 553.73 കോടി രൂപയാണ്. ഇപ്പോൾ കിട്ടിയിട്ടുള്ളത് 173.12 കോടി രൂപ മാത്രമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിലുണ്ട്. ബാക്കി വരുന്ന 380.61 കോടി രൂപ ഗവൺമെന്റ് റോഡ് സുരക്ഷാ അതോറിറ്റിക്ക് കൈമാറേണ്ട സംഖ്യയാണ്.

<u>ശ്രീ. എൽദോ എബ്രഹാം:</u> സർ, ഇവിടെ സംസാരിച്ചുവരുന്നത് നികുതി സംബന്ധിച്ചാണ്. നാലു ചക്രവാഹനങ്ങളുടെ എണ്ണവും ഉപയോഗവും കൂടിവരികയാണ്. ഒരു വീട്ടിൽ ഒരു നാലുചക്ര വാഹനമാണുള്ളതെങ്കിൽ ഒരു നികുതിയും രണ്ടോ മൂന്നോ അതിൽ കൂടുതലോ നാലുചക്ര വാഹനങ്ങളുണ്ടെങ്കിൽ വർദ്ധിച്ചുവരുന്ന വാഹനങ്ങൾക്ക് അധിക നികുതിയും ഏർപ്പെടുത്തുന്നതിൽ അംഗത്തിന്റെ അഭിപ്രായമെന്താണ്?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. കെ. രാജൻ:</u> സർ, വാഹനം വാങ്ങുന്നത് ആളുകളുടെ ജീവിതത്തിലെ ആർഭാടത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഒരു വീട്ടിൽ മൂന്നും നാലും വാഹനങ്ങളുണ്ടെങ്കിലും ആകെ രണ്ട് അംഗങ്ങളേയുണ്ടാവുകയുള്ളൂ. ആഴ്ചയിൽ ഒരു തവണപോലും ഒരു വാഹനവും ഉപയോഗിക്കാത്ത തരത്തിൽ വാഹനങ്ങൾ കുന്നുകൂടി കിടക്കുകയാണ്. ബഹുമാനപ്പെട്ട മൂവാറ്റുപുഴ എം.എൽ.എ. പറഞ്ഞ നിർദ്ദേശം വളരെ ഗൗരവമാണ്. ഒന്നിൽ കൂടുതൽ വാഹനങ്ങളുള്ളവർക്ക് കൂടുതൽ നികുതി ചുമത്താവുന്ന തരത്തിൽ ഒരു നികുതി ഘടന കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയ്ക്കുവേണ്ടി സൂചിപ്പിച്ചത് 553.73 കോടി രൂപ കിട്ടാനുള്ള റോഡ് സുരക്ഷാ അതോറിറ്റിക്ക് 2007 മുതൽ ഇതുവരെ കിട്ടിയിട്ടുള്ളത് ആകെ 173.12 കോടി രൂപയാണ്. യഥാർത്ഥത്തിൽ 380.61 കോടി രൂപ റോഡ് സുരക്ഷാ അതോറിറ്റിയുടെ പേരിൽ നമ്മുടെ ഖജനാവിൽ വന്നുനിൽക്കുകയാണ് എന്നാണ് സാധ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. അതുപോലെ ഐ.പി.സി. 279, 337, 338, എം.വി. ആക്ടിൽപ്പെടുന്ന 184, 185 വകുപ്പുകൾ പ്രകാരം ഇതൊക്കെ കോടതിയിൽ പോയി കോമ്പൗണ്ട് ചെയ്താൽ ആ പണം മുഴുവൻ കോടതി ഏറ്റുവാങ്ങും. അത് പുറത്ത് കോമ്പൗണ്ട് ചെയ്താൽ അതിന്റെ സംഖ്യ നമുക്ക് ലഭ്യമാകും. 279, 338, 337 എന്നിവ പുറത്ത് കോമ്പൗണ്ട് ചെയ്യാൻ എളുപ്പമല്ലാത്ത ഐ.പി.സി വകുപ്പുകളാണ്. അതുകൊണ്ട് അതിന്റെ വകുപ്പുകൾ കൂടി കോടതിയിൽ കോമ്പൗണ്ട് ചെയ്യുമ്പോൾ നമുക്ക് പണം ലഭ്യമാക്കാൻ കഴിയാവുന്ന തരത്തിലുള്ള ഒരു ഇടപെടൽ നടത്തിയാൽ ഗുണകരമാകും എന്നാണ് ഞാൻ കരുതുന്നത്.

ഗതാഗത വകുപ്പുമന്ത്രി ചെയർമാനും പൊതുമരാമത്ത് വകുപ്പുമന്ത്രി വൈസ് ചെയർമാനും ചീഫ് സെക്രട്ടറി ഉൾപ്പെടെ 17 അംഗങ്ങളും 3 എക്സ്പെർട്ട് അംഗങ്ങളും അടങ്ങുന്ന ഒരു അതോറിറ്റിയാണ് ഇപ്പോൾ റോഡ് സുരക്ഷാ അതോറിറ്റി എന്ന പേരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രധാനപ്പെട്ട ചുമതലകൾ റോഡ് സുരക്ഷ സംബന്ധിച്ച്

സർക്കാരിന് സമ്പൂർണ്ണമായ ഉപദേശം നൽകുക, റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും ഉറപ്പുവരുത്തുക, റോഡ് സുരക്ഷാ സംബന്ധമായ പ്രോജക്ടുകൾ, സ്കീമുകൾ, പ്രോഗ്രാമുകൾ എന്നിവ രൂപീകരിച്ച് നടപ്പിലാക്കുക, റോഡ് സുരക്ഷാ സംബന്ധമായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക എന്നിവയാണ്. അതായത് പോലീസ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്, പി.ഡബ്ല്യു.ഡി., ഹെൽത്ത്, എഡ്യൂക്കേഷൻ, ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിൽ, നാറ്റ്പാക്, കെൽട്രോൺ, മീഡിയാസ് ഇങ്ങനെ എല്ലാ വിഭാഗം ആളുകളെയും ഏകോപിപ്പിക്കുന്ന പ്രവർത്തനവും റോഡ് സുരക്ഷാ അതോറിറ്റിയുടെ മുഖ്യ ചുമതലയാണ്. റോഡ് സുരക്ഷാ ബോധവൽക്കരണം, റോഡ് സുരക്ഷാ ഫണ്ടുകളുടെ വിതരണവും ഏകോപനവും, റോഡ് സുരക്ഷ സംബന്ധിച്ച ഗവേഷണങ്ങളും പഠനങ്ങളും, അപകടത്തെത്തുടർന്നുള്ള സുരക്ഷ തുടങ്ങിയ കാര്യങ്ങൾ പ്രധാനമായും നിർവ്വഹിക്കാനാണ് റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. ഇനി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയാത്ത നിരവധി പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് റോഡ് സുരക്ഷാ അതോറിറ്റിക്ക് ഫുൾടൈം ചുമതലക്കാരനില്ല എന്നത്. അത് നേരത്തെ പ്രഖ്യാപിച്ച ഓർഡിനൻസിലൂടെ ഇപ്പോൾ ബില്ലാക്കുന്നതോടെ മുഴുവൻ സമയപ്രവർത്തകൻ എന്ന ധാരണ വന്നാൽ അത് പൂർത്തീകരിക്കാൻ കഴിയുമെന്ന് ഉറപ്പിക്കാൻ കഴിയും. കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റിയുടെ കമ്മിറ്റി, അതിന് താഴെ എക്സിക്യൂട്ടീവ്, അതിന് താഴെ ജില്ലാ നിലവാരത്തിലുള്ള സേഫ്റ്റി കൗൺസിലുകൾ, കളക്ടർ ചെയർമാനും ആർ.ടി.ഒ. കൺവീനറുമായിട്ടുള്ള കമ്മിറ്റികൾ എന്നിങ്ങനെയാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ജില്ലാ കൗൺസിലുകൾ കൊടുക്കുന്ന ശിപാർശകൾ സ്റ്റേറ്റ് അതോറിറ്റി പരിഗണിച്ച് ഒറിജിൻ വർക്കല്ലാത്ത എല്ലാ റോഡ് സേഫ്റ്റി ഇംപ്രൂവ്മെന്റ് ചെയ്യുന്ന കാര്യങ്ങളും അതോറിറ്റിക്ക് പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വളരെ പ്രധാനമായി ഈ ഗവൺമെന്റ് എടുത്ത നിർദ്ദേശങ്ങളിലൊന്ന് ഡ്രൈവർമാരുടെ ലൈസൻസ് ചില അടിയന്തര ഘട്ടങ്ങളിൽ സസ്പെന്റ് ചെയ്യാനുള്ള തീരുമാനമാണ്. അത് വളരെ പ്രധാനപ്പെട്ട പ്രശ്നമായിരുന്നു. അത് റോഡിൽ പ്രതിഫലിച്ചു. 2017-ൽ 6 ശതമാനം വണ്ടികളുടെ വർദ്ധനവുണ്ടായിട്ടും അപകടനിരക്ക് 2.37 ശതമാനമായും മരണനിരക്ക് 5.27 ശതമാനമായും കുറയ്ക്കാൻ കഴിഞ്ഞു. ഇപ്പോൾ ഏറ്റവും അപകടകരമായ രീതിയിൽ യാത്ര ചെയ്തു കൊണ്ടിരിക്കുന്നത് ടിപ്പർ ലോറികളാണ്. അത് പൂഴിയും മെറ്റലുമടിച്ച് സ്പീഡിൽ കൊണ്ടുപോകുകയാണ്. രാവിലെ 9.00 മണി മുതൽ 10.00 മണി വരെയും വൈകുന്നേരം 4.00 മണി മുതൽ 5.00 മണി വരെയും ഓടാൻ പാടില്ല, കുട്ടികളുടെ സ്കൂൾ വിടുന്നതും ചേരുന്നതുമായ സമയത്ത് പോകാൻ പാടില്ല എന്നൊക്കെ നമ്മൾ

സമയക്രമം തീരുമാനിച്ചു. പലപ്പോഴും ഫൈൻ മാത്രമായി അവസാനിപ്പിച്ചാൽ ഫൈൻ അടയ്ക്കാൻ മുതലാളി പണം കൊടുക്കും. പക്ഷെ ഡ്രൈവറുടെ ലൈസൻസ് സസ്പെൻഷൻ എന്ന വിഷയം വന്നതോടുകൂടി ഇനി എത്ര മുതലാളിമാർ നിർബന്ധിച്ചാലും, എത്ര ഫൈൻ അടയ്ക്കാം എന്ന് വാദിച്ചാലും അങ്ങനെ ഓടാൻ ഡ്രൈവർമാർ തയ്യാറാകാത്ത പുതിയ സാധ്യതയിലേയ്ക്ക് അങ്ങ് ഈ മേഖലയെ കൊണ്ടുപോയി എന്നുള്ളത് വളരെ അഭിനന്ദനാർഹമായ വസ്തുതയാണ്. നമുക്ക് നിർബന്ധമായും ആ കാര്യത്തിൽ തുടർനടപടികളുമായി മുന്നോട്ടുപോകാം.

സുപ്രീം കോടതി പരമാവധി സംസ്ഥാനങ്ങളിൽ കമ്മിറ്റി ഓൺ റോഡ് സേഫ്റ്റി രൂപീകരിച്ച് പ്രവർത്തിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ രൂപീകരിച്ചതിന്റെ എണ്ണവും അതുപോലെ പ്രവർത്തിക്കുന്നതിന്റെ എണ്ണവും വളരെ കുറവാണ്. ഇപ്പോൾ കേരളത്തിൽ 275 ബ്ലാക്ക് സ്പോട്ടുകൾ റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ കണ്ടെത്തി. അടിയന്തരമായി അപകടമുണ്ടാകുന്ന സ്ഥലങ്ങളെയും 500 മീറ്ററിനുള്ളിൽ തുടർച്ചയായി 5 മരണമോ 10 ഗുരുതരമായിട്ടുള്ള ആക്സിഡന്റോ ഉണ്ടാകുന്ന സ്ഥലങ്ങളെയും നാം ബ്ലാക്ക് സ്പോട്ടുകളായി നിശ്ചയിക്കുകയും റോഡ് സേഫ്റ്റി അതോറിറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ഈ സ്ഥലങ്ങളിലെല്ലാം പരിശോധന നടത്തുകയും ചെയ്തു. റോഡ് സേഫ്റ്റി അതോറിറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ 275 ബ്ലാക്ക് സ്പോട്ടുകളും നേരിട്ടുപോയി പരിശോധിക്കാൻ കാണിച്ച മിടുക്ക് ഈ അപകടങ്ങളെ കുറയ്ക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായുള്ള ഒരു പ്രധാനപ്പെട്ട തീരുമാനമാകുമെന്ന് ധരിക്കുന്നു. അതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. അതുപോലെ മേൽപ്പറഞ്ഞ 275 ബ്ലാക്ക് സ്പോട്ടുകളിലെ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുവേണ്ട എസ്റ്റിമേറ്റ് ഇതിനകം തയ്യാറാക്കി ഗവൺമെന്റിന് മുന്നിൽ സമർപ്പിക്കാൻ ബന്ധപ്പെട്ട ആളുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

അശാസ്ത്രീയമായ റോഡ് നിർമ്മാണം ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. അതുകൂടി പരിഹരിക്കാൻ സംയുക്തമായ ഇടപെടലുകൾ നടത്തി ശ്രദ്ധേയമായ പരിശ്രമം നടത്തേണ്ടതുണ്ട്. എടപ്പാളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ വളരെ ശ്രദ്ധേയമായ ഒരു സ്ഥാപനമാണ്. അങ്ങ് ഇപ്പോൾ പുതിയ പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. എടപ്പാളിലെ പുതിയ സ്ഥലത്ത് ക്രമം തെറ്റിക്കുന്നവർക്കും ലൈസൻസ് സസ്പെൻഡ് ചെയ്യുന്നവർക്കും ഡ്രൈവിംഗ് യഥാർത്ഥ തലത്തിൽ പരിശീലിപ്പിക്കാനും ഇന്റർനാഷണൽ നിലവാരത്തിലേയ്ക്ക് ഡ്രൈവിംഗിനെ കൊണ്ടുവരാനും ശ്രദ്ധേയമായ എല്ലാ

ഇടപെടലുകളും നടത്തുന്നുണ്ട്. രണ്ട് കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ശബരിമല എല്ലാ കാലത്തേയും ഏറ്റവും പ്രധാനപ്പെട്ട ചർച്ചയായിരുന്നു. വിദ്യാർത്ഥിയായിരുന്ന കാലത്തും വിദ്യാർത്ഥി സംഘടനാ പ്രവർത്തകനായിരുന്ന കാലത്തും എത്രയോ തവണ ശബരിമലയുമായി ബന്ധപ്പെട്ട അപകടങ്ങളിൽ പോയി സന്നദ്ധപ്രവർത്തകനായി നിൽക്കാനിടവന്നിട്ടുള്ള ഒരാളാണ് ഞാൻ. കേരള ചരിത്രത്തിൽ കാലം എത്ര കടന്നുപോയാലും ശബരിമലയിൽ നടപ്പിലാക്കിയ 'സേഫ് സോൺ' എന്ന നടപടിയുടെ അടിസ്ഥാനത്തിലായിരിക്കും ഈ ഗവൺമെന്റിനെ വാഴ്ത്തപ്പെട്ടുന്നൊരു ഗവൺമെന്റായി പ്രഖ്യാപിക്കുന്നത്. ഇലവുങ്കൽ കൺട്രോൾ റൂം കേന്ദ്രീകരിച്ചു കൊണ്ട് ഏതാണ്ട് 300 കിലോമീറ്റർ ചുറ്റളവ് വരെ എപ്പോൾ അപകടമുണ്ടായി; എപ്പോൾ വാഹനം ലോക്കായി; എപ്പോൾ വാഹന ജാമുണ്ടായി; എപ്പോൾ വാഹനം മുന്നോട്ടുപോകാൻ കഴിയാതെ വരുന്നു അപ്പോൾത്തന്നെ ആൾ ചെന്ന് ഇടപെടുന്ന തരത്തിലുള്ള ശബരിമല സേഫ് സോൺ, വാഹന തകരാറുണ്ടായാൽ അപകടം പറ്റിയ വാഹനങ്ങൾ മാറ്റി ഡ്രൈവറെ കൊണ്ടുകൊടുക്കാൻ 24 മണിക്കൂറും ആൾ നിൽക്കാവുന്ന നടപടി ഹൈക്കോടതിയുടെ തന്നെ അഭിനന്ദനം ഏറ്റുവാങ്ങിയതാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. 'സേഫ് കേരള' എന്ന പേരിൽ ഇത് സംസ്ഥാന വ്യാപകമായി മാറ്റാനുള്ള വളരെ ശ്രദ്ധേയമായൊരു നടപടിക്രമം സർക്കാരിന്റെ മുമ്പിലുണ്ടെന്ന് അറിയാൻ കഴിഞ്ഞു. അതുപോലെ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഭാഗമായി ഒരു ഫുൾ ടൈം ഉദ്യോഗസ്ഥനെ നിയമിക്കുന്നതോടുകൂടി റോഡ് സുരക്ഷാ അതോറിറ്റി വളരെ ഗൗരവമുള്ള ഏർപ്പാടാക്കി മാറ്റാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ട്രാഫിക് തടസ്സങ്ങൾ സമയബന്ധിതമായി മാറ്റിയെടുക്കാൻ സേഫ് കേരളയിലൂടെ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വളരെ ശ്രദ്ധേയമായ ഇടപെടൽ നടത്താൻ കഴിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനെ ഇതിന്റെ ഡയറക്ടറായി നിയമിക്കാനുള്ള ഈ ബില്ലിന്റെ ഉദ്ദേശത്തെ വളരെ ഗൗരവമായി പിന്താങ്ങിക്കൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

2.00 PM]

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ഏതൊരു നീക്കവും പിന്തുണയ്ക്കപ്പെടേണ്ടതാണ്. റോഡ് സുരക്ഷയുടെ കാര്യത്തിൽ അത്രയേറെ വെല്ലുവിളികളാണ് നാം നേരിടുന്നത്. കേരളത്തിൽ ജീവിതമാർഗ്ഗം തേടി റോഡിലിറങ്ങുന്നവരിൽ 11 പേർ വീട്ടിൽ തിരിച്ചെത്തുന്നില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ദിവസവും 11 പേരുടെ ജീവനുകളാണ് നമ്മുടെ റോഡുകളിൽ പൊലിയുന്നത്. അപകടത്തിൽപ്പെട്ട് മറ്റനേകം പേർ മൃതപ്രായരായി ജീവിക്കുകയും ചെയ്യുന്നു. ഇക്കഴിഞ്ഞ വർഷം 4131 ജീവനുകളാണ് നമ്മുടെ റോഡുകളിൽ പൊലിഞ്ഞത്. 42671 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കേരള പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകളാണിത്. കേരള പോലീസ് പ്രസിദ്ധീകരിച്ചിട്ടുള്ള ചില വിവരങ്ങൾ ശ്രദ്ധേയമാണ്. 2001 മുതൽ 2017 വരെയുള്ള അപകടങ്ങളുടെ കണക്കെടുത്താൽ 2001-ൽ 38361 അപകടങ്ങളും 2017-ൽ 38470 അപകടങ്ങളുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വാഹനങ്ങൾ വൻതോതിൽ വർദ്ധിച്ചിട്ടും അപകടങ്ങൾ 38470-ൽ പിടിച്ചുനിർത്താൻ സാധിച്ചത് നേട്ടം തന്നെയാണ്. വാഹനങ്ങൾ പെരുകുന്നതുമൂലമാണ് അപകടങ്ങൾ വർദ്ധിക്കുന്നതെന്ന തെറ്റിദ്ധാരണ തിരുത്തുന്നതാണ് പ്രസ്തുത കണക്കുകൾ. റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിയാൽ അപകടങ്ങൾ കുറയുമെന്നതിന്റെ തെളിവ് കൂടിയാണിത്. കേരള പോലീസ് വെബ്സൈറ്റിൽ അപകടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും കൂടുതൽ അപകട മരണങ്ങൾ സംഭവിക്കുന്നത് മലപ്പുറം ജില്ലയിലാണ്. 2016-ൽ മലപ്പുറം ജില്ലയിൽ 402 പേരാണ് അപകടത്തിൽപ്പെട്ട് മരണപ്പെട്ടത്. റോഡ് സുരക്ഷാ അതോറിറ്റി മലപ്പുറം ജില്ലയിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ചേളാരി മുതൽ ഇടിമൂഴിക്കൽ വരെ ഏറ്റവും കൂടുതൽ അപകടങ്ങൾ നടക്കുന്ന സ്ഥലമാണ്. ഗതാഗതക്കുരുക്കും അപകട മരണങ്ങളും അവിടെ നിത്യസംഭവങ്ങളാണ്. ഇക്കാര്യം ഞാൻ റോഡ് സുരക്ഷാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി. ബന്ധപ്പെട്ട ജില്ലാ കളക്ടറെയും പോയി കണ്ടു. അവസാനം ബന്ധപ്പെട്ട വ്യാപാരി വ്യവസായികൾ, വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങി എല്ലാവരുടെയും ഒരു മീറ്റിംഗ് അവിടെ വിളിച്ചുകൂട്ടി സുപ്രധാനമായ ചില തീരുമാനങ്ങളെടുക്കുകയും ചെയ്തു. അത് ഇംപ്ലിമെന്റ് ചെയ്യുന്നതിന് റവന്യൂ ഉദ്യോഗസ്ഥരെയും മോട്ടോർ വാഹന അതോറിറ്റിയെയും പോലീസ് ഉദ്യോഗസ്ഥരെയുമൊക്കെ ചുമതലപ്പെടുത്തി. പക്ഷെ അതിൽപ്പറയുന്ന ഒരു കാര്യംപോലും നടപ്പിൽ വരുത്താൻ ബന്ധപ്പെട്ട

ഡിപ്പാർട്ടുമെന്റ് ഇതുവരെ തയ്യാറായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ആ വിഷയം അന്വേഷിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): മീറ്റിംഗ് വിളിച്ചുകൂട്ടാൻ ജില്ലാ കളക്ടർ ആരെയൊക്കെയാണ് ഏൽപ്പിച്ചത്?

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, മീറ്റിംഗ് വിളിച്ചുകൂട്ടാൻ വേണ്ടി ബന്ധപ്പെട്ട ഡിവൈ.എസ്.പി.യെയും റവന്യൂ ഉദ്യോഗസ്ഥന്മാരെയും ഏൽപ്പിച്ചു. റോഡ് സുരക്ഷാ അതോറിറ്റി തന്നെ മീറ്റിംഗ് വിളിച്ചുകൂട്ടി. ബന്ധപ്പെട്ട ജനപ്രതിനിധികളും അവിടത്തെ വ്യാപാരി വ്യവസായികളും വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളും ആ മീറ്റിംഗിൽ പങ്കെടുത്തിരുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, റോഡ് സുരക്ഷാ അതോറിറ്റിയുടെ മീറ്റിംഗിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയത്?

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഓരോ കാര്യങ്ങളും ഇംപ്ലിമെന്റ് ചെയ്യുന്നതിനുവേണ്ടി വ്യത്യസ്തമായ മൂന്ന് ഡിപ്പാർട്ടുമെന്റുകളെ (റവന്യൂ, പോലീസ്, മോട്ടോർ വെഹിക്കിൾ) ഏൽപ്പിച്ചു. പക്ഷെ അതിലെ ഒരു നിർദ്ദേശംപോലും നടപ്പിലാക്കാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ തയ്യാറായിട്ടില്ല. 2004-ലെ വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ റിപ്പോർട്ട് പ്രകാരമാണ് റോഡ് സുരക്ഷയെക്കുറിച്ചുള്ള അവബോധം ലോക രാജ്യങ്ങൾക്കുണ്ടായത്. പ്രസ്തുത റിപ്പോർട്ടിൽ ഒരു വർഷം 12 ദശലക്ഷം പേർ റോഡപകടങ്ങളിൽ മരിക്കുന്നതായും 50 ദശലക്ഷം പേർക്ക് പരിക്കേൽക്കുന്നതായും പറയുന്നുണ്ട്. 2004-ലെ കണക്കുകളാണിത്. ഈ നിരക്ക് 10 വർഷം കൊണ്ട് 20 ശതമാനത്തോളം വർദ്ധിക്കുമെന്നും പറയുന്നുണ്ട്. റോഡപകട നിരക്ക് വികസിത രാജ്യങ്ങളെക്കാൾ വികസ്വര രാജ്യങ്ങളിലാണ് കൂടുതൽ എന്നുള്ളതാണ് ഈ റിപ്പോർട്ടിലെ ശ്രദ്ധേയമായ വസ്തുത. ലോകത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന വാഹനാപകടങ്ങളുടെ 85 ശതമാനവും വികസ്വര രാജ്യങ്ങളിൽ നിന്നാണ്. വികസിത രാജ്യങ്ങളെക്കാൾ വാഹനങ്ങൾ കറവുണ്ടായിരുന്നിട്ടും അപകടങ്ങൾ കൂടുന്നതിന്റെ പ്രധാന കാരണം റോഡ് സുരക്ഷയ്ക്ക് വികസ്വര രാജ്യങ്ങളിൽ വേണ്ടത്ര പ്രാധാന്യം നൽകാത്തതാണെന്ന് പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഏതാണ്ട് ഇപ്പറഞ്ഞതിന്റെ നേർ ചിത്രമാണ് കേരളത്തിലുള്ളത്. കേന്ദ്ര സർക്കാരിന്റെ ഓപ്പൺ ഗവൺമെന്റ് ഡാറ്റാ പ്രകാരം ഇന്ന് ഇന്ത്യയിൽ 210 ദശലക്ഷം വാഹനങ്ങളാണുള്ളത്. കേരള മോട്ടോർ വാഹന വകുപ്പിന്റെ കണക്കുകൾ പ്രകാരം

ഏതാണ്ട് ഒരു കോടി പത്ത് ലക്ഷത്തിലധികം വാഹനങ്ങളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. അതായത് ഇന്ത്യയിലെ ആകെ വാഹനങ്ങളുടെ 4.76 ശതമാനം മാത്രമാണ് കേരളത്തിലുള്ളത്. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന നിരവധി വാഹനങ്ങളും നമ്മുടെ നിരത്തുകളിൽ ഓടുന്നുണ്ട്. അപകടങ്ങളുടെ കാര്യത്തിൽ നാം മറ്റു സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. ഇന്ത്യയിലുണ്ടാകുന്ന അപകടങ്ങളിൽ 10 ശതമാനവും കേരളത്തിലാണ് നടക്കുന്നത് എന്നത് ആശങ്കകൾക്ക് ഇടനൽകുന്നു. റോഡ് സുരക്ഷയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകി റോഡ് നിർമ്മാണ പ്രവൃത്തികളിലും ട്രാഫിക് ചട്ടങ്ങളിലും മാറ്റം വരുത്തുകയും റോഡ് സുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് വാഹനം ഓടിക്കുന്നവരെ ബോധവൽക്കരിക്കുവാനും കഴിഞ്ഞാൽ ഇന്നത്തെ അപകടനിരക്ക് ഗണ്യമായി കുറയ്ക്കാനാകും. വാഹന പെരുപ്പത്തിന് അനുസരിച്ച് അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ അപകടങ്ങളുണ്ടാക്കുന്നതിനെക്കുറിച്ച് പറയുകയാണല്ലോ; വ്യാജ നമ്പർ പ്ലേറ്റുകൾ ഘടിപ്പിച്ച വാഹനങ്ങൾ അതിർത്തി കടന്നുവന്ന് കള്ളക്കടത്തിനൊക്കെ ഉപയോഗിക്കുന്നുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ചർച്ചയാണെങ്കിൽപ്പോലും ബഹുമാനപ്പെട്ട മെമ്പർ കെ. രാജൻ സംസാരിച്ചപ്പോൾ ആർ.എം.എഫ്-ൽ നിന്ന് പത്തനംതിട്ടയിലേയ്ക്ക് പണം ട്രാൻസ്ഫർ ചെയ്തതിനെക്കുറിച്ച് പറയുകയുണ്ടായി. എന്നാൽ 26-03-2018-ലെ എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ നദീ പരിപാലന നിധി (ആർ.എം.എഫ്) പിൻവലിച്ച് പൊതുഫണ്ടിലേയ്ക്ക് മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം തൃശ്ശൂർ ജില്ലയിൽനിന്നും 20,85,68,841 രൂപയും പാലക്കാട് ജില്ലയിൽ നിന്നും 12,95,54,397 രൂപയും മലപ്പുറം ജില്ലയിൽ നിന്നും 50,18,84,992 രൂപയും പൊതുഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ കെ. രാജന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങയുടെ ജില്ലയിൽ നിന്നടക്കം ആർ.എം.എഫ്. പൊതുഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ആർ.എം.എഫ്.ൽ നിന്നും പൊതുഫണ്ടിലേയ്ക്ക് മാറ്റിയ 50 കോടി രൂപ തിരിച്ച് മലപ്പുറം ജില്ലയിലെ നദികളുടെ കര സംരക്ഷണത്തിനായി ഉപയോഗിക്കണം. ഈ ചർച്ചയുമായി ബന്ധപ്പെട്ട് നേരത്തെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടാണ് ഇക്കാര്യം സാന്ദർഭികമായി ഞാൻ സൂചിപ്പിക്കുന്നത്.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ ഈ വിഷയം മലപ്പുറം ജില്ലാ വികസന സമിതിയിലും വന്നതാണ്. ശ്രീ. പി. ഉബൈദുള്ള മെമ്പർ ഇവിടെ സൂചിപ്പിച്ചു. ശ്രീ. കെ. രാജൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയും ചെയ്തു. അത് ഒരിക്കലും അനുവദിക്കാൻ പാടില്ലെന്നതാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

കേരളാ പോലീസ് അപകട കാരണങ്ങളെക്കുറിച്ച് പ്രസിദ്ധീകരിച്ച പട്ടിക പ്രകാരം ഏതാണ്ട് 90 ശതമാനം അപകടങ്ങൾക്കും കാരണം വാഹനമോടിക്കുന്നവരുടെ അശ്രദ്ധയാണ്. ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള അജ്ഞത, ട്രാഫിക് നിയമ ലംഘനം എന്നിവ അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്. മദ്യപിച്ച് വാഹനം ഓടിക്കൽ, സാഹസിക ഡ്രൈവിംഗ്, അമിത വേഗത, ഓവർടേക്കിംഗ്, കാഴ്ചക്കുറവ്, മാനസിക പിരിമുറുക്കങ്ങൾ, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവയെല്ലാം അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നു. കേരളത്തിൽ മദ്യനിയന്ത്രണം ഏർപ്പെടുത്തിയിരുന്ന കാലയളവിൽ വാഹനാപകടങ്ങളിൽ കുറവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരള പോലീസിന്റെ പക്കലുള്ള വിവരങ്ങളിൽ നിന്നാണ് അത് മനസ്സിലാകുന്നത്. യാതൊരു നിയന്ത്രണവുമില്ലാതെ ബാറുകൾ തുറക്കുന്നതിനുള്ള തീരുമാനം റോഡപകടങ്ങൾ വർദ്ധിക്കുന്നതിന് ഇടയാകും. പഞ്ചായത്തുകൾതോറും മദ്യം ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയശേഷം മദ്യപിച്ച് വാഹനം ഓടിക്കരുതെന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. നമുക്ക് റോഡ് സുരക്ഷാ സാക്ഷരത വളരെ കുറവാണ്. റോഡ് സുരക്ഷാ അവബോധത്തിന് നാം കൂടുതൽ ഊന്നൽ നൽകണം. റോഡ് സുരക്ഷ നമ്മുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കി, സ്വകാര്യ വാഹനങ്ങൾ നിരത്തിലിറങ്ങുന്ന സാഹചര്യം കുറയ്ക്കണം. നമ്മുടെ പൊതുഗതാഗത സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കാത്തതുകൊണ്ടാണ് ഇരുചക്രവാഹനങ്ങൾ കൂടുതലായി നിരത്തിലിറങ്ങുന്നത്. ഏറ്റവും കൂടുതൽ അപകടങ്ങളിൽപ്പെടുന്ന വിഭാഗവും ഇരുചക്രവാഹനക്കാരാണ്. ഇന്ത്യയിൽ ആകെ വാഹനങ്ങളിൽ 85 ശതമാനം ഇരുചക്രവാഹനങ്ങളാണ്. കാറുകൾ ഉപയോഗിക്കുന്നവരുടെ എണ്ണവും കേരളത്തിൽ വർദ്ധിച്ചുവരികയാണ്. ഒരേ ദിക്കിലേയ്ക്കുള്ള യാത്രയ്ക്ക് 100 പേർ നൂറ് വാഹനങ്ങൾ ഉപയോഗിക്കുന്നതിനുപകരം രണ്ട് പബ്ലിക് ട്രാൻസ്പോർട്ട് ബസ്സുകൾ ഉപയോഗിച്ചാൽ ഇന്ധനവും ലാഭിക്കാം ഗതാഗതക്കുരുക്കും ഒഴിവാക്കാം. ആയതിനാൽ പൊതു ഗതാഗതത്തിന് കൂടുതൽ പ്രാധാന്യം നൽകണം. റോഡ് സുരക്ഷയ്ക്ക് സമഗ്ര സമീപനമാണ് വേണ്ടത്. പോലീസ്, ഗതാഗതം, നീതിന്യായം, ധനകാര്യം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ ഒട്ടേറെ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തിക്കേണ്ടത് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ

ശക്തിപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമാണ്. ട്രാഫിക് നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും കർശനമായി നടപ്പാക്കുകയും വേണം. ട്രാഫിക് നിയമം ലംഘിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്നതിനെക്കുറിച്ചും ആലോചിക്കണം. റോഡ് കയ്യേറ്റങ്ങൾ ചെറുക്കണം, റോഡ് സേഫ്റ്റി ബോർഡ് കൃത്യമായി യോഗം ചേരണം. പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സേവനങ്ങൾ റോഡ് സുരക്ഷാ അതോറിറ്റി ഉപയോഗിക്കണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ഫീൽഡ് സ്റ്റാഫിന്റെ കുറവ് സുരക്ഷാ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. ലൈസൻസ് കൊടുക്കുന്നതിനുള്ള നിബന്ധനകൾ ശക്തമാക്കണം. ഒരു ടെസ്റ്റും പാസ്സാകാതെ കാശ് കൊടുത്താൽ ലൈസൻസ് കിട്ടുമെന്ന അവസ്ഥയ്ക്ക് മാറ്റം വരണം. ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടിയുണ്ടാകണം. റോഡ് സുരക്ഷാ സമിതികൾ എല്ലാ ജില്ലകളിലും രൂപീകരിക്കണം. ജില്ലാതലത്തിൽ സ്ഥിരം ഓഫീസും ഉദ്യോഗസ്ഥന്മാരുമുണ്ടാകണം. ഇത്തരം സമിതികളിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തണം. സ്കൂളുകൾ, കോളേജുകൾ, ഡ്രൈവർമാർ, പൊതുജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തമാക്കണം. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം യുദ്ധങ്ങളിൽ കൊല്ലപ്പെടുന്നതിനേക്കാൾ ജനങ്ങൾ റോഡുകളിൽ കൊല്ലപ്പെടുന്നുണ്ട്. ജീവൻ എന്നത് അമൂല്യവും വിലപ്പെട്ടതുമാണ്. ഏതൊരു സർക്കാരും കൂടുതൽ പ്രാധാന്യം നൽകേണ്ടത് ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനായിരിക്കണം. റോഡ് സുരക്ഷാ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യകത ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വന്ന വിധിയിലൂടെയാണ് ഇത്തരമൊരു ഭേദഗതിക്കുള്ള സാഹചര്യമുണ്ടായത്. ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനെ റോഡ് സുരക്ഷാ കമ്മീഷണറായി നിയമിക്കുക എന്ന ആവശ്യത്തിന്മേൽ കഴിവും പ്രാവീണ്യവുമുള്ള ആളെ കണ്ടെത്തുന്നതിന് പകരം ഐ.എ.എസ്.കാരനായ സെക്രട്ടറിയേയും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനേയും ഈ തസ്തികയിലേയ്ക്ക് നിയമിക്കേണ്ടതിന്റെ ആവശ്യമെന്താണ്? റോഡ് സുരക്ഷയെക്കുറിച്ചുള്ള വ്യക്തമായ അറിവും പരിചയവുമുള്ളവരെ വേണം ഈ പദവിയിൽ ഇരുത്തേണ്ടത്. അല്ലാതെ ഏതെങ്കിലും വ്യക്തിയെ അക്കോമഡേറ്റ് ചെയ്യാനുള്ള ഒരു കസേരയായി ഈ തസ്തികയെ കാണരുത്.

<u>ശ്രീ. സി. കെ. നാണു</u>: സർ, 50 കോടി രൂപ മലപ്പുറം ജില്ലയിലെ ആർ.എം.എഫ്.-ൽ നിന്നും പിൻവലിച്ചുവെന്നല്ലേ പറഞ്ഞത്. അപ്പോൾ കഴിഞ്ഞ അഞ്ചുവർഷക്കാലം ഭരിച്ച ഗവൺമെന്റ് അവിടെ ഒരു കാര്യവും ചെയ്തിട്ടില്ലേ? ഇത്രയധികം ഫണ്ട് ബാക്കി വരുമോ? അവിടെ ഒന്നും ചെയ്തിട്ടില്ല.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, അവിടെ റിവർ മാനേജ്മെന്റിന് ധാരാളം ഫണ്ടുണ്ട്. നിരവധി പ്രൊപ്പോസലുകൾ അവിടെ കൊടുത്തിട്ടുണ്ട്. ആ പ്രൊപ്പോസലുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. അതിനുമുമ്പാണ് ആ ഫണ്ട് അവിടെ നിന്നും ഡൈവർട്ട് ചെയ്യാനുള്ള നീക്കങ്ങൾ നടന്നത്.

ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്ന കാര്യത്തിലെങ്കിലും മറ്റ് താൽപ്പര്യങ്ങൾ മാറ്റിവച്ച് കൂടുതൽ വിവേചന ബുദ്ധിയോടെയും നിസ്വാർത്ഥമായും നിയമനിർമ്മാണം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. സൂപ്പർ ഫാസ്റ്റ്, ഡീലക്സ് തുടങ്ങിയ ബസ്സുകളിൽ സ്റ്റാന്റിംഗ് ട്രിപ് അനുവദിക്കാൻ പാടില്ലെന്ന ശ്രദ്ധേയമായ ഒരു വിധി ഇന്നലെ ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ബസ്സുകൾക്ക് കൂടിയ തോതിൽ ചാർജ്ജ് ഈടാക്കുന്നത് അധികം യാത്രക്കാരെ കയറ്റാൻ അനുവാദമില്ലാത്തതു കൊണ്ടാണ്. എന്നാൽ വ്യവസ്ഥ ലംഘിച്ചുകൊണ്ടാണ് ഈ ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നത്. ഇതുൾപ്പെടെയുള്ള കാര്യങ്ങൾ റോഡ് സുരക്ഷയെ ബാധിക്കുന്നതാണ്. അതുകൊണ്ട് ഹൈക്കോടതി വിധി കർശനമായി നടപ്പിലാക്കാൻ കെ.എസ്.ആർ.ടി.സി. മുൻകയ്യെടുക്കണം എന്നുകൂടി ഈ സന്ദർഭത്തിൽ ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഇവിടെ രണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് വളരെ വിശദമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളുമാണ് നൽകിയിട്ടുള്ളത്. പത്തുവർഷംകൊണ്ട് സംസ്ഥാനത്തെ റോഡപകടങ്ങളുടെ നിരക്ക് 50 ശതമാനമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സംസ്ഥാന സർക്കാരും റോഡ് സേഫ്റ്റി അതോറിറ്റിയും അതിന്റെ പ്രവർത്തനങ്ങൾ വിഭാവന ചെയ്തിട്ടുള്ളത്. ആ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമായി നടത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് റോഡ് സുരക്ഷാ അതോറിറ്റിക്ക് പ്രത്യേക ചുമതലയുള്ള ഒരു ഉദ്യോഗസ്ഥൻ നേതൃത്വം നൽകണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട സുപ്രീം കോടതി നിയമിച്ച റിട്ടയേഡ് ജസ്റ്റിസ് രാധാകൃഷ്ണൻ കമ്മീഷൻ നിർദ്ദേശിച്ചത്. കേരളം പടിപടിയായി ഈ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ തവണ ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മാത്യു ടി. തോമസാണ് ആദ്യമായി റോഡ് സുരക്ഷാ അതോറിറ്റി ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ച് ഇന്ത്യയ്ക്കാകെ മാതൃക കാണിച്ചതെന്ന കാര്യം ഇവിടെ പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. റോഡ് സുരക്ഷ ഉറപ്പുവരുത്തണമെങ്കിൽ രണ്ട് തലത്തിലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. ഉന്നത നിലവാരമുള്ള,

റോഡ് സുരക്ഷാ നിയമം അനുശാസിക്കുന്ന ഒരു സംസ്കാരത്തിലേയ്ക്ക് നമ്മുടെ സമൂഹത്തെ മാറ്റിയെടുക്കേണ്ടതുണ്ട് എന്ന നിർദ്ദേശം നേരത്തെ ഇവിടെ ഉയർന്നുവരികയുണ്ടായി. അതൊരു ശരിയായ നിർദ്ദേശമായി തന്നെയാണ് കാണുന്നത്. ഈ രംഗത്ത് വിവിധതരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടക്കേണ്ടത് അത്യാവശ്യമാണ് എന്ന് നമുക്കെല്ലാവർക്കുമറിയാം. വിവിധ വകുപ്പുകളിലൂടെ അത്തരം ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. അബ്ദുൽ ഹമീദ്. പി. ചൂണ്ടിക്കാണിച്ചതുപോലെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് അത്തരം കാര്യങ്ങൾ നിർവ്വഹിക്കാനാവുന്നത്. പൊതുമരാമത്ത് വകുപ്പും ആരോഗ്യവകുപ്പും മറ്റ് ഡിപ്പാർട്ടുമെന്റുകളും ചേർന്നുകൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങൾക്കുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല.

റോഡ് സുരക്ഷാ അതോറിറ്റിയുടെ ഘടനയെക്കുറിച്ച് ശ്രീ. കെ. രാജൻ വിശദീകരിച്ചിട്ടുണ്ട്. ആക്ടിൽ പറയുന്നത് ഇവിടെ സൂചിപ്പിച്ചതുപോലെയാണ്, ജനപ്രതിനിധികളെ ഉൾക്കൊള്ളിക്കുന്ന ഒരു നിയമം ഇപ്പോൾ നിലവിലില്ല. നിയമത്തിൽ ഭേദഗതി വരുത്തി ജനപ്രതിനിധികളെ അതിൽ ഉൾക്കൊള്ളിക്കണമോ വേണ്ടയോ എന്ന കാര്യം എല്ലാവർക്കുമറിയുന്നതുപോലെ നയപരമായ പ്രശ്നമാണ്. ആ പ്രശ്നത്തിൽ ഏകപക്ഷീയമായ അഭിപ്രായ പ്രകടനം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നില്ല. അത്തരം സമിതികളുടെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമല്ല എന്ന സൂചനയാണ് ശ്രീ. അബ്ദുൽ ഹമീദ് പി. ഇവിടെ സംസാരിച്ചപ്പോൾ ചൂണ്ടിക്കാണിച്ചത്. ഞാൻ അത് എടുത്ത് ചോദിക്കുകയും ചെയ്തു.

ജില്ലാ കളക്ടർ ചെയർമാനായ റോഡ് സുരക്ഷാ ജില്ലാ കൗൺസിലുകളാണ് സംസ്ഥാന റോഡ് സുരക്ഷാ കൗൺസിലുകൾക്ക് അവിടെ നടപ്പിലാക്കേണ്ട പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടത്. ആ പ്രൊപ്പോസലുകൾ ഇവിടെ എത്തിയാൽ തീർച്ചയായും അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ് എന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള എടപ്പാളിലെ സ്ഥലം എനിക്ക് നന്നായി അറിയാവുന്നതാണ്. ആ പ്രദേശവും വട്ടപ്പാറ വളവും മലപ്പുറം ജില്ലയിലെ ബ്ലാക്ക് സ്പോട്ടുകളിൽപ്പെട്ട സ്ഥലമാണ്. ആ ബ്ലാക്ക് സ്പോട്ടുകൾ ഉൾപ്പെടെ ഇവിടെ ചൂണ്ടിക്കാണിച്ച 276 ബ്ലാക്ക് സ്പോട്ടുകളെ കേന്ദ്രീകരിച്ച് റോഡ് സുരക്ഷാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കേണ്ടത് എന്ന കാര്യം ഗൗരവപൂർവ്വം ആലോചിച്ച് അതിന്

പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. അബ്ദുൽ ഹമീദ് പി. ഉന്നയിച്ച പ്രശ്നങ്ങളെക്കുറിച്ച് എനിക്ക് അത്രയും കാര്യങ്ങൾ മാത്രമേ പറയാനുള്ളൂ.

റോഡ് സുരക്ഷ സംബന്ധിച്ച പാഠഭാഗങ്ങൾ സിലബസ്സിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രാഥമിക പരീക്ഷണം എന്നനിലയിൽ പോലീസ് ഡിപ്പാർട്ടുമെന്റിലൂടെ വിദ്യാർത്ഥികളിൽ ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിനായി സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ എം.എൽ.എ.-മാരും സഹകരിക്കുകയാണെങ്കിൽ അവരുടെ മണ്ഡലത്തിലെ ഒരു വിദ്യാലയത്തിലെങ്കിലും ഈ രൂപത്തിലുള്ള സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ തയ്യാറാണ്. പക്ഷേ എല്ലാവരും സഹകരിച്ചാൽ മാത്രമേ അത് നടക്കുകയുള്ളൂ. അങ്ങനെയൊരു നിർദ്ദേശം ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളുടെ മുന്നിൽ വയ്ക്കുകയാണ്. കാരണം രണ്ടുപേർ മാത്രമേ ഇതുസംബന്ധിച്ച് ഇവിടെ സംസാരിച്ചുള്ളൂവെങ്കിലും സഭയുടെ പൊതുവികാരം അതുതന്നെയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ദേശീയപാതയിലെ എല്ലാ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ട്രാഫിക് കുരുക്ക് ഒഴിവാക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കേണ്ടതാണ് എന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന് ആ രൂപത്തിലുള്ള പ്രൊപ്പോസലുകൾ വരേണ്ടതുണ്ട്.

<u>ശ്രീ. ടി. വി. രാജേഷ്</u>: സർ, ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്കുകൾ ഉണ്ടാകുന്നത് ബസ്ബേ ഇല്ലാത്തതുകൊണ്ടാണ്. റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നാഷണൽ ഹൈവേയിലെങ്കിലും ബസ്ബേ നിർബന്ധമാക്കണം. സിഗ്നൽ സിസ്റ്റം കൊണ്ടുമാത്രം അതിന് കഴിയില്ല. ബസ്ബേ നിർമ്മിച്ചുകഴിഞ്ഞാൽ ഒരുപാട് ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കാൻ സാധിക്കും. അക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ദേശീയപാതയുടെ സ്പെസിഫിക്കേഷൻ അനുസരിച്ച് ബസ് ബേ, വാക്ക്‌വേ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് നാഷണൽ ഹൈവേ നിർമ്മിക്കേണ്ടത്. അങ്ങനെയാണെങ്കിൽപ്പോലും കേരളത്തിൽ നിങ്ങൾക്കെല്ലാം അറിയുന്നതുപോലെ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള ഭാഗത്ത് ഒരു മോഡൽ സേഫ് കോറിഡോർ എന്ന സംവിധാനം വിജയകരമായി പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ആ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ലഭ്യതയ്ക്കും സ്ഥലലഭ്യതയ്ക്കും

അനുസരിച്ച് ഇത്തരത്തിലുള്ള കോറിഡോറുകൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കാൻ കഴിയും. കെ.എസ്.ടി.പി.-യുടെ സഹായത്തോടുകൂടി അവരുടെ ചലഞ്ച് ഫണ്ടുപയോഗിച്ചും ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നതാണ്. കോഴിക്കോട് സിറ്റി ഉൾപ്പെടെയുള്ള കാര്യങ്ങൾ സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി പുതുതായി നിർമ്മിച്ച പ്രദേശങ്ങളിൽ അത്തരത്തിലുള്ള പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇതുപോലുള്ള വിപുലവും ശ്രദ്ധേയവും ആസൂത്രിതവുമായ പദ്ധതിയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുവരുമ്പോൾ മാത്രമേ നമുക്ക് അതൊക്കെ നല്ലനിലയിൽ ചെയ്യാൻ കഴിയുകയുള്ളൂ. പക്ഷേ ഇന്നലെകളിൽ ചെയ്തതിൽനിന്നും വ്യത്യസ്തമായും സമയബന്ധിതമായും പ്ലാനിംഗിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യുന്നതിന് ഒരു ഓഫീസറെ ആവശ്യമായി വന്നുവെന്നുള്ളതുകൊണ്ടാണ് ഇത്തരമൊരു ഭേദഗതിയുമായി മുന്നോട്ടുവരാൻ സർക്കാർ തയ്യാറായത് എന്ന കാര്യം ഞാൻ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റോഡ് സുരക്ഷാ ക്ലാസ്സുകൾ നടത്തുന്നതിനുള്ള നടപടി ഇവിടെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട് എന്നതാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് അറിയിക്കാനുള്ളത്. ഡ്രൈവർമാരുടെ ഒരു പ്രശ്നമുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച് ചെയ്തുകൊണ്ടിരിക്കുന്ന ചില നടപടികളുണ്ട്. അത് വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ടതാണ്. എന്റെ പോസിറ്റീവായ ഒരു നിർദ്ദേശം, അതിന്റെ പ്രയോജനം അതത് വർഷം ആ പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് ലഭിക്കത്തക്ക വിധത്തിലുള്ള ഒരു മോണിറ്ററിംഗ് സിസ്റ്റം രൂപപ്പെടുത്തണം. ക്യാമറ വച്ചിട്ടില്ല എന്ന് ചില അംഗങ്ങൾ ഇവിടെ പറഞ്ഞു. അത് ശരിയല്ല. പോലീസ് ഡിപ്പാർട്ടുമെന്റും മോട്ടോർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റും സ്ഥാപിച്ച ക്യാമറകളുണ്ട്. പക്ഷേ മെയിന്റനൻസ് വർക്ക് ചെയ്യാത്തതുകൊണ്ട് പല ക്യാമറകളുടെയും കവർ മാത്രമേയുള്ളൂ. അതുകൊണ്ടാണ് ഇങ്ങനെ പോകുന്നത്. അതുസംബന്ധിച്ച യഥാർത്ഥ വിലയിരുത്തൽ നടത്തി ആ ക്യാമറകൾ ആക്ടിവേറ്റ് ചെയ്യുന്നതിനും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, തീർച്ചയായും വിവിധ ഡിപ്പാർട്ടുമെന്റുകൾ നടത്തുന്ന പ്രവർത്തനങ്ങളുടെ ഏകോപനം ആവശ്യമാണ് എന്ന കാര്യത്തിൽ നമുക്കെല്ലാം യോജിപ്പ് തന്നെയാണ്. അതുകൊണ്ടാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത് ജില്ലാ കളക്ടർ ചെയർമാനായ കൗൺസിലുകളാണ് ഇപ്പോൾ നിലവിലുള്ളത്. മലപ്പുറത്തുനിന്നുള്ള അംഗം ഇവിടെ സൂചിപ്പിച്ചപ്പോൾ മലപ്പുറം ജില്ലാ കളക്ടർ മറ്റാരെയോ ചുമതലപ്പെടുത്തുന്ന പ്രവണത കണ്ടുവെന്നാണ് ഇവിടെ പറഞ്ഞത്. വകുപ്പുകളെ ഏകോപിപ്പിക്കാനുള്ള ചുമതല ജില്ലാ കളക്ടർമാർക്കാണ്.

കളക്ടർമാരെ ഏൽപ്പിച്ച ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുന്ന കാര്യത്തിൽ കർക്കശമായ നിലപാട് സ്വീകരിക്കാം. തുടങ്ങിവച്ച പദ്ധതികളെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അങ്ങ് എപ്പോഴും പോസിറ്റീവായിട്ടേ എന്നോട് പെരുമാറാറുള്ളൂ. അതുകൊണ്ട് പോസിറ്റീവായി അങ്ങ് പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് യാതൊരു പ്രയാസവുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോസിറ്റീവായി മാത്രമേ ഇടപെടാറുള്ളൂവെന്ന് പറഞ്ഞതിനുശേഷം തൊട്ടടുത്തിരിക്കുന്ന ആളിനെ നോക്കി അങ്ങ് ചിരിച്ചപ്പോൾ എനിക്ക് തന്നെ സംശയം തോന്നി. ഞാൻ വളരെ കറക്ടായി, പോസിറ്റീവായിട്ട് തന്നെയാണ് പറഞ്ഞത്. ജില്ലകളിലെ പ്രോഗ്രാമുകൾ ജില്ലാ കളക്ടർക്ക് മോണിറ്റർ ചെയ്യാൻ സാധിക്കും.

മി. സ്പീക്കർ: ഇവിടെ പറഞ്ഞത് അങ്ങ് ശരിയായ ഭാഷയിൽ സ്വീകരിച്ചാൽ മതി. വ്യംഗ്യഭാഷ കാണേണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങനെ മാത്രമേ എടുക്കുന്നുള്ളൂ. അല്ലെങ്കിലും ശ്രീ. എ. കെ. ശശീന്ദ്രനോട് എല്ലാക്കാലത്തും ഞങ്ങൾ അങ്ങനെ മാത്രമേ എടുത്തിട്ടുള്ളൂ. നാഷണൽ ഹൈവേകളിൽ ക്യാമറ വച്ചിട്ടുണ്ട്. അത് ഗതാഗത വകുപ്പിന്റെ പണം ഉപയോഗിച്ച് വച്ചിട്ടുള്ള ക്യാമറകളാണ്. അതുകൊണ്ട് ഒരു ജില്ലാ കളക്ടർക്ക് അത് മോണിറ്റർ ചെയ്യാൻ കഴിയില്ല. പോലീസ് ട്രാഫിക്കിന്റെ അടിസ്ഥാനത്തിൽ വച്ചിട്ടുള്ള ക്യാമറകളുണ്ട്. അതൊരു ജില്ലാ കളക്ടർക്ക് മോണിറ്റർ ചെയ്യാൻ കഴിയില്ല. അതുകൊണ്ട് അങ്ങനെ കണ്ടിന്യൂവിറ്റി ഉള്ള പ്രോഗ്രാംസ് പ്രത്യേകമായി നോക്കണം. രണ്ടാമതായി, ജില്ലാ കളക്ടർമാർക്ക് നേരിട്ട് ചെയ്യണമെന്നുള്ള ചെറിയ സമ്മർദ്ദം വന്നാൽ മാത്രമേ കളക്ടർമാരും അത് ചെയ്യുകയുള്ളൂ എന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. സി. കെ. നാണു: സർ, റോഡ് സേഫ്റ്റിയെക്കുറിച്ച് പറയുമ്പോൾ അഞ്ച് കൊല്ലം കൊണ്ട് നിലവിലുള്ള റോഡുകളിൽ എത്ര വാഹനങ്ങൾ കൂടുതലായി ഓടുന്നു; വാഹനങ്ങൾ ഇങ്ങനെ കൂടിവരുമ്പോൾ എന്തുതരത്തിലുള്ള റോഡ് സേഫ്റ്റി വന്നാലും ഇന്നത്തെ മോട്ടോർ ബൈക്കിന്റെ സ്പീഡ് നോക്കിയാലും റോഡ് വീതി കൂട്ടാതെ ഒന്നും ചെയ്യാൻ സാധിക്കില്ല. നമ്മൾ വെറുതെ പറഞ്ഞിട്ടെന്താണ് കാര്യം?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പഴയ രണ്ട് ട്രാൻസ്പോർട്ട് മിനിസ്റ്റർമാരാണ് ഈ പ്രശ്നങ്ങൾ ഉന്നയിച്ചത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യം വളരെ പോസിറ്റീവായിട്ട് തന്നെയാണ് എടുത്തത്. അദ്ദേഹത്തിന് എന്തെങ്കിലും തോന്നിയിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. അങ്ങനെയൊരു തെറ്റിദ്ധാരണ ഉണ്ടാകാൻ പാടില്ല.

ശ്രീ. എ. പ്രദീപ്കുമാർ: സർ, റോഡ് സേഫ്റ്റി ഫണ്ട് എന്നുള്ളത് റോഡിന്റെ സേഫ്റ്റിക്കുവേണ്ടി ഉപയോഗിക്കേണ്ടതാണ്. അത് സംസ്ഥാനത്തെ എല്ലാ സ്ഥലത്തും നീതിപൂർവ്വം ഉപയോഗിക്കണം. ഇവിടെ പറഞ്ഞതുപോലെ സാങ്കേതിക വിദ്യ ഉപയോഗിക്കാനും ക്യാമറ വയ്ക്കാനും സൈനേജസ് ഒരുക്കാനും സീബ്രാ ലൈൻ വരയ്ക്കാനും ഉപയോഗിക്കേണ്ടതാണ്. അത് അങ്ങനെ നീതിപൂർവ്വമല്ലാതെ ഉപയോഗിച്ച അനുഭവം ഈ വകുപ്പിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്താകെ വിനിയോഗിക്കേണ്ട ഫണ്ട് എവിടെയെങ്കിലും ചില പ്രദേശത്ത് മാത്രമായി വിനിയോഗിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ആ സമീപനം മാറ്റാൻ ഗവൺമെന്റ് തയ്യാറാകുമോ; അല്ലാതെ വീണ്ടും അങ്ങനെ തുടരുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട എ. പ്രദീപ് കുമാർ ഞാൻ പറഞ്ഞത് ശ്രദ്ധിച്ചിരുന്നെങ്കിൽ ഈ സംശയം ഉണ്ടാകുമായിരുന്നില്ല. നാട്പാക് നിശ്ചയിച്ച 276 ബ്ലാക്ക് സ്പോട്ടുകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പരിഷ്കരണ പരിപാടികളെക്കുറിച്ചാണ് ഇപ്പോൾ സർക്കാർ ആലോചിക്കുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, എന്റെ ചോദ്യം, സംസ്ഥാനത്താകെ നീതിപൂർവ്വമായി ഫണ്ട് വിനിയോഗിക്കുന്ന റോഡ് സേഫ്റ്റി ഫണ്ട് തെറ്റായ നിലയിൽ നിക്ഷിപ്ത താൽപ്പര്യംവച്ച് വിനിയോഗിച്ച ചരിത്രം ഈ വകുപ്പിനുണ്ട്. അത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ എന്നാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അക്കാര്യം പരിശോധിക്കാം.

മി. സ്പീക്കർ: ചർച്ചാവേളയിൽ തന്നെ ധാരാളം പേർ ഇടപെട്ടിട്ടുണ്ട്. ഇനി അങ്ങ് ഉദാരനാകാതിരിക്കുന്നതാണ് നല്ലത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, റോഡ് സേഫ്റ്റിയെ സംബന്ധിച്ച് എനിക്ക് വളരെ എഫക്ടീവായ ഒരു കാര്യം പറയാനുണ്ട്. നമ്മുടെ ഫോർ ലൈൻ ട്രാക്കിൽ ഹെവി വെഹിക്കിൾസ് എപ്പോഴും കീപ്പ് ചെയ്യേണ്ടത് ലെഫ്റ്റ് എക്സ്ട്രീമാണ്. കേരളത്തിലെ ഏത് റോഡ് നോക്കിയാലും ആ ലെഫ്റ്റ് എക്സ്ട്രീം കീപ്പ് ചെയ്യുന്നതിനുപകരം എപ്പോഴും റോഡിന്റെ വലതുവശം ചേർന്നുള്ള സ്പീഡ് ട്രാക്കിലാണ് എല്ലാ ഹെവി വെഹിക്കിൾസും (ഹെവി ഗുഡ്സ്, ക്യാരിയർ വെഹിക്കിൾസ്, കണ്ടെയ്നർ) പോകുന്നത്. അപ്പോൾ ലെഫ്റ്റ് സൈഡിലൂടെയുള്ള ഓവർടേക്കിംഗ് എപ്പോഴും റെഗുലറാകുകയാണ്. അപകടം ഒഴിവാക്കാൻ വേണ്ടി വീതി കൂട്ടിയ റോഡുകളുടെ വലത് എക്സ്ട്രീം അവർ ഉപയോഗിക്കുന്നതുകൊണ്ട് പിന്നീടും അപകടം ഉണ്ടാകുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഇതിന് കൃത്യമായ ഒരു നിർദ്ദേശം നൽകുകയും ഇത് പരിശോധിക്കാനുള്ള ചുമതല ബന്ധപ്പെട്ട ആളുകളെ ഏൽപ്പിക്കുകയും വേണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, എല്ലാ കാര്യങ്ങൾക്കും മറുപടി, വിശദീകരണം എന്നിവ നൽകാൻ എനിക്ക് സന്തോഷമേയുള്ളൂ. പക്ഷെ സമയത്തെക്കുറിച്ച് എല്ലാ മെമ്പർമാരും ശ്രദ്ധിക്കണമെന്ന അങ്ങയുടെ നിർദ്ദേശം ഉള്ളതുകൊണ്ടാണ് ഞാൻ ചുരുക്കിപ്പറയുന്നത്. രണ്ട് കാര്യങ്ങളാണ് ഇവിടെ ചോദിച്ചത്. ഒന്ന്, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ സമയബന്ധിതമായി പൂർത്തിയാക്കണം. ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ ആശങ്ക പ്രകടിപ്പിച്ചതുപോലെ, മറ്റേതെങ്കിലും തരത്തിലുള്ള സ്വാധീനത്തിനോ പ്രലോഭനങ്ങൾക്കോ വഴങ്ങിയല്ല ഇത്തരം പരിഷ്കരണ നടപടികൾ സ്വീകരിക്കേണ്ടതെന്നതാണ് ഈ സർക്കാരിന്റെ നിലപാട്. അദ്ദേഹത്തിന്റെ ശ്രദ്ധയിൽ അങ്ങനെ എന്തെങ്കിലും സംഭവിച്ചതായി ഉണ്ടെങ്കിൽ അത് പരിശോധിക്കുന്നതിന് ഗവൺമെന്റിന് വിരോധമൊന്നുമില്ല. മറ്റൊന്ന്, ഇവിടെ ശ്രീ. ഷാഫി പറമ്പിൽ ചോദിച്ച ഒരു പ്രശ്നമുണ്ട്. ഞാൻ അതിലേയ്ക്ക് വരികയാണ്. ഡ്രൈവർമാരുടെ ഡ്രൈവിംഗ് സംസ്കാരത്തെക്കുറിച്ചുള്ള ഒരു പ്രശ്നമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ആധുനികതയുമായി ബന്ധപ്പെട്ട ഡ്രൈവിംഗ് സംസ്കാരം ഇന്ന് നമ്മുടെ ഡ്രൈവർമാരിൽ 90 ശതമാനത്തിനും ഇല്ലെന്നതാണ് ഒരു നിരീക്ഷണം. ആ സംസ്കാരത്തിലേയ്ക്ക് കൊണ്ടുപോകണമെങ്കിൽ ആധുനിക രീതിയിലുള്ള ഡ്രൈവിംഗ് പരിശീലന കേന്ദ്രങ്ങളാണ് ആവശ്യം. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ച, കേരളത്തിൽ മൂവായിരത്തിലധികം ഡ്രൈവിംഗ് സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. അവയിൽ പലതും അശാസ്ത്രീയമായി പ്രവർത്തിക്കുന്നവയാണ്. അവയെല്ലാം ശാസ്ത്രീയമായി പ്രവർത്തിക്കുന്നതിനാവശ്യമായ നിലപാടുകളാണ് സർക്കാർ സ്വീകരിക്കുക. സർക്കാരിന്റെ തന്നെ മേൽനോട്ടത്തിൽ ആധുനിക സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന ഡ്രൈവിംഗ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനും ലൈസൻസ് കൊടുക്കുന്നതിന് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ 3 എണ്ണം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. അടുത്ത മാസത്തോടുകൂടി 3 എണ്ണം ആരംഭിക്കാൻ കഴിയും. ബാക്കി ജില്ലകളിൽ സ്ഥല ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി ആ പരിപാടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. നല്ല പരിശീലനം ലഭിച്ച സംസ്കാര സമ്പന്നരായ ഡ്രൈവർമാർ ഉണ്ടാകുകയെന്നതാണ് നമ്മുടെ ആവശ്യം. റോഡ് നിയമങ്ങൾ ലംഘിക്കുന്ന കാര്യത്തിൽ അവർക്കെതിരെ കർക്കശ നിലപാടാണ് ഇപ്പോൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഫലപ്രദമായ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. കുറ്റവാളികളെ കണ്ടെത്തുന്നുണ്ട്. അതിനും ശാസ്ത്രീയമായ മാർഗ്ഗമാണ് ഉപയോഗിക്കുന്നത്. പഴയ രീതിയിലുള്ള പ്രാകൃതമായ ശൈലിയിലല്ല ഇപ്പോൾ നിയമ ലംഘനം കണ്ടെത്താൻ ശ്രമിക്കുന്നത്. ആധുനിക സാങ്കേതികവിദ്യ

ഉപയോഗിച്ചുകൊണ്ടുള്ള പരിശോധനകളിലൂടെയാണ് അത് ചെയ്യാൻ ഉദ്ദേശിക്കുന്നത്. അത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടണം. ഇപ്പോൾ നടക്കുന്നത് മതിയെന്ന അർത്ഥത്തിലല്ല, ഇപ്പോൾ നടക്കുന്നതിന്റെ ഇരട്ടി ജാഗ്രതയോടുകൂടി നമ്മുടെ സംസ്ഥാനത്ത് ഇത്തരം പ്രവർത്തനങ്ങൾ നടക്കേണ്ടതായിട്ടുണ്ട്. ആ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാഗത്തുനിന്നുമുള്ള പിന്തുണയുണ്ടെന്ന് കാണുന്നതിൽ സന്തോഷമുണ്ട്. അതുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ദീർഘിപ്പിക്കാതെ ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. രാജൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. രാജൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.......

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി., അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള റോഡ് സുരക്ഷ അതോറിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, " സർക്കാരിന്," എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക.

120. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, " ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയോ" എന്ന വാക്കുകൾ ഒഴിവാക്കുക.

127. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, " താഴെയല്ലാത്ത" എന്ന വാക്കിന് പകരം "കുറയാത്ത" എന്ന വാക്ക് ചേർക്കുക.

128. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, " ഒരു ഉദ്യോഗസ്ഥനെ" എന്ന വാക്കുകൾക്ക് പകരം "ഏതൊരു ഉദ്യോഗസ്ഥനെയും" എന്ന വാക്കുകൾ ചേർക്കുക.

130. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, " നിയമിക്കാവുന്നതാണ്" എന്ന വാക്കിന് പകരം "നിയമിക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

137. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പ് ചുവടെ ചേർത്തിരിക്കും വിധം മാറ്റുക:

" 9. റോഡ് സുരക്ഷാ കമ്മീഷണർ. - അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ഉദ്യോഗസ്ഥനെ, ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി റോഡ് സുരക്ഷാ കമ്മീഷണറായി മുഴുവൻ സമയ ചുമതലയിൽ നിയമിക്കാവുന്നതാണ്."

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, " അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള" എന്ന വാക്കുകൾ ഒഴിവാക്കുക.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, " അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള ഗവൺമെന്റ് സെക്രട്ടറിയുടെയോ" എന്ന വാക്കുകൾ ഒഴിവാക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, " അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള" എന്ന വാക്കുകൾക്കുശേഷം "പ്രിൻസിപ്പൽ സെക്രട്ടറിയുടെയോ" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പ് ചുവടെ ചേർത്തിരിക്കും വിധം മാറ്റുക:

" 9. <u>റോഡ് സുരക്ഷാ കമ്മീഷണർ.</u> - സർക്കാരിന്, ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി, അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള പ്രിൻസിപ്പൽ സെക്രട്ടറിയുടെയോ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെയോ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ റോഡ് സുരക്ഷാ കമ്മീഷണറായി മുഴുവൻ സമയ ചുമതല നൽകി നിയമിക്കാവുന്നതാണ്."

<u>മി. സ്പീക്കർ:</u> 115-ാം നമ്പർ ഭേദഗതി 114-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും 117-ാം നമ്പർ ഭേദഗതി 116-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും 119, 121, 122, 123, 124, 125 എന്നീ നമ്പർ ഭേദഗതികൾ 120-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ശ്രീ. കെ. എൻ. എ. ഖാദറിന്റെ 129-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

129. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, " സുരക്ഷാ കമ്മീഷണറായി" എന്ന വാക്കുകൾക്കു ശേഷം "അന്യത്ര സേവനവ്യവസ്ഥയിൽ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 113, 120, 128, 130, 137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. കെ. എൻ. എ. ഖാദറിന്റെ 105-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

105. തത്വപ്രഖ്യാപനവാക്യത്തിൽ "ആറുപത്തിയൊൻപതാം" എന്ന വാക്കിന് പകരം "അറുപത്തിയൊൻപതാം" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## (2) 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, 2003-ലെ കേരള ധന ഉത്തരവാദിത്ത നിയമത്തിന്റെ ഒരു ഭേദഗതിയാണിത്. അത് 14-ാം ധനകാര്യ കമ്മീഷന്റെ റോഡ് മാപ്പ് അനുസരിച്ച് നമ്മൾ നേരത്തെ ചെയ്യേണ്ടതായിരുന്നു. പുതിയ ധനകാര്യ കമ്മീഷൻ വരുന്നതിന് മുമ്പെങ്കിലും ഔപചാരികമായ ഭേദഗതിയെങ്കിലും വരുത്തിയേ തീരൂ. യഥാർത്ഥത്തിൽ ഇത് ഫിനാൻസ് ബില്ലിന്റെ ഭാഗമായി അവതരിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഗ്യാരണ്ടി ഭേദഗതി ഫിനാൻസ് ആക്ടിന്റെ ഭാഗമായി വന്നു. ദൗർഭാഗ്യവശാൽ ഇത് അതിലുൾപ്പെടുത്തുന്നതിന് നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായി. അതിനോട് സഹകരിക്കാൻ എല്ലാവരും തയ്യാറായതിൽ പ്രത്യേകം നന്ദി പറയുന്നു. ബാക്കിയുള്ള കാര്യങ്ങൾ അഭിപ്രായങ്ങൾ കേട്ടിട്ട് സംസാരിക്കാം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പി. കെ. ശശി: സർ, 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. നമ്മുടെ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട ഘട്ടത്തിലാണ് ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ചത്. ബജറ്റ് അവതരിപ്പിച്ചുകൊണ്ട് കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ ഒരു നഖചിത്രം അദ്ദേഹം അവതരിപ്പിക്കുകയുണ്ടായി. എല്ലാ കാലത്തും കേന്ദ്ര ധനക്കമ്മീഷൻ സംസ്ഥാനത്തോട് അങ്ങേയറ്റം പക്ഷപാതപരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കോൺഗ്രസ്സ് അധികാരത്തിലാണെങ്കിലും, എൻ.ഡി.എ. അധികാരത്തിലാണെങ്കിലും കേന്ദ്ര ധനക്കമ്മീഷന്റെ നിലപാട് നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് എല്ലാ കാലത്തും വിരുദ്ധമാണ്. അതിനു പുറമെയാണ് അടുത്ത കാലത്ത് വന്നിട്ടുള്ള ഡീമോണിറ്റൈസേഷന്റെ പ്രശ്നങ്ങൾ. നോട്ട് നിരോധനത്തിന്റെ പ്രശ്നങ്ങൾ നമ്മുടെ ധനവിനിയോഗത്തെ വല്ലാതെ ബാധിച്ചു. ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയാകെ ദുർബലപ്പെടുന്ന

അവസ്ഥയിലേയ്ക്കെത്തി. ചെക്ക്പോസ്റ്റുകൾ ഇല്ലാതായപ്പോൾ കള്ളക്കടത്ത് വർദ്ധിച്ചു. ജി.എസ്.ടി.-യുടെ ഏറ്റവും പ്രധാന കുഴപ്പം അത് നമ്മുടെ നാടിന്റെ ഫെഡറലിസത്തെ ഏറ്റവും പ്രതികൂലമായി ബാധിച്ചു എന്നതാണ്. 1956-ലാണ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടത്. അങ്ങനെ സംസ്ഥാനം രൂപീകരിക്കപ്പെടുന്ന സന്ദർഭത്തിലുണ്ടായിരുന്ന ഒരു കൺസെപ്റ്റ് അതാത് സംസ്ഥാനങ്ങൾ നികുതി സമാഹരിച്ച് ആ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളും ജനക്ഷേമ പ്രവർത്തനങ്ങളും നടത്താനാവശ്യമായ സാമ്പത്തിക സുസ്ഥിരത, ഫൈനാൻഷ്യൽ കപ്പാസിറ്റി ഉറപ്പുവരുത്തണം എന്നതായിരുന്നു. അതെല്ലാം പൊളിക്കുന്ന സമീപനമാണ് ജി.എസ്.ടി. വന്നപ്പോൾ നാടിനുണ്ടായത്. ഇത് ഫെഡറലിസത്തെ മാത്രം ബാധിക്കുന്ന വിഷയമല്ല, കേന്ദ്രം ഒരു സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ അധികാരങ്ങളും കവർന്നെടുക്കുകയാണ് ചെയ്തത്. ഇതിനെതിരെ എല്ലാവരും ഒരുമിച്ച് നിൽക്കേണ്ടതുണ്ട്. ഇത്തരമൊരു പ്രതികൂല സാഹചര്യത്തിൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രയാസത്തെ മറികടക്കാൻ അടിയന്തരമായി നിർവ്വഹിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ധന പ്രതിസന്ധിക്ക് വഴിവയ്ക്കുന്നത് റവന്യൂകമ്മിയാണ്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ കേരളത്തിന്റെ സാമ്പത്തിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്ന ബിൽ എന്ന നിലയിലാണ് ഈ നിയമനിർമ്മാണത്തെ കാണേണ്ടത്. നമ്മുടെ സംസ്ഥാനം സാമ്പത്തിക അരാജകത്വത്തിലേയ്ക്ക് വഴുതിപ്പോകാതിരിക്കാൻ, സാമ്പത്തിക അച്ചടക്കം പൂർണ്ണമായും പാലിക്കാൻ, വികസന പ്രക്രിയയ്ക്ക് പുതിയൊരു മാനവും കാഴ്ചപ്പാടും നൽകാൻ ഉതകുന്ന ഒരു ബില്ലാണിത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ധനക്കമ്മി കുറയ്ക്കാനാവശ്യമായ നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല, കമ്മി വർദ്ധിക്കുകയാണ് ചെയ്തത്. അങ്ങനെയാണ് നമ്മുടെ സംസ്ഥാനം സാമ്പത്തിക അരാജകത്വത്തിന്റെ വഴിയിലേയ്ക്ക് പോയത്. ഇത് റെക്ടിഫൈ ചെയ്യാൻ ആവശ്യമായ ഭേദഗതിയാണ് ഈ നിയമത്തിലൂടെ കൊണ്ടുവരുന്നത്. അതുകൊണ്ടാണ് ഈ ബില്ലിനെ ഞങ്ങൾ ശക്തമായി പിന്തുണയ്ക്കുന്നത്. ഞാൻ ഒരു കാര്യം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ചെറുകിട കച്ചവടക്കാരുടെ പ്രശ്നം വളരെ ഗൗരവമായി കാണണം. കച്ചവടക്കാർ എല്ലാ മാസവും റിട്ടേൺ കൊടുക്കാറുണ്ട്. അതിന് പുറമേ ആനുവൽ റിട്ടേണും കൊടുക്കാറുണ്ട്. ഇപ്പോൾ കഴിഞ്ഞ 6 വർഷം മുമ്പത്തെ, 2011-12 കാലത്തെ റിട്ടേൺ, കണക്ക് സമർപ്പിക്കണമെന്ന് ബന്ധപ്പെട്ട ആളുകൾ നിർദ്ദേശിച്ചിരിക്കുകയാണ്. 6 കൊല്ലം മുമ്പത്തെ കണക്ക് ഹാജരാക്കാൻ 6 ദിവസത്തെ സമയമാണ് നൽകിയിരിക്കുന്നത്.

ഷൊർണ്ണൂർ മണ്ഡലത്തിൽ മാത്രം നൂറിൽപ്പരം കച്ചവടക്കാർക്ക് കിട്ടിയ നോട്ടീസിന്റെ പകർപ്പ് എന്റെ കയ്യിലുണ്ട്. 6 കൊല്ലം മുമ്പത്തെ ഉദ്യോഗസ്ഥർ നോക്കി ശരിയാക്കേണ്ട കണക്കിന്റെ മുഴുവൻ ബാധ്യതയും ചെറുകിട കച്ചവടക്കാരുടെ തലയിൽ അടിച്ചേൽപ്പിക്കരുത്. ലക്ഷക്കണക്കിന് രൂപയാണ് കച്ചവടക്കാരുടെ മേൽ ഇംപോസ് ചെയ്യാൻ ഉദ്യോഗസ്ഥർ തയ്യാറായത്. ഈ കാര്യത്തിൽ നീതിപൂർവ്വമായ ഒരു നിലപാട് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. നമ്മുടെ നാടിന്റെ പൊതുവായ വികസനത്തിന്റെ കാര്യത്തിൽ എല്ലാവരും യോജിച്ച് നിൽക്കണം. നാടിന്റെ താൽപ്പര്യമാണ് വലുത്. അത്തരമൊരു നിലപാട് സ്വീകരിക്കുന്നതിനു പകരം യാതൊരു അടിസ്ഥാനവുമില്ലാതെ അന്ധമായ കമ്മ്യൂണിസ്റ്റ് തിമിരം ബാധിച്ച ആളുകൾ, എല്ലാ കാര്യത്തിലും ഗവൺമെന്റിനെ വല്ലാതെ ആക്രമിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ ആക്രമിക്കുകയാണ്. അപ്പുറത്തിരിക്കുന്ന ആളുകൾക്ക് നല്ല ചൊരുക്കുണ്ടെന്ന് ഞങ്ങൾക്കറിയാം. കാരണം കഴിഞ്ഞ 5 വർഷക്കാലം യു.ഡി.എഫ്. ഭരിച്ച കാലത്ത് നമ്മുടെ സംസ്ഥാനത്ത് നടന്ന ഒരു കൃഷിയും, ഒരു വ്യവസായവും ഈ കഴിഞ്ഞ 2 വർഷക്കാലമായി കേരളത്തിൽ നടന്നില്ല എന്നുള്ളത് അവരെ വല്ലാതെ ബാധിക്കുന്നുണ്ട്. ആ കാലത്തുള്ള കൃഷിയും, വ്യവസായവുമൊന്നും ഞാൻ വിശദീകരിക്കാൻ ശ്രമിക്കുന്നില്ല. വ്യവസായം അവരുടെ കാലത്ത് വല്ലാതെ ശക്തിപ്പെട്ടപ്പോൾ, കേരളം വല്ലാതെ ക്ഷീണിച്ചുപോയി എന്നുള്ളതാണ് യാഥാർത്ഥ്യം. ആ കാര്യങ്ങളൊന്നും ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. കേരളീയ സമൂഹത്തെ ദുർഗന്ധ പൂരിതമാക്കിയ, കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തെ അങ്ങേയറ്റം മലീമസമാക്കിയ നാളുകളാണ് പിന്നിട്ട 5 കൊല്ലക്കാലം. ആ അന്തരീക്ഷം പരിപൂർണ്ണമായും മാറിയിരിക്കുന്നു, ഒരു പുതിയ കേരളത്തെ സൃഷ്ടിക്കാനുള്ള ബാധ്യത, ചുമതലയാണ് കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ കൈകളിൽ ഏൽപ്പിച്ചത്. അന്ന് നടന്ന കാര്യങ്ങളെപ്പറ്റിയും അഴിമതികളെക്കുറിച്ചും ഞാൻ പറയുന്നില്ല. ഒറ്റക്കാര്യം പറയാം, 14 മന്ത്രിമാർക്കെതിരായി 26 വിജിലൻസ് അന്വേഷണം നടന്നു കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, രണ്ടു കൊല്ലക്കാലത്തിനിടയിൽ ഏതെങ്കിലും ഒരു മന്ത്രിക്കെതിരായി അഴിമതി ആരോപണം ഉന്നയിക്കാൻ നിങ്ങൾക്ക് സാധിച്ചോ? യു.ഡി.എഫ്.ന്റെ അംഗങ്ങളോട് ഞാൻ ചോദിക്കുകയാണ്. ഞാൻ ഉറപ്പിച്ച് പറയുന്നു, മഞ്ഞ് മൂടിക്കിടക്കുന്ന ഹിമാലയ പർവ്വതത്തിൽ നാളെ തീ കണ്ടുപിടിച്ചാലും ശരി, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മന്ത്രിമാരിൽ ഏതെങ്കിലും ഒരാളെക്കുറിച്ച് അഴിമതിയുടെ പാടുപോലും ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് ആയുസ്സുള്ള

കാലത്തോളം കഴിയില്ല. അത്രയും സുതാര്യമായിട്ടാണ് ഈ ഗവൺമെന്റ് കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

ഇവിടെ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹം വളരെ ബഹുമാന്യനാണ്, ഏറെക്കാലത്തെ പരിചയമുള്ള പാർലമെന്റേറിയനാണ്. അദ്ദേഹം പോലീസ് നടത്തിയ ക്രൂരതകളെക്കുറിച്ച് ഒരുപാട് സമയം സംസാരിച്ചു. അത് കേട്ടപ്പോൾ എനിക്ക് ചിരിക്കാനാണ് തോന്നിയത്. പോലീസ് അതിക്രമത്തെക്കുറിച്ച് കോൺഗ്രസ് സംസാരിക്കുന്നത് പത്ത് പെറ്റ അമ്മയോട് പ്രസവ വേദനയെക്കുറിച്ച് പറയുന്നതുപോലെ വല്ലാത്ത വിരോധാഭാസമാണിത്. ഞങ്ങളെല്ലാം എന്തൊക്കെ സഹിച്ചതാണ്, എന്തൊക്ക ആക്രമണം സഹിച്ചതാണ്. ഞങ്ങൾ സഹിച്ചതുപോലെയുള്ള പോലീസിന്റെ അതിക്രമം, പീഡനം ഈ നാട്ടിൽ ആരെങ്കിലും സഹിച്ചിട്ടുണ്ടാകുമോ; ഈ ചർച്ചയിൽ പങ്കെടുക്കുന്ന ഞാൻ ഒരു അക്രമകാരിയാകുകയില്ലെന്ന് അങ്ങേയ്ക്ക് അറിഞ്ഞുകൂടെ; എന്നെപ്പോലും അതിക്രൂരമായി മുത്തങ്ങ സമരത്തിന്റെ പേരിൽ, വയനാട്ടിലെ ആദിവാസികളുടെ ജന്മാവകാശത്തെ നിഷേധിക്കാൻ ശ്രമിച്ച അധികാരി വർഗ്ഗത്തിനെതിരായി പ്രതിഷേധമുയർത്തിയ പ്രശ്നത്തിന്റെ പേരിൽ, ജോഗിയെന്നു പറയുന്ന ആദിവാസി യുവാവിനെ വെടിവച്ചുകൊന്ന പ്രശ്നവുമായി ബന്ധപ്പെട്ട് രാജ്യത്താകെ പ്രക്ഷോഭമുയർന്നു. ആ പ്രക്ഷോഭത്തിന്റെ ഭാഗമായി ഞങ്ങൾ കേരളത്തിലെ കളക്ടറേറ്റുകൾ പിക്കറ്റ് ചെയ്തു. ആ പിക്കറ്റിംഗ് സമരത്തിൽ പങ്കെടുത്തപ്പോൾ ആണിതറച്ച ലാത്തികൊണ്ടാണ് ഞാനുൾപ്പെടെയുള്ള ആളുകളെ പോലീസ് നേരിട്ടത്. എന്റെ തലയ്ക്ക് 16 സ്റ്റിച്ചായിരുന്നു, അടി കൊണ്ട് വലത് കയ്യിലെ എല്ലുപൊട്ടി. ഇങ്ങനെ എത്രയെത്ര അനുഭവങ്ങൾ ആളുകൾക്ക് പറയാനുണ്ടായിരിക്കും, അക്രമത്തിൽ പരിക്കുപറ്റിയ ആളുകൾ ഇവിടെയിരിക്കുന്നു. കണ്ണ് കാണാത്ത കുട്ടികളെ പോലീസിനെക്കൊണ്ട് തല്ലിപ്പിച്ചിട്ട് അവരോട് തല്ലിയ പോലീസിനെ കണ്ടാൽ അറിയുമോ എന്ന് ചോദിച്ച ആളുകളാണ് നിങ്ങൾ. എന്നിട്ട് നിങ്ങളാണ് ഇവിടെ വന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിന്റെ കാലത്തുള്ള പോലീസിന്റെ നരനായാട്ട് സംബന്ധിച്ച് വിശദീകരിക്കുന്നത്. ഇവിടെ ശ്രീ. കെ. എൻ. എ. ഖാദർ സാഹിബിനെ കാണാനില്ല. അദ്ദേഹം നല്ല വിവരമുള്ള ആളാണ്. 'Dialectical materialism, Materialistic interpretation of History, Nagation of the Nagation, ലെനിന്റെ What Is To Be Done' ഇതെല്ലാം ക്വാട്ട് ചെയ്യുന്ന മഹാനാണ്. അദ്ദേഹത്തിനോട് ഒരപേക്ഷയുണ്ട്. അദ്ദേഹത്തിന്റെ കൂടെയുള്ള ആളുകളെക്കൂടി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിപ്പിക്കണം. ഇവിടെ മഹാനായ സി. എച്ച്. മുഹമ്മദ് കോയയുടെ അനുയായികൾ എത്രത്തോളം തരംതാഴ്ന്നാണ് പ്രവർത്തിക്കുന്നത്. ഇന്നലെ ശ്രീ. ഉബൈദുള്ള പ്രസംഗിച്ചു, കടുത്ത വർഗ്ഗീയ പ്രസംഗം അല്ലേ, ഫറൂക്ക് കോളേജിലെ അദ്ധ്യാപകൻ ജവഹർ മുനവർ,

അദ്ദേഹത്തിന്റെ പേരിൽ കേസ്സെടുത്തത് മുസ്ലീങ്ങൾക്കെതിരായ നീക്കമായി വ്യാഖ്യാനിച്ചില്ലേ. എന്താണ് സംഭവം, പെൺകുട്ടികളെ അപമാനിച്ചതിന്റെ പേരിൽ.....

ശ്രീ. പി. ഉബൈദുള്ള: സർ, .....പോയിന്റ് ഓഫ് ഓർഡർ...... ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സംസാരിച്ചപ്പോൾ, എന്റെ മിനിഞ്ഞാന്നത്തെ പ്രസംഗത്തിൽ ഡോ. ജവഹറിന് എതിരായിട്ടെടുത്ത കേസ് മുസ്ലീം വിരുദ്ധമാണെന്ന പരാമർശം നടത്തിയെന്ന് പറഞ്ഞു; അങ്ങനെ ഞാൻ നടത്തിയിട്ടുണ്ടെങ്കിൽ അത് തെളിയിക്കണം. അങ്ങനെയൊരു പരാമർശം എന്റെ പ്രസംഗത്തിൽ ഇല്ല, രേഖകൾ പരിശോധിച്ചാൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് മനസ്സിലാകും.

ശ്രീ. പി. കെ. ശശി: സർ, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ന്യൂനപക്ഷ വിരുദ്ധമെന്നാണ് പറഞ്ഞത്. ബത്തക്കാ പ്രസംഗം നടത്തിയ ആളാണ് ഇദ്ദേഹം. അയാളുടെ പേരിൽ കേസ്സെടുക്കാൻ പാടില്ലെന്നാണ് പറയുന്നത്. ആരുടെ താൽപ്പര്യമാണ് സംരക്ഷിക്കുന്നത്; ഞാൻ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ കുറെ ആൾക്കാർ പറഞ്ഞതാണ്. എത്ര ആളുകളെയാണ് കൊലപ്പെടുത്തിയത്, ഇവിടെ എന്റെ മാന്യസ്നേഹിതൻ ശ്രീ. എൻ. ഷംസുദ്ദീന്റെ ഇന്നലത്തെ പ്രസംഗം, ഞാൻ ഉണ്ടായിരുന്നില്ല. എന്റെ സഹപ്രവർത്തകർ കാര്യങ്ങൾ പറഞ്ഞു, മണ്ണാർക്കാട് നടന്ന ക്രൂരമായ കൊലപാതകം, ഒരു കുടുംബത്തിലെ രണ്ടുപേരെ കൊലപ്പെടുത്തി, പള്ളത്ത് ഹാജിയുടെ മക്കളായിട്ടുള്ള ഹംസയേയും, നൂറുദ്ദീനേയും വെട്ടിനുറുക്കി കൊന്നു. രണ്ട് മക്കളെ നഷ്ടപ്പെട്ട ആ ഉമ്മയുടെ ഇടനെഞ്ച് പൊട്ടിക്കരയുന്ന വേദന മനസ്സിലാക്കാൻ എന്തേ, മുസ്ലീമിന്റെ പേര് പറയുന്ന ഈ മുസ്ലീം ലീഗിന്റെ നേതാക്കൾക്ക് കഴിയാതെ പോയത്. പാവപ്പെട്ട അബ്ദുൽ ഗഫൂറിനെ കൊലപ്പെടുത്തി. ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞല്ലോ മുസ്ലീം ലീഗിന് ആ കേസ്സുമായി ബന്ധമില്ലെന്ന്. ഞാൻ ആണയിട്ട് പറയുന്നു. നിങ്ങൾ നിഷേധിക്കാൻ തയ്യാറാകുമോ? ആ കുടുംബത്തിലെ രണ്ടുപേരെ കൊലപ്പെടുത്തിയതിൽ ഒന്നാമത്തെ പ്രതി മുസ്ലീം ലീഗിന്റെ നേതാവും അന്ന് കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വൈസ് പ്രസിഡന്റുമായിരുന്ന സിദ്ധിഖാണ്, നിഷേധിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? മൂന്നാമത്തെ പ്രതി, യൂത്ത് ലീഗിന്റെ പഞ്ചായത്ത് കമ്മിറ്റിയുടെ വൈസ് പ്രസിഡന്റായിട്ടുള്ള നൗഷാദാണ്. നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ? കേസ്സിലെ 25 പ്രതികളിൽ 25 പേരും മുസ്ലീം ലീഗിന്റെ ആളുകളാണ്. എന്നിട്ട് ഇവർ മത ന്യൂനപക്ഷ സ്നേഹം പറയുകയാണ്. ഈ കേരളത്തിലെ മതന്യൂനപക്ഷം തണലത്ത് നിൽക്കുന്നത് ഒരു സുൽത്താന്റേയും തലേക്കെട്ടിന്റെ പവർ കൊണ്ടല്ല, അത് മനസ്സിലാക്കണം. ഒരു ശക്തമായ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സാന്നിദ്ധ്യം, ഈ കേരളത്തിന്റെ

മണ്ണിൽ ഉണ്ടെന്നുള്ളതുകൊണ്ടാണ്. നിരവധി മുസ്ലീം സഹോദരൻമാരുടെ ചോരയിൽ കൈമുക്കിക്കൊണ്ടാണ് ന്യൂനപക്ഷങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ ഇവർ വാതോരാതെ പ്രസംഗിക്കുന്നതെന്ന യാഥാർത്ഥ്യം കേരളത്തിലെ മുസ്ലീം സമൂഹം മനസ്സിലാക്കിയിട്ടുണ്ടെന്ന കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ വന്നിട്ടുള്ള ബിൽ ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലാണ്. ഇത് മറന്നുപോയ ഉത്തരവാദിത്വമായതു കൊണ്ടാണ് നടപടികൾക്കിടയിൽ തിരുകിക്കയറ്റേണ്ടി വന്നത്. മാർച്ച് 31-ന് മുമ്പ് ഇത് പാസ്സാക്കണമെന്നുള്ള കാര്യം ഗവൺമെന്റ് മറന്നുപോയി. ക്വാറം തികയാതെ കാബിനറ്റ് പോലും ചേരാൻ കഴിയാത്ത ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇതും ഇതിലപ്പുറവും നമുക്ക് കാണാൻ കഴിയും. അതുകൊണ്ടാണ് ഇപ്പോൾ തട്ടിക്കൂട്ടി ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കേണ്ടി വന്നത്. ഈ ബിൽ വെറും അധര വ്യായാമവും പ്രഹസനവുമാണ്. നാം മനസ്സിലാക്കേണ്ടത്, കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം മൂന്ന് കൊല്ലം കൂടുമ്പോൾ ഇങ്ങനെയൊരു ബിൽ പാസ്സാക്കണം. ഇതിന്റെ സെക്ഷൻ (4)-ൽ ഭേദഗതി വരുത്തണം, എന്നിട്ട് പറയും അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഫിസ്കൽ ഡെഫിസിറ്റും റവന്യൂ ഡെഫിസിറ്റും കുറച്ചുകൊണ്ടുവന്ന് 'നിൽ' ആകുമെന്ന് 2003-ൽ തുടങ്ങിയതാണ് ഈ ഏർപ്പാട്. അപ്രകാരം ഡെഫിസിറ്റാകുമോ, ഒരിക്കലുമാകില്ല. അറിഞ്ഞുകൊണ്ട് നമ്മൾ ഇത് ആവർത്തിക്കുകയാണ്. ബില്ലിന്റെ ഭേദഗതി ശ്രദ്ധിച്ചാൽ മനസ്സിലാകും. 2003- ലാണ് ബിൽ ആദ്യമായി വന്നത്. അതിൽ പറയുന്നത്, "In particular and without prejudice to the generality of the foregoing provision of the Government shall reduced deficit to nil, within a period of four year commencing from 1st April 2003 and ending 31st March 2007." 2003 മുതൽ 2007-നുള്ളിൽ ഈ ഡെഫിസിറ്റ് Nil ആക്കും എന്നൊരു അഷ്വറൻസ് ഈ ബില്ലിലൂടെ അന്ന് കൊടുത്തു. ഇന്നിപ്പോൾ അതേ സംഗതി "Maintain the revenue deficit to zero during the period from 2017-2018 to 2020." അതിനുശേഷം പലതവണ നമ്മൾ ഈ ബിൽ ഭേദഗതി ചെയ്തിട്ട് നമുക്ക് ചെയ്യാൻ കഴിയാത്ത കാര്യം ഇപ്പോൾ ചെയ്യും എന്നാണ് പറയുന്നത്. ഞാൻ ഇതിന്റെ നിരർത്ഥകതയെക്കുറിച്ച് കൂടുതൽ പറയുന്നില്ല. ഈ നിയമനിർമ്മാണത്തിന്റെ പശ്ചാത്തലം പാർലമെന്റ് 2003-ൽ പാസ്സാക്കിയ ഒരു നിയമത്തെ തുടർന്നാണ്. കാരണം ഒരു ബജറ്റ് വന്നാൽ അത് പരിപാലിക്കുന്ന, അനാവശ്യമായി കടം വാങ്ങുന്നത് ഒഴിവാക്കുന്ന, വരവും ചെലവും തുല്യമാക്കുന്ന, വലിയ കമ്മിയില്ലാതെ ധനകാര്യം പരിപാലിക്കുന്ന, ഇവ ഉറപ്പുവരുത്തുകയാണ് ഇതിന്റെ ഉദ്ദേശ്യം.

Fiscal Responsibility and Budget Management Act അതിനെക്കുറിച്ച് പറയുന്നത് ഇങ്ങിനെയാണ്. ഈ ആക്ട് പാർലമെന്റിൽ പാസ്സാക്കിയപ്പോൾ പറയുന്നത്, 'Though the act aims to achieve deficit reduction Prima Facie" ഡെഫിസിറ്റ് റെഡ്യൂസ് ചെയ്യലാണ്. "An important objective is to achieve inter generational equity in fiscal management" ഫിസ്കൽ മാനേജ്മെന്റിൽ ജനറേഷണൽ ഇക്വിറ്റി വേണം. "This is because where there are high borrowing today. It should be repaid by the future generation" ഇന്ന് നമ്മൾ കടം വാങ്ങും, എന്നിട്ട് അടുത്ത ജനറേഷനെക്കൊണ്ട് അത് വീട്ടിക്കും. "But the benefit from high expenditure and debt today goes to the present generation" അതായത് അന്നത്തെ പൈസയെടുത്തിട്ട് ഇന്ന് നമ്മൾ ചെലവാക്കുകയാണ്. "Achieving FRBM target thus ensures inter generation equity" ഈ നീതി നടപ്പാക്കാൻ വേണ്ടിയാണ് കേന്ദ്രത്തോടും കേരളത്തോടും ഇങ്ങനെയൊരു നിയമം നടപ്പാക്കാൻ പറഞ്ഞത്. അതായത് നമുക്ക് ഇപ്പോൾ എടുക്കാവുന്ന പൈസയെടുത്ത് മാത്രമേ ചെലവാക്കാൻ പാടുള്ളൂ. ഭാവി തലമുറയുടെ പണമെടുത്ത് ഇപ്പോൾ ചെലവാക്കരുത് എന്നതാണ് FRBM Act-ന്റെ ഉദ്ദേശ്യം. പക്ഷേ അത് പലപ്പോഴും നടക്കാറില്ല. ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇത് കേവലം അധര വ്യായാമമായി മാറുന്ന സംഗതിയാണെന്ന്. സാധാരണ രീതിയിൽ ഭാവി തലമുറയ്ക്ക് അർഹതപ്പെട്ടത് ഇപ്പോൾ ഉപയോഗിക്കരുത്, അവർക്കായി മാറ്റി വയ്ക്കണമെന്നതാണ് FRBM Act-ന്റെ ഉദ്ദേശ്യം. കേരളത്തിൽ ഇത് തീർത്തും പ്രഹസനമാണ്. നമ്മൾ ഇപ്പോൾ കിഫ്ബി ബജറ്റിലാണ്. കിഫ്ബിയിലൂടെ നമ്മൾ സമാഹരിച്ച വായ്പ, മറ്റുള്ളവരിൽ നിന്നും കടമെടുത്തത് 4062.76 കോടി രൂപയാണ്. ഇതിൽ 331 കോടി രൂപ ചെലവഴിച്ചു. ബാക്കി നമ്മുടെ ഫണ്ടിലിരിക്കുകയാണ്. 20,000 കോടി ഇതിലൂടെ സമാഹരിക്കുമെന്നാണ് പറയുന്നത്. അത് സമാഹരിച്ചിട്ടോ? ഭാവിയിൽ കിട്ടുന്ന റവന്യൂ വരുമാനത്തിൽ നിന്ന് ആ പണം നമ്മൾ വിനിയോഗിക്കുകയും ചെയ്യും. അങ്ങനെയൊരു നടപടി നല്ലതല്ല, അത് ചെയ്യരുതെന്നും, അത് ചെയ്യില്ല എന്ന് ഗവൺമെന്റ് ജനങ്ങൾക്ക് ഉറപ്പുകൊടുക്കാനാണ് FRBM Act പാസ്സാക്കുന്നത്. പക്ഷേ ഇവിടെ കിഫ്ബിയാണ്. കിഫ്ബി സത്യത്തിൽ ഈ ആക്ടിന് കടകവിരുദ്ധമാണ്. അപ്പോൾ കടകവിരുദ്ധമായ ഈ ആക്ടുമായി മുന്നോട്ടുപോകുന്നത് പരസ്പര വിരുദ്ധമാണെന്ന് സൂചിപ്പിക്കുകയാണ്.

ഇവിടെ നികുതി വരുമാനം കുറഞ്ഞതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇന്നലെ പറഞ്ഞു, 10 ശതമാനത്തിൽ താഴെ നികുതി വളർച്ചയുണ്ടായ ഒരു സന്ദർഭമാണിത്. അതുകൊണ്ടുതന്നെ കേരളം ഇപ്പോൾ

കടക്കെണിയിലാണ്. ഇത് മിസ്മാനേജ്മെന്റ് കൊണ്ടുണ്ടായതാണ്. അതുകൊണ്ട് ഈ ആക്ട് പാസ്സാക്കുന്നതും കിഫ്ബി ബജറ്റ് സാമ്പത്തിക നയമായി പോകുന്നതും പരസ്പര വിരുദ്ധമാണ്.

അതുപോലെ ഞാൻ ഇന്നലെ പ്രസംഗിച്ചപ്പോൾ പറഞ്ഞത് മണ്ണാർക്കാട് രണ്ടാളുകൾ കൊല്ലപ്പെടാനിടയായ സാഹചര്യം ലീഗ്-മാർക്സിസ്റ്റ് സംഘർഷത്തിന്റെ ഭാഗമായിരുന്നില്ല എന്നാണ്. മാർക്സിസ്റ്റ് ഓഫീസ് ആരും ആക്രമിച്ചിട്ടില്ല, തിരിച്ച് ലീഗ് ഓഫീസും ആരും ആക്രമിച്ചിട്ടില്ല. എന്റെ സ്നേഹിതൻ ശ്രീ. പി. കെ. ശശി അവർകൾക്കറിയാം. മുമ്പൊരാൾ കൊല്ലപ്പെട്ടിരുന്നു, അന്ന് ആ കൊലക്കേസിൽ, ഇപ്പോൾ കൊല്ലപ്പെട്ടയാളുകൾ പ്രതികളാണ്, ഇപ്പോൾ കൊല്ലപ്പെട്ട രണ്ടാളുകളെ കൊല ചെയ്തതിൽ അന്ന് കൊല്ലപ്പെട്ടയാളുടെ മകനും പേരമക്കളും പ്രതികളാണ്. അതാണ് ഞാൻ പറഞ്ഞത് കുടുംബപരമായി, വർഷങ്ങളായി നിലനിൽക്കുന്ന കുടിപ്പകയാണ്. അതിൽ പ്രതികളായവരിൽ ലീഗ് പ്രവർത്തകരുണ്ടെന്ന് ഞാൻ ഇന്നലെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുമാത്രം അത് രാഷ്ട്രീയ കൊലപാതകമാകില്ല. അതിനുള്ള കാരണങ്ങൾ വേറെയാണ്. പള്ളിയിൽ തർക്കമുണ്ടായി. അപ്പോൾ ഒരു രാഷ്ട്രീയ കാരണത്തിന്റെ പേരിൽ സി.പി.ഐ.(എം)-ഉം ലീഗും തമ്മിൽ ഒരു സംഘർഷവുമുണ്ടായിട്ടില്ല. ഞാൻ ഇന്നലെ പറഞ്ഞിടത്തുതന്നെ നിൽക്കുന്നു. ഞങ്ങൾ രാഷ്ട്രീയ അക്രമങ്ങൾക്ക് എതിരാണ്, ഞങ്ങൾ എവിടെയും ആ വിധത്തിലുള്ള സംഘർഷങ്ങൾ ഉണ്ടാക്കിയിട്ടില്ല. ഞങ്ങൾ സമാധാനത്തിന്റെ പക്ഷത്ത് നിൽക്കുന്ന പാർട്ടിയാണ്. ഇവിടെ പറഞ്ഞ 44 കൊലപാതകങ്ങളും വിലയിരുത്തിയാൽ കുടുംബ വഴക്കുകളോ മറ്റു പല തർക്കങ്ങളോ ആണെന്ന് കാണാൻ കഴിയും. ഒരിക്കലും സി.പി.ഐ.(എം)-നെപ്പോലെ ലീഗിനെയാക്കാമെന്ന് നിങ്ങൾ ധരിക്കണ്ട. നമ്മൾ രണ്ടും രണ്ട് പാർട്ടി തന്നെയാണ്, രണ്ട് സംസ്കാരമുള്ള പാർട്ടി. ആ കാര്യത്തിലൊരു തർക്കവുമില്ല എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിലുള്ള വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തുന്നു.

3.00 PM]

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. സാമ്പത്തിക പ്രതിസന്ധിയിലും കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കുക എന്ന സമീപനത്തോടുകൂടി വളരെ ഉത്തരവാദിത്വത്തോടെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചതുപോലെ ഉത്തരവാദിത്വം ഇല്ലാത്തതുകൊണ്ടല്ല ഈ ബിൽ അവതരിപ്പിക്കുന്നത്. തികഞ്ഞ

ഉത്തരവാദിത്വത്തോടെയാണ് ഈ ഭേദഗതി ബിൽ ഇവിടെ അവതരിപ്പിച്ച് പാസ്സാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നത്. അക്കാര്യത്തിൽ ശ്രീ. എൻ. ഷംസുദ്ദീന് യാതൊരുവിധ ആശങ്കയും വേണ്ട. മിസ്മാനേജ്മെന്റ് ആരാണ് നടത്തിയതെന്നും കേരളത്തെ സാമ്പത്തികമായി പ്രതിസന്ധിയിലാക്കിയത് കഴിഞ്ഞ അഞ്ചുവർഷം കേരളം ഭരിച്ച യു.ഡി.എഫ്. ഗവൺമെന്റാണെന്നും ഞാൻ പറയാതെതന്നെ അദ്ദേഹത്തിന് നന്നായിട്ടറിയാം. അതുകൊണ്ട് ശ്രീ. എൻ. ഷംസുദ്ദീൻ, കോൺഗ്രസ്സിനോട് ഇത് തുറന്നുപറയാനുള്ള സമീപനം സ്വീകരിച്ചതിൽ വളരെ സന്തോഷമുണ്ട്. കാരണം മിസ്മാനേജ്മെന്റ് ആരാണ് നടത്തിയതെന്ന് കേരളത്തിലെ ജനങ്ങൾക്ക് നന്നായിട്ടറിയാം. കഴിഞ്ഞ ബി.ജെ.പി. സർക്കാർ കൊണ്ടുവന്നിട്ടുള്ള നയം, ജി.എസ്.ടി. നയം എന്നിവ മൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് നമുക്കെല്ലാവർക്കും നന്നായിട്ടറിയാം. കേരളത്തെ നന്നായി അത് ബാധിച്ചു. ആ സാമ്പത്തിക പ്രതിസന്ധിയെ എങ്ങനെ തരണം ചെയ്യാമെന്ന് വളരെ ഗൗരവമായി ആലോചിച്ച് പോകുന്ന ഒരു ഗവൺമെന്റാണിത്. വാറ്റിൽ നിന്ന് ജി.എസ്.ടി.യിലേയ്ക്ക് മാറിയപ്പോൾ സ്വാഭാവികമായും നമുക്ക് ലഭിക്കേണ്ട നികുതി ഇല്ലാതെയായി. നികുതിയില്ലാത്തതും നികുതി കൊടുക്കേണ്ടതുമായ ഉൽപ്പന്നങ്ങളുണ്ട്. കോഴിക്ക് ഇപ്പോൾ നികുതിയില്ലെങ്കിലും കോഴിയുടെ വില കുറയുന്നില്ല. ഇതുപോലെ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ ഓൺലൈൻ വ്യാപാരം ധാരാളമായി നടക്കുകയും ലഭിക്കേണ്ട വരുമാനം ലഭിക്കാതിരിക്കുന്ന എന്നതും മനസ്സിലാക്കേണ്ട കാര്യമാണ്. ഇതിനെല്ലാം കാരണം എൽ.ഡി.എഫ്. ഗവൺമെന്റല്ല. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ബി.ജെ.പി. സർക്കാരിന്റെ തെറ്റായ നയത്തിന്റെ ഫലമായിട്ടാണ് ഇതെല്ലാമുണ്ടായത്. അതുകൊണ്ട് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് സൂചിപ്പിക്കാനുള്ളത് ജി.എസ്.ടി. നടപ്പാക്കിയപ്പോൾ ചെക്ക്പോസ്റ്റുകൾ ഇല്ലാതായതിനാൽ കള്ളക്കടത്ത് ധാരാളമായി വരുന്നു. നികുതി കൊടുക്കാനുള്ള സാധനങ്ങളടക്കം ചെക്ക്പോസ്റ്റിൽ പരിശോധനയില്ലാത്തതു കാരണം ഇവിടേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്നു. അത് പരിശോധിക്കാനും മോണിറ്റർ ചെയ്യാനും കണ്ടെത്താനും കഴിയത്തക്ക നിലയിലുള്ള ഒരു സംവിധാനം നമുക്കുണ്ടാകണം. അതിന് നമുക്കാവശ്യമായ ഉദ്യോഗസ്ഥന്മാർ ഇപ്പോഴുണ്ട്. കാരണം ചെക്ക് പോസ്റ്റില്ലാതായപ്പോൾ അവിടെയുണ്ടായ ഉദ്യോഗസ്ഥന്മാർക്ക് മറ്റ് ജോലികളില്ല. ഓൺലൈൻ വ്യാപാരം ധാരാളം നടക്കുമ്പോൾ ക്ലറിക്കൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ജോലി കുറയുന്നു. ഈ ഉദ്യോഗസ്ഥരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വിജിലൻസ് സംവിധാനം ശക്തമാക്കി കേരളത്തിന് ലഭിക്കേണ്ട വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കാലാകാലങ്ങളിൽ അവതരിപ്പിക്കുന്ന ബജറ്റുമായി ബന്ധപ്പെട്ടും അല്ലാതെയും

നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയണം. പലപ്പോഴും പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാത്തതിനാൽ സാമ്പത്തിക ചെലവ് കൂടിക്കൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ചെലവ് കുറയ്ക്കാൻ സമയബന്ധിതമായി പദ്ധതി നടപ്പാക്കാൻ ധനവകുപ്പിനെ ഉപയുക്തമാക്കണം. പലപ്പോഴും പല കാര്യങ്ങൾകൊണ്ട് ധനകാര്യ വകുപ്പിൽ കാലതാമസം വരുന്നതുകാരണം കൂടുതൽ പണം പിന്നീട് ചെലവഴിക്കേണ്ട അധിക ബാധ്യത വരുന്നു. അതൊഴിവാക്കാൻ കഴിയത്തക്ക നിലയിലുള്ള സംവിധാനങ്ങൾകൂടി നടപ്പാക്കണം. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നയം, 1946-ലെ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാന്റിംഗ് ഓർഡർ ആക്ടിൽ ഭേദഗതി വരുത്തിയത് ഇപ്പോൾ രാജ്യത്തെ കോടിക്കണക്കിന് തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. അവർക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്ഥിരം തൊഴിൽ എന്ന സംവിധാനം ഇല്ലാതായിരിക്കുന്നു. സ്ഥിരം തൊഴിലില്ലാതായപ്പോൾ പകരം ഹയർ ആന്റ് ഹയർ സിസ്റ്റം കൊണ്ടുവന്നതുകൊണ്ട് ഇഷ്ടംപോലെ തൊഴിലാളികളെ വാടകയ്ക്കെടുക്കുകയും പറഞ്ഞയയ്ക്കുകയും ചെയ്യുന്ന ഒരു സമീപനമാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഇതിനെതിരായി ഏപ്രിൽ 2-ാം തീയതി ദേശവ്യാപകമായി തൊഴിലാളികൾ പണിമുടക്കുകയാണ്. ഈ പണിമുടക്കിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കാരണം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമ്പോൾ തീർച്ചയായും അത് സാമ്പത്തിക മേഖലയെയാണ് ബാധിക്കുന്നത്. കേരളത്തിൽ ജി.എസ്.ടി നടപ്പിലാക്കിയതിന്റെ ഫലമായി നിരവധി ആളുകൾക്ക് ഒട്ടേറെ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ദേശവ്യാപകമായി ഈ നയം കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുമ്പോൾ അത് സാമ്പത്തിക മേഖലയെ ബാധിക്കുകയും തൊഴിൽ നഷ്ടപ്പെടുകയും ചെയ്യും. അങ്ങനെ തൊഴിൽ ദ്രോഹപരമായ സമീപനം സ്വീകരിച്ച്, സാമ്പത്തികമായി ഈ രാജ്യത്തെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമീപനം സ്വീകരിച്ച് മുന്നോട്ടുപോകുന്ന ബി.ജെ.പി.-യും., കൂടാതെ ഈ നയം ഒരുപക്ഷെ ഇതിനുമുമ്പ് കേന്ദ്രത്തിൽ നടപ്പാക്കിയ കോൺഗ്രസ്സും സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ ഒരുപോലെയാണെന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ലെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. ഈ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനുതകുന്ന തരത്തിലേയ്ക്ക് ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ അതിനെ തുരങ്കം വയ്ക്കാൻ ശ്രമിക്കുന്ന സമീപനം ഒരിക്കലും ശരിയല്ല. അത് നാടിന് ഗുണം ചെയ്യില്ലെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കുവാനുള്ളത്. ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങ് തീർച്ചയായും കാരിരുമ്പിന്റെ ശക്തിയുള്ള മനുഷ്യനും തൂവൽസ്പർശംപോലെ

മൃദുലവുമാണ്. ഏതു കാര്യത്തിലും വളരെ ശക്തമായ തീരുമാനമെടുക്കുന്നു. അതുപോലെ മൃദുലമായ സമീപനം. ആർക്കും എന്തും ആവശ്യപ്പെടാൻ കഴിയുന്ന നല്ല മനസ്സാണ് അങ്ങേയ്ക്കുള്ളത്. ആ മനസ്സുകൊണ്ട് എല്ലാവർക്കും ഒരുപോലെയാണ് ഇവിടെ ബജറ്റ് അവതരിപ്പിച്ചപ്പോൾ അലോട്ട്മെന്റ് തന്നിട്ടുള്ളത്. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന അഷ്ട സൗഭാഗ്യങ്ങൾ ക്രിസ്തീയ ജീവിതത്തിന്റെ മാനദണ്ഡവും ദർശനവുമാണ്. കണ്ണുകൾ ഉയർത്തി നോക്കുന്ന യേശു തന്റെ മുന്നിൽ നിൽക്കുന്നവരുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കി അവർക്ക് നൽകുന്ന പ്രതീക്ഷയാണ് അഷ്ട സൗഭാഗ്യങ്ങൾ. അങ്ങും യേശുവിനെ പോലെയാണ്. അങ്ങയുടെ മുന്നിൽ പ്രതീക്ഷയോടുകൂടി കാത്തുനിൽക്കുന്ന കേരളത്തിലെ ജനങ്ങൾക്ക് എല്ലാ ഐശ്വര്യവും, പ്രതിസന്ധിയിൽ തളരാതെ ഈ രാജ്യത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള സമീപനം സ്വീകരിക്കുന്ന അങ്ങേയ്ക്കും എൽ.ഡി.എഫ്. ഗവൺമെന്റിനും പൂർണ്ണമായി പിന്തുണ നൽകിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. നമ്മുടെ രാജ്യം അടുത്തെങ്ങും അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ലാത്തത്ര സാമ്പത്തിക പ്രതിസന്ധിയാണ് നിലവിലുള്ളത്. നോട്ട് പിൻവലിക്കലും ജി.എസ്.ടി.യും വൻകിട കുത്തകക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കലുമാണ് ഇന്ത്യയിൽ നടക്കുന്നത്. അതിന്റെ ഫലമായി വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കേരളം പോലുള്ള ഒരു സംസ്ഥാനത്തിന് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അത്തരം ഒരു സാഹചര്യത്തെ വളരെ ഫലപ്രദമായ രൂപത്തിൽ കൈകാര്യം ചെയ്യുന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കൊണ്ടുവന്ന ഈ ബില്ലിനെ ഞാൻ പിന്താങ്ങുന്നു.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഫിസ്കൽ ഡെഫിസിറ്റും റവന്യൂ ഡെഫിസിറ്റും കുറച്ചുകൊണ്ട് സംസ്ഥാനത്തിന്റെ ധനമാനേജ്മെന്റ് കുറെക്കൂടി കാര്യക്ഷമമാക്കുക, സുതാര്യമാക്കുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ധനസംബന്ധമായ ഉത്തരവാദിത്വ നിയമം കൊണ്ടുവന്നത്. ഇവിടെ പറഞ്ഞതിൽനിന്നും വ്യത്യസ്തമായ ഒരു കാര്യമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 2016-17-ലെ റവന്യൂ കമ്മി 2.53 ശതമാനമായിരുന്നത് 2017-18-ൽ 1.9 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. റവന്യൂ കമ്മി കുറയുന്നു എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം സാമ്പത്തിക അച്ചടക്കത്തിന്റെ പ്രശ്നമാണ്. മൊത്തത്തിൽ റവന്യൂ ഡെഫിസിറ്റിന്റെയും ഫിസ്കൽ ഡെഫിസിറ്റിന്റെയും പ്രധാന കാരണങ്ങളിലൊന്ന് ചെലവിന്റെ കാര്യത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നില്ല എന്നതാണ്.

റവന്യൂകമ്മി കുറച്ചുകൊണ്ടുവരുന്നതിന് കുറെ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ വയ്ക്കുകയുണ്ടായി. മാത്രമല്ല നമ്മുടെ ധനകമ്മി അനുവദിച്ചിട്ടുള്ളത് മൂന്ന് ശതമാനമാണ്. അതിനെ ആ പരിമിതിയിൽ നിർത്തുകയും വേണം. സാമ്പത്തികമായ അച്ചടക്കം പാലിച്ചുകൊണ്ട് അനാവശ്യമായ ചെലവുകൾ, ധൂർത്തുകൾ എന്നിവ ഒഴിവാക്കിക്കൊണ്ട് ധനകമ്മി വർദ്ധിപ്പിക്കണം. ജി.എസ്.ടി. വന്നതോടുകൂടി കുറെ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഇ-വേ ബിൽ ഉൾപ്പെടെയുള്ള പുതിയ സംവിധാനങ്ങൾ കടന്നുവരുമ്പോൾ ജി.എസ്.ടി.യിൽ നിന്നുള്ള വരുമാനം വർദ്ധിക്കാൻ സാധ്യതയുണ്ട്. ആ രീതിയിൽ ഫിസ്ക്കൽ ഡെഫിസിറ്റിനോടൊപ്പം റവന്യൂ ഡെഫിസിറ്റും കുറച്ചുകൊണ്ടുവരാനുള്ള ഒരു ശ്രമം ഉണ്ടാകണം. അതിനു കഴിയട്ടെ എന്നുമാത്രമാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ഈ ബിൽ ഫിനാൻസ് ബില്ലിനോടൊപ്പം വരേണ്ടതായിരുന്നു. അതിന് കഴിഞ്ഞില്ലെങ്കിൽപ്പോലും ആ പൊതുധാരണ സമൂഹത്തിനുള്ളതു കൊണ്ടാണ് വളരെ വൈകിയാണെങ്കിലും ഈ ബിൽ കൊണ്ടുവരാൻ എല്ലാവരും സഹകരിച്ചതെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ദാസൻ</u>: സർ, ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു. വളരെ ഗൗരവമായ സാമ്പത്തിക ഞെരുക്കം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലുണ്ടായിരുന്നു. അതിന് പ്രധാന കാരണം അഴിമതിയും കെടുകാര്യസ്ഥതയുമാണ്. യു.ഡി.എഫ്. ഭരണത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ധനസ്ഥിതി സംബന്ധിച്ച് ഒരു പരിശോധനയും നടത്താൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറായിരുന്നില്ല. മാത്രമല്ല വരവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നതായിട്ടാണ് കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തെ ബാലൻസ് ഷീറ്റ് കാണിക്കുന്നത്. യു.ഡി.എഫ്.-ന്റെ ചെയ്തികൾ എന്താണെന്ന് കൃത്യമായി 2016 ജൂൺ മാസത്തിൽ ഒരു ധവളപത്രമിറക്കി ഈ നാട്ടുകാരെ ബോദ്ധ്യപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. യഥാസമയം നികുതി പിരിച്ചെടുക്കുക എന്നത് ഒരു ഗവൺമെന്റിന്റെ ഏറ്റവും വലിയ ധന ഉത്തരവാദിത്വമാണ്. പക്ഷേ അത് നിർവ്വഹിക്കാത്തതാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ പൊതുചെലവിലുണ്ടായ അസന്തുലിതാവസ്ഥയ്ക്ക് പ്രധാന കാരണം. നികുതി പിരിക്കാതെ സംസ്ഥാനത്തിന്റെ ഖജനാവ് സമ്പന്നമാക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യം പ്രതിപക്ഷത്തിരുന്നുകൊണ്ട് ഞങ്ങൾ കൃത്യമായി ഉന്നയിച്ചിരുന്നു. പക്ഷേ അതൊന്നും പരിഗണിക്കാനോ ആ നിർദ്ദേശങ്ങൾ മുഖവിലയ്ക്കെടുക്കാനോ യു.ഡി.എഫ്. ഗവൺമെന്റ് സന്നദ്ധമായില്ല. ഓരോ ബജറ്റിലും വിഭവ സമാഹരണത്തിന് പുതിയ പുതിയ നികുതികൾ സാധാരണ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്ന ധന സമാഹരണമെന്ന നിലപാടാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. അതുകൊണ്ടുതന്നെ പ്രതീക്ഷിത ലക്ഷ്യത്തിന്റെ അടുത്തെത്താൻപോലും കഴിയാത്ത രീതിയിൽ, ബജറ്റിൽ പറഞ്ഞ കാര്യങ്ങൾ

കൃത്യമായി നടപ്പിലാക്കാൻ കഴിയാത്ത ഒരു സ്വപ്ന ബജറ്റായിട്ടാണ് അന്ന് നമുക്ക് അനുഭവപ്പെട്ടത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്ന കഴിഞ്ഞ 5 വർഷക്കാലം എന്റെ മണ്ഡലത്തിനായി രണ്ടരക്കോടി രൂപയാണ് നൽകിയത്. അത്രയേ ലഭിച്ചുള്ളൂവെങ്കിലും ജനങ്ങൾക്കിടയിൽ നിന്നും വലിയ പ്രശ്നങ്ങളില്ലാതെ ജയിച്ചുവരാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് പ്രതിപക്ഷത്തോട് കടുത്ത വിവേചനമാണ് കാണിച്ചിരുന്നത്. ഭരണകക്ഷികൾക്ക് 155 കോടി, 200 കോടി, 265 കോടി രൂപയൊക്കെ അനുവദിക്കുമ്പോൾ പ്രതിപക്ഷ ബെഞ്ചിലായിപ്പോയി എന്ന കുറ്റത്താൽ പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലത്തെ പൂർണ്ണമായും അവഗണിക്കുന്ന നിലപാടാണ് അവർ സ്വീകരിച്ചത്. എന്നാൽ കിഫ്ബിയെ കുറ്റം പറയുന്ന ആളുകൾ ഇന്ന് ധനകാര്യ വകുപ്പുമന്ത്രിയെ സമീപിച്ച് വലിയ തുകകൾ ഓരോ മണ്ഡലത്തിലും നേടിയെടുക്കുന്നുണ്ട്. യു.ഡി.എഫ്. അംഗങ്ങളുടെ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തുകയെ സംബന്ധിച്ച് അവർ തന്നെ പത്രസമ്മേളനം നടത്തി പറയുമ്പോൾ ഞങ്ങൾ അത്ഭുതപ്പെട്ടുപോകുകയാണ്. ഇത്രയധികം പ്രതിപക്ഷ ബഹുമാനം കാണിക്കേണ്ടതുണ്ടോയെന്ന സംശയം എനിക്കുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാരെ തുല്യരായി കാണുന്നു എന്നതാണ് സത്യം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 900 കോടി രൂപയിലധികം കേന്ദ്ര ഗവൺമെന്റ് കമ്മി നികത്താനായി നൽകിയിട്ടുണ്ട്. ആ തുക എന്താണ് ചെയ്തത്; കേന്ദ്രത്തിൽനിന്ന് ലഭിച്ച സാമ്പത്തിക സഹായം എന്തിനാണ് ചെലവഴിച്ചത്; ധനപ്രതിസന്ധി പരിഹരിക്കാൻ എന്ത് നിലപാടാണ് സ്വീകരിച്ചത്; അതിന്റെ ഭാഗമായി ധനക്കമ്മി നികത്തിയോ തുടങ്ങിയ കാര്യങ്ങൾക്ക് കൃത്യമായി മറുപടി പറയാൻ ധാർമ്മികമായും നിയമപരമായും ബാധ്യതയുണ്ട്. നികുതി ഇല്ലെന്ന് മാത്രമല്ല, ആ ഘട്ടത്തിൽ ഒരു കാര്യവും കൃത്യമായി നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയാണ് കേരളത്തിലുണ്ടായത്. 6302 കോടി രൂപ അടിയന്തരമായി കൊടുത്തുതീർക്കാൻ ബാക്കിവച്ചുകൊണ്ട് ഇറങ്ങിപ്പോയ യു.ഡി.എഫ്. ഗവൺമെന്റ് ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് ധാരാളം പരിക്കുകളാണ് ഏൽപ്പിച്ചിട്ടുള്ളത്. നമ്മുടെ സമ്പദ്ഘടനയ്ക്ക് വലിയ പ്രതിസന്ധിയാണ് അതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ളത്. ദീർഘകാലാടിസ്ഥാനത്തിൽ സുസ്ഥിരമായ കരുത്തോടെ ധനകാര്യ മേഖലയെ മാറ്റിയെടുക്കാനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിക്കുകയും അത് ഇന്നും പുലർത്തുകയും ചെയ്യുന്നതുകൊണ്ടാണ് ദീർഘവീക്ഷണത്തോടെ സമ്പദ്ഘടനയെ മുന്നോട്ടുനയിക്കാൻ കഴിയുന്നത്. യു.ഡി.എഫ്. ഭരണം തകർത്ത സാമ്പത്തിക രംഗത്തെ റവന്യൂ കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവന്ന് ശരിയായ ദിശയിൽ സാമ്പത്തിക രംഗത്തെ ചലിപ്പിക്കാൻ ശ്രമിക്കുമ്പോഴാണ് കൂനിൻമേൽ കുരു എന്ന നിലയ്ക്ക് കേന്ദ്രത്തിന്റെ ചില പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ നാം സാക്ഷ്യം വഹിക്കേണ്ടി വന്നത്.

നോട്ട് നിരോധനം ഇവിടെ സൂചിപ്പിച്ചു. ജി.എസ്.ടി.യും അതിന്റെ ഭാഗമായി വന്നതാണ്. രാജ്യത്തെമ്പാടും നൂറിൽപ്പരം ആളുകളാണ് നോട്ട് മാറ്റിയെടുക്കാൻവേണ്ടി ക്യൂ നിന്നതിന്റെ ഫലമായി കുഴഞ്ഞുവീണ് മരിച്ചത്. 50 ദിവസം കൊണ്ട് ശ്രീ. നരേന്ദ്രമോദി എല്ലാം ശരിയാക്കിത്തരുമെന്ന് ജനങ്ങളെ പറഞ്ഞ് വിശ്വസിപ്പിച്ച് പ്രചരണം നടത്തിയപ്പോൾ സാധുക്കൾ വിചാരിച്ചത് 15 ലക്ഷം രൂപയെങ്കിലും തങ്ങളുടെ അക്കൗണ്ടിലേയ്ക്ക് വന്നുചേരുമെന്നാണ്. പക്ഷേ ഒരു പൈസപോലും ലഭിച്ചതുമില്ല, നമ്മുടെ പോക്കറ്റിൽനിന്നുള്ള സംഖ്യ കേന്ദ്ര ഗവൺമെന്റ് അങ്ങോട്ട് വാങ്ങുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങിയത്.

'ഒരു രാജ്യം ഒരൊറ്റ നികുതി' എന്നത് വളരെ ആകർഷകമായിട്ടുള്ള മുദ്രാവാക്യമാണ്. പക്ഷേ സ്വന്തം നാടായ ഗുജറാത്തിലെ രത്ന വ്യാപാരികൾ നടത്തിയ ഐതിഹാസികമായ സമരം ശ്രീ. നരേന്ദ്ര മോദിക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. പാവപ്പെട്ട പതിനായിരക്കണക്കിന് തൊഴിലാളികൾ ജോലിയിൽനിന്നും പുറത്തായി. ഫാക്ടറികൾ ലേ ഓഫ് ചെയ്തു, ചില വ്യവസായങ്ങൾ ലോക്കൗട്ട് ചെയ്തു, ചിലത് പൂർണ്ണമായും അടച്ചുപൂട്ടി. ഇതെല്ലാം നോട്ട് നിരോധനത്തിന്റെ ഭാഗമായുണ്ടായ ഗുരുതര പ്രശ്നങ്ങളാണ്. മാത്രമല്ല, പട്ടേൽമാർ ഗുജറാത്തിൽ വലിയ സമരങ്ങളാണ് നടത്തിയത്. ആ സന്ദർഭത്തിലാണ് ശ്രീ. അമിത്ഷാ കേരളത്തിലേയ്ക്ക് പറന്നുവന്ന് പിണറായിയിലേയ്ക്ക് കാൽനട ജാഥ നടത്തിയത്. ഗുജറാത്താകെ കത്തുന്നു എന്ന് മനസ്സിലാക്കിയപ്പോൾ അദ്ദേഹം ജാഥ ഉപേക്ഷിച്ച് സ്വന്തം സംസ്ഥാനത്തേയ്ക്ക് പോകുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. എന്നിട്ടും പ്രശ്നം പരിഹരിക്കാൻ കഴിയാതെ ഗുരുതരമായ അവസ്ഥയിലേയ്ക്ക് മാറുകയാണ് ചെയ്തത്. കേരളത്തിൽ പ്രതിസന്ധിയുണ്ടാകുന്ന ഘട്ടത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ദീർഘമായ കാഴ്ചപ്പാടിലൂടെയാണ് സംസ്ഥാനത്തെ സാമ്പത്തികരംഗം മുന്നോട്ടുകൊണ്ടു പോയിട്ടുള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും. സംസ്ഥാനത്തിന്റെ നികുതികളെല്ലാം പിരിച്ചെടുക്കാനുള്ള അവകാശം ജി.എസ്.ടി. വന്നപ്പോൾ സംസ്ഥാനത്തിൽനിന്ന് കേന്ദ്രം കവർന്നെടുത്തിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന് അവകാശമുണ്ടായിരുന്നെങ്കിൽ 100 ശതമാനം നികുതിയും പിരിച്ചെടുത്ത് കേരളം സമ്പന്നമായ ഖജനാവുമായി മുന്നോട്ടുപോകുമായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആഡംബര നികുതി ചുമത്താൻപോലും നമുക്ക് കഴിയുന്നില്ല. ഒരു ചായ കുടിച്ചാൽ രണ്ട് രൂപ ജി.എസ്.ടി. എന്നുപറഞ്ഞ് അധികമായി കൊടുക്കേണ്ടിവരികയാണ്. അത്രയ്ക്ക് രൂക്ഷമാണ് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ കേരളത്തിന്റെ അവസ്ഥ. വികലമായ രീതിയിൽ ഒരു പഠനവും കൂടാതെയാണ് ഇക്കാര്യങ്ങൾ ചെയ്തത്. പ്രായം തികയാതെ പ്രസവിച്ച

കുഞ്ഞിനെപ്പോലെ ജി.എസ്.ടി. കേരളത്തിന്റെ മാത്രമല്ല, ഒട്ടുമിക്ക സംസ്ഥാനങ്ങളുടെയും സമ്പദ്ഘടനയ്ക്കുമേൽ തീർക്കുന്ന കെടുതികൾക്ക് ഒരു കുറവും ഇന്നുവരെ ഉണ്ടായിട്ടില്ല. നോട്ടുനിരോധനവും ജി.എസ്.ടി.യും ഒരു അശനിപാതം പോലെ പടർന്നുപിടിച്ചതിന്റെ ഫലമായി ഇന്ത്യൻ കാർഷിക സമ്പദ്ഘടനയ്ക്ക് മാരകമായ പ്രഹരമാണ് ഏൽക്കേണ്ടി വന്നത്. ചെറുകിട വ്യാപാരരംഗം പൂർണ്ണമായും തകരുന്ന രീതിയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. തൊഴിലില്ലായ്മയുടെ ദുരിതക്കടലാണ് രാജ്യത്തിന് സമ്മാനിച്ചത്. അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ഒരു പ്രതീക്ഷയും നൽകാൻ കഴിയാത്ത, എല്ലാം തകർക്കുന്ന, ഒരു കാലത്തും കരകയറാൻ കഴിയാത്ത രീതിയിലുള്ള ഒരു സാമ്പത്തിക അവലോകനമാണ് ഇതിനകം ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. 2016-17-ൽ കേന്ദ്രത്തിൽ 8 ശതമാനമാണ് വർദ്ധനവുണ്ടായതെങ്കിൽ അത് 7.1 ശതമാനത്തിലേയ്ക്ക് വന്നത് നമ്മൾ ഗൗരവമായി കാണണം. കേന്ദ്രം പുലർത്തിവരുന്ന വികലമായ സാമ്പത്തിക നയങ്ങൾക്കെതിരായി വിവിധ സംസ്ഥാനങ്ങളിലെ ഭരണാധികാരികൾ തങ്ങളുടെ നിലനിൽപ്പിനെ സംബന്ധിച്ച് പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക അച്ചടക്കം ഉറപ്പാക്കി ധനക്കമ്മിയും റവന്യൂ കമ്മിയും കുറച്ചുകൊണ്ടുവന്ന് സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് ശക്തമായ ഇടപെടൽ ഈ ഗവൺമെന്റ് നടത്തുന്നു എന്നത് അഭിമാനകരമാണ്.

പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം, ഈറ്റ, പനമ്പ് എന്നിവയെല്ലാം കേരളത്തിലെ 20 ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ ജീവിതമാർഗ്ഗമാണ്. അവരെ ആശ്രയിച്ചുകഴിയുന്ന ലക്ഷക്കണക്കിന് തൊഴിലാളികളും കുടുംബങ്ങളുമുണ്ട്. അവരെ സംരക്ഷിക്കാൻ കഴിയുന്ന രീതിയിൽ കേന്ദ്ര സർക്കാർ വരുത്തിക്കൂട്ടിയ ഈ നയത്തിൽനിന്ന് വേറിട്ടൊരു നിലപാട് സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്തെ കയർ മേഖലയെ പുനരുജ്ജീവിപ്പിച്ച, കൈത്തറി മേഖലയിൽ കാര്യമായ പ്രവർത്തനം നടത്തുന്ന, കേരളത്തിന്റെ മത്സ്യബന്ധന രംഗത്ത് പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച, സാമൂഹ്യ സുരക്ഷാ പദ്ധതികളെല്ലാം ശക്തമായി നടപ്പിലാക്കുന്ന ഈ ഗവൺമെന്റ് ദീർഘവീക്ഷണത്തോടുകൂടി നടത്തുന്ന സാമ്പത്തിക നയങ്ങളെ അംഗീകരിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പേരെടുത്ത ഒരു ധനതത്വ ശാസ്ത്രജ്ഞനാണ്. എന്നാൽ കാര്യമായ എന്തോ കുഴപ്പമുണ്ട്. ചെയ്യുന്നതിനെല്ലാം വിപരീത ഫലങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മാത്രവുമല്ല, പ്രതിപക്ഷത്തിരുന്നപ്പോൾ എതിർത്ത

കാര്യങ്ങൾ മന്ത്രി ആകുമ്പോൾ അദ്ദേഹം തന്നെ നടപ്പാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. Government did bad things in big way and big things in a bad way. ഉദാഹരണത്തിന് അദ്ദേഹം കൈകാര്യം ചെയ്യുന്ന കാര്യമെടുക്കാം. ധന ഉത്തരവാദിത്ത നിയമത്തിന്റെ ഭേദഗതിയാണ് അദ്ദേഹം അവതരിപ്പിച്ചത്. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകപോലും ചെയ്യാതെ ഔട്ട് ഓഫ് അജണ്ടയായിട്ടാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഇത്രയും ഉശിരോടെ കൊണ്ടുവന്ന ഇതിന്റെ മൂലനിയമത്തിൽ പിന്നീട് ഭേദഗതി കൊണ്ടുവന്നപ്പോൾ അതിനെ ഏറ്റവും നിശിതമായി എതിർത്തത് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ആയിരുന്നു. ഇപ്പോൾ അദ്ദേഹം തന്നെ ഈ കൃത്യം നിർവ്വഹിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് ഇവിടെ കാണാൻ കഴിയുന്ന മറ്റൊരു കാര്യം. 2011-ൽ യു.ഡി.എഫ്. സർക്കാർ ഈ ഭേദഗതി കൊണ്ടുവന്നപ്പോൾ, ഡോ. ടി. എം. തോമസ് ഐസക് നടത്തിയ ഒരു പ്രസംഗത്തിന്റെ പ്രസക്തമായ കുറച്ച് ഭാഗം ഞാൻ വായിക്കാം. "ഞങ്ങൾക്ക് രാഷ്ട്രീയപരമായി, അടിസ്ഥാനപരമായി ഇത്തരത്തിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിനുമേൽ ധനപരമായ, rule based governance കൊണ്ടുവരുന്നതിനോട് യോജിപ്പില്ല." എന്നായിരുന്നു അദ്ദേഹം അതിനെ വിമർശിച്ചുകൊണ്ട് നടത്തിയ പ്രസംഗം. അതിനെക്കാൾ കൂടുതൽ ഇതിനെ ശക്തമായി എതിർത്തത് അന്നത്തെ പ്രതിപക്ഷ ഉപനേതാവായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആയിരുന്നു. അദ്ദേഹം വളരെ ശക്തമായ എതിർപ്പാണ് പ്രകടിപ്പിച്ചത്. അദ്ദേഹം പറഞ്ഞത്, "പ്ലാൻ കട്ടിലേയ്ക്ക് എത്തിക്കാൻ പോകുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിൽ ഒരു ഫിസ്കൽ റെസ്പോൺസിബിലിറ്റി ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. 13 ദിവസം കൊണ്ട് പാസ്സാക്കിയ എല്ലാ ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിനും കടകവിരുദ്ധമായി കട്ട് ചെയ്യാൻ ഈ നിയമസഭ തന്നെ അനുവാദം കൊടുക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തിച്ചേരും. അതിന് വിരുദ്ധമായി ഒരു ബിൽ അവതരിപ്പിക്കുന്നത് ശരിയല്ല. ഈ വർഷം അത് പ്രാവർത്തികമാക്കിക്കൊണ്ട് ഭേദഗതിയോടുകൂടി കൊണ്ടുവരുന്ന ഇത്തരമൊരു ബില്ലിന് സഭ അംഗീകാരം കൊടുക്കരുത്. നിയമസഭ കഴിഞ്ഞ ദിവസങ്ങളിലെടുത്ത ബിസിനസ് മുഴുവൻ അസാധുവാക്കത്തക്ക വിധത്തിലുള്ള ബിൽ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കരുത് എന്നാണ് എനിക്ക് അങ്ങയുടെ മുമ്പിൽ അവതരിപ്പിക്കാനുള്ളത്." എന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയും സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയും പറഞ്ഞ കാര്യങ്ങളാണ് ഞാൻ

ഇവിടെ ചൂണ്ടിക്കാണിച്ചത്. ഈ ബിൽ പാസ്സായാൽ കഴിഞ്ഞ 13 ദിവസം ഇവിടെ നടത്തിയ ബജറ്റ് ചർച്ചയും ഡിമാന്റ് പാസ്സാക്കലുമെല്ലാം അസാധുവാകുന്ന പരിപാടിയാണെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. അന്ന് അങ്ങനെയൊക്കെ പറഞ്ഞ അതേ ആളുകൾ തന്നെ അതേ നിയമം അതേ രൂപത്തിൽ കൊണ്ടുവന്നിരിക്കുന്നുവെന്നുള്ളതാണ് ഏറ്റവും രസകരമായ കാര്യം. കഴിഞ്ഞ 13 ദിവസമായി ഇവിടെ നടന്ന ബിസിനസ്സുകളെല്ലാം അസാധുവാക്കുന്ന പ്രവർത്തനങ്ങളാണോ ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ചെയ്യുന്നത്. പ്രതിപക്ഷത്തിരിക്കുമ്പോൾ നിങ്ങൾ പറയുന്ന കാര്യങ്ങൾ ഭരണപക്ഷത്ത് വരുമ്പോൾ അതിന് നേരെ കടകവിരുദ്ധമായി പ്രവർത്തിക്കുന്നുവെന്നുള്ളതാണ് ചൂണ്ടിക്കാണിക്കുന്നത്. 2003-ലാണ് യു.ഡി.എഫ്. സർക്കാർ മൂലനിയമം കൊണ്ടുവന്നത്. കേന്ദ്രം Fiscal Responsibility and Budget Management (FRBM) നിയമം പാസ്സാക്കിയപ്പോൾ സംസ്ഥാനങ്ങളും അതനുസരിച്ചുള്ള നിയമം പാസ്സാക്കേണ്ടിവന്നു. അങ്ങനെയാണ് ഇവിടെയും പാസ്സാക്കിയത്. 2003 ഏപ്രിൽ 1-ന് ആരംഭിച്ച് 2007 മാർച്ച് 31-ന് അവസാനിക്കുന്ന 4 വർഷത്തിനുള്ളിൽ റവന്യൂ കമ്മി ഇല്ലാതാക്കുകയായിരുന്നു മൂലനിയമത്തിന്റെ ലക്ഷ്യം. രാജ്യത്തൊട്ടാകെ എല്ലാ സംസ്ഥാന ഗവൺമെന്റുകളും അനിയന്ത്രിതമായ നിലയിൽ കമ്മി വർദ്ധിപ്പിച്ച്, ധൂർത്ത് വർദ്ധിപ്പിച്ച് മുന്നോട്ടുപോയപ്പോഴാണ് കേന്ദ്ര ഗവൺമെന്റ് അത്തരത്തിലൊരു നിയമം കൊണ്ടുവന്നതെന്ന് എല്ലാവർക്കുമറിയാം. അതുപോലെ 2007-ഓടെ ധനക്കമ്മി 2 ശതമാനമായും കുറയ്ക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. 2011-ൽ അടുത്ത യു.ഡി.എഫ്. സർക്കാർ അത് ഭേദഗതി ചെയ്തു. അതിനെ എതിർത്തുകൊണ്ട് നടത്തിയ പ്രസംഗത്തെക്കുറിച്ചാണ് ഞാൻ ആദ്യം പറഞ്ഞത്. 2011-12 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ റവന്യൂ കമ്മി ഇല്ലാതാക്കാനും ധനക്കമ്മി 3 ശതമാനമായി കുറച്ചുകൊണ്ട് വരാനുമാണ് ലക്ഷ്യം വച്ചത്. ഇതിൽ വലിയൊരു ശതമാനത്തോളം ലക്ഷ്യം കൈവരിക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞുവെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ലക്ഷ്യം കൈവരിക്കാൻ ഡോ. ടി. എം. തോമസ് ഐസക് എന്തെങ്കിലും സാമ്പത്തിക അച്ചടക്കം പാലിച്ചോ? ഒന്നും ചെയ്തില്ലെന്ന് മാത്രമല്ല, തികഞ്ഞ സാമ്പത്തിക അച്ചടക്കരാഹിത്യം പ്രകടമാക്കുകയാണെന്നാണ് കണക്കുകൾ നമ്മളെ പഠിപ്പിക്കുന്നത്. റവന്യൂ കമ്മിയും ധനക്കമ്മിയും കുറയുന്നതിന് പകരം അസാധാരണമായി കുതിച്ചുകയറി. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ആദ്യവർഷം റവന്യൂ കമ്മി 1.73 ശതമാനത്തിൽ നിന്ന് 2.51 ശതമാനമായി കുതിച്ചുയരുകയാണ് ചെയ്തത്. ധനക്കമ്മി 3.19 ശതമാനത്തിൽ നിന്ന് 4.29 ശതമാനമായി കുതിച്ചുകയറി. എവിടെയാണ് ഡോ. ടി. എം. തോമസ് ഐസക് സാമ്പത്തിക അച്ചടക്കം പാലിച്ചത്. ധന ഉത്തരവാദിത്വ

ബിൽ സംസ്ഥാനത്തിന്റെ കടബാധ്യതയുടെ തോത് കുറച്ചുകൊണ്ടുവരാനും വ്യവസ്ഥ ചെയ്യു. 2017 മുതൽ 2020 വരെ ജി.എസ്.ഡി.പി.-യുടെ 30.4%, 30.1% 29.67% എന്നിങ്ങനെ കുറച്ചുകൊണ്ടുവരാൻ ലക്ഷ്യം വയ്ക്കുന്നു. അത് നടക്കുന്ന ലക്ഷണങ്ങളൊന്നും ഇവിടെ കാണാൻ കഴിയുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാര്യമെടുക്കാം. 2014-15-ൽ കടം 29.5 ശതമാനമാക്കാനാണ് ലക്ഷ്യം വച്ചതെങ്കിൽ അത് 26.42 ശതമാനത്തിൽ ഒതുക്കിനിർത്താൻ കഴിഞ്ഞു. പക്ഷെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണത്തിൽ ഡോ. ടി. എം. തോമസ് ഐസക് ഒരു വർഷം പൂർത്തിയാക്കുമ്പോൾ കടത്തിന്റെ തോത് കുതിച്ചുയരുന്നതായാണ് നമുക്ക് കാണാൻ കഴിയുന്നത്. 26.42 ശതമാനത്തിൽ നിന്ന് 30.22 ശതമാനമായി കുതിച്ചുയർന്നു. അതിന്റെ അർത്ഥം ഇപ്പോൾ നമ്മൾ പാസ്സാക്കുന്ന FRBM ആക്ടിന്റെ ധനകാര്യ ഉത്തരവാദിത്വവും നിറവേറ്റാൻ ഭാവിയിൽ നമുക്ക് കഴിയില്ലെന്നുള്ളതിന്റെ സൂചനയാണ്. മറ്റൊരു രസകരമായ കാര്യം ബജറ്റിൽ അദ്ദേഹം വിഭാവനം ചെയ്യുന്ന കാര്യമല്ല ബില്ലിൽ അദ്ദേഹം പറയുന്നത്. 2018-19-ലെ ബജറ്റ് എസ്റ്റിമേറ്റിൽ കടം ജി.എസ്.ടി.പി.യുടെ 30.73 ശതമാനം ഉണ്ടാകുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പ്രതീക്ഷിക്കുന്നത്. പക്ഷെ ബില്ലിൽ പറയുന്നത് 30.40 ശതമാനത്തിൽ നിലനിർത്തുമെന്നാണ്. ഒരേ മന്ത്രി തന്നെ ബജറ്റിലും ധന ഉത്തരവാദിത്ത ബില്ലിലും രണ്ട് കാര്യങ്ങൾ പറയുന്നതാണോ ശരിയായ ധനകാര്യ മാനേജ്മെന്റ്? ഇത് ഒരു ഗവൺമെന്റിന് ഭൂഷണമായ കാര്യമാണോ? കടം വാങ്ങുന്നത് മോശമായ കാര്യമല്ലെന്ന കാഴ്ചപ്പാടാണ് ധനകാര്യ വകുപ്പുമന്ത്രിക്കുള്ളത്. ഞാനും ഒരു പരിധിവരെ അത് അംഗീകരിക്കുന്നു. ഒരു ഗവൺമെന്റിന് സാമൂഹ്യ സുരക്ഷാ പദ്ധതികളും മറ്റ് വികസന പദ്ധതികളും വേണ്ടിവരുമ്പോൾ കടം വാങ്ങേണ്ടിവരും. അദ്ദേഹംതന്നെ പറയുന്ന ഒരു കാര്യം ഞാൻ ആവർത്തിക്കുകയാണ്. കടം വാങ്ങുന്നത് പ്രത്യുല്പാദനപരമായ കാര്യങ്ങൾക്ക് പ്രയോജനപ്പെടുത്തണം. നോൺ പ്രൊഡക്ടീവായ കാര്യങ്ങൾക്ക് കടം വാങ്ങി ചെലവഴിക്കുന്നത് ശരിയല്ല. അത് സംസ്ഥാനത്തെ സാമ്പത്തിക ആരോഗ്യത്തെ തകർക്കും, കടക്കെണിയിൽ വീഴും എന്നാണ് ധനകാര്യ വകുപ്പുമന്ത്രി നമ്മളെ നിരവധി തവണ ഓർമ്മിച്ചിട്ടുള്ളത്. Medium Term Fiscal Policy and Strategy Statement with Medium Term Fiscal Plan for Kerala (2018-2019 to 2020-2021) ധനകാര്യ വകുപ്പുമന്ത്രി അവതാരിക എഴുതി ധനകാര്യ വകുപ്പ് പുറത്തിറക്കിയ രേഖയിൽ പറയുന്ന പാരഗ്രാഫ് 31 ഞാൻ ക്വാട്ട് ചെയ്യുകയാണ്. അത് " In 2016-17, State had to

ultilize 83.59% of annual net borrowing of 18,524 crore for bridging the gap in the revenue account (revenue deficit) compared to 61.88% in 2015-16. This higher ratio of revenue deficit to net borrowings elucidates that present fiscal condition and growing expenditure commitments forced the State to spend major chunk of the borrowed funds for non-productive revenue expenditure rather than much needed capital expenditure." ഇങ്ങനെയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് പറയുന്നത്, നോൺ പ്രൊഡക്ടീവായിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി ഞങ്ങൾ കടമെടുത്ത് ചെലവഴിക്കില്ല, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ അത് ചെയ്തു, അതാണ് ഈ സംസ്ഥാനത്തിനുവന്ന ഏറ്റവും വലിയ ദുര്യോഗം എന്ന്. അങ്ങനെ പറഞ്ഞ അതേ ധനകാര്യ വകുപ്പുമന്ത്രിതന്നെ അദ്ദേഹത്തിന്റെ മിഡ് ടേം ഫിസ്കൽ പോളിസി സ്റ്റേറ്റ്മെന്റിനകത്ത് ഈ കാര്യം പറയുകയാണ്. ഈ ഗവൺമെന്റ് എവിടെ നിൽക്കുന്നു; പ്രത്യുൽപ്പാദനപരമല്ലാത്ത കാര്യങ്ങൾക്കാണ് സർക്കാർ ഈ കടം മുഴുവൻ വാങ്ങി ഉപയോഗിക്കുന്നതെന്ന് അങ്ങയുടെ മിഡ് ടേം ഫിസ്കൽ പോളിസി സ്റ്റേറ്റ്മെന്റിൽ അങ്ങ് തന്നെ പറയുമ്പോൾ കാര്യങ്ങൾ എവിടെ ചെന്ന് നിൽക്കുന്നു? അതും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തേക്കാൾ കൂടുതൽ തുക കടം വാങ്ങി നിത്യനിദാന ചെലവുകൾക്ക് ഈ സർക്കാർ ഉപയോഗിക്കുകയാണ്. ഇതൊരു ശരിയായ ധനകാര്യ മാനേജ്മെന്റണോ; അങ്ങ് പറയണം. 2015-16-ൽ വായ്പ തുക 61.88 നോൺ പ്രൊഡക്ടീവ് മേഖലയിൽ ചെലവാക്കിയപ്പോൾ 2016-17-ൽ ഈ സർക്കാർ ചെലവാക്കിയത് 83.59 ശതമാനമാണ്. ഇതാണോ സാമ്പത്തിക അച്ചടക്കം; ഇതാണോ ബെറ്റർ ഫിനാൻഷ്യൽ മാനേജ്മെന്റ്? യു.ഡി.എഫ്. സംസ്ഥാനത്തെ സാമ്പത്തികനില കുളംതോണ്ടി എന്നാണ് ധവളപത്രത്തിൽ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. അതിനുള്ള മറുപടിയാണ് ഈ രേഖയെന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആഗോള കുത്തകകൾക്കും സ്വകാര്യ മുതലാളിത്ത സാമ്പത്തിക സ്ഥാപനങ്ങൾക്കുമെതിരെ പോരാടുന്നതിൽ മുന്നിൽ നിൽക്കുന്ന ആളാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി. പക്ഷെ കിഫ്ബിയിലേയ്ക്ക് വന്ന പണം എവിടെയാണ് നിക്ഷേപിച്ചതെന്ന് ഇന്നലെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ചോദ്യത്തിന് മറുപടി പറയാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഇന്നെങ്കിലും അദ്ദേഹം മറുപടി പറയുമെന്ന് ഞാൻ കരുതുകയാണ്. കിഫ്ബിയിൽ സമാഹരിച്ച 4,062 കോടി രൂപയിൽ 1,227 കോടി രൂപ നിക്ഷേപിച്ചിരിക്കുന്നത് ബ്ലേഡ് കമ്പനികളെന്ന് സി.പി.ഐ.(എം.) നിരന്തരം പറയുന്ന ന്യൂ ജനറേഷൻ ബാങ്കുകളിലാണ്. ഇതാണോ സി.പി.ഐ.(എം.)-ന്റെ കുത്തകവിരുദ്ധ പോരാട്ടം; ഇതാണോ നിങ്ങളുടെ പുരോഗമനപരമായ നിലപാട്? സാധാരണ സർക്കാർ ജീവനക്കാരുടെ ശമ്പളവും റിട്ടയർ ചെയ്തവരുടെ പെൻഷനും

ദേശസാൽക്കൃത ബാങ്കുകളിൽനിന്ന് ട്രഷറിയിലേയ്ക്ക് മാറ്റിയവരാണ് നിങ്ങൾ. എന്നിട്ട് കിഫ്ബിയിലെ 1,227 കോടി രൂപ നിങ്ങൾ നിക്ഷേപിച്ചിരിക്കുന്നത് ദേശസാൽകൃതമല്ലാത്ത ന്യൂ ജനറേഷൻ ബാങ്കുകളിലാണ്. എസ്.ബി.ഐ.-യിൽ സൂക്ഷിച്ചിരുന്ന പണമെടുത്ത് എവിടെയാണ് നിക്ഷേപിച്ചത്; ഇവിടെ ശ്രീ. അൻവർ സാദത്ത് എം.എൽ.എ.-യുടെ നക്ഷത്ര ചിഹ്നമിടാത്ത 1911-ാം നമ്പർ ചോദ്യത്തിന് ലഭിച്ചിരിക്കുന്ന മറുപടിയിൽ 2018 ജനുവരി 31-ന് കിഫ്ബിയുടെ ബാങ്ക് നിക്ഷേപങ്ങളുടെ വിശദാംശങ്ങളാണ് ഐ.സി.ഐ.സി.ഐ. ബാങ്ക്, ഇൻഡസ്ഇൻഡ് ബാങ്ക്, യെസ് ബാങ്ക്, കൊടെക് മഹീന്ദ്ര എന്നിവയിലാണ് നിക്ഷേപിച്ചിരിക്കുന്നത്. കൊടെക് മഹീന്ദ്രയൊക്കെ ആരാണ്? ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് കൊച്ചിൻ മെട്രോയുടെ 50 ലക്ഷം രൂപ അന്ന് ആക്സിസ് ബാങ്കിലേയ്ക്ക് മാറ്റിയത് അഴിമതിയാണെന്ന് പറഞ്ഞ് സമരം ചെയ്ത ആളുകൾ ഇപ്പോൾ കൊടെക് മഹീന്ദ്രയ്ക്കുവേണ്ടിയും യെസ് ബാങ്കിനുവേണ്ടിയും ഇൻഡസ് ബാങ്കിനുവേണ്ടിയും ഐ.സി.ഐ.സി.ഐ. ബാങ്കിനും വേണ്ടിയാണ് നിൽക്കുന്നത്. ഇതെന്ത് നടപടിയാണ്? ഇവിടെ സി.പി.ഐ.(എം.)-ന് എന്നുമുതലാണ് ഇത്തരം ന്യൂജൻ ബാങ്കുകളോട് സ്നേഹമുണ്ടായിട്ടുള്ളത്. ഇതിന്റെ പിന്നിൽ ധനകാര്യ വകുപ്പുമന്ത്രിയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഇതിന്റെ പിന്നിൽ നിക്ഷിപ്ത താൽപ്പര്യക്കാരും വ്യാപകമായ കമ്മീഷൻ ദാഹികളായ ആളുകളുമുണ്ട് എന്ന് പറയപ്പെടുന്നു. അങ്ങ് അത് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ കിഫ്ബി നിയമത്തിൽത്തന്നെ പറയുന്നത് investment should be a prudent investment എന്നാണ്. ഇതാണോ prudent investment? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് നൽകിയ ഉത്തരമാണ് ഞാൻ ഇവിടെ വായിച്ചത്. ഇത് ശരിയായ കാര്യമാണോ; ഉയർന്ന പലിശ ലഭിക്കാൻ വേണ്ടിയാണ് ഇത് ചെയ്തതെന്നാണ് പറയുന്നത്. എന്നാൽപ്പിന്നെ ഏതെങ്കിലും ബ്ലേഡ് കമ്പനിയിൽക്കൊണ്ട് നിക്ഷേപിച്ചാൽ പോരായിരുന്നോ? കൂടുതൽ പലിശ കിട്ടുമായിരുന്നു. നമ്മുടെ നാട്ടിലുള്ള ചില വലിയ കമ്പനികളിൽ പണമിട്ടാൽ ഇതിനേക്കാൾ കൂടുതൽ വരുമാനം ലഭിക്കുമായിരുന്നു. ഓരോ ബാങ്കിലും ഓരോ പലിശയ്ക്കാണ് നിക്ഷേപിച്ചിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലെയ്ക്കൊന്നും പോകുന്നില്ല. രസകരമായ ഒരു കാര്യമുണ്ട്. 29-01-2018-ൽ ഇൻഡസ് ബാങ്കിൽ 7.16 ശതമാനം പലിശയ്ക്കാണ് നിക്ഷേപിച്ചിരിക്കുന്നത്. അന്നേദിവസം തന്നെ യെസ് ബാങ്കിൽ 7.40 ശതമാനം പലിശയ്ക്കാണ് പണം നിക്ഷേപിച്ചിരിക്കുന്നത്. ഒരേദിവസം തന്നെ ഒന്ന് കൂടിയ പലിശയ്ക്ക് നിക്ഷേപിച്ചിരിക്കുന്നു, അന്നുതന്നെ മറ്റൊന്ന് കുറഞ്ഞ പലിശയ്ക്ക്

നിക്ഷേപിച്ചിരിക്കുന്നു. ഇതെന്ത് മറിമായമാണ്? ഇതിനാരാണ് ഉത്തരവാദി? കോടിക്കണക്കിന് രൂപയാണ് ഇവിടെ നിക്ഷേപിച്ചിട്ടുള്ളത്. ഞാൻ അത് ഇവിടെ സൂചിപ്പിച്ചു. ഇതെന്തിനുവേണ്ടിയാണ്; 1,227 കോടി രൂപ ഈ ന്യൂജൻ ബാങ്കുകളിൽ ആർക്ക്, എന്തിനുവേണ്ടിയാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് അങ്ങ് പറയുമെന്ന് ഞാൻ കരുതുകയാണ്. അതുപോലെതന്നെ ശ്രീ. വി. ഡി. സതീശൻ ഇന്നലെ ഉന്നയിച്ച കാര്യം. സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട് കോർ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള 168 കോടി രൂപയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി കാര്യമായ മറുപടി പറഞ്ഞില്ല. പറഞ്ഞ മറുപടി വിശ്വാസയോഗ്യവുമല്ല. മന്ത്രി ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. കോർ ബാങ്കിംഗ് സിസ്റ്റം സംവിധാനമേർപ്പെടുത്താൻ സംസ്ഥാന സർക്കാർ 168 കോടി രൂപ ചെലവഴിക്കുമ്പോൾ അത് സുതാര്യമാകണ്ടേ; ജനങ്ങൾക്ക് ബോധ്യപ്പെടണ്ടേ? അതൊരു ടെണ്ടറിലൂടെ നടപ്പാക്കേണ്ടതല്ലേ? നമ്മുടെ നാട്ടിൽ അനാവശ്യമായ വിവാദങ്ങൾക്ക് എന്തിനാണ് സർക്കാർ വഴിവയ്ക്കുന്നത്? ആരോടെങ്കിലും പ്രത്യേകമായ ഫേവറൈറ്റിസം കാണിക്കേണ്ട കാര്യമെന്താണ്; അപ്പോൾ ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം സർക്കാരിന്റെ ഫൈനാൻഷ്യൽ മാനേജ്മെന്റ് തകർന്നിരിക്കുന്നുവെന്നതും നാം കൂടുതൽ കൂടുതൽ കടക്കെണിയിലേയ്ക്ക് എത്തുന്നുവെന്നുള്ളതും വളരെ വ്യക്തമായ കാര്യമാണ്. ഒന്നിനും വ്യക്തതയില്ലാതെ, ട്രാൻസ്പരൻസി ഇല്ലാതെ കാര്യങ്ങൾ ചെയ്യുന്നുവെന്നുള്ളതാണ്.

കടത്തിന്റെ ശതമാനം നോക്കാം. ഇടതു സർക്കാരിന്റെ കാലത്ത് കടം ഉയരുകയാണ്. 2015-16-ൽ യു.ഡി.എഫ്.ന്റെ കാലത്ത് 28.21 ശതമാനമായിരുന്ന കടം 2016-17-ൽ എൽ.ഡി.എഫ്.ന്റെ കാലത്ത് 30.22 ശതമാനമായി വർദ്ധിച്ചു. 2018-19-ൽ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 30.70 ശതമാനം കടം. ഇങ്ങനെ കടം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നോൺ പ്രൊഡക്ടീവായ കാര്യങ്ങൾക്കുവേണ്ടി ഈ പണം ചെലവഴിക്കുന്നു. സംസ്ഥാനത്തെ കടക്കെണിയിലെത്തിക്കുന്നു. പ്രൊഡക്ടീവായ ഒരു കാര്യവും ഇവിടെ നടക്കുന്നില്ല. സാമ്പത്തിക മാനേജ്മെന്റ് രംഗത്തുണ്ടായിരിക്കുന്ന ഈ ഗുരുതരമായ അവസ്ഥ അതീവ ഗൗരവത്തോടുകൂടി സംസ്ഥാനത്തെ ജനങ്ങൾ മനസ്സിലാക്കണമെന്നുള്ളതുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ പറഞ്ഞത്. ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞുതുടങ്ങിയത് ധന ഉത്തരവാദിത്ത നിയമം അവതരിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വം മറന്നുപോയി എന്നാണ്. ആ മറവി ഇപ്പോൾ ഈ രണ്ടുവർഷം കൊണ്ടല്ല, പതിനാലാം ധനകാര്യ

കമ്മീഷന്റെ അവാർഡ് വന്നിട്ട് രണ്ടുവർഷം യു.ഡി.എഫ്. സർക്കാരുമുണ്ടായിരുന്നു. ആ മറവി അന്ന് തുടങ്ങിയതാണ്. ഏതായാലും നമുക്ക് ഇപ്പോൾ ഇത് തിരുത്തിയേ മതിയാകൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത് നേരത്തെ അസംബ്ലിയിൽ ഇതിനെ എതിർത്ത് സംസാരിച്ചിട്ടില്ലേ എന്നാണ്. 2003-ലെ മൂലനിയമം പാസ്സാക്കിയ വേളയിൽ അങ്ങ് നടത്തിയ പ്രസംഗം വായിച്ചിരുന്നുവെങ്കിൽ ഇതിനേക്കാൾ നിശിതമാണ്. ആ നിലപാടിൽ മാറ്റവുമില്ല. എന്താണ് നിലപാട്; റവന്യൂ കമ്മി കുറച്ചുകൊണ്ടുവരിക എന്നുപറയുന്നത് അഭികാമ്യമാണെങ്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം പ്രായോഗികമായി നടപ്പാക്കാൻ വലിയ പ്രയാസമാണ്. അതിന്റെ കാരണങ്ങളൊക്കെ വിശദീകരിക്കുന്നുണ്ട്. നമ്മുടെ സോഷ്യൽ എക്സ്പെൻഡിച്ചറിന്റെ ഘടനവച്ച് നോക്കുമ്പോൾ, ധനകമ്മി 3 ശതമാനത്തിൽ നിർത്തുന്നത് സാമ്പത്തിക ശാസ്ത്രപരമായിട്ടോ പ്രായോഗികമായിട്ടോ ഒരു യുക്തിയുമുള്ളതല്ല. അന്നും ഇന്നും ഈ നിലപാട് തന്നെയാണുള്ളത്. പിന്നെ എന്തിനാണ് ഇത് ചെയ്യുന്നത്; ഈ അഭിപ്രായമൊക്കെയാണെങ്കിലും ഇൻഡ്യൻ ഫിസ്കൽ ഫെഡറലിസത്തിന്റെ ഫ്രെയിംവർക്കിൽ നിന്നുകൊണ്ടുമാത്രമേ ഒരു സംസ്ഥാന സർക്കാരിനും ധനമന്ത്രിക്കും പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ആ അഭിപ്രായം മാറ്റിവച്ചതു കൊണ്ടല്ല, ഒരു ധനകമ്മീഷൻ വരുന്നുണ്ട്, അപ്പോൾ ഇങ്ങനെയൊരു നിയമം പോലും നിങ്ങൾ ഭേദഗതി ചെയ്തിട്ടില്ല എന്നൊരു വിമർശനത്തിലേയ്ക്ക് പോകാൻ പാടില്ല. എന്നാൽ അതിന്റെ അർത്ഥം ഇത് നിരർത്ഥകമാണെന്നാണോ; അല്ല. ധനകമ്മി 3.1 ശതമാനമായി ഇപ്പോൾ നമ്മൾ ചുരുക്കിക്കഴിഞ്ഞിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ 2016-17-ൽ 4.1 ശതമാനം, 2017-18-ൽ 3.4 ശതമാനം എന്നാക്കി ചുരുക്കി. പുതുക്കിയ ബജറ്റിൽ അത് 3.3 ശതമാനം മാത്രമാണ്. 2018-19-ൽ അത് 3.1 ശതമാനമായി. ധനക്കമ്മി 3 ശതമാനത്തിലേയ്ക്ക് കുറയ്ക്കുകതന്നെ ചെയ്യും. ഒരു സംശയവും വേണ്ട. എന്നാൽ റവന്യൂ കമ്മിയിൽ അങ്ങ് പറഞ്ഞതുപോലെ പ്രശ്നമുണ്ട്. റവന്യൂ കമ്മി 2016-17-ൽ 2.5 ശതമാനം എന്നാണ് അങ്ങ് ഉദ്ധരിച്ചത്. പക്ഷെ 2017-18-ലെ ബജറ്റിൽ 2.1 ശതമാനമാണ്. 2017-18-ന്റെ പുതുക്കിയ കണക്ക് keep ചെയ്യാൻ കഴിയുമെന്നാണ് ഉറച്ച വിശ്വാസം. 1.9 ശതമാനമാക്കി. 2018-19-ലേയ്ക്ക് 1.6 ശതമാനമാണ്. ആ റവന്യൂ കമ്മി ഗണ്യമായി കുറച്ച് കൊണ്ടുവരണം. റവന്യൂ കമ്മി കുറയ്ക്കുകയെന്ന് പറഞ്ഞാൽ അതിനർത്ഥം നമ്മളെടുക്കുന്ന വായ്പയിൽ കൂടുതൽ പങ്ക് മൂലധനച്ചെലവിന് മാറ്റിവയ്ക്കുക എന്നതാണ്. അതുകൊണ്ട് ഇവിടെ സ്വീകരിക്കുന്ന നയസമീപനം റവന്യൂ കമ്മി എത്രവേണമെങ്കിലും കൂടിക്കോട്ടെ എന്നതല്ല, മറിച്ച് ധവളപത്രത്തിൽ പറഞ്ഞതുപോലെ വീണ്ടുമൊരു തിരുത്തൽ, റവന്യൂ കമ്മി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വളരെ താഴ്ന്നതിൽനിന്നും വീണ്ടും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉയർന്നത് വീണ്ടും കുറച്ചുകൊണ്ടുവരും. ആദ്യത്തെ വർഷം കഴിഞ്ഞിട്ടില്ല.

എന്നിട്ടും ആ കുറവ് വന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു നടത്തിയ ചില പരാമർശങ്ങൾക്കു മറുപടി പറയാതെ പോകുന്നത് ശരിയല്ല. ശ്രീ. പി. കെ. ശശി ഇവിടെ ആറുവർഷത്തെ കണക്കുകളുടെ പേരും പറഞ്ഞ് ചെറുകിട വ്യാപാരികളെ വിളിക്കാൻ പാടില്ലായെന്ന് പറഞ്ഞു. ഇല്ല. മിസ്സിംഗ് കണക്കുകൾ മാത്രമേ നോക്കുകയുള്ളൂ. ഒരു കോടി രൂപയേക്കാൾ കൂടുതൽ ടേൺ ഓവറുള്ള വ്യാപാരികളുടെ കണക്ക് നോക്കാം. അത് കൃത്യമായി പരിശോധിച്ച് കഴിഞ്ഞിട്ട് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നമുക്ക് കൂട്ടായിട്ട് തീരുമാനിക്കാം. പരിശോധന നടക്കണം. അതുകൊണ്ട് ചെറുകിട വ്യാപാരികൾക്കൊന്നും ഇതിന്റെ പ്രശ്നങ്ങളും പ്രയാസങ്ങളും ഉണ്ടാവില്ല.

ശ്രീ. ചിറ്റയം ഗോപകുമാർ ചെക്ക്പോസ്റ്റുകളെക്കുറിച്ച് പറഞ്ഞു. ശരിയാണ്. എൻഫോഴ്സ്മെന്റ് കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. വായ്പയെടുക്കുന്നത് ഭാവിയെ അപകടത്തിലാക്കുന്ന ഏർപ്പാടൊന്നുമല്ല. കാരണം അന്നന്നുള്ള പണംകൊണ്ട് മാത്രമാണ് ചെലവ് നടത്താൻ പോകുന്നതെങ്കിൽ ഉണ്ടാകുന്ന അവസ്ഥ എന്തായിരിക്കും? കേന്ദ്ര സർക്കാർ നിയമത്തിൽ പറയുന്ന യുക്തിയൊന്നും ഞാൻ അംഗീകരിക്കുന്നില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഇവിടെ പറഞ്ഞത്, നമ്മൾ ഇന്ന് പാസ്സാക്കിയ എഫ്.ആർ.ബി.എം. ആക്ടിന്റെ അമെന്റ്മെന്റ് ആ ആക്ടിന്റെ താല്പര്യം കടങ്ങൾ ഒരുപാട് വാരിക്കൂട്ടുകയും വരുംകാലത്തെ തലമുറകൾക്ക് അവകാശപ്പെട്ടതുപോലും ഇപ്പോൾ വിനിയോഗിക്കുന്നത് നിർത്തൽ ചെയ്യാനാണ് ഇങ്ങനെയൊരു ആക്ടെന്നാണ്. അപ്പോൾ ആ ആക്ടിന് ഭേദഗതി കൊണ്ടുവന്നുകൊണ്ട് കിഫ്ബിയിൽ നമ്മൾ ധാരാളം പണം വാങ്ങുന്നത് പരസ്പര വിരുദ്ധമാണെന്നാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഒരിക്കൽ പറഞ്ഞതുതന്നെ വീണ്ടും റിപ്പീറ്റ് ചെയ്യണ്ട. അത് നമ്മളെല്ലാവരും കേട്ടതാണ്. ഞാൻ പറഞ്ഞത്, ഇത്തരത്തിൽ കേരളത്തിൽ പശ്ചാത്തല സൗകര്യങ്ങളുണ്ടാകുന്നതിന്റെ നേട്ടം നാളെയാണ് വരുന്നത്. ഇന്നൊരു റോഡ് പണിതതുകൊണ്ട് ഇൻവെസ്റ്റ്മെന്റ് ചാടിവരാൻ പോകുന്നില്ല. ഇതൊരുക്കുന്നത് നാളെയുടെ വളർച്ചയുടെ വേഗത വർദ്ധിപ്പിക്കുകയാണ് ചെയ്യുക. ഭാവിയെ കണ്ടുകൊണ്ടാണ് ഇത്തരത്തിലൊരു നിലപാട് സ്വീകരിക്കുന്നത്. അപ്പോൾ ഇത് അവതരിപ്പിക്കുമ്പോൾ തന്നെ അതിന് കീഴടങ്ങി നിൽക്കാനാണോ; അല്ല. നിങ്ങൾ വിമർശിക്കുന്ന കിഫ്ബി ഇതിൽനിന്ന് വഴിമാറി നടക്കാനുള്ളൊരു സന്ദർഭമാണ്. കിഫ്ബിയെക്കുറിച്ച് പ്രതിപക്ഷനേതാവ് ഇന്നലെ ഉന്നയിച്ച പ്രശ്നങ്ങൾ വീണ്ടും ആവർത്തിച്ചിരിക്കുകയാണ്. അതുകൊണ്ട് ഞാൻ അത് കൃത്യമായി

വിശദീകരിക്കാം. ഒന്ന്, കിഫ്ബിയെന്ന് പറയുന്ന ധനകാര്യ സ്ഥാപനം വലിയ തോതിൽ വായ്പയെടുക്കേണ്ടി വരും. അമ്പതിനായിരം കോടി രൂപയുടെ വായ്പയെടുക്കേണ്ടിവരും. ആ വായ്പയെടുക്കുന്നത് നമ്മൾ ചെലവാക്കുന്നതിന്റെ കൃത്യമായ കണക്ക് നോക്കിയിട്ടല്ല. മറിച്ച്, പലിശ എപ്പോൾ കുറഞ്ഞുനിൽക്കുന്നോ അപ്പോൾ കൂടുതൽ വായ്പയെടുക്കും. നമ്മൾ വായ്പയെടുക്കുന്നത് ഒരുമിച്ചായിരിക്കും. ചെലവാക്കുന്നത് നമ്മുടെ ബില്ലുകൾ വരുന്ന മുറയ്ക്കായിരിക്കും. അതുകൊണ്ട് ഈ അസറ്റ് - ലയബിലിറ്റി മാച്ച് എന്നുപറയുന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഈ പണം നമ്മുടെ ട്രഷറിയിലിട്ടു കഴിഞ്ഞാൽ സ്പെഷ്യൽ ടി.എസ്.പി. അക്കൗണ്ട് പലിശ കൊടുക്കുന്നില്ല. നമുക്ക് വേണമെങ്കിൽ വേറെ ഏതെങ്കിലും ബാങ്കിൽ ഡെപ്പോസിറ്റായി ഇടാം. ആ കിട്ടുന്ന പലിശ സുരക്ഷിതമാണ്. അതെല്ലാം നമ്മൾ ഇൻവെസ്റ്റ് ചെയ്യുകയാണ്. കിഫ്ബി വായ്പയെടുക്കാനുള്ള ശേഷി, അതിന്റെ ക്രെഡിറ്റ് റേറ്റിംഗ് നിങ്ങളുടെ ഇൻവെസ്റ്റ്മെന്റ് എത്രമാത്രം ഫലപ്രദമാണ് എന്നതിനെക്കൂടി ആശ്രയിച്ചിരിക്കും. ഇത് ചെയ്യാൻ പ്രാപ്തിയും കഴിവുമുള്ള ആളുകളെയാണ് ഇൻവെസ്റ്റ്മെന്റ് മാനേജിംഗ് കമ്മിറ്റിയിൽ വച്ചിരിക്കുന്നത്. SEBI (Securities and Exchange Board of India)-യുടെ ഫോർമർ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ജെ.എൻ ഗുപ്ത, ഇൻഷ്വറൻസ് റെഗുലേഷൻ ഡെവലപ്മെന്റ് അതോറിറ്റിയുടെ ഇപ്പോഴത്തെ മെമ്പർ ശ്രീ. രാധാകൃഷ്ണൻ, നേരത്തെ അദ്ദേഹം SEBI-യുടെ മെമ്പറായിരുന്നു. നമ്മുടെ സി.ഇ.ഒ. SEBI-യുടെ എക്സിക്യൂട്ടീവ് ഡയറക്ടറായിട്ടുണ്ടായിരുന്ന മാന്യദേഹമാണ്. ഇങ്ങനെയുള്ളൊരു കമ്മിറ്റിയെയാണ് ഇത് പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും നിയോഗിച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങൾ ചെയ്ത് കഴിവും പ്രാപ്തിയും തെളിയിച്ചിട്ടുള്ളവർ. അതിന് ഉപയോഗിക്കുന്ന തത്വമെന്താണ്? രണ്ട് കാര്യങ്ങളുണ്ട്. നമ്മുടെ പണം സുരക്ഷിതമായിരിക്കണം, റിസ്ക് കുറയ്ക്കണം. രണ്ട്, നമ്മുടെ വരുമാനം കൂട്ടണം. അത് പരമാവധിയാണ്. ഇത് രണ്ടും ഒരുമിച്ച് കൊണ്ടുപോകാൻ പ്രയാസമാണ്. റിസ്ക് കൂടുന്തോറും വരുമാനം കൂടും. പക്ഷെ വലിയ വരുമാനത്തിന് പോയാൽ ഇത് പൊളിയുമ്പോൾ നമ്മുടെ സുരക്ഷിതത്വം ഉണ്ടാകില്ല. അതിന്റെ പിന്നിലൊരു ശാസ്ത്രമുണ്ട്, കലയുണ്ട്. റിസ്ക് കുറയ്ക്കാനുള്ള മാർഗ്ഗമെന്ത്; അതിപ്പോൾ നമ്മൾതന്നെ കണക്കുകൂട്ടുന്നതിനെക്കാൾ നല്ലത് SEBI അപ്രൂവ്ഡ് ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ, എത്രമാത്രം റിസ്ക് ഓരോ സ്ഥാപനത്തിനുമുണ്ടെന്നുള്ള അവരുടെ വിലയിരുത്തൽ നോക്കാം. ആ വിലയിരുത്തൽ എടുത്തുകഴിഞ്ഞാൽ പിന്നെ രണ്ടാമത്തെ paramount തത്വമെന്തെന്നാൽ ഏറ്റവും കൂടുതൽ പലിശ കിട്ടുന്ന ബാങ്കിൽ കൊണ്ടിടലല്ല, മറിച്ച് diverse effect portfolio ആണ്. ആ diversification-ൽ നിന്നാണ് റിസ്ക് പരമാവധി കുറയ്ക്കുന്നത്. കൃത്യമായി ഗ്രാഫ്

വരച്ചിട്ടുണ്ടെങ്കിൽ portfolio diversification വർദ്ധിക്കുന്തോറും നമ്മുടെ റിസ്ക് കുറഞ്ഞുകൊണ്ടിരിക്കും. ഒരു ഘട്ടം കഴിയുമ്പോൾ പിന്നെ കുറവ് നിൽക്കും. ഇത് രണ്ടും സംയോജിപ്പിച്ച് കൊണ്ടുപോകാൻ നമുക്ക് കഴിയണം. ഈ രണ്ട് കാര്യങ്ങൾ - ഒന്ന്, diversify ചെയ്യണം. രണ്ട്, നമുക്ക് നല്ല റിട്ടേൺ കിട്ടുന്ന ഇൻവെസ്റ്റ്മെന്റ് വേണം. ഈ തത്വങ്ങൾ പാലിച്ചുകൊണ്ടാണോ 1224 കോടി രൂപ ഇൻവെസ്റ്റ് ചെയ്തിട്ടുള്ളതെന്നാണ് ഇവിടെ ചോദിക്കാനുള്ളത്. ആദ്യത്തെ പ്രശ്നം ഇത് പ്രൈവറ്റ് ബാങ്കിലിടാൻ പാടുണ്ടോ; നാഷണലൈസ്ഡ് ബാങ്ക് അല്ലെങ്കിൽ sovereign bonds ഇതിൽ മാത്രമേ ഇൻവെസ്റ്റ് ചെയ്യാൻ പാടുള്ളൂ എന്നാണ് ഒരു വാദമുണ്ടായിരുന്നത്. ആ വാദത്തിനുള്ള വിശദീകരണം തൊട്ടുതാഴെയുള്ള എക്സ്പ്ലനേഷനിൽ വരുന്നുണ്ട്. അതാണ് ഞങ്ങളെടുക്കുന്ന നിലപാട്. For the purpose of this sub section prudent investment shall mean those investments which can carry the highest rating from appropriate regulatory body or credit rating agency for their class of investment. ഇത് പൊതുമേഖലയിലാണോ അല്ലയോ എന്നുള്ളതല്ല നിയമത്തിൽ പാസ്സാക്കിയിട്ടുള്ളത്. മറിച്ച് ….. investments which carry highest rating of appropriate regulatory body. അങ്ങനെ നോക്കുമ്പോൾ ഈ റെഗുലേറ്ററി ഏജൻസി highest rating കൊടുക്കുന്ന സ്ഥാപനം നാഷണലൈസ്ഡ് ബാങ്ക് മാത്രമല്ല. അപ്പോഴാണ് രണ്ടാമത്തെ ചോദ്യം വരുന്നത്. ഇൻവെസ്റ്റ്മെന്റ് എന്നല്ലേ പറഞ്ഞിരിക്കുന്നത്, ഡെപ്പോസിറ്റ് എന്നല്ലല്ലോയെന്ന്. അതിന്ന് അങ്ങ് ചോദിച്ചില്ല. ഇന്നലെ ശ്രീ. വി. ഡി. സതീശൻ ചോദിച്ചു. ഇൻവെസ്റ്റ്മെന്റെന്ന് പറയുന്ന ജനറിക് കാറ്റഗറി നമ്മൾ അക്കാദമിക് ആയിട്ടും പ്രായോഗികമായിട്ടും തരംതിരിക്കുന്നത് രണ്ട് തരത്തിലാണ്. ഒന്ന്, fixed income investments. രണ്ട്, variable income investment അല്ലെങ്കിൽ equities. ആദ്യം പറഞ്ഞ fixed income investment കാറ്റഗറികളിൽ മൂന്നിനങ്ങൾ വരാം.

(1) ഡെപ്പോസിറ്റ് (2) ഫിക്സഡ് റിട്ടേൺ തരുന്ന ബോണ്ടുകളിലും മറ്റുമുള്ള ഇൻവെസ്റ്റ്മെന്റ് (3) ഡിറോവേറ്റീവ്സ്. ഇനി, ഇക്വിറ്റിയാകാം, അത് വേറെ കാറ്റഗറിയാണ്. അതിൽ നിന്നും എന്ത് റിട്ടേൺ കിട്ടുമെന്നുള്ള കാര്യത്തിൽ ഉറപ്പില്ല. മ്യൂച്വൽ ഫണ്ടുകളാകാം. അതല്ലെങ്കിൽ ഇതിന്റെയെല്ലാം ഡിറോവേറ്റീവ്സിലേയ്ക്ക് പോകാം. ഇതാണ് ക്ലാസ്സിഫിക്കേഷൻ. ഇൻവെസ്റ്റമെന്റ് എന്ന് ഇവിടെ പറയുന്നതിൽ ഡെപ്പോസിറ്റും പെടും. അല്ലാതെ ബോണ്ടിലുള്ള നിക്ഷേപം മാത്രമല്ല. ഇപ്പോൾ മൂന്നാമത് ഒരു ചോദ്യം വരുന്നുണ്ട്. നിങ്ങൾ എങ്ങനെയാണ് ഈ ബാങ്കുകളെ തെരഞ്ഞെടുക്കുന്നത്? ട്രിപ്പിൾ എ റേറ്റിംഗുള്ള ബാങ്കുകളെ മാത്രമെ എടുക്കുകയുള്ളൂ എന്നതാണ് കണ്ടീഷൻ. സെബി അപ്രൂവ്ഡ് റേറ്റിംഗ് ഏജൻസികൾ ട്രിപ്പിൾ എ നൽകിയ ബാങ്കുകളിൽ മാത്രമേ നമ്മൾ

ഇൻവെസ്റ്റ് ചെയ്യുകയുള്ളൂ. അങ്ങനെയുള്ള ഏത് ബാങ്കിനും സ്ഥാപനത്തിനും നമ്മളുമായി ബന്ധപ്പെടാം. അതുണ്ടെങ്കിൽ നമ്മൾ രജിസ്റ്റർ ചെയ്യും. രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ഓരോ തവണയും നിക്ഷേപം നടത്താനുദ്ദേശിക്കുമ്പോൾ ഞങ്ങൾക്ക് ഇത്രയും ഓഫറിംഗുണ്ട്, നിങ്ങൾ എത്ര റേറ്റിംഗിൽ തരുമെന്ന് കാണിച്ച് ഇവർക്കെല്ലാം ഓട്ടോമാറ്റിക്കായി ഇ-മെയിൽ പോകും. അവർ റേറ്റ് ക്വാട്ട് ചെയ്യും. അതിൽ ഏറ്റവും ഉയർന്ന റേറ്റ് ക്വാട്ട് ചെയ്യുന്നവർക്ക് കൊടുക്കുന്നു. കൂടുതൽ പണമില്ലെങ്കിൽ ഹയ്യസ്റ്റ് ക്വാട്ട് ചെയ്യുന്ന ഒരാൾക്ക് മാത്രം കൊടുക്കും. ഇല്ലെങ്കിൽ ഡൈവേഴ്സിഫിക്കേഷൻ വച്ച് രണ്ടാമത്തെയാളെ എടുക്കും. ഇത്തരത്തിൽ സുതാര്യമായ രീതിയിലാണ് ഇത് ചെയ്യുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 29-1-2018-ൽ 7.16 ശതമാനത്തിനാണ് ഇൻഡസ് ബാങ്കിൽ നിക്ഷേപിക്കുന്നത്. അതേ ദിവസം തന്നെ യെസ് ബാങ്കിൽ 7.40 ശതമാനത്തിനും നിക്ഷേപിക്കുകയാണ്. ഈ വ്യത്യാസം മനസ്സിലാകുന്നില്ല. ഉയർന്ന റേറ്റിനാണ് കൊടുക്കുന്നതെങ്കിൽ ഒരിടത്ത് മാത്രം നിക്ഷേപിച്ചാൽ പോരേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബേസിക്കായ ചില കാര്യങ്ങളുണ്ട്. 250 കോടി രൂപയാണ് അന്ന് നിക്ഷേപിക്കുന്നത്. 250 കോടി രൂപ ഒരു ബാങ്കിൽ മാത്രമായി നിക്ഷേപിക്കുകയില്ല. അത് ഡൈവേഴ്സിഫൈ ചെയ്യും. എന്തുകൊണ്ട് അത് യെസ് ബാങ്കിന് മാത്രമായി കൊടുത്തില്ല? യെസ് ബാങ്കിന് ആ ദിവസം ഔട്ട്സ്റ്റാന്റിംഗായി നമ്മുടെ നിക്ഷേപം വേറെയുണ്ട്. അപ്പോൾ ഇത്രയും വലിയ നിക്ഷേപം ഒരു ബാങ്കിൽ മാത്രമായി ഇടുന്നത് ശരിയല്ല. അതാണ് ഇൻവെസ്റ്റ്മെന്റ് കമ്മിറ്റിയുടെ തീരുമാനം.

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ട് പ്രധാനപ്പെട്ട ചോദ്യങ്ങളുണ്ട്. അങ്ങ് ഇവിടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ പേരെല്ലാം വായിച്ചു. ഞാൻ ഇപ്പോഴും ഉറച്ച നിലപാടിൽ നിൽക്കുന്നു. എന്റെ ചോദ്യം, whether this Board of Directors have any right to take a decision against the provisions of this Act? അങ്ങ് ഈ ആക്ടിലെ പ്രൂഡന്റ് ഇൻവെസ്റ്റ്മെന്റ് എന്ന എക്സ്പ്ലനേഷനെ സൗകര്യത്തിനുവേണ്ടി ഇന്റർപ്രെട്ട് ചെയ്യുകയാണ്. ക്രെഡിറ്റ് റേറ്റിംഗ് ഏജൻസിയായി അങ്ങ് പറയുന്നത് സെബിയെയാണ്. സെബിയിൽ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന, ഇപ്പോഴും സെബിയിൽ അംഗമായ രണ്ടുപേരെ വച്ച് ക്രെഡിറ്റ് റേറ്റിംഗ് ഏജൻസിയെക്കൊണ്ട് ഈ ബാങ്കുകളുടെ പേര് എഴുതിവാങ്ങി ഡെപ്പോസിറ്റ് ചെയ്യുക എന്നുപറഞ്ഞാൽ, ഞങ്ങൾ പറയുന്നത് നിങ്ങൾ ഇതിന്

മുമ്പെടുത്ത സ്റ്റാന്റിന് വ്യത്യസ്തമായ നിലപാടെടുക്കുന്നു എന്നുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മെട്രോയുടെ 50 ലക്ഷം രൂപ ആക്സിസ് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തപ്പോൾ വലിയ അഴിമതി ഉന്നയിച്ചുകൊണ്ട് സഭ മറിച്ചുവച്ചവരാണ് നിങ്ങൾ. 50 ലക്ഷം രൂപയ്ക്കുവേണ്ടി പ്രശ്നമുണ്ടാക്കിയ ആളുകൾ 1227 കോടി രൂപ ഈ ബാങ്കുകളിൽ കൊണ്ടുപോയി നിക്ഷേപിക്കുകയാണ്. ഇത് വളരെ വ്യക്തമാണ്. What was the purpose of this provision? What was the entire intention of this provision? ഇത്തരം സ്ഥാപനങ്ങളിൽ കൊണ്ടുപോയി നിക്ഷേപിക്കാതെ ഏറ്റവും സേഫായ സ്ഥലങ്ങളിൽ നിക്ഷേപിക്കണമെന്ന ഇന്റൻഷനാണ് ഉണ്ടായിരുന്നത്. അതിനെ ലംഘിച്ചുകൊണ്ടാണ് ഇപ്പോൾ ഈ നടപടി സ്വീകരിച്ചിരിക്കുന്നത്. അങ്ങയുടെ കീഴിലുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സ് ചെയ്തിരിക്കുന്ന തെറ്റായ നടപടികളെ നിയമം തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് അങ്ങ് ന്യായീകരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരുമിച്ച് ഈ പണം ഒരു ബാങ്കിൽ ഇട്ടത് ശരിയല്ല. കൊടെക് മഹീന്ദ്രയിൽ 500 കോടി രൂപ എങ്ങനെയാണ് നിക്ഷേപിച്ചത്; 250 കോടി രൂപയാണ് മറ്റ് ബാങ്കുകളിലിട്ടത്. കൊടെക് മഹീന്ദ്രയിൽ മാത്രം 500 കോടി രൂപ ആരുടെ ഉപദേശപ്രകാരമാണ് നിക്ഷേപിച്ചത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. വി. ഡി. സതീശന്റെ വാദം ഞാനും അംഗീകരിക്കുന്നില്ല. നിയമത്തിൽ അതിനുള്ള അവകാശമുണ്ട്. സെബി എക്സിക്യൂട്ടീവ് ഡയറക്ടേഴ്സിനെ നിങ്ങൾക്ക് വിശ്വാസം പോരെങ്കിൽ ഇതിൽ ഫണ്ട് ട്രസ്റ്റ് അഡ്വൈസറി കമ്മിറ്റിയുണ്ട്. അതിന്റെ റിപ്പോർട്ട് നിയമസഭയിൽ വച്ചിട്ടുണ്ടല്ലോ. ആ റിപ്പോർട്ടിൽ ഇതിന്റെ അവസാനത്തെ നിക്ഷേപമൊഴിച്ച് ബാക്കിയുള്ളതിന്റെ കണക്ക് ഏജൻസിവൈസ് നൽകിയിട്ടുണ്ട്. ആരാണ് ഫണ്ട് ട്രസ്റ്റി? വിനോദ് റോയ് - മുൻ സി & എ.ജി.യായിരുന്നു. റിസർവ് ബാങ്കിന്റെ ഡെപ്യൂട്ടി ഗവർണർമാരായിട്ടുള്ള ഉഷാ തോറാട്ടും രാധാകൃഷ്ണനും. ഞാൻ അവരെ ട്രസ്റ്റ് ചെയ്യുന്നു. അവർ പറയുന്നു ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തപ്രകാരം തന്നെയുള്ളതാണെന്ന് പറഞ്ഞാൽ I trust them. ചർച്ച ചെയ്യുന്നതിനും ചോദ്യം ചെയ്യുന്നതിനുമെല്ലാം താങ്കൾക്ക് സ്വാതന്ത്ര്യമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെയാണെങ്കിൽ ഇങ്ങനെയൊരു നിയമമുണ്ടാക്കേണ്ട ആവശ്യമില്ലായിരുന്നു. ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാനിക്കുന്ന സ്ഥലത്ത് ഇൻവെസ്റ്റ്മെന്റ് നടത്തുമെന്ന് നിയമത്തിൽ പറഞ്ഞാൽ മതിയായിരുന്നു. അത് ചെയ്തില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, നിയമത്തിൽ വ്യവസ്ഥ ചെയ്തതുപോലെ തന്നെയാണ് കിടക്കുന്നത്. നിയമത്തിൽ prudent investment with highest rating എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഉടമസ്ഥതയുടെ അടിസ്ഥാനത്തിലല്ല. അതുകൊണ്ടാണ് എഫ്പാക് ഇതിന് അംഗീകാരം കൊടുത്തിട്ടുള്ളത്. അപ്പോൾ അടുത്ത ചോദ്യം, എന്തിനാണ് നിങ്ങൾ സേവിംഗ്സ് ബാങ്കിൽ ഇട്ടതെന്നാണ്. സേവിംഗ്സ് ബാങ്കിൽ ഇട്ടതിന് കാരണം ആവശ്യമായ പണം ഫിക്സഡ് ഡെപ്പോസിറ്റിൽ നിന്നും എടുത്തുകൊടുക്കാൻ കഴിയില്ല. നമുക്ക് പേമെന്റ് നടത്തണം. അപ്പോൾ ചോദ്യം, അതിന് 500 കോടി രൂപ ഇടണോ; ആകെ 350 കോടി രൂപയല്ലേ ചെലവാക്കിയിട്ടുള്ളൂ. വിവിധ നിർവ്വഹണ ഏജൻസികൾ അടുത്ത മാസത്തേയ്ക്കും അടുത്ത വർഷത്തേയ്ക്കുമുള്ള അവരുടെ പേമെന്റ് ഷെഡ്യൂളുകൾ തന്നിട്ടുണ്ട്. ആ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് പണം വയ്ക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുന്നത്. അതിൽ പലതും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചാണ്. ഭൂമി ഏറ്റെടുക്കുന്നതിന് ബുള്ളറ്റ് പേമെന്റാണ്. ഇവിടെയുണ്ടായിരുന്ന സാഹചര്യം എന്താണ്; എഫ്.എ.സി.ടി.യുടെ ഭൂമി ഏറ്റെടുക്കേണ്ടിവരികയാണെങ്കിൽ അതിനുള്ള തയ്യാറെടുപ്പ് വേണം. അതുകൂടി കണക്കിലെടുക്കുമ്പോൾ 500 കോടി രൂപ അതിരു കവിഞ്ഞെന്ന് നിങ്ങൾക്ക് പറയാൻ കഴിയില്ല. കാരണം ഈ സ്ഥാപനത്തിന്റെ വിശ്വാസ്യത എപ്പോൾ ബിൽ സമർപ്പിക്കുന്നോ ഓൺലൈനായി ബിൽ പേമെന്റ് നടക്കുന്നുവെന്നുള്ളതാണ്. അതുകൊണ്ട് ആ റിസ്ക് നമുക്ക് എടുക്കാൻ കഴിയില്ല.

അങ്ങയുടെ ചോദ്യം, കൊടെക് മഹീന്ദ്രയിൽ 500 കോടി രൂപ നിക്ഷേപിച്ചത് എന്തിനാണ്? കൊടെക് മഹീന്ദ്രയിൽ 5.4 ശതമാനവും എസ്.ബി.ഐ.-യിൽ 4 ശതമാനവുമാണ് റിട്ടേൺ. ബാക്കിയുള്ള ബാങ്കുകൾ വന്നിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് നോക്കിയിട്ടേ പറയാൻ സാധിക്കുകയുള്ളൂ. എസ്.ബി.ഐ. 4 ശതമാനമാണ് തരുന്നത്. രണ്ട് പ്രാവശ്യം എസ്.ബി.ഐ. ക്വാട്ടിനുപോലും വന്നില്ല. സേവിംഗ്സ് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നതിന് പബ്ലിക് സെക്ടർ ബാങ്കുകൾ ക്വാട്ട് ചെയ്തിരിക്കുന്ന ശരാശരി പലിശ 5.3 ശതമാനമാണ്. അതേ സമയം മറ്റ് ബാങ്കുകളുടേത് 6.7 ശതമാനമാണ്. 6.7 ശതമാനം വരുമ്പോൾ എത്രയാണ് വ്യത്യാസമെന്നറിയാമോ; ഒരു വർഷം 16 കോടി രൂപ അധിക വരുമാനമായി കിഫ്ബിക്ക് കിട്ടുകയാണ്. റിസ്കുണ്ടോ; ഇത് പൂർണ്ണമായും ട്രിപ്പിൾ 'എ' റേറ്റിംഗുള്ളതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞങ്ങൾ പറഞ്ഞതിനല്ല അങ്ങ് മറുപടി പറയുന്നത്. ഞാൻ അങ്ങയോട് ചോദിച്ചത്

29-1-2018-ന് 7.16 ശതമാനത്തിനും 7.40 ശതമാനത്തിനും ഇൻവെസ്റ്റ്മെന്റ് നടത്തുന്നു. ഡൈവേഴ്സിഫിക്കേഷൻ ആവശ്യമാണെന്നാണ് അങ്ങ് പറഞ്ഞത്. ഒരേ ബാങ്കിൽതന്നെ ഇത്രയും തുക ഇടാൻ പാടില്ല. അപ്പോൾ കൊടെക് മഹീന്ദ്രയിൽ എങ്ങനെ 500 കോടി രൂപ നിക്ഷേപിച്ചു. അങ്ങ് അതിന് മറുപടി പറയുന്നില്ല. അവിടെ ഡൈവേഴ്സിഫിക്കേഷൻ വേണ്ടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മൾ സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കാൻ തുടങ്ങുമ്പോൾ പല ബാങ്കുകൾ ക്വാട്ട് ചെയ്തു. എത്ര ബാങ്കുകളുണ്ടെന്ന് പരിശോധിച്ചശേഷം പറയാം. ചിലപ്പോൾ അന്ന് ക്വാട്ട് ചെയ്ത ബാങ്കുകൾ പരിമിതമായിരിക്കാം. അല്ലെങ്കിൽ റിട്ടേണിൽ ഈ പറയുന്ന വ്യത്യാസമുണ്ടാകാം. അങ്ങനെ വന്നപ്പോൾ ട്രിപ്പിൾ റേറ്റിംഗുള്ള ഒരു സ്ഥാപനത്തിന് കൊടുത്തു.

4.00 PM]

ശ്രീ. വി. ഡി. സതീശൻ: സർ, അവിടെ അങ്ങ് കൊടെക് മഹീന്ദ്രയും ഇൻഡസ് ബാങ്കുമായല്ല കമ്പയർ ചെയ്യുന്നത്. നേരത്തെ പറഞ്ഞ 7.40%-ഉം 7.10%-ഉം രണ്ട് ന്യൂജെൻ ബാങ്കുകളാണ്. 500 കോടി രൂപയുടെ ഒറ്റ ഇൻവെസ്റ്റ്മെന്റിനെ സംബന്ധിച്ച് പറയുമ്പോൾ അങ്ങ് കമ്പയർ ചെയ്യുന്നത് ന്യൂജെൻ ബാങ്കുമായിട്ടല്ല, വേറൊരു നാഷണലൈസ്ഡ് ബാങ്കുമായിട്ടാണ്. അതിന്റെ 4 ശതമാനമാണ്. മറ്റ് ബാങ്കുകൾക്ക് അങ്ങ് എത്രയാണ് ഓഫർ ചെയ്തതെന്ന് പറയണം. രണ്ട് ന്യായീകരണം പറഞ്ഞതുകൊണ്ടാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, വേണമെങ്കിൽ ഇനിയും ഏതൊക്കെ ബാങ്കുകളാണ് ക്വാട്ട് ചെയ്തതെന്ന് പറയാൻ യാതൊരു തടസ്സവുമില്ല, പരിശോധിച്ചിട്ട് പറയാം. ഇപ്പോൾ ഞാൻ പരിശോധിച്ചിട്ടില്ല. അന്ന് ക്വാട്ട് ചെയ്ത പൊതുമേഖലാ ബാങ്കുകളുടെ റേറ്റാണ് ഞാൻ പറഞ്ഞത്. കൊടെക്കിന്റേതിൽ 1.7% വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ അത് വേണ്ടെന്നുവയ്ക്കാൻ കഴിയുമോ? അതിന്റെ ഫലമായി 16 കോടി രൂപയാണ് കിഫ്ബിക്ക് ലഭിക്കുന്നത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, അങ്ങ് ഇപ്പോൾ കമ്പയർ ചെയ്തത് നാഷണലൈസ്ഡ് ബാങ്കും ന്യൂജനറേഷൻ ബാങ്കുമാണ്. കൊടെക്കിന്റെ റേറ്റ് സാധാരണ ഇൻവെസ്റ്റ്മെന്റിൽ ഒരു ശതമാനം കൂടുതൽ എന്നുപറയുന്നത് it is a function of interest and time period. ഇതിൽ ടൈം പിരീഡ് എന്ന ഫംഗ്ഷനെക്കുറിച്ച് അങ്ങ് പറയുന്നില്ല. കൊടെക് ബാങ്ക് അഞ്ചരയോ ആറോ ശതമാനം തരുന്നതിന്റെ കാലാവധി എത്രയാണ്. പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റിൽ കൊടെക് സേവിംഗ്സിൽ മറ്റുള്ളവർ 9 ശതമാനം തരുമ്പോൾ കൊടെക് 10 ശതമാനം തരും. സമയം കുറവാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, എപ്പോൾ കിഫ്ബി ഈ പണം ഇന്ന അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ പറഞ്ഞാലും അവർ ട്രാൻസ്ഫർ ചെയ്യുന്നു. കൊടെക്കിനെ എടുത്തതിന്റെ പ്രധാനപ്പെട്ട കാരണം ഫിനാൻഷ്യൽ ട്രാൻസ്ഫർ സിസ്റ്റം നമ്മളുമായി പൂർണ്ണമായും ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ള ബാങ്ക് ആയതുകൊണ്ടാണ്. അവരാണ് ഇതിനുവേണ്ടി ഏറ്റവും കൂടുതൽ ശ്രമിക്കുന്നത്. മറ്റുള്ള ബാങ്കുകൾക്ക് പണം ട്രാൻസ്ഫർ ചെയ്യുന്നതിന് ഇതിനെക്കാൾ വലിയ കാലതാമസമുണ്ട്. അതുംകൂടി പരിഗണനയിലുണ്ട്. സേവിംഗ്സ് അക്കൗണ്ടാണ്, ടൈം കമ്പോണന്റല്ല.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, എല്ലാ ബാങ്കുമായും നമ്മുടെ ടേംസ് ആന്റ് കണ്ടീഷൻസ് ഇന്ററസ്റ്റ് നിരക്കൊഴിച്ച് ബാക്കിയെല്ലാം ഫ്ലാറ്റാണോ?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, എല്ലാം same തന്നെ. ബാക്കിയുള്ളതെല്ലാം 91 ദിവസത്തേയ്ക്കാണ്. 91 ദിവസത്തെക്കാൾ കൂടുതൽ ദൈർഘ്യത്തിൽ നമ്മൾ ഡെപ്പോസിറ്റ് ചെയ്യുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും ശ്രീ. വി. ഡി. സതീശനോടും പറയാനുള്ളത് I am making an offer. എന്ത് പ്രശ്നമുണ്ടോ, നിങ്ങൾക്ക് എന്ത് ക്ലാരിഫിക്കേഷൻ വേണമോ it should be open, come. ഏത് ഉദ്യോഗസ്ഥൻമാരുമായും സീനിയേഴ്സുമായും ഇരുന്ന് നിങ്ങൾക്ക് എന്ത് ക്ലാരിഫിക്കേഷനും വാങ്ങാം. ഞാൻ വീണ്ടും പറയുന്നു, ഒരു ഡിബേറ്റിലേയ്ക്ക് ഇതിനെ കൊണ്ടുപോകരുത്.

ശ്രീ. കെ. ദാസൻ സംസാരിച്ചപ്പോൾ പറഞ്ഞു പ്രതിപക്ഷത്തിന് കൂടുതൽ കൊട്ടുത്തുവെന്ന്. ചിലർക്കൊക്കെ കൂടുതൽ കിട്ടിയെന്ന് വരാം. പക്ഷെ പ്രതിപക്ഷ-ഭരണകക്ഷി വിവേചനത്തിനെക്കുറിച്ചുള്ള ഒരു ആരോപണംപോലും വയ്ക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? വരരുത് എന്ന ശാഠ്യം എന്തുകൊണ്ടാണ്? കാരണം കിഫ്ബിയെന്ന സ്ഥാപനത്തെ കോൺട്രവേഴ്സ്യലാക്കി മാറ്റിക്കഴിഞ്ഞാൽ ഒരു ഇൻവെസ്റ്റർ വരുമ്പോൾ ആദ്യം ഗൂഗിളിൽ സെർച്ച് ചെയ്തുനോക്കും. അപ്പോൾ ഗൂഗിളിൽ ആദ്യം ഈ തലക്കെട്ടാകും വരുന്നത്. അതുകൊണ്ട് ഞാൻ വയ്ക്കുന്ന ഓഫർ പ്രതിപക്ഷ നേതാവോ, പ്രതിപക്ഷ നേതാവ് നിയോഗിക്കുന്ന മറ്റാർക്കോ സി.ഇ.ഒ.യുമായിട്ടോ മറ്റ് ഉയർന്ന ഉദ്യോഗസ്ഥരുമായിട്ടോ ഏത് പ്രശ്നത്തെക്കുറിച്ചും മനസ്സിലാക്കാം. വിവരാവകാശ നിയമം വഴിയാകണമെന്നില്ല. വന്നാൽ തരും.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞങ്ങൾ മെട്രോ റെയിൽ പദ്ധതി തുടങ്ങിയശേഷം 50 ലക്ഷം രൂപ ആക്സിസ് ബാങ്കിലേയ്ക്ക് മാറ്റിയപ്പോൾ അങ്ങയുടെ ഈ ഗുഡ്‌വിൽ എവിടെപ്പോയിരുന്നു? അന്ന് ആ സ്ഥാപനത്തിന് ഈ ഗുഡ്‌വിൽ വേണ്ടായിരുന്നോ? അന്ന് ഈ നിയമസഭയിൽ എന്താണ് നടന്നത്? 50 ലക്ഷം രൂപ അഴിമതിക്കുവേണ്ടി കമ്മീഷൻ വാങ്ങിയാണ് നിക്ഷേപിച്ചതെന്നുള്ള

ആരോപണം ഈ സഭയിൽ കൊണ്ടുവന്നിരുന്നു. അന്നത്തെ സഭയിലുണ്ടായിരുന്നവർക്കെല്ലാം അത് ഓർമ്മയുണ്ടാകും. അന്ന് എവിടെപ്പോയിരുന്നു ഈ ഗുഡ്‌വിൽ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. വി. ഡി. സതീശൻ അത്ര ദേഷ്യപ്പെടേണ്ട. ഏതെങ്കിലും ടാൻസ്പരന്റായ പ്രൊസീഡ്യുവർ വച്ചാണോ അന്ന് നിങ്ങൾ ചെയ്തത്. ഇവിടെ എല്ലാ ബാങ്കുകൾക്കും ഈ റേറ്റിംഗ് ഉണ്ടെങ്കിൽ അപ്ലൈ ചെയ്യാം. ഓരോ തവണയും നിക്ഷേപം നടത്തുന്നതിനുമുമ്പ് അവർക്കെല്ലാവർക്കും മെസേജ് കൊടുക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ക്വാട്ട് ചെയ്യുന്നത്. ഈ പ്രൊസിഡ്യുവർ അന്ന് ഉണ്ടായിരുന്നോ? ഇതുമൂലം വേറെ ഏർപ്പാട് നടക്കില്ല. ഞാൻ വീണ്ടും നിങ്ങളോട് പറയുന്നു ശ്രീ. വി. ഡി. സതീശനോ പ്രതിപക്ഷത്തുള്ള മറ്റാർക്കോ ഈ രീതിയെക്കുറിച്ച് എന്ത് സംശയമുണ്ടെങ്കിലും come, we sit down and discuss. അവിടെ തീർന്നില്ലെങ്കിൽ പബ്ലിക് ഡിബേറ്റിൽ കൊണ്ടുവരാം. കാരണം ഇൻവെസ്റ്റർ ഗൂഗിളിൽ സെർച്ച് ചെയ്യുമ്പോൾ ഇതായിരിക്കും വരുന്നത്. ഇന്നലെ നടന്ന ചർച്ച എന്തൊക്കെ രീതിയിലാണ് ഇന്ന് പത്രങ്ങളിൽ വന്നത്. ഓരോ രീതിയിലാണ് എഴുതുന്നത്. അതുകൊണ്ട് ആളുകൾക്ക് മുഴുവൻ മനസ്സിലാകുകയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ നിയമത്തിൽ പറയുന്ന കാര്യങ്ങളാണ് ഞങ്ങൾ ഉദ്ധരിക്കുന്നത്. മൂന്ന് തരത്തിലുള്ള ഇൻവെസ്റ്റ്മെന്റിൽ അവസാനത്തേതാണ് പ്രൂഡന്റ് ഇൻവെസ്റ്റ്മെന്റ്. ഇതിനെ സംബന്ധിച്ച് അങ്ങ് പറയുന്ന ആരാണെങ്കിലും ശരി ഇത് പബ്ലിക് മണിയാണ്. ബാങ്കുകളിൽ public money നിക്ഷേപിക്കുന്ന കാര്യത്തിൽ ട്രാൻസ്പരൻസി വേണമെന്ന് പറയുന്നതിൽ എന്ത് തെറ്റാണുള്ളത്? ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഞങ്ങൾ ഇതിനെ അട്ടിമറിക്കാൻ നോക്കുകയല്ലല്ലോ? കിഫ്ബി പബ്ലിക് മണിയാണ്. ഇവിടെ വരുന്ന borrowing ആണ്. അത് ഓരോ ബാങ്കിലും നിക്ഷേപിക്കുമ്പോൾ എന്തിനാണ് പൊട്ടിപ്പൊളിഞ്ഞ ചില ന്യൂജെൻ ബാങ്കുകൾ. ഇവ നിലനിൽക്കുമോയെന്ന് തന്നെ അറിയില്ല. ഇതിനെപ്പറ്റി ധാരാളം ആശങ്കകൾ രാജ്യത്ത് നിലവിലുണ്ട്. അപ്പോൾ ഒരു ശതമാനം പലിശ കൂടുതൽ ലഭിക്കുമെന്ന് കരുതി ഇത്തരം ബാങ്കുകളിൽ നിക്ഷേപിച്ചാൽ, പണ്ട് മ്യൂച്വൽ ഫണ്ടിൽ നിക്ഷേപം നടത്തി തട്ടിപ്പോയ ആളുകൾ അങ്ങയുടെ ഈ കാബിനറ്റിലുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. മ്യൂച്വൽ ഫണ്ടിൽ നിക്ഷേപിച്ചിട്ട് പണം ലഭിക്കാത്ത കേസ്സുകളുണ്ട്. 2227 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് നടക്കുമ്പോൾ അത് പ്രൂഡന്റായിരിക്കണമെന്ന് ഞങ്ങൾ പറയുന്നതിൽ അങ്ങേയ്ക്ക് ആശങ്കയുണ്ടാകേണ്ട കാര്യമെന്താണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ആശങ്കയല്ല. ഇത് പൂർണ്ണമായും ട്രാൻസ്പാരന്റ് പ്രൊസീഡ്യുവർ ആണെന്ന് ഞാൻ ഇപ്പോൾ വിശദീകരിച്ചുകഴിഞ്ഞു. രണ്ടാമത്, നമ്മൾ പാസ്സാക്കിയ നിയമത്തിൽ ഇങ്ങനെ ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല. മൂന്നാമത്, ഇതിന് ഇൻവെസ്റ്റ്മെന്റ് കമ്മിറ്റിയുടെ നിലപാടുകൂടി ഞാൻ പറയാം. 20% എങ്കിലും ഇതിനെക്കാൾ ഹൈ റിട്ടേൺ വരുന്ന റേറ്റിൽ ഇൻവെസ്റ്റ്മെന്റ് വേണം, അത് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. കാരണം ഞാൻ നേരത്തെ പറഞ്ഞതുപോലെ നമുക്ക് വായ്പയെടുക്കാനുള്ളത് നമ്മുടെ സ്ഥാപനത്തിന്റെ റേറ്റിംഗ് അനുസരിച്ചായിരിക്കും. ഇപ്പോൾ എ ഡബിൾ പ്ലസേ കിട്ടിയിട്ടുള്ളൂ. ട്രിപ്പിളിലേയ്ക്ക് പോകാൻ കഴിയുമോയെന്ന് അറിയില്ല. പക്ഷെ ഇവിടെയെങ്കിലും നിലനിർത്തണം. ഇപ്പോൾ രണ്ട് ഏജൻസികളാണ് റേറ്റിംഗ് തന്നിട്ടുള്ളത്. അതിന് അസറ്റ് ലയബിലിറ്റി മാച്ചിംഗ്, എഫിഷ്യന്റ് സ്ഥാപനങ്ങൾ നടത്തുന്നതുപോലെ നടത്തണം. സുരക്ഷിതത്വമെന്ന് പറഞ്ഞ് ഒരു ബാങ്കിൽ മാത്രം നിക്ഷേപം നടത്തിയാൽ ഈ റേറ്റിംഗ് ലഭിക്കില്ല. ചോദിച്ചത് തെറ്റെന്നല്ല ഞാൻ പറഞ്ഞത്, ചോദിക്കണമെന്നാണ് പറയുന്നത്. എങ്കിലേ നമ്മളും ശ്രദ്ധിക്കൂ. I am not debate about it. It is your right, you can raise anything. പക്ഷെ ഒരു സർക്കംസ്റ്റാൻഷ്യൽ ഇക്കാര്യത്തിൽ വേണമെന്ന അഭ്യർത്ഥന എനിക്കുണ്ട്. ഞാൻ ഡിബേറ്റിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ സന്ദർഭം എന്ന നിലയിൽ just take five minutes only. ശ്രീ. വി. ഡി. സതീശൻ, ഫിലോസഫിക്കലി നിങ്ങൾ നിയോലിബറൽ നിലപാടാണ്, ഞങ്ങൾ അങ്ങനെയല്ല. എന്താണ് നിയോലിബറൽ നിലപാട് ശാപവചനം പോലെ വഹിക്കുന്നത്. ലിബറലിസം എന്നുപറയുന്നത് വളരെ ഉദാത്തമായ ഒരു ദർശനമായിരുന്നു. ഫ്യൂഡൽ കാലഘട്ടത്തിനെതിരായി അന്നത്തെ വ്യക്തിയുടെ മഹത്വത്തെ ഉയർത്തിപ്പിടിച്ച്, കമ്പോളത്തിന്റെ മഹത്വത്തെ ഉയർത്തിപ്പിടിച്ച് ഫ്യൂഡലിസം തകർക്കുന്നതിന് ലിബറലിസം വഹിച്ച പങ്ക് വളരെ വലുതാണ്. അന്ന് വളരെ പ്രോഗ്രസ്സീവായ വീക്ഷണമായിരുന്നു. എന്നാൽ പിന്നീട് മാർക്സും കെയിൻസും വന്നതോടുകൂടി Laissez faire വിട്ട് സർക്കാർ ഇടപെടണമെന്ന് വന്നു. ഈ ഇടപെടലും, പ്ലാനിംഗും മറ്റും സാമ്പത്തിക ശാസ്ത്രത്തിന്റെ മേധാവിത്വത്തിലേയ്ക്ക് പോയി. 1949-ൽ സ്വിറ്റ്സർലാന്റിൽ Mont Pelerin Society-യിൽ ഫെഡറിക് വോൺ ഹൈക്ക് കോൺഫറൻസ് വിളിച്ചുകൂട്ടി. അതിൽ പങ്കെടുത്ത മിൽട്ടൺ ഫ്രീഡ്മാൻ ഇക്കണോമിസ്റ്റ്, കാൾ പോപ്പർ ഫിലോസഫർ, ലുഡ്വിഗ് വോൺ മിസെസ് എന്നിവർ പറഞ്ഞത് പഴയ ലിബറലിസം വ്യക്തി സ്വാതന്ത്ര്യം അപകടത്തിലാണ്, കമ്പോളമില്ലാതെ സ്വാതന്ത്ര്യമില്ല എന്നാണ്.

ഇത് വളരെ പ്രോഗ്രസ്സീവായി നിൽക്കുന്ന കെയ്നീഷ്യനിസത്തിനെയെല്ലാം വെല്ലുവിളിക്കുന്നതുകൊണ്ട് എല്ലാവരും, അവരടക്കം സ്വയം നിയോ ലിബറലിസം എന്ന പേരുകൊടുത്തു. പഴയ ലിബറലിസമല്ല, വ്യത്യസ്തമായത്. അങ്ങനെയാണ് നിയോ ലിബറലിസം വരുന്നത്. ഇത് പിനോഷയാണ് ആദ്യം നടപ്പാക്കുന്നത്. ഇപ്പറഞ്ഞ Milton Friedman-ന്റെ ചിക്കാഗോ ബോയ്സെല്ലാം അവിടെയായിരുന്നു. അതിനെത്തുടർന്ന് താച്ചർ, റീഗൻ അതിനെത്തുടർന്നുള്ള വാഷിംഗ്ടൺ കോൺസൻസസ്. ഒരു പ്രത്യേക ദർശന നിലപാടായി വന്നു. ആ ദാർശനിക നിലപാടാണ് കോൺഗ്രസ്സും ബി.ജെ.പി.-യും ഷെയർ ചെയ്യുന്നത് എന്നാണ് ഞാൻ പറഞ്ഞത്. എന്റെ വാദം അത് മാത്രമേയുള്ളൂ, തർക്കത്തിലേയ്ക്ക് പോകുന്നില്ല. രണ്ടാമത്തേത്, ഈയൊരു കാഴ്ചപ്പാടുവച്ച് നോക്കുമ്പോൾ ഞാൻ ആ സാമ്പത്തികയുക്തി മൊത്തം പറയുന്നില്ല. തുടങ്ങിക്കഴിഞ്ഞാൽ ഇൻ-എക്സ്പ്ലോറബിളാണ്. നിങ്ങൾ ഇറക്കുമതി ഉദാരവൽക്കരിക്കുന്നു. അതിനെ പിടിച്ചുനിർത്തണമെങ്കിൽ നിങ്ങളുടെ എക്സ്ചേഞ്ച് റേറ്റ് കൈവിടണം. എക്സ്ചേഞ്ച് റേറ്റിനെ കൈവിട്ടുകഴിഞ്ഞാൽ പിന്നീടത് സ്റ്റെബിലൈസ് ചെയ്യണമെങ്കിൽ ഫോറിൻ ക്യാപിറ്റൽ വന്നേ തീരൂ. ഫോറിൻ ക്യാപിറ്റൽ വരാനായി തുറന്നുകൊടുത്താൽ നാട്ടിൽ പല രീതിയിലുള്ള റീഫോംസ് നടപ്പാക്കിയാലേ പറ്റുകയുള്ളൂ. അടുത്ത പടിയായി ഈ പരിഷ്കാരങ്ങളിൽ പൊതുമേഖലയും മറ്റ് കാര്യങ്ങളും മാത്രമല്ല, ഹ്യൂമൻ ഫെയ്സും ഇല്ലാതാകുന്നതിലേയ്ക്ക് പോകണം. പണക്കാരനിൽ നിന്നും നികുതി പിരിക്കാൻ പാടില്ല. നിങ്ങളുടെ എഫ്. ആർ. ബി. എം. Act full stringent ആകണം. ഇപ്പോൾ കൊണ്ടുവരാൻ പോകുന്നുണ്ട്. കൊണ്ടുവരാൻ പോകുന്നത് 2003-ൽ നിങ്ങൾ പാസ്സാക്കിയ 2 ശതമാനമുണ്ടല്ലോ, നിങ്ങൾ അറിയാതെ അത് വായിച്ചു. കേന്ദ്രംപോലും ഫിസ്കൽ ഡെഫിസിറ്റ് 3 ശതമാനമേ പറയുന്നുള്ളൂ. നിങ്ങൾ 2 ശതമാനത്തിലേയ്ക്ക് ചുരുക്കാൻ നോക്കുകയാണ് ചെയ്തത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്ന് രാജ്യത്ത് നടക്കുന്ന കാര്യങ്ങൾ അങ്ങേയ്ക്ക് അറിയാമല്ലോ. പ്ലാനിംഗ് കമ്മീഷനില്ല, നീതി ആയോഗാണ്. ടൂത്ത്-ലെസ്സാണ്. അതിന് യാതൊരു നിയന്ത്രണവുമില്ല. ഓരോ സംസ്ഥാനങ്ങളിലും എക്സ്പ്ലോർബിറ്റന്റായിട്ടുള്ള ഡെഫിസിറ്റുകൾ വന്നുകൊണ്ടിരിക്കുന്നു. Nobody is to regulate this. ഈ സാഹചര്യംകൂടി അങ്ങ് മനസ്സിലാക്കണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ പറയുന്നത് നിങ്ങൾ ഒരു കണ്ണി അവിടെ പൊട്ടിച്ചു. ഈ ലോജിക്കൽ റിഫോമിന് ഓരോ മേഖലയിലും അനിവാര്യതയുണ്ട്. വേറൊരു സർക്കാർ വന്നെന്നിരിക്കട്ടെ, മറ്റ് നിവൃത്തിയൊന്നുമില്ല. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ പല സർക്കാരുകളും

മാറിവന്നു. മാറ്റിനിർത്തി വേറിട്ട് പോകാൻ സാധിച്ചോ, സാധിക്കില്ല. കാരണം ഇതിന്റെ ലോജിക് തന്നെ ഇതാണ്. നിങ്ങൾ ഇന്നിപ്പോൾ ഈ റിഫോംസ് വരേണ്ടെന്ന് പറഞ്ഞാൽ you will be cut off from the rest of the world. അപ്പോൾ ഇതിന്റെ ലോജിക് ഇങ്ങനെ അൺഫോൾഡ് ചെയ്തുവരുമ്പോൾ ഒന്നാം യു.പി.എ. സർക്കാരിന് നിങ്ങൾ പറയുന്ന ഹ്യൂമൻ ഫെയ്സൊക്കെയുണ്ട്. രണ്ടാം ഫെയ്സ് എത്തുമ്പോൾ അത് undermine ചെയ്യപ്പെട്ടു തുടങ്ങുകയാണ്. അത് ശ്രീ. വി. ഡി. സതീശൻ പറഞ്ഞ മൊത്തം തുകയുടെ കണക്കല്ല, ഞാൻ പറഞ്ഞ ശതമാനക്കണക്കാണ് അതിന്റെ ശരി. ഈ നിയമങ്ങളെല്ലാമുണ്ടായിട്ടും സോഷ്യൽ സെക്ടറിലെ വർദ്ധനവ് നിന്നു. ആ നിലയിൽ നിന്ന് കുറേ താഴ്ന്ന് തുടങ്ങി. I have got my data everything. ബി.ജെ.പി. വന്നപ്പോൾ ഇത് കർശനമായി കുറഞ്ഞുതുടങ്ങി. കാരണം ഇന്നത്തെ റീഫോംസിന്റെ പുതിയ ഘട്ടത്തിൽ ഇനി ആ സ്ട്രക്ചറൽ റിഫോംസിൽ മാത്രം നിന്നാൽ പോരാ, സോഷ്യൽ സെക്ടർ സ്പെൻഡിംഗിൽ കട്ട് വേണം. എന്തൊക്കെ ചെയ്തും ഡെഫിസിറ്റ് കുറയ്ക്കണം. ഇതെല്ലാം നിർബന്ധമായിട്ടും മാറുകയാണ്. എന്റെ വാദം, നിങ്ങളുടെ ഫിലോസഫി അതാണെന്നാണ്. നിങ്ങൾ പുലിപ്പുറത്ത് കയറിയതാണ്. ഇറങ്ങാൻ പറ്റില്ല. ഇത് നീളത്തിൽ പോകുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് നിയോലിബറലിസത്തെക്കുറിച്ച് പറഞ്ഞു. ഞങ്ങൾ കമ്മ്യൂണിസ്റ്റ് തിയറിയൊന്നുമല്ലല്ലോ ഇവിടെ ചെയ്തത്. ജവഹർലാൽ നെഹ്റുവിന്റെ വളരെ സെപ്പറേറ്റായിട്ടുള്ള മിക്സഡ് എക്കണോമി ഞങ്ങൾ ഫോളോ ചെയ്തു. അത് ആ ടൈമിന്റെ ഏറ്റവും വലിയ ഡിമാന്റായിരുന്നു. അത് ഏറ്റവും ഫലപ്രദമായി ചെയ്തു. പിന്നീടൊരു സ്റ്റേജിലെത്തിയപ്പോഴേയ്ക്കും സ്റ്റാഗ്നേഷൻ വന്നു. കാരണം വേൾഡ് മാർക്കറ്റ് ചെയ്ഞ്ചായി. നമ്മൾ അതിൽ നിന്ന് കുറേക്കൂടി ഡീവിയേറ്റ് ചെയ്തു. ഞാൻ ഇപ്പോഴും ഉറച്ചുനിൽക്കുന്നത് നമ്മുടെ ഇത്തരം പോളിസിയെന്ന് പറയുന്നത് ഇരുമ്പുലക്ക അല്ലെന്നാണ്. നമ്മൾ പോളിസിയുണ്ടാക്കുന്നത്; സാധാരണക്കാർക്ക് വേണ്ടിയാണ്. നമുക്ക് വലിയ ഗ്രോത്തുണ്ടായി, ഇക്കണോമി ഡെവലപ് ചെയ്തു, നമ്മൾ വെൽത്ത് ക്രിയേറ്റ് ചെയ്ത് റീ ഡിസ്ട്രിബ്യൂട്ട് ചെയ്തു. ഇപ്പോൾ ലോകം മുഴുവൻ ചർച്ച ചെയ്യുന്നു. ഈ പോളിസിക്ക് കുറേ കുഴപ്പങ്ങളുണ്ട്. മെരിറ്റും ഡീമെരിറ്റുമുണ്ട്. നമ്മൾ ചിന്തിക്കണം. ഇതിൽ നിന്നും മാറ്റം വരുത്തണം. ഞാൻ എ.ഐ.സി.സി.-യിൽ സംസാരിച്ചത് this is the right time for introspection and self criticism എന്നാണ്. ഇതിൽ നമുക്ക് റാഡിക്കലായ ചെയ്ഞ്ചസ് വരുത്തണം. അതുകൊണ്ട് ഈ ചെയ്തത് മുഴുവൻ

തെറ്റാണെന്ന് പറയുമോ? അങ്ങയുടെ കണക്ക് 2008-ലെ റിസഷനശേഷമുണ്ടായ ഓരോ സെക്ടറിലും പണംകൊടുത്തതിനെക്കുറിച്ചാണ്. എന്താണ് ഗ്ലോബൽ റിസഷൻ? മാത്രമല്ല ഞാൻ ഇന്നലെ പറഞ്ഞു, 2008 ജൂലൈയിൽ ഒരു ബാരൽ എണ്ണയുടെ വില 147 ഡോളറായിരുന്നു. ഓയിൽ പ്രൈസ് കുറഞ്ഞതുകൊണ്ട് 6 ലക്ഷം കോടി രൂപയുടെ ലാഭമാണ് ഇപ്പോഴത്തെ ഇന്ത്യാ ഗവൺമെന്റിനുണ്ടായത്. അത്തരം പ്രതിസന്ധിയിൽ നിന്നപ്പോൾ പോലും കാര്യമായി തുകയൊന്നും കുറയ്ക്കാതെ സോഷ്യൽ സെക്ടറിനെ ഞങ്ങൾ പ്രൊട്ടക്ട് ചെയ്തില്ലേ. ആ സാഹചര്യത്തെയാണ് അങ്ങ് കുറച്ചു എന്ന് ഇപ്പോൾ പറയുന്നത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, നിങ്ങൾ 2008-നുശേഷമുള്ള ഫിസ്കൽ ഡെഫിസിറ്റ് നോക്കൂ. 5 ശതമാനത്തിന് മുകളിൽ പോയില്ല. അതിനർത്ഥം നിങ്ങൾക്ക് സ്പെൻഡ് ചെയ്യാനുള്ള പണം കുറയുകയല്ല, കൂടിയിട്ടേയുള്ളൂ. വളരെ ഗണ്യമായി കൂടി. നിങ്ങൾ എഫ്.ആർ.ബി.എം. ആക്ടിലെ നിയന്ത്രണങ്ങൾക്ക് പുറത്തുപോയി. അപ്പോഴും നിങ്ങളുടെ സോഷ്യൽ സെക്ടർ ലെൻഡിംഗ് പെർസന്റേജ് വൈസ് വർദ്ധിക്കുന്നില്ല എന്നുകാണാം. അപ്പോഴാണ് രണ്ട് ചോദ്യം, നിങ്ങളുടെ ബദലെന്താണ്; അവിടെ ഞങ്ങളും നിങ്ങളും തമ്മിലുള്ള ഇപ്പോഴത്തെ വ്യത്യാസം. ഒന്ന്, കാർഷിക മേഖല കടാശ്വാസങ്ങൾക്കാണ് നല്ലത്. പക്ഷെ അടിസ്ഥാനപരമായ ലാന്റ് റിഫോംസ് കോൺഗ്രസ്സിന്റെ അജണ്ടയിലുണ്ടോ? നിങ്ങൾക്ക് നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന ആളുകളെ സ്വന്തം കാലിൽ നിൽക്കാൻ അവരുടെ ക്രയശേഷി വർദ്ധിപ്പിക്കാനുള്ള ഈ നടപടിയില്ലാതെ ഒരു ഹ്യൂമൻ ഫെയ്സും ഇന്ത്യയിൽ സൃഷ്ടിക്കാൻ കഴിയില്ല. രണ്ട്, ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയ കാര്യങ്ങൾ വേണം. നിങ്ങളുടെ കാലത്ത് തുടങ്ങിയ മേജർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാം, ആ പ്രോഗ്രാമിന്റെയൊക്കെ പണം എവിടെ നിന്നാണ്; നമ്മുടെ പൊതുമേഖലാ ബാങ്കുകളിൽ നിന്നല്ലേ. ആ ബാങ്കുകളെല്ലാം കുഴപ്പത്തിലായിരിക്കുകയല്ലേ. പൊതുമേഖലാ ബാങ്കുകളിൽ നിന്നെല്ലാം കടമെടുത്ത് മല്യയെപ്പോലുള്ളവരും അംബാനിയെപ്പോലുള്ളവരും അദാനിയെപ്പോലുള്ളവരും നിക്ഷേപിക്കുന്നതിനുപകരം എന്തുകൊണ്ട് പബ്ലിക് ഏജൻസി ഈ നിക്ഷേപം നടത്തിക്കൂടാ. നമ്മൾ കേരളത്തിൽ ചെയ്യാൻ ശ്രമിക്കുന്നത് അതാണ്. പബ്ലിക് സെക്ടർ സംരക്ഷണം, we have got definitely an alternative program. ലാന്റ് റിഫോംസ് നടപ്പാക്കാൻ എന്താണ് അപ്രായോഗികമായിട്ടുള്ളത്, പറയൂ. പക്ഷെ ഞങ്ങൾക്കൊന്നുണ്ട്, അത് നിങ്ങളിൽ നിന്നും വ്യത്യസ്തമാണ്. കേരളത്തിൽ നിങ്ങൾ എന്താണ് ചെയ്യുന്നതെന്നും നിങ്ങൾ ചെയ്യുന്നതെല്ലാം നിയോലിബറലിസമല്ലേയെന്നും ശ്രീ. എൻ. ഷംസുദ്ദീൻ ചോദിച്ചു. ഞാൻ ഇപ്പോൾ എഫ്.ആർ.ബി.എം. ആക്ട് ഭേദഗതി ചെയ്യുന്നു. ചീഫ് ഫെയിം വർക്കിലേ

നിൽക്കാൻ പറ്റുകയുള്ളൂ. ഞാൻ ശൂന്യാകാശത്തല്ല, ഇന്ത്യയ്ക്ക് പുറത്തല്ല, ഇന്ത്യയ്ക്കുള്ളിലാണ്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വ്യത്യസ്തമായ മാർഗ്ഗം സാധ്യമാണെന്ന് കാണിക്കാൻ പറ്റുന്ന നിലപാടാണ് ഓരോ മേഖലയിലും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അങ്ങ് വീണ്ടും വീണ്ടും പറയുന്നതുകൊണ്ട് ഓരോ മേഖലയുമെടുത്ത് ഞാൻ ഇപ്പോൾ വിശദീകരിക്കുന്നില്ല. ഞാൻ പലവട്ടം ഈ സഭയിൽ അത് പറഞ്ഞിട്ടുള്ളതാണ്. ആ പരിമിതികൾക്കുള്ളിൽ നിന്ന് വേറൊന്ന് സാധ്യമാണെന്ന് ഇന്ത്യൻ ജനതയുടെ മുമ്പിൽ പറയാൻ പറ്റുന്ന പരിപാടി ഞങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. ഇതാണ് മൊത്തത്തിലുള്ള കാഴ്ചപ്പാട്. I enjoyed the debate. ഒരു ക്ലാരിറ്റിയുണ്ടായെന്ന് തോന്നുന്നു. അവർക്ക് ക്ലാരിറ്റിയുണ്ടായില്ലെങ്കിലും എനിക്ക് കൃത്യമായ ക്ലാരിറ്റിയുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്നലെ ശ്രീ. വി. ഡി. സതീശനും ഇന്ന് ഞാനും ഉന്നയിച്ച കാര്യങ്ങൾ അവ്യക്തമായിത്തന്നെ നിലനിൽക്കുകയാണ്. ഞങ്ങൾ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. അങ്ങയെ വലുതായി വിശ്വസിക്കുന്നവരെ ഞങ്ങൾ വിശ്വസിക്കണമെന്നില്ല. അത് വേറൊരു കാര്യം. കിഫ്ബി ഇൻവെസ്റ്റ്മെന്റിനെ സംബന്ധിച്ചുള്ള ഞങ്ങളുടെ സംശയങ്ങൾ നിലനിൽക്കുകയാണ്. ആ സംശയങ്ങൾ ദൂരീകരിക്കാനുള്ള ബാധ്യത അങ്ങേയ്ക്കുണ്ട്. അങ്ങ് സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയാണ്. പൊതുമേഖലാ ബാങ്കുകളെ ശക്തിപ്പെടുത്തണമെന്ന് ഒരു വശത്ത് പറയുകയും മറുവശത്ത് ന്യൂ ജനറേഷൻ ബാങ്കുകളിൽ ഇൻവെസ്റ്റ്മെന്റ് നടത്തുകയും ചെയ്യുന്ന നടപടിയോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. ഇതിൽ സംശയങ്ങൾ നിലനിൽക്കുകയാണ്. അതുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(കിഫ്ബി ഇൻവെസ്റ്റുമെന്റുമായി ബന്ധപ്പെട്ട ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു .)

<u>മി. സ്പീക്കർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

ബില്ലിലെ രണ്ടാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 4-ാം വകുപ്പ് (2-ാം) ഉപവകുപ്പിൻ, " പ്രത്യേകിച്ചും " എന്ന് ആരംഭിക്കുന്നതും " റവന്യൂ കമ്മി പൂജ്യമായി നിലനിർത്തേണ്ടതും " എന്ന് അവസാനിക്കുന്നതുമായ ഭാഗത്തിന് പകരം താഴെപ്പറയുന്ന ഭാഗം ചേർക്കേണ്ടതാണ്, അതായത് :-

" പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, സർക്കാർ റവന്യൂ കമ്മി 2017-18 മുതൽ 2019-2020 വരെയുള്ള കാലയളവിൽ പൂർണ്ണമായും ഇല്ലാതാക്കേണ്ടതും.-"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ..... ഓർഡർ......, സഭ ഇപ്പോൾ പിരിയുന്നതും ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഏപ്രിൽ 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.21-ന് പിരിഞ്ഞു.)